# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃശ്ശൂര് ജില്ലാ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023



ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ-680003

ഇ-മെയിൽ: dptsrksad2021@gmail.com

ഫോൺ : 0487-23312

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ-ഡിപി 2-150/23

ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ
ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ-680003
തീയ്യതി: 29/12/2023
ഇ-മെയിൽ: dptsrksad2021@gmail.com
ഫോൺ: 0487-23312

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃശ്ശൂര് ജില്ലാ പഞ്ചായത്ത്

സർ,

വിഷയം : തൃശ്ശൂര് ജില്ലാ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃശ്ശൂര് ജില്ലാ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ-ഡിപി 2-150/23 തീയ്യതി: 29/12/2023

## തൃശ്ശൂർ ജില്ലയിലെ തൃശ്ശൂര് ജില്ലാ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ തൃശ്ശൂര് ജില്ലാ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 70 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 51 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.മേരി ഹണി ജോസഫ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 01-04-2023 | 15-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-04-2023 | 15-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.വിജയശ്രീ.പി, ഓഡിറ്റ് ഓഫീസർ

ശ്രീ.സിനിലാൽ.എം.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.രാജേശ്വരി.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.കെ.ഡേവിസ് മാസ്റ്റർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.കെ.ജി.തിലകൻ | സെക്രട്ടറി | 01-04-2022 | 30-11-2022 |
| ശ്രീ.പ്രസന്നകുമാർ.ടി.യു | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-12-2022 | 08-03-2023 |
| ശ്രീ.ഷിബു.പി.എസ് | സെക്രട്ടറി | 09-03-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജോജി പോൾ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 01-04-2022 | 31-03-2023 |
| ശ്രീമതി.ആൻസി ജോസ് | അസി. എക്സി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 01-04-2022 | 28-12-2022 |
| ശ്രീമതി.മഞ്ജു പി വാസു | അസി. എക്സി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 29-12-2022 | 31-03-2023 |
| ശ്രീ.ടി.വി.മദനമോഹനൻ | പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ലിസ.ജെ.മങ്ങാട്ട് | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ജിഷ.കെ.എ | മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | 01-04-2022 | 31-03-2023 |
| ശ്രീ.എസ്.സജീവ് | ജില്ലാ ഖാദി ഗ്രാമ വ്യവസായ പ്രോജക്ട് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.മീര.പി | ജില്ലാ വനിതാ ശിശു വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.രഞ്ജി ജോൺ.ഇ | ഡെപ്യൂട്ടി ഡയറക്ടർ (മൃഗ സംരക്ഷണം) | 01-04-2022 | 31-05-2022 |
| ഡോ.എൻ.ഉഷാറാണി | ഡെപ്യൂട്ടി ഡയറക്ടർ (മൃഗ | 01-06-2022 | 22-06-2022 |

| | | | |
|---|---|---|---|
| | സംരക്ഷണം)-I/C | | |
| ഡോ.ഫ്രാൻസിസ് ബാസ്റ്റിൻ പി | ഡെപ്യൂട്ടി ഡയറക്ടർ (മൃഗ സംരക്ഷണം) | 23-06-2022 | 31-03-2023 |
| ശ്രീമതി.സിന്ധു.പി.ഡി | ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ശ്രീരേഖ.എൽ | സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, മണ്ണുത്തി | 01-04-2022 | 30-09-2022 |
| ശ്രീമതി.ശാന്തി.എം | സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, മണ്ണുത്തി | 01-10-2022 | 31-03-2023 |
| ശ്രീമതി.പ്രീത.സി.ആർ | സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, നടവരമ്പ് , ഇരിങ്ങാലക്കുട | 01-04-2022 | 31-03-2023 |
| ശ്രീമതി.ബിന്ദു സാറ എബ്രഹാം | സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുല്പാദന കേന്ദ്രം, കോടശ്ശേരി | 01-04-2022 | 31-03-2023 |
| ശ്രീമതി.അനിത.എം.കെ | സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, പഴയന്നൂർ | 01-04-2022 | 30-09-2022 |
| ശ്രീ.സതീശൻ.കെ.കെ | സീനിയർ കൃഷി ഓഫീസർ (I/C), സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, പഴയന്നൂർ | 01-10-2022 | 10-10-2022 |
| ശ്രീ.രാജലക്ഷ്മി.പി.കെ | സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, പഴയന്നൂർ | 11-10-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി.സഞ്ജു സൂസൻ മാത്യൂ | സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, എടത്തിരുത്തി | 01-04-2022 | 19-09-2022 |
| ശ്രീമതി.സോഫിയ.എ.ജോൺ | സീനിയർ കൃഷി ഓഫീസർ (I/C), സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, എടത്തിരുത്തി | 20-09-2022 | 16-10-2022 |
| ശ്രീമതി.വിദ്യ ഗോപിനാഥ് | സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, എടത്തിരുത്തി | 17-10-2022 | 28-02-2023 |
| ശ്രീമതി.പ്രീത.കെ.ആർ | സീനിയർ കൃഷി ഓഫീസർ (I/C), സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം, എടത്തിരുത്തി | 01-03-2023 | 31-03-2023 |
| ശ്രീ.സതീശൻ.കെ.കെ | സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം, ചേലക്കര | 01-04-2022 | 22-09-2022 |
| | | 30-09-2022 | 31-03-2023 |
| ശ്രീമതി.രേഷ്മ രാമകൃഷ്ണൻ | സൂപ്രണ്ട് (I/C), ജില്ലാ കൃഷിത്തോട്ടം, ചേലക്കര | 23-09-2022 | 29-09-2022 |
| ശ്രീമതി.സോഫിയ.എ.ജോൺ | സീനിയർ കൃഷി ഓഫീസർ, തെങ്ങിൻതൈ നഴ്സറി, ഇരിഞ്ഞാലക്കുട | 01-04-2022 | 21-07-2022 |
| | | 18-09-2022 | 28-12-2022 |
| | | 10-02-2023 | 31-03-2023 |
| ശ്രീമതി.പ്രീത.കെ.ആർ | സീനിയർ കൃഷി ഓഫീസർ, തെങ്ങിൻതൈ നഴ്സറി (I/C), ഇരിഞ്ഞാലക്കുട | 22-07-2022 | 21-08-2022 |
| ശ്രീമതി.നിംബ ഫ്രാങ്കോ ഇ എഫ് | സീനിയർ കൃഷി ഓഫീസർ, തെങ്ങിൻതൈ നഴ്സറി (I/C), ഇരിഞ്ഞാലക്കുട | 22-08-2022 | 17-09-2022 |
| ശ്രീമതി.വിദ്യ ഗോപിനാഥ് | സീനിയർ കൃഷി ഓഫീസർ, തെങ്ങിൻതൈ നഴ്സറി (I/C), | 29-12-2022 | 09-02-2023 |

| | | | |
|---|---|---|---|
| | ഇരിഞ്ഞാലക്കുട | | |
| ഡോ.ജെയ്കോ പി.എം | സീനിയർ വെറ്ററിനറി സർജ്ജൻ, പിഗ് ബ്രീഡിംഗ് യൂണിറ്റ്, കുന്നംകുളം | 01-04-2022 | 31-03-2023 |
| ഡോ.എം.ജി.ശ്യാമള | സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 02-03-2023 |
| | | 13-03-2023 | 19-03-2023 |
| ഡോ.ബിമൽ.സി | സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ (I/C), ആയുർവേദം | 03-03-2023 | 12-03-2023 |
| ഡോ.മേരി സെബാസ്റ്റ്യൻ | സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദം | 20-03-2023 | 31-03-2023 |
| ഡോ.ബിന്ദു തോമസ്.കെ | സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, (അലോപ്പതി) | 01-04-2022 | 31-03-2023 |
| ഡോ.ബിന്ദു കെ.കെ | സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2022 | 25-12-2022 |
| ഡോ.ശ്രീദേവി എം.കെ | സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ (I/C), (ഹോമിയോ) | 26-12-2022 | 10-01-2023 |
| ഡോ.ഗീത ടി | സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 11-01-2023 | 11-01-2023 |
| ഡോ.ബിജു പി.ജി | സൂപ്രണ്ട്/ചീഫ് മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 12-01-2023 | 31-03-2023 |
| ഡോ.സലജകുമാരി.പി.ആർ | ജില്ലാ മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ.ബിന്ദു കെ.കെ | ജില്ലാ മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 30-06-2022 |

| | | | |
|---|---|---|---|
| ഡോ.ലീനാ റാണി | ജില്ലാ മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-07-2022 | 31-03-2023 |
| ഡോ.എൻ.കെ.കുട്ടപ്പൻ | ജില്ലാ മെഡിക്കൽ ഓഫീസർ, ആരോഗ്യം | 01-04-2022 | 31-05-2022 |
| ഡോ.കെ.ടി.പ്രേമകുമാർ | ജില്ലാ മെഡിക്കൽ ഓഫീസർ, ആരോഗ്യം | 01-06-2022 | 01-08-2022 |
| ഡോ.ശ്രീദേവി ടി.പി | ജില്ലാ മെഡിക്കൽ ഓഫീസർ, ആരോഗ്യം | 02-08-2022 | 31-03-2023 |
| ശ്രീ.സൂരജ് കണ്ണൻ.പി.വി | അസി.എക്സി.എഞ്ചിനീയർ, കൃഷി | 01-04-2022 | 31-03-2023 |
| ശ്രീമതി.മാജാ ജോസ്.പി | ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് | 01-04-2022 | 22-06-2022 |
| ശ്രീമതി.ജയന്തി ടി.ടി | ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് | 23-06-2022 | 25-12-2022 |
| ശ്രീമതി.അനിത കെ.ടി | ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് | 26-12-2022 | 31-03-2023 |
| ശ്രീമതി.സിനില ഉണ്ണികൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസന വകുപ്പ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ജഷി.പി | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (YP) | 01-04-2022 | 31-05-2022 |
| ശ്രീമതി.അനിത.എം.കെ | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (YP) | 01-06-2022 | 09-12-2022 |
| | | 11-01-2023 | 31-03-2023 |
| ശ്രീമതി.സൂസമ്മ ജോർജ്ജ് | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (YP) | 10-12-2022 | 10-01-2023 |
| ശ്രീമതി.നീന കെ മേനോൻ | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (WM) | 01-04-2022 | 03-08-2022 |
| ശ്രീമതി.ഉഷാ മേരി ഡാനിയൽ | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (WM) | 04-08-2022 | 02-11-2022 |
| | | 14-11-2022 | 31-03-2023 |
| ശ്രീമതി.ശ്രീരേഖ എൽ | കൃഷി ഡെപ്യൂട്ടി ഡയറക്ടർ (WM) (I/C) | 03-11-2022 | 13-11-2022 |
| ശ്രീ.രാധാകൃഷ്ണൻ.കെ | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ | 01-04-2022 | 27-06-2022 |
| ശ്രീ.നിർമ്മൽ.എസ്.സി | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ | 28-06-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി.സറീന എ റഹ്മാൻ | പ്രോജക്റ്റ് ഡയറക്ടർ ദാരിദ്ര്യ ലഘൂകരണ വിഭാഗം | 01-04-2022 | 31-03-2023 |
| ശ്രീമതി.റാണി.ടി.ജെ | സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുല്പാദന കേന്ദ്രം, പാണഞ്ചേരി | 01-04-2022 | 31-03-2023 |
| ശ്രീ.അഷ്കർഷാ.പി.എച്ച് | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 01-04-2022 | 26-01-2023 |
| ശ്രീ.ജോയ്സി സ്റ്റീഫൻ | ജില്ലാ സാമൂഹ്യനീതി ഓഫീസർ | 27-01-2023 | 31-03-2023 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക പൊതു അപാകതകൾ | 1-1-1 |
| 3 | പ്രയർ പിരീഡ് ഇൻകം-വൌച്ചറുകളോ ഡാറ്റാ ഷീറ്റുകളോ ഹാജരാക്കിയിട്ടില്ല. | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമല്ല- ആസ്തി മൂല്യം, ഡിപ്രീസിയേഷൻ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതിൽ അപാകത- പരിഹാര നടപടികൾ സ്വീകരിക്കണം. | 1-1-3 |
| 5 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത പരിഹരിക്കണം. | 1-1-4 |
| 6 | ബാലൻസ് ഷീറ്റിലെ പട്ടികകൾ പൊരുത്തപെടാത്തതും, ലെഡ്ജറുകളും, രജിസ്റ്ററുകളും ഹാജരാക്കാത്തതും സംബന്ധിച്ച്. | 1-1-5 |
| 7 | മുൻവർഷത്തെ കാപിറ്റൽ കോൺട്രിബ്യൂഷൻ തുക തന്നെ ഈ വർഷത്തിലും കാപിറ്റൽ കോൺട്രിബ്യൂഷനായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയത്- മുൻവർഷങ്ങളിലെ അപാകത ആവർത്തിക്കുന്നത്. | 1-1-6 |
| 8 | പാർട്ട് ബിൽ പേയ്മെന്റ് തുകകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-1-7 |
| 9 | Rp-7, I-6പട്ടികകൾ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ പൊരുത്തപെടുന്നില്ല. | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | ഫണ്ട് വിനിയോഗം | 1-3 |
| 12 | പദ്ധതി അവലോകനം | 1-4 |
| 13 | ക്യാഷ് പരിശോധന | 1-5 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-6 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 16 | ക്ലറിക്കൽ തസ്തികയിലെ ജീവനക്കാരുടെ കുറവ് ജില്ലാ പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു-സർക്കാർ നിർദ്ദേശപ്രകാരമുള്ള ജീവനക്കാരുടെ പുനർവിന്യാസം ഉറപ്പു വരുത്തണം ജീവനക്കാർക്കാവശ്യമായ പരിശീലനം നൽകണം. പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു | 1-8 |
| 17 | വാടക പിരിച്ചെടുക്കുന്നതിൽ അനാസ്ഥ – വാടക കരാർ അവസാനിച്ചിട്ടും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല | 1-9 |
| 18 | ലേല വരവ് – വരവുകളുടെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല | 1-10 |
| 19 | രസീതി പുസ്തകങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-11 |
| 20 | ഓഡിറ്റ് ഇംപാക്ട് - ഫാമുകൾക്ക് ജില്ലാ പഞ്ചായത്ത് അച്ചടിച്ച ഏകീകൃത ഇൻവോയിസ് ബില്ലുകൾ നൽകിത്തുടങ്ങി | 1-12 |

| | | |
|---|---|---|
| 21 | നടവരമ്പ് സംസ്ഥാന വിത്തുല്പാദന കേന്ദ്രം : ഇൻവോയിസുകൾ പ്രകാരമുള്ള 5,81,525 രൂപ ലഭ്യമായിട്ടില്ല | 1-12-1 |
| 22 | പാണഞ്ചേരി സംസ്ഥാന വിത്തുല്പാദന കേന്ദ്രം - ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-13-1 |
| 23 | പാണഞ്ചേരി സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രത്തിന്റെ നെൽപ്പാടം കൃഷിയോഗ്യമാക്കൽ -തുടർ നടപടി സ്വീകരിക്കണം. പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. | 1-13-2 |
| 24 | ചേലക്കര ജില്ലാ കൃഷിത്തോട്ടം- ഫാം ഉത്പന്നങ്ങൾ ഇൻവോയ്സ് പ്രകാരം സെയിൽ ചെയ്ത വകയിൽ 15.69 ലക്ഷം രൂപ ലഭ്യമായിട്ടില്ല. | 1-14-1 |
| 25 | ചേലക്കര കൃഷിത്തോട്ടത്തിലെ ഫലവൃക്ഷാദായ ലേലം-ജില്ലാപഞ്ചായത്ത് സമയബന്ധിതമായി നടപടികൾ സ്വീകരിച്ചില്ല. 2022-23ൽ ലേലം നടത്തിയില്ല. ജില്ലാ പഞ്ചായത്തിന് വരവ് നഷ്ടം. ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കണം. | 1-14-2 |
| 26 | തെങ്ങിൻ തൈ ഉൽപ്പാദനം-ഫാം പ്രൊഡ്യൂസ് രജിസ്റ്ററിലെ രേഖപ്പെടുത്തലിൽ 386 എണ്ണത്തിന്റെ കുറവ് -വിശദീകരണം ലഭ്യമാക്കണം. | 1-14-3 |
| 27 | തെങ്ങിൻ തൈ ഉൽപാദനം-നിരീക്ഷണ രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല. | 1-14-4 |
| 28 | ചേലക്കര ജില്ലാ കൃഷിത്തോട്ടം മെയിന്റനൻസ് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കണം. തുടർ നടപടി സ്വീകരിക്കണം. | 1-14-5 |
| 29 | മണ്ണുത്തി സംസ്ഥാന വിത്തുല്പാദന കേന്ദ്രം : ഇൻവോയിസുകൾ പ്രകാരമുള്ള 6,30,450 രൂപ ലഭ്യമായിട്ടില്ല | 1-15 |
| 30 | എടത്തിരുത്തി സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം-ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമല്ല-നെൽ വിത്ത് മറ്റ് നടീൽ വസ്തുക്കളുടെ ഉൽപ്പാദനം 22.09.2022 വരെ കാലയളവിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. വികസന കാര്യ സ്ഥിരം സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. | 1-16-1 |
| 31 | കേരഗ്രാമം പദ്ധതിയിൽ കൃഷി ഭവൻ ആവശ്യപ്പെട്ട കുരുമുളക് വള്ളികൾ ഫാമിൽ ഉൽപ്പാദിപ്പിക്കുന്നതിന് പകരം മതിലകം ബ്ലോക്ക് കാർഷിക കേന്ദ്രത്തിൽ നിന്ന് വാങ്ങി നൽകിയത് ക്രമപ്രകാരമല്ല.ചെലവ് തുക 1,62,460/- രൂപ തടസ്സപ്പെടുത്തുന്നു. | 1-16-2 |
| 32 | തനതു ഫണ്ട് വൌച്ചറുകൾ ഹാജരാക്കിയില്ല 11,265/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. 2,92,167/-രൂപയുടെ സ്റ്റോക്ക് എൻട്രി രേഖപ്പെടുത്തലുകൾ ഇല്ല. ചെലവു തുക തടസ്സപ്പെടുത്തുന്നു. | 1-16-3 |
| 33 | വൈക്കോൽ കെട്ടുകളാക്കിയതിന് നൽകിയ 11,339/- രൂപ ഗുണഭോക്താവിന് ലഭിച്ചിട്ടില്ല. തുടർ നടപടി സ്വീകരിക്കണം. | 1-16-4 |
| 34 | ഇൻവോയിസുകൾ പ്രകാരമുള്ള 9,87,250 രൂപ ലഭ്യമായിട്ടില്ല | 1-16-5 |
| 35 | ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക പരിശോധിച്ച് ക്രമീകരിക്കേണ്ടതാണ് | 1-16-6 |

| | | |
|---|---|---|
| 36 | കാഷ്ബുക്ക് കൃത്യമായി എഴുതി സൂക്ഷിച്ചില്ല | 1-16-7 |
| 37 | എടത്തിരുത്തി ഫാമിന്റെ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം അപകടാവസ്ഥയിൽ അടിയന്തിര നടപടി സ്വീകരിക്കണം. | 1-16-8 |
| 38 | കോടശ്ശേരി സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രത്തിലെ ലൈവ് സ്റ്റോക്ക് പരിപാലനം-രജിസ്റ്ററുകൾ അപൂർണ്ണം തുടർ നടപടി സ്വീകരിക്കണം. | 1-17-1 |
| 39 | 2022-23 വർഷത്തെ ക്രോപ്പ് ഫോർകാസ്റ്റ് അംഗീകാരം ലഭ്യമാക്കണം- നെൽ വിത്തുൽപ്പാദന നിരീക്ഷണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ബ്രീഡർ സീഡിന്റെ ഉൽപ്പാദന വിവരം മറുപടി തൃപ്തികരമല്ല, 3000 രൂപ തടസ്സപ്പെടുത്തുന്നു. | 1-17-2 |
| 40 | തെങ്ങിൻ തൈകളുടെ ഉൽപ്പാദനം നിരീക്ഷിക്കാനാവശ്യമായ കോക്കനട്ട് ഒബ്സർവേഷൻ രജിസ്റ്ററിൽ സമയബന്ധിതമായി രേഖപ്പെടുത്തലുകളില്ല. ഫാം ഉൽപ്പാദന രജിസ്റ്റർ, തെങ്ങിൻ തൈ സ്റ്റോക്ക് രജിസ്റ്റർ എന്നിവ അപ്ഡേറ്റ് ചെയ്യണം. | 1-17-3 |
| 41 | ഫാം പ്രൊഡ്യൂസ് രജിസ്റ്റർ, ഡി.എം.എസ് രജിസ്റ്റർ എന്നിവയിൽ ആവശ്യമായ മുഴുവൻ വിവരങ്ങൾ ചേർക്കുന്നില്ല | 1-17-4 |
| 42 | എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ  അശ്രദ്ധ -കോടശ്ശേരി സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രത്തിലെ വിപണന കേന്ദ്രം പ്രവർത്തനക്ഷമമായില്ല. | 1-17-5 |
| 43 | ക്രെഡിറ്റ് സെയിൽ നടത്തിയ ഫാമുല്പന്നങ്ങളുടെ വില ലഭ്യമാകുന്നതിൽ കാലതാമസം | 1-17-6 |
| 44 | പഴയന്നൂർ സീഡ് ഫാമിലെ തെങ്ങിൻ തൈകളുടെ ഉൽപ്പാദനം- കോക്കനട്ട് ഒബ്സർവേഷൻ രജിസ്റ്റർ അപ്ഡേറ്റ് ചെയ്യണം. കള്ളിംഗ് റിപ്പോർട്ട് ലഭ്യമാക്കണം. | 1-18-1 |
| 45 | ബ്രീഡർ സീഡിന്റെ ഉൽപ്പാദന വിവരം സ്റ്റോക്കിലില്ല. | 1-18-2 |
| 46 | സ്റ്റോക്ക് എൻട്രി രേഖപ്പെടുത്തലുകൾ ഇല്ല. ചെലവു തുക 432381 രൂപ തടസ്സപ്പെടുത്തുന്നു. | 1-18-3 |
| 47 | ഫാമുല്പന്നങ്ങൾ വിറ്റ വകയിൽ 743180 രൂപ ലഭ്യമായിട്ടില്ല | 1-18-4 |
| 48 | റദ്ദ് ചെയ്ത ഇൻവോയിസുകളുടെ അസ്സൽ സൂക്ഷിച്ചിട്ടില്ല | 1-18-5 |
| 49 | ഫാമുകളിലെ നാളികേരത്തിൽ നിന്നും വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കുന്നതിന് പ്ലാന്റ് സ്ഥാപിക്കൽ-പ്രവർത്തനം സംബന്ധിച്ച രൂപരേഖ ഇല്ല-സർക്കാർ അനുമതി ലഭ്യമാക്കണം. | 1-19 |
| 50 | കുണ്ടനി- കുളപ്പാടം പാടശേഖരം മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ -സർക്കാർ അനുമതി ലഭ്യമാക്കണം. ചെലവു തുക 13.05 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു. | 1-20 |
| 51 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (കൃഷി) പഴയ ഓഫീസിന്റെ വൈദ്യുതി കുടിശ്ശിക അടവാക്കിയതിൽ അവ്യക്തത. വിശദാംശങ്ങൾ | 1-21 |

| | | |
|---|---|---|
| | ഹാജരാക്കിയിട്ടില്ല. ചെലവ് തുക 61,840/-രൂപ തടസ്സപ്പെടുത്തുന്നു. | |
| 52 | പാടശേഖര സമിതികൾക്ക് മോട്ടോർ പമ്പ് സെറ്റ് നൽകൽ-ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന് അംഗീകൃത മാനദണ്ഡങ്ങൾ ഇല്ല. അപേക്ഷ ക്ഷണിച്ചതിന്റെയും പമ്പ്സെറ്റുകൾ സ്ഥാപിച്ചതിന്റെയും വിവരം ഇല്ല. ഒരേ ഉടമകളുടെ രണ്ട് പേരിലുള്ള ടെണ്ടർ പരിഗണിച്ച് 27,75,360/-രൂപയുടെ വാങ്ങൽ നടത്തി ചെലവ് തുക തടസ്സപ്പെടുത്തുന്നു. വിശദമായ അന്വേഷണം ആവശ്യമാണ്. | 1-22 |
| 53 | മണ്ണുത്തി കസ്റ്റം ഹയർ സെന്റർ-കാർഷിക യന്ത്രങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. | 1-23 |
| 54 | സമഗ്ര നെൽകൃഷി വികസനം | 1-24 |
| 55 | വി.എഫ്.പി.സി.കെ സെന്ററുകളിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ - ചെലവ് തുക 129050 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല | 1-25-0 |
| 56 | വാങ്ങൽ നടപടികളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-25-1 |
| 57 | ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയിട്ടില്ലാത്ത സ്ഥാപനത്തിന്റെ ദൈനംദിന ചെലവുകൾക്ക് തുക ചെലവഴിച്ചു, യഥാർത്ഥ വൗച്ചറുകളില്ലാത്ത 129050രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല | 1-25-2 |
| 58 | ശുഭാപ്തി-ജില്ലാ ഭിന്നശേഷി കേന്ദ്രം-പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കണം. ഉപകരണങ്ങൾ വാങ്ങിയതിന് ചെലവഴിച്ച 5,20,731/-രൂപ തടസ്സപ്പെടുത്തുന്നു. | 1-26 |
| 59 | വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ നൽകൽ-വിശദാംശങ്ങളും രേഖകളും ലഭ്യമല്ല. ചെലവ് തുക 30,28,070/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-27 |
| 60 | സൈഡ് വീൽ ഘടിപ്പിച്ച മുച്ചക്ര വാഹനം ഉപയോഗിക്കുന്ന ഭിന്നശേഷി ഗുണഭോക്താക്കൾക്ക് ഡ്രൈവിംഗ് ലൈസൻസ് ഇല്ല. തുടർ നടപടി സ്വീകരിക്കണം. | 1-28 |
| 61 | സൂപ്രണ്ട്, ജില്ലാ ആശുപത്രി, വടക്കാഞ്ചേരി (അലോപ്പതി) നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 1-29 |
| 62 | കരാർ കാലാവധി കഴിഞ്ഞിട്ടും ഹോംകോയിൽ നിന്നും 6,01,538 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല | 1-30 |
| 63 | HIVബാധിതർക്ക് പോഷകാഹാരക്കിറ്റ് വിതരണം- രോഗികളെ തെരഞ്ഞെടുത്ത് പോഷകാഹാരം നിശ്ചയിച്ചതിന്റെയും വാഹന വാടക നിശ്ചയിച്ചതിന്റെയും രേഖകളില്ല | 1-31 |
| 64 | തൃശ്ശൂർ ഹെൽത്ത് ലൈൻ- 2 കോടി 7.3 ലക്ഷം രൂപയുടെ ബൃഹത്പദ്ധതി-പദ്ധതി പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ് | 1-32 |

| | | |
|---|---|---|
| 65 | ക്ഷയരോഗികൾക്ക് പോഷകാഹാരവിതരണം - പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശം ലഭ്യമാക്കിയിട്ടില്ല | 1-33 |
| 66 | കാൻ തൃശ്ശൂർ പദ്ധതി – 2896000 രൂപയുടെ വിനിയോഗ വിവരമില്ല | 1-34 |
| 67 | തീരദേശമേഖല തോട് പുനരുജ്ജീവന പദ്ധതി-നടപ്പാക്കിയതിൽ കാലതാമസം. | 1-35 |
| 68 | ഉൾനാടൻ മത്സ്യവിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതി-ലൈവ് ഫിഷ് മാർക്കറ്റ് സ്ഥാപിക്കൽ -നൂതന പദ്ധതി അംഗീകാരം-സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 1-36 |
| 69 | ഉൾനാടൻ മത്സ്യ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കൽ-പദ്ധതി ലക്ഷ്യം നേടിയില്ല. ചെലവ് തുക 6,05,050/- രൂപ തടസ്സപ്പെടുത്തുന്നു. | 1-37 |
| 70 | സംരംഭകത്വ-നൈപുണ്യ വികസന പദ്ധതികൾ -അപാകതകൾ | 1-38 |
| 71 | വിദ്യാതരംഗം- പട്ടികവർഗ്ഗ കോളനികളിൽ സ്ഥാപിച്ച ബ്രോഡ് ബാന്റ് കണക്ഷൻ- ആവർത്തനച്ചെലവിനായുള്ള പദ്ധതിയുടെ നടത്തിപ്പിലെ അപാകതകൾ | 1-39 |
| 72 | ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗിക ആവശ്യത്തിന് പുതിയ വാഹനം-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-40 |
| 73 | 2022-23 വർഷം സെക്രട്ടറി നടപ്പാക്കിയ വിഹിതം കൈമാറുന്നതിനുള്ള പ്രൊജക്റ്റുകൾ-തുകയുടെ വിനിയോഗവിവരം ജില്ലാ പഞ്ചായത്തിൽ ഇല്ല. | 1-41 |
| 74 | കുടിവെള്ളപദ്ധതികൾക്കായുള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾ -പൂർത്തീകരണവിവരമില്ല, 53,58,542രൂപ തടസ്സപ്പെടുത്തുന്നു | 1-42 |
| 75 | ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരണം- അക്രഡിററഡ് ഏജൻസിയായ ARTCO മുഖേന നടപ്പാക്കിയതിലെ അപാകതകൾ | 1-43 |
| 76 | ജില്ലാ സാംസ്കാരികോത്സവം-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-44 |
| 77 | 2019-20 ലൈഫ് മിഷൻ--പണി പൂർത്തീകരിക്കാത്ത ഭവനങ്ങൾക്ക് പൂർത്തീകരണത്തിനായി ധനസഹായം നൽകൽ- രേഖകൾ പൂർണ്ണമല്ല | 1-45 |
| 78 | ലൈഫ് ഭവനനിർമ്മാണം വൾനറബിൾ സെക്ഷൻസ്- പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-46 |
| 79 | വിജ്ഞാൻ സാഗറിന്റെ ദൈനംദിനചെലവുകൾക്കായുള്ള പദ്ധതി- ചെലവു തുക തടസ്സപ്പെടുത്തുന്നു | 1-47 |
| 80 | എസ്.എസ്.കെ വിഹിതം നൽകൽ-പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ, തുകയുടെ വിനിയോഗവിവരം എന്നിവ ഇല്ല | 1-48 |
| 81 | വായനശാലകൾക്ക് ഫർണീച്ചർ നൽകൽ- അലമാരകൾ വാങ്ങിയത് സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടല്ല, വിതരണം ചെയ്തതിന്റെ കൃത്യമായ രേഖകളില്ല. | 1-49 |
| 82 | ഗണ്ണിബാഗ് നിർമ്മാണയന്ത്ര സാമഗ്രികൾ- ഉപയോഗശൂന്യമായി | 1-50 |

| | | |
|---|---|---|
| | സൂക്ഷിച്ചിരിക്കുന്നു | |
| 83 | വനിതാ ട്രാൻസ്പോർട്ട്- ജില്ലാ പഞ്ചായത്ത് വാങ്ങി നൽകിയ ബസ്സ് പ്രവർത്തനക്ഷമമല്ല, ഉപേക്ഷിക്കപ്പെട്ട നിലയിൽ | 1-51 |
| 84 | SPCA ജൂനിയർ ഇൻസ്പെക്ടറുടെ നിയമനം – സർക്കാർ അംഗീകാരം ഇല്ല, കോടതി വ്യവഹാരം നിലനിൽക്കുന്നു. | 1-52 |
| 85 | മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചതിന്റെ രേഖകളില്ല, ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-53 |
| 86 | എയ്ഡഡ് സ്കൂളിൽ ഇൻസിനറേറ്റർ ഒരു ഡിവിഷനിൽ 1 വീതം - തുടർ പ്രവർത്തനം വിലയിരുത്തൽ | 1-54 |
| 87 | തൊഴിലുറപ്പ് പദ്ധതി മുഖേന അങ്കണവാടി കെട്ടിട നിർമ്മാണം 2022-23 - വിനിയോഗ വിവരം ലഭ്യമായില്ല – നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-55 |
| 88 | ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ മൃഗസംരക്ഷണ ഓഫീസ് നടപ്പിലാക്കിയ പദ്ധതികളുടെ പരിശോധന | 1-56-0 |
| 89 | തെരുവ് നായ്ക്കളുടെ വന്ധ്യംകരണ പദ്ധതി നടപ്പാക്കുന്നില്ല | 1-56-1 |
| 90 | ഡോഗ് ക്യാച്ചർമാർക്കുള്ള പരിശീലന പരിപാടി സംഘടിപ്പിച്ചെങ്കിലും പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-56-2 |
| 91 | വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിലെ ചെറുതുരുത്തിയിൽ കുടുംബശ്രീ പരിശീലനകേന്ദ്രവും ഷീലോഡ്ജും - നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കേണ്ടതാണ് | 1-57 |
| 92 | വനിതകൾക്ക് ജിംനേഷ്യം സ്ഥാപിക്കുന്നതിന് ഉപകരണങ്ങൾ നൽകൽ പദ്ധതി - ലക്ഷ്യ പ്രാപ്തി ഉറപ്പാക്കിയില്ല | 1-58 |
| 93 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകൽ - ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-59 |
| 94 | പഠനമുറി നിർമ്മാണം - സ്പിൽ ഓവർ പദ്ധതി പൂർത്തീകരിക്കുന്നതിൽ കാലതാമസം | 1-60 |
| 95 | പഠനമുറി നിർമ്മാണം 2022-23 – പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് | 1-61 |
| 96 | സമേതം - സമഗ്ര വിദ്യാഭ്യാസ പദ്ധതി - വൗച്ചറുകൾ ഹാജരാക്കിയില്ല - 41,90,740 രൂപ തടസ്സപ്പെടുത്തുന്നു | 1-62 |
| 97 | സ്കൂളുകളിലേയ്ക്ക് യു.പി.എസ് വാങ്ങൽ - ഇൻസ്റ്റാല്ലേഷൻ പൂർത്തിയായില്ല | 1-63 |
| 98 | ഹാജരാക്കിയ ചെലവ് വൗച്ചറുകളും സുലേഖ പ്രകാരമുള്ള ചെലവ് തുകയും പൊരുത്തപ്പെടുന്നില്ല - പ്രൊജക്ട് മാറി തുക ചിലവഴിച്ചു | 1-64 |
| 99 | സ്കൂളുകളിലേക്ക് ബെഞ്ച്, ഡെസ്ക്, വൈറ്റ് ബോർഡ് എന്നിവ വാങ്ങൽ - വാങ്ങൽ നടപടികളിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല | 1-65 |

| | | |
|---|---|---|
| 100 | കുടിവെള്ള – ജലസേചനപദ്ധതികൾ- സമയബന്ധിതമായി പൂർത്തീകരിച്ച് ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നില്ല | 1-66-1 |
| 101 | കുടിവെള്ള പ്രൊജക്ടുകളുടെ അറ്റകുറ്റപ്പണികൾ-ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കേണ്ടതില്ല. | 1-66-2 |
| 102 | കുടിവെള്ള പ്രൊജക്ടുകൾ പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടില്ല | 1-66-3 |
| 103 | കുടിവെള്ളപദ്ധതിക്കായി കിണർ കുഴിച്ച് പൈപ്പ് സ്ഥാപിച്ചു, വാട്ടർ ടാങ്കിനുള്ള സ്ഥലം തീരുമാനമായിട്ടില്ല. | 1-66-4 |
| 104 | മാള- പാറക്കുട്ടം വെട്ടുകടവ് LI - 2016-17 ൽ ആരംഭിച്ച പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-66-5 |
| 105 | മുരിയാട് -കലാഭവൻ മണി ഇൻഡോർ സ്റ്റേഡിയം പൂർത്തീകരണം- സ്ഥലപരിശോധനയിൽ കണ്ട അപാകതകൾ | 1-67 |
| 106 | വെണ്ണൂർത്തുറ സംരക്ഷണം സർവ്വേ തുക അടവാക്കൽ പദ്ധതി-പദ്ധതി പുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമല്ല | 1-68 |
| 107 | കളക്ടറേറ്റ് കോംപൗണ്ടിൽ ടേക്ക് എ ബ്രേക്ക് വഴിയോര വിശ്രമ കേന്ദ്രം നിർമ്മാണം-സ്ഥലം തെരഞ്ഞെടുത്തതിൽ അപാകത. തുടർ നടത്തിപ്പിൽ അവ്യക്തത- നടപടി സ്വീകരിക്കണം | 1-69 |
| 108 | കിഴുത്താണി ഗ്രാമീണവായനശാല റീഡിംഗ് റൂം -കാറളം ഗ്രാമപഞ്ചായത്ത് | 1-70 |
| 109 | ചേലക്കര ഗ്രാമപഞ്ചായത്ത്-കളപ്പാറക്കുന്ന് കോളനി നവീകരണം-വൈകി പ്രവൃത്തി പൂർത്തീകരിച്ചു- പിഴ ഈടാക്കിയിട്ടില്ല | 1-71 |
| 110 | നടത്തറ-മൂർക്കനിക്കര മൂർക്കൻ കുന്ന് കോളനി നവീകരണം-എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകത, പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം | 1-72 |
| 111 | ജില്ലാ പഞ്ചായത്ത് കെട്ടിടത്തിലെ ടോയ്‌ലറ്റ് അറ്റകുറ്റപണി-എസ്റ്റിമേറ്റ് തുക വർദ്ധിപ്പിക്കുന്നതിനായി യഥാർത്ഥത്തിൽ ആവശ്യമില്ലാത്ത മെറ്റീരിയൽസ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി- മരാമത്ത് പ്രവൃത്തി പദ്ധതി രൂപീകരണത്തിൽ സാമ്പത്തിക അച്ചടക്കം പാലിക്കണം | 1- 73 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | മുരിയാട് -കലാഭവൻ മണി ഇൻഡോർ സ്റ്റേഡിയം പൂർത്തീകരണം- സ്ഥലപരിശോധനയിൽ 43841/- രൂപയുടെ ഇലക്ട്രിക്കൽ ഉപകരണങ്ങൾ സ്ഥാപിച്ചതായി കണ്ടില്ല | 3-1 |
| 2 | ഒരേ ആവശ്യത്തിന് രണ്ടു പ്രാവശ്യം തുക അനുവദിച്ചു, 4076 രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-2 |
| 3 | ജൈവമാലിന്യ സംസ്കരണപ്രൊജക്റ്റ്- ഇമേജ് ന് അധികതുക അനുവദിച്ചു | 3-3 |
| 4 | ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയിട്ടില്ലാത്ത സ്ഥാപനത്തിന്റെ ദൈനം | 3-4 |

| | | |
|---|---|---|
| | ദിന ചെലവുകൾക്ക് തുക ചെലവഴിച്ച, യഥാർത്ഥ വൗച്ചറുകളില്ലാത്ത 129050 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല | |
| 5 | എടത്തിരുത്തി ഫാം തനത് ഫണ്ടിനത്തിൽ ചെലവഴിച്ച 11,265/- രൂപയുടെ വൌച്ചറുകളും ചെലവു രേഖകളും ഹാജരാക്കിയിട്ടില്ല. തുക നിരാകരിക്കുന്നു. | 3-5 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | 2022-23 വർഷം സെക്രട്ടറി നടപ്പാക്കിയ വിഹിതം കൈമാറുന്നതിനുള്ള പ്രൊജക്ടുകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I.കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 20-06-2023 – ലെ ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം. 4(1) പ്രകാരം തയ്യാറാക്കി 11-07-23 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച

ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

B. വിശേഷണങ്ങളോടു കൂടിയ അഭിപ്രായം അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-1 വാർഷിക ധനകാര്യ പത്രിക പൊതു അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) ലെ നിർദ്ദേശമനുസരിച്ചുള്ള അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

2. 2022-23ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. വാടക ഇനത്തിലെ ഇത്തരം രേഖപ്പെടുത്തൽ പരിശോധിക്കുന്നതിനായി (I&E Schedule I-3യുടെ) ലെഡ്ജർ, ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും ഹാജരാക്കിയിട്ടില്ല.

3. ലേല വരവിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1-1-2 പ്രയർ പിരീഡ് ഇൻകം-വൌച്ചറുകളോ ഡാറ്റാ ഷീറ്റുകളോ ഹാജരാക്കിയിട്ടില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | തുക |
|---|---|
| 280200401-Prior Period Income-Other Income | (47184) |
| 280800101-Prior Period-Establishment Expenses | 62559 |
| 280800201-Prior Period- Administrative Expenses | (560719) |

| | |
|---|---|
| 280600499-Prior Period-Expenses-Remission And Refund-Other Incomes | (3470054) |
| 280800301-Prior Period-Operation And Maintenance Expenses | 742954 |
| Total Prior Period Items | (3272444) |

1-1-3 ആസ്തി രജിസ്റ്റർ കാലികമല്ല- ആസ്തി മൂല്യം, ഡിപ്രീസിയേഷൻ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതിൽ അപാകത- പരിഹാര നടപടികൾ സ്വീകരിക്കണം.

1. ആസ്തി രജിസ്റ്റർ കാലികമാക്കി, ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിൽ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2. 31/3/2023ലെ ബാലൻസ്ഷീറ്റ് പ്രകാരം Movable Assets Office Equipments And Other Equipments എന്ന ആസ്തികൾക്ക് 1,06,40,272 രൂപ വില കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തിയുടെ 31/3/2023 ലെ Accumalated Depreciation 1,32,47,499 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2023-24 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.
3. 2022-23 വർഷത്തെ Income And Expenditure പത്രിക I-17(a) പ്രകാരം 11,08,61,911രൂപ ഡിപ്രീസിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

1-1-4 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത പരിഹരിക്കണം.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3,28,12,166രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4,69,92,194 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-5 ബാലൻസ് ഷീറ്റിലെ പട്ടികകൾ പൊരുത്തപെടാത്തതും, ലെഡ്ജറുകളും, രജിസ്റ്ററുകളും ഹാജരാക്കാത്തതും സംബന്ധിച്ച്.

1.(എ) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/23ൽ ബാക്കിയുള്ള തുകയും, ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/23 ലെ നീക്കിയിരിപ്പ് തുകകളും തമ്മിൽ പൊരുത്തപെടേണ്ടതാണ്. എന്നാൽ SGSYയുടെ കാര്യത്തിൽ ഇപ്രകാരം പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് | തുക |

| നം | | | | | അക്കൗണ്ട് | |
|---|---|---|---|---|---|---|
| 1 | 320100102 | SGSY | 589871 | 450210103 | SGSY-കാനറ758 | 7578261 |

(ബി) ബി.4 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ഹാജരാക്കേണ്ടതാണ്.

2. (എ) ബാലൻസ് ഷീറ്റ് ബി-18 പ്രകാരം 87,42,208 രൂപ അഡ്വാൻസ് നൽകിയതായി കാണുന്നു. പട്ടികയിലുൾപെട്ട ഇനങ്ങളുടെ ലെഡ്ജറുകൾ ഹാജരാക്കേണ്ടതാണ്.

(ബി) ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500......-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര. ന | പ്രോജക്റ്റ് | വൌച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1 | 971/23-കൈപ്പറമ്പ് മഹാത്മാ കുടിവെള്ള പദ്ധതി-ഭൂജല വകുപ്പിൽ നിക്ഷേപിക്കൽ. | 22201018/ 04.02.23 | 8,30,000/- | 251200801 Drinking Water General. | 460500...-Advance To Implementing Agencies |

ഡെപ്പോസിറ്റ് രജിസ്റ്റർ/അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള 31.03.2023 ലെ നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-7/B-18 പ്രകാരമുള്ള നീക്കിയിരിപ്പുമായി ഒത്തു നോക്കുന്നതിനായി ടി രജിസ്റ്ററുകൾ ഹാജരാക്കേണ്ടതാണ്.

1-1-6 മുൻവർഷത്തെ കാപിറ്റൽ കോൺട്രിബ്യൂഷൻ തുക തന്നെ ഈ വർഷത്തിലും കാപിറ്റൽ കോൺട്രിബ്യൂഷനായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയത്-മുൻവർഷങ്ങളിലെ അപാകത

ആവർത്തിക്കുന്നത്.

31/3/2022 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2023 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. മുൻ വർഷങ്ങളിൽ ജില്ലാ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിരുന്ന ഈ അപാകത2022-23 വർഷത്തിലും ആവർത്തിക്കുന്നതായി കാണുന്നു. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

1-1-7 പാർട്ട് ബിൽ പേയ്മെന്റ് തുകകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/23 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2023 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുകയുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

1-1-8 Rp-7, I-6പട്ടികകൾ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ പൊരുത്തപെടുന്നില്ല.

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പ്രകാരമുള്ള സാമ്പത്തിക വർഷത്തെ ചെലവു തുകകളും വാർഷിക കണക്കിലെ ഈയിനങ്ങളിലെ Rp-7, I-6 പട്ടികകൾ പ്രകാരമുള്ള രേഖപ്പെടുത്തലുകളും തമ്മിൽ വ്യത്യാസം കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ട് | Rp-7 പ്രകാരം | ACR പ്രകാരം |
|---|---|---|
| വികസന ഫണ്ട് ജനറൽ | 236067305 | 239892738 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 117524588 | 118454478 |

സി.എഫ്.സി ഗ്രാന്റിനങ്ങളുടെ എ.സി.ആർ, Rp-7 പട്ടികയിലുൾപ്പെട്ട ബ്ലോക്ക്, ഗ്രാമ, നഗരസഭാ സംയുക്ത പദ്ധതികളുടെ പദ്ധതി തിരിച്ചുള്ള വരവ്-ചെലവ്, നീക്കിയിരുപ്പ് കണക്കുകൾ കൂടി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

1-2 ബജറ്റ്

| | | | |
|---|---|---|---|
| ബജറ്റ് പാസ്സാക്കിയ കമ്മിറ്റി തീരുമാനം/ തീയതി, | | 1/23.3.2022 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | മുൻ ബാക്കി | വരവ് | ചെലവ് |
| | 11,40,13,134 | 117,63,52,000 | 128,53,75,000 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ കമ്മിറ്റി തീരുമാനം/തീയതി, | | 1(1) / 23.3.2023 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | മുൻ ബാക്കി | വരവ് | ചെലവ് |
| | 41,16,422 | 133,60,34,000 | 133,33,10,000 |

1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് / വരവ് (ACRപ്രകാരം) | ആകെ | ചെലവ് (ACRപ്രകാരം) | നീക്കിയിരിപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | -- | 399653526 | 399653526 | 239892738 | 159760788 |
| വികസന ഫണ്ട് – എസ്.സി.പി | -- | 253878474 | 253878474 | 135376795 | 118501679 |
| വികസനഫണ്ട് ടി.എസ്.പി | -- | 5223000 | 5223000 | 3171083 | 2051917 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | -- | 176895000 | 176895000 | 118454478 | 58440522 |
| മെയിന്റനൻസ് ഫണ്ട് നോൺ - റോഡ് | -- | 150104000 | 150104000 | 99848691 | 50255309 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 12033448 | 71154213+ 5077213 (Interest) | 88264874 | 59259138 | 29005736 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 84784502 | 99116000 | 183900502 | 78400278 | 105500224 |

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിന്റെ വിവരം ഇ-ഗ്രാമസ്വരാജ് സൈറ്റിൽ നിന്നും ലഭിച്ച പ്രകാരമുള്ളതാണ് ചേർത്തിരിക്കുന്നത്. വികസനഫണ്ട്-ജനറൽ, മെയിന്റനൻസ് ഫണ്ട് - റോഡ്,

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് തുകകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 988 | 169,03,82,489 | 545 | 77,98,55,091 | 46.13 | 55.26 |

## 1-5 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.5.2023-ാം തിയതി 3 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1000/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6.4.2022-29.6.2022 | 2020-21 | 8.2.2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.4.2023-20.4.2023, 4.5.2023-19.5.2023 | 1.4.2019-31.3.2023 | 24.7.2023 |

## 1-7 ആഭ്യന്തര നിയന്ത്രണം

1) ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetory Control)

2022-23 സാമ്പത്തിക വർഷത്തെ കരട് ബജറ്റ് പഞ്ചായത്ത് ഭരണസമിതി 23.03.22 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് പാസ്സാക്കി. പഞ്ചായത്ത് ഭരണസമിതി 23.3.2023 ൽ ചേർന്ന യോഗത്തിലെ തീരുമാനം നംപർ (1) അനുസരിച്ച് 2022-23 ലെ പുതുക്കിയ ബജറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്.

ജില്ലാപഞ്ചായത്തിന്റെ എല്ലാ മാസത്തേയും വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വായിച്ച് ചർച്ച ചെയ്ത് അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (മിനുട്സിൽ) മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

2) അക്കൗണ്ടിംഗ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215-ാം വകുപ്പ്, 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ എന്നിവയിൽ അനുശാസിക്കുന്ന പ്രകാരം കണക്കുകൾ തയ്യാറാക്കുന്നതിനും, പരിപാലിക്കുന്നതിനും, പ്രസിദ്ധപ്പെടുത്തുന്നതിനുമുള്ള നിയമവ്യവസ്ഥകൾ പാലിച്ച് ജില്ലാ പഞ്ചായത്ത് അതിന്റെ അക്കൗണ്ടിംഗ് ബാധ്യതകൾ എത്രമാത്രം നിർവ്വഹിച്ചു എന്നത് സംബന്ധിച്ച് വാർഷിക ധനകാര്യപത്രികയും അനുബന്ധരേഖകളും പരിശോധിച്ച് പ്രത്യേക പരാമർശമായി ഈ റിപ്പോർട്ടിൽ ഖണ്ഡിക 1-1 ന്റെ ഉപഖണ്ഡികയായി ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

3) ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 5-ാം പട്ടികയിൽ വിശദമാക്കിയിട്ടുള്ള ജില്ലാപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതും സംസ്ഥാനസർക്കാർ കാലാകാലങ്ങളിൽ ഏല്പിച്ചു നൽകുന്നതുമായ ചുമതലകൾ നിറവേറ്റുന്നതിനുവേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനുമാണ് നിയമപ്രകാരം ജില്ലാപഞ്ചായത്തുകളെ ചുമതലപ്പെടുത്തിയിട്ടുള്ളത്.

പതിനാലാം പഞ്ചവത്സരപദ്ധതിയുടെ ആദ്യവർഷമാണ് 2022-23. പതിനാലാം പഞ്ചവത്സരപദ്ധതിയുടെ വാർഷിക പദ്ധതികൾ തയ്യാറാക്കേണ്ടത് 19.4.2022 തീയതിയിലെ സ.ഉ(കൈ)നം.84/2022/തസ്വഭവ, 28.5.2022 തീയതിയിലെ സ.ഉ(കൈ)നം.115/22/തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്ന വിശദമായ മാർഗ്ഗരേഖ അനുസരിച്ചാണ്.

ഈ ഉത്തരവിലെ നിർദ്ദേശപ്രകാരം ജില്ലാപഞ്ചായത്തിൽ പൊതുഭരണം, കൃഷി, മത്സ്യബന്ധനം, പ്രാദേശിക സാമ്പത്തിക വികസനം, ദാരിദ്ര്യ ലഘൂകരണം, സാമൂഹ്യ നീതി, ശിശുക്ഷേമം, പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം, ആരോഗ്യം, കുടിവെള്ളം, വിദ്യാഭ്യാസം, പൊതുമരാമത്ത്, ജൈവവൈവിധ്യ മാനേജ്മെന്റ്, വനിതാ വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിരുന്നു. 19.4.2022 തീയതിയിലെ സ.ഉ(കൈ)നം.84/2022/തസ്വഭവ, ഖണ്ഡിക3.1.2(ബി) പ്രകാരം അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകേണ്ടതും, മോണിട്ടറിംഗ് കമ്മറ്റികളായി പ്രവർത്തിച്ച് പ്രൊജക്റ്റുകൾ ഫലപ്രദമായി മോണിട്ടറിംഗ് ചെയ്യേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്.

പരിശോധനക്കായി ലഭിച്ച വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പ്രകാരം വാർഷിക പദ്ധതികളുടെ രൂപീകരണം സംബന്ധിച്ച ചർച്ച ചെയ്തിട്ടുണ്ട്. നിരവധി പദ്ധതി നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളിലെ ചർച്ചകളിൽ ഉടലെടുത്തതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വനിതാവികസനം ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പുകൾ തൻവർഷത്തെ പദ്ധതികളുടെ മോണിട്ടറിംഗ് നടത്തിയതായി മിനിട്സുകളിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും പ്രസ്തുത മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ് .

ജില്ലാസഭ 2022-23 വാർഷിക പദ്ധതിരൂപീകരണത്തോടനുബന്ധിച്ച് 13.1.22 തിയതിയിലും 18.5.2022 തിയതിയിലും 2023-24 വാർഷിക പദ്ധതിരൂപീകരണ യോഗം 11.1.2023നും ചേർന്നിട്ടുണ്ട്. മിനുട്സിൽ വാർഷികപദ്ധതിപുരോഗതി വിലയിരുത്തിയതായി രേഖപ്പെടുത്തിയിട്ടില്ല, യോഗതീരുമാനങ്ങളും രേഖപ്പെടുത്തിയിട്ടില്ല.

ധനകാര്യ, ക്ഷേമകാര്യ, ആരോഗ്യ-വിദ്യാഭ്യാസ, പൊതുമരാമത്ത്, വികസന സ്റ്റാന്റിംഗ് കമ്മറ്റികൾ എല്ലാ മാസവും യോഗംചേരുന്നുണ്ട്. സ്റ്റാന്റിംഗ് കമ്മറ്റികൾ 2022-23 വാർഷിക പദ്ധതിപുരോഗതി വിലയിരുത്തുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

2022-23 ൽ സ്പിൽ ഓവർ പ്രൊജക്റ്റുകളുൾപ്പെടെ 988 പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിച്ചിരുന്നത്, ഇതിനായി വകയിരുത്തിയ 169.04 കോടി രൂപയിൽ തൻവർഷം ചെലവഴിച്ചത് 77.99 കോടി രൂപ മാത്രമാണ്.

ജില്ലാ പഞ്ചായത്ത് 2022-23 സാമ്പത്തിക വർഷത്തിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ വഴി നടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയും സംബന്ധിച്ച സുലേഖ ചെലവ് പത്രിക പ്രകാരമുള്ള കണക്കുകളുടെ സംഗ്രഹം താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി | ചെലവ് ശത മാനം |
|---|---|---|---|

| | | ആവിഷ്കരിച്ചത് | നടപ്പാക്കിയത് | വകയിരുത്തിയത് | ചെലവഴിച്ചത് | |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 289 | 136 | 390315495 | 151336567 | 38.77 |
| 2 | ജില്ലാസോയിൽ കൺസർ വേഷൻ ഓഫീസർ | 12 | 6 | 16816546 | 2835744 | 16.86 |
| 3 | ഡെപ്യൂട്ടി ഡയറക്ടർ-കൃഷി | 2 | 2 | 24000000 | 18947203 | 78.95 |
| 4 | ഡെപ്യൂട്ടി ഡയറക്ടർ-മൃഗ സംരക്ഷണം | 6 | 5 | 6413902 | 3311533 | 51.63 |
| 5 | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ (അഗ്രികൾച്ചർ) | 23 | 16 | 27534684 | 20209399 | 73.40 |
| 6 | ഡെപ്യൂട്ടി ഡയറക്ടർ, പൊതു വിദ്യാഭ്യാസം | 16 | 13 | 56904317 | 40173060 | 70.60 |
| 7 | ജില്ലാമിഷൻ കോർഡിനേറ്റർ കുടുംബശ്രീ | 3 | 2 | 30687149 | 7673765 | 25.01 |
| 8 | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 9 | 6 | 13332469 | 8138454 | 61.04 |
| 9 | ജില്ലാഖാദി ഗ്രാമവ്യവസായ പ്രോജക്ട് ഓഫീസർ | - | - | -- | -- | -- |
| 10 | ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ് | 2 | 2 | 2500000 | 1327284 | 53.09 |
| 11 | ഡെപ്യൂട്ടി ഡയറക്ടർ ഡയറീസ് | 2 | 2 | 23500000 | 20500000 | 87.23 |

| | | | | | | |
|---|---|---|---|---|---|---|
| 12 | ജില്ലാസാമൂഹ്യ ക്ഷേമ ഓഫീസർ | 6 | 3 | 44759964 | 7748801 | 17.31 |
| 13 | ജില്ലാ മെഡിക്കൽ ഓഫീസർ- അലോപ്പതി | 7 | 5 | 103081289 | 16862051 | 16.36 |
| 14 | ഡെവലപ്മെന്റ് ഓഫീസർ ട്രൈബൽ | -- | -- | -- | -- | -- |
| 15 | മാനേജർജില്ലാ വ്യവസായ കേന്ദ്രം | 4 | 2 | 10800000 | 1137500 | 10.53 |
| 16 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, തസ്വ.ഭ.വ | 3 | 2 | 1238847 | 504992 | 40.76 |
| 17 | പ്രോജക്റ്റ് ഡയറക്ടർ- ദാരിദ്ര്യ ലഘൂകരണ വിഭാഗം | 9 | 8 | 156825351 | 133065566 | 84.85 |
| 18 | ഫാംസൂപ്രണ്ട്- ജില്ലാ കൃഷിത്തോട്ടം ചേലക്കര | 1 | 1 | 500000 | 425477 | 85.10 |
| 19 | സീനിയർ കൃഷി ഓഫീസർ- സംസ്ഥാന വിത്തുൽപാദന കേന്ദ്രം- | 9 | 9 | 5975000 | 5943191 | 99.47 |
| 20 | സൂപ്രണ്ട്ചീഫ് മെഡിക്കൽ ഓഫീസർ ജില്ലാ ആശുപത്രി (അലോപ്പതി) | 13 | 12 | 9475391 | 8136312 | 85.87 |
| 21 | ചീഫ് മെഡിക്കൽ ഓഫീസർ ആയുർവേദം | 4 | 3 | 6104124 | 5854087 | 95.90 |
| 22 | ചീഫ് മെഡിക്കൽ ഓഫീസർ | 5 | 5 | 5205721 | 4016418 | 77.15 |

| | | | | | | |
|---|---|---|---|---|---|---|
| | ഹോമിയോ | | | | | |
| 23 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ- തെങ്ങിൻതൈ ഉൽപാദന കേന്ദ്രം ഇരിങ്ങാലക്കട | 1 | 1 | 150000 | 89742 | 59.83 |
| 24 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ത.സ്വ.ഭ.വ | 557 | 301 | 709462240 | 300228521 | 42.32 |
| 25 | ജില്ലാ വനിതാ വികസനഓഫീസർ | 3 | 1 | 9800000 | 389424 | 3.97 |
| 27 | ജില്ലാ വനിതാ ശിശുവികസനം | 1 | 1 | 33600000 | 19600000 | 58.33 |
| 28 | സീനിയർ വെറ്ററിനറി സർജൻ പിഗ് ബ്രീഡിംഗ് | 1 | 1 | 1400000 | 1400000 | 100 |
| | | 988 | 545 | 1690382489 | 779855091 | 46.13 |

ജില്ലാ മെഡിക്കൽ ഓഫീസർ-അലോപ്പതി, ജില്ലാസോയിൽ കൺസർവേഷൻ ഓഫീസർ, ജില്ലാസാമൂഹ്യക്ഷേമ ഓഫീസർ, മാനേജർ ജില്ലാ വ്യവസായകേന്ദ്രം, ജില്ലാവനിതാ വികസനഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതിച്ചെലവ് 25% ൽ കുറവാണ്.

സുലേഖ ചെലവു പത്രികയിലെ ചെലവു തുകയിൽ സാമ്പത്തിക വർഷം അവസാനിച്ചിട്ടും വ്യത്യാസം വരുത്തിയിട്ടുണ്ട്- ജില്ലാമെഡിക്കൽ ഓഫീസർ (അലോപ്പതി) നടപ്പാക്കിയ കാൻ തൃശ്ശൂർ- കാൻ പ്രതിരോധ പ്രവർത്തനങ്ങളുടെ തുടർപ്രവർത്തനങ്ങൾ- (പ്രൊജക്റ്റ് നം 377 ) എന്ന പദ്ധതിയ്ക്കായി മറ്റുള്ളവ എന്ന ഇനത്തിൽ 1,00,00,000/- രൂപ വകയിരുത്തിയതിൽ 44,02,019 രൂപ ചെലവഴിച്ചതായാണ് 02/05/2023 തിയതിയിൽ പ്രിന്റെടുത്ത 2022-23 സാമ്പത്തിക വർഷത്തെ സുലേഖ ചെലവു പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 21/10/2023 തിയതിയിൽ പ്രിന്റെടുത്ത സുലേഖ ചെലവു പത്രികയിൽ 81,47,019 രൂപയാണ് ചെലവ്. സാമ്പത്തിക വർഷം അവസാനിച്ചശേഷം സുലേഖയിൽ ചെലവു തുകയിൽ ചേർക്കുന്നതാണ് വ്യത്യാസം വരാനുള്ള കാരണം (ഓഡിറ്റ് എൻക്വയറി 33 ന് മറുപടി ലഭിച്ചിട്ടില്ല).

ക്ലറിക്കൽ തസ്തികയിലെ ജീവനക്കാരുടെ കുറവ് ജില്ലാ പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. വാടക പിരിച്ചെടുക്കുന്നതിൽ ജില്ലാ പഞ്ചായത്ത് വേണ്ടത്ര സത്വരനടപടികൾ കൈക്കൊള്ളുന്നില്ല. ലേലവരവുകളുടെ കൃത്യത ഉറപ്പു വരുത്താൻ വേണ്ട രേഖകൾ സൂക്ഷിക്കുന്നില്ല. ഫാമുകളിൽ ഇൻവോയ്സുകൾപ്രകാരം ക്രെഡിറ്റിൽ നൽകുന്ന ഉല്പന്നങ്ങളുടെ വിലയിനത്തിൽ വൻതുക ലഭിക്കാനുണ്ട്. ആഭ്യന്തര നിയന്ത്രണത്തിലേയും പദ്ധതി പ്രവർത്തനങ്ങളിലേയും അപാകതകൾ തുടർന്നുള്ള ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.

1-8 ക്ലറിക്കൽ തസ്തികയിലെ ജീവനക്കാരുടെ കുറവ് ജില്ലാ പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു-സർക്കാർ നിർദ്ദേശപ്രകാരമുള്ള ജീവനക്കാരുടെ പുനർവിന്യാസം ഉറപ്പു വരുത്തണം ജീവനക്കാർക്കാവശ്യമായ പരിശീലനം നൽകണം. പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

ഭരണഘടനയുടെ 73ാം ഭേദഗതിയെ തുടർന്ന് 1994 ൽ കേരള പഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിൽ വരികയും സംസ്ഥാന സർക്കാർ നിർവ്വഹിച്ചിരുന്നതായ വിവിധ ചുമതലകൾ പ്രാദേശിക സർക്കാരുകളുടെ ഉത്തരവാദിത്തമായി മാറുകയും ചെയ്തു. ടി നിയമത്തിന്റെ അഞ്ചാം പട്ടികയിലുൾപെടുത്തിയ ചുമതലകൾ ജില്ലാ പഞ്ചായത്തുകളുടെ അനിവാര്യവും മേഖലാ തലത്തിലുമുള്ള ചുമതലകളായി മാറി.

കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളുമായി സംയോജിപ്പിച്ച് തദ്ദേശ സ്ഥാപന ഭൂപ്രദേശത്തിന്റെയും അവിടത്തെ ജനങ്ങളുടേയും സമഗ്ര വികസനവും പുരോഗതിയും ലക്ഷ്യമിട്ട് സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുക എന്നത് തദ്ദേശ സ്ഥാപനത്തിന്റെ ഭരണഘടനാപരമായ ചുമതലയാണ്. ത്രിതല പഞ്ചായത്തുകളുടെ അധികാര പരിധിയനുസരിച്ച് ജില്ലയെ ഒറ്റ ഘടകമായി പരിഗണിച്ച് ജില്ലയുടെ സമ്പൂർണ്ണ വികസനത്തിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള ഉത്തരവാദിത്തമാണ് ജില്ലാ പഞ്ചായത്തിനുള്ളത്.

അധികാര വികേന്ദ്രീകരണം വഴി പ്രാദേശിക സർക്കാരുകളിലൂടെ പൊതുജനപങ്കാളിത്ത ആസൂത്രണവും, വികസനവും നടപ്പിലാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച വിവിധ ഉത്തരവുകൾ പ്രകാരം വിവിധ വകുപ്പുകളിൽപെട്ട സർക്കാർ സ്ഥാപനങ്ങളും ചുമതലകളും, അധികാരങ്ങളും, ആസ്തി-ബാധ്യതകളും, ഏതാനും ഉദ്യോഗസ്ഥരെയും വിവിധ കാലങ്ങളിലായി ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ശരാശരി 25% തുക തദ്ദേശ സ്ഥാപനങ്ങൾ വഴിയാണ് ചെലവഴിക്കപെടുന്നത്. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി വിവിധ വകുപ്പുകൾ വഴി നടപ്പാക്കിയിരുന്ന പല പദ്ധതികളും നിലവിൽ തദ്ദേശ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്നത് മൂലം ജില്ലാ പഞ്ചായത്തിന്റെ ജോലി ഭാരം വർദ്ധിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനായി 18.09.95 ലെ സ.ഉ.(പി) നം. 189/95/ത.ഭ.വ.ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ജൂനിയർ സൂപ്രണ്ട്, 3 ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ് എന്നിങ്ങനെ ഒരു സെക്ഷൻ പൂർണ്ണമായും, തദ്ദേശ സ്ഥാപനങ്ങളിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ ശാക്തീകരണം പഠിക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ ശുപാർശ പ്രകാരം പുറപ്പെടുവിച്ച 4.07.2000ലെ 187/2000/എൽ.എസ്.ജി.ഡി. ഉത്തരവനുസരിച്ച് മറ്റ് വകുപ്പുകളിൽ നിന്നും ചുരുങ്ങിയത് 5 ക്ലറിക്കൽ തസ്തികകളും ജില്ലാ പഞ്ചായത്തിലേക്ക് പുനർവിന്യസിച്ച് ഉത്തരവ് നിലവിലുണ്ട്. എന്നാൽ ഇത്തരത്തിൽ മുൻകാലങ്ങളിൽ പുനർവിന്യസിക്കപ്പെട്ട ജീവനക്കാർ സ്ഥലംമാറ്റം, സ്ഥാനക്കയറ്റം എന്നിങ്ങനെ വിവിധ കാരണങ്ങളാൽ മാതൃവകുപ്പിലേക്ക് തിരികെപോവുകയും ടി വകുപ്പുകൾ പകരം ജീവനക്കാരെ ജില്ലാ പഞ്ചായത്തിലേക്ക്

പുനർവിന്യസിക്കാതിരിക്കുകയും ചെയ്തതു മൂലം ക്ലറിക്കൽ വിഭാഗത്തിൽ ജീവനക്കാരുടെ എണ്ണം ഗണ്യമായി കുറയുകയും ജില്ലാപഞ്ചായത്തിന്റെ പ്രവർത്തനത്തെ പൊതുവെ ദോഷകരമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ ഫണ്ടുകളുടെയും, കേന്ദ്ര-സംസ്ഥാന, പദ്ധതികളുടെയും ജില്ലാ തല നിർവ്വഹണം, കൈമാറിക്കിട്ടിയ ഫാമുകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും നിയന്ത്രണം, തനത് വരുമാനം വരവ്-ചെലവ് കൈകാര്യം ചെയ്യൽ, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനാവശ്യമായ പദ്ധതി രൂപീകരണവും നിർവ്വഹണവും, ജില്ലാ പഞ്ചായത്തിലെ വിവിധ സമിതികളുടെ പ്രവർത്തന മേൽനോട്ടം-മിനിറ്റ്സ് തയ്യാറാക്കൽ, ബജറ്റ്, പദ്ധതി രൂപീകരണം, പദ്ധതിരേഖ, തയ്യാറാക്കൽ, സെക്രട്ടറിയുടെ പദ്ധതി നിർവ്വഹണം, അക്കൌണ്ടിംഗ്, വാർഷിക വരവ് ചെലവ് കണക്കുകൾ തയ്യാറാക്കൽ, ഡാറ്റാ എൻട്രി, കൈമാറിക്കിട്ടിയ 29 നിർവ്വഹണ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട മേഖലകളിലെ പ്രവർത്തനങ്ങളുടെ മേൽനോട്ടം-കത്തിടപാടുകൾ, എസ്റ്റാബ്ലിഷ്മെന്റ്, കണ്ടിജന്റ് ചെലവുകൾ എന്നിങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനായി ക്ലറിക്കൽ തസ്തികയിൽ ജില്ലാ പഞ്ചായത്തിൽ ആകെ 7 ക്ലർക്കുകൾ മാത്രമാണുള്ളത്. (ഒരാൾ സ്റ്റാറ്റിറ്റിക്സ് വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിൽ ഉള്ള JSI ആണ്.) വർധിച്ച ജോലിഭാരം മൂലം ഒന്നിലധികം സെക്ഷനുകൾ ഒരാൾ തന്നെ കൈകാര്യം ചെയ്യേണ്ട സ്ഥിതിവിശേഷം നിലവിലുണ്ട്.

അതേസമയം ക്ലറിക്കൽ ജോലികൾ സൂപ്പർ വൈസ് ചെയ്യുന്നതിനായി നിലവിൽ രണ്ട് സീനിയർ സൂപ്രണ്ട്, രണ്ട് ജൂനിയർ സൂപ്രണ്ട്, ഒരു ഹെഡ് ക്ലർക്ക് എന്നിങ്ങനെ അഞ്ച് തസ്തികകൾ നിലവിലുണ്ട്. നിലവിലെ 10 ൽ താഴെ ക്ലറിക്കൽ തസ്തികകൾ സൂപ്പർവൈസ് ചെയ്യുന്നതിന് 5 സൂപ്പർവൈസറി തസ്തികകൾ ജില്ലാ പഞ്ചായത്തിൽ ആവശ്യമുണ്ടോയെന്ന കാര്യം പരിശോധിക്കേണ്ടതാണ്.

ഏകീകൃത തദ്ദേശ സ്വയം ഭരണ വകുപ്പ് നിലവിൽ വന്നതിനുശേഷം മറ്റ വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരാണ് ഭൂരിഭാഗവും ജില്ലാ പഞ്ചായത്തിലുള്ളത്. ആയതിനാൽ ജീവനക്കാർക്കാവശ്യമായ പരിശീലനം നൽകുന്നതിനും, അക്കൌണ്ടന്റ് തസ്തിക ജില്ലാ പഞ്ചായത്തിൽ ഇല്ലാത്തതിനാൽ തസ്തിക ക്രമീകരണത്തിലൂടെ അക്കൌണ്ടന്റ് തസ്തിക ജില്ലാ പഞ്ചായത്തിൽ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. മാത്രമല്ല ജില്ലാ പഞ്ചായത്തിന്റെ പ്രവർത്തനം സുഗമമായി നടത്തുന്നതിനാവശ്യമായ ക്ലറിക്കൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ച് ആയതു പ്രകാരം ജോലിവിഭജനം പുനർ നിർണ്ണയിക്കേണ്ടതും ആനുപാതികമായ സൂപ്പർവൈസറി തസ്തികകൾ മാത്രം നിലനിർത്തുന്നതിനും സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ആവശ്യമായ ജീവനക്കാരെ പുനർവിന്യാസ വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-9 വാടക പിരിച്ചെടുക്കുന്നതിൽ അനാസ്ഥ – വാടക കരാർ അവസാനിച്ചിട്ടും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല

ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഒല്ലൂർ ഇലക്ട്രോണിക്സ് പാർക്കിലെ കെട്ടിടങ്ങൾ, ഹാച്ചറി, എം.സി.എ സെന്റർ പുതുക്കാട് എന്നിവയാണ് വാടകയ്ക്കായി നൽകി വരുന്നത്. വാടക രജിസ്റ്റർ, 2022-23 വർഷത്തെ വാർഷിക കണക്ക് എന്നിവ പ്രകാരം 946574 രൂപ വാടകയിനത്തിൽ കുടിശ്ശിക നിലനിൽക്കുന്നുണ്ട്. കുടിശ്ശികയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വാടകക്കാരൻ/ റൂം നമ്പർ | മാസ വാടക | വാടക കുടിശ്ശിക (2023 മാർച്ച് 31 പ്രകാരം) | | ആകെ കുടിശ്ശിക |
|---|---|---|---|---|---|
| | | | മുൻ വർഷങ്ങളിലെ | തൻ വർഷം | |
| 1 | ബാലചന്ദ്രൻ തെക്കേമഠത്തിൽ | 5295 | 214439 | 63540 | 277979 |

| | | | | | |
|---|---|---|---|---|---|
| | TC /14/557/3,4 | | | | |
| 2 | എം എസ് ഗോപാലകൃഷ്ണൻ TC /15/557/5 | 2165 | 12990 | 25980 | 38970 |
| 3 | സുമ ഫിജോ TC /15/557/6 | 2165 | 10609 | 25980 | 36589 |
| 4 | ഹേമലത ബാലചന്ദ്രൻ തെക്കേമഠത്തിൽ TC /557/9 | 4220 | 147896 | 50640 | 198536 |
| 5 | ഹാച്ചറി | 21000 | 141000 | 252000 | 393000 |
| 6 | Other Rent (MIC സെന്റർ പുതുക്കാട്) | 2500 | 1500 | 0 | 1500 |
| ആകെ കുടിശ്ശിക | | | 528434 | 418140 | 946574 |

സംരംഭകരിൽ നിന്നുള്ള വാടക പിരിവു കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് ജില്ലാ വ്യവസായ കേന്ദ്രം മാനേജർ ആണ്. ഓരോ സാമ്പത്തിക വർഷാവസാനവും ലക്ഷങ്ങളുടെ കുടിശ്ശികയാണ് പൂർണ്ണമായി പിരിച്ചെടുക്കാതെ തുടർന്നു വരുന്നത്. ആസ്തികൾ വാടകയ്ക്ക് നൽകുന്നതിനു വേണ്ടി ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയ ബൈലോ 25-05-2012 ലെ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം നം.9 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബൈലോയിലെ ക്രമ നം.36 പ്രകാരം ലേലക്കാരൻ വാടക കുടിശ്ശിക വരുത്തുന്നപക്ഷം റവന്യൂ റിക്കവറി നടപടികൾക്ക് പുറമേ പഞ്ചായത്ത്‌രാജ് നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം സിവിൽ വ്യവഹാരത്തിലൂടെയോ പ്രോസിക്യൂഷൻ നടപടികളിലൂടെയോ ഈടാക്കുന്നതിന് ജില്ലാ പഞ്ചായത്തിന് അധികാരമുണ്ടായിരിക്കുന്നതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ വ്യവസായ കേന്ദ്രം മാനേജറും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും കത്തിടപാടുകൾ നടത്തി വരുന്നതല്ലാതെ മറ്റു പ്രായോഗിക നടപടികളൊന്നും തൻവർഷത്തിൽ സ്വീകരിച്ചു കാണുന്നില്ല.

ഒല്ലൂർ ഹാച്ചറിയുടെയൊഴികെ മറ്റു കടമുറികളുടെയൊന്നും തന്നെ കരാർ വിവരങ്ങൾ മുൻ വർഷങ്ങളിലും ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. നിലവിൽ മറ്റേതെങ്കിലും വാടകക്കാരുമായി കരാർ വ്യവസ്ഥകൾ പുതുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെയും നിലവിലുള്ള കരാർ വിവരങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.46/13-11-23 – ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

വാടകയുമായി ബന്ധപ്പെട്ട ഫയൽ നം.B3-4285/14 Vol – II പരിശോധിച്ചതിൽ നിന്നും മേൽ പട്ടികയിലെ വാടകക്കാരുടെയെല്ലാം കരാർ കാലാവധി 2021 വർഷത്തിൽ അവസാനിച്ചതായാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. അതിൽ ഒല്ലൂർ ഹാച്ചറിയുടെ മാത്രമാണ് ഫെബ്രുവരി 2021 മുതൽ കോൺട്രാക്ട് കാലാവധി അവസാനിച്ചതിനാൽ മാസവാടക 21000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷ കാലയളവിൽ കുടിശ്ശികയടവാക്കുന്നതുമായി ബന്ധപ്പെട്ട് മേൽ വാടകക്കാർക്കെല്ലാം ജില്ലാ പഞ്ചായത്തിൽ നിന്നും അയച്ച കത്തിൽ ഇപ്രകാരമാണ് രേഖപ്പെടുത്തിയിട്ടുള്ളത് "ഒല്ലൂർ ഇലക്ട്രോണിക്സ് പാർക്കിലെ മുറി 01-02-2011 ലെ കരാർ പ്രകാരം പത്ത് മാസത്തെ വാടക പലിശ രഹിത നിക്ഷേപമായി മുൻകൂർ അടച്ച് 10 വർഷക്കാലത്തേക്ക് വാടകയ്ക്ക് എടുത്തിട്ടുള്ളതാണ്” (കത്ത് നം.ഡിപിടി/ബി3 – 4285/2014 തീയതി - 08-01-2018) ഇതിൽ നിന്നും എല്ലാ വാടകക്കാരുടെയും 10 വർഷക്കാലയളവ് 2021 ഫെബ്രുവരിയിൽ അവസാനിച്ചു എന്ന് വ്യക്തമാണ്.

വാടക പിരിവിലെ അപാകതകളും പരിഹാര നിർദ്ദേശങ്ങളും മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിരുന്നു. വാടക പിരിവ്, കരാർ വ്യവസ്ഥകൾ, ബൈലോ എന്നിവ കാലികമാക്കുന്നതിന് സ്വീകരിക്കേണ്ട പ്രായോഗിക സമീപനങ്ങളെ കുറിച്ചും മുൻ റിപ്പോർട്ടുകളിൽ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഇതൊന്നും തന്നെ പ്രാവർത്തികമാക്കിയിട്ടില്ല. എല്ലാ സാമ്പത്തിക വർഷവും വാടക കുടിശ്ശികയാകുന്ന

സ്ഥിതിവിശേഷം തുടർന്നു വരികയാണ് ചെയ്യുന്നത്. ആയതിനാല്ക മുഴവൻ കുടിശ്ശികയും ഈടാക്കി കരാർ പുതുക്കുന്നതിനും, അല്ലാത്ത പക്ഷം കടമുറികൾ ലേലം ചെയ്ത് പുതിയ സംരംഭകർക്ക് അനുവദിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-10 ലേല വരവ് – വരവുകളുടെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല

2022-23 സാമ്പത്തിക വർഷത്തിലെ ജില്ലാ പഞ്ചായത്തിന്റെ വാർഷിക കണക്കു പ്രകാരം ലേലം ഇനത്തിൽ താഴെ പറയുന്ന വരവുകൾ ഉണ്ട്.

| | |
|---|---|
| Sale Of Usufructs Of Trees | 114867 |
| Sale Of Scrap | 879661 |
| Receipts From Auction Of Obsolete Assets | 940568 |
| Sale Of Empties And Waste Materials | 532090 |
| ആകെ | 2467186 |

മേൽ തുകകളുടെ വിശദാംശങ്ങൾ/ലേല നടപടിക്രമ വിവരങ്ങൾ, ലേല രജിസ്റ്റർ എന്നിവ ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണം (59/30-11-23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ജില്ലാ പഞ്ചായത്തിനു കീഴിലുള്ള പെരിങ്ങോട്ടുകര GHSS, മുപ്ലിയം GHS സ്കൂളുകളിൽ നിന്നും മാത്രം 2022-23 വർഷങ്ങളിലെ ലേല ഫയൽ പരിശോധനയ്ക്കായി ഹാജരാക്കി. സ്കൂളുകളിൽ നിന്നും ഹാജരാക്കിയ ഫയലുകളിൽ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിന് ജില്ലാ പഞ്ചായത്ത് തീരുമാനങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ജില്ലാ പഞ്ചായത്ത് ഭരണസമിതി തീരുമാനങ്ങൾ പ്രകാരം വിവിധ ലേല നടപടികൾക്ക് അനുമതി നൽകുന്നുണ്ടെങ്കിലും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ നിന്നും ജില്ലാപഞ്ചായത്തിൽ അടവാക്കുന്ന തുകയുടെ കൃത്യത പരിശോധിക്കുന്നതിനോ, വാല്യുവേഷൻ പ്രകാരമുള്ള തുക ലഭ്യമായിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തുന്നതിനോ, ഗഡുക്കളായാണ് തുക അടവാക്കുന്നതെങ്കിൽ ലേലതുക മുഴുവനായും ജില്ലാ പഞ്ചായത്തിൽ അടവാക്കിയോ എന്നു പരിശോധിക്കുന്നതിനോ യാതൊരു നടപടികളും നിലവിൽ സ്വീകരിച്ചിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 2 – ഫോറം - 20 - യിൽ നിഷ്കർഷിക്കുന്ന മാതൃകയിൽ ഒരു ലേല രജിസ്റ്റർ തയ്യാറാക്കി ലേല നടപടികളുടെയും തുക അടവാക്കുന്നതിന്റെയും വിശദാംശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും ലേലം സംബന്ധിച്ച യാതൊരു രേഖകളോ രജിസ്റ്ററോ തൻ വർഷത്തെ ഓഡിറ്റിലും ഹാജരാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള മേൽ അക്കൗണ്ട് ഹെഡുകളിലെ ലേല വരവുകളുടെ കൃത്യത ഓഡിറ്റിൽ ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

## 1-11 രസീതി പുസ്തകങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ജില്ലാ പഞ്ചായത്തിന്റെ രസീതി പുസ്തകങ്ങൾ താഴെ പറയുന്ന ഓഫീസുകളിലേയ്ക്ക് നൽകിയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| രസീതി പുസ്തകം നം./നൽകിയ തീയതി | രജിസ്റ്റർ പ്രകാരം നൽകിയിട്ടുള്ളത് | റിമാർക്സ് |
|---|---|---|
| 628 /4-5-23, 293/10-10-22 | അസി.സോയിൽ കെമിസ്റ്റ് | - |
| 625/13-4-23 | ഡി.ഐ.സി | - |

| | | |
|---|---|---|
| 283/24-6-22 | കുടുംബശ്രീ | മുൻ വർഷത്തെ ഓഡിറ്റ് വേളയിൽ ഹാജരാക്കിയിരുന്നെങ്കിലും രസീതികൾ ഉപയോഗിച്ചിരുന്നില്ല |

ഹാജരാക്കാത്ത മേൽ രസീതി പുസ്തകങ്ങളും അവയുടെ റെമിറ്റൻസിന്റെ വിശദാംശങ്ങളും എത്രയും പെട്ടെന്ന് ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണം വഴി ആവശ്യപ്പെട്ടെങ്കിലും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-12 ഓഡിറ്റ് ഇംപാക്റ്റ് - ഫാമുകൾക്ക് ജില്ലാ പഞ്ചായത്ത് അച്ചടിച്ച ഏകീകൃത ഇൻവോയിസ് ബില്ലുകൾ നൽകിത്തുടങ്ങി

മുൻ വർഷങ്ങളിൽ ഫാമിൽ നിന്നും നൽകുന്ന ഇൻവോയ്സുകൾ കംപ്യൂട്ടർ ജനറേറ്റഡ് ആയോ സ്വന്തമായി തയ്യാറാക്കി നൽകുന്ന രീതിയോ ആണ് നിലവിലുണ്ടായിരുന്നത്. ഇവയ്ക്ക് ഡ്യൂപ്ലിക്കേറ്റോ, കൃത്യമായ സീരിയൽ നമ്പറോ ഇല്ലാത്തതിനാൽ ഫാമിലെ ജീവനക്കാരിൽ ആർക്കു വേണമെങ്കിലും ആവശ്യാനുസരണം നമ്പർ നൽകി ഇൻവോയ്സുകൾ സൃഷ്ടിച്ച് വിൽപ്പന നടത്താൻ കഴിയുന്ന സാഹചര്യം നിലനിൽക്കുന്നുണ്ടായിരുന്നു. ഫാമുൽപ്പന്നങ്ങളുടെ വിൽപ്പനയിൽ സാമ്പത്തിക ഇടപാടുകളുടെ സുതാര്യത ഉറപ്പ് വരുത്തുന്നതിന് ജില്ലാ പഞ്ചായത്തിൽ നിന്നും രസീത് പുസ്തകങ്ങൾ വിതരണം ചെയ്യുന്ന മാതൃകയിൽ ഇൻവോയ്സുകൾ ഡ്യൂപ്ലിക്കേറ്റ് ഉൾപ്പെടെ അച്ചടിച്ച് വിതരണം ചെയ്യുന്നതിനോ, കംപ്യൂട്ടർ പ്രിന്റ് വഴി നൽകുന്നത് അത്യാവശ്യമാണെങ്കിൽ എഡിറ്റിംഗ് നടത്താൻ കഴിയാത്ത വിധത്തിൽ ആവശ്യമായ അംഗീകൃത സോഫ്റ്റ് വെയർ സംവിധാനം രൂപീകരിക്കുകയോ ചെയ്യുന്നതിന് മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 08/2023 മുതൽ എല്ലാ ഫാമുകൾക്കും ജില്ലാ പഞ്ചായത്ത് അച്ചടിച്ച ഇൻവോയിസ് ബില്ലുകളുടെ പുസ്തകങ്ങൾ നൽകി ഏകീകൃത സംവിധാനം ഉറപ്പു വരുത്തിയിട്ടുണ്ട്.

## 1-12-1 നടവരമ്പ് സംസ്ഥാന വിത്തുല്പാദന കേന്ദ്രം : ഇൻവോയിസുകൾ പ്രകാരമുള്ള 5,81,525 രൂപ ലഭ്യമായിട്ടില്ല

നടവരമ്പ് സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിൽ നിന്നും 2022 - 23 സാമ്പത്തിക വർഷം സെയിൽ ചെയ്ത ഫാം ഉത്പന്നങ്ങളുടെ വിലയായ 5,81,525 രൂപ നാളിതുവരെയും ലഭ്യമായിട്ടില്ല. അതിൽ 4,66,175 രൂപ കോക്കനട്ട് കൗൺസിലിൽ നിന്നും 1,15,350 രൂപ മറ്റ് ഇൻവോയിസുകൾ പ്രകാരം വിവിധ കൃഷിഭവനകളിൽ നിന്നുമാണ് ലഭിക്കാനുള്ളത്. ഇൻവോയിസ് രജിസ്റ്റർ പ്രകാരം ലഭിക്കാൻ അവശേഷിക്കുന്ന തുകകളുടെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | ഇൻ വോയിസ് നം./തീയതി | ആകെ തുക | കൃഷിഭവൻ/ സ്ഥാപനം | അടവാക്കിയ തുക/രസീതി നം./തീയതി | ലഭിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | 21/2022-23 /21-07-22 | 14500 | മുടക്കുഴ കൃഷിഭവൻ | - | 14500 |
| 2 | 22/2022-23 /21-07-22 | 17500 | വെങ്ങൂർ | - | 17500 |

| | | | | | |
|---|---|---|---|---|---|
| | | | കൃഷിഭവൻ | | |
| 4 | 23/2022-23 /21-07-22 | 20000 | കുവപ്പടി കൃഷിഭവൻ | - | 20000 |
| 5 | 24/2022-23 /21-07-22 | 20000 | രായമംഗലം കൃഷിഭവൻ | - | 20000 |
| 6 | 25/2022-23 /21-07-22 | 16000 | അശമന്നൂർ കൃഷിഭവൻ | - | 16000 |
| 7 | 26/2022-23 /21-07-22 | 15000 | ഒക്കൽ കൃഷിഭവൻ | - | 15000 |
| 8 | 27/2022-23 /21-07-22 | 33500 | കൃഷിഭവൻ പെരുമ്പാവൂർ മുനിസി പ്പാലിറ്റി | - | 33500 |
| 9 | 28/2022-23 /26-07-22 | 34000 | ചെങ്ങമനാട് കൃഷിഭവൻ | - | 34000 |
| 10 | 29/2022-23 /26-07-22 | 34000 | നെടുമ്പാ ശ്ശേരി കൃഷിഭവൻ | - | 34000 |
| 11 | 30/2022-23 /26-07-22 | 35950 | കുന്നുകര കൃഷിഭവൻ | - | 35950 |
| 12 | 31/2022-23 /26-07-22 | 34000 | പറക്കടവ് കൃഷിഭവൻ | - | 34000 |
| 13 | 32/2022-23 /26-07-22 | 32050 | പുത്തൻ വേലിക്കര കൃഷിഭവൻ | 16025 90/291 /20-10-2022 | 16025 |
| 14 | 33/2022-23 /26-07-22 | 34000 | ശ്രീമൂല നഗരം കൃഷിഭവൻ | | 34000 |
| 15 | 34/2022-23 /11-08-22 | 17500 | കോട്ടുവള്ളി കൃഷിഭവൻ | | 17500 |
| 16 | 35/2022-23 /11-08-22 | 17500 | ചേന്ദമംഗലം കൃഷിഭവൻ | | 17500 |
| 17 | 36/2022-23 /11-08-22 | 17500 | വടക്കേക്കര കൃഷിഭവൻ | - | 17500 |
| 18 | 37/2022-23 /11-08-22 | 17500 | ചിറ്റാട്ടുകര കൃഷിഭവൻ | - | 17500 |
| 19 | 38/2022-23 /11-08-22 | 17500 | ഏഴിക്കര കൃഷിഭവൻ | - | 17500 |

| | | | | | |
|---|---|---|---|---|---|
| 20 | 39/2022-23 /11-08-22 | 17500 | കൃഷിഭവൻ പറവൂർ മുനിസിപ്പാലിറ്റി | - | 17500 |
| 21 | 40/2022-23 /11-08-22 | 8000 | കളമശ്ശേരി കൃഷിഭവൻ | 4000 56/300 /22-12-2022 | 4000 |
| 22 | 41/2022-23 /11-08-22 | 9700 | തൃക്കാക്കര കൃഷിഭവൻ | - | 9700 |
| 23 | 42/2022-23 /11-08-22 | 6000 | ചേരനല്ലൂർ കൃഷിഭവൻ | - | 6000 |
| 24 | 43/2022-23 /11-08-22 | 5000 | കടമക്കുടി കൃഷിഭവൻ | - | 5000 |
| 25 | 44/2022-23 /11-08-22 | 5000 | മുളവുകാട് കൃഷിഭവൻ | - | 5000 |
| 26 | 45/2022-23 /11-08-22 | 7000 | എളങ്കുന്നപ്പുഴ കൃഷിഭവൻ | - | 7000 |
| | 2022-23 വർഷത്തിൽ തെങ്ങിൻ തൈകൾ വിറ്റ വകയിൽ കോക്കനട്ട് കൗൺസിലിൽ നിന്നും ലഭിക്കാനുള്ള ആകെ തുക | | | | 466175 |
| 27 | 62/2022-23 /19-10-22 | 9750 | പാറളം കൃഷിഭവൻ | - | 9750 |
| 28 | 72/2022-23 /25-01-23 | 600 | കൃഷിഭവൻ നെന്മണിക്കര | - | 600 |
| 29 | 73/2022-23 /23-02-23 | 12500 | ADA വെള്ളാങ്കല്ലൂർ | - | 12500 |
| 30 | 74/2022-23 /24-02-23 | 17500 | ADA മാള | - | 17500 |
| 31 | 75/2022-23 /22-03-23 | 75000 | ADA ചേർപ്പ് | - | 75000 |
| | ഫാമുല്പന്നങ്ങൾ വിറ്റ വകയിൽ മറ്റ് കൃഷിഭവനകളിൽ നിന്നും ലഭിക്കാനുള്ള തുക | | | | 115350 |

സ്ഥാപനത്തിൽ നിന്നും ക്രെഡിറ്റ് സെയിൽ നടത്തിയ മേൽ പട്ടികയിലെ ക്രമ നം.1 മുതൽ 26 വരെയുള്ള ഇൻവോയ്സുകൾ പ്രകാരം കോക്കനട്ട് കൗൺസിൽ വഴി കൃഷി ഡയറക്ടറേറ്റിൽ നിന്നും ക്രമ നം.27 മുതൽ 31 വരെ വിവിധ കൃഷിഭവനകളിൽ നിന്നും ലഭിക്കാനുള്ളതായിട്ടാണ് ഇൻവോയ്സ് രജിസ്റ്ററിന്റെ പരിശോധനയിൽ ബോധ്യമായിട്ടുള്ളത്. തുകകൾ ലഭ്യമാകുന്ന മുറയ്ക്ക് ജില്ലാ പഞ്ചായത്തിൽ അടവാക്കുന്നതാണെന്ന് സീനിയർ കൃഷി ഓഫീസർ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.2/7-6-23) മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തുകകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13-1 പാണഞ്ചേരി സംസ്ഥാന വിത്തുല്പാദന കേന്ദ്രം - ഓഡിറ്റ് നിരീക്ഷണങ്ങൾ

1. ഡബിൾ സൈഡഡ് കാർബൺ ഷീറ്റ് ഉപയോഗിക്കാതെ രസീതികൾ നൽകി

പാണഞ്ചേരി സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിൽ ഉപയോഗിച്ച രസീതി പുസ്തകം നം.618, 633 എന്നിവയിലെ താഴെ പറയുന്ന രസീതികൾ ഡബിൾ സൈഡഡ് കാർബൺ ഷീറ്റ് ഇല്ലാതെയാണ് ഉപയോഗിച്ചിട്ടുള്ളത്. രസീതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| രസീത് പുസ്തകം നം. | രസീതി നം./തീയതി |
|---|---|
| 618 | 92/11-05-23 മുതൽ 100/16-05-23 വരെ |
| 633 | 1/17-05-2023 മുതൽ 30/30-05-23 വരെ |

സർവ്വീസിൽ പ്രവേശിച്ച് അധികകാലമായിട്ടില്ലാത്തതിനാലുണ്ടായ ക്ലറിക്കൽ അപാകതയാണ് എന്നാണ് ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ (നം.62/30-11-2023) അറിയിച്ചിട്ടുള്ളത്. രസീതു പ്രകാരമുള്ള വരവു തുകകളുടെ അക്കൗണ്ടിങ്ങിലും, രസീത് കൈകാര്യം ചെയ്യുന്നതും സംബന്ധിച്ച് സൂപ്പർവൈസറി പരിശോധന ഇല്ലായെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. അപാകത ആവർത്തിക്കാതിരിക്കാൻ ആവശ്യമായ മേൽനോട്ടം ഉറപ്പു വരുത്തേണ്ടതാണ്.

2. ഇൻവോയിസുകൾ പ്രകാരം കിട്ടാൻ അവശേഷിക്കുന്ന തുകകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

ഓഡിറ്റ് പരിശോധനാ വേളയിൽ വിവിധ കൃഷിഭവനുകളിൽ നിന്നായി സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിന് 2022-23 കാലയളവിലെ ഇൻവോയിസുകൾ പ്രകാരം മാത്രം 71725 രൂപ ലഭ്യമാകാനുണ്ട് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയിസ് നം./തീയതി | തുക |
|---|---|---|
| 8 | 54/SSF/22-23 /20-7-22 | 27650 |
| 18 | 91/SSF/22-23 /16-12-22 | 225 |
| 20 | 94/SSF/22-23 /22-2-23 | 25000 |
| 21 | 95/SSF/22-23 | 15000 |

| | | |
|---|---|---|
| | /22-2-23 | |
| 25 | 101/SSF/22-23 /22-2-23 | 550 |
| 26 | 102/SSF/22-23 /22-2-23 | 550 |
| 27 | 103/SSF/22-23 /22-2-23 | 550 |
| 28 | 104/SSF/22-23 /22-2-23 | 550 |
| 29 | 105/SSF/22-23 /22-2-23 | 550 |
| 30 | 106/SSF/22-23 /22-2-23 | 550 |
| 31 | 108/SSF/22-23 /22-2-23 | 550 |
| | ആകെ | 71725 |

തുകകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-13-2 പാണഞ്ചേരി സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രത്തിന്റെ നെൽപ്പാടം കൃഷിയോഗ്യമാക്കൽ -തുടർ നടപടി സ്വീകരിക്കണം. പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ മുടിക്കോട് പ്രദേശത്ത് ദേശീയപാതയ്ക്ക് വടക്കു ഭാഗത്തായി വിത്തുൽപ്പാദന കേന്ദ്രത്തിന്റെ ഉടമസ്ഥതയിൽ ദേശീയ പാത 47 ന് അരികിലായി സ്ഥിതി ചെയ്യുന്ന പാണഞ്ചേരി വില്ലേജ് സർവ്വെ നം. 66, 67ഡിവിഷനുകളിൽപെട്ട 1.68 ഹെക്ടർ സ്ഥലം വെള്ളവും ചെളിയും കെട്ടിക്കിടക്കുന്നത് മൂലവും, കാര്യക്ഷമമായ ജലനിയന്ത്രണ മാർഗ്ഗങ്ങൾ ഇല്ലാത്തതിനാലും വർഷങ്ങളായി നെൽവിത്തുൽപ്പാദനം നടത്താനാവാതെ തരിശായിക്കിടക്കുകയാണ്.

ആറാംകല്ല്, വട്ടക്കല്ല്, ചാത്തം കുളം തുടങ്ങിയ സമീപ പ്രദേശങ്ങളിൽ നിന്നും ഒഴുകിയെത്തുന്ന മഴവെള്ളം ദേശീയ പാതയ്ക്ക് സമാന്തരമായുള്ള ചാലിലൂടെ വിത്തുൽപ്പാദന കേന്ദ്രത്തിന്റെ ഭൂമിയിലൂടെ ഒഴുകി



കരിക്കാതോട്, ചെമ്പൂത്ര തോട് എന്നിവ വഴി കല്ലായി ചിറയിലേക്കാണ് ഒഴുകി പോയിരുന്നത്. താളിക്കോട്, ഇരട്ടക്കുളം പ്രദേശങ്ങളിൽ നിന്നും എം.ജി റോഡിനോട്



ചേർന്നുള്ള തോട് വഴി ഒഴുകി വരുന്ന വെള്ളവും, ചാത്തംകുളം-കറപ്പായി തോട്ടു വഴി ഒഴുകി വരുന്ന വെള്ളവും ഈ ചാലിലൂടെ സുഗമമായി ഒഴുകി കല്ലായിച്ചിറയിലേക്ക് പോയിരുന്ന ദേശീയപാത വികസനത്തിന് മുൻപുള്ള കാലങ്ങളിൽ ഫാം ഭൂമിയിലും സമീപ പ്രദേശങ്ങളിലും കാര്യക്ഷമമായ ജലനിയന്ത്രണം സാധ്യമായിരുന്നു. അതുകൊണ്ടു തന്നെ പീച്ചി വലതുകര കനാലിലെ ജലം കൂടി ഉപയോഗിച്ച് വർഷം മുഴുവൻ ഫാമിൽ നെൽവിത്തുൽപ്പാദനം നടത്തുന്നതിന് മുൻവർഷങ്ങളിൽ സാധിച്ചിരുന്നു.

എന്നാൽ ദേശീയ പാത ആറുവരി നിർമ്മാണത്തിന് കരാർ എടുത്തിരുന്ന M/sതൃശ്ശൂർ എക്സ്പ്രസ്സ് വേ ലിമിറ്റഡ് കമ്പനി നിലവിലുണ്ടായിരുന്ന ചാലിന്റെ ഒരു ഭാഗം റോഡ് നിർമ്മാണത്തിനായി 2008 ൽ നികത്തിയതു മൂലം ചാലിന്റെ വീതി കുറയുകയും, റോഡ്-നിർമ്മാണശേഷം അവശിഷ്ടങ്ങൾ ചാലിൽ നിന്നും നീക്കം ചെയ്യാതിരുന്നതിനാൽ ചാലിന്റെ ആഴം കുറഞ്ഞ് വെള്ളം ഒഴുകിപോകുന്നതിന് തടസ്സം ഉണ്ടായി രൂക്ഷമായ വെള്ളക്കെട്ട് പ്രദേശത്ത് രൂപപ്പെടുകയും ഫാമിന്റെ ഉൾപ്പെടെ പ്രദേശത്തുള്ള മുഴുവൻ ഭൂമിയും നെൽകൃഷിയോഗ്യമല്ലാതാവുകയും ചെയ്തു. ദേശീയ പാത വികസിപ്പിച്ചതിലൂടെ മണ്ണുത്തി മുതൽ വാണിയംപാറ വരെ ഇത്തരത്തിൽ 21 സ്വാഭാവികമായ നീർച്ചാലുകൾ നികത്തപ്പെടുകയോ നീരൊഴുക്ക് തടസ്സപ്പെടുകയോ ചെയ്ത് നിലവിലെ ഭൂമി പലയിടത്തും കൃഷിയോഗ്യമല്ലാതായതായി പ്രാദേശിക പരിശോധനാ സമയത്ത് പാണഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ ഓഡിറ്റിനെ അറിയിക്കുകയുണ്ടായി.

പ്രദേശത്തെ ജലനിർഗ്ഗമന/ജലനിയന്ത്രണ മാർഗ്ഗങ്ങൾ തകരാറിലായതിനെ തുടർന്ന് വിത്തുൽപ്പാദന കേന്ദ്രത്തിന്റെ നെല്ലുൽപാദനം നിലച്ച സാഹചര്യത്തിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പ്രായോഗികമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് മുൻ വർഷങ്ങളിലെ ജില്ലാ പഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നുവെങ്കിലും കാര്യക്ഷമമായ നടപടികൾ സ്വീകരിച്ച് നെൽവിത്തുൽപ്പാദനം പുനഃസ്ഥാപിക്കുന്നതിന് നാളിതുവരെ സാധിച്ചിട്ടില്ല.

വിത്തുൽപ്പാദന കേന്ദ്രം 2008ൽ ദേശീയ പാത വികസനത്തിനായി 80.02 സെന്റ് ഭൂമി വിട്ടു നൽകിയതിനു ശേഷം സ്പെഷൽ ഡെപ്യൂട്ടി കളക്ടർ, SLAO & Competant Authority (LA) NHDPTSR-20 യുടെ 24.02.2022 ലെ LAC-09/2021 നം. കത്ത് പ്രകാരം ഫാമിന്റെ കൈവശത്തിലുള്ള 67/2(67/4) സർവ്വെയിൽ ഉൾപെട്ട പുറമ്പോക്ക് ഷെഡ് ദേശീയ പാത അതോറിറ്റി ഏറ്റെടുക്കുന്നതിന് നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ ഈ കത്തിൽ ഷെഡ് സ്ഥിതിചെയ്യുന്ന/ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമിയുടെ വിസ്തീർണം സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെട്ടിരുന്നില്ല. ഇക്കാര്യം നേരിട്ട് അന്വേഷിച്ച സീനിയർ കൃഷി ഓഫീസർ നിലവിലുള്ള തോടിന്റെ ഭൂരിഭാഗവും, ബണ്ടിന്റെ ഭാഗങ്ങളും, മോട്ടോർഷെഡിൽ നിന്ന് 110 മീറ്റർ അകലം വരെയുള്ള ഭൂമിയും ദേശീയ പാത അതോറിറ്റി ഏറ്റെടുത്തതായി അറിയാൻ കഴിഞ്ഞു എന്ന് 14.01.2022 ലെ 32/SSFPNY കത്ത് പ്രകാരം ഫാം ഓഫീസർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയുണ്ടായി. എന്നാൽ ഇതു സംബന്ധിച്ച ഔദ്യോഗിക രേഖകൾ ലഭ്യമല്ലാത്തതിനാൽ റവന്യൂ അധികൃതരിൽ നിന്നും രേഖകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഫാമിന്റെ കൈവശമുള്ള 1.68 ഹെക്ടർ ഭൂമിയുടെ സർവ്വെ നടത്തി നിലവിലെ റവന്യൂ രേഖകൾ പ്രകാരമുള്ള അതിർത്തി പുനർ നിർണയിച്ച് നൽകുന്നതിന് ആവശ്യപ്പെട്ട് ഭൂരേഖ തഹസിൽദാർക്ക് ഫാം ഓഫീസർ കത്ത് നൽകിയിരുന്നു. എന്നാൽ നിലവിലെ സ്ഥലം ചെളിനിറഞ്ഞ നിലമായതിനാൽ ടേപ്പ് ഉപയോഗിച്ച് Manual ആയി സർവ്വെ നടത്താൻ സാധിക്കില്ലായെന്നും ഇക്കാര്യത്തിൽ ഉപഗ്രഹ സർവ്വെ/Total Stationനടത്തുന്നതിന് സർവ്വെ ഡെപ്യൂട്ടി ഡയറക്ടർക്ക് കത്ത് നൽകിയതായും 27.11.2022ന് നം.

H3-27487/2021 കത്തിലൂടെ ഭൂരേഖ തഹസിൽദാർ അറിയിക്കുകയുണ്ടായി. തുടർ നടപടി വിവരം ലഭ്യമല്ലാത്തതിനെ തുടർന്ന് സർവ്വെ നടപടികൾ വേഗത്തിലാക്കുന്നതിന് ആവശ്യപ്പെട്ട് 29.4.23 ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ബഹു. ജില്ലാ കളക്ടർക്ക് കത്ത് നൽകിയിരുന്നുവെങ്കിലും മറ്റു വിവരങ്ങൾ ലഭ്യമായിട്ടില്ല. ഇക്കാര്യത്തിൽ ആവശ്യമായ ഇടപടൽ ഉണ്ടാകണം.

വെള്ളക്കെട്ട് മൂലം ഫാമിൽ നെൽകൃഷി നടത്താൻ സാധിക്കാത്ത കാര്യം ഗ്രാമപഞ്ചായത്ത് സെക്രട്ടറി, കൃഷി വകുപ്പ് ഡയറക്ടർ, റവന്യൂ വകുപ്പ് മന്ത്രി, ദേശീയപാത അതോറിറ്റി എന്നിവരുടെ ശ്രദ്ധയിൽ പെടുത്തുന്നതിന് ഫാം ഓഫീസർ കത്ത് നൽകുകയും റവന്യൂ വകുപ്പ് മന്ത്രി, ജില്ലാ കളക്ടർ, ദേശീയപാത അതോറിറ്റി അധികൃതർ ഗ്രാമ, ജില്ലാ പഞ്ചായത്ത് പ്രതിനിധികൾ എന്നിവരുടെ യോഗം പാണഞ്ചേരി ഗ്രാമപഞ്ചായത്തിൽ വച്ച് കൂടുകയും ചെയ്തു. യോഗതീരുമാന മിനിറ്റ്സ്, പരിഹാര നടപടികൾ തുടങ്ങിയ വിവരങ്ങൾ ഫയലിൽ ഇല്ല. നിലവിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ കാര്യക്ഷമമായ നടപടികൾ ദേശീയപാത അതോറിറ്റിയോ, ഗ്രാമപഞ്ചായത്തോ സ്വീകരിച്ചിട്ടില്ല എന്നതിനാൽ ഈ പ്രശ്നം ഇപ്പോഴും പരിഹരിച്ചിട്ടില്ല.

പരിഹാര മാർഗ്ഗങ്ങൾ

1.ആറാംകല്ല്, വട്ടക്കല്ല്, താളിക്കോട്, ഇരട്ടക്കുളം, ചാത്തം കുളം എന്നിവിടങ്ങളിൽ നിന്നും ഒഴുകിയെത്തുന്ന വെള്ളം കല്ലായിച്ചിറയിലേക്ക് ദേശീയ പാതയ്ക്ക് സമാന്തരമായി ഒഴുകി പോകുന്ന നിലവിലുള്ള ചാലിന് ചില ഭാഗങ്ങളിൽ വീതി കുറവാണ്. ഫാം ഭൂമി കഴിഞ്ഞ് മുന്നോട്ട് ഒഴുകുന്ന ചാൽ രണ്ടിടങ്ങളിൽ ദേശീയ പാതയ്ക്ക് കുറുകെയുള്ള ടണലുകൾ വഴി ഒഴുകി റോഡിന് വലതു വശത്തു കൂടിയും അതോടൊപ്പം ഇടതു വശത്തു കൂടിയും ഒഴുകി കരിക്കാതോട്, ചെമ്പൂത്ര തോട് എന്നീ തോടുകളിൽ എത്തിയാണ് കല്ലായിചിറയിലേക്ക് ഒഴുകുന്നത്. ഇത്തരത്തിൽ വെള്ളം ഒഴുകുന്ന ദേശീയപാതയ്ക്ക് ഇരുവശത്തും ഉള്ള ചാലിൽ/തോടുകളിൽ വ്യാസം കുറഞ്ഞ പൈപ്പുകൾ ഇട്ട് മണ്ണിട്ട് മൂടി സ്വകാര്യ വ്യക്തികളും, സ്ഥാപനങ്ങളും ദേശീയ പാതയിൽ നിന്നും അവരുടെ വസ്തു വഹകളിലേക്ക് പ്രവേശിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കിയത് വെള്ളത്തിന്റെ സുഗമമായ ഒഴുക്കിനെ തടസ്സപ്പെടുത്തിയിട്ടുണ്ട്. ഇത് മൂലം ഈ പ്രദേശത്തു നിന്നും വെള്ളം ഒഴുകിപോകാതെ കാലങ്ങളോളം കെട്ടിക്കിടക്കുന്നത് ഫാമിന്റെ കൃഷിസ്ഥലത്തും പ്രദേശത്തെ 40 ഏക്കറോളം വരുന്ന ഭൂമി സ്വകാര്യ ഭൂമിയിലും കൃഷി ചെയ്യാനാകാത്ത സാഹചര്യം സൃഷ്ടിക്കുന്നുണ്ട്.

ആയതിനാൽ ദേശീയ പാതയുടെ ഇരുവശവുമായി മൂന്നു മീറ്റർ വീതിയിൽ ദേശീയ പാത അതോറിറ്റി ഏറ്റെടുത്തിട്ടുള്ളതും സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും അവരുടേതായ സൌകര്യങ്ങൾക്കു വേണ്ടി നീരൊഴുക്ക് തടസ്സപ്പെടുത്തിയതുമായ ഈ നീർമറി പ്രദേശത്തുള്ള പരമ്പരാഗത നീർച്ചാലുകളിലെ നിലവിലെ തടസ്സങ്ങൾ നിയമാനുസൃത നടപടികൾ സ്വീകരിച്ച് അടിയന്തിരമായി നീക്കം ചെയ്ത്/വ്യാസം കൂടിയ പൈപ്പുകൾ സ്ഥാപിച്ചോ/Drain കൾ നിർമ്മിച്ചോ ചാലിലൂടെ സുഗമമായി വെള്ളം ഒഴുകി പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഗ്രാമപഞ്ചായത്ത്, ദേശീയപാത അതോറിറ്റി, റവന്യൂ വകുപ്പ് എന്നിവരുടെ സഹകരണം ഇക്കാര്യത്തിൽ ഉറപ്പ് വരുത്തണം. അതുവഴി ജല നിയന്ത്രണം സാധ്യമാവുകയും ഫാം ഭൂമിയിലും സമീപ പ്രദേശങ്ങളിലും നെൽവിത്തുൽപ്പാദനം പുനരാരംഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാവുകയും ചെയ്യും. ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് നീർച്ചാലുകളുടെ പുനരുദ്ധാരണത്തിന് പദ്ധതി തയ്യാറാക്കുന്നതിലേക്കായി വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

2.ഫാമിൽ കൃഷി പുനരാരംഭിക്കുന്നതിനായി ഫാം ഭൂമിയുടെ സമീപത്തു കൂടി കടന്നു പോകുന്ന ചാലിൽ നിന്നും വെള്ളം പാടത്തേക്ക് കയറാത്ത വിധത്തിൽ ബണ്ട് ബലപ്പെടുത്തുന്നതിനും വശങ്ങളിലെ ബണ്ടുകൾ പുനരുദ്ധരിക്കുന്നതിനുമായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 06.06.2023ന് സ്ഥല പരിശോധന നടത്തിയിട്ടുണ്ട്. ഫാമിന് നിലവിൽ ലഭ്യമായിട്ടുള്ള RKVY ഫണ്ട് 20 ലക്ഷം രൂപ കൂടി ജില്ലാ പഞ്ചായത്ത് തയ്യാറാക്കുന്ന പദ്ധതിയിൽ

ഉൾപ്പെടുത്താവുന്നതാണ്. ബണ്ട് ബലപ്പെടുത്തുന്ന പദ്ധതിയിൽ ജലനിയന്ത്രണം സാധ്യമാകുന്ന രീതിയിൽ ഇടത്തോടുകളുടെ നിർമ്മാണം, വരമ്പുകൾ ബലപ്പെടുത്തൽ തുടങ്ങി ആവശ്യമായ പ്രവൃത്തികൾ കൂടി എസ്റ്റിമേറ്റിലുൾപ്പെടുത്തണം. സമയബന്ധിതമായി പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിന് ആവശ്യമായ തുക വകയിരുത്തി പദ്ധതി നടപ്പാക്കുന്നതിന് ജില്ലാ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.

3.ഫാമിന്റെ ഭൂമി അളന്ന് അതിരുകൾ നിർണ്ണയിച്ച് കിട്ടുന്നതിന് ഭൂരേഖാ തഹസിൽദാർക്ക് നൽകിയ അപേക്ഷയിൽ നാളിതു വരെ നടപടിയായിട്ടില്ല. ഫാം കൃഷി ഭൂമി പുനരുദ്ധാരണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നീർച്ചാലുകളിലെ തടസ്സം നീക്കുന്നതിനും, ബണ്ട് പുനരുദ്ധരിക്കുന്നതിനും പദ്ധതി നടപ്പാക്കുന്നതിന് മുന്നോടിയായി സർവ്വെ നടപടികൾ പൂർത്തീകരിക്കേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ ടോട്ടൽ സ്റ്റേഷൻ/ഉപഗ്രഹ സർവ്വെ എത്രയും വേഗം നടത്താൻ കഴിയും വിധം ആവശ്യമായ ഇടപെടലുകളും, തുടർ നിരീക്ഷണവും ഉണ്ടാകേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥന്റേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-14-1 ചേലക്കര ജില്ലാ കൃഷിത്തോട്ടം- ഫാം ഉത്പന്നങ്ങൾ ഇൻവോയ്സ് പ്രകാരം സെയിൽ ചെയ്ത വകയിൽ 15.69 ലക്ഷം രൂപ ലഭ്യമായിട്ടില്ല.

ചേലക്കര ജില്ലാ കൃഷിത്തോട്ടം 2022-23 സാമ്പത്തിക വർഷം സെയിൽ ചെയ്ത ഫാം ഉത്പന്നങ്ങളുടെ വിലയായ 15,68,930/-രൂപ നാളിതുവരെയും ലഭ്യമായിട്ടില്ല. ഇൻവോയിസ് രജിസ്റ്റർ പ്രകാരം ലഭിക്കാൻ അവശേഷിക്കുന്ന തുകകളുടെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

(A) കോക്കനട്ട് ഡവലപ്മെന്റ് കൗൺസിൽ പദ്ധതി പ്രകാരം തെങ്ങിൻതൈകൾ വിതരണം ചെയ്തതിന്റെ തുകകൾ

| ക്രമ നം. | ഇൻവോയിസ് നം. /തീയതി | ആകെ തുക | ഫാം ഉല്പന്നം | കൃഷി ഭവൻ | അടവാക്കിയ തുക/ തീയതി | ലഭിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | 29/ 10.10.22 | 108050 | തെങ്ങിൻതൈ | കാലടി | -- | 108050 |
| 2 | 30/ 10.10.22 | 123200 | തെങ്ങിൻതൈ | മൂക്കന്നൂർ | -- | 123200 |
| 3 | 31/ 10.10.22 | 114100 | തെങ്ങിൻതൈ | മഞ്ഞപ്ര | -- | 114100 |
| 4 | 32/ 10.10.22 | 132000 | തെങ്ങിൻതൈ | കാഞ്ഞൂർ | -- | 132000 |

| | | | | | | |
|---|---|---|---|---|---|---|
| 5 | 33/ 10.10.22 | 59500 | തെങ്ങിൻ തൈ | കറുകുറ്റി | -- | 59500 |
| 6 | 34/ 10.10.22 | 123200 | തെങ്ങിൻ തൈ | തുറവൂർ | -- | 123200 |
| 7 | 35/ 10.10.22 | 114400 | തെങ്ങിൻ തൈ | അയ്യമ്പുഴ | 57200 4.1.23 | 57200 |
| 8 | 36/ 10.10.22 | 114700 | തെങ്ങിൻ തൈ | അങ്കമാലി | | 114700 |
| 9 | 37/ 10.10.22 | 26000 | തെങ്ങിൻ തൈ | മുടക്കുഴ | -- | 26000 |
| 10 | 38/ 10.10.22 | 30000 | തെങ്ങിൻ തൈ | വേങ്ങൂർ | -- | 30000 |
| 11 | 39/ 10.10.22 | 40000 | തെങ്ങിൻ തൈ | കുവപ്പടി | -- | 40000 |
| 12 | 40/ 10.10.22 | 40000 | തെങ്ങിൻ തൈ | രായ മംഗലം | -- | 40000 |
| 13 | 41/ 10.10.22 | 28000 | തെങ്ങിൻ തൈ | അശമ ന്നൂർ | -- | 28000 |
| 14 | 42/ 10.10.22 | 32000 | തെങ്ങിൻ തൈ | ഒക്കൽ | -- | 32000 |
| 15 | 43/ 10.10.22 | 54000 | തെങ്ങിൻ തൈ | പെരു മ്പാവൂർ | -- | 54000 |
| 16 | 44/ 10.10.22 | 20600 | തെങ്ങിൻ തൈ | ചൂർണി ക്കര | -- | 20600 |
| 17 | 45/ 10.10.22 | 40400 | തെങ്ങിൻ തൈ | എടത്തല | -- | 40400 |
| 18 | 46/ 10.10.22 | 47250 | തെങ്ങിൻ തൈ | കിഴക്ക മ്പലം | -- | 47250 |
| 19 | 47/ 10.10.22 | 52250 | തെങ്ങിൻ തൈ | വെങ്ങോല | -- | 52250 |
| 20 | 48/ 10.10.22 | 69250 | തെങ്ങിൻ തൈ | വാഴക്കുളം | -- | 69250 |
| 21 | 49/ 15.10.22 | 90100 | തെങ്ങിൻ തൈ | മലയാറ്റൂർ | -- | 90100 |
| 22 | 50/ 15.10.22 | 32500 | തെങ്ങിൻ തൈ | കീഴ്മാട് | -- | 32500 |

| | |
|---|---|
| ആകെ | 14,34,300 |

മേൽ പട്ടിക പ്രകാരമുള്ള 14,34,300 രൂപ കൃഷി വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറക്ക് അടവാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി 4/13-10-2023 നുള്ള മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

(B) ജില്ലാ കൃഷിത്തോട്ടത്തിൽ നിന്നും വിവിധ കൃഷിഭവനുകളിലേക്ക് ക്രെഡിറ്റ് സെയിൽ നടത്തിയ ഫാമുല്പന്നങ്ങളുടെ വിലയിനത്തിൽ ലഭിക്കാനുള്ള തുകകൾ

| ക്രമ നം. | ഇൻവോയിസ് നം. /തീയതി | ആകെ തുക | ഫാം ഉല്പന്നം | കൃഷി ഭവൻ | അടവാക്കിയ തുക/ തീയതി | ലഭിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | 3/22-23/ 27.4.22 | 216000 | നെൽ വിത്ത് | ചേലക്കര | 108000 27.3.23 | 108000 |
| 2 | 9/ 23.6.22 | 7380 | ഫല വൃക്ഷ തൈകൾ | പാഞ്ഞാൾ | - | 7380 |
| 3 | 25/ 30.9.22 | 2875 | ഫലവൃക്ഷ തൈകൾ | കുന്ദംകുളം | - | 2875 |
| 4 | 54/ 9.11.22 | 6375 | മാവിൻ തൈ ഗ്രാഫ്റ്റ് | ഗുരുവായൂർ | -- | 6375 |
| 5 | 72/ 20.2.23 | 10000 | പച്ചക്കറി വിത്ത് | പഴയന്നൂർ | -- | 10000 |
| ആകെ | | | | | | 1,34,630 |

മേൽ പറഞ്ഞപ്രകാരം കിട്ടാനുള്ള 15,68,930/- ( 14,34,300+1,34,630) രൂപ എത്രയും പെട്ടെന്ന് ലഭ്യമാക്കി ജില്ലാ പഞ്ചായത്തിൽ അടവാക്കാനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-14-2 ചേലക്കര കൃഷിത്തോട്ടത്തിലെ ഫലവൃക്ഷാദായ ലേലം-ജില്ലാപഞ്ചായത്ത് സമയബന്ധിതമായി നടപടികൾ സ്വീകരിച്ചില്ല. 2022-23ൽ ലേലം നടത്തിയില്ല. ജില്ലാ പഞ്ചായത്തിന് വരവ് നഷ്ടം. ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കണം.

ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിൽ 160 മാവ്, 40 പ്ലാവ്, 225 കശുമാവ്, 50 പുളി എന്നിവ ഉണ്ട്. ഈ ഫലവൃക്ഷങ്ങളിൽ നിന്നും ആദായം എടുക്കുന്നതിനും, ഫാമിനകത്തെ വെങ്ങാനൂർ ചെക്ക് ഡാമിൽ നിന്നും മീൻ പിടിക്കുന്നതിനും ഉള്ള അവകാശം സാധാരണയായി ഓരോ വർഷവും ഒക്ടോബർ-നവംബർമാസങ്ങളിൽ ഫാം സൂപ്രണ്ട് നേരിട്ട് ലേലം നടത്തി ലേല തുക ജില്ലാ പഞ്ചായത്തിൽ അടവാക്കുകയാണ് ചെയ്തു വന്നിരുന്നത്. ഇതു പ്രകാരം 2022-23 വർഷത്തിൽ ഫാം സൂപ്രണ്ട് ലേല നടപടികൾ സ്വീകരിച്ചതിൽ ലഭിച്ച ക്വട്ടേഷനുകളിൽ മാവിൽ നിന്നുള്ള ആദായം എടുക്കുന്നതിന് ലഭിച്ച 32,786/- രൂപയുടെ നിരക്ക്, കരിമ്പനകളിൽ നിന്നുള്ള ആദായം എടുക്കുന്നതിനുള്ള 27,500/- രൂപയുടെ നിരക്ക് എന്നിവ ജില്ലാ പഞ്ചായത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നെങ്കിലും ഫാം സൂപ്രണ്ട് സമർപ്പിച്ച 32,786/- രൂപയുടെ നിരക്ക് മുൻ വർഷങ്ങളിൽ ലഭിച്ചതിനേക്കാൾ കുറവാണെന്ന കാരണം

ചൂണ്ടിക്കാട്ടി ജില്ലാ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചില്ല.

മുൻ വർഷങ്ങളെ അപേക്ഷിച്ച് ലേല നിരക്കുകളിൽ കുറവ് ഉണ്ടായതിനാൽ വ്യാപകമായ പരസ്യം നൽകി ജില്ലാ പഞ്ചായത്ത് നേരിട്ട് ലേല നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഫാമിനെ അറിയിച്ചതിനെ തുടർന്ന് ഫാം സൂപ്രണ്ട് തുടർ നടപടികൾ സ്വീകരിച്ചില്ല. അതേസമയം ഫലവൃക്ഷങ്ങളുടെ പുഷ്പിക്കലിനെ അടിസ്ഥാനമാക്കിയാണ് കരാറുകാർ ലേലനിരക്കുകൾ രേഖപ്പെടുത്തുന്നത് എന്നതിനാൽ വൈകുംതോറും കരാറുകാരുടെ എണ്ണത്തിലും, തുകയിലും കുറവ് ഉണ്ടാകുമെന്നും ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം എടുക്കുന്നതിന് ലേല നടപടികൾ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യപ്പെട്ട് 1.11.2022 ന് ഡി.എ.എഫ്.37/22-23 നംപറായി ഫാം സൂപ്രണ്ട് ജില്ലാ പഞ്ചായത്തിന് കത്ത് നൽകുകയും 1.12.2022ന് ഓർമ്മക്കുറിപ്പ് അയച്ചതായും ഫയലിൽ കാണുന്നുണ്ട്. എന്നാൽ ലേലം സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിൽ ജില്ലാ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും കാലതാമസമുണ്ടായി. തുടർന്ന് ജില്ലാപഞ്ചായത്ത് വ്യാപകമായ പരസ്യം നൽകി 01.02.2023 ന് ലേലം നടത്തിയെങ്കിലും ആരും തന്നെ പങ്കെടുക്കാതിരുന്നതിനാൽ 2022-23 വർഷത്തിൽ ലേലം ഇനത്തിൽ ജില്ലാ പഞ്ചായത്തിന് തുകയൊന്നും ലഭിച്ചില്ല.

ചേലക്കര ടൌണിൽ നിന്നും 4 കിലോമീറ്റർ ഉള്ളിലായി വെങ്ങാനൂർ ദേശത്ത് വനസ്വഭാവമുള്ള പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഫാമിൽ നിരവധി ഫലവൃക്ഷങ്ങൾ ഉണ്ടെങ്കിലും സ്ഥാപനത്തിൽ വൃക്ഷ രജിസ്റ്റർ (Tree Register) എഴുതി സൂക്ഷിച്ചിട്ടില്ല. കൃഷിത്തോട്ടത്തിലുള്ള ഫലവൃക്ഷങ്ങളുടെ പുഷ്പിക്കലിന്റെയും, കാലാവസ്ഥ, മഴ, ആർദ്രത, കീടശല്യം എന്നിവയുടെ അടിസ്ഥാനത്തിൽ ഉണ്ടാകാൻ/ലഭിക്കാൻ സാധ്യതയുള്ള ഗുണമേന്മയുള്ള വിളവിന്റെയും അടിസ്ഥാനത്തിലാണ് സാധാരണയായി കരാറുകാർ ലേല നിരക്കുകൾ രേഖപ്പെടുത്തുന്നത് എന്നതിനാൽ ഫലവൃക്ഷങ്ങൾ പുഷ്പിക്കുന്ന കാലയളവിൽ തന്നെ ലേല നടപടികൾ സ്വീകരിച്ചാൽ മാത്രമേ ഈയിനത്തിൽ ജില്ലാ പഞ്ചായത്തിന് തനതു വരുമാനം ലഭിക്കുകയുള്ളുവെന്നത് വ്യക്തമാണ്. എന്നാൽ ഇത്തരം സാഹചര്യങ്ങൾ പരിഗണിക്കാതെയും, ലേലം നടക്കുന്ന/ഫലവൃക്ഷങ്ങൾ പൂവിടുന്ന സമയത്ത് ഫാം സന്ദർശിച്ച് ലഭിച്ച നിരക്കുകളുടെ ലാഭ-നഷ്ട സാധ്യത യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാതെയും, കാലാവസ്ഥാ വ്യതിയാനം പരിഗണിക്കാതെ മുൻകാലങ്ങളിൽ ലഭിച്ച നിരക്കുകളേക്കാൾ കുറവാണെന്ന കാരണം മാത്രം ചൂണ്ടിക്കാട്ടി ലഭ്യമായ നിരക്കുകൾക്ക് അംഗീകാരം നൽകാതെയും, സമയബന്ധിതമായി ലേല നടപടികൾ സ്വീകരിക്കാതിരിക്കുകയും ചെയ്തതു മൂലം കുറഞ്ഞത് മാവിൽ നിന്നുള്ള ആദായമിനത്തിൽ ലഭിക്കേണ്ടിയിരുന്ന 32,786/- രൂപയെങ്കിലും ജില്ലാ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. ഫാം സൂപ്രണ്ടിന്റെ നിർദ്ദേശം പരിഗണിച്ച് സമയബന്ധിതമായി നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ മറ്റ് ഫലവൃക്ഷങ്ങളിൽ നിന്നും കൂടി ലേലം ഇനത്തിൽ ജില്ലാ പഞ്ചായത്തിന് ആദായം ലഭിക്കുമായിരുന്നു.

സമയബന്ധിതമയി ലേല നടപടികൾ സ്വീകരിക്കുന്നതിൽ ഉണ്ടായ വീഴ്ചയുടെ കാരണങ്ങൾ വ്യക്തമാക്കേണ്ടതും ഇക്കാര്യത്തിൽ ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്. ഇത്തരം സാഹചര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. കൃഷിത്തോട്ടത്തിലെ ഫലവൃക്ഷങ്ങളുടെ എണ്ണം, ഇനം, പ്രായം, ഫല ലഭ്യത തുടങ്ങിയ വിവരങ്ങൾ ചേർത്ത് രജിസ്റ്റർ കാലികമാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഫാമുകളിൽ നടക്കുന്ന ലേല നടപടികൾ അംഗീകരിച്ച് കിട്ടുന്നതിനും, ഫാമുകളുടെ ദൈനം ദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സ്ഥിരം സമിതി, ഭരണ സമിതി തീരുമാനങ്ങൾ ലഭിക്കുന്നതിലും ഉണ്ടാകുന്ന അനാവശ്യ കാലതാമസം മൂലം സമയബന്ധിതമായി ലേലം ഉറപ്പിച്ച് നൽകുന്നതിലും, അത്യാവശ്യവാങ്ങലുകൾ നടത്തുന്നതിലും പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ഫാം ഓഫീസർ അറിയിക്കുകയുണ്ടായി. ഫാം ദൈനം ദിന പ്രവർത്തനങ്ങളിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടുന്ന സംഗതികളിൽ യഥാസമയം അംഗീകാരം നൽകുന്നതിലും, തീരുമാനങ്ങൾ ലഭ്യമാക്കുന്നതിലും ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച സംഗതികളിൽ വികസന കാര്യ

സ്ഥിരം സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-14-3 തെങ്ങിൻ തൈ ഉൽപ്പാദനം-ഫാം പ്രൊഡ്യൂസ് രജിസ്റ്ററിലെ രേഖപ്പെടുത്തലിൽ 386 എണ്ണത്തിന്റെ കുറവ് -വിശദീകരണം ലഭ്യമാക്കണം.

കോക്കനട്ട് ഒബ്സർവേഷൻ രജിസ്റ്റർ പ്രകാരം 2021-22 കാലയളവിൽ 7921 കുള്ളൻ തൈ വിത്തുതേങ്ങകൾ (Dwarf Variety) മുളപ്പിച്ച് 5/22 ൽ കള്ളിംഗ് നടത്തിയതിൽ നിന്നും 1174 സെഗ്രിഗന്റ് തൈകൾ ലഭിച്ചത് സെൻട്രൽ സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിലെടുത്തിട്ടില്ല. ഇക്കാലയളവിൽ DxT, TxD എന്നിവ പാകിയതിൽ നിന്നും 73 സെഗ്രിഗന്റ് തൈകളും ലഭിച്ചിട്ടുണ്ട്. ഇതു പ്രകാരം 7921 കുള്ളൻ തൈകളിൽ നിന്നും ലഭിച്ച 2529 കുള്ളൻ തൈകളും മാതൃ/പിതൃ സ്വഭാവമുള്ള 1247(1174+73=1247)സെഗ്രിഗന്റ് തൈകളും അടക്കം ആകെ 3776 ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ലഭിച്ചതിൽ ഇൻവോയ്സ് പ്രകാരം വിൽപ്പന നടത്തിയ 3390 തൈകൾ കഴിച്ച് ബാക്കി 386 എണ്ണം സ്റ്റോക്കിൽ നീക്കിയിരുപ്പ് കാണേണ്ടതായിരുന്നുവെങ്കിലും ഫാം പ്രൊഡ്യൂസ് രജിസ്റ്റർ വാല്യം 3 പേജ് 125 ൽ നീക്കിയിരുപ്പ് ഇല്ലായെന്ന് രേഖപ്പെടുത്തി കാണുന്നു. ഇക്കാര്യത്തിൽ മറുപടി നൽകിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.3/22.06.2023) ഒരു തെങ്ങിൻ തൈയ്ക്ക് 250 രൂപ നിരക്കിൽ 386 എണ്ണത്തിന് 96,500 രൂപ വിലമതിക്കുന്നതായതിനാൽ സ്റ്റോക്കിലെ വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതും തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം തുക നഷ്ടമായതായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്.

1-14-4 തെങ്ങിൻ തൈ ഉൽപാദനം-നിരീക്ഷണ രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല.

വിത്തു തേങ്ങ ശേഖരണ കേന്ദ്രം നാട്ടിക, ഫ്രീ ട്രാൻസ്ഫർ ബില്ലുകൾ പ്രകാരം 25.03.22 മുതൽ 30.5.2022 വരെ കാലയളവിൽ ചേലക്കര കൃഷിത്തോട്ടത്തിനു വിതരണം ചെയ്ത 10,973 വിത്തു തേങ്ങകൾ 3.8.22 മുതൽ 27.08.22 വരെ കാലയളവിൽ ഫാമിൽ നട്ടതായി സെൻട്രൽ സ്റ്റോക്ക് രജിസ്റ്റർ വാല്യം 5 പേജ് 81,82 എന്നിവ പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവ നട്ടതിന്റെയോ, വളർച്ചാ ഘട്ടങ്ങൾ പരിശോധിച്ചതിന്റെയോ വിവരങ്ങൾ നിരീക്ഷണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അതേ സമയം 16.2.2023 മുതൽ 08.03.2023 വരെ കാലയളവിൽ വിത്തു തേങ്ങ ശേഖരണ യൂണിറ്റ് നാട്ടികയിൽ നിന്നും 40,076 വിത്തു തേങ്ങകൾ കൂടി തെങ്ങിൻ തൈ ഉൽപ്പാദനത്തിനായി കൃഷിത്തോട്ടത്തിന് ലഭിച്ചിട്ടുണ്ട്. എന്നാൽ ഇവ വിവിധ ബെഡ്ഡുകളിൽ നടുന്ന പ്രക്രിയ ആരംഭിച്ചിട്ടില്ല. WCT(West Cost Tall) ഇനത്തിൽ പെട്ട നാടൻ ഇനം വിത്തു തേങ്ങകളുടെ ബീജാങ്കുരണ ശേഷി നഷ്ടപ്പെടാതെ പൂർണ്ണമായും മുളച്ചു കിട്ടണമെങ്കിൽ അവ ആറുമാസത്തിനുള്ളിൽ നട്ടുതീർക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ കാലതാമസം കൂടാതെ ഇവ നടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14-5 ചേലക്കര ജില്ലാ കൃഷിത്തോട്ടം മെയിന്റനൻസ് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കണം. തുടർ നടപടി സ്വീകരിക്കണം.

ജില്ലാ കൃഷിത്തോട്ടത്തിൽ നിലവിൽ 17 സ്ഥിരം തൊഴിലാളികളും 5 കാഷ്വൽ തൊഴിലാളികളുമാണുള്ളത്. തൊഴിലാളികളുടെ വിശ്രമകേന്ദ്രത്തിന്റെ നിർമ്മാണം മുൻ വർഷങ്ങളിൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. എന്നാൽ വയറിംഗ് ജോലികൾ പൂർത്തീകരിക്കാത്തതിനാൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. കൃഷിത്തോട്ടത്തിന്റെ പ്രധാന ഓഫീസ് കെട്ടിടത്തിലെ സ്വിച്ച് ബോർഡുകൾ, വയറിംഗ്, ജനൽ പാളികൾ, വാതിൽ എന്നിവയ്ക്ക് കാലപ്പഴക്കം മൂലം തകരാറുള്ളതായി കാണുന്നു. സ്റ്റാഫ് ഉപയോഗിക്കുന്ന ടോയ് ലറ്റിന്റെ ടൈലുകൾ പൊട്ടിപ്പൊളിഞ്ഞ് തകരാറിലായിട്ടുണ്ട്. എന്നാൽ ഇവ അറ്റകുറ്റപണി നടത്തുന്നതിന് തുക വകയിരുത്തിയിട്ടില്ല. ചേലക്കര-തൊഴുപ്പാടം പൊതുമരാമത്ത് റോഡിൽ നിന്നും ജില്ലാ കൃഷിത്തോട്ടത്തിലേക്ക് പ്രവേശിക്കുന്ന 800 മീറ്റർ നീളത്തിലുള്ള ജില്ലാപഞ്ചായത്ത് ഫാം റോഡ് കഴിഞ്ഞ 10 വർഷത്തിലധികമായി അറ്റകുറ്റപണി നടത്താത്തത് മൂലം പൊട്ടിപ്പൊളിഞ്ഞ് നാശമായിക്കിടക്കുകയാണ്. ഫാമിൽ ആവശ്യമായ അറ്റകുറ്റപണികൾ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

സമയബന്ധിതമായി സമർപ്പിക്കാറുണ്ടെങ്കിലും മേൽ തകരാറുകൾ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ചിട്ടില്ല.

നബാർഡിന്റെ സഹായത്തോടെ സംസ്ഥാന സർക്കാർ നടപ്പാക്കുന്ന സുഭിക്ഷ കേരളം-RIDF പദ്ധതിയിലുൾപ്പെടുത്തി ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിൽ ഓവർഹെഡ് ടാങ്ക്, ജലസേചന സംവിധാനങ്ങൾ, ചെയിൻ ലിങ്ക്ഡ് ഫെൻസിംഗ്, സംയോജിത കാർഷിക പദ്ധതിയുടെ ഭാഗമായി കന്നുകാലി ഷെഡുകൾ, സെയിൽസ് കൌണ്ടർ, പോളിഹൌസുകൾ എന്നിങ്ങനെ വിവിധ സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് 21.05.2022 ലെ സ.ഉ(ആർ.ടി) നം. 427/2022, എ.സി.ആർ, കൃഷി. ഉത്തരവ് പ്രകാരം 5.806 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ അംഗീകരിച്ച് നൽകിയ പദ്ധതി നിർദ്ദേശങ്ങളിൽ മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതിന് തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ പദ്ധതി ഭേദഗതി ചെയ്ത് മേൽ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവൃത്തികൾ സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തുന്നതിനും അല്ലാത്തപക്ഷം നിലവിൽ പൊട്ടിപൊളിഞ്ഞ് കിടക്കുന്ന റോഡ്, കെട്ടിടങ്ങൾ എന്നിവയുടെ അറ്റകുറ്റ പണികൾ നടത്തുന്നതിനുള്ള പദ്ധതികൾ ജില്ലാപഞ്ചായത്ത് വഴി ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും ജില്ലാ കൃഷിത്തോട്ടത്തിനെ ആധുനികവൽക്കരിച്ച് ഹൈടെക്/മാതൃകാ കൃഷിത്തോട്ടമായി ആയി ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും വികസന കാര്യ സ്ഥിരം സമിതിയുടെയും, ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1-15 മണ്ണുത്തി സംസ്ഥാന വിത്തുല്പാദന കേന്ദ്രം : ഇൻവോയിസുകൾ പ്രകാരമുള്ള 6,30,450 രൂപ ലഭ്യമായിട്ടില്ല

മണ്ണുത്തി സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിൽ നിന്നും 2022-23 സാമ്പത്തിക വർഷം സെയിൽ ചെയ്ത ഫാം ഉത്പന്നങ്ങളുടെ വിലയായ 6,30,450 രൂപ നാളിതുവരെയും ലഭ്യമായിട്ടില്ല. അതിൽ 617700 രൂപ, തെങ്ങിൻ തൈ വിറ്റ വകയിൽ ഗുണഭോക്തൃ വിഹിതമായി ലഭിക്കാനുള്ളതും കോക്കനട്ട് കൗൺസിലിൽ നിന്നും ലഭിക്കാനുള്ളതുമായ തുകയാണ്. ബാക്കി 12750രൂപ മറ്റ് ഇൻവോയിസുകൾ പ്രകാരം വിവിധ കൃഷിഭവനുകളിൽ നിന്നും മറ്റു ഫാമുല്പന്നങ്ങൾ വിറ്റ വകയിൽ ലഭിക്കാനുള്ളതാണ്. ഇൻവോയിസ് രജിസ്റ്റർ പ്രകാരം ലഭിക്കാൻ അവശേഷിക്കുന്ന തുകകളുടെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയിസ് നം./ തീയതി | ആകെ തുക | കൃഷിഭവൻ / സ്ഥാപനം | അടവാക്കിയ തുക | ലഭിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | 42/2022-23 /29-07-22 | 19100 | നാട്ടകം കൃഷിഭവൻ | - | 19100 |
| 2 | 43/2022-23 /29-07-22 | 24300 | വിജയപുരം കൃഷിഭവൻ | - | 24300 |
| 3 | 44/2022-23 /29-07-22 | 25200 | അയർക്കോണം കൃഷിഭവൻ | - | 25200 |

| | | | | | |
|---|---|---|---|---|---|
| 4 | 45/2022-23 /29-07-22 | 25600 | കുർച്ചി കൃഷിഭവൻ | - | 25600 |
| 5 | 46/2022-23 /29-07-22 | 19200 | കുമരനെല്ലൂർ കൃഷിഭവൻ | - | 19200 |
| 6 | 47/2022-23 /29-07-22 | 23100 | പുതുപ്പള്ളി കൃഷിഭവൻ | 11500 | 11600 |
| 7 | 48/2022-23 /29-07-22 | 29500 | പനച്ചിക്കാട് കൃഷിഭവൻ | 29500 | 0 |
| 8 | 49/2022-23 /29-07-22 | 26600 | കോട്ടയം കൃഷിഭവൻ | - | 26600 |
| 9 | 50/2022-23 /29-07-22 | 23600 | പാമ്പാടി കൃഷിഭവൻ | 11800 | 11800 |
| 10 | 51/2022-23 /29-07-22 | 15300 | മീനടം കൃഷിഭവൻ | - | 15300 |
| 11 | 52/2022-23 /29-07-22 | 20000 | കോറോപ്പാടം കൃഷിഭവൻ | - | 20000 |
| 12 | 53/2022-23 /29-07-22 | 19500 | അകലക്കുന്നം കൃഷിഭവൻ | 9750 | 9750 |
| 13 | 54/2022-23 /29-07-22 | 18750 | പള്ളിക്കത്തോട് കൃഷിഭവൻ | 9375 | 9375 |
| 14 | 55/2022-23 /29-07-22 | 21750 | കിടങ്ങൂർ കൃഷിഭവൻ | - | 21750 |
| 15 | 56/2022-23 /29-07-22 | 24750 | മണ്ണാർക്കാട് കൃഷിഭവൻ | 12375 | 12375 |
| 16 | 57/2022-23 /29-07-22 | 23250 | എലിക്കുളം കൃഷിഭവൻ | - | 23250 |
| 17 | 58/2022-23 /02-08-22 | 22000 | കാണക്കാരി കൃഷിഭവൻ | - | 22000 |
| 18 | 59/2022-23 /02-08-22 | 26250 | മഞ്ഞൂർ കൃഷിഭവൻ | - | 26250 |
| 19 | 60/2022-23 /02-08-22 | 19000 | കടപ്ലാമറ്റം കൃഷിഭവൻ | - | 19000 |
| 20 | 61/2022-23 /02-08-22 | 19000 | വെളിയന്നൂർ കൃഷിഭവൻ | - | 19000 |
| 21 | 62/2022-23 /02-08-22 | 19000 | ഉഴവൂർ കൃഷിഭവൻ | - | 19000 |
| 22 | 63/2022-23 /02-08-22 | 25750 | രാമപുരം കൃഷിഭവൻ | - | 25750 |
| 23 | 64/2022-23 /02-08-22 | 20500 | മരങ്ങാട്ടുപിള്ളി കൃഷിഭവൻ | - | 20500 |
| 24 | 65/2022-23 /02-08-22 | 20500 | കുറവിലങ്ങാട് കൃഷിഭവൻ | 7125 | 13375 |
| 25 | 66/2022-23 /02-08-22 | 19250 | കടുത്തുരുത്തി കൃഷിഭവൻ | - | 19250 |

| | | | | | |
|---|---|---|---|---|---|
| 26 | 67/2022-23 /02-08-22 | 15250 | തലയോലപ്പറമ്പ് കൃഷിഭവൻ | 7625 | 7625 |
| 27 | 68/2022-23 /02-08-22 | 14250 | ഞീഴൂർ കൃഷിഭവൻ | - | 14250 |
| 28 | 69/2022-23 /02-08-22 | 17250 | മൂലക്കുളം കൃഷിഭവൻ | 8625 | 8625 |
| 29 | 70/2022-23 /02-08-22 | 13250 | കല്ലറ കൃഷിഭവൻ | - | 13250 |
| 30 | 71/2022-23 /02-08-22 | 16250 | വേളൂർ കൃഷിഭവൻ | 8125 | 8125 |
| 31 | 72/2022-23 /02-08-22 | 20250 | അയ്മനം കൃഷിഭവൻ | - | 20250 |
| 32 | 73/2022-23 /02-08-22 | 16250 | അർപ്പൂക്കര കൃഷിഭവൻ | - | 16250 |
| 33 | 74/2022-23 /02-08-22 | 14750 | കുമരകം കൃഷിഭവൻ | - | 14750 |
| 34 | 75/2022-23 /02-08-22 | 20250 | നീണ്ടൂർ കൃഷിഭവൻ | - | 20250 |
| 35 | 76/2022-23 /02-08-22 | 17750 | ഏറ്റുമാനൂർ കൃഷിഭവൻ | - | 17750 |
| 36 | 77/2022-23 /02-08-22 | 17250 | തിരുവർപ്പ് കൃഷിഭവൻ | - | 17250 |
| | 2022-23 വർഷത്തിൽ തെങ്ങിൻ തൈകൾ വിറ്റ വകയിൽ ലഭിക്കാനുള്ള ആകെ തുക | | | | 617700 |
| 37 | 99/2022-23 /22-02-23 | 550 | ചൊവ്വന്നൂർ കൃഷിഭവൻ | - | 550 |
| 38 | 100/2022-23 /22-02-23 | 550 | കടങ്ങോട് കൃഷിഭവൻ | - | 550 |
| 39 | 102/2022-23 /22-02-23 | 550 | കണ്ടാണശ്ശേരി കൃഷിഭവൻ | - | 550 |
| 40 | 104/2022-23 /22-02-23 | 550 | കുന്നംകുളം കൃഷിഭവൻ | - | 550 |
| 41 | 105/2022-23 /22-02-23 | 550 | വേളൂർ കൃഷിഭവൻ | - | 550 |
| 42 | 106/2022-23 /22-02-23 | 10000 | ADA ഒല്ലൂക്കര | . | 10000 |
| | ഫാം ഉല്പന്നങ്ങൾ വിറ്റ വകയിൽ മറ്റ് കൃഷിഭവനുകളിൽ നിന്നും ലഭിക്കാനുള്ള തുക | | | | 12750 |

സ്ഥാപനത്തിൽ നിന്നും ക്രെഡിറ്റ് സെയിൽ നടത്തിയ മേൽ പട്ടികയിലെ ക്രമ നം.1 മുതൽ 36 വരെയുള്ള ഇൻവോയ്സുകൾ പ്രകാരമുള്ള തുകകൾ കോക്കനട്ട് കൗൺസിലിൽ നിന്നും ക്രമ നം.37 മുതൽ 42 വരെ വിവിധ കൃഷിഭവനുകളിൽ നിന്നും ലഭിക്കാനുള്ളതായിട്ടാണ് ഇൻവോയ്സ് രജിസ്റ്ററിന്റെ പരിശോധനയിൽ ബോധ്യമായിട്ടുള്ളത്. തുകകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന പക്ഷം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം നം.3/10-07-2023)

**1-16-1 എടത്തിരുത്തി സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം-ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമല്ല-നെൽ വിത്ത് മറ്റ് നടീൽ വസ്തുക്കളുടെ ഉൽപ്പാദനം 22.09.2022 വരെ കാലയളവിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. വികസന കാര്യ സ്ഥിരം സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.**

എടത്തിരുത്തി സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രത്തിന്റെ 2022-23 വർഷത്തെ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ അംഗീകാരം ലഭിച്ച ക്രോപ്പ് ഫോർകാസ്റ്റ്, ജീവനക്കാരുടെ ഉത്തരവാദിത്തങ്ങളും ചുമതലകളും സംബന്ധിച്ച ഓഫീസ് ഉത്തരവ്, ഫാമിന്റെ 01.04.2022 മുതൽ 10/2022 വരെ ഉൽപ്പാദിപ്പിച്ച , തെങ്ങിൻ തൈ, നെൽവിത്ത്, പച്ചക്കറികൾ എന്നിവയുടെ നിരീക്ഷണ രജിസ്റ്ററുകൾ, ക്വട്ടേഷൻ ഫയലുകൾ, കരാറുകാരുമായി ഏർപ്പെട്ട കരാറുകൾ, ഫ്രീ ട്രാൻസ്ഫർ ബില്ലുകൾ, ക്രോപ്പ് ഫോർകാസ്റ്റ് പ്രകാരം ചെയ്ത കൃഷികളുടേയും ലഭിച്ച ഉൽപ്പാദനത്തിന്റെയും വിവരങ്ങളടങ്ങിയ ഫാമിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട്, 2022-23 വർഷത്തെ വരവ് ചെലവ് കണക്കുകൾ എന്നിവ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല.

ഒരു സാമ്പത്തിക വർഷത്തിൽ സർക്കാർ ഫാമുകളിൽ നടത്തുമെന്ന് പ്രതീക്ഷിക്കുന്ന കൃഷി സംബന്ധിച്ച് ഫാം ഓഫീസർ നിർബന്ധമായും മുൻകൂട്ടി തയ്യാറാക്കി പ്രിൻസിപ്പൽ കൃഷി ഓഫീസറുടേയും, ജില്ലാ പഞ്ചായത്തിന്റെയും അംഗീകാരം വാങ്ങേണ്ട പ്രതീക്ഷിത കാർഷിക പ്രവർത്തന വിവര പത്രികയാണ് ക്രോപ്പ് ഫോർകാസ്റ്റ്. ഇതു പ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് വകുപ്പ് അംഗീകാരം നൽകുന്നതോടൊപ്പം ഇതിലുൾപ്പെട്ട വകുപ്പ് തല സ്കീമുകൾക്ക് ബജറ്റിൽ വകയിരുത്തുന്ന തുക ഡിപ്പാർട്ട്മെന്റ് വഴി ഫാമുകൾക്ക് ലഭ്യമാക്കുകയും ചെയ്യും. ഇത്തരത്തിൽ അംഗീകാരം വാങ്ങാതെ ഫാം ഓഫീസറുടെ ഇഷ്ടപ്രകാരം എടത്തിരുത്തി ഫാമിൽ കൃഷി നടത്തുകയും, ഉൽപ്പാദനം സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ ശരിയായി രേഖപ്പെടുത്താതിരുന്നതായും ഓഡിറ്റ് പരിശോധനയിൽ കണ്ടു. തൃശ്ശൂർ ജില്ലയിലെ എടത്തിരുത്തി ഗ്രാമപഞ്ചായത്ത് തീരപ്രദേശത്തോട് ചേർന്ന് കിടക്കുന്നതും, പശിമരാശി കലർന്ന ഫാമിലെ മണ്ണ് നെൽകൃഷിക്ക് അനുയോജ്യവുമാണ്. ജ്യോതി നെൽവിത്ത് കൃഷി ചെയ്യുന്നതിന് അനുയോജ്യമായ ഫാമിൽ മുൻ വർഷങ്ങളിൽ ബമ്പർ വിളവ് ലഭിച്ചിട്ടുണ്ട്. എന്നാൽ ഉയർന്ന വിളവ് നൽകുന്ന നെല്ലിനത്തെ ഒഴിവാക്കി 2021-22,2022-23 വർഷങ്ങളിൽ വിവിധയിനം നാടൻ നെൽവിത്തിനങ്ങൾ കുറഞ്ഞ പ്രദേശത്ത് കൃഷി ചെയ്തതായും നാമമാത്രമായ അളവിൽ മാത്രം നെൽവിത്ത് ഉൽപ്പാദിപ്പിച്ചതായും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി കണ്ടു. നെൽകൃഷി യോഗ്യമായ ഫാമിലെ ഭൂവിസ്തൃതി കണക്കിലെടുക്കുമ്പോൾ വളരെ കുറഞ്ഞ അളവിലാണ് 2022-23സാമ്പത്തിക വർഷത്തിൽ നെൽവിത്ത് ഉൽപ്പാദിപ്പിച്ചതായി രജിസ്റ്ററുകളിൽ രേഖപ്പെടുത്തി കാണുന്നത്. രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ പൂർണമാണെന്ന് ഉറപ്പു വരുത്താൻ സാധിക്കാത്ത സാഹചര്യത്തിൽ വിൽപ്പന നടത്തി ലഭിച്ച തുകയുടെ വിവരങ്ങൾ പൂർണമാണെന്ന് ഉറപ്പാക്കാനായിട്ടില്ല. ഫാമുകളിലെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നത് സംബന്ധിച്ച് കൃഷി വകുപ്പ് നടത്തിയ ആഭ്യന്തര പരിശോധനകളിൽ സ്റ്റോക്ക് രജിസ്റ്ററുകളിലും, പണമിടപാടുകളിലും അപാകതകളും ക്രമക്കേടുകളും കണ്ടെത്തിയതായി വകുപ്പു തല സൂപ്പർവൈസറി ഓഫീസർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇവ പരിഹരിക്കുന്നതിന് വകുപ്പ് തലത്തിൽ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും 22.09.2022 വരെ കാലയളവിലുള്ള ഫാം സീനിയർ കൃഷി ഓഫീസർ നടപടികൾ സ്വീകരിച്ചില്ല. 2021-22 വർഷത്തെ ഓഡിറ്റ് പരിശോധനയിൽ സാമ്പത്തിക ക്രമക്കേടുകൾ കണ്ടത് റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ നിർദ്ദേശപ്രകാരം 23.08.2018 മുതൽ 19.09.2022 വരെ കാലയളവിൽ പ്രത്യേക ഓഡിറ്റ് നടത്തി കെ.എസ്.എ.ടി.എസ്.ആർ.ഡി.പി.2-45/23 തിയതി 01.04.2023 പ്രകാരം റിപ്പോർട്ട് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ആയതിനാൽ ഫാമിന്റെ സ്റ്റോക്ക്, വിൽപ്പന, രജിസ്റ്ററുകളുടെ പരിപാലനം, ആഭ്യന്തര നിയന്ത്രണം എന്നീ കാര്യങ്ങളിൽ ഫാമുകളുടെ ചുമതലയുള്ള ജില്ലാ പഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥന്റെയും, വികസന കാര്യ സ്ഥിരം സമിതിയുടെയും

നിരീക്ഷണവും ഇടപെടലും ഉണ്ടാകേണ്ടത് അനിവാര്യമാണ്. ഇക്കാര്യത്തിൽ ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.20/30.09.2023)

**1-16-2 കേരഗ്രാമം പദ്ധതിയിൽ കൃഷി ഭവൻ ആവശ്യപ്പെട്ട കുരുമുളക് വള്ളികൾ ഫാമിൽ ഉൽപ്പാദിപ്പിക്കുന്നതിന് പകരം മതിലകം ബ്ലോക്ക് കാർഷിക കേന്ദ്രത്തിൽ നിന്ന് വാങ്ങി നൽകിയത് ക്രമപ്രകാരമല്ല.ചെലവ് തുക 1,62,460/- രൂപ തടസ്സപ്പെടുത്തുന്നു.**

ജില്ലാ പഞ്ചായത്തിന്റെ പദ്ധതി നം. 773/23 പ്രകാരം ദൈനം ദിന ചെലവുകൾ നിർവ്വഹിക്കുന്നതിന് 7.5 ലക്ഷം രൂപ വകയിരുത്തിയതിൽ 06.09.2022ലെ ബിൽ നം.2/22-23 പ്രകാരം 2,62,427രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിലുൾപ്പെടുത്തി വൌച്ചർ നം. 20/31.08.2022 പ്രകാരം 8 രൂപ നിരക്കിൽ 20,000 " Rooted Pepper Cuttings"വിതരണം ചെയ്തതിന് 160,000/- രൂപയും വൌച്ചർ നം. 11/22.08.2022 പ്രകാരം തിരുവില്വാമല കൃഷിഭവനിലേക്കുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ് 2460 രൂപയും കൂടി ആകെ 1,62,460/- രൂപ മതിലകം ബ്ലോക്ക് കാർഷിക സേവന കേന്ദ്രത്തിന് നൽകിയിട്ടുണ്ട്.

കേരഗ്രാമം പദ്ധതിയുടെ ഭാഗമായി തിരുവില്വാമല കൃഷി ഭവൻ ആവശ്യപ്പെട്ട കുരുമുളക് വള്ളികൾ മതിലകം ബ്ലോക്ക് കാർഷിക സേവന കേന്ദ്രത്തിൽ നിന്നും വാങ്ങി നൽകിയതായാണ് കാണുന്നത്. എന്നാൽ കുരുമുളക് വള്ളികൾ തിരുവില്വാമല കൃഷിഭവൻ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങളോ, കുരുമുളക് വള്ളികൾ വിതരണം ചെയ്തതിന്റെ ഇൻവോയ്സ് ഹാജരാക്കുകയോ, ഇൻവോയ്സിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക 1,62,460/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതേ രീതിയിൽ കുരുമുളക് വള്ളികൾ മലയാറ്റൂരിൽ നിന്നും എത്തിച്ച വകയിൽ 31.8.22 ലെ വൌച്ചർനം. 22 പ്രകാരം 2,560 രൂപ ട്രാൻസ്പോർട്ടേഷൻ ചാർജ് നൽകിയതായി കാണുന്നുണ്ട്. എന്നാൽ വൌച്ചർ പ്രകാരം വാങ്ങിയ കുരുമുളക് വള്ളികൾ സ്റ്റോക്ക് എടുക്കുകയോ, വിൽപ്പന വിവരം ഇൻവോയ്സിലും, സ്റ്റോക്കിലും രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രമെന്ന നിലയിൽ നടീൽ വസ്തുക്കളുടെ ഉൽപ്പാദനത്തിനത്തിനാവശ്യമായ സാമഗ്രികൾ വാങ്ങുന്നതിനും, ഫാമുകളുടെ ദൈനം ദിന പ്രവർത്തനം നടത്തുന്നതിനാവശ്യമായ ചെലവുകൾ നിർവ്വഹിക്കുന്നതിനുമാണ് ജില്ലാ പഞ്ചായത്ത് സംരക്ഷണ ഗ്രാന്റ് അനുവദിക്കുന്നത്. ആയത് പ്രകാരം ആവശ്യമായ നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുക എന്നതാണ് കൃഷി ഫാമുകളുടെ ചുമതല. എന്നാൽ ഇതിനു വിരുദ്ധമായി ഡിമാന്റ് പ്രകാരമുള്ള നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാതെ ബ്ലോക്ക് കാർഷിക സേവന കേന്ദ്രങ്ങളിൽ നിന്നും മറ്റിടങ്ങളിൽ നിന്നും ജില്ലാ പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് വാങ്ങി നൽകിയത് ക്രമപ്രകാരമല്ല. ഇക്കാര്യത്തിൽ മറുപടി നൽകിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.20/30.09.2023)

**1-16-3 തനതു ഫണ്ട് വൌച്ചറുകൾ ഹാജരാക്കിയില്ല 11,265/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. 2,92,167/-രൂപയുടെ സ്റ്റോക്ക് എൻട്രി രേഖപ്പെടുത്തലുകൾ ഇല്ല. ചെലവു തുക തടസ്സപ്പെടുത്തുന്നു.**

ജില്ലാ പഞ്ചായത്തിന്റെ 773/23 നം പദ്ധതിയിലുൾപ്പെട്ടതും തനത് ഫണ്ടിനത്തിൽ ചെലവഴിച്ചതുമായ 11,265/- രൂപയുടെ വൌച്ചറുകളും ചെലവു രേഖകളും ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. നിയമാനുസൃതം ആവശ്യപ്പെട്ടിട്ടും രേഖകൾ ഹാജരാക്കാത്തപക്ഷം 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 12(2) പ്രകാരം അത്തരം രേഖകൾ നിലവിലില്ലായെന്ന് കണക്കാക്കി 12(4) പ്രകാരം തുടർനടപടി സ്വീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ വൌച്ചറുകൾ ഹാജരാക്കാത്ത 11,265/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| തനത് ഫണ്ട് | വൌച്ചർ നം./തിയതി. | ചെലവ് തുക | ഉദ്ദേശം |
|---|---|---|---|

| | | | |
|---|---|---|---|
| ബിൽ നം. | | | |
| 1/22-23 | 11/6.5.22 | 5430 | ഡീസൽ വാങ്ങിയത് |
| | 12/7.5.22 | 112 | ബോൾട്ടും നട്ടും വാങ്ങിയത് |
| | 25/4.6.22 | 1000 | ഡീസൽ |
| | 28/8.6.22 | 350 | പഴയ ന്യൂസ് പേപ്പർ വാങ്ങിയത് |
| 2/22-23 | 17/23.7.22. | 657 | വൈദ്യുതി ബിൽ അടവാക്കിയത്. |
| | 33/തിയതി ഇല്ല | 390 | വിവരം ലഭ്യമല്ല. |
| | 34/തിയതി ഇല്ല | 660 | ബ്രീഡർ വിത്ത് വാങ്ങിയത്. |
| | 35/തിയതി ഇല്ല | 800 | സീഡ് ബാഗ് |
| | 37/തിയതി ഇല്ല | 1866 | വിവരം ലഭ്യമല്ല. |
| ആകെ | | 11265 | |

സംരക്ഷണ ഗ്രാന്റിനത്തിൽ ബിൽ നം.1 മുതൽ 3 വരെ മൂന്ന് ബില്ലുകളിലായി ചെലവഴിച്ച 4,15,892/- രൂപയുടെ വാങ്ങലുകൾ, തനത് ഫണ്ടിനത്തിൽ ലഭിച്ച 50,000/- രൂപയിൽ വൌച്ചറുകൾ ഹാജരാക്കാത്ത 11,265/-രൂപ കഴിച്ച് ബാക്കി 38,735/-രൂപ ചെലവഴിച്ചതിന്റെ വിവരങ്ങൾ എന്നിവ സ്റ്റോക്ക് എൻട്രി നടത്തി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല. ബില്ലുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം. | തുക | തിയതി | |
|---|---|---|---|---|
| 1 | 1/22-23 | 145545 | 17.08.2022 | സംരക്ഷണ ഗ്രാന്റ് നോൺ റോഡ്. |
| 2 | 2/22-23 | 99967* | 06.09.2022 | |
| 3 | 3/22-23 | 7920 | 06.09.2022 | |
| 4 | 1/22-23തനതുഫണ്ട് | 38735 | 17.09.2022 | തനതുഫണ്ട് |
| | ആകെ | 2,92,167 | | |

(*ബിൽ നം. 2/22-23 പ്രകാരമുള്ള 2,62,427/- രൂപയിൽ ഖണ്ഡിക 1-16-2 പ്രകാരമുള്ള 1,62,460/- രൂപ കഴിച്ച് ബാക്കി 99,967/- രൂപ)

വൗച്ചറുകൾ പ്രകാരം സ്റ്റോക്ക് രേഖപ്പെടുത്തലുകൾ നടത്തി രജിസ്റ്ററുകൾ ഹാജരാക്കുന്നതുവരെ ചെലവ്

തുക 2,92,167/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.20/30.09.2023)

1-16-4 വൈക്കോൽ കെട്ടുകളാക്കിയതിന് നൽകിയ 11,339/- രൂപ ഗുണഭോക്താവിന് ലഭിച്ചിട്ടില്ല. തുടർ നടപടി സ്വീകരിക്കണം.

എടത്തിരുത്തി ഫാമിൽ 04.03.2020 മുതൽ 08.03.2020 വരെ കാലയളവിൽ ട്രാക്ടർ ഉപയോഗിച്ച് വൈക്കോൽ കെട്ടുകളാക്കിയതിന് ഒരു കെട്ടിന് 29 രൂപ നിരക്കിൽ 391 കെട്ടുകൾക്ക് 11,339 രൂപ കദീജാബി, വെളുംപറമ്പിൽ, കാട്ടൂർ എന്നയാൾക്ക് ബിൽ നം. 2/22-23/06.09.2022 ൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. എന്നാൽ IFSC കോഡ് IBKL0269TDC അക്കൌണ്ട് നം.10799922272ലേക്ക് ട്രാൻസ്ഫർ ചെയ്ത തുക ഗുണഭോക്താവിന് നാളിതുവരെ ലഭിച്ചിട്ടില്ല. ട്രഷറി പെയ്ഡ് റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും ടി തുക ട്രാൻസ്ഫർ ചെയ്തതിന്റെ യു.ടി.ആർ നമ്പർ രേഖപ്പെടുത്തിയിട്ടില്ലായെന്ന് കണ്ടു. അക്കൌണ്ട് നമ്പറോ, പേരോ രേഖപ്പെടുത്തുന്നതിൽ ഉണ്ടായ അപാകത മൂലമാണ് ഗുണഭോക്താവിന് തുക ലഭിക്കാതിരുന്നത്. ഗുണഭോക്താവിന്റെ അക്കൌണ്ടുകളിലേക്ക് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ ആയി തുക കൈമാറുന്ന സംഗതികളിൽ ബിൽ കാഷ് ചെയ്തശേഷം മുഴവൻ ഗുണഭോക്താക്കൾക്കും തുക ലഭിച്ചു എന്ന് ഉറപ്പാക്കേണ്ടതും, ഗുണഭോക്താവിന്റെ അക്കൌണ്ട് വിവരങ്ങളിലുണ്ടാകുന്ന തെറ്റ് മൂലം തുക ഗുണഭോക്താവിന് ലഭിക്കാതെ വരുന്ന സംഗതികളിൽ ഇക്കാര്യം പരിശോധിച്ച് 30 ദിവസത്തിനകം ട്രഷറി ഓഫീസർക്ക് റിപ്പോർട്ട് ചെയ്ത് തുടർ നടപടി സ്വീകരിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ ഫാം ഓഫീസർ സമയബന്ധിതമായി നടപടി സ്വീകരിച്ചിട്ടില്ല എന്നു കണ്ടു. ഗുണഭോക്താവിന്റെ അക്കൌണ്ടിനു പകരം സസ്പെൻസ് അക്കൌണ്ടിലേക്ക് വകമാറ്റുന്ന ഇത്തരം സംഖ്യകൾ ട്രഷറിയിൽ റിപ്പോർട്ട് ചെയ്ത് ശരിയായ അക്കൌണ്ട് നമ്പർ നൽകി ഗുണഭോക്താവിന് ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ആയതിനാൽ ട്രഷറിയുമായി ബന്ധപ്പെട്ട് ഇക്കാര്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, തുക ഗുണഭോക്താവിന് ലഭിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഗുണഭോക്താവിന് തുക ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൈപറ്റ് രസീത്, ബാങ്ക് പാസ്സ്ബുക്ക് പകർപ്പ് എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-16-5 ഇൻവോയിസുകൾ പ്രകാരമുള്ള 9,87,250 രൂപ ലഭ്യമായിട്ടില്ല

എടത്തിരുത്തി സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിൽ നിന്നും 2022-23 സാമ്പത്തിക വർഷം ക്രെഡിറ്റ് സെയിൽ ചെയ്ത തെങ്ങിൻ തൈകളുടെ വിലയായ 9,82,250 രൂപ കോക്കനട്ട് കൗൺസിലിൽ നിന്നും പച്ചക്കറി വിത്ത് പാക്കറ്റുകൾ മതിലകം കൃഷിഭവന് ക്രെഡിറ്റ് സെയിൽ നടത്തിയതിന്റെ 5,000 രൂപയുമുൾപ്പെടെ ആകെ 9,87,250 രൂപയാണ് ഇൻവോയിസ് പ്രകാരം ക്രെഡിറ്റ് സെയിൽ നടത്തിയ വകയിൽ ഫാമിനു ലഭിക്കാനുള്ളത്. ഇൻവോയിസ് രജിസ്റ്റർ പ്രകാരം ലഭിക്കാൻ അവശേഷിക്കുന്ന തുകകളുടെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയിസ് നം./ തീയതി | കൃഷിഭവൻ / സ്ഥാപനം | ഇനം | ലഭിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1 | 8/2022-23 /2-6-22 | തളിക്കുളം | തെങ്ങിൻ തൈ | 214300 |

| | | | | |
|---|---|---|---|---|
| 2 | 9/2022-23 /26-9-22 | മല്ലപ്പള്ളി | തെങ്ങിൻ തൈ | 179200 |
| 3 | 10/2022-23 /28-9-22 | കോന്നി | തെങ്ങിൻ തൈ | 150650 |
| 4 | 11/2022-23 /30-9-22 | റാന്നി | തെങ്ങിൻ തൈ | 150650 |
| 5 | 12/2022-23 /30-9-22 | അടൂർ | തെങ്ങിൻ തൈ | 150750 |
| 6 | 13/2022-23 /16-11-22 | തിരുവല്ല | തെങ്ങിൻ തൈ | 72900 |
| 7 | 14/2022-23 /16-11-22 | പുല്ലാട് | തെങ്ങിൻ തൈ | 31900 |
| 8 | 15/2022-23 /16-11-22 | പത്തനംതിട്ട | തെങ്ങിൻ തൈ | 31900 |
| 9 | 17/2022-23 /3-3-23 | മതിലകം | സീഡ് പാക്കെറ്റുകൾ | 5000 |
| | ആകെ | | | 987250 |

ക്രെഡിറ്റ് സെയിൽ നടത്തിയ മേൽ പട്ടികയിലെ ഇൻവോയ്സുകൾ പ്രകാരമുള്ള തുകകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന പക്ഷം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഇൻവോയിസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടില്ല. പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.21/30-09-23)

1-16-6 ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക പരിശോധിച്ച് ക്രമീകരിക്കേണ്ടതാണ്

ഫാമിന്റെ പണമിടപാടുകൾക്കായി സീനിയർ കൃഷി ഓഫീസറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം.67251738657) 25-09-2023 ന് 171987.50 രൂപ നീക്കിയിരിപ്പുണ്ട്. ഈ നീക്കിയിരിപ്പ് തുകയിൽ ഓഡിറ്റ് വർഷത്തിൽ ബാങ്ക് അക്കൗണ്ടിൽ വരവ് വന്ന തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നില്ല. ആയതിനാൽ NEFT ആയി വരവ് വന്ന തുകകൾ മുൻവർഷങ്ങളിൽ ലഭിക്കാനുണ്ടായിരുന്നവയിൽ ക്രമീകരിക്കാത്ത തുകകളാണ് നീക്കിയിരിപ്പായി കാണുന്നത്. ഓഡിറ്റ്

അന്വേഷണം നം.21/30-09-23 ന്റെ മറുപടിയിൽ മുൻവർഷത്തെ ഇൻവോയിസുകൾ പ്രകാരമുള്ള തുകകളുടെ പരിശോധന പൂർത്തിയായിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഇൻവോയിസുമായി ഒത്തുനോക്കി അവ എത്രയും പെട്ടെന്ന് പരിശോധിച്ച് രസീത് ചെയ്ത് ജില്ലാ പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

### 1-16-7 കാഷ്ബുക്ക് കൃത്യമായി എഴുതി സൂക്ഷിച്ചില്ല

19-09-2022 വരെ കാഷ് ബുക്ക് വോള്യം നം.47 ആണ് ഉപയോഗിച്ചിട്ടുള്ളത്. തുടർന്ന് 20-09-2022 മുതൽ 19-01-2023 വരെ കാഷ് ബുക്ക് വോള്യം നം. 48 A യിൽ രേഖപ്പെടുത്തലുകൾ നടത്തിയെങ്കിലും, ഈ കാലയളവിലെ രേഖപ്പെടുത്തലുകളിൽ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയിരുന്നില്ല എന്നു കണ്ടതിനാൽ 17.10.2022 ന ചാർജ്ജെടുത്ത സീനിയർ കൃഷി ഓഫീസർ കുറിപ്പ് രേഖപ്പെടുത്തി 17.10.2022 പ്രാബല്യത്തിൽ വീണ്ടും കാഷ് ബുക്ക് വോള്യം നം. 48 B എഴുതി സൂക്ഷിച്ചിട്ടുണ്ട്. ബാങ്കിൽ അടവാക്കുന്ന വിവരങ്ങൾ ഉൾപ്പെടെ രേഖപ്പെടുത്തി കാഷ് ബുക്ക് കൃത്യമായി സൂക്ഷിക്കുന്നതിന് മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശം ഉണ്ടായിട്ടും കാഷ് ബുക്കിൽ അക്കൗണ്ട് നീക്കിയിരിപ്പ് രേഖപ്പെടുത്താതെ സൂക്ഷിച്ചത് ശരിയായ നടപടിയല്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ മേൽനോട്ടം ഉറപ്പ് വരുത്തേണ്ടതാണ്.

### 1-16-8 എടത്തിരുത്തി ഫാമിന്റെ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം അപകടാവസ്ഥയിൽ അടിയന്തിര നടപടി സ്വീകരിക്കണം.

എടത്തിരുത്തി സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രത്തിന്റെ സീഡ് സ്റ്റോറിനോട് ചേർന്ന് ഓഫീസായി ഉപയോഗിക്കുന്നതിന് ഏകദേശം 450 ച.അടി വിസ്തൃതിയുള്ള ഒരു മുറി 2020ൽ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ വയറിംഗ് ജോലികൾ പൂർത്തീകരിക്കാത്തതിനാലും നെറ്റ് വർക്ക് ലൈനുകൾ സ്ഥാപിക്കാത്തതിനാലും ഫാമിലെ മുഴുവൻ ഓഫീസ് ജീവനക്കാർക്കും ഉപയോഗിക്കാനാവശ്യമായ സ്ഥല സൗകര്യം ഇല്ലാത്തതിനാലും റോഡിന് വടക്കു വശമുള്ള പഴയ ക്വാർട്ടേഴ്സ് കെട്ടിടത്തിലാണ് ഫാം ഓഫീസ് വർഷങ്ങളായി പ്രവർത്തിച്ചിരുന്നത്. എന്നാൽ ഓട് മേഞ്ഞ ഈ കെട്ടിടത്തിന്റെ മുകൾ വശത്തെ കഴുക്കോലുകൾ ദ്രവിച്ച്, മഴയത്ത് ചോർന്നൊലിച്ച്, ഭിത്തികൾ നനഞ്ഞ് കുതിർന്ന് ഏതു സമയത്തും നിലം പൊത്താവുന്ന അപകടാവസ്ഥയിലാണ്. വയറിംഗുകൾ ഭിത്തിയിൽ നിന്നും വിട്ടും, ജനലുകളും വാതിലുകളും ചിതലെടുത്തും നാശോന്മുഖമായ കെട്ടിടത്തിൽ അടിയന്തിരമായി അറ്റകുറ്റപണികൾ നടത്തുകയോ, കെട്ടിടം പൊളിച്ച് അത്യാവശ്യ സൌകര്യങ്ങളോട് കൂടിയ ഓഫീസ് കെട്ടിടം പണിയുകയോ ചെയ്തിട്ടില്ലെങ്കിൽ





സമീപ ഭാവിയിൽ തന്നെ കെട്ടിടം തകർന്ന് വീണ് അപകടമുണ്ടാകാൻ സാധ്യതയുണ്ട്. അപകടസാധ്യതയുള്ള കെട്ടിടത്തിൽ നിന്നും ഓഫീസിന്റെ പ്രവർത്തനം മാറ്റുന്നതിനും, സീഡ് സ്റ്റോറിനോട് ചേർന്നുള്ള മുറിയിൽ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സൌകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്. ഓഫീസ് കെട്ടിടം പുനരുദ്ധരിക്കുന്നതിനും, സീഡ് സ്റ്റോറിനോട് ചേർന്ന് നിർമിച്ച കെട്ടിടത്തിൽ ഓഫീസ് പ്രവർത്തനത്തിനാവശ്യമായ സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നിരവധി തവണ ആവശ്യപ്പെട്ടിട്ടും ഇക്കാര്യം ജില്ലാ പഞ്ചായത്ത് പരിഗണിച്ചതായി കാണുന്നില്ല. കൃഷി വകുപ്പിന്റെ കീഴിലുണ്ടായിരുന്ന ഫാമുകളുടെ പ്രവർത്തനം ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുള്ളതിനാലും, ഫാമുകളുടെ വരുമാനം

പൂർണ്ണമായും ജില്ലാ പഞ്ചായത്തിൽ അടവാക്കുന്നതിനാലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. പദ്ധതി രൂപീകരണ വേളയിൽ ഇക്കാര്യം പരിഗണിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-17-1 കോടശ്ശേരി സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രത്തിലെ ലൈവ് സ്റ്റോക്ക് പരിപാലനം- രജിസ്റ്ററുകൾ അപൂർണ്ണം തുടർ നടപടി സ്വീകരിക്കണം.

കോടശ്ശേരി സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രത്തിൽ സംയോജിത കൃഷിയുടെ (Integrated Farming) ഭാഗമായി പശുക്കൾ, ആടുകൾ, കോഴികൾ, താറാവുകൾ എന്നിവയെ പരിപാലിക്കുന്നുണ്ട്. എന്നാൽ ഇവയുടെ എണ്ണം സംബന്ധിച്ച കണക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്തിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | രജിസ്റ്റർ/ പേജ് നമ്പർ | അവസാന രേഖപ്പെടുത്തൽ | |
|---|---|---|---|---|
| | | | തിയതി | എണ്ണം |
| 1 | ആട് | IFSR.Vol.I/5 | 21.2.2022 | 20 |
| 2 | പശു | IFSR.Vol.II/146 | 14.03.2023 | 3 |
| 3 | താറാവ് | IFSR.Vol.I/43 | 7.12.2021 | 280 |
| 4 | കോഴി | IFSR.Vol.I/140 | 24.09.2021 | 80 |
| 5 | ബ്രോയിലർ താറാവ് | IFSR.Vol.I/140 | 25.01.2023 | 52 |

2022-23 സാമ്പത്തിക വർഷത്തിൽ 52 താറാവുകൾ, 5 ആടുകൾ 8,303 താറാവ് മുട്ടകൾ, 9,148 കോഴി മുട്ടകൾ എന്നിവ വിൽപ്പന നടത്തിയതായി കണ്ടു. എന്നാൽ കോഴിമുട്ട, താറാവ് മുട്ട എന്നിവയുടെ എണ്ണം സ്റ്റോക്ക് രജിസ്റ്ററിൽ യഥാസമയം രേഖപ്പെടുത്തിയിട്ടില്ല. കോഴികൾ, താറാവുകൾ, ഇവയുടെ മുട്ടകൾ എന്നിവയുടെ എണ്ണം കൃത്യമായി സ്റ്റോക്കിൽ അപ്ഡേറ്റ് ചെയ്യാത്തതിനാൽ പ്രതിദിന ശരാശരി ഉൽപ്പാദനം കണക്കാക്കുന്നതിനും ഈയിനത്തിലുള്ള വിൽപ്പന കണക്കുകളുടെ കൃത്യതയും പരിശോധിച്ച് ഉറപ്പാക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. കോഴികൾ, താറാവുകൾ എന്നിവയുടെ എണ്ണം തിട്ടപ്പെടുത്തി സ്റ്റോക്കിലെടുക്കണം. മുട്ടകൾ ലഭിച്ചത്, വിൽപ്പന നടത്തിയ എണ്ണം, രസീത് നമ്പർ/തിയതി എന്നിവയുടെ വിവരം സ്റ്റോക്ക് രജിസ്റ്ററുകളിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ പ്രതിദിനം രേഖപ്പെടുത്തലുകൾ നടത്തേണ്ടതും ഫാം ഓഫീസർ ഇക്കാര്യം പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

കന്നുകാലികൾക്കും പക്ഷികൾക്കുമായി വിവിധയിനം തീറ്റകൾ വാങ്ങിയത് IFSRൽ സ്റ്റോക്കിലെടുത്തിട്ടുണ്ട്. എന്നാൽ ഇവയുടെ പ്രതിദിന വിതരണം/ഉപയോഗം സംബന്ധിച്ച വിവരങ്ങൾ എഴുതി സൂക്ഷിച്ചിട്ടില്ല. കാലികളുടെ ശരീര ഭാരത്തിന്റെയും, പക്ഷികളുടെ എണ്ണത്തിന്റെയും അടിസ്ഥാനത്തിൽ മൃഗസംരക്ഷണ ഓഫീസർ നിശ്ചയിച്ച് നൽകുന്ന അളവിന്റെ അടിസ്ഥാനത്തിലാണ് പ്രതിദിന കാലിത്തീറ്റ ഉപഭോഗം കണക്കാക്കേണ്ടത് എന്നിരിക്കെ ഇത്തരം പ്രതിദിന ഡിമാന്റ് നിർണ്ണയിക്കുകയോ, പ്രതിദിന തീറ്റയുടെ ഉപയോഗം രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

തൻമൂലം പ്രതിദിനം ആവശ്യമായ കാലിത്തീറ്റ/പക്ഷിത്തീറ്റ അളവിന്റെ അടിസ്ഥാനത്തിലാണോ നിലവിലെ ഉപയോഗം എന്നത് സംബന്ധിച്ച് പരിശോധന സാധ്യമായിട്ടില്ല. പ്രതിദിന തീറ്റ ഉപഭോഗം അളവ് ശാസ്ത്രീയമായി നിർണ്ണയിക്കേണ്ടതും ആയതു പ്രകാരം വിതരണം നടത്തി രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകൾ നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

1-17-2 2022-23 വർഷത്തെ ക്രോപ്പ് ഫോർകാസ്റ്റ് അംഗീകാരം ലഭ്യമാക്കണം-നെൽ വിത്തുൽപ്പാദന നിരീക്ഷണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ബ്രീഡർ സീഡിന്റെ ഉൽപ്പാദന വിവരം മറുപടി തൃപ്തികരമല്ല, 3000 രൂപ തടസ്സപ്പെടുത്തുന്നു.

കോടശ്ശേരി സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രത്തിന്റെ 2022-23 വർഷത്തെ ക്രോപ്പ് ഫോർകാസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ അംഗീകാരം ലഭിച്ചതായി കാണുന്നില്ല. ഫാമിന്റെ 5.3ഹെക്ടർ പ്രദേശത്ത് വിരിപ്പ് കൃഷി നടത്തി 10.3ടൺ, മുണ്ടകൻ കൃഷി നടത്തി 6.96 ടൺ FS-II ജ്യോതി നെൽവിത്ത് തൻവർഷത്തിൽ ഉൽപ്പാദിപ്പിച്ചതായി ഫാം ഉൽപ്പാദന രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വളപ്രയോഗം, കീടനിയന്ത്രണം തുടങ്ങി നെൽകൃഷിയുടെ നിരീക്ഷണ ഘട്ടങ്ങൾ രേഖപ്പെടുത്തുന്ന ഒബ്സർവേഷൻ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. 22-23 വർഷത്തെ വിരിപ്പ് കൃഷിക്കായി 240 കി.ഗ്രാം നെൽവിത്ത് 5.5.22 നും മുണ്ടകൻ കൃഷിക്കായി 300 കി.ഗ്രാം നെൽവിത്ത് 20.5.22നും പട്ടാമ്പി പ്രാദേശിക വിത്തുൽപ്പാദന കേന്ദ്രത്തിൽ നിന്നും വാങ്ങിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു ഹെക്ടർ ഭൂമിയിൽ Transplantingന് 60-80 കി.ഗ്രാം നെൽവിത്ത് ആവശ്യമാണ് എന്ന് കാണുന്നു. നെൽകൃഷി സാധ്യമായ 5.3 ഹെക്ടറിലും മുണ്ടകൻ കൃഷി ചെയ്യുന്നതിനായി 20.5.22 ന് തന്നെ ജ്യോതി നെൽ വിത്ത് FS-I വാങ്ങിയത് മുണ്ടകൻ കൃഷിക്കായി സ്റ്റോക്ക് ചെയ്യുന്നതിനാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. അതേ സമയം പട്ടാമ്പി പ്രാദേശിക വിത്തുൽപ്പാദന കേന്ദ്രത്തിൽ നിന്നും വാങ്ങിയ ബ്രീഡറിൽ നിന്നും ഉൽപ്പാദിപ്പിച്ച 75 കി.ഗ്രാം വിത്തും മുണ്ടകൻ കൃഷിക്കായി ഉപയോഗിച്ചതായി രേഖപ്പെടുത്തി കാണുന്നു. ഫാമിലെ നെൽകൃഷി സാധ്യമായ സ്ഥലവിസ്തൃതിയുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ മറുപടി തൃപ്തികരമായി കാണുന്നില്ല. നവീന കൃഷി രീതികൾ പിൻതുടരുന്ന ഫാമിൽ മുണ്ടകൻ കാലയളവിൽ കേരളത്തിന്റെ വാർഷിക ശരാശരിയായ 2.1ടൺ/ഹെക്ടർ നിരക്കിൽ പോലും നെല്ലുൽപ്പാദനം നടന്നതായി കാണുന്നില്ല. സർക്കാർ ഫാമുകളിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സംബന്ധിച്ച് 26.06.2020ലെ TH(1)16813/20 നമ്പർ സർക്കുലർ പ്രകാരം കൃഷി വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും നെല്ലുൽപ്പാദനം സംബന്ധിച്ച നിരീക്ഷണ രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല.

വൌച്ചറുകൾ പരിശോധിച്ചതിൽ നിന്നും 27.06.2022 ന് പട്ടാമ്പി പ്രാദേശിക വിത്തുൽപ്പാദന കേന്ദ്രത്തിൽ നിന്നും 5 കിലോഗ്രാം ജ്യോതി ബ്രീഡർ സീഡ് വാങ്ങിയത് NSR പേജ് 25ൽ സ്റ്റോക്കിലെടുത്ത് ഫാം ഉപയോഗത്തിനായി വിതരണം ചെയ്തിരുന്നുവെങ്കിലും ഉൽപ്പാദിപ്പിച്ച നെല്ലിന്റെ സ്റ്റോക്ക് വിവരം ഓഡിറ്റ് സമയത്ത് ഹാജരാക്കിയിരുന്നില്ല. എന്നാൽ ഈ ബ്രീഡർ വിത്തിൽ നിന്നും 200 കി.ഗ്രാം FS-I നെൽവിത്ത് ഉൽപ്പാദിപ്പിച്ച് 75 കി.ഗ്രാം 12.10.2022 നും 125 കി.ഗ്രാം 12.06.2023നും ഫാമിൽ ഉപയോഗിച്ചതായി മറുപടി നൽകിയിട്ടുണ്ട്. ജ്യോതി വിത്തിന്റെ വിള കാലാവധി 110-115 ദിവസമാണ് 27.06.2022 ന് വാങ്ങിയ വിത്തിൽ നിന്നും ഉൽപ്പാദിപ്പിച്ച വിത്ത് 12.10.2022 ന് ഫാമിൽ ഉപയോഗിക്കുന്നതിന് നൽകി എന്ന മറുപടി വിശ്വസനീയമായി കാണുന്നില്ല. 75 കി.ഗ്രാം നെൽവിത്തിന്റെ വില (@40/Kg) 3000 രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.18, തിയതി.18.09.2023)

1-17-3 തെങ്ങിൻ തൈകളുടെ ഉൽപ്പാദനം നിരീക്ഷിക്കാനാവശ്യമായ കോക്കനട്ട് ഒബ്സർവേഷൻ രജിസ്റ്ററിൽ സമയബന്ധിതമായി രേഖപ്പെടുത്തലുകളില്ല. ഫാം ഉൽപ്പാദന രജിസ്റ്റർ, തെങ്ങിൻ തൈ സ്റ്റോക്ക് രജിസ്റ്റർ എന്നിവ അപ്ഡേറ്റ് ചെയ്യണം.

കൃഷിവകുപ്പ് ജില്ലയിലെ വിവിധ വിത്തു ശേഖരണ കേന്ദ്രങ്ങൾ വഴി കർഷകരിൽ നിന്നും 75 രൂപ നിരക്കിൽ വിത്തു തേങ്ങകൾ ശേഖരിച്ച് സൗജന്യമായി ഫാമുകൾക്ക് നൽകുന്നു. ഈ വിത്തു തേങ്ങകൾ സമയബന്ധിതമായി നട്ട് വളർച്ച നിരീക്ഷിച്ച് ഗുണമേന്മയുള്ള തൈകളെ ഉൽപ്പാദിപ്പിക്കുന്ന ചുമതല കൂടി സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രങ്ങൾക്കുണ്ട്. ഇങ്ങനെ ഉൽപ്പാദിപ്പിക്കുന്ന നാടൻ ഇനമായ WCT(West Cost Tall) 100 രൂപാ നിരക്കിലും, സങ്കരയിനം തൈകൾ (TxD, DxT, Dwarf) 250 രൂപാ നിരക്കിലും വിൽപ്പന നടത്തി ജില്ലാ പഞ്ചായത്തിൽ തുക അടവാക്കുകയാണ് നിലവിൽ ചെയ്തു വരുന്നത്.

സങ്കരയിനം വിത്തു തേങ്ങകൾക്ക് ലഭിച്ച് 1-2 മാസത്തിനകം നട്ടാൽ മാത്രമേ മുഴുവൻ തേങ്ങകളും മുളച്ച് ഗുണമേന്മയുള്ള തൈകൾ ലഭിക്കുകയുള്ളൂ. ഫാമിൽ ഉൽപ്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള തൈകൾ കോക്കനട്ട് കൌൺസിൽ ഉയർന്ന വില നൽകി സംഭരിക്കുന്നതിനാൽ സങ്കരയിനം തൈകൾ ഉൽപ്പാദിപ്പിക്കുന്നതാണ് ജില്ലാ പഞ്ചായത്തിന് കൂടുതൽ ആദായകരം. ലഭിക്കുന്ന മുഴുവൻ സങ്കരയിനം വിത്തുതേങ്ങകളും സമയബന്ധിതമായി നട്ടുതീർത്താൽ മാത്രമേ ഗുണമേന്മയുള്ള തൈകൾ ഉൽപ്പാദിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന് സാധിക്കുകയുള്ളൂ. 21-22 വർഷത്തിൽ ഫാമിൽ ലഭിച്ച സങ്കരയിനം വിത്തുകളിൽ നിന്നും 58.2ശതമാനം ഗുണമേന്മയുള്ള തൈകൾ മാത്രമാണ് 2022-23 വർഷത്തിൽ ലഭിച്ചിട്ടുള്ളത്. ഉൽപ്പാദനം സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വിത്തു തേങ്ങ ഇനം | ലഭിച്ച എണ്ണം | ലഭിച്ച ഗുണമേന്മയുള്ള തൈകളുടെ എണ്ണം | ശതമാനം |
|---|---|---|---|---|
| 1 | TxD | 660 | 317 | 48.03 |
| 2 | DxT | 6484 | 3946 | 60.8 |
| 3 | Dwarf | 5335 | 3002 | 56.3 |
| ആകെ | | 12479 | 7265 | 58.21 |

സീഡ് ഫാമിലെ കോക്കനട്ട് ഒബ്സർവേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 18.01.2023 മുതൽ 28.2.23 വരെ 13,054 DxT വിത്തുകളും, 13,897 WCT വിത്തുകളും അടക്കം ആകെ 26,951വിത്തുതേങ്ങകൾ ലഭിച്ചതായി കണ്ടു. 15.09.2023 ന് ഓഡിറ്റ് വിഭാഗം ഫാമിൽ നടത്തിയ പരിശോധനയിൽ വിത്തുതേങ്ങകൾ ഇനിയും നട്ടുതീർക്കാൻ ബാക്കിയുള്ളതായി കണ്ടു. വിത്തു തേങ്ങകൾ ബെഡ്ഡുകളിൽ നട്ടതിന്റെയും വളർച്ചാ പുരോഗതി പരിശോധിച്ചതിന്റെയും വിവരം കോക്കനട്ട് ഒബ്സർവേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഫാമിനു ലഭിക്കുന്ന വിത്തുതേങ്ങകൾ സമയബന്ധിതമായി നടുന്നുണ്ടോ/യഥാസമയം ഇവ നിരീക്ഷിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ ഓഡിറ്റിനു കഴിഞ്ഞിട്ടില്ല. സങ്കരയിനം വിത്തുതേങ്ങകൾ നടുന്നതിലുണ്ടാകുന്ന കാലതാമസം മുളയ്ക്കുന്ന എണ്ണത്തിലും, ലഭിക്കുന്ന തൈകളുടെ ഗുണമേന്മയിലും കുറവ് വരുത്തുമെന്നതിനാൽ ഇവ നടുന്നതിന് അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്. നടീൽ വിവരങ്ങൾ കോക്കനട്ട് ഒബ്സർവേഷൻ രജിസ്റ്ററിൽ സമയബന്ധിതമായി രേഖപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ പട്ടിക പ്രകാരം 2021-22 വർഷത്തിൽ ലഭിച്ച വിത്തുകളിൽ നിന്നും ഉൽപ്പാദിപ്പിച്ച ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ എണ്ണം ഫാം ഉൽപ്പാദന രജിസ്റ്ററിലോ, തെങ്ങിൻ തൈ സ്റ്റോക്ക് രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ഫാമിലെ ഉൽപ്പാദനം, വിതരണം, നീക്കിയിരുപ്പ് എന്നിവ സംബന്ധിച്ച വിവരങ്ങൾ യഥാസമയം പരിശോധിക്കുന്നതിനും, ഫാം പ്രവർത്തനങ്ങളെ മോണിറ്ററിംഗ് നടത്തുന്നതിനും ഫാം ഉൽപ്പാദന രജിസ്റ്റർ, തെങ്ങിൻ തൈ സ്റ്റോക്ക് രജിസ്റ്റർ എന്നിവയിൽ സമയബന്ധിതമായി രേഖപ്പെടുത്തലുകൾ നടത്തേണ്ടതും, രസീതി/ഇൻവോയ്സ് പ്രകാരമുള്ള

വിൽപ്പനയുടെ എണ്ണം, രസീതി നമ്പർ/തിയതി എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. മേൽ സൂചിപ്പിച്ച അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-17-4 ഫാം പ്രൊഡ്യൂസ് രജിസ്റ്റർ, ഡി.എം.എസ് രജിസ്റ്റർ എന്നിവയിൽ ആവശ്യമായ മുഴുവൻ വിവരങ്ങൾ ചേർക്കുന്നില്ല

A)ഫാം പ്രൊഡ്യൂസ് രജിസ്റ്ററിൽ ഫാമുല്പന്നങ്ങളുടെ വിളവ് വരവു വച്ച് വില്പന - നീക്കിയിരിപ്പ് വിവരം രേഖപ്പെടുത്തുന്നില്ല

ട്രഷറി ബില്ല് നം 1/ ₹2,42,709, സബ് വൗച്ചർ 6/₹2,550, ഇൻവോയ്സ് നം 69/MHF/2021-22/17.3.2022 പ്രകാരം കണ്ണാറ മോഡൽ ഹോർട്ടികൾച്ചർ ഫാമിൽ നിന്നും 35kg മഞ്ഞൾ, 10kg ഇഞ്ചി എന്നിവ വാങ്ങിയത് NSR Vol III രജിസ്റ്ററിൽ വരവുവച്ച് Issued To Farm Use എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മഞ്ഞളും ഇഞ്ചിയും കൃഷി ചെയ്ത് ലഭിച്ച വിളവ് ഫാം പ്രൊഡ്യൂസ് രജിസ്റ്ററിൽ വരവെടുത്തിട്ടില്ല. ഫാം പ്രൊഡ്യൂസ് രജിസ്റ്ററിൽ രശീതി പ്രകാരം മഞ്ഞൾ, ഇഞ്ചി എന്നിവ വില്പന നടത്തിയത് മാത്രം രേഖപ്പെടുത്തിക്കാണുന്നു. ഓഡിറ്റ് എൻക്വയറി 22/4-10-2023 ന് ലഭിച്ച മറുപടിയിൽ മഞ്ഞൾ നശിച്ചു പോയതായി അറിയിച്ചിട്ടുണ്ട്.

ഫാമിൽ ലഭിക്കുന്ന വിളവുകൾ ഫാം പ്രൊഡ്യൂസ് രജിസ്റ്ററിൽ വരവു വയ്ക്കുകയും, വില്പന നടത്തുമ്പോൾ അതാത് സമയം കുറവു ചെയ്ത് നീക്കിയിരിപ്പ് രേഖപ്പെടുത്തുകയും ചെയ്യണം. ഫാംപ്രൊഡ്യൂസ് രജിസ്റ്ററിലെ മുഴുവൻ രേഖപ്പെടുത്തലുകളും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

B) ഡി.എം.എസ് രജിസ്റ്ററിൽ ആവശ്യമായ മുഴുവൻ വിവരങ്ങളില്ല

ഡെയ്ലി മെമ്മോറാണ്ടം (ഡി.എം.എസ് )രജിസ്റ്ററിൽ ഓരോ ദിവസത്തേയും കാർഷികപ്രവർത്തനങ്ങളുടെ കൃത്യമായ വിവരങ്ങൾ ഓഡിറ്റ് കാലയളവിൽ രേഖപ്പെടുത്തിക്കാണുന്നില്ല. പലപ്പോഴും തൊഴിലാളികളുടെ എണ്ണം മാത്രമാണ് രേഖപ്പെടുത്തുന്നത്. ഉപയോഗിക്കുന്ന വിത്ത്, വളം എന്നിവയുടെ ഇനം, അളവ് എന്നിവ കൃത്യമായി ചേർക്കുകയോ സൂപ്പർവൈസറി ഓഫീസർ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-17-5 എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അശ്രദ്ധ -കോടശ്ശേരി സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രത്തിലെ വിപണന കേന്ദ്രം പ്രവർത്തനക്ഷമമായില്ല.

നിർവ്വഹണം.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി)

പദ്ധതി.നം. 595/23 ചട്ടിക്കുളം വിപണന കേന്ദ്രം നിർമ്മാണം-SSF കോടശ്ശേരി. (സ്പിൽ ഓവർ)
കോടശ്ശേരി ഗ്രാമപഞ്ചായത്തിൽ ചട്ടിക്കുളത്ത് സ്ഥിതിചെയ്യുന്ന സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രത്തിന്റെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഫാം കോംപൌണ്ടിനുള്ളിൽ 12.25ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ചെറിയ സെയിൽസ് കൌണ്ടർ നിർമ്മിക്കുന്നതിന് 2021-22 വർഷത്തിൽ 5 ലക്ഷം രൂപ വകയിരുത്തുകയും 1,62,896/-രൂപ ചെലവഴിക്കുകയും ചെയ്തിരുന്നു. തുടർന്ന് 17.07.2022 ന് പ്രവൃത്തി പൂർത്തീകരിച്ച് ബിൽ നം.3/22-23/26.8.22പ്രകാരം 2,21,879 രൂപ അടക്കം ആകെ 3,84,775/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ സെയിൽസ് കൌണ്ടർ നാളിതു വരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

വിത്തുൽപ്പാദന കേന്ദ്രത്തിന്റെ മുന്നിലൂടെ കടന്നു പോകുന്ന റോഡിന് അഭിമുഖമായാണ് സെയിൽസ്



കൌണ്ടർ നിർമ്മിച്ചിട്ടുള്ളത്. നിലവിൽ സെയിൽസ് കൌണ്ടറിനും റോഡിനും ഇടയിലുമായി ഫാമിന്റെ മതിൽ ഉള്ളതിനാൽ അത് പൊളിച്ച് നീക്കി ഗേറ്റ്, ബോർഡ് എന്നിവ സ്ഥാപിച്ചാൽ മാത്രമാണ് റോഡിലൂടെ സഞ്ചരിക്കുന്നവർക്ക് സെയിൽസ്



കൗണ്ടർ കാണുന്നതിന് സാധിക്കുകയുള്ളൂ. നടീൽ വസ്തുക്കളും മറ്റും വാങ്ങുന്നതിന് വിത്തുൽപ്പാദന കേന്ദ്രത്തിലെത്തുന്നവർക്ക് നൽകുന്നതിനാവശ്യമായ ഫാമുൽപ്പന്നങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിനും വിൽപ്പന നടത്തുന്നതിനുമായി കെട്ടിടം നിർമ്മിക്കുമ്പോൾ സെയിൽസ് കൌണ്ടറിലേക്ക് പ്രവേശിക്കുന്നതിനുള്ള വഴി ഇല്ലായെന്ന് വ്യക്തമായിട്ടും മതിൽ പൊളിച്ച് ഗേറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഫാമിനുള്ളിലേക്ക് പ്രവേശിക്കുന്ന വഴിക്ക് അഭിമുഖമായി സെയിൽസ് കൌണ്ടർ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിരുന്നുവെങ്കിൽ വിൽപ്പന കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി നിലവിലുള്ള മതിൽ പൊളിച്ച് മാറ്റി ഗേറ്റ് സ്ഥാപിക്കേണ്ടതായ സാഹചര്യം ഒഴിവാക്കാമായിരുന്നു. ആവശ്യമായ സ്ഥലപരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നുവെങ്കിൽ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് തന്നെ സെയിൽസ് കൌണ്ടറിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമായിരുന്നു. അപാകതകൾ പരിഹരിച്ച് സെയിൽസ് കൌണ്ടർ പ്രവർത്തന ക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17-6 ക്രെഡിറ്റ് സെയിൽ നടത്തിയ ഫാമുല്പന്നങ്ങളുടെ വില ലഭ്യമാകുന്നതിൽ കാലതാമസം

### 1) ഇൻവോയിസുകൾ പ്രകാരമുള്ള 2,12,225 രൂപ ലഭ്യമായിട്ടില്ല

കോടശ്ശേരി സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിൽ നിന്നും 2022-23 സാമ്പത്തിക വർഷം സെയിൽ ചെയ്ത ഫാം ഉത്പന്നങ്ങളുടെ വിലയായ 2,12,225 രൂപ നാളിതുവരെയും ലഭ്യമായിട്ടില്ല. അതിൽ 1,98,625 രൂപ തെങ്ങിൻ തൈ വിറ്റ വകയിൽ കോക്കനട്ട് കൗൺസിലിൽ നിന്നും ലഭിക്കാനുള്ള തുകയാണ്. ബാക്കി 13,600 രൂപ മറ്റ് ഇൻവോയ്സുകൾ പ്രകാരം വിവിധ കൃഷിഭവനുകളിൽ നിന്നും ഫാമുല്പന്നങ്ങൾ വിറ്റ വകയിൽ ലഭിക്കാനുള്ളതാണ്. ഇൻവോയ്സ് രജിസ്റ്റർ പ്രകാരം ലഭിക്കാൻ അവശേഷിക്കുന്ന തുകകളുടെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയിസ് നം./തീയതി | കൃഷിഭവൻ / സ്ഥാപനം | ഇനം | ലഭിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1 | 17/2022-23 /27-06-22 | വാടാനപ്പിള്ളി കൃഷിഭവൻ | ജ്യോതി നെൽവിത്ത് (40kg) | 3600 |
| 2 | 52/2022-23 /11-11-22 | കോടശ്ശേരി കൃഷിഭവൻ | ജ്യോതി FS-II നെൽവിത്ത് (250kg) | 10000 |
| 3 | തെങ്ങിൻ തൈ സെയിൽ ചെയ്ത വകയിൽ ലഭിക്കാനുള്ളത് | | | 198625 |

| | | |
|---|---|---|
| | ആകെ | 212225 |

മേൽ പട്ടികയിലെ ക്രെഡിറ്റ് സെയിൽ ഇൻവോയ്സുകൾ പ്രകാരമുള്ള തുകകൾ വിവിധ കൃഷിഭവനകളിൽ നിന്നും ലഭിക്കാനുള്ളതായിട്ടാണ് ഇൻവോയ്സ് രജിസ്റ്ററിന്റെ പരിശോധനയിൽ ബോധ്യമായിട്ടുള്ളത്. കൂടാതെ കോക്കനട്ട് കൗൺസിലിൽ നിന്നും ലഭ്യമാകാനവശേഷിക്കുന്ന തുകകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന പക്ഷം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2) ഇൻവോയ്സ് രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്

ഓഡിറ്റ് വർഷത്തിൽ ഇൻവോയിസ് രജിസ്റ്റർ കാലികമാക്കിയിട്ടുണ്ടെങ്കിലും സാക്ഷ്യപ്പെടുത്തിയിട്ടില്ല. സൂപ്പർ വൈസറി ഓഫീസർ പരിശോധന നടത്തി രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-18-1 പഴയന്നൂർ സീഡ് ഫാമിലെ തെങ്ങിൻ തൈകളുടെ ഉൽപ്പാദനം- കോക്കനട്ട് ഒബ്സർവേഷൻ രജിസ്റ്റർ അപ്ഡേറ്റ് ചെയ്യണം. കള്ളിംഗ് റിപ്പോർട്ട് ലഭ്യമാക്കണം.

നിർവ്വഹണ ഉദ്യോഗസ്ഥൻ . സീനിയർ കൃഷി ഓഫീസർ , SSF പഴയന്നൂർ

പഴയന്നൂർ സീഡ് ഫാമിലെ കോക്കനട്ട് ഒബ്സർവേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ 15.12.2022 മുതൽ 20.2.23 വരെ കാലയളവിൽ കുള്ളൻ (Dwarf-COD) ഇനത്തിൽ പെട്ട 8,780 വിത്തുതേങ്ങകൾ ലഭിച്ചതായി കണ്ടു. ഇവ 21.12.2022 മുതൽ 13.03.2023 വരെ കാലയളവിൽ നട്ടതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ ആദ്യഘട്ട വളർച്ച നിരീക്ഷിച്ചതിന്റെ രേഖപ്പെടുത്തലുകൾ ഉണ്ടെങ്കിലും തുടർ നിരീക്ഷണ/വളർച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വളർച്ചാ ഘട്ടങ്ങൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

2,613 കുള്ളൻ ഇനംവിത്തുതേങ്ങകൾ നട്ടത് 30.5.22ന് കള്ളിംഗ് നടത്തിയതിൽ ഗുണമേന്മയുള്ള 1139 തെങ്ങിൻ തൈകളും, 3,180 DxTവിത്തുതേങ്ങകൾ നട്ടത് 05.05.2022ന് കള്ളിംഗ് നടത്തിയതിൽ 1,685 തെങ്ങിൻ തൈകൾ ലഭിച്ചതായും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കള്ളിംഗ് റിപ്പോർട്ട്, കള്ളിംഗ് നടത്തിയ ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലുകൾ എന്നിവ രജിസ്റ്ററിലോ ഫയലിലോ സൂക്ഷിച്ച് കാണുന്നില്ല. തെങ്ങിൻതൈ ഉൽപ്പാദനത്തിന്റെ കണക്കുകൾ ആധികാരികമാക്കുന്നതിനും ഉൽപ്പാദന കണക്കുകളുടെ സുതാര്യത ഉറപ്പ് വരുത്തുന്നതിനും മേൽ കള്ളിംഗ് റിപ്പോർട്ടുകൾ ഹാജരാക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-18-2 ബ്രീഡർ സീഡിന്റെ ഉൽപ്പാദന വിവരം സ്റ്റോക്കിലില്ല.

29.04.2022ന് പട്ടാമ്പി പ്രാദേശിക വിത്തുൽപ്പാദന കേന്ദ്രത്തിൽ നിന്നും 25 കിലോഗ്രാം ജ്യോതി ബ്രീഡർ സീഡ് വാങ്ങിയതിന് പഴയന്നൂർ സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം 1650 രൂപ നൽകിയിട്ടുണ്ട്. നെൽവിത്ത് വാങ്ങിയതിന്റെ ബിൽ നഷ്ടപ്പെട്ടതിനാൽ RARS പട്ടാമ്പി തുക കൈപറ്റിയതിന്റെ സ്ക്രീൻ ഷോട്ട് ആണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. വാങ്ങിയ നെൽവിത്ത് സ്റ്റോക്കിലെടുത്തിട്ടില്ല. ബ്രീഡർ സീഡ് ഉപയോഗിച്ച് ഫാം ഉൽപ്പാദിപ്പിച്ച FS-Iവിത്തുകളുടെ വിവരം ഫാം ഉൽപ്പാദന രജിസ്റ്ററിലോ, നെൽവിത്ത് സ്റ്റോക്ക് രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ഇക്കാലയളവിലെ സ്റ്റോക്ക് രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ ഇല്ല. ഫാം ഉൽപ്പാദന രജിസ്റ്റർ വാല്യം 7ൽ പേജ് 4ൽ FS-I 435 കിലോഗ്രാം സ്റ്റോക്കിലെടുത്തിട്ടുള്ളത് 4.3.2023 ലാണ്. സർക്കാർ ഫാമുകളിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സംബന്ധിച്ച് 26.06.2020ലെ TH(1)16813/20 നമ്പർ സർക്കുലർ പ്രകാരം കൃഷി വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും നെല്ലുൽപ്പാദനം സംബന്ധിച്ച നിരീക്ഷണ രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല.നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിപണനവും ഫാമുകളുടെ പ്രധാന ചുമതലയാണെന്നിരിക്കെ ഉൽപ്പാദിപ്പിക്കുന്ന നടീൽവസ്തുക്കളുടെ സ്റ്റോക്ക് രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ നടത്താത്തതും ഉൽപ്പാദനം സംബന്ധിച്ച

നിരീക്ഷണ രജിസ്റ്ററുകൾ ശരിയായി പരിപാലിക്കാത്തതും ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യത്തിൽ ഉത്തരവാദികൾക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണ്.

1-18-3 സ്റ്റോക്ക് എൻട്രി രേഖപ്പെടുത്തലുകൾ ഇല്ല. ചെലവു തുക 432381 രൂപ തടസ്സപ്പെടുത്തുന്നു.

പഴയന്നൂർ സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രത്തിന് തൻ വർഷത്തിൽ സംരക്ഷണ ഗ്രാന്റിനത്തിൽ നൽകിയ 8.25 ലക്ഷം രൂപയിൽ 3,82,381 രൂപയുടേയും തനത് ഫണ്ടിനത്തിൽ 50,000 രൂപയുടെയും സ്റ്റോക്ക് വിവരങ്ങൾ രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററുകളിൽ സമയബന്ധിതമായി രേഖപ്പെടുത്തലുകൾ നടത്താതിരുന്നതും നിരീക്ഷണ ചുമതലയുള്ള ഫാം ഓഫീസർ രജിസ്റ്ററുകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയും ചെയ്യിട്ടില്ല എന്നത് ഗുരുതരമായ കൃത്യവിലോപമാണ്. ഓഡിറ്റ് കാലയളവിലെ വാങ്ങലുകളും ഫാമുകളിലെ ഉൽപ്പാദനവും സംബന്ധിച്ച സുതാര്യത ഉറപ്പ് വരുത്തുന്നതിന് സ്റ്റോക്ക് രേഖപ്പെടുത്തലുകളുടെ അഭാവം മൂലം ഓഡിറ്റിന് സാധിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ട്രഷറി ബിൽ നം. | തുക | തിയതി | ഫണ്ടിനം |
|---|---|---|---|
| 1/22-23 | 67952 | 27.08.22 | സംരക്ഷണ ഗ്രാന്റ് റോഡിതരം |
| 2/22-23 | 150238 | 27.8.22 | |
| 3/22-23 | 33965 | 30.08.22 | |
| 4/22-23 | 89775 | 15.0922 | |
| 5/22-23 | 40451 | 24.09.22 | |
| ചെക്ക് നം. 937726 | 50000 | 30.03.2023 | തനത് ഫണ്ട് |
| ആകെ | 4,32,381 | | |

കാർഷിക വികസന & കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 17.10.18ലെ TH(2)30181/18 നമ്പർ സർക്കുലർ പ്രകാരം സർക്കാർ ഫാമുകളിലെ കൃഷിയുമായി ബന്ധപ്പെട്ട ജോലികളുടെ നിർവ്വഹണ ചുമതല, ബന്ധപ്പെട്ട രജിസ്റ്ററുകളുടെ പരിപാലനം എന്നിവ കൃഷി അസിസ്റ്റന്റുമാരുടെ ചുമതലയാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ ബില്ലുകൾ പ്രകാരം വാങ്ങിയ സാമഗ്രികളുടെ പർച്ചേയ്സ് ബില്ലുകളിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തുകയോ, വാങ്ങിയ ഇനങ്ങൾ സ്റ്റോക്കിലെടുക്കുകയോ ചെയ്യിട്ടില്ല ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ബില്ലുകളിൽ സ്റ്റോക്ക് എൻട്രി സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി യഥാസമയം സ്റ്റോക്കിലെടുക്കേണ്ടതും, രജിസ്റ്ററുകൾ സൂപ്പർവൈസറി ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. ആയതിനാൽ ചെലവു തുക ഓഡിറ്റിൽ തടസ്സപെടുത്തുന്നു. അപാകതകൾക്ക് ഉത്തരവാദിയായവർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണ്.

1-18-4 ഫാമുല്പന്നങ്ങൾ വിറ്റ വകയിൽ 743180 രൂപ ലഭ്യമായിട്ടില്ല

പഴയന്നൂർ സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിലെ ഫാമുല്പന്നങ്ങൾ 2022-23 സാമ്പത്തിക വർഷത്തിൽ വിവിധ കൃഷിഭവനകൾ/സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് ക്രെഡിറ്റ് സെയിൽ അടിസ്ഥാനത്തിൽ

വിതരണം ചെയ്തതിന്റെ തുക ലഭ്യമായിട്ടില്ല. തെങ്ങിൻ തൈ വിറ്റവകയിൽ കോക്കനട്ട് നഴ്സറിയിൽ നിന്നും 642500 രൂപയും മറ്റ് ഇൻവോയിസുകൾ പ്രകാരം 100680 രൂപയും ഉൾപ്പെടെ 743180 രൂപ ലഭ്യമാകാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയിസ് നം./തീയതി | ആകെ തുക | കൃഷിഭവൻ / സ്ഥാപനം | ലഭിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1 | 12/7/31-10-22 | 44400 | ചേലക്കര കൃഷിഭവൻ | 44400 |
| 2 | 31/7/23-2-23 | 16280 | ഹോർട്ടി കോർപ് | 16280 |
| 3 | 33/7/4-3-23 | 17500 | ADA വടക്കാഞ്ചേരി | 17500 |
| 4 | 36/7/14-3-23 | 22500 | ADA ചാവക്കാട് | 22500 |
| | വിവിധ ഫാമുല്പന്നങ്ങൾ ക്രെഡിറ്റ് സെയിൽ നടത്തിയ വകയിൽ കിട്ടാനുള്ളത് | | | 100680 |
| 5 | 13/6/30-8-22 | 10000 | KB, ഗുരുവായൂർ | 10000 |
| | 14/6/30-8-22 | 15000 | KB, പൂക്കോട് | 15000 |
| | 15/6/30-8-22 | 10000 | KB, ഒരുമനയൂർ | 10000 |
| | 16/6/30-8-22 | 10000 | KB, ചാവക്കാട് | 10000 |
| | 17/6/30-8-22 | 15000 | KB, കടപ്പുറം | 15000 |
| | 18/6/30-8-22 | 15000 | KB, ചൂണ്ടൽ | 15000 |
| | 20/6/30-8-22 | 15000 | KB, ചൊവ്വന്നൂർ | 15000 |
| | 21/6/30-8-22 | 15000 | KB, വേലൂർ | 15000 |
| | 22/6/30-8-22 | 15000 | KB, പാഞ്ഞാൾ | 15000 |
| | 23/6/30-8-22 | 15000 | KB, കൊണ്ടാഴി | 15000 |
| | 24/6/30-8-22 | 15000 | KB, വള്ളത്തോൾ നഗർ | 15000 |
| | 25/6/30-8-22 | 15000 | KB, ചേലക്കര | 15000 |
| | 26/6/30-8-22 | 15000 | KB, മുണ്ടത്തിക്കോട് | 15000 |
| | 27/6/30-8-22 | 15000 | KB, എരുമപ്പെട്ടി | 15000 |
| | 28/6/30-8-22 | 15000 | KB, വടക്കാഞ്ചേരി | 15000 |
| | 29/6/30-8-22 | 15000 | KB, മുള്ളൂർക്കര | 15000 |
| | 30/6/30-8-22 | 15000 | KB, പുന്നയൂർ | 15000 |

| | | | | |
|---|---|---|---|---|
| | 31/6/30-8-22 | 15000 | KB, പുന്നയൂർക്കുളം | 15000 |
| | 32/6/30-8-22 | 15000 | KB, വടക്കേക്കാട് | 15000 |
| | 33/6/30-8-22 | 15000 | KB, തൈക്കാട് | 15000 |
| | 34/6/30-8-22 | 15000 | KB, കാട്ടാക്കാമ്പൽ | 15000 |
| | 35/6/30-8-22 | 15000 | KB, കണ്ടാണശ്ശേരി | 15000 |
| | 36/6/30-8-22 | 15000 | KB, കടവല്ലൂർ | 15000 |
| | 37/6/6-7-22 | 15000 | KB, ആർത്താറ്റ് | 7500 |
| | 38/6/30-8-22 | 15000 | KB, മുളങ്കുന്നത്ത് കാവ് | 15000 |
| | 39/6/30-8-22 | 15000 | KB, കടങ്ങോട് | 15000 |
| | 40/6/7-7-22 | 10000 | KB, കുന്നംകുളം | 10000 |
| | 41/6/30-8-22 | 16600 | KB, അവണൂർ | 16600 |
| | 42/6/30-8-22 | 15000 | KB, തെക്കുംകര | 15000 |
| | 43/6/30-8-22 | 15000 | KB, ദേശമംഗലം | 15000 |
| | 44/6/30-8-22 | 15000 | KB, പോർക്കുളം | 15000 |
| | 45/6/30-8-22 | 15000 | KB, വരവൂർ | 15000 |
| | 46/6/30-8-22 | 25000 | KB, തിരുവില്വാമല | 25000 |
| | 47/6/30-8-22 | 163400 | KB, പഴയന്നൂർ | 163400 |
| | തെങ്ങിൻ തൈ വിറ്റവകയിൽ ആകെ കിട്ടാനുള്ളത് | | | 642500 |

ക്രെഡിറ്റ് സെയിൽ നടത്തിയ മേൽ പട്ടികയിലെ ഇൻവോയ്സുകൾ പ്രകാരമുള്ള തുകയും തെങ്ങിൻ തൈ വിറ്റ വകയിലുള്ള തുകയും എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന പക്ഷം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം നം.17/4-10-23)

1-18-5 റദ്ദ് ചെയ്ത ഇൻവോയിസുകളുടെ അസ്സൽ സൂക്ഷിച്ചിട്ടില്ല

50 ഇൻവോയിസുകൾ അടങ്ങിയ ഇൻവോയിസ് പുസ്തകം നം.5 (ഇൻവോയിസ് നം.22 മുതൽ), 6, 7 (ഇൻവോയിസ് നം.39 വരെ) ആണ് ഓഡിറ്റ് കാലയളവിൽ ഉപയോഗിച്ചിട്ടുള്ളത്. അവയിൽ വിവിധ ഫാമുല്പന്നങ്ങൾ ക്രെഡിറ്റ് സെയിൽ നൽകിയതായി രേഖപ്പെടുത്തിയ താഴെ പറയുന്ന ഇൻവോയിസുകൾ റദ്ദ് ചെയ്തിട്ടുണ്ടെങ്കിലും അവയുടെ അസ്സൽ സൂക്ഷിച്ചിട്ടില്ല. കൂടുതൽ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇൻവോയിസ് നം./ബുക്ക് നം./തീയതി | ഇൻവോയിസിൽ രേഖപ്പെടുത്തിയ സ്ഥാപനം | തുക |
|---|---|---|
| 40/5/5-7-22 | കൃഷി ഓഫീസർ, തെക്കുംകര | 38800 |
| 42/5/5-7-22 | കൃഷി ഓഫീസർ, | 40000 |

| | | |
|---|---|---|
| | തെക്കുംകര | |
| 43/5/5-7-22 | കൃഷി ഓഫീസർ, വള്ളത്തോൾ നഗർ | 40000 |
| 6/6/8-7-22 | കൃഷി ഓഫീസർ, വള്ളത്തോൾ നഗർ | 45010 |

റദ്ദ് ചെയ്ത മേൽ പട്ടികയിലെ ഇൻവോയിസുകളുടെ അസ്സൽ ഇൻവോയിസ് പുസ്തകത്തിൽ സൂക്ഷിച്ചിട്ടില്ല. റദ്ദ് ചെയ്തവയുടെ അസ്സൽ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/4-10-23) മറുപടി നൽകിയെങ്കിലും അസ്സൽ ഹാജരാക്കിയിട്ടില്ല.

1-19 ഫാമുകളിലെ നാളികേരത്തിൽ നിന്നും വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കുന്നതിന് പ്ലാന്റ് സ്ഥാപിക്കൽ-പ്രവർത്തനം സംബന്ധിച്ച രൂപരേഖ ഇല്ല-സർക്കാർ അനുമതി ലഭ്യമാക്കണം.

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ (കൃഷി)

ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകളിൽ ഉൽപ്പാദിപ്പിക്കുന്ന നാളികേരത്തിൽ നിന്നും വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കുന്നതിന് മണ്ണുത്തി വിത്തുൽപ്പാദന കേന്ദ്രത്തിൽ പ്ലാന്റ് ആരംഭിക്കുന്നതിനായി 2021-22 വർഷത്തിൽ 13 ലക്ഷം രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കിയിരുന്നു. തുടർന്ന് സ്പിൽ ഓവറായ പദ്ധതി നം. 594/23 പ്രകാരം 22-23 വർഷത്തിൽ 12,63,384 രൂപ ചെലവഴിച്ച് രണ്ട് മുറികളും ഒരു ഷെഡും കൂടി 825 ച.അടി വിസ്തൃതിയുള്ള കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. യൂണിറ്റ് പ്രവർത്തന ക്ഷമമാക്കുന്നതിന് ആവശ്യമായ



തേങ്ങ പൊതിക്കൽ യന്ത്രം, തേങ്ങ കട്ടർ, കൊപ്ര ഡ്രയർ, കൊപ്ര കട്ടർ, ഓയിൽ എക്സ്പെല്ലർ, ഓട്ടോമാറ്റിക്ക് ഫില്ലിംഗ്&പാക്കിംഗ് മെഷീൻ എന്നിവ വാങ്ങുന്നതിനുള്ള 13,10,000/- രൂപയുടെ എസ്റ്റിമേറ്റിന് കോഴിക്കോട് മേഖലാ (കൃഷി) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അനുമതി ലഭ്യമാക്കി ഇവ വാങ്ങുന്നതിനായി 19.03.2023 ന് ഇ-ടെണ്ടർ ക്ഷണിച്ചതായും കണ്ടു.

ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള ജില്ലയിലെ വിവിധ ഫാമുകളിൽ പ്രതിവർഷം ഉൽപ്പാദിപ്പിക്കുന്ന 1.5 ലക്ഷം തേങ്ങകൾ ശേഖരിച്ച് പ്രതിവർഷം 800 മനുഷ്യ ദിനങ്ങൾ ഉപയോഗിച്ച് (200 തൊഴിൽ ദിനങ്ങൾ- നാലു പേർ- കൂലി @ 675 രൂപ നിരക്കിൽ) പ്രതിദിനം 750 തേങ്ങകൾ വീതം സംസ്കരിച്ച് വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കുന്നതിന് തേങ്ങയുടെ വില ഉൾപ്പെടെ 26.5 ലക്ഷം രൂപ പ്രതിവർഷം ചെലവ് പ്രതീക്ഷിക്കുന്നു.

25 തേങ്ങയിൽ നിന്നും 3 കി.ഗ്രാം വെളിച്ചെണ്ണയും 2 കി.ഗ്രാം പിണ്ണാക്കും ലഭിക്കുമെന്ന് കണക്കാക്കി 1.5 ലക്ഷം തേങ്ങയിൽ നിന്നും ലഭിക്കുന്ന വെളിച്ചെണ്ണയ്ക്ക് കി.ഗ്രാമിന് 185 രൂപ നിരക്കിലും പിണ്ണാക്കിന് കി.ഗ്രാമിന് 30 രൂപ നിരക്കിലും തൊണ്ടിനും ചിരട്ടയ്ക്കും കൂടി 10 പൈസ നിരക്കിലും കൂടി ആകെ 33.45 ലക്ഷം രൂപ വരവും ലഭിക്കുമെന്നും അടിസ്ഥാന സൌകര്യങ്ങൾക്കായി ചെലവഴിക്കുന്ന 35 ലക്ഷം രൂപ മാറ്റി നിർത്തിയാൽ പ്രതിവർഷം ജില്ലാ പഞ്ചായത്തിന് 6.5 ലക്ഷം രൂപ അധിക വരുമാനം നേടാനാകുമെന്നും ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച വെളിച്ചെണ്ണ ഉൽപ്പാദന യൂണിറ്റ് പദ്ധതിയുടെ ഡി.പി.ആർ – ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റിലേക്കാവശ്യമായ യന്ത്രങ്ങൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ച സാഹചര്യത്തിൽ പദ്ധതി എങ്ങിനെ വിജയകരമായി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ തൃപ്തികരമായ മറുപടി നൽകിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 10/24.08.2023)

പദ്ധതി നിർവ്വഹണം സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ .

1. ജില്ലാ പഞ്ചായത്തിന്റെ ചില ഫാമുകളിൽ നിലവിൽ ഉൽപ്പാദിപ്പിക്കുന്ന നാളികേരത്തിൽ നിന്നും പ്രാദേശികമായി ആട്ടി വെളിച്ചെണ്ണ ഉൽപ്പാദിപ്പിച്ച് വിൽപ്പന നടത്തുന്നുണ്ട്. ഏതാനും ചില ഫാമുകളിൽ മാത്രമേ ഹാർവെസ്റ്റ് ചെയ്ത നാളികേരം ക്വട്ടേഷൻ ക്ഷണിച്ച് വിൽപ്പന നടത്തുന്നുള്ളൂ. ജില്ലയിലെ വിദൂരമേഖലകളിൽ സ്ഥിതിചെയ്യുന്ന ഇത്തരം ഫാമുകളിൽ നിന്നും നാളികേരം കൊണ്ടുവന്ന് പദ്ധതി നടപ്പാക്കുന്നത് പ്രായോഗികമല്ല. മാത്രമല്ല ഫാമുകളിൽ ഹാർവെസ്റ്റ് ചെയ്യുന്ന മുഴുവൻ നാളികേരവും കേട് കൂടാതെ സംഭരിക്കുന്നതിനും നാമമാത്രമായ തൊഴിലാളികളെ ഉപയോഗിച്ച് മുളച്ച് പോകുന്നതിന് മുൻപായി അവയെ കൊപ്രയാക്കി മാറ്റിയെടുക്കുന്നതിനും കഴിയുമോയെന്ന് വ്യക്തമല്ല.

2. ജില്ലയിലെ വിവിധ ഫാമുകളിലെ തേങ്ങ ഉൽപ്പാദന കണക്കുകൾ പരിശോധിക്കുമ്പോൾ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 8 ഫാമുകളിൽ ആകെയുള്ള 897 തെങ്ങുകളിൽ നിന്നും പ്രതിവർഷം 35,000ൽ താഴെ മാത്രമാണ് നാളികേരം ലഭിക്കുന്നത്. കീടനിയന്ത്രണം, ആവശ്യമായ പരിരക്ഷ, യഥാസമയത്തുള്ള വിളവെടുപ്പ്, നശിച്ച് പോകുന്നതും ഉൽപ്പാദനം ഇല്ലാത്തതുമായ തെങ്ങുകൾക്ക് പകരം തെങ്ങുകൾ വച്ച് പിടിപ്പിക്കാത്തത് എന്നിവ മൂലം ഒട്ടു മിക്ക ഫാമുകളിലും നാളികേര ഉൽപ്പാദനം ഓരോ വർഷത്തിലും കുറഞ്ഞുവരുന്നതായി കാണുന്നു.

3. മോഡൽ ഹോർട്ടികൾച്ചർ ഫാം കണ്ണാറയിലെ പ്രതിവർഷ ഉൽപ്പാദനം കൂടി കണക്കിലെടുത്താണ് പ്രതിവർഷം 1.5 ലക്ഷം നാളികേരം ഫാമുകളിൽ നിന്ന് ലഭിക്കുമെന്ന് ഡി.പി.ആറിൽ കണക്കാക്കിയിട്ടുള്ളത്. എന്നാൽ ഈ ഫാം കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ളതും ഇവിടെ ഉൽപ്പാദിപ്പിക്കുന്ന നാളികേരത്തിന്റെ വിൽപ്പന തുക നേരിട്ട് കൃഷി വകുപ്പിൽ അടവാക്കുന്നതുമാണ്. പ്രതിവർഷം ഒരു ലക്ഷത്തിലധികം നാളികേരം ഉൽപ്പാദിപ്പിക്കുന്ന കണ്ണാറ ഫാമിൽ നിന്നും നാളികേരം വിലകൊടുത്ത് വാങ്ങി ഉപയോഗിക്കുകയാണെങ്കിൽ പോലും 10 കിലോമീറ്ററിലധികം ദൂരമുള്ള കണ്ണാറ മോഡൽ ഫാമിൽ നിന്നും മണ്ണുത്തി ഫാമിലെ യൂണിറ്റിൽ നാളികേരം എത്തിക്കുന്നതിനുള്ള വാഹന വാടക, കയറ്റിറക്ക് ചെലവുകൾ എന്നിവ അധിക ചെലവ് ഉണ്ടാക്കുമെന്നത് ഉറപ്പാണ്. ഇത്തരം ചെലവുകൾ ഡി.പി.ആറിൽ പരിഗണിച്ചിട്ടില്ല/ഉൾപ്പെടുത്തിയിട്ടില്ല.

4. മണ്ണുത്തി ഫാമിൽ 25 ലക്ഷം രൂപ ചെലവഴിച്ച് വെളിച്ചെണ്ണ നിർമ്മാണയൂണിറ്റ് സ്ഥാപിക്കേണ്ടതില്ലെന്നും പദ്ധതിക്ക് വകയിരുത്തുന്ന തുക മണ്ണുത്തി ഫാമിലെ അടിയന്തിര പ്രാധാന്യമുള്ള മറ്റു പദ്ധതികൾക്ക് നീക്കി വയ്ക്കുന്നതിനും ആവശ്യപ്പെട്ട് മണ്ണുത്തി ഫാം സീനിയർ കൃഷി ഓഫീസർ നൽകിയ എസ്.എഫ്.എം.23/21-22 നമ്പർ കത്ത് 22.10.2021 ന് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ലഭിച്ചതായി ഫയലിൽ കണ്ടു. എന്നാൽ ഇത് പരിഗണിക്കാതെയാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്.

5. വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റിൽ ആവശ്യമായ ഉപകരണങ്ങൾ സ്ഥാപിച്ച് അത് പ്രവർത്തനക്ഷമമായാൽ തന്നെ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് മണ്ണുത്തി ഫാമിലെ തൊഴിലാളികളെ ഉപയോഗിക്കുന്നത് ഫാമിന്റെ ദൈനം ദിന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നതിന് ഇടയായേക്കാം. മാത്രമല്ല യൂണിറ്റിൽ സ്ഥാപിക്കുന്ന യന്ത്രങ്ങൾ അപകടരഹിതമായും യന്ത്രങ്ങൾ തകരാറിലാകാതെ പ്രവർത്തിപ്പിക്കുന്നതിനും, പരിപാലിക്കുന്നതിനും സാങ്കേതിക പരിജ്ഞാനമുള്ള തൊഴിലാളികൾക്ക് മാത്രമേ സാധിക്കുകയുള്ളൂ. എന്നാൽ കെട്ടിടം നിർമ്മിച്ച് യന്ത്രോപകരണങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കി കെട്ടിടം നിർമ്മിച്ചുവെന്നല്ലാതെ യൂണിറ്റ് എങ്ങിനെ പ്രവർത്തിപ്പിക്കും എന്നതിന് വ്യക്തമായ മറുപടി ലഭിച്ചിട്ടില്ല. തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയ പഠന റിപ്പോർട്ട് പ്രകാരം ജില്ലാപഞ്ചായത്ത് അംഗീകാരം നൽകിയ പദ്ധതിയനുസരിച്ച് കെട്ടിടം നിർമ്മിച്ച് ഫാമിന് കൈമാറുക മാത്രമാണ് കൃഷി എഞ്ചിനീയറിംഗ് വിഭാഗം ചെയ്യുന്നതെന്നും തുടർ നടത്തിപ്പ് ജില്ലാ പഞ്ചായത്തിന്റെ ചുമതലയാണെന്നും കൃഷി എഞ്ചിനീയറിംഗ് വിഭാഗം അറിയിക്കുകയുണ്ടായി.

6. പ്രോജക്റ്റിൽ വിഭാവനം ചെയ്ത രീതിയിൽ വലിയ അളവിൽ വെളിച്ചെണ്ണ ഉൽപ്പാദനവും വിൽപ്പനയും

സാധ്യമാകണമെങ്കിൽ ഭക്ഷ്യോൽപ്പന്നമെന്ന നിലയിൽ പൊതു വിപണിയിൽ കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നമായി ബ്രാൻഡ് ചെയ്ത് പാക്ക് ചെയ്ത് വെളിച്ചെണ്ണ വിൽപ്പന നടത്തേണ്ടതുണ്ട്. ഇത്തരത്തിൽ പായ്ക്ക് ചെയ്യുന്ന ഉൽപ്പന്നം ദീർഘനാൾ കേടു കൂടാതെ ഇരിക്കുന്നതിന് വെളിച്ചെണ്ണയിലെ ജലാംശം നിശ്ചിത ശതമാനത്തിൽ താഴെയാക്കി കുറവ് ചെയ്യേണ്ടതുമുണ്ട്. ഇതിനുള്ള മാർഗ്ഗങ്ങൾ നിലവിലെ ഡി.പി.ആറിൽ ഉൾപെട്ടിട്ടില്ല.

7. വ്യാവസായിക അടിസ്ഥാനത്തിൽ വെളിച്ചെണ്ണ ഉൽപ്പാദിപ്പിക്കുമ്പോൾ മാർക്കറ്റിലെ നിലവിലുള്ള കിടമത്സരത്തിനിടയിലും നിശ്ചിത കമ്മീഷൻ നൽകി ഷോപ്പുകൾ/കുടുംബശ്രീ/മറ്റ് മാർക്കറ്റിംഗ് സംവിധാനങ്ങൾ മുഖേന ബ്രാൻഡ് ചെയ്ത് വിൽപ്പന നടത്തുന്നതിന് തദ്ദേശ സ്ഥാപനത്തിന്റെ ലൈസൻസ്, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, FSSAI, GST, MSME/SSI, TradeMark രജിസ്ട്രേഷൻ എന്നിവ ആവശ്യമാണ്. യൂണിറ്റ് സജ്ജമാകുന്ന മുറയ്ക്ക് ഇവ ലഭ്യമാക്കുന്നതിന് ആവശ്യമായ മുന്നൊരുക്ക പ്രവർത്തനങ്ങൾ ഒന്നും തന്നെ ഇതുവരെ നടന്നിട്ടില്ല. ഇക്കാര്യത്തിൽ എന്തു ചെയ്യുമെന്നത് സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് തീരുമാനങ്ങൾ ഒന്നും എടുത്തിട്ടില്ല. നഗരകേന്ദ്രീകൃതമോ, പൊതു മാർക്കറ്റുകളോട് ചേർന്നോ സെയിൽസ് കൌണ്ടറുകളും മറ്റും ജില്ലാ പഞ്ചായത്തിന് ഇല്ലാത്തതിനാൽ ഉയർന്ന അളവിൽ പ്രതിദിനം വെളിച്ചെണ്ണ ഉൽപ്പാദിപ്പിച്ചാൽ തന്നെ നിശ്ചിത കാലാവധിക്കുള്ളിൽ ഇവ വിൽപ്പന നടത്തുന്നത് വെല്ലുവിളി സൃഷ്ടിച്ചേക്കാം.

8. പ്രോജക്ട് പ്രകാരം പ്രതിവർഷം 1.2 ലക്ഷം രൂപയാണ് വൈദ്യുതി ചാർജ്ജ് കണക്കാക്കിയിട്ടുള്ളത്. മണിക്കൂറിൽ 500 നാളികേരം പൊതിക്കുന്ന യന്ത്രം, മണിക്കൂറിൽ 200 തേങ്ങ പിളർക്കുന്ന യന്ത്രം, ഒരു ബാച്ചിൽ 500 തേങ്ങ ഉണക്കുന്ന യന്ത്രം, മണിക്കൂറിൽ 120 കിലോഗ്രാം കൊപ്ര അരിയുന്ന യന്ത്രം, മണിക്കൂറിൽ 60 കിലോഗ്രാം ആട്ടുന്ന യന്ത്രം എന്നിങ്ങനെ വിവിധ യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് വൈദ്യുതി ചാർജ്ജിനത്തിൽ വകയിരുത്തിയ തുക പര്യാപ്തമല്ല. 1.5 ലക്ഷം നാളികേരം പ്രോസസ് ചെയ്ത് മൂല്യ വർധിത ഉൽപ്പന്നമാക്കി മാറ്റുന്നതിന് 675 രൂപ കൂലി നിരക്കിൽ ഒരു വർഷത്തേയ്ക്ക് ആകെ 800 മനുഷ്യ ദിനങ്ങളാണ് പദ്ധതിയിൽ ചെലവ് കണക്കാക്കിയിട്ടുള്ളത്. നിലവിൽ പ്രാബല്യത്തിലുള്ള കൂലി നിരക്ക് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള 675 രൂപ എന്നതിനേക്കാൾ ഉയർന്നതാണ് എന്നതിനാൽ കൂലിയിനത്തിൽ ചെലവു കണക്കാക്കിയ സംഖ്യ മതിയാവുകയില്ല.

കൂലിയുടെയും, തൊഴിൽ ദിനങ്ങളുടേയും, വൈദ്യുതി ചാർജ്ജിന്റെയും നിരക്കിലുള്ള വർദ്ധന ഉൽപ്പാദന ചെലവുകൾ വർദ്ധിക്കുന്നതിനും, അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറവ്/വില വർധന, ലക്ഷ്യമിട്ടതു പ്രകാരമുള്ള ഉൽപ്പാദനം നടക്കാതിരിക്കുന്നത്, മാർക്കറ്റിംഗ്-പരസ്യ ചെലവുകൾ, ട്രാൻസ്പോർട്ടേഷൻ, വിപണിയിലെ മത്സരം, വിൽപ്പനയിലെ കുറവ്, വെളിച്ചെണ്ണയുടെ കുറഞ്ഞ വില എന്നിവ മൂലം ജില്ലാപഞ്ചായത്തിന് പ്രതീക്ഷിച്ച വരുമാനം ലഭിക്കാതിരുന്നാൽ ലക്ഷ്യമിട്ടതിൽ നിന്നും വിഭിന്നമായി വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റ് ജില്ലാ പഞ്ചായത്തിന് ബാധ്യതായി മാറുകയും ചെലവഴിച്ച തുക നഷ്ടമാവുകയും ചെയ്യും. യൂണിറ്റിനെ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും വിപണിയ്ക്കനുസരിച്ച് പ്രവർത്തനങ്ങളെ മോണിറ്ററിംഗ് നടത്തുന്നതിനും ഉള്ള പരിചയസമ്പന്നരായ വ്യക്തികളുടെ അഭാവം പദ്ധതി നടപ്പാക്കുന്നതിൽ വെല്ലുവിളി ഉയർത്തുമെന്നത് വ്യക്തമാണ്.

9. യൂണിറ്റിന്റെ നടത്തിപ്പ് സംബന്ധിച്ച വ്യക്തമായ മാർഗ്ഗരേഖ/നിർദ്ദേശം/സംവിധാനം എന്താണെന്ന് നിലവിൽ ഡി.പി.ആറിൽ വ്യക്തമാക്കിയിട്ടില്ല. മറിച്ച് സ്വയം സഹായ സംഘങ്ങൾ വഴി നടത്തുകയാണെങ്കിൽ സംഘം രജിസ്റ്റർചെയ്യണമെന്ന് മാത്രമാണ് രേഖപ്പെടുത്തി കാണുന്നത്. വ്യക്തമായ ആസൂത്രണമില്ലാതെ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് നടപ്പാക്കുന്നതിന് ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച വിജ്ഞാൻ സാഗർ പദ്ധതി, സുശാന്തം പദ്ധതി, ശുഭാപ്തി പദ്ധതി, ഷീ പാഡ് പദ്ധതി, പ്ലാസ്റ്റിക് സംസ്കരണ കേന്ദ്രം പദ്ധതി, വർഷങ്ങൾക്ക് മുൻപുണ്ടാക്കിയ ആശിർവാദ് റൈസ് പാർക്ക് പദ്ധതി എന്നിങ്ങനെ പദ്ധതികൾ ലക്ഷ്യം നേടാതെ ജില്ലാ പഞ്ചായത്തിന് ഭീമമായ നഷ്ടം ഉണ്ടാക്കിയ സാഹചര്യത്തിൽ സംഘങ്ങൾ രൂപീകരിച്ച് പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റ് ലാഭകരമായും, കാര്യക്ഷമമായും

പ്രവർത്തിപ്പിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കി സർക്കാർ അനുമതി ലഭ്യമാക്കിയ ശേഷം മാത്രം പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-20 കുണ്ടനി- കുളപ്പാടം പാടശേഖരം മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ -സർക്കാർ അനുമതി ലഭ്യമാക്കണം. ചെലവു തുക 13.05 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

താന്ന്യം ഗ്രാമപഞ്ചായത്തിലെ കുണ്ടനി- കുളപ്പാടം പാടശേഖരത്തിന് 30 എച്ച്.പി. വെർട്ടിക്കൽ ആക്സിസ് ഫ്ലോ മോട്ടോർ പമ്പ് സെറ്റ് വാങ്ങുന്നതിന് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ 598/23 പദ്ധതിയിൽ 16.5 ലക്ഷം രൂപ വകയിരുത്തിരുന്നു. 8.2.2022 ന് ഇ-ടെണ്ടർ നടത്തി 14.5 ലക്ഷം രൂപയ്ക്ക് വെർട്ടിക്കൽ ആക്സിസ് ഫ്ലോ പമ്പ്സെറ്റ് സ്ഥാപിക്കുന്നതിന് 10.3.22 ലെ വികസന കാര്യ സ്ഥിരം സമിതി അംഗീകാരം നൽകുകയും പമ്പ്സെറ്റ് വിതരണം ചെയ്തതിന് 8.12.2022 ന് പ്ലാൻ ഫണ്ടിൽ നിന്ന് 13.05 ലക്ഷം രൂപ നൽകുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ - ഓഡിറ്റ് നിരീക്ഷണങ്ങൾ .

1. 14.02.2018ലെ സ.ഉ.(കൈ) നം.22/2018 ത.സ്വ.ഭ.വ ഉത്തരവിലെ വ്യവസ്ഥകളാണ് 2021-22 സാമ്പത്തിക വർഷത്തിൽ ആവിഷ്കരിച്ചതും 2022-23 ലേക്ക് സ്പിൽ ഓവറുമായ ഈ പദ്ധതിയ്ക്ക് ബാധകമായിട്ടുള്ളത്. മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1.9പ്രകാരം നെൽകൃഷി ജലസേചനത്തിന് പാടശേഖര സമിതികൾക്ക് പെട്ടിയും പറയും, മോട്ടോറും 100% സബ്സിഡിയോട് കൂടി വാങ്ങിനൽകാൻ സാധിക്കുമെങ്കിലും ഇത്തരം പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് മാത്രമാണ് ഏറ്റെടുത്ത് നടത്താൻ അനുമതിയുള്ളത്. ഇതിനായി ജില്ലാ തലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളിൽ നിന്നും വിഭിന്നമായി വെർട്ടിക്കൽ ആക്സിസ് പമ്പ്സെറ്റ് സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്ത് 13.05 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം. 9/18.08.2023) സംസ്ഥാന തല വികേന്ദ്രീകൃതാസൂത്രണ കോർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ലഭിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. ഹാജരാക്കിയ 26.09.2019ലെ കമ്മിറ്റിയുടെ മിനിറ്റ്സ് പ്രകാരം പ്രളയം മൂലം പമ്പ്സെറ്റ് നഷ്ടപ്പെട്ടവർക്ക് പമ്പ്സെറ്റ് നൽകുന്നതിന് ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതി നം. 274/19 പദ്ധതിയിലുൾപ്പെട്ട നാല് പാടശേഖരങ്ങൾക്ക് പമ്പ്സെറ്റുകൾ വിതരണം ചെയ്യാൻ അനുമതി ലഭിച്ചതായി കണ്ടു. എന്നാൽ 2021-22 വർഷത്തിൽ 1205/22 നമ്പർ ആയി ആവിഷ്കരിക്കുകയും പിന്നീട് 598/23 നമ്പറായി സ്പിൽ ഓവറും ആയ ഈ പദ്ധതി നടപ്പാക്കുന്നതിന് കോർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയോ സർക്കാർ അംഗീകാരമോ ലഭിച്ചതായി കാണുന്നില്ല.

2. പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചതു പ്രകാരം 30 എച്ച്.പി. മോട്ടോറും പെട്ടിയും പറയും സ്ഥാപിക്കുന്നതിന് ജില്ലാ സമിതി നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് 7,35,345 യാണ്. എന്നാൽ 30 എച്ച്.പി. കപ്പാസിറ്റിയുള്ള വെർട്ടിക്കൽ ഫ്ലോ പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിന് 14.5 ലക്ഷം രൂപയുടെ ടെണ്ടർ ജില്ലാപഞ്ചായത്ത് അംഗീകരിച്ച് നൽകുകയാണുണ്ടായത്. 2021-22, 2022-23 എന്നീ വർഷങ്ങളിൽ ജില്ലാ സമിതി വെർട്ടിക്കൽ ഫ്ളോ പമ്പ് സെറ്റുകൾക്ക് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് നൽകിയിട്ടില്ല. 7.4 ലക്ഷം രൂപ ചെലവിൽ 30 എച്ച്. പി. കപ്പാസിറ്റിയുള്ള പെട്ടിയും പറയും സ്ഥാപിക്കാൻ ബ്ലോക്ക് പഞ്ചായത്തുകൾ വഴി സാധിക്കുമെന്നിരിക്കെ കോർഡിനേഷൻ കമ്മിറ്റിയുടെ അംഗീകാരമോ, മാർഗ്ഗരേഖയിൽ വെർട്ടിക്കൽ പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതിയോ ഇല്ലാതെ ഇതിനായി ജില്ലാ പഞ്ചായത്ത് 14.5 ലക്ഷം രൂപയുടെ ടെണ്ടർ അംഗീകരിക്കുകയും പ്ലാൻ ഫണ്ടിൽ നിന്നും 13.05 ലക്ഷം രൂപ നൽകുകയും ചെയ്തത് ക്രമപ്രകാരമല്ല. പദ്ധതിക്കായി ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3. ഇതേ പാടശേഖര സമിതിക്ക് തന്നെ 2021-22 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 30 എച്ച്.പി. കപ്പാസിറ്റിയുള്ള പമ്പ് സെറ്റുകൾ ലഭിച്ചതായി പാടശേഖര സമിതി നൽകിയ കത്ത് ഫയലിൽ

കണ്ടു. ജില്ലാ പഞ്ചായത്തിൽ നിന്നും നൽകിയതായ വെർട്ടിക്കൽ ആക്സിസ് ഫ്ലോ പമ്പ്സെറ്റിന്റെ നമ്പർ, ഇൻസ്റ്റാളേഷൻ, കമ്മീഷനിംഗ് റിപ്പോർട്ടുകൾ, വാറണ്ടി, വിൽപ്പനാനന്തര സേവന വിവരങ്ങൾ, വിതരണക്കാരനോ യന്ത്രോൽപ്പാദന കമ്പനിയോ നൽകിയതിന്റെ രേഖകൾ/റിപ്പോർട്ടുകൾ, പമ്പ്സെറ്റ് സ്ഥാപിച്ച ലൊക്കേഷൻ വിവരം, എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഇൻസ്പെക്ഷൻ/ഡിഫക്ട് റിപ്പോർട്ട്, വൈദ്യുതി കണക്ഷൻ ലഭിച്ചതിന്റെ വിവരം എന്നിവ ഫയലിൽ ഇല്ല. മേൽ സൂചിപ്പിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണം.

4. ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് ജില്ലാ പഞ്ചായത്ത് വാങ്ങി നൽകിയ പമ്പ്സെറ്റിന്റെ പരിപാലനം സംബന്ധിച്ച് പാടശേഖര സമിതി ജില്ലാ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. എന്നാൽ പദ്ധതിയിൽ വകയിരുത്തിയിരുന്നതു പ്രകാരം 10% തുക ഗുണഭോക്തൃ വിഹിതം അടവാക്കുന്നതിന് 23.08.2022 ന് AE(3)153(21)നമ്പറായി നിർവ്വഹണ ഉദ്യോഗസ്ഥൻ കത്ത് നൽകിയിട്ടുണ്ടെങ്കിലും പാടശേഖര സമിതി ഗുണഭോക്തൃവിഹിതം അടവാക്കിയിട്ടില്ല. നികുതി ഉൾപ്പെടെ 14.5 ലക്ഷം രൂപ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ 10.03.2022ലെ വികസന കാര്യസ്ഥിരം സമിതി 2(6) നമ്പറായി അംഗീകരിക്കുകയും പാടശേഖര സമിതിയുടെ 26.07.22ലെ കത്ത് പ്രകാരം വെർട്ടിക്കൽ ഫ്ളോ പമ്പ് സെറ്റിന്റെ ട്രയൽ റൺ പൂർത്തീകരിച്ചതായി അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പമ്പ്സെറ്റ് വിതരണം ചെയ്ത എം.എ.ജെയിംസ്, മണ്ണാശ്ശേരുപരിയിൽ ഫൌണ്ടറി, തലയോലപ്പറമ്പ് എന്ന സ്ഥാപനത്തിന് 13.05 ലക്ഷം രൂപ മാത്രമേ നൽകിയിട്ടുള്ളു എന്നും ബാക്കി തുക 1,45,000/-രൂപ നാളിതുവരെ നൽകിയിട്ടില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്.

5. ജില്ലയിലെമ്പാടുമുള്ള വിവിധ പാടശേഖര സമിതികളിൽ നിന്നും ഗുണഭോക്താവായ പാടശേഖര സമിതിയെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം ഫയലിലില്ല. ഒരു പാടശേഖര സമിതിക്കു തന്നെ രണ്ട് തദ്ദേശ സ്ഥാപനങ്ങൾ വഴി പമ്പ്സെറ്റുകൾ വാങ്ങി നൽകാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ഗുണഭോക്താവിനെ ജില്ലാപഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച തീരുമാനം, തുക കൈമാറിയതിന്റെ ട്രഷറിപെയ്ഡ് റിപ്പോർട്ട്/ചെക്ക് നമ്പർ, തുക കൈപറ്റിയതിന്റെ രസീതി, പമ്പ്സെറ്റിന്റെ പ്രവർത്തനം സംബന്ധിച്ച ജില്ലാ പഞ്ചായത്ത് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

കോർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയും, മാർഗ്ഗരേഖ പ്രകാരം ഈയിനത്തിൽ സബ്സിഡി നൽകുന്നതിന് നിർദ്ദേശവും ഇല്ലാത്തതിനാൽ ചെലവഴിച്ച 13.05 ലക്ഷം രൂപ സർക്കാർ അനുമതി ലഭിക്കുന്നതുവരെ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (കൃഷി) പഴയ ഓഫീസിന്റെ വൈദ്യുതി കുടിശ്ശിക അടവാക്കിയതിൽ അവ്യക്തത. വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. ചെലവു തുക 61,840/-രൂപ തടസ്സപ്പെടുത്തുന്നു.

അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (കൃഷി)ദൈനം ദിന ചെലവുകൾ നിർവ്വഹിക്കുന്നതിനുള്ള പദ്ധതിയിലുൾപ്പെടുത്തി പഴയ ഓഫീസിലെ 8/2013 മുതൽ ഓഫീസ് പ്രവർത്തിച്ചിരുന്ന 2019 ജൂലൈ 8 വരെയുള്ള കാലയളവിലെ വൈദ്യുതി കുടിശ്ശികയായ 61,840 രൂപ അടവാക്കുന്നതിന് സ്പെഷൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ) എൻ.എച്ച്.ഡി.പി. 4.1.22 ലെ നം.എ1.3175/14 കത്ത് പ്രകാരം ആവശ്യപ്പെട്ടതിനെ തുടർന്ന് ബിൽ നം.2/22-23 ലെ ബിൽ തുകയായ 99,571/- രൂപയിൽ ഉൾപെടുത്തി വൌച്ചർ നം. 2 ആയി 61,840/- രൂപ സ്പെഷൽ ഡെപ്യൂട്ടി കളക്ടർക്ക് നൽകിയിട്ടുണ്ട്. കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് പ്രവർത്തിച്ചിരുന്ന ചെമ്പുക്കാവിലെ എൻ.എച്ച്.ഡി.പി. കെട്ടിടത്തിന്റെ വൈദ്യുതി ബില്ലിന്റെ 16ശതമാനം തുക പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ കണക്കാക്കി അടവാക്കുന്നതിന് ആവശ്യപ്പെട്ടതനുസരിച്ചാണ് മേൽപ്രകാരം തുക നൽകിയിട്ടുള്ളത്. ഒന്നിലധികം ഓഫീസുകൾ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ ഓരോ ഓഫീസിനും പ്രത്യേകം മീറ്റർ സ്ഥാപിച്ച് ഉപഭോഗത്തിനനുസൃതമായി വൈദ്യുതിചാർജ്ജ് അടവാക്കുകയാണ് ചെയ്യേണ്ടിയിരുന്നതെങ്കിലും ഓരോ

ഓഫീസിനും പ്രത്യേക മീറ്റർ സ്ഥാപിച്ച് ഉപയോഗിച്ച വൈദ്യുതിയുടെ അളവ് നിർണയിച്ച് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നതിന് പകരം പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കി വൈദ്യുതി ചാർജ്ജ് ഈടാക്കുകയാണ് ചെയ്തിട്ടുള്ളത്.

എന്നാൽ ഇത്തരത്തിൽ തുക ഈടാക്കുന്നതിന് ഉള്ള ടി കെട്ടിടത്തിലെ വിവിധ ഓഫീസുകളുടെ യോഗതീരുമാനത്തിന്റെ പകർപ്പ്, തുക അടവാക്കുന്നതിന് ആവശ്യപ്പെട്ട് നഗരസഭാ വൈദ്യുതി വിഭാഗം നൽകിയ ഡിമാന്റ് നോട്ടീസ് പകർപ്പ്, കൺസ്യൂമർ നമ്പർ, വിവിധ വർഷങ്ങളിലെ ഉപയോഗം തുടങ്ങിയ വിവരങ്ങൾ, തുക അടവാക്കിയതിന്റെ ട്രഷറി പെയ്ഡ് റിപ്പോർട്ട്, പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ വൈദ്യുതി ബിൽ കണക്കാക്കുന്നതിന് നിശ്ചയിച്ച ഉത്തരവിന്റെ പകർപ്പ് എന്നിവ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. 2013 മുതൽ 2019 വരെ കാലയളവിൽ വൈദ്യുതി ബിൽ അടവാക്കാതിരുന്ന സാഹചര്യം, ഇക്കാര്യത്തിൽ പിഴ പലിശ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ സംബന്ധിച്ച് മറുപടി ലഭ്യമാക്കണം. (ഓഡിറ്റ് എൻക്വയറി നം. 27/18.10.2023) മേൽ സൂചിപ്പിച്ച രേഖകളുടെയും വിശദീകരണങ്ങളുടേയും അഭാവത്തിൽ ചെലവു തുക 61,840/- രൂപ താൽക്കാലികമായി തടസ്സപ്പെടുത്തുന്നു.

1-22 പാടശേഖര സമിതികൾക്ക് മോട്ടോർ പമ്പ് സെറ്റ് നൽകൽ- ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന് അംഗീകൃത മാനദണ്ഡങ്ങൾ ഇല്ല. അപേക്ഷ ക്ഷണിച്ചതിന്റെയും പമ്പ്സെറ്റുകൾ സ്ഥാപിച്ചതിന്റെയും വിവരം ഇല്ല. ഒരേ ഉടമകളുടെ രണ്ട് പേരിലുള്ള ടെണ്ടർ പരിഗണിച്ച് 27,75,360/-രൂപയുടെ വാങ്ങൽ നടത്തി ചെലവ് തുക തടസ്സപ്പെടുത്തുന്നു. വിശദമായ അന്വേഷണം ആവശ്യമാണ്.

ഇന്ത്യയിലെ തന്നെ വലുപ്പത്തിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്നതും റാംസർ സൈറ്റ് ആയി അന്താരാഷ്ട്ര അംഗീകാരം ലഭിച്ചിട്ടുള്ള കോൾ പ്രദേശമാണ് ചാലക്കുടി പുഴ മുതൽ ഭാരതപുഴ വരെ വ്യാപിച്ച് കിടക്കുന്ന തൃശ്ശൂർ-പൊന്നാനി കോൾ നിലങ്ങൾ. സമുദ്രനിരപ്പിൽ നിന്നും 1.5 മീറ്റർ വരെ താഴ്ന്ന് സ്ഥിതിചെയ്യുന്നതും ഏകദേശം 13,632 ഹെക്ടർ വിസ്തൃതിയിൽ വ്യാപിച്ച് കിടക്കുന്നതുമായ ഈ കോൾ നിലങ്ങളിൽ നിന്നുമാണ് സംസ്ഥാനത്തെ നെല്ലിന്റെ 17% വും ഉൽപ്പാദിപ്പിക്കപെടുന്നത്. ഏകദേശം 150 –ലധികം പാടശേഖര സമിതികൾ ഈ കോൾ നിലങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. വർഷത്തിൽ ആറുമാസത്തിലധികം വെള്ളം കെട്ടി നിൽക്കുന്ന ബൃഹത്തായ പാടശേഖരങ്ങൾക്കു ചുറ്റും നിലവിലുള്ള സ്ഥിര ബണ്ടുകൾക്കിടയിലെ ഹൈ ലെവൽ കനാലുകളിലേക്ക് വെള്ളം പമ്പ് ചെയ്ത് വറ്റിച്ചും, ആവശ്യത്തിന് വെള്ളം കൃഷിയിടത്തിലേക്ക് തിരിച്ച് വിട്ടുമാണ് കോൾ നിലങ്ങളിൽ സെപ്റ്റംബർ മുതലുള്ള കാലങ്ങളിൽ മുണ്ടകൻ, ലേറ്റ് മുണ്ടകൻ, പുഞ്ച എന്നിങ്ങനെ കൃഷി ചെയ്തു വരുന്നത്. 2018 ലുണ്ടായ പ്രളയവും, മടവീഴ്ച/ബണ്ടുകൾ തകർന്നതും മൂലം ജല നിയന്ത്രണ മാർഗ്ഗങ്ങൾ തകരാറിലായതിനെ തുടർന്ന് കോൾ നിലങ്ങളിൽ വലിയൊരു ഭാഗം തരിശുനിലങ്ങളായി കിടക്കുന്ന സ്ഥിതിവിശേഷമുണ്ട്. ഈ സാഹചര്യത്തിലാണ് ജില്ലാ പഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) 2022-23 വർഷത്തിൽ കോൾ മേഖലയിലെയും, കോളിതര മേഖലയിലെയും പാടശേഖര സമിതികൾക്കാവശ്യമായ പമ്പ്സെറ്റുകൾ നൽകുന്നതിന് 1069/23 നമ്പറായും, കോളിതര മേഖലയിൽ 631/23 നമ്പറായും പദ്ധതി ആവിഷ്കരിച്ചത്.

പദ്ധതി നം. 1069/23 ന്റെ ഭാഗമായി കോൾ മേഖലയിൽ 30 ലക്ഷം രൂപ വകയിരുത്തി കരിയാം പാടം കോൾപടവ് പാടശേഖര സമിതി, പോത്തും ചിറ-പൂരം ചിറ പാടശേഖര സമിതി എന്നിവർക്കായി 20 എച്ച്.പി., 50 എച്ച്.പി. സബ് മെഴ്സിബിൽ വെർട്ടിക്കൽ ആക്സിസ് പമ്പ്സെറ്റുകൾ വാങ്ങി നൽകിയതിന് 27 ലക്ഷം രൂപ ചെലവഴിക്കുകയും, പദ്ധതി നം. 631/23 പ്രകാരം കോളിതര മേഖലയിൽ വിവിധ പാട ശേഖരങ്ങളിൽ പമ്പ്സെറ്റുകൾ സ്ഥാപിക്കുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തി ഇ-ടെണ്ടർ നടത്തി താഴെ കാണും പ്രകാരം സെൻട്രിഫ്യൂഗൽ പമ്പ്സെറ്റുകൾ വാങ്ങിയതിന് 40,73,360 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | ടെണ്ടർ തിയതി/ഇനം /ബിൽ തുക | ഇൻവോയ്സ് നം./നിരക്ക് | വിതരണം ചെയ്തത് | കപ്പാസിറ്റി (എച്ച്.പി) | എണ്ണം |
|---|---|---|---|---|---|
| 1 | 24.02.2023/ സെൻട്രിഫ്യൂഗൽ മോണോ ബ്ലോക്ക് പമ്പ്സെറ്റ്/ 27,75,360/- | A000432/20.03.2023 /@2,34,820 | വാട്ടർ വേൾഡ്, ഹയ ടവർ, വെസ്റ്റ് ഫോർട്ട് തൃശ്ശൂർ | 10 | 8 |
| | | A000432/@2,65,500 | | 20 | 1 |
| | | A000432/@3,06,800 | | 25 | 1 |
| | | A000432/@3,24,500 | | 30 | 1 |
| 2 | 17.03.2023/സബ് മെഴ്സിബിൾ പമ്പ്/12,98,000/- | 191/28.03.2023/ സെറ്റ്/12,98,000/- | വിജയൻ എന്റർപ്രൈസസ്, | 20 | 1 |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ -ഓഡിറ്റ് നിരീക്ഷണങ്ങൾ.

1. പദ്ധതി നടപ്പാക്കുന്നതിനായി ജില്ലയിലെ വിവിധ പാടശേഖരങ്ങളിൽ മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും പ്രവർത്തന ശേഷി കുറഞ്ഞ പഴയ പമ്പുകൾ മാറ്റി പുതിയത് സ്ഥാപിക്കുന്നതിനുമായി നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഓഫീസിൽ നിന്നും 22 പാടശേഖര സമിതികളുടെ സൈറ്റുകളിൽ സ്ഥലപരിശോധന നടത്തിയതിന്റെ വിവരവും പരിശോധന നടത്തിയ ഉദ്യോഗസ്ഥന്റെ ശുപാർശയും ഫയലിൽ സൂക്ഷിച്ചതായി കണ്ടു. എന്നാൽ മേൽ പ്രകാരം വാങ്ങിയ പമ്പ്സെറ്റുകൾ ഏതൊക്കെ പാടശേഖരങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന വിവരം ഫയലിലില്ല. പാടശേഖര സമിതികളിൽ മോട്ടോർ സ്ഥാപിക്കുന്നതിന് മുൻഗണന നൽകിയതിന്റെ മാനദണ്ഡങ്ങൾ എന്താണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ വാട്സ് ആപ്പ് വഴി നൽകിയ ലിസ്റ്റ് അംഗീകരിക്കുന്നതിന് ഭരണസമിതിക്ക് സമർപ്പിക്കുന്നതായി നിർവ്വഹണ ഉദ്യോഗസ്ഥൻ നോട്ട് ഫയലിൽ കുറിപ്പെഴുതിയതായി കണ്ടു. നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ജില്ലയിലെ വിവിധ കോൾ, കോളിതര പാടശേഖര സമിതികൾക്ക് ആവശ്യമായ പമ്പ് സെറ്റുകൾ നൽകുന്നതിന് ജില്ലാ പഞ്ചായത്ത് പദ്ധതി തയ്യാറാക്കിയിരുന്നുവെങ്കിലും അവ നൽകുന്നതിനായി പാടശേഖര സമിതികളിൽ നിന്ന് അപേക്ഷ ക്ഷണിക്കുകയോ, ലഭിച്ച അപേക്ഷകളിൽ മുൻഗണനാ ക്രമം നിശ്ചയിച്ച് പമ്പ് സെറ്റുകൾ നൽകുന്നതിന് പാടശേഖരങ്ങളെ തെരഞ്ഞെടുക്കുകയോ ചെയ്തതായി കണ്ടില്ല. പദ്ധതിക്കർഹരായ മുഴുവൻ പാടശേഖരങ്ങളും പദ്ധതിയെപറ്റി അറിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമല്ല. ജില്ലാ പഞ്ചായത്ത് നൽകുന്ന ലിസ്റ്റ് പ്രകാരമുള്ള പാടശേഖരങ്ങളിൽ കൃഷി സാങ്കേതിക വിഭാഗം ജീവനക്കാർ പരിശോധന നടത്തി അവ പദ്ധതിയിലുൾപ്പെടുത്താൻ കഴിയുന്നവയാണെങ്കിൽ പട്ടികയിലുൾപ്പെടുത്തി വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങുകയാണ് ചെയ്യുന്നതെന്ന് ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകുകയുണ്ടായി. ഇത് ക്രമ പ്രകാരമല്ല. ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതികളിൽ ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി അപേക്ഷ നൽകുന്നതിനും, അർഹതയും, മുൻഗണനയും സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങൾ ഉണ്ടാകേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം. 16/12.09.2023). ആയതിനാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് മുൻപായി പദ്ധതി സംബന്ധിച്ച് വിവിധ മാധ്യമങ്ങളിലൂടെ ആവശ്യമായ

പ്രചാരണം നൽകുന്നതിനും, അർഹരായ മുഴുവൻ അപേക്ഷകളും സ്വീകരിച്ച് അർഹതയും, മുൻഗണനാ മാനദണ്ഡങ്ങളും പരിശോധിച്ച് മാത്രം ആനുകൂല്യങ്ങൾ നൽകുന്നതിനും, ആവശ്യമായ രേഖകൾ, കരാർപത്രം എന്നിവ ഫയലിൽ സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

2. പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനായി പാടശേഖര സമിതികൾ നൽകിയ അപേക്ഷകൾ, മേൽ പട്ടിക പ്രകാരം വാങ്ങിയ പമ്പ് സെറ്റുകൾ വിവിധ പാടശേഖരങ്ങളിൽ സ്ഥാപിച്ച് ട്രയൽ റൺ നടത്തിയതിന്റെ വിവരം, വൈദ്യുതി കണക്ഷൻ ലഭിച്ചതിന്റെ വിവരം/കൺസ്യൂമർ നമ്പർ, പമ്പ്സെറ്റുകൾ സ്ഥാപിച്ചതു സംബന്ധിച്ച നിർവ്വഹണ ഉദ്യോഗസ്ഥന്റെ പ്രാദേശിക പരിശോധനാ റിപ്പോർട്ട്, മെഷീൻ നമ്പർ രേഖപ്പെടുത്തിയ വാറണ്ടി കാർഡ്, ജില്ലാപഞ്ചായത്ത് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, 28.05.2022 ലെ സ.ഉ.(കൈ)115/2022 ത.സ്വ.ഭ.വ. ഉത്തരവ് ഖണ്ഡിക 9 എ.12 പ്രകാരം പരിപാലനം സംബന്ധിച്ച് ജില്ലാപഞ്ചായത്ത്/നിർവ്വഹണ ഉദ്യോഗസ്ഥനുമായി പാടശേഖര സമിതികൾ ഏർപ്പെട്ട കരാർ, പമ്പ്സെറ്റുകളുടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതിന്റെ വിവരം തുടങ്ങിയ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 27,75,360/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3. GeM (Government E-market Place) പ്രാബല്യത്തിൽ വന്നതിനുശേഷം 6.4.2019 ലെ സ.ഉ.(പി) 7/2019 എസ്.പി.ഡി. ഉത്തരവ് പ്രകാരം 25,000 രൂപയിൽ അധികരിക്കുന്ന വാങ്ങലുകൾ GeM (Government E-Market Place)മുഖേന ആയിരിക്കണമെന്നും, ആവശ്യമായ സ്പെസിഫിക്കേഷൻ GeMൽ ഇല്ലെങ്കിൽ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള മറ്റ് പ്രൊക്യൂർമെന്റ് മാർഗ്ഗങ്ങളായ ടെണ്ടർ/ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ സ്പെസിഫിക്കേഷൻ നിശ്ചയിച്ച് GeM മുഖേന പമ്പ്സെറ്റുകൾ വാങ്ങുന്നതിന് നിർവ്വഹണ ഉദ്യോസ്ഥൻ നടപടി സ്വീകരിച്ചിട്ടില്ല.

മേൽ പദ്ധതി നടപ്പാക്കുന്നതിനായി 24.02.2023, 17.03.2023, 24.03.2023 എന്നിങ്ങനെ വ്യത്യസ്ത തിയതികളിൽ ടെണ്ടറുകൾ ക്ഷണിച്ചതിന്റെ ടെണ്ടർ നോട്ടീസുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഒരു സാമ്പത്തിക വർഷത്തിൽ ആവശ്യമായ വാങ്ങലുകൾ ഫോർകാസ്റ്റ് ചെയ്ത് ടെണ്ടർ ക്ഷണിക്കണമെന്ന കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഓരോ വാങ്ങലുകൾക്കും വ്യത്യസ്ത ടെണ്ടറുകൾ ക്ഷണിച്ചതായി കണ്ടു. ടെണ്ടറുകൾ വികസനകാര്യ സ്ഥിരം സമിതി അംഗീകരിച്ചതിനെ തുടർന്ന് വ്യത്യസ്ത സ്ഥാപനങ്ങൾക്ക് പർച്ചേയ്സ് ഓർഡറുകൾ നൽകുകയും വാങ്ങലുകളിൽ മേൽപ്രകാരം തുക നൽകുകയും ചെയ്തിട്ടുണ്ട്. വാങ്ങലുകളിൽ GeM മുഖേന നടപടി സ്വീകരിക്കാതിരുന്നതും, ഒരേ ഉപകരണങ്ങൾക്കായി വിവിധ ടെണ്ടറുകൾ ക്ഷണിച്ചതും ക്രമപ്രകാരമല്ല.

4. മേൽ വാങ്ങലുകളിൽ ക്രമ നമ്പർ 1 പ്രകാരം സെൻട്രിഫ്യൂഗൽ മോണോ ബ്ലോക്ക് പമ്പ് സെറ്റുകൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ രണ്ട് ടെണ്ടറുകൾ മാത്രമാണ് ലഭിച്ചു കാണുന്നത്. നാച്വർ കെയർ, ഹയ ടവർ, വെസ്റ്റ്ഫോർട്ട്, തൃശ്ശൂർ, വാട്ടർ വേൾഡ്, ഹയ ടവർ, വെസ്റ്റ്ഫോർട്ട്, തൃശ്ശൂർ എന്നിങ്ങനെ രണ്ട് സ്ഥാപനങ്ങളാണ് ഈ ടെണ്ടറുകൾ സമർപ്പിച്ചിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ നിന്നും രണ്ട് സ്ഥാപനങ്ങളും ഒരേ കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്നതായും, രണ്ട് സ്ഥാപനത്തിന്റെയും പാർട്ണർമാർ ഒരേ ആളുകളാണെന്നും കണ്ടു. ഒരു സ്ഥാപനത്തിന്റെ ഉടമകൾ തന്നെ വ്യത്യസ്ത പേരുകളിൽ സമർപ്പിച്ച ടെണ്ടർ അംഗീകരിച്ച് 27,75,360/- രൂപയുടെ പമ്പ്സെറ്റുകൾ വാങ്ങിയത് ക്രമപ്രകാരമല്ല. ഒരേ ഉടമകൾ വ്യത്യസ്ത പേരുകളിൽ സമർപ്പിച്ച ടെണ്ടറുകൾ മത്സരാധിഷ്ഠിത ടെണ്ടറുകളായി കണക്കാക്കാനാവില്ല. ടെണ്ടറുകൾ സമർപ്പിച്ചത് ഉൽപ്പാദകരോ, കുത്തക സ്ഥാപനങ്ങളോ അല്ല. മതിയായ എണ്ണം ടെണ്ടറുകൾ ലഭിക്കാത്ത സാഹചര്യത്തിൽ റീ ടെണ്ടർ നടപടി സ്വീകരിക്കാതെ ലഭിച്ച ടെണ്ടർ അംഗീകരിച്ച നടപടി ഓഡിറ്റിൽ അംഗീകരിക്കാനാവില്ല. ആവശ്യമായ പരസ്യം നല്കിയതിന്റെ വിവരങ്ങളോ, ഇ-ടെണ്ടർ നടപടി സ്വീകരിച്ചതിന്റെ രേഖകളോ, ജെം മുഖേന വാങ്ങുന്നതിന് നടപടി സ്വീകരിച്ചതിന്റെ വിവരങ്ങളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടില്ല. പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നടത്തിയ വാങ്ങൽ നിയമാനുസൃതമല്ല. ആയതിനാൽ ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി

തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

1-23 മണ്ണുത്തി കസ്റ്റം ഹയർ സെന്റർ-കാർഷിക യന്ത്രങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി), തൃശ്ശൂർ.
ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള വിവിധ ഫാമുകളിലേക്കും, ജില്ലയിലെ കർഷകർക്കും ആവശ്യമായ കാർഷിക യന്ത്രങ്ങൾ വാടകയ്ക്ക് ലഭ്യമാക്കുന്നതിന് കൃഷി എഞ്ചിനീയറിംഗ് വിഭാഗത്തിനു കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് കസ്റ്റം ഹയർ സെന്റർ. ഓഡിറ്റിൽ ഹാജരാക്കിയ 2012 മുതലുള്ള സ്ഥാപനത്തിലെ സ്റ്റോക്ക് രജിസ്റ്റർ രേഖപ്പെടുത്തലുകൾ പ്രകാരം 58 ഇനം യന്ത്രോപകരണങ്ങൾ സ്ഥാപനത്തിലുണ്ട്. നിലവിലുള്ള ഉപകരണങ്ങളെ പൊതുവെ രണ്ട് വിഭാഗങ്ങളായി തിരിക്കാവുന്നതാണ്. പ്രധാന ഇനം യന്ത്രങ്ങളുടെ വിവരം

1.നിലം ഉഴുത് പാകപ്പെടുത്തുന്നതിന് സഹായകമായവ.

10 ട്രാക്ടറുകൾ, ട്രാക്ടറുകളിൽ ഘടിപ്പിക്കാവുന്ന നിലം ഉഴുകുന്നതിനുള്ള സബ് സോയിലറുകൾ, റോട്ടവേറ്ററുകൾ, കൾട്ടിവേറ്ററുകൾ, വരമ്പ് പിടിപ്പിക്കുന്ന ബണ്ട് ഫോർമർ, ചാലു കീറുന്നതിനും, നിരപ്പാക്കുന്നതിനും ഉള്ള റിഡ്ജർ, ലെവലർ, ചെളിയിൽ താഴ്ന്ന് പോകാതിരിക്കുന്നതിനുള്ള കേജ് വീലുകൾ വിത്ത് സ്റ്റാന്റ് എന്നിവയും, ട്രാക്ടറുകളുടെ സഹായമില്ലാതെ കർഷകന് തന്നെ നിലം പാകപ്പെടുത്തുന്നതിന് സഹായകമായ പവർ വീഡർ, ഗാർഡൻ ടില്ലർ, പവർടില്ലർ, കുഴികൾ എടുക്കാൻ



സഹായിക്കുന്ന പോസ്റ്റ് ഹോൾ ഡിഗ്ഗർ, കാട്/പുല്ല് വെട്ടുന്നതിനുള്ള വീഡ് കട്ടർ, ബ്രഷ് കട്ടർ എന്നിവയാണ് ഈയിനത്തിൽ കസ്റ്റം ഹയർ സെന്ററിലുള്ള ഉപകരണങ്ങൾ. യന്ത്രോപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഒട്ടു മിക്ക യന്ത്രങ്ങളും 2009 മുതൽ 2014 വരെയുള്ള കാലഘട്ടത്തിൽ വാങ്ങിയവയാണ് എന്നു കണ്ടു. പവർ സ്റ്റീയറിംഗ് ഉള്ള (50 എച്ച്.പി.) 3 ട്രാക്ടറുകളും, 45 എച്ച്.പി. ഉള്ള 5 സാധാരണ ട്രാക്ടറുകളും രണ്ട് മിനി ട്രാക്ടറുകളുമടക്കം ആകെ 10 ട്രാക്ടറുകൾ ഉണ്ട്. ഇതിൽ KL-11 AH 9363 നമ്പറിലുള്ള മിനിട്രാക്ടർ ഒഴികെ ബാക്കിയെല്ലാം പ്രവർത്തനക്ഷമമാണ്. 2011-12 കാലയളവിൽ വാങ്ങിയ മൂന്ന് ടില്ലറുകളും പ്രവർത്തനരഹിതമാണ്. ട്രാക്ടറുകളിൽ ഘടിപ്പിക്കുന്ന ഉപകരണങ്ങൾ ഉൾപ്പെടെ നിലം ഒരുക്കുന്നതിന് സഹായകമായ ഒട്ടനവധി ഉപകരണങ്ങൾ കസ്റ്റം ഹയർ സെന്റർ ഗാരേജിൽ സൂക്ഷിച്ചിട്ടുണ്ട്.

2.നെൽച്ചെടി നടുന്നതിനും കൊയ്യുന്നതിനും, വയ്ക്കോൽ ബെയിൽ ചെയ്യുന്നതിനുമുള്ള ഉപകരണങ്ങൾ.

2009 മുതൽ 2015 വരെ കാലയളവിൽ 8വരി, 6 വരി, 4 വരി വീതം നെൽ ചെടി നടുന്നതിന് യന്ത്രസഹായത്താൽ പ്രവർത്തിക്കുന്ന 4 ട്രാൻസ്പ്ലാന്ററുകളും, നടന്ന് നടാവുന്ന (Walk Behinder) രണ്ട് ട്രാൻസ്പ്ലാന്ററുകളും വാങ്ങിയിട്ടുണ്ട്. കൊയ്ത്ത് നടത്തുന്നതിനുള്ള പവർ റീപ്പർ, ഹാർവെസ്റ്റർ എന്നിവയും 2019ൽ കംപയിൻഡ് ഹാർവെസ്റ്ററും, ചതുരാകൃതിയിൽ വയ്ക്കോൽ ബെയിൽ ചെയ്യുന്ന രണ്ടും, സിലിണ്ടർ ആകൃതിയിൽ ചുരുട്ടിയെടുക്കുന്ന മൂന്നും സ്ട്രോ ബെയിലറുകൾ 2012 മുതൽ 2022 വരെ കാലയളവിലും വാങ്ങിയിട്ടുണ്ട്. മേൽ യന്ത്രങ്ങളുടെ അനുബന്ധ സാമഗ്രികൾ, സ്പ്രേയറുകൾ, മറ്റിനം ചെറുകിട യന്ത്രങ്ങൾ എന്നിവയും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളിലുൾപ്പെടുത്തി കർഷക

ഗ്രൂപ്പുകൾക്ക് നൽകുന്നതിന് വിവിധ വർഷങ്ങളിൽ വാങ്ങിയ യന്ത്രോപകരണങ്ങളും കസ്റ്റം ഹയർസെന്ററിൽ വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു.

യന്ത്രങ്ങളുടെ മൂല്യം, പരിപാലനം, രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ, ഉപയോഗം, വാടക സംബന്ധിച്ച വിവരങ്ങൾ

2009 മുതൽ 2022 വരെ കാലയളവിൽ വാങ്ങിയതായി സ്റ്റോക്ക് രജിസ്റ്ററിൽ കണ്ട പ്രധാനപ്പെട്ട 34 യന്ത്രങ്ങൾ വാങ്ങിയതിന് 1,41,79,660/- രൂപ ചെലവഴിച്ചതായി മറുപടി നൽകിയിട്ടുണ്ട്. (പട്ടിക 3 കാണുക) ഇതിൽ 7,000/- രൂപയുടെ ലെവല്ലർ മുതൽ 26,50,000/-രൂപയുടെ കംബയിൻഡ് ഹാർവെസ്റ്റർ വരെ ഉൾപ്പെടുന്നു. യന്ത്രോപകരണങ്ങളുടെ പരിപാലനത്തിനായി രണ്ട് മെക്കാനിക്കുകൾ സ്ഥാപനത്തിലുണ്ട് എന്നു കണ്ടു. എന്നാൽ പ്രധാനപ്പെട്ട ഓരോ യന്ത്രത്തെയും സംബന്ധിച്ച സർവ്വീസ് ബുക്ക്/രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. യന്ത്രങ്ങളുടെ വില, എണ്ണം, മോഡൽ, വാറണ്ടി, സർവ്വീസ് നടത്തിയതിന്റെ വിവരങ്ങൾ, ഫ്യൂവൽ എഫിഷ്യൻസി, റിപ്പയർ നടത്തിയതിന്റെയും സ്പെയർ പാർട്സുകൾ മാറ്റിയതിന്റെയും വിവരം, ചെലവഴിച്ച തുക എന്നി വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ, നിശ്ചിത ഇടവേളകളിലെ ഇൻസ്പെക്ഷൻ/ഡിഫക്ട് റിപ്പോർട്ട് എന്നിവ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. ഓരോ യന്ത്രവും വാടകയ്ക്ക് നൽകുന്നതിന്റെ വിവരം യന്ത്രാടിസ്ഥാനത്തിൽ നിരീക്ഷിക്കുന്നതിന് ലെഡ്ജർ രൂപത്തിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. കാലപഴക്കമുള്ളതെങ്കിലും പ്രവർത്തന ക്ഷമമായ വളരെയധികം കാർഷിക യന്ത്രങ്ങൾ ഗാരേജിൽ ഉണ്ടെങ്കിലും വളരെ കുറച്ച് യന്ത്രങ്ങൾ മാത്രം കുറഞ്ഞ കാലയളവിൽ വാടകയ്ക്ക് നൽകുകയും നാമമാത്രമായ തുക മാത്രം വരുമാനം ലഭിച്ചതായും കണ്ടു.

നാളിതു വരെ ലഭിച്ച വാടകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു-പട്ടിക 1

| ക്രമ നം. | യന്ത്രം/ വാടക നിരക്ക് | വാടക നിരക്ക്/ ദിവസം | കാർഷിക യന്ത്രത്തിന്റെ നമ്പർ | ലഭിച്ച തുക | ഉപയോഗിച്ച ദിവസം | റിപ്പയറിംഗ് ചെലവ് | ജില്ലാ പഞ്ചായത്തിൽ അടവാക്കിയത് |
|---|---|---|---|---|---|---|---|
| 1 | ട്രാക്ടർ | 1100 | KL-08 AS 7291 | 20900 | 19 | 72364 | 20900 |
| 2 | ട്രാക്ടർ | 1000 | KL-08 AQ 5871 | 6000 | 6 | 11321 | 6000 |
| 3 | കൾട്ടിവേറ്റർ | 100 | | 7900 | 79 | 0 | 7900 |
| 4 | ട്രാക്ടർ | 1000 | KL-08 AZ1651 | 16000 | 16 | 0 | 16000 |
| 5 | കേജ് വീൽ | 100 | | 12600 | 126 | 0 | 12600 |

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | ട്രാക്ടർ | 1000 | KL-11 AM 1146 | 5000 | 5 | 27634 | 5000 |
| 7 | ട്രാക്ടർ | 1100 | KL-08 AS 7256 | 23100 | 21 | | 23100 |
| 8 | ബെയിലർ | 700 | | 14700 | 21 | 0 | 14700 |
| 9 | ട്രാക്ടർ വിത്ത് ബെയിലർ | 1700 | | 8500 | 5 | 0 | 8500 |
| 10 | #റോട്ട വേറ്റർ | 250 | | 59000 | 314 | 0 | 59000 |
| | ആകെ | | | 173700 | 612 | 111319 | 173700 |

#കുറിപ്പ്.

314 ദിവസത്തേക്ക് 250 രൂപ നിരക്കിൽ 78,500/- രൂപ ലഭിക്കേണ്ടതാണെങ്കിലും 59,000/- രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ബാക്കി 19,500/- രൂപ ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ച് തുക ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

മേൽ പട്ടികയിലെ വിവരങ്ങൾ പ്രകാരം ആകെ 62,381/- (173700-111319=62381) രൂപയാണ് കസ്റ്റം ഹയർ സെന്റർ വഴി നാളിതു വരെ വാടകയായി (റിപ്പയറിംഗ് ചെലവ് കഴിച്ച്) ലഭിച്ചിട്ടുള്ളതെന്ന് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ കണക്കുകളുടെ കാലയളവ് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. എങ്കിലും പ്രവർത്തന ക്ഷമമായ 9 ട്രാക്ടറുകളിൽ നിന്നും ആകെ 72 ദിവസത്തെ വാടക മാത്രമാണ് ട്രാക്ടർ വാടകയിനത്തിൽ ലഭിച്ചിട്ടുള്ളത് എന്ന കണ്ടു.

വളരെയധികം കർഷകർ SMAM (Sub-Mission On Agricultural Mechanisation) പദ്ധതി വഴി സബ്സിഡിയോടു കൂടി കാർഷിക യന്ത്രങ്ങൾ വാങ്ങിയിട്ടുള്ളതിനാലും, ഫാമുകളിൽ ട്രാക്ടർ ഇറക്കി നിലം ഒരുക്കുമ്പോൾ താഴ്ന്ന പോകുന്നതിനാൽ ഫാമുകൾ പവർ ടില്ലർ ഉപയോഗിക്കുന്നതിനാലുമാണ് ട്രാക്ടറുകൾ ഉപയോഗിക്കപ്പെടാതിരിക്കുന്നത് എന്ന് കൃഷി എഞ്ചിനീയറിംഗ് വിഭാഗം മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഈ മറുപടി വിശ്വസനീയമല്ല. ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകളിൽ നെൽ കൃഷിയ്ക്കായി സ്വകാര്യ വ്യക്തികളിൽ നിന്നും, കാർഷിക സേവന സംഘങ്ങളിൽ നിന്നും ട്രാക്ടറുകളും, മറ്റ് കാർഷിക യന്ത്രങ്ങളും വാടകയ്ക്ക് എടുക്കുകയും ഈയിനത്തിൽ തുക ചെലവഴിച്ചതായും ഫാമുകളുടെ ഓഡിറ്റ് പരിശോധനയിൽ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കസ്റ്റം ഹയറിംഗ് സെന്ററിൽ നിന്നും ആവശ്യമുള്ള സമയത്ത്



യന്ത്രങ്ങൾ ലഭിക്കാത്തതിനാലാണ് സ്വകാര്യ വ്യക്തികളേയും കാർഷിക സേവന സംഘങ്ങളേയും ആശ്രയിക്കുന്നതെന്ന് വിവിധ ഫാം ഓഫീസർമാർ അറിയിക്കുകയുണ്ടായി. കസ്റ്റം ഹയർ സെന്ററിലെ പ്രവർത്തന ക്ഷമമായ കാർഷിക യന്ത്രങ്ങൾ ജില്ലയിലെ വിവിധ ഫാമുകളുടെ ആവശ്യത്തിനായി യഥാസമയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. ഫാമുകളുടെ ക്രോപ്പ് ഫോർകാസ്റ്റ് പ്രകാരം കാർഷിക യന്ത്രങ്ങൾ ആവശ്യമായ സമയം കൃഷി എഞ്ചിനീയറിംഗ് വിഭാഗത്തെ ഫാം ഓഫീസർമാർ മുൻകൂട്ടി അറിയിക്കുന്നതിന് ശ്രദ്ധിക്കേണ്ടതും, ഇതു പ്രകാരം യന്ത്രങ്ങൾ അറ്റകുറ്റപണി നടത്തി സജ്ജമാക്കി വയ്ക്കുന്നതിന് കൃഷി എഞ്ചിനീയറിംഗ് വിഭാഗം നടപടി സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യം ഫാമുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ, വികസന കാര്യ സ്ഥിരം സമിതി എന്നിവർ നിരീക്ഷിക്കേണ്ടതാണ്.

നിലവിലെ യന്ത്രങ്ങളുടെ സ്ഥിതി പരിശോധിച്ച് തുടർ നടപടി സ്വീകരിക്കണം.

കസ്റ്റം ഹയർ സെന്ററിന്റെ ഗാരേജിൽ 26.5 ലക്ഷം രൂപ ചെലവഴിച്ച് 2019 ൽ വാങ്ങിയ കംബയിൻഡ് ഹാർവെസ്റ്റർ നിലവിൽ പ്രവർത്തന രഹിതമായി കിടക്കുകയാണ്. കംബയിൻഡ് ഹാർവെസ്റ്റർ വാടകയ്ക്ക് നൽകിയ ഇനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ച കണക്കുകൾ കസ്റ്റം ഹയർ സെന്ററിൽ



ലഭ്യമല്ല. ജില്ലാപഞ്ചായത്ത് മണിക്കൂറിന് 1300 രൂപ യന്ത്ര വാടക നിശ്ചയിച്ചിട്ടുള്ള ഹാർവെസ്റ്ററിന്റെ തകരാറുകൾ പരിഹരിക്കുന്നതിന് 3.5 ലക്ഷം രൂപ ആവശ്യമാണെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ സാങ്കേതിക പരിശോധന നടത്തി തുടർ നടപടി സ്വീകരിക്കണം.

ചതുരാകൃതിയിൽ വയ്ക്കോൽ ബെയിൽ ചെയ്യുന്നതിന് 15.9 ലക്ഷം രൂപ ചെലവിൽ 2012-13 കാലയളവിൽ വാങ്ങിയ രണ്ട് സ്റ്റോ ബെയിലറുകൾ വലുപ്പം കൂടുതലായതിനാൽ വാടകയ്ക്ക് കൊണ്ടുപോകാൻ ആളില്ലായെന്ന കാരണത്താൽ വർഷങ്ങളായി ഗാരേജിന് പുറത്ത് ഉപയോഗിക്കാതെ കിടക്കുകയാണ്. ഇവ നിലവിൽ പ്രവർത്തന ക്ഷമമാണോയെന്ന് വ്യക്തമല്ല. ഉപയോഗശൂന്യമായതും ജീർണാവസ്ഥയിലുമുള്ള ഒട്ടനവധി യന്ത്രങ്ങൾ ഗാരേജിലും പരിസര പ്രദേശത്തുമായി കിടക്കുന്നത് കണ്ടു. അറ്റകുറ്റപണി നടത്തിയാൽ പ്രവർത്തന ക്ഷമമാക്കാവുന്ന മിനി ട്രാക്ടറുകളുൾപ്പെടെ ഗാരേജിലുള്ള 10 ട്രാക്ടറുകളിൽ 6 എണ്ണവും നിലവിൽ ഉപയോഗിക്കാതെ കിടക്കുകയാണ്. ടില്ലറുകൾ, ട്രാൻസ്പ്ലാന്ററുകൾ, പവർറീപ്പർ, ഹാർവെസ്റ്റർ, പുല്ല്/കാട് വെട്ടികൾ, ബെയിലർ, കൾട്ടിവേറ്ററുകൾ, റോട്ടവേറ്ററുകൾ, ട്രാക്ടറുകൾ എന്നിങ്ങനെ വളരെയധികം യന്ത്രങ്ങൾ നിലവിൽ പ്രവർത്തനരഹിതമായും ഉപയോഗിക്കാതെയും കിടക്കുന്നുണ്ട്. നിശ്ചിത ഇടവേളകളിൽ യന്ത്രങ്ങൾ പരിശോധിച്ച് ആവശ്യമായ

സർവ്വീസിംഗ് നടത്താത്തതിനാലും, സമയബന്ധിതമായി അറ്റകുറ്റപണികൾ നടത്താതെ തുടർന്ന് ഉപയോഗിക്കുന്നതിനാലും, പരിചയസമ്പന്നരല്ലാത്ത ആളുകൾ യന്ത്രങ്ങൾ ഉപയോഗിക്കുന്ന സാഹചര്യമുള്ളതിനാലും വിലകൂടിയ യന്ത്രങ്ങൾ കുറഞ്ഞ കാലയളവിൽ തന്നെ വേണ്ടത്ര പ്രയോജനപ്പെടുത്താതെ നശിച്ച് പോകുന്ന അവസ്ഥയുണ്ടാകുന്നുണ്ട്. അതേസമയം ഇവയെ പ്രയോജനപ്പെടുത്താൻ കഴിയുന്ന ജില്ലാ പഞ്ചായത്തിന്റെ ഫാമുകൾ ഇത്തരം യന്ത്രങ്ങൾ വലിയ വാടക നൽകി സ്വകാര്യ വ്യക്തികളിൽ നിന്നും വാടകയ്ക്ക് എടുക്കുന്നതായ സ്ഥിതിവിശേഷവും ഉണ്ട്. ഇത് പരിഹരിക്കപെടേണ്ടതാണ്.

റിപ്പയർ ചെയ്യാൻ കഴിയുമെന്ന് മറുപടി നൽകിയ യന്ത്രങ്ങളുടെ വിവരം. പട്ടിക-2

| ക്രമ നം. | ഉപകരണം | കമ്പനി | തകരാറ് |
|---|---|---|---|
| 1 | പവർടില്ലർ | കാംകോ | ക്ലച്ച് റിപ്പയർ |
| 2 | ഗാർഡൻ ടില്ലർ ഒരെണ്ണം | കാംകോ | സർവ്വീസിംഗ് നടത്തി ഉപയോഗിക്കാം |
| 3 | മിനി ട്രാക്ടർ | കുബോട്ട | ഫ്യൂവൽ പമ്പ് കാലിബറേഷൻ |
| 4 | റോട്ടവേറ്റർ | കാംകോ | ബ്ലേഡ് മാറ്റണം |
| 5 | കംബയിൻ ഹാർവെസ്റ്റർ | യാൻമാർ | രേഖപ്പെടുത്തിയിട്ടില്ല. |

ആയതിനാൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പരിശോധന നടത്തി കാലപഴക്കം മൂലം പ്രവർത്തന രഹിതമായ യന്ത്രങ്ങളുടെ മൂല്യം നിർണ്ണയിച്ച് അവ ലേലം ചെയ്ത് ഒഴിവാക്കുന്നതിനും, അറ്റകുറ്റപണിയിലൂടെ പ്രവർത്തനക്ഷമമാക്കാവുന്ന യന്ത്രങ്ങളുടെ തകരാറ് പരിഹരിക്കുന്നതിനും, നിലവിൽ പ്രവർത്തനക്ഷമമായ യന്ത്രങ്ങളെ വിവിധ ഫാമുകൾ വഴിയും മറ്റ് തദ്ദേശ സ്ഥാപനങ്ങളിലെ കാർഷിക സേവന കേന്ദ്രങ്ങൾ വഴി ഉപയോഗപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. യന്ത്രങ്ങളുടെ മേൽനോട്ട ചുമതല ബന്ധപ്പെട്ട സാങ്കേതിക വിഭാഗം ജീവനക്കാർക്ക് നൽകി, രജിസ്റ്ററുകളിൽ വാടക, റിപ്പയറിംഗ്, സർവ്വീസിംഗ് സംബന്ധിച്ച വെഹിക്കിൾ ഹിസ്റ്ററി രേഖപ്പെടുത്തി കാലികമാക്കുന്നതിനും നടപടി സ്വീകരിക്കണം. യന്ത്രങ്ങൾ പരിചയസമ്പന്നരല്ലാത്തവർ ഉപയോഗിക്കുന്നത് തടയുന്നതിനായി ലഭ്യമെങ്കിൽ ഡ്രൈവറുടെ സേവനമുൾപ്പെടെ നൽകുന്നതിനും, യന്ത്രങ്ങൾ തകരാറിലാക്കി തിരികെ കൊണ്ടു വരുന്നവരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനും, ഓരോ യന്ത്രവും പരമാവധി പ്രയോജനപ്പെടുത്തുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കണം. (ഓഡിറ്റ് എൻക്വയറി നം. 55/24.11.2023)

നിലവിലുള്ള പ്രധാന യന്ത്രങ്ങളുടെ പട്ടിക-3.

| ക്രമ നം. | കാർഷിക യന്ത്രം | യന്ത്രങ്ങളുടെ നമ്പർ/ മറ്റ വിവരങ്ങൾ | കമ്പനി | ചെല വഴിച്ച തുക | വാങ്ങിയ വർഷം | പ്രവർത്തനക്ഷമം/ അല്ല |
|---|---|---|---|---|---|---|
| 1 | Tractor | Kl-08AQ 5871 | Newholand | 540006 | 2009 | അതെ |
| 2 | Tractor | KL-08 AS 7207 | Johndheer | 455769 | 2010 | അതെ |

| | | | | | | |
|---|---|---|---|---|---|---|
| 3 | Tractor | KL-08 AS 7256 | Johndheer | 455769 | 2010 | അതെ |
| 4 | Tractor | KL-08 AS 7291 | Johndheer | 411538 | 2010 | അതെ |
| 5 | Mini Tractor | KL-11 AH 9372 | Kubotta | | 2011 | അതെ |
| 6 | Mini Tractor | KL-11 AH 9363 | Kubotta | | 2011 | അല്ല |
| 7 | Tractor | Kl-08 AZ1607 | Mahindra | 202000 | 2012 | അതെ |
| 8 | Tractor | Kl-11AM 1146 | Newholand | 517706 | 2012 | അതെ |
| 9 | Tractor | Kl-08AZ 1608 | Mahindra | 485536 | 2012 | അതെ |
| 10 | Tractor | Kl-08 AZ1651 | Mahindra | 825000 | 2015 | അതെ |
| 11 | Rotovator | | Kamco | | 2011 | അല്ല |
| 12 | Rotovator | 16blade Small | Sakthiman | 49785 | 2012 | അതെ |
| 13 | Rotovator | | Mahindra | 104761 | 2013 | അതെ |
| 14 | Cultivator &Cage Wheel | 9tyne | Kaico | 50700 | 2009 | അതെ |
| 15 | Cultivator 3 Nos. | | Kaico | 67307 | 2010 | അതെ |
| 16 | Cultivator | 5tyne | | 18000 | 2012 | അതെ |
| 17 | Cultivator | 9tyne | Kaico | 24900 | 2012 | അതെ |
| 18 | Sub Soiler | | | 12840 | 2012 | അതെ |
| 19 | Ridger | | Raidco | 17967 | 2011 | അതെ |
| 20 | Bund Former | | Raidco | 10379 | 2011 | അതെ |
| 21 | Leveller | | Kaico | 7000 | 2009 | അതെ |
| 22 | Power Weeder | | | 72500 | 2014 | അതെ |
| 23 | Garden Tiller | (2 Nos.) | Kamco | | 2011 | അല്ല |
| 24 | Power Tiller | | Kamco | 125747 | 2012 | അല്ല |
| 25 | Posthole Digger | | Kamco | | 2011 | അതെ |
| 26 | Posthole Digger | (2 Nos.) | ലഭ്യമല്ല | 142000 | 2012 | അതെ |
| 27 | Weed Cutter | | Kissancraft | 120000 | 2009 | അല്ല |
| 28 | Weed Cutter | | Greaves | 257600 | 2011 | അല്ല |
| 29 | Brush Cutter | | Oleomac | 24604 | 2012 | അല്ല |
| 30 | Transplanter | (2 Nos.) | Yanjisakthi | 310000 | 2009 | അല്ല |
| 31 | Transplanter | (8 Row) | Yanmar | 1612000 | 2014 | അല്ല |
| 32 | Transplanter | (6 Row) | Yanmar | 1304999 | 2015 | അല്ല |
| 33 | Transplanter | Walk Behinder | Yanmar | 478000 | 2015 | അല്ല |

| | | | | | | |
|---|---|---|---|---|---|---|
| 34 | Power Reaper | | Kamco | 74267 | 2012 | അല്ല |
| 35 | Harvester | | Swaraj | 206380 | 2009 | അല്ല |
| 36 | Combine Harvester | | Yanmar | 2650000 | 2019 | അല്ല |
| 37 | Baler Square | (2 Nos) | Class Murkant | 1590000 | 2012 | അതെ |
| 38 | Baler Round | | Sakthiman | 409000 | 2015 | അല്ല |
| 39 | Baler Round | (2 Nos.) | Sakthiman | 545600 | 2022 | അതെ |

1-24 സമഗ്ര നെൽകൃഷി വികസനം

പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ താഴെ ചേർക്കുന്നു

എ) ധനവിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

പദ്ധതി - സമഗ്ര നെൽകൃഷി വികസനം കൂലിചെലവ് സബ്സിഡി നൽകൽ (981/23)

അടങ്കൽ - 1,90,00000 (വികസന ഫണ്ട് - ജനറൽ)

ചെലവ് - 1,85,79,510

നിർവ്വഹണം. കൃഷി ഡെപ്യൂട്ടി ഡയറക്ടർ(വാട്ടർ മാനേജ്മെന്റ്)

നെൽകൃഷിക്കുള്ള കൂലി ചെലവ് സബ്സിഡി വിതരണത്തിനായി പദ്ധതി വികസന ഫണ്ട് 1.9 കോടി വകയിരുത്തി ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതി പ്രകാരം വിവിധ കൃഷിഭവനുകളിൽ നിന്നും ലഭിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ജില്ലയിലെ 45 ഗ്രാമപഞ്ചായത്ത് പരിധിയിലെ കർഷകർക്കായി കൃഷിഭവനുകൾ മുഖാന്തിരം 1,85,79,510 രൂപ ഓഡിറ്റ് വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്.

ഹാജരാക്കിയ ഫയൽ പ്രകാരം 14 കൃഷിഭവനുകളിൽ നിന്നു മാത്രമാണ് ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടുള്ളത്. പദ്ധതി പ്രകാരം 1,85,79,510 രൂപ സബ്സിഡി അനുവദിച്ചതിൽ 61,39,030രൂപയുടെ ധനവിനിയോഗ വിവരം ലഭ്യമാക്കിയിട്ടുണ്ട്. ധനവിനിയോഗ വിവരം ലഭ്യമാക്കാത്തവയുടെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | ധനവിനിയോഗ വിവരം ലഭ്യമാക്കാത്ത കൃഷിഭവനുകൾ | തുക |
|---|---|---|
| 1 | പുതുക്കാട് | 275630 |
| 2 | കൈപ്പറമ്പ് | 440920 |
| 3 | വേളൂക്കര | 508700 |
| 4 | മുരിയാട് | 508700 |
| 5 | കൊടകര | 610440 |

| | | |
|---|---|---|
| 6 | താന്ന്യം | 152610 |
| 7 | വെള്ളാങ്കല്ലൂർ | 305220 |
| 8 | പൊയ്യ | 319760 |
| 9 | ചാഴൂർ | 381275 |
| 10 | പുത്തൻചിറ | 152610 |
| 11 | അരിമ്പൂർ | 381475 |
| 12 | ദേശമംഗലം | 559570 |
| 13 | മുളങ്കുന്നത്ത്കാവ് | 190080 |
| 14 | ആളൂർ | 508700 |
| 15 | അന്നമനട | 356090 |
| 16 | മാള | 508700 |
| 17 | പൂമംഗലം | 263800 |
| 18 | കുഴൂർ | 763050 |
| 19 | കാട്ടുകുറ്റി | 319760 |
| 20 | കാറളം | 508700 |
| 21 | വരന്തരപ്പിള്ളി | 254350 |
| 22 | മറ്റത്തൂർ | 1271750 |
| 23 | മണലൂർ | 406960 |
| 24 | മാടക്കത്തറ | 101740 |
| 25 | തെക്കുംകര | 508700 |
| 26 | വല്ലച്ചിറ | 50870 |
| 27 | ചേർപ്പ് | 609640 |
| 28 | വടക്കെക്കാട് | 508700 |
| 29 | തിരുവില്വാമല | 508700 |
| 30 | പാറളം | 101640 |
| 31 | കൊരട്ടി | 101640 |
| | ആകെ | 12440480 |

മേൽ തുകകളുടെ വിനിയോഗ വിവരം രേഖകൾ സഹിതം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം.23/07-10-2023 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽപട്ടികയിലെ നെൽകൃഷിക്കുള്ള കൂലി ചെലവ് സബ്സിഡി വിതരണത്തിനായി ചെലവഴിച്ച 1,24,40,480 രൂപ വിനിയോഗ വിവരം ലഭ്യമാക്കുന്നതു വരെ തടസ്സപ്പെടുത്തുന്നു .

ബി) സബ്സിഡി തുക 420490 രൂപ സമയബന്ധിതമായി ചെലവഴിക്കാതെ നഷ്ടപ്പെടുത്തി

വിവിധ കാരണങ്ങളാൽ താഴെ പറയുന്ന കൃഷിഭവനുകൾക്ക് അനുവദിച്ച പദ്ധതി തുക ചെലവഴിക്കാതെ നഷ്ടപ്പെടുത്തി. ഫയൽ പരിശോധിച്ചതു പ്രകാരമുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കൃഷിഭവൻ | ചെലവഴിക്കാത്ത തുക | കാരണം |
|---|---|---|---|
| 1 | പൂമംഗലം | 71900 | പ്രൊജക്റ്റ് റിവിഷൻ ചെയ്തതിനാൽ |
| 2 | പടിയൂർ | 3380 | ലഭ്യമല്ല |

| | | | |
|---|---|---|---|
| 3 | കാട്ടുകുറ്റി | 87200 | 2nd അലോട്മെന്റ് ആയി അനുവദിച്ച തുക തീരെ പര്യാപ്തമല്ലാത്തതിനാൽ |
| 4 | പുന്നയൂർ | 85610 | ചില കർഷകർ കൃഷിയിറക്കുന്നില്ല എന്ന് അറിയിക്കാൻ വൈകിയതിനാൽ |
| 5 | പുന്നയൂർകുളം | 163500 | പ്രൊജക്റ്റ് റിവൈസ് ചെയ്ത് അനുവദിച്ച തുക ശ്രദ്ധയിൽ പെടാത്തതിനാൽ |
| 6 | മുള്ളൂർക്കര | 8900 | നെൽകർഷകർ സമയബന്ധിതമായി അപേക്ഷ സമർപ്പിക്കാതിരിക്കുകയും ഇൻഷ്വർ ചെയ്യാതിരുന്നതും മൂലം |

1.5 കോടി വകയിരുത്തി ആവിഷ്കരിച്ച പദ്ധതി 18-01-2023 ലെ ഭരണാനുമതി നം.1 പ്രകാരം 1.9 കോടി ആയി റിവൈസ് ചെയ്തിട്ടുണ്ട്. പദ്ധതി തുക പരിഷ്കരിച്ച വിവരം പ്രിൻസിപ്പൽ കൃഷി ഓഫീസർക്കു വേണ്ടി കൃഷി ഡെപ്യൂട്ടി ഡയറക്ടർ (WM) 04-02-2023 – ലെ കത്ത് പ്രകാരം (നം.ADFW/PAO/TSR/1712/2022-TC(4)) എല്ലാ കൃഷി ഓഫീസർമാരെയും ഇ-മെയിൽ മുഖേന അറിയിച്ചതായി കാണുന്നുണ്ട്. സാമ്പത്തിക വർഷാവസാനം പദ്ധതി പൂർത്തീകരണ കാലഘട്ടത്തിൽ അധികമായി അനുവദിച്ച തുകയുടെ വിവരം സംബന്ധിച്ച് അതാത് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ അർഹതപ്പെട്ട കർഷകർക്ക് ആനുകൂല്യം നൽകാൻ കഴിയുമായിരുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പട്ടികയിലെ ക്രമ നം. 3, കാട്ടുകുറ്റി കൃഷി ഓഫീസറുടെ 21-03-2023 -ലെ കത്തിൽ (നം.KDY 48/22-23) കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിനു കീഴിൽ 140 ഹെക്ടറിനു മേൽ നെൽകൃഷി ചെയ്തിട്ടുള്ളതിനാൽ രണ്ടാമതായി അനുവദിച്ച 87200 രൂപ പര്യാപ്തമല്ല എന്നും സാധ്യമെങ്കിൽ 4,80,240 രൂപ അനുവദിക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്. അർഹതപ്പെട്ട കർഷകർക്ക് സബ്സിഡി തുക നൽകുവാൻ പര്യാപ്തമല്ലാതിരുന്ന സാഹചര്യത്തിലാണ് പദ്ധതി തുക 4,20,490 ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയത്. ആയതിന് വിശദീകരണം നൽകേണ്ടതാണ്. അടങ്കൽ തുക കൂട്ടി പ്രൊജക്റ്റ് റിവൈസ് ചെയ്ത വേളയിൽ തുക ആവശ്യമുണ്ടായിരുന്ന കൃഷിഭവനുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിക്കാതിരുന്നതും സമയബന്ധിതമായി പദ്ധതിയനുബന്ധ ജോലികൾ പൂർത്തീകരിക്കാതിരുന്നതിനാലുമാണ് മേൽ സാഹചര്യം സൃഷ്ടിക്കപ്പെട്ടത്. ആവർത്തന പദ്ധതിയായതിനാൽ തുടർ വർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കപ്പെടാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ എടുക്കേണ്ടതാണ്.

1-25-0 വി.എഫ്.പി.സി.കെ സെന്ററുകളിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ - ചെലവു തുക 129050 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല

പദ്ധതി - വി.എഫ്.പി.സി.കെ സെന്ററുകളിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ (1110/23)

അടങ്കൽ - 5000000 (25,00,000, വികസന ഫണ്ട് - ജനറൽ + 25,00,000 മറ്റുള്ളവ)

ചെലവ് - 3,67,693 - വികസന ഫണ്ട് - ജനറൽ

ട്രഷറി ബിൽ നം. - 1/28-03-23/367693

നിർവ്വഹണ ഉദ്യോഗസ്ഥൻ.കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വൈ.പി)

തൃശ്ശൂർ ജില്ലയിലെ വി.എഫ്.പി.സി.കെ കേന്ദ്രങ്ങൾക്ക് കമ്പ്യൂട്ടർ, ഇലക്ട്രോണിക് വെയിംഗ് മെഷീൻ, Pallet Truck മുതലായവ 50% സബ്സിഡി അനുവദിച്ച് വാങ്ങി നൽകുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്ഥിരം സമിതിയുടെ 05-01-2023 – തീയതിയിലെ തീരുമാനം നം.3 (1) പ്രകാരം തൃശ്ശൂർ ജില്ലയിലെ 15 വി.എഫ്.പി.സി.കെ കേന്ദ്രങ്ങളെ ഗുണഭോക്താക്കളായി അംഗീകരിച്ച് തീരുമാനിച്ചു. ടി വി.എഫ്.പി.സി.കെ കേന്ദ്രങ്ങളിൽ പരിശോധന നടത്തി ആവശ്യമായ ഉപകരണങ്ങളുടെ വിശദാംശങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് കൃഷി ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു.

25 ലക്ഷം രൂപ വികസന ഫണ്ടും 25 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തി 50 ലക്ഷം രൂപയുടെ പദ്ധതി ആവിഷ്കരിച്ചെങ്കിലും ആകെ 367693 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 22 വി.എഫ്.പി.സി.കെ കേന്ദ്രങ്ങൾക്കാവശ്യമായ ഉപകരണങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി കൃഷി ഡെപ്യൂട്ടി ഡയറക്ടർ 17 ലക്ഷത്തിലധികം രൂപയുടെ പ്രതീക്ഷിത ചെലവ് റിപ്പോർട്ട് തയ്യാറാക്കിയതിന്റെ രേഖ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും 14 കേന്ദ്രങ്ങൾക്കായി എസ്റ്റിമേറ്റിന്റെ നാലിലൊന്നു തുക പോലും തൻവർഷം ചെലവഴിക്കാൻ കഴിഞ്ഞില്ല. വർക്കിംഗ് ഗ്രൂപ്പുകളാണ് പ്രൊജക്ടുകളുടെ അടങ്കൽ തുകയെക്കുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്തേണ്ടതും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാദ്ധ്യത എന്നിവ ചർച്ച ചെയ്ത് ഉറപ്പു വരുത്തേണ്ടതും. അപ്രകാരം മോണിറ്ററിംഗ് നടത്തേണ്ട ജില്ലാ പഞ്ചായത്തിന്റെ കൃഷി അനുബന്ധ മേഖലകൾ വർക്കിംഗ് ഗ്രൂപ്പിൽ ആവശ്യമായ ചർച്ചകളോ പരിശോധനയോ നടത്താത്തതിനാലാണ് ഇത്തരത്തിൽ ആവശ്യകതകൾ വിലയിരുത്താതെ പദ്ധതി ആവിഷ്കരിക്കപ്പെടുന്നതും മോണിറ്ററിംഗിന്റെ അഭാവത്തിൽ പദ്ധതി ലക്ഷ്യം കൈവരിക്കപ്പെടാതെ പോവുകയും ചെയ്യുന്നത്.

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിന്മേൽ കണ്ടെത്തിയ ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1-25-1 വാങ്ങൽ നടപടികളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

1) സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അഥവാ ക്വട്ടേഷൻ/ടെണ്ടർ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളിൽ നിന്ന് നേരിട്ട് വാങ്ങുന്നതിനാണ് പ്രൊജക്ട് പ്രകാരം ഡി.പി.സി അംഗീകാരം നൽകിയിട്ടുള്ളത്. എന്നാൽ ഭൂരിഭാഗം വി.എഫ്.പി.സി.കെ കേന്ദ്രങ്ങളും സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ഫർണീച്ചർ, കമ്പ്യൂട്ടർ, പ്രിന്റർ, വെയിംഗ് മെഷീൻ മുതലായവ വാങ്ങുകയും പദ്ധതി പ്രകാരം അതാത് വി.എഫ്.പി.സി.കെ കേന്ദ്രങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് 50% തുക അനുവദിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഇപ്രകാരം വിവിധ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയതിനാൽ ഒരേ സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങൾക്ക് വ്യത്യസ്ത നിരക്കിൽ സബ്സിഡി അനുവദിക്കേണ്ട സാഹചര്യം സൃഷ്ടിക്കപ്പെട്ടു. സിഡ്കോയിൽ നിന്നും പ്രൊഫോർമ ഇൻവോയിസ് ആവശ്യപ്പെട്ട് ആയത് ഹാജരാക്കിയിട്ടുണ്ടെങ്കിലും 2 കേന്ദ്രങ്ങൾ മാത്രമാണ് സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുള്ളത്.

2) കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിന് കെൽട്രോണിന്റെ പ്രൊഫോർമ ഇൻവോയിസുകൾ ലഭ്യമാക്കുകയും ജെം മുഖേന വാങ്ങുന്നതിനായി ഒരേ സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറുകൾ താരതമ്യപ്പെടുത്തിയതിന്റെ ഷീറ്റ് ഫയലിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. മറ്റു സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയതിന് 50% തുക അനുവദിക്കുകയുമാണ് ചെയ്തിട്ടുള്ളത്. വാങ്ങലുകൾ അംഗീകാരം ലഭിച്ച പദ്ധതി പ്രകാരം നടത്താതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.23/07-10-2023 – ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

1-25-2 ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയിട്ടില്ലാത്ത സ്ഥാപനത്തിന്റെ ദൈനം ദിന ചെലവുകൾക്ക് തുക ചെലവഴിച്ചു, യഥാർത്ഥ വൗച്ചറുകളില്ലാത്ത 129050രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല

ട്രഷറി ബിൽ നം. – 1/28-03-23 പ്രകാരം മാറിയ തുക 367693 രൂപ 14 വി.എഫ്.പി.സി.കെ

കേന്ദ്രങ്ങൾക്കായി നൽകിയതിൽ 129975 രൂപ വി.എഫ്.പി.സി.കെ യുടെ സ്വാശ്രയ കർഷക സമിതി, പഴയന്നൂർ - കട്ട് വെജിറ്റബിൾ യൂണിറ്റിനാണ് കൈമാറിയിട്ടുള്ളത്. പ്രസ്തുത യൂണിറ്റിന്റെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, വാട്ടർ ചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്ജ് എന്നീ ചെലവു തുകയുടെ 50% തുക കണക്കാക്കിയാണ് 129975 രൂപ നൽകിയിട്ടുള്ളത്. പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) പതിനാലാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ സ.ഉ. (കൈ) നം. 84/2022/തസ്വഭവ തീയതി- 19/04/2022 ഖണ്ഡിക 8.1(9) പ്രകാരം വി.എഫ്.പി.സി.കെ വിപണന കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന പ്രൊജക്ടുകൾ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ് എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയിട്ടില്ലാത്തതായ സ്ഥാപനത്തിന്റെ ദൈനം ദിന ചെലവിൽ ഉൾപ്പെടുന്ന ട്രാൻസ്പോർട്ടേഷൻ ചാർജ്ജുകൾ നൽകുന്നതിന് മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ല. മറ്റെല്ലാ സ്വാശ്രയ കർഷക സംഘങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉപകരണങ്ങൾ വാങ്ങുന്നതിനാണ് 50% തുക അനുവദിച്ചിട്ടുള്ളത്. പഴയന്നൂർ കട്ട് വെജിറ്റബിൾ യൂണിറ്റിനു മാത്രം ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, വാട്ടർ ചാർജ്ജ് മുതലായ ചെലവുകൾക്ക് തുക അനുവദിച്ചതിന്റെ കാരണം വിശദമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/07-10-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

2) പഴയന്നൂർ കട്ട് വെജിറ്റബിൾ യൂണിറ്റിന്റെ പാസ്സ്ബുക്കിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല. സ്ഥാപനത്തിന്റെ കനറാ ബാങ്ക് അക്കൗണ്ട് നം. 110045555290 – ലേയ്ക്കാണ് തുക കൈമാറിയിട്ടുള്ളത്. തുക കൈമാറിയത് പരിശോധിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷത്തെ ബാങ്ക് അക്കൗണ്ട് പാസ്ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കുന്നതിനും ഓഡിറ്റ് അന്വേഷണം വഴി ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിട്ടില്ല.

3) ട്രാൻസ്പോർട്ടേഷൻ ചാർജ്ജുകൾ ക്ലെയിം ചെയ്യുന്നതിനായി സ്വാശ്രയ കർഷക സമിതി, പഴയന്നൂർ സ്വന്തമായി തയ്യാറാക്കിയ 'കട്ട് വെജിറ്റബിൾ പെയ്മെന്റ് വൗച്ചറുകളാണ് ' ഹാജരാക്കിയിട്ടുള്ളത്. ട്രിപ് ഷീറ്റ് (Trip Sheet For Contract Carriage, Form TSC) ഹാജരാക്കിയിട്ടില്ലെന്നു മാത്രമല്ല ട്രിപ്പിന്റെ എണ്ണവും തുകയും മാത്രം രേഖപ്പെടുത്തി നൽകുകയാണ് ചെയ്തിട്ടുള്ളത്. അതു പോലെ തന്നെ 10 മാസങ്ങളിലെ വാട്ടർ ചാർജ്ജ് ക്ലെയിം ചെയ്യുന്നതിനായി 4 മാസങ്ങൾക്ക് മാത്രമാണ് യഥാർത്ഥ വാട്ടർ ചാർജ്ജ് ബിൽ ഹാജരാക്കിയിട്ടുള്ളത് ബാക്കി 6 മാസങ്ങൾക്കും 'കട്ട് വെജിറ്റബിൾ പെയ്മെന്റ് വൗച്ചറുകളാണ് ' ഹാജരാക്കിയിട്ടുള്ളത്. ട്രാൻസ്പോർട്ടേഷനും വാട്ടർ ചാർജ്ജിനുമായി ഹാജരാക്കിയ 'കട്ട് വെജിറ്റബിൾ പെയ്മെന്റ് വൗച്ചറുകളുടെ ' വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ബിൽ നം./തീയതി | തുക |
|---|---|---|---|
| 1 | ട്രാൻസ്പോർട്ടേഷൻ | 3502/29-4-2022 | 20000 |
| 2 | ട്രാൻസ്പോർട്ടേഷൻ | 3581/31-5-2022 | 21200 |
| 3 | ട്രാൻസ്പോർട്ടേഷൻ | 3661/30-6-2022 | 21400 |
| 4 | ട്രാൻസ്പോർട്ടേഷൻ | 3743/30-7-2022 | 21400 |
| 5 | ട്രാൻസ്പോർട്ടേഷൻ | 3839/31-8-2022 | 23800 |
| 6 | ട്രാൻസ്പോർട്ടേഷൻ | 3909/30-9-2022 | 20000 |
| 7 | ട്രാൻസ്പോർട്ടേഷൻ | 3983/31-10-2022 | 21200 |
| 8 | ട്രാൻസ്പോർട്ടേഷൻ | 4067/30-11-2022 | 22600 |
| 9 | ട്രാൻസ്പോർട്ടേഷൻ | 4143/30-12-2022 | 23400 |
| 10 | ട്രാൻസ്പോർട്ടേഷൻ | 4224/30-1-2023 | 22400 |
| 11 | ട്രാൻസ്പോർട്ടേഷൻ | 4299/28-2-2023 | 19800 |
| 12 | ട്രാൻസ്പോർട്ടേഷൻ | 4356/24-3-2023 | 20300 |
| 13 | വാട്ടർ ചാർജ്ജ് | 3813/25-8-2022 | 100 |

| | | | |
|---|---|---|---|
| 14 | വാട്ടർ ചാർജ്ജ് | 3900/30-9-2022 | 100 |
| 15 | വാട്ടർ ചാർജ്ജ് | 3985/31-10-2022 | 100 |
| 16 | വാട്ടർ ചാർജ്ജ് | 4057/30-11-2022 | 100 |
| 17 | വാട്ടർ ചാർജ്ജ് | 4133/30-12-2022 | 100 |
| 18 | വാട്ടർ ചാർജ്ജ് | 4213/31-1-2023 | 100 |
| | ആകെ | | 258100 |

മേൽ വൗച്ചറുകളുടെ 50% തുക 129050 രൂപയും വാട്ടർ, ഇലക്ട്രിസിറ്റി എന്നിവയുടെ അസ്സൽ ബില്ലുകളോട് കൂടിയ മറ്റു വൗച്ചറുകളുടെ 50% തുകയും (925 രൂപ) ഉൾപ്പെടെ ആകെ 129975 രൂപ പഴയന്നൂർ കട്ട് വെജിറ്റബിൾ യൂണിറ്റിന്റെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്.

ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയിട്ടില്ലാത്തതായ സ്ഥാപനത്തിന്റെ ദൈനം ദിന ചെലവിൽ ഉൾപ്പെടുന്ന ട്രാൻസ്പോർട്ടേഷൻ ചാർജ്ജുകൾ നൽകുന്നതിന് മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലെന്നതു കൂടാതെ 129050 രൂപയുടെ യഥാർത്ഥ വൗച്ചറുകളും ഹാജരാക്കിയിട്ടില്ല. വാട്ടർ ബിൽ, ഇലക്ട്രിസിറ്റി ബിൽ എന്നിവയുടെ അസ്സൽ ഹാജരാക്കിയതിന് അനുവദിച്ച 925 രൂപ സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കി ജില്ലാ പഞ്ചായത്തിൽ അടവാക്കേണ്ടതാണ്. 925 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു . യഥാർത്ഥ വൗച്ചറുകൾ ഹാജരാക്കാത്ത 1,29,050 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക സ്ഥാപനത്തിൽ നിന്നു തിരികെ ഈടാക്കി ജില്ലാ പഞ്ചായത്തിൽ അടവാക്കേണ്ടതും അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്

1-26 ശുഭാപ്തി-ജില്ലാ ഭിന്നശേഷി കേന്ദ്രം-പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കണം. ഉപകരണങ്ങൾ വാങ്ങിയതിന് ചെലവഴിച്ച 5,20,731/-രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ. ജില്ലാ സാമൂഹ്യ നീതി ഓഫീസർ, തൃശ്ശൂർ.

ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനും അവർക്ക് സുരക്ഷയും ജീവിതസാഹചര്യങ്ങളും ഒരുക്കുന്നതിന് 2016ലെ കേന്ദ്ര ഭിന്നശേഷി നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇതു പ്രകാരം ഭിന്നശേഷിക്കാരായ വ്യക്തികളുടെ ക്ഷേമവും വികസനവും ഉറപ്പാക്കുന്നതിനും വേണ്ടി ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതിയാണ് ശുഭാപ്തി- ജില്ലാ ഭിന്നശേഷി കേന്ദ്രം- (District Disability Rehabilitation Resource Centre-DDRC). ബുദ്ധിപരമായ വെല്ലുവിളികൾ, ഓട്ടിസം തുടങ്ങിയവ കുട്ടികൾക്കിടയിൽ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പ്രാരംഭഘട്ടത്തിൽ തന്നെ ഇവ നിർണ്ണയിക്കുന്നതിനും, എല്ലാ വിധ ഭിന്നശേഷിയും സംജാതമാകുന്നത് തടയുന്നതിനും, ഭിന്നശേഷി വ്യാപ്തി നിയന്ത്രിക്കുന്നതിനും, പുനരധിവസിപ്പിക്കുന്നതിനും, ഭിന്നശേഷിക്കാർക്ക് അവകാശപ്പെട്ട എല്ലാ സേവനങ്ങളും ഉറപ്പു വരുത്തുന്നതിന് പിന്തുണ നൽകുന്ന സംവിധാനമായി പ്രവർത്തിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

18.08.2005 ലെ സ.ഉ. (എം.എസ്) 321/2005/പൊ.വി.വകുപ്പ് ഉത്തരവ് പ്രകാരം ജില്ലാ പഞ്ചായത്തിന് വിജ്ഞാൻ സാഗർ സയൻസ് & ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനായി കെട്ടിടം നിർമ്മിക്കാൻ സർക്കാർ വിനിയോഗാനുമതി നൽകിയ വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 9.047 ഏക്കർ ഭൂമിയിൽ ഡയറ്റ് (District Institute Of Educational Training) കോംപൌണ്ടിൽ വിജ്ഞാൻ സാഗർ പാർക്കിനു പുറകിലായി) വിയ്യൂർ വില്ലേജ് സർവ്വെ 49/26 ൽ പെട്ട ഒരു ഏക്കർ ഭൂമി 28.06.2017 ലെ



ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം 9 പ്രകാരം ജില്ലാ ഭിന്നശേഷി വിഭവകേന്ദ്രത്തിനായി അളന്ന് തിരിച്ച് 15.10.2017ന് കെട്ടിട നിർമ്മാണം ആരംഭിക്കുകയും ഇരുനിലകളിലായി 1199.83ച.മീറ്റർ വിസ്തൃതിയിൽ (ഗ്രൌണ്ട് ഫ്ലോർ 620.49ച.മീ+ഒന്നാം നില 579.34ച.മീ.) കെട്ടിട നിർമ്മാണം



പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2017-18 മുതൽ 2022-23 വരെ കെട്ടിട നിർമ്മാണത്തിനായി ജില്ലാപഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിച്ച് 2,14,03,124/-രൂപ ചെലവഴിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ ഫിനിഷിംഗ് പ്രവൃത്തികളായ ഗ്ലാസ്സ് പാർട്ടിഷ്യനുകൾ, വിൻഡോഷട്ടറിംഗ്, ഇന്റർ ലോക്ക് ടൈൽ വിരിക്കൽ, യാർഡ് ലെവലിംഗ് തുടങ്ങിയ പ്രവൃത്തികൾ നടത്തുന്നതിന് 50 ലക്ഷം രൂപ വകയിരുത്തി പാർട് ബിൽ ആയി 16,02,419/-രൂപയും കൂടി നാളിതുവരെ ആകെ 2.3കോടി രൂപ നിർമ്മാണ പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്. വിവിധ വർഷങ്ങളിലെ ചെലവു തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | വർഷം | പദ്ധതി നം/പേര് | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|---|---|
| 1 | 2018-19 | 485/19ശുഭാപ്തി-ഭിന്നശേഷി കെട്ടിട നിർമ്മാണം ഒന്നാം ഘട്ടം | 9500000 | 6150338 |
| 2 | 2019-20 | 159/20കെട്ടിട നിർമ്മാണം ഒന്നാം ഘട്ടം | 2014115 | 2014115 |
| 3 | 2020-21 | 1042/21കെട്ടിട നിർമ്മാണം ഒന്നാം നില നിർമ്മാണം | 10000000 | 2646176 |
| 4 | 2021-22 | 716/22കെട്ടിട നിർമ്മാണം ഒന്നാം ഘട്ടം പൂർത്തീകരണം | 4283035 | 4283035 |
| 5 | 2021-22 | 658/22കെട്ടിട നിർമ്മാണം ഒന്നാം നില നിർമ്മാണം | 4853824 | 4853824 |
| 6 | 2022-23 | 205/23കെട്ടിട നിർമ്മാണം പൂർത്തീകരണം ഫിനിഷിംഗ് പ്രവൃത്തികൾ | 1692469 | 1455636 |
| 7 | 2022-23 | 622/23 കെട്ടിട | 5000000 | 1602419 |

| | | | | |
|---|---|---|---|---|
| | | നിർമ്മാണം ഫിനിഷിംഗ് പ്രവൃത്തികൾ | | |
| ആകെ | | | 37343443 | 2,30,05,543 |

സ്ഥാപനത്തിന്റെ പ്രവർത്തനം,ഘടന,ലക്ഷ്യങ്ങൾ -പ്രോജക്ട് നിർദ്ദേശങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ബഡ്സ് മാനേജ്മെന്റ് വികസന സമിതികളുടെ മാതൃകയിൽ സർക്കാർ അനുമതിയോടെ ധർമ്മസ്ഥാപന സംഘം രജിസ്റ്റർ ചെയ്ത് മറ്റ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ഫണ്ട് സ്വരൂപിച്ച് പദ്ധതി നടപ്പാക്കുന്നതിനും, പദ്ധതി രൂപകൽപ്പന ചെയ്ത് സാങ്കേതിക കമ്മിറ്റി രൂപീകരിച്ച് ഡി.പി.ആർ. തയ്യാറാക്കാൻ സി.ആർ.സി.കിലയെ ചുമതലപ്പെടുത്തുന്നതിനും 27.05.2017 ലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (4) നമ്പറായി തീരുമാനമെടുത്തു. തുടർന്ന് ജില്ലാ പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളുൾപ്പെടുന്ന 27 പേരുടെ അഡ്വൈസറി കമ്മിറ്റി രൂപീകരിച്ച് മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച ചട്ടങ്ങൾ, നിബന്ധനകൾ എന്നിവ തയ്യാറാക്കി 1955 ലെ തിരുവിതാംകൂർ-കൊച്ചിൻ സാഹിത്യ, ശാസ്ത്രീയ, ധർമ്മ സംഘങ്ങൾ രജിസ്ട്രാക്കൽ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്നതിന് തീരുമാനിച്ചു. ജില്ലാ ഭിന്നശേഷി വിഭവകേന്ദ്രം വഴി വൈകല്യങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സർവ്വെ പ്രവർത്തനങ്ങൾ, ആരോഗ്യ പരിശോധന, കൌൺസിലിംഗ്, ഗൈഡൻസ്, റഫറൽ സേവനങ്ങൾ, കമ്മ്യൂണിറ്റി മൊബിലൈസേഷൻ, സഹായോപകരണ വിതരണം നെറ്റ് വർക്കിംഗ് എന്നിങ്ങനെ വിവിധങ്ങളായ സേവനങ്ങൾ നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ബൈലോ/നിയമാവലി അംഗീകാരത്തിനായി 1.1.19 ന് ഡി.പി.ടി/ഡി.3-4789/17 കത്ത് പ്രകാരം സർക്കാരിലേക്കയക്കുകയും ചെയ്തു. എന്നാൽ നാളിതു വരെ ഇത്തരത്തിൽ പദ്ധതി നടപ്പാക്കുന്നതിന് സർക്കാരിൽ നിന്നും അംഗീകാരം ലഭിച്ചിട്ടില്ല.

സർക്കാർ അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ ജില്ലാ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം. സാമൂഹ്യ നീതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഓട്ടോണോമസ് സ്ഥാപനമായ നിപ്മർ, (National Institution Of Physical Medicine And Rehabilitation) ഇരിങ്ങാലക്കുട എന്ന സ്ഥാപനത്തിലെ വിവിധ ഡിപ്പാർട്ട്മെന്റുകളിലെ വിദഗ്ധർ 16.06.2022 ന് ശുഭാപ്തി കെട്ടിടം സന്ദർശിച്ച് സ്ഥാപനത്തിൽ ആരംഭിക്കാവുന്ന വിവിധ ഡിപ്പാർട്ട്മെന്റുകളുടെ പ്രവർത്തനത്തിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും, ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുമായി താഴെ കാണും പ്രകാരം എസ്റ്റിമേറ്റ് നൽകിയിട്ടുണ്ട്.

| Sl No. | Item | Amount Required |
|---|---|---|
| 1 | Department Of Audiology And Speech Language Pathology. | 90388 |
| 2 | Department Of Physiotherapy | 878628 |
| 3 | Department Of Occupational Therapy | 587522 |
| 4 | Departmentment Of Psychology | 210340 |
| 5 | Special Education | 626226 |

| | | |
|---|---|---|
| 6 | Office Equipment And Furniture | 586460 |
| 7 | Personnel | 1991095 |
| 8 | Consumables | 45000 |
| | Total | 5015659 |

മേൽ പ്രകാരമുള്ള എസ്റ്റിമേറ്റനുസരിച്ച് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് 22-23ൽ 949/23 നമ്പറായി 50 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ നിന്നും വകയിരുത്തി ജില്ലാ പഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കുകയും നിപ്മറിലെ തന്നെ 5 വിദഗ്ധർ, ജില്ലാപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ/ചെയർപേഴ്സൺ, സാമൂഹ്യ നീതി ഓഫീസർ എന്നിങ്ങനെ 9 പേർ ഉൾപ്പെട്ട സാങ്കേതിക സമിതി 24.01.23 ന് യോഗം ചേർന്ന് ആവശ്യമായ ഫർണീച്ചറുകളും, വിവിധ ഡിപ്പാർട്ടുമെന്റുകളിലേക്കാവശ്യമായ ഉപകരണങ്ങളും വാങ്ങുന്നതിന് തീരുമാനമെടുക്കുകയും അക്രഡിറ്റഡ് ഏജൻസിയായ സിഡ്കോയിൽ നിന്ന് ഇൻവോയ്സ് നം. OLR/22-23/354Dt.16.03.23 പ്രകാരം 3,46,681/- രൂപയുടെ ഉപകരണങ്ങളും, നിപ്മറിൽ നിന്നും 1,74,050/-ഉപകരണങ്ങളും വാങ്ങി ആകെ 5,20,731/-രൂപ ചെലവഴിച്ചിട്ടുണ്ട്.

നിലവിലെ വെല്ലുവിളികൾ

1. വിദ്യാഭ്യാസ വകുപ്പിന്റെ ഭൂമിയിൽ സർക്കാർ അനുമതി കൂടാതെ ശുഭാപ്തി-ഭിന്ന ശേഷി കേന്ദ്രം നിർമ്മിക്കാൻ ജില്ലാ പഞ്ചായത്ത് പദ്ധതി തയ്യാറാക്കി പെർമിറ്റ് എടുക്കാതെ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന് ഒക്കുപൻസി സർട്ടിഫിക്കറ്റിനായി തൃശ്ശൂർ കോർപ്പറേഷൻ വിൽവട്ടം സോണൽ അധികാരിയ്ക്ക് 2/11/2021 ന് ജില്ലാപഞ്ചായത്ത് സെക്രട്ടറി കത്ത് നൽകിയതായി ഫയലിൽ കണ്ടു. എന്നാൽ ഭൂമിയുടെ ഉടമസ്ഥാവകാശം സ്ഥാപിക്കാൻ കഴിയാത്തതിനാൽ ഇതുവരെ ജില്ലാ പഞ്ചായത്ത് നിർമ്മിച്ച കെട്ടിടത്തിന് നമ്പർ ലഭിച്ചിട്ടില്ല.

2. ശുഭാപ്തി-ജില്ലാ ഭിന്നശേഷി കേന്ദ്രം പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ കെട്ടിട നിർമ്മാണം മാത്രമാണ് പൂർത്തിയായിട്ടുള്ളത്. എന്നാൽ സൊസൈറ്റി ആക്ട് പ്രകാരം സംഘം രജിസ്റ്റർ ചെയ്ത് സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിനോ, ഈ ആവശ്യത്തിനായി തദ്ദേശ സ്ഥാപന ഫണ്ട് ചെലവഴിക്കുന്നതിനോ സർക്കാർ അനുമതി നൽകിയിട്ടില്ല. നിലവിൽ സ്ഥാപനത്തിന്റെ പ്രവർത്തനം എങ്ങിനെ നടത്താം, ഇതിനാവശ്യമായ തുക എങ്ങിനെ കണ്ടെത്താം, ആവശ്യമായ ജീവനക്കാരെ എങ്ങിനെ നിയമിക്കാം, സ്ഥാപനത്തിന്റെ രൂപരേഖ, പ്രവർത്തനം തുടങ്ങിയ കാര്യങ്ങളിൽ വ്യക്തത ഇല്ല.

3. സ്റ്റാന്റിംഗ് കമ്മിറ്റി നിർദ്ദേശിച്ച ഡി.പി.ആർ ഇതുവരെ തയ്യാറാക്കിയിട്ടില്ല. മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ബൈലോ എന്നിവ തയ്യാറാക്കിയിട്ടുണ്ട് എന്നാൽ സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. ടെക്നിക്കൽ കമ്മിറ്റി, അഡ്വൈസറി കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ടെങ്കിലും സർക്കാർ അംഗീകരിച്ചിട്ടില്ല. ധർമ്മ സ്ഥാപന രജിസ്ട്രേഷൻ നടത്തുന്നതിന് സർക്കാർ അനുമതിയുടെ അഭാവത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

4.കെട്ടിട നമ്പർ ലഭിക്കാത്തതിനാൽ വൈദ്യുതി, കുടിവെള്ള, ഇന്റർനെറ്റ് കണക്ഷനുകൾ, സ്ഥാപനത്തിന്റെ പ്രവർത്തനത്തിനാവശ്യമായ ലൈസൻസുകൾ എന്നിവ എടുക്കാൻ സാധിച്ചിട്ടില്ല.

5. നിപ്മറിലെ സാങ്കേതിക വിദ്ഗ്ധർ കെട്ടിടം സന്ദർശിച്ച് തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം സ്ഥാപനത്തിൽ വിവിധ ഡിപ്പാർട്ട്മെന്റുകൾ പ്രവർത്തിപ്പിക്കുന്നതിനായി സൈക്യാട്രിസ്റ്റ്, ഫിസിയോതെറാപിസ്റ്റ്, ഒക്കുപേഷണൽ തെറാപിസ്റ്റ്, ഓഡിയോളജിസ്റ്റ് ഏന്റ് സ്പീച്ച് ലാംഗ്വേജ് തെറാപിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സ്പെഷൽ എഡ്യൂകേറ്റർ, പ്രോജക്ട് കോർഡിനേറ്റർ, മറ്റ് ജീവനക്കാർ എന്നിവർ ആവശ്യമാണ്. ഇവർക്ക് വേതനമിനത്തിൽ ഒരു വർഷത്തേയ്ക്ക് 19.91 ലക്ഷം രൂപ ആവശ്യമാണ് എന്ന് രേഖപ്പെടുത്തി കാണുന്നുണ്ട്.

സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ജീവനക്കാർക്ക് വേതനം നൽകുന്നതിന് പ്രതിവർഷം

കുറഞ്ഞത് ശരാശരി 20 ലക്ഷം രൂപ ആവശ്യമാണ്. ശമ്പളം നൽകുന്നതിനായി പദ്ധതി പണം ചെലവഴിക്കാനാകാത്തതിനാൽ പ്രത്യേക സർക്കാർ അനുമതിക്ക് വിധേയമായി മാത്രമേ തുക ചെലവഴിക്കാൻ കഴിയുകയുള്ളൂ. നിലവിൽ സർക്കാർ അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ ആവശ്യമായ ജീവനക്കാരെ നിയമിച്ച് ജില്ലാ ഭിന്നശേഷി കേന്ദ്രം പ്രാവർത്തികമാക്കുന്നതിന് സാധിക്കുന്നതല്ല.

6.പദ്ധതിക്കായി കെട്ടിടം സുസജ്ജമാക്കാൻ ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും, വേതനം നൽകുന്നതിനുമായ 22-23 വർഷത്തിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നും ടെണ്ടർ കൂടാതെ 5,20,731/-രൂപയുടെ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള സർക്കാർ അനുമതി ലഭിക്കാത്തതിനാൽ വാങ്ങിയ ഉപകരണങ്ങൾ നിലവിൽ പ്രയോജനപ്പെടുത്താൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ട്. സർക്കാർ അനുമതി ലഭിക്കാത്ത പദ്ധതിക്കായി ഉപകരണങ്ങൾ വാങ്ങിയത് എപ്പോൾ പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് വ്യക്തമല്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

7.വിജ്ഞാൻ സാഗർ കെട്ടിടം സ്ഥിതിചെയ്യുന്ന 9ഏക്കർ ഭൂമിയിൽ കാടുമൂടിയ പ്രദേശത്ത് ഏറ്റവും ഉള്ളിലായാണ് ശുഭാപ്തി കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. ജില്ലാ ഭിന്നശേഷി കേന്ദ്രം പ്രവർത്തിപ്പിക്കുന്ന സാഹചര്യമുണ്ടായാൽ സ്ഥാപനത്തിന്റെ സുരക്ഷയ്ക്കായി ചുറ്റുമതിൽ, റോഡ്, ഗേറ്റ്, ട്രസ്സ് വർക്ക് തുടങ്ങിയ അനുബന്ധ സംവിധാനങ്ങൾ ആവശ്യമാണ്.

ഓഡിറ്റ് നിരീക്ഷണങ്ങൾ

ജില്ലാ ഭിന്നശേഷി വിഭവകേന്ദ്രം കെട്ടിടത്തിന്റെ ഫിനിഷിംഗ് പ്രവൃത്തികൾ ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് കെട്ടിടം സജ്ജമാക്കിയിട്ടുണ്ട്. സർക്കാർ അനുമതിയുടെ അഭാവത്തിൽ ഡി.പി.ആർ തയ്യാറാക്കൽ, ഫാക്കൽറ്റികളെ കണ്ടെത്തൽ, രജിസ്ട്രേഷൻ തുടങ്ങിയ കാര്യങ്ങളിൽ പുരോഗതി ഉണ്ടായിട്ടില്ല. 2.3 കോടി രൂപ ചെലവിൽ കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിലും മേൽ സൂചിപ്പിച്ച പ്രതിസന്ധികൾ മറികടന്നാൽ മാത്രമാണ് പദ്ധതി നടപ്പാക്കുന്നതിന് കഴിയുകയുള്ളൂ. കെട്ടിട നിർമ്മാണം എന്നതിലുപരിയായി ഇത്തരം സ്ഥാപനങ്ങൾ നടത്തുന്നതിനുള്ള മാനവ/സാമ്പത്തിക വിഭവശേഷി ജില്ലാപഞ്ചായത്തിന് ഇല്ല.

ഈ മേഖലയിൽ വിപുലമായ സേവനങ്ങൾ നൽകുന്ന സർക്കാർ സംവിധാനമായ ഡിസ്ട്രിക് ഏർലി ഇൻവെൻഷൻ സെന്റർ (DEIC), ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ മതിയായ സൌകര്യങ്ങളും പ്രോജക്ടിൽ ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ജീവനക്കാരും, ഉപകരണങ്ങളും ഇവിടെ ഇല്ല. അതേസമയം ദേശീയതലത്തിൽ തന്നെ ഭിന്നശേഷി വൈകല്യങ്ങൾ സംബന്ധിച്ച സങ്കീർണ്ണമായ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ ശേഷിയുള്ള സാമൂഹ്യ നീതിവകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്വതന്ത്ര്യ സ്ഥാപനമായ നിപ്മർ (National Institution Of Physical Medicine And Rehabilitation) തൃശ്ശൂർ ജില്ലയിലെ തന്നെ ഇരിങ്ങാലക്കുടയിൽ പ്രവർത്തിക്കുന്നുണ്ട്.

ദേശീയവും വിദേശീയവുമായ വിവിധ ഫണ്ടിംഗ് ഏജൻസികളുടെയും, സർക്കാരിന്റെയും/എൻ.ജി.ഒ കളുടേയും സഹായത്താൽ വിദഗ്ധരായ ഫാക്കൽറ്റികളുടെ സേവനം പ്രദാനം ചെയ്യുന്ന ദേശീയ നിലവാരത്തിലുള്ള നിപ്മർ എന്ന സ്ഥാപനം ജില്ലയിൽ തന്നെ നിലവിലുള്ളപ്പോൾ സർക്കാർ അനുമതി കൂടാതെ ജില്ലാപഞ്ചായത്തിന്റെ അനിവാര്യമോ, മേഖലാടിസ്ഥാനത്തിലോ ഉള്ള ചുമതലകളിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത ആവശ്യങ്ങൾക്കായി പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഭീമമായ തുക ചെലവഴിച്ച് കെട്ടിടം നിർമ്മിച്ച് പ്രയോജനരഹിതമായി ഇടുന്നത് സർക്കാർ ഫണ്ട് ദുരുപയോഗം ചെയ്യുന്നതിന് തുല്യമാണ്. ആയതിനാൽ കേന്ദ്ര ഭിന്നശേഷി നിയമത്തിലെ വ്യവസ്ഥകൾക്കും, സാമൂഹ്യ ക്ഷേമ വകുപ്പിന്റെ നിർദ്ദേശങ്ങൾക്കും വിധേയമായി ഡി.പി.ആർ തയ്യാറാക്കി സർക്കാർ അനുമതി ലഭ്യമാക്കി ജില്ലാ ഭിന്നശേഷി കേന്ദ്രം പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. സർക്കാർ അനുമതി ലഭിക്കാത്ത പക്ഷം കെട്ടിടത്തെ

പ്രയോജനപ്പെടുത്തുന്നതിനായി സമീപ കാലത്ത് തൃശ്ശൂർ ജില്ലാ ആശുപത്രിയിൽ നിന്നും വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിലേക്ക് പ്രവർത്തനം മാറ്റിയ ഡിസ്ട്രിക് ഏർലി ഇൻവെൻഷൻ സെന്ററിന്റെ (DEIC) പ്രവർത്തനം ജില്ലാ പഞ്ചായത്ത് നിർമ്മിച്ച കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള സാധ്യതയും പരിശോധിക്കപ്പെടേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-27 വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ നൽകൽ-വിശദാംശങ്ങളും രേഖകളും ലഭ്യമല്ല. ചെലവു തുക 30,28,070/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ. ജില്ലാ സാമൂഹ്യ നീതി ഓഫീസർ, തൃശ്ശൂർ.

ജില്ലാ പഞ്ചായത്തിന്റെ പദ്ധതി നം. 965/23 പ്രകാരം വിവിധ തദ്ദേശ സ്ഥാപനങ്ങളിലെ ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകുന്നതിനായി 80 ലക്ഷം രൂപ വകയിരുത്തിയതിൽ 30,28,070/- രൂപ 2022-23 വർഷത്തിൽ സുലേഖ ചെലവു പത്രിക പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തുക കൈപറ്റിയ തദ്ദേശ സ്ഥാപനങ്ങളുടെ പേര്, അലോട്ട്മെന്റ് വിശദാംശങ്ങൾ, 59 (ഇ) ട്രഷറി ബിൽ കോപ്പി, ട്രഷറി പെയ്ഡ് റിപ്പോർട്ട്/ യു.ടി.ആർ സ്റ്റേറ്റ്മെന്റ്, തദ്ദേശ സ്ഥാപനങ്ങളുടെ വിനിയോഗ സാക്ഷ്യപത്രം, വിതരണം ചെയ്ത ഉപകരണങ്ങളുടെ പേര്, ഉപകരണങ്ങൾ ലഭിച്ച ഗുണഭോക്താക്കളുടെ കൈപറ്റ് വിശദാംശങ്ങൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് കാലയളവിൽ രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥരുണ്ടെങ്കിലും ഇവർ ഓരോരുത്തരുടേയും കാലയളവിൽ അലോട്ട്മെന്റ് നൽകിയ/ചെലവഴിച്ച തുകയുടെ വിവരങ്ങൾ ഉൾപെടുന്ന അലോട്ട് മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ഓരോരുത്തരും പ്രത്യേകം ചെലവഴിച്ച തുക കണക്കാക്കുന്നതിന് ഓഡിറ്റിന് സാധിച്ചിട്ടില്ല. എങ്കിലും തുക ചെലവഴിച്ചിട്ടുള്ളത് ജില്ലാ പഞ്ചായത്തിന്റെ അക്കൌണ്ടിൽ നിന്നായതിനാൽ ഓഡിറ്റ് പരിശോധനയ്ക്കായി മേൽ സൂചിപ്പിച്ച രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 30,28,070/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറിനം . 32/23 തിയതി. 25.10.2023 )

1-28 സൈഡ് വീൽ ഘടിപ്പിച്ച മുച്ചക്ര വാഹനം ഉപയോഗിക്കുന്ന ഭിന്നശേഷി ഗുണഭോക്താക്കൾക്ക് ഡ്രൈവിംഗ് ലൈസൻസ് ഇല്ല. തുടർ നടപടി സ്വീകരിക്കണം.

നിർവ്വഹണ ഉദ്യോഗസ്ഥൻ. ജില്ലാ സാമൂഹ്യ നീതി ഓഫീസർ, തൃശ്ശൂർ.

ജില്ലാ പഞ്ചായത്തിന്റെ പദ്ധതി നം. 1127/23 പ്രകാരം ഭിന്നശേഷി സഹായ ഉപകരണം-സൈഡ് വീൽ ഘടിപ്പിച്ച വാഹനം നൽകൽ പദ്ധതിയ്ക്കായി 1.2 കോടി രൂപ വകയിരുത്തിയതിൽ തൻവർഷം 42 ഗുണഭോക്താക്കൾക്ക് വാഹനം വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 30 പേർ ജില്ലാ പഞ്ചായത്തുമായി കരാറിൽ ഏർപെട്ടിട്ടുണ്ട്. മുച്ചക്ര വാഹനം ലഭിച്ച 12 ഗുണഭോക്താക്കൾ ലഭിച്ച വാഹനം ദുരുപയോഗം ചെയ്യുകയോ/കൈമാറ്റം ചെയ്യുകയോ ഇല്ലായെന്നതു സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെട്ടിട്ടില്ലായെന്നു കണ്ടു. വാഹനം ലഭിച്ച 42 ഗുണഭോക്താക്കളിൽ 17 പേർക്ക് നിയമാനുസൃത ഡ്രൈവിംഗ് ലൈസൻസും ഒരാൾക്ക് 07.03.2024 വരെ കാലാവധിയുള്ള ലേണേഴ്സ് ലൈസൻസും ഉള്ളതായി കണ്ടു. എന്നാൽ ഒരു ഗുണഭോക്താവിന്റെ ലൈസൻസും 23 ഗുണഭോക്താക്കൾക്ക് ലഭിച്ച ലേണേഴ്സ് ലൈസൻസും നിലവിൽ കാലഹരണപ്പെട്ടതായി കണ്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര് | ലേണേഴ്സ് ലൈസൻസിന്റെ കാലാവധി |
|---|---|---|
| 1 | Hamsa, Nedumpurakkal,Urakam | 05.9.23 |
| 2 | Sumesh, Konnadath,Engandiyur | 15.09.23 |

| | | |
|---|---|---|
| 3 | Vargese, Kodassery House, Koratty | 01.08.23 |
| 4 | BlestoCheriyan, Karippayi House, Pariyaram | 15.09.23 |
| 5 | Joy, Perokkara Kanjirappilly,Thrissur | 15.03.23 |
| 6 | Viswanathan, Thottarath House, Pappinivattom | 29.07.23 |
| 7 | ReemaHameed, Kakkassery House, Mathilakam | 01.08.23 |
| 8 | Sudhan, Thoppil House, Koolimuttam | 01.09.23 |
| 9 | Mohanakrishnan, Elamthuruthy Peringandoor | 09.08.23 |
| 10 | Sherif,Nayattuvalappil, Elanad | 02.08.23 |
| 11 | Jijitha.V, Thiruthipully Kodathur | 26.08.23 |
| 12 | Antu,C.O, Chempakassery Mala | 19.08.23 |
| 13 | Biju.K.K, Koloth House, Erayamkudi.P.O. | 08.08.23 |
| 14 | BijuPoulose, Plakkal House, Vennur | 23.08.23 |
| 15 | Akshay.E.B, Edachali House, Edathirinji | 22.08.23 |
| 16 | Surendran.K.A, Karuman House, Thottippal | 15.08.23 |
| 17 | Sreejith.T.S, Tharayil House, Nellayi | 13.08.23 |
| 18 | Krishnan.K.V, Sreekrishnavihar, Nanthikkara | 17.04.23 |
| 19 | Unnikrishnan, Vazhekkattil, Parappukkara | 19.08.23 |
| 20 | Jayesh.M.R, Mundakkal House, Parappukkara | 12.08.23 |
| 21 | Sasi.E.C, Iyyani House, Nedumbal | 19.08.23 |
| 22 | AnkulBishor, Vakkat House, Padiyur | 05.08.23 |
| 23 | Sulaiman, Veluthedath, Edathirinji | 10.02.23 |
| 24 | Sahadevan,Pottekkad,Engandiyur | Driving Licence Expired On |

| | | 29.10.22 |
|---|---|---|

സാധുതയുള്ള ഡ്രൈവിംഗ് ലൈസൻസ് ഇല്ലാതെ വാഹനമോടിക്കുന്നത് നിയമലംഘനമാണ്. ലൈസൻസ് ഇല്ലാത്ത ഗുണഭോക്താക്കളുടെ വാഹനം അപകടത്തിൽപെടുന്ന സാഹചര്യം ഉണ്ടായാൽ ഇൻഷുറൻസ് പരിരക്ഷയും ലഭിക്കുകയില്ല. നിയമാനുസൃത ലൈസൻസ് ഇല്ലാതെ വാഹനം ഉപയോഗിക്കരുതെന്ന് ജില്ലാ പഞ്ചായത്ത് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇത് പാലിക്കപെടണമെന്നില്ല. ആയതിനാൽ ഗുണഭോക്താക്കൾക്ക് ലൈസൻസ് ലഭിക്കുന്നതിലുള്ള പ്രായോഗിക തടസ്സങ്ങൾ എന്തെന്ന് പരിശോധിച്ച് അതാത് ആർ.ടി.ഒ ഓഫീസുകളുമായി ബന്ധപ്പെട്ട് മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി ലൈസൻസ് ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മുഴുവൻ ഗുണഭോക്താക്കളുടെയും ഡ്രൈവിംഗ് ലൈസൻസ് പകർപ്പുകൾ, വാഹനത്തിന്റെ ഇൻഷുറൻസ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പകർപ്പുകൾ എന്നിവ ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്. ഭിന്നശേഷിക്കാർക്കായി രൂപകൽപ്പന ചെയ്തിട്ടുള്ള വാഹനങ്ങളെ നിയമാനുസൃത റോഡ് ടാക്സിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതിനാൽ ടാക്സ് ഒഴിവാക്കുന്നതിനുള്ള അപേക്ഷകൾ ഏതാനും ഗുണഭോക്താക്കൾ ബന്ധപ്പെട്ട റോഡ് ട്രാൻസ്പോർട്ട് ഓഫീസർമാർക്ക് നൽകിയതിന്റെ പകർപ്പുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ആയതിനാൽ മുഴുവൻ ഗുണഭോക്താക്കളുടെയും വാഹനം സംബന്ധിച്ച രേഖകൾ, ഡ്രൈവിംഗ് ലൈസൻസ് എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും മോണിറ്ററിംഗ് കമ്മിറ്റിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. (ഓഡിറ്റ് എൻക്വയറിനം. 32/23 തിയതി. 25.10.2023)

1-29 സൂപ്രണ്ട്, ജില്ലാ ആശുപത്രി, വടക്കാഞ്ചേരി (അലോപ്പതി) നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

I)ജില്ലാ ആശുപത്രി , വടക്കാഞ്ചേരി -മരുന്ന്, കൺസ്യൂമബിൾസ് വാങ്ങൽ , Spill Over Project

പ്രൊജക്റ്റ് നം 612/23

അടങ്കൽ- മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)- 185145

ചെലവ്- ട്രഷറി ബില്ല് നം Cbno.3/22-23/27.8.22 , 1,85,144

ഈ പ്രൊജക്റ്റിലെ ചെലവിലുൾപ്പെടുന്ന താഴെ പറയുന്നവ 7/21, 9/21, 1/22 മാസങ്ങളിലേതാണ്.

| ക്രമനം | വിശദാംശങ്ങൾ | തുക |
|---|---|---|
| 1 | സെൻട്രൽസർജിക്കൽ, Bill No 2769/28.1.22 (Swab Stick) | 755 |
| 2 | നീതിമെഡിക്കൽസ്റ്റോർ, Bill No.14758/22.7.21 (മരുന്ന്) | 845 |

| | | |
|---|---|---|
| 3 | നീതിമെഡിക്കൽസ്റ്റോർ, Bill No.14757/22.7.21 (മരുന്ന്) | 2200 |
| 4 | നീതിമെഡിക്കൽസ്റ്റോർ, Bill No.35015/30.9.21 (മരുന്ന്) | 1773 |

മേൽ തുകകൾ മുൻ വർഷത്തെ പ്രൊജക്റ്റിൽ അനുവദിക്കാൻ വിട്ടുപോയതാണെന്നാണ് ഓഡിറ്റ് എൻക്വയറി 35/30-10-2023 ന് മറുപടി നൽകിയിട്ടുള്ളത്. ഈ തുകകൾ മുൻപ് അനുവദിച്ചിട്ടുണ്ടോ എന്ന പരിശോധിക്കുന്നതിന് 2021-22 വർഷത്തെ പ്രൊജക്റ്റ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. ട്രഷറി പെയ്ഡ് സ്റ്റേറ്റ്മെന്റ് (UTR) ഹാജരാക്കിയിട്ടില്ല. പ്രസ്തുത ബില്ലുകൾ 2021-22 വർഷം ക്ലെയിം ചെയ്തിട്ടുണ്ടോ എന്ന പരിശോധിച്ചുറപ്പുവരുത്തേണ്ടതാണ്.

II)ജില്ലാ ആശുപത്രി , വടക്കാഞ്ചേരി - കണ്ടിജൻസി ചെലവുകൾ

പ്രൊജക്റ്റ് നം-9/2023
അടങ്കൽ-MG(NR)-31,52,201

ചെലവ്- 31,46,456/-

മേൽ പ്രൊജക്റ്റിൽ താഴെ പറയും പ്രകാരം കൺസ്യൂമർ നം 1356830081741 ന്റെ KSEB HT Connection ബില്ല് തുക അടവാക്കിയതിൽ കുടിശ്ശിക തുക ഉൾപ്പെട്ടു കാണുന്നു.

| ക്രമ നം | ട്രഷറി ബില്ല് നം തിയതി തുക | KSEB ബില്ലിലെ വിശദാംശങ്ങൾ | വൈദ്യുതി ബില്ലിലെ കുടിശ്ശികയുടെ വിവരം |
|---|---|---|---|
| 1 | CBno.14/ 22-23/ 22.9.22 558507/- | Demand Notice For September2022/ തിയതി 2.9.2022 ബില്ല് തുക- 459745/- | Undisputed Arrear Amount- 290243/- |
| 2 | CBno.24/ 22-23/ 27.10.22 447270 | Demand Notice For October2022/ തിയതി 3.10.2022 ബില്ല് തുക171678 | Charges For Belated Payment -8423/- |
| | | Demand Notice For November 2022/ തിയതി 2.11.2022 ബില്ല് തുക 275592 | Charges For Belated Payment -312/- Undisputed Arrear Amount- 104017 |

| | | | |
|---|---|---|---|
| 3 | CBno.43/ 22-23/ 27.10.22 385873/- | Demand Notice For March 2023/ തിയതി 2.3.2023 ബില്ല് തുക221369 | Charges For Belated Payment= 8999 |

മുകളിൽ പറഞ്ഞപ്രകാരം വൈദ്യുതി ചാർജിനൊപ്പം കുടിശ്ശിക തുക ഉൾപ്പെടുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് KSEB സ്പെഷ്യൽ ഓഫീസർക്ക് ജില്ലാ ആശുപത്രി സൂപ്രണ്ട് കത്തയച്ചിട്ടുള്ളതായി ഓഡിറ്റ് എൻക്വയറി 35/30-10-2023 ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 35/30-10-2023)

III)ജില്ലാ ആശുപത്രി , വടക്കാഞ്ചേരി -കണ്ടിജൻസി ചെലവുകൾ

പ്രൊജക്റ്റ് നം 1245/23
അടങ്കൽ-മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)-6,00,000

ചെലവ്- ട്രഷറി ബില്ല് നം. 40/22-23/17.2.23 / 6,00,000

(A) ചെലവു രേഖകളിൽ ക്രമ നം 5 വൗച്ചർ, പി രാമൻ നായർ സൺസ് എന്ന സ്ഥാപനത്തിന്റെ ഇന്റന്റ് നം 49899/ 29.9.2022 പ്രകാരം KL08 BS 2470 നമ്പറിലുള്ള വാഹനത്തിന് 42.77 ലിറ്റർ ഡീസൽ അടിച്ചതിന്റെ വിലയായ 4076 രൂപ അനുവദിച്ചതാണ്.

പ്രൊജക്റ്റ് നം 9/2023, ജില്ലാ ആശുപത്രി, വടക്കാഞ്ചേരി- കണ്ടിജൻസി ചെലവുകൾ എന്ന പ്രൊജക്റ്റിലും ഇതേ ചെലവിനായി തുക അനുവദിച്ചുകാണുന്നു. ഈ പ്രൊജക്റ്റിൽ ട്രഷറി ബില്ല് നം. 43/22-23/27.10.22 പ്രകാരം പിൻവലിച്ച 385873/-രൂപയുടെ ചെലവു രേഖകളിൽ വൗച്ചർ ക്രമ നം 123, ഇതേ വാഹനത്തിന് ഇതേ തിയതിയിൽ ഇതേ ഇന്റന്റ് പ്രകാരം 42.77 ലിറ്റർ ഡീസൽ അടിച്ചതിന്റെ വിലയായ 4076 രൂപ അനുവദിച്ചതാണ്.

ഒരേ ആവശ്യത്തിന് രണ്ടു പ്രാവശ്യം തുക അനുവദിക്കപ്പെട്ടിട്ടുണ്ട്. അധികം അനുവദിച്ച തുക പ്രസ്തുത സ്ഥാപനത്തിന്റെ തുടർന്നുള്ള ബില്ലുകളിൽ നിന്നും കുറവു ചെയ്യുമെന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുള്ളത്. തുക തിരികെ ഈടാക്കുന്നതു വരെ 4076 രൂപയുടെ ചെലവ് നിരാകരിക്കുന്നു .

(B) KSEB കൺസ്യൂമർ നം 1356830081741 ന്റെ 3.2.2023 തിയതിയിലെ HT Connection ബില്ല് തുകയായ 365635/-രൂപ അടവാക്കിയതിൽ "Undisputed Arrear Amount" 160247/- രൂപ ഉൾപ്പെട്ടു കാണുന്നു. വൈദ്യുതി ചാർജിനൊപ്പം കുടിശ്ശിക തുക ഉൾപ്പെടുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് KSEB സ്പെഷ്യൽ ഓഫീസർക്ക് ജില്ലാ ആശുപത്രി സൂപ്രണ്ട് കത്തയച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(C) ജില്ലാ ആശുപത്രി, വടക്കാഞ്ചേരി- കണ്ടിജൻസി ചെലവുകൾ എന്ന പേരിൽ 2022-23 സാമ്പത്തിക വർഷം 9/2023, 1245/23 എന്നീ നമ്പറുകളിൽ രണ്ട് പുതിയ പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പ്രൊജക്റ്റിൽ തുക തികയാതെ വന്നപ്പോൾ പുതിയ പ്രൊജക്റ്റ് ആരംഭിച്ചതാണെന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചത്. ഇത് ശരിയായ നടപടിയല്ല. ഒരു വർഷത്തേക്കുള്ള ആവശ്യകത മുൻകൂട്ടി കണ്ട് പ്രൊജക്റ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

IV) ഡയാലിസിസ് യൂണിറ്റ് ചെലവുകൾ

പ്രൊജക്റ്റ് നം-17/23
അടങ്കൽ-മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)-10,00,000

ചെലവ്- 6,60,795/-

ഈ പ്രൊജക്റ്റിൽ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനത്തിനായി താഴെ പറയും പ്രകാരം മരുന്നുകൾ

വാങ്ങുന്നതിനായി 657395 രൂപ KMSCL ന് നൽകിയിട്ടുണ്ട്.

| ക്രമനം | ട്രഷറി ബില്ല് നം തിയതി | തുക | KMSCL പ്രൊഫോർമ നം |
|---|---|---|---|
| 1 | CBno.22/22-23/ 10.11.22 | 129440 | 1784/ 20.10.22 |
| 2 | Cbno.34/22-23 /3.2.23 | 527955 | 3675/ 18.1.23 |
| ആകെ | | 657395 | |

657395 രൂപ നൽകിയതിൽ 224990 രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

V) മലിനജല ശുദ്ധീകരണ പ്ലാന്റ് നടത്തിപ്പിനാവശ്യമായ തുക

പ്രൊജക്റ്റ് നം-14/23
അടങ്കൽ-മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) – 4,00,000

ചെലവ്- 3,90,600

| ക്രമ നം | ട്രഷറി ബില്ല് നം | തിയതി | തുക |
|---|---|---|---|
| 1 | 13/22-23 | 22.9.22 | 195300 |
| 2 | 21/22-23 | 27.10.22 | 32550 |
| 3 | 32/22-23 | 21.12.22 | 65100 |
| 4 | 35/22-23 | 3.2.23 | 32550 |
| 5 | 44/22-23 | 21.3.23 | 65100 |
| ആകെ | | | 390600 |

ഗ്രീൻ മെതേഡ് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ്, വാട്ടർ അനലിറ്റിക്കൽ ലബോറട്ടറി എന്ന സ്ഥാപനത്തിന് 'Operation And Maintenance Charges Of Sewage Treatment Plant' എന്ന സേവനത്തിനായി പ്രതിമാസം 32550 രൂപ വീതം അനുവദിച്ചിട്ടുണ്ട്. സ്ഥാപനത്തെ തെരഞ്ഞെടുത്തതും തുക നിശ്ചയിച്ചതും എപ്രകാരം എന്നതിന്റെ വിവരം ഓഡിറ്റ് എൻക്വയറി 35/30-10-2023 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. സ്ഥാപനവുമായി 2016, 2017 വർഷങ്ങളിൽ ഉണ്ടാക്കിയ കരാർ മാത്രമാണ് പരിശോധനക്ക് ലഭിച്ചത്. ഈ കരാറുകളിൽ പ്രതിമാസം 30,000 രൂപയാണ് വേതനം നിശ്ചയിച്ചിട്ടുള്ളത്. ആയത് 32550 രൂപയാക്കി പുതുക്കി നിശ്ചയിച്ച നടപടികൾ സംബന്ധിച്ച രേഖകളില്ല, കരാർ പുതുക്കിയിട്ടില്ല. നിലവിൽ കരാർ ഇല്ലാതെയാണ് സ്ഥാപനത്തിന് തുക അനുവദിച്ചത്, ആയതിനാൽ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക 390600 രൂപ തടസ്സപ്പെടുത്തുന്നു .

VI) 2021-22 കോവിഡ് പ്രതിരോധം -വടക്കാഞ്ചേരി ജില്ലാ ആശുപത്രിക്ക് ആവശ്യമായ മരുന്ന് ഓക്സിജൻ മറ്റ് അവശ്യവസ്തുക്കൾ ലഭ്യമാക്കൽ

പ്രൊജക്റ്റ് നം 615/23

അടങ്കൽ-മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)- 167374

ചെലവ്- ട്രഷറി ബില്ല് നം Cbno.6/22-23/27.8.22, 96,534

ട്രഷറി ബില്ല് നം Cbno.7/22-23/27.8.22, 39,069, ആകെ- 1,35,603/-

ഈ പ്രൊജക്റ്റിൽ തുക അനുവദിച്ചിട്ടുള്ള നീതിമെഡിക്കൽസിന്റെ താഴെ പറയുന്ന ബില്ലുകൾ കഴിഞ്ഞ സാമ്പത്തിക വർഷത്തെ ചെലവുകളാണ്.

| ക്രമ നം | ബില്ല് നം / തിയതി | തുക |
|---|---|---|
| 1 | 40739/24.12.2021 | 1615 |
| 2 | 31020/3.10.2021 | 1478 |
| 3 | 32034/9.11.2021 | 5225 |
| 4 | 31016/1.11.2021 | 1773 |
| 5 | 31017/4.10.2021 | 1478 |

ഈ തുകകൾ മുൻപ് അനുവദിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ അനുവദിക്കാൻ കാലതാമസം വന്നതിനു കാരണം എന്നീ വിവരങ്ങൾക്കായി നൽകിയ ഓഡിറ്റ് എൻക്വയറി 35/30-10-2023 ന് ലഭിച്ച മറുപടിയിൽ പ്രസ്തുത ബില്ലുകൾ നൽകാൻ മുൻവർഷ പ്രൊജക്റ്റിൽ തുക അവശേഷിക്കാത്തതുകൊണ്ടാണ് ഈ വർഷം അനുവദിച്ചതെന്ന് പറഞ്ഞിട്ടുണ്ട്. ആയതു പരിശോധിക്കുന്നതിനായി 2021-22 വർഷത്തെ പ്രൊജക്റ്റ് രജിസ്റ്റർ, കണ്ടിജന്റ് രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല. ട്രഷറി പെയ്ഡ് സ്റ്റേറ്റ്മെന്റ് (UTR) ഹാജരാക്കിയിട്ടില്ല. മേൽപറഞ്ഞവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

VII) ജൈവമാലിന്യ സംസ്കരണ പ്രൊജക്റ്റ് - ഇമേജ് ന് തുക അനുവദിച്ചതിലെ അപാകതകൾ

പ്രൊജക്റ്റ് നം 111/23, ജില്ലാ ആശുപത്രി വടക്കാഞ്ചേരി – ജൈവമാലിന്യ സംസ്കരണം

അടങ്കൽ-മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)- 500000

ചെലവ്- 462542/-

(A) IMAGE എന്ന സ്ഥാപനത്തിന് ആശുപത്രിയിലെ ജൈവമാലിന്യം നീക്കം ചെയ്തതിന് തുക അനുവദിച്ചിട്ടുള്ളതിൽ താഴെ പറയും പ്രകാരം അപാകതകൾ കാണുന്നു

| ക്രമ നം | മാസം, ഇമേജ് ബില്ല് നം. തിയതി | ബില്ലിലെ വിശദാംശങ്ങൾ | ഇമേജിന് അനുവദിച്ച തുക, ട്രഷറി | അപാകതകൾ |
|---|---|---|---|---|

| | | Current Amount | Pending Balance | Total Amount Due | ബില്ല് നം /തിയതി | |
|---|---|---|---|---|---|---|
| 1 | 7/22 1088263/ 1.8.22 | 20316 | (-)4003 | 16313 | 10516 1/ 27.8.22 | C-3330/22 നം ഫയലിലെ നോട്ട് പ്രകാരം (തിയതിഇല്ല) ഓഡിറ്റിൽ പരാമർശിച്ച 9800/-രൂപ 20316രൂപയിൽ നിന്നും കുറവു ചെയ്താണ് 10516 രൂപ അനുവദിച്ചത്. 'Due' തുകയായ 16313 ൽ നിന്നും അല്ല, 20316 ൽ നിന്നുമാണ്, 9800/-രൂപകുറവ് ചെയ്തിട്ടുള്ളത്. 4003രൂപ അധികംഅനുവ ദിച്ചി ട്ടുണ്ടോയെന്ന് പരിശോധിക്കേ ണ്ടതാണ്. |
| 2 | 6/22 1072994/ 1.7.22 | 18787 | 428256 | 447042 | 18787 12/ 22.9.22 | ഇമേജ് ബില്ലിൽ 428256 രൂപ കുടിശ്ശിക കാണുന്നു, കുടിശ്ശിക ഏത് മാസത്തേത് എന്നു വ്യക്തമല്ല, മുൻമാസത്തെ ബില്ലിൽ കുടിശ്ശിക ഇല്ല |
| 3 | 8/22 1103763/ 1.9.22 | 22492 | 5797 | 28289 | 28289 18/ 27.10.22 | Pending Balance 5797രൂപ അനുവദിച്ചതെന്തു കൊണ്ട്, കുടിശ്ശിക ഏത് മാസത്തേത് എന്നു വ്യക്തമല്ല, 9800രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ആദ്യ ബില്ലിൽ കുറച്ചത് ക്രമനം 1,3 പ്രകാരംതിരിക നൽകിക്കാണുന്നു (5797+4003= 9800) |
| 4 | 9/22 1119290/ 1.10.22 | 21767 | 8718 | 30485 | 30485 23/ 15.11.22 | Pending Balance 8718രൂപ അനുവദിച്ചതെ ന്നുകൊണ്ട് കുടിശ്ശിക ഏത് മാസത്തേത് എന്നു വ്യക്തമല്ല, |
| 5 | 11/22 1150767/ 1.12.22 | 21767 | (-)7365 | 14402 | 21767 27/21.11.22 | ഇമേജിന്റെ ഒരേ ബില്ല് പ്രകാരമുള്ള തുകയാണ് രണ്ടുപ്രാവശ്യമായി അനുവദിച്ചി രിക്കുന്നത്. ഇമേജ് ആവശ്യപ്പെട്ടിരി ക്കുന്നത്(due) 14402രൂപയാണ്. എന്നാൽ 21767 + 14402 രൂപ അനുവദിച്ചു. അതായത് 21767 രൂപ അധികം ചെലവഴിച്ചു |
| 6 | 11/22 1150767/ 1.12.22 | 21767 | (-)7365 | 14402 | 14402 36/ 3.2.23 | |
| 7 | 10/22 1134942/ 1.11.22 | 22492 | 30485 | 52977 | 22420 30/ 3.12.22 | ഇമേജ് ബില്ലിൽ 30485 രൂപ കുടിശ്ശിക ഉൾപ്പെ ടുത്തിയിരിക്കുന്നു |
| 8 | 12/22 1166796/ 1.1.23 | 22492 | (-)7365 | 15127 | 22492 36/ 3.2.22 | ഇമേജ് Due ആയി കാണിച്ചിരിക്കുന്ന തുകയല്ല അനുവദിച്ചത്. |
| 9 | 1/23 1182883/ 1.2.23 | 22492 | 15127 | 37619 | 22492 41/17.2.23 | ഇമേജ്ബില്ലിൽ 15127രൂപ കുടിശ്ശിക ഉൾപ്പെ ടുത്തി യിരിക്കുന്നു |
| 10 | 2/23 1223026/ | 20316 | 15127 | 35443 | 35443 47/ | ട്രഷറി ബില്ല്, സുലേഖചെലവു |

| | | | | | | |
|---|---|---|---|---|---|---|
| | 1.3.23 | | | | 21.3.23<br><br>ആകെ= 227093 | പത്രിക എന്നിവ പ്രകാരമുള്ളചെലവുതുക 35443 രൂപ, ട്രഷറിപെയ്ഡ് റിപ്പോർട്ടിൽ 31017രൂപ. വ്യത്യാസമുള്ള 4426രൂപ (35443-31017) TDS പിടിച്ചതാണെന്നാണ് ഓഡിറ്റ് എൻക്വയറി 36/30-10-2023ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ റിട്ടേൺഫയൽ ചെയ്തതുമായി ബന്ധപ്പെട്ട ചെലവിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക ഇനത്തിൽ 15127 രൂപ അടവാക്കി, കുടിശ്ശികക്ക് കാരണം വ്യക്തമാക്കേണ്ടതാണ്. |

ഓഡിറ്റ് എൻക്വയറി 36/30-10-2023 നുള്ള മറുപടിയിൽ അധിക തുക അടുത്ത ബില്ലുകളിൽ നിന്നും കുറവുചെയ്യുന്നതു സംബന്ധിച്ച് ഇമേജിന് സൂപ്രണ്ട് കത്തയച്ചിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പട്ടികയിലെ ക്രമനമ്പർ 5, 6 എന്നിവ പ്രകാരം ഇമേജിന് അധികം അനുവദിച്ച തുക 21,767 രൂപ നിരാകരിക്കുന്നു. ബാക്കി ബില്ലുകൾ പ്രകാരം അടവാക്കിയ തുകകളിൽ കുടിശ്ശിക തുക ഉൾപ്പെട്ടിരിക്കുന്നു, ഇമേജ് ഡിമാന്റ് ചെയ്ത തുകകളിലും അടവാക്കിയ തുകകളിലും വ്യക്തതയില്ല. മേൽപറഞ്ഞ അപാകതകൾക്ക് തൃപ്തികരമായ മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ ബാക്കി തുക 205326 രൂപ (227093-21767) തടസ്സപ്പെടുത്തുന്നു.

(B)ട്രഷറി ബില്ല് നം 18/22-23/27.10.22 പ്രകാരമുള്ള 29857/- രൂപയിൽ 1568/- രൂപ, ഇമേജിന്റെ ഇൻവോയ്സ് നം.Cvd 19/2022-23/Aug/1107154/1.9.22 പ്രകാരമുള്ള തുകയാണ്. ഇമേജിന്റെ ഇൻവോയ്സിൽ 100kg വരെയുള്ള മാലിന്യം നീക്കം ചെയ്യുന്നതിന് 700 രൂപയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. മറ്റു മാസങ്ങളിൽ 700+ 12% GST= 784/- രൂപയാണ് അനുവദിച്ചുകാണുന്നത്. മുകളിൽ പറഞ്ഞ ഇൻവോയ്സിൽ 31 Kg Covid Waste Collected ന് 1400 + 12%= 1568/- രൂപ ആവശ്യപ്പെടുകയും അനുവദിക്കുകയും ചെയ്തിരിക്കുന്നു. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഇമേജിന് തുക

അനുവദിക്കുന്നതിന്റെ നിരക്ക്/മാനദണ്ഡം വ്യക്തമാക്കിയിട്ടില്ല. ഇമേജുമായുള്ള കരാർ, നിരക്ക് സംബന്ധിച്ച വ്യവസ്ഥകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1-30 കരാർ കാലാവധി കഴിഞ്ഞിട്ടും ഹോംകോയിൽ നിന്നും 6,01,538 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല

പ്രൊജക്റ്റ് നം 698/23, ജില്ലാ ഹോമിയോ ആശുപത്രിയിലേക്ക് മരുന്നും മറ്റ് സാമഗ്രികളും വാങ്ങുന്നതിനുള്ള പദ്ധതി

നിർവ്വഹണം- ജില്ലാ ഹോമിയോ ആശുപത്രി സൂപ്രണ്ട്

അടങ്കൽ- മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)-20,00,000

ചെലവ്- 19,85,631

കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ ടാക്സ് ഇൻവോയ്സ് നം PF.537/12.10.2022 അനുസരിച്ചുള്ള 30 ഇനം മരുന്നുകൾക്കായി ട്രഷറി ബില്ല് നം 54/ 17.11.22 പ്രകാരം 19,50,000/- രൂപ നൽകിയിട്ടുണ്ട്.

നാളിതുവരെയായി 13,48,462 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| ഇൻവോയ്സ് നം/തിയതി | തുക |
|---|---|
| LF-97/24.5.2023 | 264910 |
| LF-2076/17.3.2023 | 355956 |
| LF-1553/9.1.2023 | 727596 |
| ആകെ | 1348462 |

6,01,538 രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്.

ആശുപത്രി സൂപ്രണ്ട്, ഹോംകോ എന്നിവർ തമ്മിലുള്ള കരാർ നം HCO/SA/362/2023/9.1.2023 പ്രകാരം തുക കൈപ്പറ്റി 9 മാസത്തിനുള്ളിൽ മരുന്നുകൾ മുഴുവനും ലഭ്യമാക്കേണ്ടതാണ്. ഹോംകോയുടെ രശീതി പ്രകാരം 17.11.2022 നാണ് തുക കൈപ്പറ്റിയത്. അതായത് 16.8.2023 നകം മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കേണ്ടതായിരുന്നു. ഓഡിറ്റ് എൻക്വയറി 6/11.8.2023 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ 24.8.2023 ന് നൽകിയ മറുപടിയനുസരിച്ച് ബാക്കി മരുന്നുകൾ ഹോംകോയിൽ നിന്നും ലഭിച്ചിട്ടില്ല.

ബാക്കിയുള്ള 6,01,538 രൂപയുടെ മരുന്നുകൾ കൂടി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് ബില്ല്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

1-31 HIVബാധിതർക്ക് പോഷകാഹാരക്കിറ്റ് വിതരണം- രോഗികളെ തെരഞ്ഞെടുത്ത് പോഷകാഹാരം നിശ്ചയിച്ചതിന്റെയും വാഹന വാടക നിശ്ചയിച്ചതിന്റെയും രേഖകളില്ല

പ്രൊജക്റ്റ് നം 129/23

നിർവ്വഹണം-ജില്ലാ മെഡിക്കൽ ഓഫീസർ, അലോപ്പതി

1,000 എയ്ഡ്സ് രോഗികൾക്ക് വർഷം മുഴുവൻ പോഷകാഹാരക്കിറ്റുകൾ നൽകുന്നതിനുള്ള പ്രൊജക്റ്റാണ്.

അടങ്കൽ- വികസനഫണ്ട്-50,00,000 (49,00,000 രൂപ പോഷകാഹാര കിറ്റ്, 1,00,000 രൂപ വണ്ടി വാടക)

ചെലവ്- 2022-23 ൽ - 37,72,739 + 2023-24 ൽ - 11,95,059 ആകെ- 49,67,798/-
(48,95,542 രൂപ പോഷകാഹാര കിറ്റിന്, 72,256 രൂപ വണ്ടി വാടകയ്ക്ക്)
2022-23 ലെ ചെലവിന്റെ വിശദാംശങ്ങൾ

| ക്രമനം | ട്രഷറി ബില്ല് നം , തിയതി | തുക |
|---|---|---|
| 1 | 4/22-23/5.11.22 | 1248741 |
| 2 | 6/22-23/9.2.23 | 1227577 |
| 3 | 12/22-23/21.3.23 | 1280671 |

| | | |
|---|---|---|
| 4 | 14/22-23/21.3.23 | 15750 |
| ആകെ | | 37,72,739 |

അപാകതകൾ-

(I) പദ്ധതിപ്രകാരം നാളിതുവരെ 48,95,542 രൂപയുടെ പോഷകാഹാരകിറ്റ് വിതരണം ചെയ്തിട്ടുണ്ട്.

15.3.2013 ലെ സ.ഉ (സാധാ) നം 653/2013/തസ്വഭവ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസരിച്ചാണ് പദ്ധതി ഏറ്റെടുക്കേണ്ടത്. ഈ ഉത്തരവിലെ മാർഗ്ഗരേഖ ഖണ്ഡിക 4(i) പ്രകാരം പ്രൊജക്റ്റിന്റെ ഭാഗമായി എആർടി ഡോക്ടർ/മെഡിക്കൽ ഓഫീസർമാർ സാക്ഷ്യപ്പെടുത്തിയ രോഗികളെ ഗർഭിണികൾ, CD4 Count 350 ൽ താഴെയുള്ളവർ, 6 വയസ്സ് വരെയുള്ള കുട്ടികൾ, 65വയസ്സിനു മുകളിലുള്ളവർ, മറ്റ് മുതിർന്നവർ എന്നിങ്ങനെ 5 വിഭാഗമായി തിരിച്ച് ഓരോ വിഭാഗത്തിനും നൽകേണ്ടതായ പോഷകാഹാര വസ്തുക്കൾ എന്തൊക്കെയെന്ന് നിശ്ചയിക്കണം. ജില്ലാ ആശുപത്രിയിലെ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ എന്നിവരടങ്ങുന്ന സമിതിയാണ് ഇക്കാര്യം നിശ്ചയിക്കേണ്ടത്. 15.3.2013 തിയതിയിലെ സർക്കാർ ഉത്തരവിലെ മേൽപറഞ്ഞ നിർദ്ദേശമനുസരിച്ച് രോഗികളെ തെരഞ്ഞെടുത്ത് അംഗീകരിച്ച്, തരം തിരിച്ച് ഉത്തരവാദപ്പെട്ട സമിതി പോഷകാഹാര വസ്തുക്കൾ നിശ്ചയിച്ചതു സംബന്ധിച്ച രേഖകളില്ല.

2022-23 സാമ്പത്തിക വർഷത്തിൽ 1,000 പേർക്ക് 4 പ്രാവശ്യമായി പോഷകാഹാരക്കിറ്റുകൾ നൽകിയതായി രേഖപ്പെടുത്തിയ രണ്ട് രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിട്ടുണ്ടെങ്കിലും ആയത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(ii) വണ്ടിവാടക, കയറ്റിറക്ക് കൂലി എന്നിവക്കായി യഥാക്രമം പ്രശോബ്, മിഥുൻ എന്നിവരുടെ 97006 രൂപയുടെ രേഖകൾ ഉള്ളതിൽ, 72,256 രൂപ ഓഡിറ്റ് വർഷം ചെലവഴിച്ചു. ഈ വ്യക്തികളെ എപ്രകാരം തെരഞ്ഞെടുത്തു, വണ്ടിവാടക, കയറ്റിറക്ക് എന്നിവക്ക് ടെണ്ടർ വിളിച്ചിട്ടുണ്ടോ വണ്ടിവാടക, കയറ്റിറക്ക് കൂലി എന്നിവ എപ്രകാരം നിശ്ചയിച്ചു എന്നീ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

(iii) ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ കിറ്റ് 3.9.2022-17.9.2022 തിയതികളിലും

ജൂലായ്, ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലേത് 7.11.22-21.11.22 തിയതികളിലും

ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലേത് 19.12.22-30.12.22 തിയതികളിലും

ജനവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലേത് 8.3.23-21.3.23 തിയതികളിലുമാണ് രോഗികൾക്ക് വിതരണം ചെയ്തിട്ടുള്ളത്. ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള ഒരു വർഷക്കാലയളവിലേക്കുള്ള പോഷകാഹാരവിതരണം ആരംഭിച്ചിരിക്കുന്നത് സെപ്തംബർ മാസമാണ്, ആറുമാസം കൊണ്ട് ഒരു വർഷത്തേക്കുള്ള ഭക്ഷണം വിതരണം നടത്തിക്കാണുന്നു, ഇപ്രകാരമുള്ള കാലതാമസം ഒഴിവാക്കി കൃത്യമായ ഇടവേളകളിൽ പോഷകാഹാര വിതരണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി 12/1.9.2023, 30/25-10-2023 എന്നിവ നൽകിയെങ്കിലും വ്യക്തമായ മറുപടി ലഭിച്ചിട്ടില്ല. 2022-23 വർഷത്തെ ചെലവുതുകയായ 37,72,739 രൂപ തടസ്സപ്പെടുത്തുന്നു.

1-32 തൃശ്ശൂർ ഹെൽത്ത് ലൈൻ- 2 കോടി 7.3 ലക്ഷം രൂപയുടെ ബൃഹത്പദ്ധതി- പദ്ധതി പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്

പ്രൊജക്റ്റ് നം 1107/23

നിർവ്വഹണം-ജില്ലാ മെഡിക്കൽ ഓഫീസർ, അലോപ്പതി

ഫയൽ നം C3-7648/2022 പ്രകാരമുള്ള പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു-

പദ്ധതിയുടെ ലക്ഷ്യങ്ങൾ- ജില്ലയിലെ പഞ്ചായത്ത് വാർഡുകളിലും നഗരസഭാ ഡിവിഷനുകളിലും മാസത്തിൽ ഒന്ന് എന്ന നിരക്കിൽ സ്ഥിരമായി ജീവിതശൈലീരോഗ പ്രാഥമിക സ്ക്രീനിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും മാസത്തിൽ ഒരു തവണ

സ്ഥിരീകരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു, കണ്ടെത്തുന്ന രോഗികൾക്ക് പ്രാഥമിക തലത്തിൽ തന്നെ ചികിത്സ ഉറപ്പാക്കുന്നു, ഇതിനായി മരുന്ന് മറ്റ് സാധനങ്ങൾ എല്ലാ സ്ഥാപനതലത്തിലും ഉറപ്പാക്കുന്നു. ക്യാമ്പുകൾ ജെ.എച്ച്.ഐ, ജെപിഎച്ച്എൻ മാർ സംഘടിപ്പിക്കുന്നു, ആളുകളെ ക്യാമ്പിലേക്ക് എത്തിക്കുന്നതിനായി ആശപ്രവർത്തകർ, അംഗൻവാടി പ്രവർത്തകർ സഹായിക്കുന്നു.

പദ്ധതിയുടെ സാമ്പത്തിക ഉറവിടം

| | |
|---|---|
| 86 ഗ്രാമപഞ്ചായത്ത്-@1.2 ലക്ഷം | 103.2ലക്ഷം |
| 16ബ്ലോക്ക്പഞ്ചായത്തുകൾ@1.5ലക്ഷം | 24ലക്ഷം |
| 7നഗരസഭകൾ @2.5ലക്ഷം | 17.5ലക്ഷം |
| തൃശ്ശൂർ കോർപ്പറേഷൻ | 10ലക്ഷം |
| ജില്ലാ പഞ്ചായത്ത് | 10ലക്ഷം |
| വകുപ്പുതല ഫണ്ട് | 42.6ലക്ഷം |
| ആകെ | 2കോടി 7.3ലക്ഷം |

പദ്ധതിയിൽ ഉദ്ദേശിക്കുന്ന ചെലവുകളുടെ വിശദാംശങ്ങൾ

| | |
|---|---|
| പ്രമേഹരോഗനിർണ്ണയത്തിനുള്ള ഗ്ലൂക്കോമീറ്ററും സ്ട്രിപ്പുകളും വാങ്ങുന്നതിന് | 60ലക്ഷം |
| ക്ലിനിക്കലി വാലിഡേറ്റഡ് പ്രൊഫഷണൽ ബിപി അപ്പാരറ്റസ് വാങ്ങുന്നതിന് | 12ലക്ഷം |
| പരിശീലനം, സംഘാടനം, മറ്റു ബോധവത്ക്കരണ പ്രവർത്തനങ്ങൾ | 27ലക്ഷം |
| സ്പെഷ്യാലിറ്റി ക്യാമ്പ് | 8.5ലക്ഷം |
| വാർഡുതല, ഡിവിഷൻ തല ക്യാമ്പുകളുടെ സൗകര്യം ഒരുക്കൽ, ആശ, ആരോഗ്യപ്രവർത്തകരുടെ ഇൻസെന്റീവ് | 99.80ലക്ഷം |
| | ആകെ-2കോടി 7.3ലക്ഷം |

2022-23 വർഷത്തെ പദ്ധതി അടങ്കൽ

| | |
|---|---|
| വികസനഫണ്ട് | 500000 |
| മറ്റ് തസ്വഭവ | 10320000 |
| ബ്ലോക്ക് | 2400000 |
| എക്സ്റ്റേണലിഎയ്ഡഡ് പരിപാടി (നഗരസഭ,കോർപ്പറേഷൻ) | 2750000 |
| ആകെ | 15970000 |

പദ്ധതിയുടെ 2022-23 വർഷത്തെ ചെലവുകൾ

| ട്രഷറിബില്ല് നം,തിയതി | തുക | ചെലവിനം |
|---|---|---|
| 9/22-23 /6.3.23 | 9304 | 7.1.23 ന് നടന്ന ജില്ലാ തല ഉദ്ഘാടനത്തിന്റെ ചെലവ് |
| 10/22-23 /6.3.23 | 89627 | 19.1.23,20.1.23 തിയതികളിൽ എലൈറ്റ് ഇന്റർ നാഷണൽ ഹോട്ടലിൽ വച്ച് നടത്തിയ പരിശീലനപരിപാടിയുടെ ചെലവ് |
| ആകെ | 98931 | |

പദ്ധതി നടത്തിപ്പിലെ അപാകതകൾ

(I) ജില്ലാ മെഡിക്കൽ ഓഫീസർ തയ്യാറാക്കിയ പദ്ധതി രൂപരേഖയിൽ വകുപ്പുതല ഫണ്ട് 42.6 ലക്ഷം രൂപ കാണിച്ചിട്ടുള്ളത് നാഷണൽ ഹെൽത്ത് മിഷൻ, എൻ.സി.ഡി ഫണ്ടുകളാണെന്ന് ഓഡിറ്റ് എൻക്വയറി 12/1.9.2023 ന് ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ വരവു ചെലവു കണക്കുകൾ ലഭ്യമാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്ത് പ്രൊജക്റ്റ് രൂപീകരണഫോറം (സുലേഖയിൽ നിന്നുള്ള) പ്രകാരം വിഭവസ്രോതസ്സായി ഈ തുക ഉൾപ്പെടുത്തിയിട്ടില്ല. ആരോഗ്യവകുപ്പുതലത്തിൽ ഈ പദ്ധതിക്കായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

(ii) മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ പദ്ധതിക്കായി ഏതെല്ലാം ആവശ്യങ്ങൾക്കായി എത്ര തുക ചെലവഴിച്ചു എന്നീ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. പദ്ധതിയിൽ പങ്കാളികളായ മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആരോഗ്യവകുപ്പിന്റെയും പങ്കാളിത്തം, ചുമതലകൾ തുടങ്ങിയവ സംബന്ധിച്ച് വ്യക്തതയില്ല.

(iii) 19.1.23, 20.1.23 തിയതികളിൽ എലൈറ്റ് ഇന്റർ നാഷണൽ ഹോട്ടലിൽ വച്ച് ജില്ലയിലെ വിവിധ

പിഎച്ച്സി, സിഎച്ച്സി, എഫ്എച്ച്സി കളിലെ ആരോഗ്യപ്രവർത്തകർക്ക് പരിശീലനം നൽകിയതിന് 89627 രൂപ ചെലവഴിച്ചിട്ടുണ്ട്. ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് പരമാവധി ചെലവ് ചുരുക്കണമെന്ന് പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഉത്തരവ് (അ) നം 91/2023/ധന/19.8.2023 ഉത്തരവിൽ സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ആഭിമുഖ്യത്തിൽ സെമിനാറുകൾ, ശില്പശാലകൾ, പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കുമ്പോൾ പൊതുസൗകര്യങ്ങൾ നിലനിൽക്കേ നക്ഷത്ര ഹോട്ടലുകൾ അടക്കമുള്ള ചെലവേറിയ സൗകര്യങ്ങൾ ഉപയോഗിക്കുന്നത് ഒഴിവാക്കണമെന്ന് സർക്കാർ നിർദ്ദേശമുണ്ട്. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

തൃശ്ശൂർ ഹെൽത്ത് ലൈൻ പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതിയുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-33 ക്ഷയരോഗികൾക്ക് പോഷകാഹാരവിതരണം - പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശം ലഭ്യമാക്കിയിട്ടില്ല

പ്രൊജക്റ്റ് നം 128/23

നിർവ്വഹണം-ജില്ലാ മെഡിക്കൽ ഓഫീസർ, അലോപ്പതി

അടങ്കൽ- വികസനഫണ്ട്-22,20,000

ചെലവ്- 2022-23 ൽ - 17,15,137 , 2023-24 ൽ - 5,04,847

ആകെ- 22,19,984/-

2022-23 ലെ ചെലവിന്റെ വിശദാംശങ്ങൾ

| ക്രമനം | ട്രഷറി ബില്ല് നം, തിയതി | തുക |
|---|---|---|
| 1 | 3/22-23/5.11.22 | 537307 |
| 2 | 5/22-23/5.1.23 | 24100 |
| 3 | 7/22-23/9.2.23 | 527414 |
| 4 | 8/22-23/9.2.23 | 24800 |
| 5 | 11/22-23/6.3.23 | 575166 |
| 6 | 13/22-23/6.3.23 | 26350 |
| ആകെ | | 17,15,137 |

ക്ഷയരോഗികൾക്ക് 12 മാസം പോഷകാഹാരസാധനങ്ങൾ പാക്ക് ചെയ്ത് കിറ്റുകൾ ജില്ലാ കേന്ദ്രത്തിൽ എത്തിക്കുന്നതിനും രോഗികൾക്ക് വാഹനത്തിൽ വീടുകളിൽ എത്തിച്ച് നൽകുന്നതിനും ഈ പ്രൊജക്റ്റ് വിഭാവനം ചെയ്യുന്നു.

പതിനാലാം പഞ്ചപത്സരപദ്ധതിയുടെ മാർഗ്ഗരേഖാ ഉത്തരവുകളായ സ.ഉ.(കൈ)നം.84/2022/തസ്വഭവ, തിയതി 19.4.2022, സ.ഉ.(കൈ)നം.115/2022/തസ്വഭവ, തിയതി 28.5.2022 എന്നിവയിൽ ഈ പ്രൊജക്റ്റ് നടപ്പാക്കാൻ നിർദ്ദേശിച്ചിട്ടില്ല. സ.ഉ.(സാധാ)നം.1782/2013/തസ്വഭവ, തിയതി 25.3.2013 ഉത്തരവിലാണ് ക്ഷയരോഗികൾക്ക് പോഷകാഹാരം വിതരണം നടത്താൻ നിർദ്ദേശിച്ചിട്ടുള്ളത്. ഈ പദ്ധതി നിലവിലും നടപ്പാക്കാൻ നിർദ്ദേശിക്കുന്ന സർക്കാർ ഉത്തരവുണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി 12/1.9.2023, 30/25-10-2023 എന്നിവ പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.

ഒരു രോഗിക്ക് പ്രതിമാസം എത്ര രൂപയുടെ പോഷകാഹാരക്കിറ്റ് നൽകാമെന്നതു സംബന്ധിച്ചും വാഹനവാടക നിരക്ക് സംബന്ധിച്ചുമുള്ള സർക്കാർ നിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ക്ഷയരോഗികൾക്കുള്ള പോഷകാഹാരവിതരണവുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ

ലഭ്യമല്ലാത്തതിനാൽ ഓഡിറ്റ് വർഷത്തെ ചെലവുതുക 17,15,137 രൂപ തടസ്സപ്പെടുത്തുന്നു.

1-34 കാൻ തൃശ്ശൂർ പദ്ധതി – 2896000 രൂപയുടെ വിനിയോഗ വിവരമില്ല

നിർവ്വഹണം-ജില്ലാ മെഡിക്കൽ ഓഫീസർ, അലോപ്പതി

കാൻ തൃശ്ശൂർ രണ്ടാംഘട്ടം പദ്ധതിയുമായി ബന്ധപ്പെട്ട് രണ്ട് പ്രൊജക്റ്റുകളാണ് 2022-23 ൽ നടപ്പാക്കിയത്.

പ്രൊജക്റ്റ് നം 377, Spill Over Project

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് | 10,00,000 | - |
| മറ്റ് ഗ്രാമപഞ്ചായത്തുകൾ | 1,72,00,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 80,00,000 | - |
| മറ്റുള്ളവ | 1,00,00,000 | 8147019 |
| ആകെ | 3,62,00,000 | 8147019 |

പ്രൊജക്റ്റ് നം 376

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| വികസനഫണ്ട് | 16,206 | 13,569 |
| മറ്റ് ഗ്രാമപഞ്ചായത്തുകൾ | 9,21,197 | 9,14,000 |
| ബ്ലോക്ക് പഞ്ചായത്ത് | 5,36,505 | 4,98,656 |
| മറ്റുള്ളവ | 17,16,813 | 17,02,000 |
| ആകെ | 31,90,721 | 31,28,225 |

(A) മുകളിൽ പറഞ്ഞ പ്രകാരമുള്ള രണ്ടു പദ്ധതികളുമായി കാൻ പദ്ധതിക്ക് ഓഡിറ്റ് വർഷം ആകെ 1,12,75,244/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

(B) പ്രൊജക്റ്റ് നം 376 പ്രകാരമുള്ള താഴെ പറയുന്ന ചെലവുകളുമായി ബന്ധപ്പെട്ട ട്രഷറിബിൽ, ഉത്തരവ് എന്നിവ മാത്രമാണ് ഉള്ളത്. ചെലവിന്റെ വിശദാംശങ്ങൾ/ വിനിയോഗവിവരം ഇല്ല

| ക്രമ നം | ചെക്ക് നം/ തിയതി | തുക | ചെലവിന്റെ വിവരം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 2212747/13.1.23 | 500000 | കീമോതെറാപ്പി മരുന്ന് വാങ്ങുന്നതിന് ഇരിങ്ങാലക്കുട ജനറൽ ആശുപത്രിക്ക് അനുവദിച്ചത് |
| 2 | 2212748/13.1.23 | 1590000 | കാൻ തൃശ്ശൂർ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി IEC ബോർഡ് സ്ഥാപിക്കുന്നതിന് 106 ആരോഗ്യകേന്ദ്രങ്ങൾക്ക് അനുവദിച്ചത് @15000/- |
| 3 | 2212749/13.1.23 | 92000 | 7.1.22 മുതൽ 14.1.22 വരെ കലാജാഥക്ക് സ്വീകരണം നൽകിയ വകയിൽ 46 സ്ഥാപനങ്ങൾക്ക് അനുവദിച്ചത് @2000/- |
| 4 | 2212750/13.1.23 | 322000 | കാൻ തൃശ്ശൂർ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി മൈക്ക് അനൗൺസ്മെന്റിന് 46 ഗ്രാമപഞ്ചായത്ത് തലത്തിലുള്ള സ്ഥാപനങ്ങൾക്ക് അനുവദിച്ചത് @ 7000/- |
| 5 | 2212752/13.1.23 | 70000 | മുനിസിപ്പൽ ഏരിയയിൽ 7 സ്ഥാപനങ്ങൾക്ക് അനുവദിച്ചത് @10000 |
| 6 | 2212753/13.1.23 | 280000 | 40 ഗ്രാമപഞ്ചായത്ത് തലത്തിലുള്ള സ്ഥാപനങ്ങൾക്ക് അനുവദിച്ചത് @ 7000/- |
| 7 | 2212754/13.1.23 | 42000 | കോർപ്പറേഷൻ ഏരിയയിൽ 6 സ്ഥാപനങ്ങൾക്ക് അനുവദിച്ചത് @ 7000/- |
| ആകെ | | 28,96,000 | |

ചെലവുകളുടെ രേഖകൾ കൃത്യമായി തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 12/1.9.2023, 30/25-10-2023 നൽകിയെങ്കിലും മേൽ പറഞ്ഞ തുകകൾ ആരോഗ്യകേന്ദ്രങ്ങളിലേക്ക് കൈമാറിയ വിവരം മാത്രമേ ഉള്ളൂ, തുകകളുടെ വിനിയോഗം സംബന്ധിച്ച രേഖകളില്ല. തുകയുടെ വിനിയോഗവിവരമില്ലാത്തതിനാൽ 28,96,000/- രൂപ തടസ്സപ്പെടുത്തുന്നു.

1-35 തീരദേശമേഖല തോട് പുനരുജ്ജീവന പദ്ധതി-നടപ്പാക്കിയതിൽ കാലതാമസം.

നിർവ്വഹണ ഉദ്യോഗസ്ഥൻ-ജില്ലാ മണ്ണുസംരക്ഷണ ഓഫീസർ.

തൃശ്ശൂർ ജില്ലയിലെ മതിലകം, തളിക്കുളം ബ്ലോക്ക് പഞ്ചായത്തുകളുടെ പരിധിയിൽ പെട്ട 12 തീരദേശ ഗ്രാമപഞ്ചായത്തുകളിൽ മഴക്കാലത്തുണ്ടാകുന്ന രൂക്ഷമായ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതമായി ഒരുകോടി രൂപ വകയിരുത്തി 121/23 നമ്പറായി ജില്ലാ പഞ്ചായത്ത് പദ്ധതി തയ്യാറാക്കിയിരുന്നു. പദ്ധതി നടപ്പാക്കുന്നതിന് മുൻഗണന നിശ്ചയിക്കുന്നതിനായി മേൽ സൂചിപ്പിച്ച 12 ഗ്രാമപഞ്ചായത്തുകളിൽ നിന്നും അടിയന്തിരമായി വൃത്തിയാക്കേണ്ടതും പുനരുദ്ധാരണം നടത്തേണ്ടതുമായ തോടുകളുടെ വിവരം ശേഖരിക്കുകയുണ്ടായി. തുടർന്ന് കൈപ്പമംഗലം ഗ്രാമപഞ്ചായത്തിലെ പുല്ലാടൻ-ഉമ്പുങ്ങൽ തോട്, തോണിക്കുളം, ചേറ്റുവ-ചേലോട് തോട് എന്നിവ നവീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയതായി കണ്ടു. 25.07.2022 ന് ഭരണാനുമതി ലഭിച്ച പദ്ധതിയിൽ 23.09.2022 ന് ഫീൽഡ് പരിശോധന നടത്തി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വകുപ്പ് ഡയറക്ടറുടെ അനുമതിക്കായി അയച്ചു കാണുന്നത് 04.11.2022 നാണ്. തുടർന്ന് 25.01.2023 ന് സാങ്കേതിക അനുമതി ലഭിച്ച പദ്ധതിയുടെ പ്രവൃത്തി 17.03.2023 ന് ആരംഭിക്കുകയും സാമ്പത്തിക വർഷത്തിൽ തീരദേശ വെള്ളക്കെട്ട് നിവാരണ പദ്ധതിയ്ക്കായി 5,19,785/- രൂപ 2022-23 വർഷത്തിൽ ചെലവഴിക്കുകയും ചെയ്തതായി കണ്ടു.

കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ യോഗതീരുമാന പ്രകാരമാണ് ഇുനുങ്ങൽ-പുല്ലാടൻ തോട് നവീകരണത്തിന്റെ ഭാഗമായി സ്വാകാര്യ വ്യക്തിയായ ശ്രീമതി.റജുല സത്താറിന്റെ ഉടമസ്ഥതയിലുള്ള തോണിക്കുളത്തിന്റെ ആഴം 4 മീറ്റർ വർദ്ധിപ്പിച്ച് കുളം നവീകരിക്കുന്നതിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയതെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഇനീഷ്യൽ ലെവൽസ് എടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതികാനുമതി ലഭ്യമായശേഷം പ്രവൃത്തി നടത്താൻ സമ്മതമല്ലായെന്ന സ്ഥലമുടമയുടെ അറിയിപ്പിന്റെ അടിസ്ഥാനത്തിൽ തോണിക്കുളം നവീകരണം ഉപേക്ഷിച്ചതായും ഫയലിൽ രേഖപ്പെടുത്തി കാണുന്നുണ്ട്. തീരപ്രദേശത്തെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി തയ്യാറാക്കിയ പദ്ധതി തുടർനടപടികൾ സ്വീകരിച്ച് സമയബന്ധിതമായി നടപ്പാക്കുന്നതിൽ വീഴ്ചയുണ്ടായതായി കാണുന്നു. (ഓഡിറ്റ് എൻക്വയറി നം. 5/08.08.2023)

അപാകതകൾ

1. വിവിധ ഗ്രാമപഞ്ചായത്തുകളിൽ അടിയന്തിരമായി നവീകരിക്കേണ്ട പൊതു തോടുകൾ ഉണ്ടായിരിക്കെ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ പദ്ധതിയുടെ ഭാഗമായി ടിയാളുടെ അനുമതി കൂടാതെ നവീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കുകയും ഇക്കാര്യത്തിൽ സ്ഥലമുടമയുമായി കരാറിൽ ഏർപ്പെടാതെ കുളം നവീകരണത്തിനായി 4,95,824/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയതിനും തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

2. വിവിധ ഗ്രാമപഞ്ചായത്തുകളുടെ അപേക്ഷകളിൽ നിന്നും പദ്ധതിയിലുൾപ്പെടുത്തേണ്ട പ്രവൃത്തികൾക്ക് മുൻഗണന നിശ്ചയിച്ച് ജില്ലാ പഞ്ചായത്ത് ഭരണ സമിതി തീരുമാനം എടുത്തതായി കാണുന്നില്ല. ഇതു സംബന്ധിച്ച മിനിറ്റ്സ് ഹാജരാക്കിയിട്ടില്ല.

3. ഒരു കോടി രൂപ വകയിരുത്തിയ പദ്ധതിയിൽ സാമ്പത്തിക വർഷത്തിൽ കേവലം 6 ശതമാനം തുക മാത്രമേ ചെലവഴിച്ചു കാണുന്നുള്ളൂ. നടപടിക്രമങ്ങൾ സ്വീകരിച്ച് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും പ്രവൃത്തി നടപ്പാക്കുന്നതിലും കാലതാമസമുണ്ടായതായി കാണുന്നു.

വെള്ളക്കെട്ട് പരിഹരിക്കുന്നതിന് സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുകയും സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-36 ഉൾനാടൻ മത്സ്യവിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതി-ലൈവ് ഫിഷ് മാർക്കറ്റ് സ്ഥാപിക്കൽ -നൂതന പദ്ധതി അംഗീകാരം-സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ. ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ്.

28.05.2022ലെ 14ാം പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) 115/2022 ത.സ്വ.ഭ.വ ഉത്തരവ് ഖണ്ഡിക 6.4.സി. സമുദ്ര/ഉൾനാടൻ മത്സ്യമേഖല മത്സ്യവിപണന പദ്ധതി ക്രമ നം.2 പ്രകാരം ലൈവ് ഫിഷ് മാർക്കറ്റ് സ്ഥാപിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ 40% പരമാവധി 5 ലക്ഷം രൂപയും, 14.2.18 ലെ 13ാം പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018 ത.സ്വ.ഭ.വ.ഖണ്ഡിക6.3.(ബി).16 പ്രകാരം 50% സബ്സിഡിയായി പരമാവധി 3 ലക്ഷം രൂപയും ലൈവ് ഫിഷ് മാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകാവുന്നതാണ്.

മാർഗ്ഗരേഖ പ്രകാരം ലൈവ് ഫിഷ് മാർക്കറ്റുകളിൽ 2 പോർട്ടബിൾ പ്ലാസ്റ്റിക് പൂൾ, എയറേഷൻ &വാട്ടർ എക്സ്ചേഞ്ച് ഫെസിലിറ്റി, 2 ഫ്രീസർ, ഷെഡ്, ഫിഷ് ഡ്രെസിംഗ് ഫെസിലിറ്റി എന്നിവ ഏർപ്പെടുത്തേണ്ടതും ഫിഷറീസ് ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന പദ്ധതിയുടെ പ്ലാനും എസ്റ്റിമേറ്റും ത.സ്വ.ഭ.വ എഞ്ചിനീയർ സർട്ടിഫൈ ചെയ്യേണ്ടതുമുണ്ട്. മേൽ രണ്ട് മാർഗ്ഗരേഖകളിലും ഈ വ്യവസ്ഥകൾ നിലനിൽക്കെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് മാത്രം സബ്സിഡി നൽകുന്നതിന് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളിൽ നിന്നും വ്യത്യസ്തമായി വാടക കെട്ടിടത്തിന്റെ റെന്റ് അഡ്വാൻസ്, മൂന്നുമാസത്തേക്ക് മത്സ്യം വാങ്ങുന്നതിനും ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുമായി മാത്രം ആകെ 7

ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ ഉൾപ്പെടുത്തി 50% സബ്സിഡി പരമാവധി 3.5 ലക്ഷം രൂപയും അടിസ്ഥാന സൗകര്യങ്ങൾക്ക് 50% പരമാവധി 1.5 ലക്ഷവും കൂടി ആകെ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച 10 ലക്ഷം രൂപയിൽ 5 ലക്ഷം രൂപ സബ്സിഡി നൽകുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ 21-22 ൽ പദ്ധതി തയ്യാറാക്കുകയും ജില്ലാതല നൂതന കമ്മിറ്റിയുടെ 14.03.2022 ലെ മിനിറ്റ്സ് പ്രകാരം അംഗീകാരം വാങ്ങി ആളൂർ, കാറളം എന്നിങ്ങനെ രണ്ട് ജില്ലാ പഞ്ചായത്ത് ഡിവിഷനുകളിൽ പദ്ധതി നടപ്പാക്കുകയും ചെയ്തു.

നൂതന പ്രോജക്ടുകളുടെ അംഗീകാരം നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ 19.04.2022 ലെ സ.ഉ.(കൈ) നം.84/2022ത.സ്വ.ഭ.വ ഉത്തരവ് ഖണ്ഡിക 3.8.5.3 ൽ വ്യക്തമാക്കിയിട്ടുള്ളത് താഴെ പറയും പ്രകാരമാണ്. "നിർദ്ദേശിക്കപ്പെടുന്ന ചെലവുകളും, പ്രതീക്ഷിക്കുന്ന സബ്സിഡികളും അനുയോജ്യവും നീതികരിക്കാവുന്നവയും ആണോ, തദ്ദേശ സ്ഥാപനങ്ങൾ ഇടപെട്ട് സഹായിക്കാതെ തന്നെ സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ വിജയകരമായി പ്രവർത്തിക്കുന്ന മേഖലയാണോ എന്നിങ്ങനെ 7 കാര്യങ്ങൾ നൂതന പദ്ധതി അംഗീകാരം നൽകുന്ന വിദഗ്ദ്ധ സമിതി പരിശോധിക്കേണ്ടതും ഖണ്ഡിക 3.8.5.4 പ്രകാരം സാങ്കേതിക മികവുള്ള പ്രോജക്ടുകളാണെന്ന് ഉറപ്പാക്കിയ ശേഷം നിർദ്ദേശിക്കപ്പെടുന്ന ചെലവും സബ്സിഡിയും നീതികരിക്കുന്നതിനുള്ള യുക്തിയും മിനിറ്റ്സിൽ രേഖപ്പെടുത്തണം" എന്നാൽ ഇത്തരം രേഖപ്പെടുത്തലുകൾ പദ്ധതി അംഗീകരിച്ച മിനിറ്റ്സിൽ ഇല്ല.

മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പ്രാദേശികമായി നടപ്പാക്കാൻ കഴിയുന്ന നൂതന പദ്ധതികൾ തയ്യാറാക്കി ജില്ലാ തല നൂതന കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കുമ്പോൾ മാർഗ്ഗരേഖയിലെ നിരക്കുകൾ ബാധകമാക്കുന്നില്ലെങ്കിൽ നൽകാവുന്ന സബ്സിഡി നിരക്കുകളും, സബ്സിഡി നൽകാവുന്ന ചെലവുകളും സംബന്ധിച്ച വ്യവസ്ഥകൾ/വ്യക്തത വിദഗ്ദ്ധ സമിതി റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ഭാഗമായി മത്സ്യവിപണന കേന്ദ്രങ്ങളിൽ/ലൈവ് ഫിഷ് മാർക്കറ്റുകളിൽ സ്ഥാപിക്കേണ്ട അടിസ്ഥാന സൌകര്യങ്ങൾ, സ്ഥാപിച്ച ഉപകരണങ്ങളും ഏർപ്പെടുത്തിയ സംവിധാനങ്ങളും ത.സ്വ.ഭ.വ.സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പാക്കേണ്ടത്/ചെലവ് കണക്കാക്കേണ്ടത്, പ്രവർത്തന മൂലധന ചെലവുകളുടെ ആധികാരികത ഉറപ്പാക്കുന്നതിന് ബാങ്ക്/ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന ഇടപാടുകൾ നടത്തേണ്ടത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൂതന കമ്മിറ്റി അംഗീകാര മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

നൂതന പദ്ധതിയായി അംഗീകാരത്തിന് സമർപ്പിച്ച ലൈവ് ഫിഷ് മാർക്കറ്റ് എന്ന പദ്ധതി യഥാർത്ഥത്തിൽ 13, 14 പദ്ധതി മാർഗ്ഗരേഖകളിലുൾപ്പെട്ടിട്ടുള്ളതും, സബ്സിഡി മാനദണ്ഡങ്ങൾ സർക്കാർ തന്നെ നിശ്ചയിച്ചിട്ടുള്ളതുമായിരുന്നു. എന്നാൽ "ഉൾനാടൻ മത്സ്യവിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതി “എന്ന പേരിൽ മൂലധന ചെലവുകൾക്ക് കൂടി സബ്സിഡി അനുവദിക്കുന്നതിന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച ലൈവ് ഫിഷ് മാർക്കറ്റ് പദ്ധതിക്ക് 14.03.2022 ന് ചേർന്ന ജില്ലാ തല നൂതന കമ്മിറ്റി അംഗീകാരം നൽകുകയാണുണ്ടായത്. എന്നാൽ മാർഗ്ഗരേഖയിലുൾപ്പെട്ട പദ്ധതിക്ക് മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി അധിക സബ്സിഡി അനുവദിച്ചതിന്റെ കാരണങ്ങൾ ജില്ലാതല നൂതന കമ്മിറ്റി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി കാലയളവായ 5 വർഷത്തിനു ശേഷം തിരികെ ലഭിക്കുന്ന റെന്റ് അഡ്വാൻസിന് 50% സബ്സിഡി അംഗീകരിച്ച് നൽകിയതും, മത്സ്യം വാങ്ങുന്നതിന് സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നിശ്ചിത തുക അനുവദിക്കുന്നതിന് പകരം മൂന്നു മാസത്തേക്ക് ചെലവഴിച്ചതായി വൌച്ചറിൽ രേഖപ്പെടുത്തിയ തുകക്ക് 50% സബ്സിഡി അംഗീകരിച്ച് നൽകിയതും യുക്തിപൂർവ്വമായി കാണുന്നില്ല. പദ്ധതിക്ക് കോർഡിനേഷൻ കമ്മിറ്റിയുടെ/സർക്കാർ അംഗീകാരം ലഭ്യമാക്കേണ്ടതാണ്. നൂതന പദ്ധതികളായി പദ്ധതികൾ സമർപ്പിക്കുന്നതിലും, സമർപ്പിക്കുന്ന പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിലും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-37 ഉൾനാടൻ മത്സ്യ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കൽ-പദ്ധതി ലക്ഷ്യം നേടിയില്ല. ചെലവ്

തുക 6,05,050/- രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതി നം. 160/23

നിർവ്വഹണ ഉദ്യോഗസ്ഥൻ.ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ്.

തൃശ്ശൂർ ജില്ലയിലെ ഉൾനാടൻ മത്സ്യകൃഷി നടത്തുന്ന 5000ത്തോളം മത്സ്യകർഷകർക്ക് ഇടനിലക്കാരില്ലാതെ മത്സ്യം നേരിട്ട് വിപണിയിലെത്തിക്കുന്നതിനും, ഉൽപ്പാദനത്തിനുസരിച്ച് വിപണി വില കണ്ടെത്തുന്നതിനും, മത്സ്യത്തിന് ന്യായവില ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും ലക്ഷ്യമിട്ടാണ് മത്സ്യവിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് 50% സബ്സിഡി നൽകുന്നതിന് പദ്ധതി തയ്യാറാക്കിയത്. ഇടനിലക്കാരില്ലാതെ മത്സ്യവിപണനം നടത്തുന്നതിന് പദ്ധതി പ്രയോജനപ്പെടുമെന്ന് കണക്കാക്കി പദ്ധതിക്ക് ജില്ലാതലനൂതന കമ്മിറ്റി അംഗീകാരം നൽകുകയുണ്ടായി.

10 ലക്ഷം രൂപ യൂണിറ്റ് ചെലവ് കണക്കാക്കുന്ന പദ്ധതിയിൽ 5 ലക്ഷം രൂപ കെട്ടിടം വാടകയ്ക്ക് എടുത്ത് അടിസ്ഥാന സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, 5 ലക്ഷം രൂപ പ്രവർത്തന മൂലധനവുമാണ്. ആകെ ചെലവ് തുകയുടെ 50 ശതമാനം സബ്സിഡിയായി 5 ലക്ഷം രൂപ നൽകുന്നതാണ് പദ്ധതി. സ്വന്തമായി മത്സ്യകൃഷിയുള്ള -മത്സ്യമേഖലയിൽ ഏതെങ്കിലും ഗവൺമെന്റ് സ്ഥാപനങ്ങളിൽ നിന്നും പരിശീലനം ലഭിച്ച- രജിസ്റ്റേഡ് കർഷകർ അടങ്ങുന്ന ഗ്രൂപ്പുകൾക്കാണ് ഇത്തരത്തിൽ 5 ലക്ഷം രൂപ സബ്സിഡി അനുവദിക്കുന്നത്. പദ്ധതിയുടെ ഭാഗമായി സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഫിഷ് ഫാർമേഴ്സ് ക്ലബ്ബ്, ആളൂർ, ഒരുമ മത്സ്യകൃഷി സംഘം പൊറത്തിശ്ശേരി എന്നീ രണ്ട് സംഘങ്ങൾക്ക് മത്സ്യ വിപണന കേന്ദ്രം സ്ഥാപിച്ചതിന് യഥാക്രമം 27.3.23 ന് ട്രഷറി ബിൽ നം. 958 പ്രകാരം 4,57,500 രൂപയും, 7.3.23ന് ട്രഷറി ബിൽ നം. 495 പ്രകാരം 4,20,364 രൂപയും കൂടി ആകെ 8,77,864 രൂപ നൽകിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച രണ്ട് സ്ഥാപനങ്ങളിലും ഓഡിറ്റ് വിഭാഗം പ്രാദേശിക പരിശോധന നടത്തിയതിൽ കണ്ട കാര്യങ്ങൾ താഴെ ചേർക്കുന്നു.

1.ഒരുമ മത്സ്യകൃഷി സംഘം പൊറത്തിശ്ശേരി.

മത്സ്യ വിപണന കേന്ദ്രം നടത്തുന്നതിനായി കാറളം ഡിവിഷനിൽ TSR/TC/201/2021 നമ്പറായി രജിസ്റ്റർ ചെയ്ത ഒരുമ മത്സ്യകൃഷി സംഘത്തിന്റെ കാറളം ബ്രാഞ്ച് കാനറ ബാങ്ക് അക്കൌണ്ട് നം.110015013794 ലേക്ക് സബ്സിഡിയിനത്തിൽ 4,20,364/- രൂപ 07.03.2023 ന് നൽകിയിട്ടുണ്ട്. തൃശ്ശൂർ -കൊടുങ്ങല്ലൂർ



സംസ്ഥാന പാതയുടെ അരികിൽ പുത്തൻതോടിന് സമീപം ഒരുമ മത്സ്യകൃഷി സംഘത്തിന്റെ "RISHITHA MEENCHATTI" എന്ന മത്സ്യവിപണന കേന്ദ്രം 08.08.2023 ന് ഓഡിറ്റ് വിഭാഗം സന്ദർശിച്ചു. എന്നാൽ "മാനസി കുടുംബശ്രീ" തയ്യാറാക്കുന്ന മീൻ വിഭവങ്ങൾ നൽകുന്ന ഒരു ബോർഡ് സ്ഥാപിച്ചിട്ടുള്ളതും, ഒരേ സമയം ഏകദേശം 10 പേർക്ക് ഉച്ച ഭക്ഷണം മാത്രം നൽകുന്ന ചെറിയ ഒരു സംവിധാനമാണ് അവിടെ പ്രവർത്തിക്കുന്നതായി കണ്ടത്. ഷോപ്പിന് മുന്നിൽ സ്ഥാപിച്ച മൂന്ന് ടാങ്കുകളിൽ ഏതാനും ചെറിയ മത്സ്യങ്ങൾ നിക്ഷേപിച്ചിട്ടുണ്ട്. മുൻപ് ഒരു വർക്ക് ഷോപ്പായി പ്രവർത്തിച്ചിരുന്ന കെട്ടിടത്തിൽ ഒരു ഫ്രീസർ, തുരുമ്പെടുത്ത വെയിംഗ് മെഷീൻ, ഗ്ലാസ്സ് ഷെൽഫ്, എയറേറ്റർ എന്നിവ ഭൌതിക പരിശോധനയിൽ കണ്ടു. ഹോട്ടലിലേക്ക് ഉപയോഗിക്കുന്നതിനായി ഫ്രീസറിനുള്ളിൽ ഏതാനും പഴയ മത്സ്യങ്ങൾ പൊതിഞ്ഞ നിലയിൽ കാണപ്പെട്ടു.



മത്സ്യവിപണന കേന്ദ്രത്തിന് അടിസ്ഥാന സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് 2,95,937/-രൂപ ചെലവഴിച്ചിന്റെ വൌച്ചറുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.



എന്നാൽ ഈ ബില്ലുകൾ പ്രകാരം വാങ്ങിയതായി കാണുന്ന ഇനങ്ങൾ പലതും സ്ഥാപനത്തിൽ ഇല്ല. വാണിജ്യ പ്രാധാന്യം താരതമ്യേന കുറഞ്ഞതും തോടിനരികിലായി സ്ഥിതിചെയ്യുന്നതുമായ രൂപമാറ്റം വരുത്തിയ പഴയ വർക്ക്ഷോപ്പ് കെട്ടിടത്തിന് 2 ലക്ഷം രൂപ അഡ്വാൻസ് നൽകി കെട്ടിടം വാടകയ്ക്ക് എടുത്തതായി കരാർ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. 01.11.2022 മുതൽ 25.01.23 വരെ മത്സ്യം നൽകിയതിന് 4,18,620/- രൂപ വിവിധ വ്യക്തികൾ കൈപറ്റിയതിന്റെ എഴുതി നൽകിയ രസീതുകൾ ഫയലിലുണ്ട്. വിൽപന നടത്തുന്നതിനാവശ്യമായ മത്സ്യങ്ങൾ വിപണന കേന്ദ്രത്തിൽ ഉണ്ടായിരുന്നില്ല. സംഘമെന്ന നിലയിൽ മത്സ്യവിൽപ്പനയുടെ വരവ് ചെലവ് കണക്കുകളോ, രജിസ്റ്ററോ, കംപ്യൂട്ടറോ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. പൊതുവെ മത്സ്യ വിൽപന കാര്യക്ഷമമല്ലെന്നും, ഞായറാഴ്ചകളിൽ പരമാവധി രണ്ട് കിലോ വരെ മത്സ്യം വിറ്റ് പോകാറുള്ളതായാണ് അന്വേഷണത്തിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുള്ളത്.

റെന്റ് അഡ്വാൻസ്, മൂന്നുമാസത്തേക്ക് മത്സ്യം വാങ്ങുന്നതിനും, മൂന്ന് തൊഴിലാളികൾക്ക് ശമ്പളം നൽകുന്നതിനുമുള്ള തുക ചെലവഴിച്ചതിന്റെ ഫയലിൽ സൂക്ഷിച്ച വൌച്ചറുകളെ അടിസ്ഥാനമാക്കി 50% സബ്സിഡിയായി 3,01,989/- രൂപ സബ്സിഡിയും അടിസ്ഥാന സൌകര്യങ്ങൾക്ക് ചെലവഴിച്ചതിന്റെ 50% സബ്സിഡി 1,18,375 രൂപയും അടക്കം ആകെ 4,20,364/- രൂപ സബ്സിഡി സംഘത്തിന് അനുവദിച്ചിട്ടുണ്ട്.

2.ഫിഷ് ഫാർമേഴ്സ് ക്ലബ്ബ് , ആളൂർ

മാള ഡിവിഷനിലുള്ള ഫിഷ് ഫാർമേഴ്സ് ക്ലബ്ബിന്റെ സംരഭമായ “KABSA FOOD PRODUCT” കാമറ്റത്തിൽ ബിൽഡിംഗ്, പറമ്പിറോഡ്, വെള്ളാഞ്ചിറ എന്ന മത്സ്യ വിപണനകേന്ദ്രം 25.09.2023 ന് ഓഡിറ്റ് വിഭാഗം സന്ദർശിച്ചു. പദ്ധതിപ്രകാരം സബ്സിഡിയായി 4,57,500 രൂപ ഫിഷ് ഫാർമേഴ്സ് ക്ലബ്ബിന്റെ ചാലക്കുടി ബ്രാഞ്ച് ഇൻഡ്യൻ ബാങ്ക് അക്കൌണ്ട് നം. 7462656738ലേക്ക് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ




27.03.23 നൽകിയിട്ടുണ്ട്. ഏതാനും ചെറിയ മത്സ്യങ്ങൾ ഉള്ള 4x2x2 വലുപ്പത്തിലുള്ള രണ്ട് ഗ്ലാസ്സ് ഫിഷ് ടാങ്കുകൾ, ഡെസ്ക്ടോപ് മോണിറ്റർ, വോൾട്ടാസ് ഫ്രീസർ, എയറേറ്റർ എന്നിവയാണ് പരിശോധനാ സമയത്ത് സ്ഥാപനത്തിൽ ഉണ്ടായിരുന്നത്. വിൽപ്പന നടത്തുന്നതിനാവശ്യമായ മത്സ്യവും, ജീവനക്കാരും വിപണന കേന്ദ്രത്തിൽ ഉണ്ടായിരുന്നില്ല. 2.5 ലക്ഷം രൂപ വാടക കെട്ടിട അഡ്വാൻസ് നൽകിയതായുള്ള കരാർ, 20.10.22 മുതൽ 2.3.2023 വരെ 3,85,000 രൂപയുടെ മത്സ്യം വാങ്ങിയതിന്റെ രസീതുകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ കുറഞ്ഞ അളവിൽ മാത്രം മത്സ്യം സൂക്ഷിക്കുന്നതിനുള്ള ചെറിയ ഒരു ഫ്രീസർ മാത്രമാണ് സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ളത്. ജീവനക്കാരുടെ ശമ്പളം, കെട്ടിട അഡ്വാൻസ്, മൂന്ന മാസത്തേക്ക് മത്സ്യം വാങ്ങിയതിന്റെ ഫയലിൽ സൂക്ഷിച്ച വൌച്ചറുകളെ അടിസ്ഥാനമാക്കി 50% സബ്സിഡി 3,03,061/- രൂപയും അടിസ്ഥാന സൌകര്യങ്ങൾക്ക് 50% സബ്സിഡി 1,54,439 രൂപയും കൂടി ആകെ 4,57,500/- രൂപ സംഘത്തിന് സബ്സിഡി അനുവദിച്ചിട്ടുണ്ട്.

വിപണന കേന്ദ്രം സ്ഥാപിക്കുന്ന പദ്ധതിയ്ക്ക് 5 ലക്ഷം രൂപ വരെ ആനുകൂല്യം നൽകുന്നതിനാൽ സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം ഗുണഭോക്താവിന്റെ അർഹത ഗ്രാമസഭ, ഗ്രാമപഞ്ചായത്ത്, എന്നിവർ അംഗീകരിക്കേണ്ടതും പദ്ധതിയെ സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കേണ്ടതുമായിരുന്നു.

എന്നാൽ ഗുണഭോക്താക്കളെ ഗ്രാമസഭ, ഗ്രാമ പഞ്ചായത്ത് എന്നിവർ അംഗീകരിച്ചതിന്റെ മിനിറ്റ്സുകൾ, സംഘങ്ങൾക്ക് തുക കൈമാറിയതിന്റെ ട്രഷറി പെയ്ഡ് കോപ്പി/യു.ടി.ആർ സ്റ്റേറ്റ്മെന്റ്, ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച മാനദണ്ഡങ്ങളുടെ രേഖകൾ, (സ്വന്തമായി മത്സ്യകൃഷി നടത്തുന്നതിന്റെ വിവരങ്ങളോ, സംഘത്തിലെ ഗുണഭോക്താക്കൾക്ക് പരിശീലനം ലഭിച്ചതിന്റെ സാക്ഷ്യപത്രമോ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.) സംഘത്തിന്റെ മിനിറ്റ്സ്, ബാങ്ക് പാസ്ബുക്ക്/സ്റ്റേറ്റ്മെന്റ്, സബ്സിഡി അനുവദിക്കുന്നതിനായി തദ്ദേശ സ്ഥാപന എഞ്ചിനീയർ അംഗീകരിച്ച് നൽകിയ മൂല്യനിർണയ സാക്ഷ്യപത്രം, ജില്ലാപഞ്ചായത്ത് മോണിറ്ററിംഗ് റിപ്പോർട്ട് തുടങ്ങിയവ ഹാജരാക്കിയിട്ടില്ല. ഈ പദ്ധതി മൂലം പ്രാദേശിക മത്സ്യ കർഷകർക്ക് ഏതെങ്കിലും രീതിയിൽ പ്രയോജനം ലഭിച്ചിട്ടുള്ളതായി കാണുന്നില്ല. വൗച്ചറുകളിൽ സൂക്ഷിച്ചിട്ടുള്ള ബില്ലുകൾ പ്രകാരമുള്ള ഫർണീച്ചറുകൾ/ ഉപകരണങ്ങൾ സ്ഥാപിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. വാണിജ്യപരമായി പ്രാധാന്യമില്ലാത്ത സ്ഥലങ്ങളിലെ വാടകമുറികൾക്ക് ഉയർന്ന തുക അഡ്വാൻസ് നൽകിയതായി കാണുന്നത് പരിശോധിക്കേണ്ടതാണ്.



1961 ലെ Income Tax Act Section 40 A(3) പ്രകാരം 10,000/- രൂപയിൽ അധികം പണമായി ഇടപാടുകൾ നടത്താൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഫിഷ് ഫാർമേഴ്സ് ക്ലബ്ബ് കെട്ടിട അഡ്വാൻസായി 2 ലക്ഷം രൂപ നൽകിയതായി കരാർ ഹാജരാക്കിയിട്ടുണ്ടെങ്കിലും സ്ഥല പരിശോധന നടത്തിയ സമയത്ത് അതേ കൊംപൗണ്ടിൽ താമസിക്കുന്ന കെട്ടിട ഉടമയായ ശ്രീ. അജിതൻ അഡ്വാൻസായി 50,000/- രൂപയാണ് ലഭിച്ചിട്ടുള്ളതെന്ന് വാക്കാൽ അറിയിക്കുകയുണ്ടായി. വിപണന കേന്ദ്രത്തിൽ നിയമിച്ചതായി അവകാശപ്പെടുന്ന ജീവനക്കാരുടെ ശമ്പളം, മത്സ്യം വാങ്ങുന്നതിന് മൂന്ന് മാസത്തേയ്ക്ക് ചെലവഴിച്ച തുക, വാടക അഡ്വാൻസ് എന്നിങ്ങനെ വൌച്ചറുകൾ പ്രകാരം കാണുന്ന ചെലവ് തുകകൾ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് പ്രകാരം കൈമാറിയിട്ടുള്ളവയല്ല. കേരള രജിസ്ട്രേഷൻ നിയമ പ്രകാരം കരാറുകൾ രജിസ്റ്റർ ചെയ്തിട്ടില്ലാത്തതിനാൽ സബ്സിഡി ലഭിക്കുന്നതിനായി ഹാജരാക്കിയ കരാറുകൾ, ബാങ്ക്/ഇലക്ട്രോണിക് ട്രാൻസ്ഫറുകളുടെ പിൻബലത്തോടെ ബോധ്യപ്പെടുത്താനാവാത്ത മൂലധന ചെലവു രേഖകൾ എന്നിവ യഥാർത്ഥമാണെന്ന് പറയാനാവില്ല. ആയതിനാൽ ഈ രേഖകളുടെ അടിസ്ഥാനത്തിൽ ചെലവുതുക പെരുപ്പിച്ച് കാണിച്ച് ഗുണഭോക്താക്കൾ അനർഹമായി സബ്സിഡി കൈപറ്റിയതായി ഓഡിറ്റ് അനുമാനിക്കുന്നു. ചെലവ് രേഖകളുടെ ആധികാരികത ഉറപ്പ് വരുത്തുന്നതിനായി സംഘത്തിന്റെ അക്കൌണ്ട് പാസ്ബുക്കുകൾ, പ്രതിദിന വരവ് ചെലവ് കണക്കുകൾ, കാഷ്ബുക്ക്, ലഡ്ജറുകൾ, സംഘത്തിന്റെ മിനിറ്റ്സ് ബുക്ക് എന്നിവ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. മാർഗ്ഗരേഖയിൽ നിന്നും ഭിന്നമായി അധിക സബ്സിഡി നൽകി ലൈവ് ഫിഷ് മാർക്കറ്റുകൾ സ്ഥാപിക്കുന്നതിന് നൂതന പദ്ധതിയായി അംഗീകാരം വാങ്ങി നടപ്പാക്കിയ ജില്ലാ പഞ്ചായത്തിന്റെ പദ്ധതി ലക്ഷ്യം നേടിയില്ല.

കാറളം, മാള ഡിവിഷനുകളിലെ വാണിജ്യ പ്രാധാന്യമില്ലാത്ത രണ്ട് ഇടങ്ങളിൽ രണ്ട് ചെറിയ കടമുറികൾ വാടകയ്ക്ക് എടുത്ത് 2021 ലും 2022 ലും സൊസൈറ്റി രജിസ്ട്രേഷൻ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത രണ്ട് സംഘങ്ങൾ പ്രാദേശിക മത്സ്യകർഷകർക്ക് പ്രയോജനപ്പെടുന്ന ലൈവ് ഫിഷ് മാർക്കറ്റുകൾ ആരംഭിക്കുന്നതിന് 8,77,864 രൂപ സബ്സിഡിയിനത്തിൽ കൈപറ്റിയെങ്കിലും യഥാർത്ഥ മത്സ്യകർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ ന്യായമായ വിലയ്ക്ക് വിറ്റഴിക്കുന്നതിനുള്ള കേന്ദ്രങ്ങളായി അവയെ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ലായെന്നത് യാഥാർത്ഥ്യമാണ്. ഇങ്ങനെ അപ്രസക്തമായ

ഇടങ്ങളിൽ മതിയായ സൌകര്യങ്ങൾ ഇല്ലാതെ ലൈവ് ഫിഷ് മാർക്കറ്റുകൾ ആരംഭിച്ച സംഗതികളിൽ ആവശ്യമായ പരിശോധനയും ചെലവുകളുടെ ആധികാരികത ഉറപ്പ് വരുത്താതെയും സബ്സിഡി അനുവദിക്കാനിടയായ സാഹചര്യങ്ങൾ പരിശോധിക്കപെടേണ്ടതാണ്. ആയതിനാൽ ഇക്കാര്യത്തിൽ വിശദമായ അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

മത്സ്യവിൽപ്പന കേന്ദ്രം സ്ഥാപിക്കുന്നതിന് അടിസ്ഥാന സൌകര്യങ്ങൾ ഏർപ്പെടുത്തിയതിന് (കെട്ടിട നവീകരണം, ഉപകരണങ്ങൾ വാങ്ങലുകൾ തുടങ്ങിയവ.) ഫയലിൽ സൂക്ഷിച്ചിട്ടുള്ള ബില്ലുകൾ പ്രകാരമുള്ള അംഗീകരിക്കാവുന്ന മാർഗ്ഗരേഖ പ്രകാരമുള്ള ചെലവ് തുക2,72,814രൂപയാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. അധികം നൽകിയ 6,05,050/- രൂപ യഥാർത്ഥ ചെലവു രേഖകൾ ഹാജരാക്കുന്നതു വരെ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| സംഘം | അംഗീകരിക്കാത്തവ (റെന്റ് അഡ്വാൻസ്, ഫിഷ് പർച്ചേയ്സ്, ശമ്പളം) | വിപണന കേന്ദ്രം അടിസ്ഥാന ചെലവുകൾ | അർഹമായ സബ്സിഡി | അധികം നൽകിയത് |
|---|---|---|---|---|
| ഫിഷ് ഫാർമേഴ്സ് ക്ലബ്ബ് ആളൂർ. | 6,35,733 | 3,86,098 | 1,54,439 | 3,03,061 |
| ഒരുമ മത്സ്യകൃഷി സംഘം പൊറത്തിശ്ശേരി. | 7,93,200 | 2,95,937 | 1,18,375 | 3,01,989 |
| ആകെ | | | 2,72,814 | 6,05,050 |

1-38 സംരംഭകത്വ-നൈപുണ്യ വികസന പദ്ധതികൾ -അപാകതകൾ

നിർവ്വഹണം-മാനേജർ, ജില്ലാ വ്യവസായകേന്ദ്രം

പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം 115/2022/തസ്വഭവ, തിയതി 28.5.2022 ഖണ്ഡിക 6.5.1 പ്രകാരം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതിക്കൊപ്പം പ്രാദേശിക സാമ്പത്തിക വികസനത്തിനുള്ള ഒരു പദ്ധതി (LED Plan) കൂടി 2022-23 മുതൽ തയ്യാറാക്കേണ്ടതാണ്, സംരംഭകത്വ വികസനവും നൈപുണ്യവികസനവുമാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതു പ്രകാരം ജില്ലാ പഞ്ചായത്ത് 2022-23 ൽ ആരംഭിച്ച പദ്ധതികളുടെ വിവരങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 14/05-09-2023 ന് ലഭിച്ച മറുപടിയിൽ ജില്ലാ വ്യവസായകേന്ദ്രം മാനേജർ നടപ്പാക്കിയ വനിതാ തൊഴിൽ സംരംഭകർക്ക് സഹായം (പ്രൊജക്റ്റ് നം 665/23), തൃശ്ശൂർപ്പൂരം എക്സിബിഷൻ- 2022 (പ്രൊജക്റ്റ് നം 157/23) എന്നീ പദ്ധതികളുടെ പേരുകൾ മാത്രമാണ് ലഭ്യമാക്കിയത്. സർക്കാർ മാർഗ്ഗരേഖാ നിർദ്ദേശ പ്രകാരം സംരംഭകത്വ-നൈപുണ്യ വികസനത്തിനായി ജില്ലാ പഞ്ചായത്ത് 2022-23ൽ മേൽപറഞ്ഞ രണ്ടു പ്രൊജക്റ്റുകൾ മാത്രമാണ് നടപ്പാക്കിയത്. ആയതിൽ വനിതാ തൊഴിൽ സംരംഭകർക്ക് സഹായം എന്ന പദ്ധതി വേണ്ടത്ര വിജയം കൈവരിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

I) വനിതാ തൊഴിൽ സംരംഭകർക്ക് സഹായം,

പ്രൊജക്റ്റ് നം-665/23

കുറഞ്ഞത് രണ്ട് അംഗങ്ങളെങ്കിലും ഉള്ള വനിതാ ഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ആവശ്യമായ തുകയുടെ 75% ശതമാനം പരമാവധി 3.75 ലക്ഷം രൂപ സബ്സിഡി നൽകുന്ന പദ്ധതിയാണിത്.

വിഭവസ്രോതസ്സുകൾ-വികസനഫണ്ട്- 50,00,000-ഗുണഭോക്തൃവിഹിതം, നേരിട്ട് ചെലവഴിക്കുന്നത് - 17,00,000, ആകെ - 67,00,000/-

2022-23 ൽ ചെലവ്- 3,37,500/-

വികസനകാര്യ സ്ഥിരം സമിതിയുടെ 2.2.2023 തിയതിയിലെ 1 (16)-ാം നമ്പർ തീരുമാന പ്രകാരം മേൽ പദ്ധതിയുടെ ഗുണഭോക്താക്കളായി 21 ഗ്രൂപ്പുകളെ തെരഞ്ഞെടുത്തിട്ടുള്ളതായി കാണുന്നു. ഓഡിറ്റ് വർഷം ഒരു ഗ്രൂപ്പ് മാത്രമാണ് ധനസഹായം കൈപ്പറ്റിയിട്ടുള്ളത്. ബാങ്ക് വായ്പ ലഭ്യമാക്കി സ്ഥാപനം ആരംഭിക്കുന്നതിനായി നടപടി സ്വീകരിച്ച് ആവശ്യമായ രേഖകൾ സമർപ്പിക്കാത്തതിനാലാണ് മറ്റു ഗ്രൂപ്പുകൾക്ക് ധനസഹായം നൽകാത്തതെന്നും ഈ പദ്ധതി 2022-23 ൽ അവസാനിച്ചുവെന്നും ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. 50 ലക്ഷം രൂപ വകയിരുത്തി ആവിഷ്ക്കരിച്ച പദ്ധതിയുടെ 6.75% മാത്രമാണ് നടപ്പാക്കിയത്.

നീലാംബരി സ്റ്റിച്ചിംഗ് സെന്റർ എന്ന സ്ഥാപനം ആരംഭിക്കുന്നതിനായി സുവേഗ വി വി, മിനി എം എസ് എന്നിവർക്കായി 3,37,500/- രൂപ അനുവദിച്ചിട്ടുണ്ട്. 31.5.2023 ന് വെന്മേനാട്, പാവറട്ടി എന്ന സ്ഥലത്ത് സ്ഥാപനം പ്രവർത്തനം ആരംഭിച്ചതായി ഫയലിൽ കാണുന്നു. സ്ഥാപനം 5 വർഷം പ്രവർത്തിക്കുന്നതാണെന്നും ബാങ്ക് വായ്പ കൃത്യമായി തിരിച്ചടക്കുമെന്നും ഗുണഭോക്താക്കൾ സത്യവാങ്മൂലം നൽകിയിട്ടുണ്ട്. ഈ തൊഴിൽസംരംഭത്തിന്റെ തുടർ പ്രവർത്തനം വിലയിരുത്തേണ്ടതും ആയതുസംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

II) തൃശ്ശൂർപൂരം എക്സിബിഷൻ -2022, പ്രൊജക്റ്റ് നം-157/23

സംരംഭകർ, കുടുംബശ്രീ സംരംഭകർ, ഗ്രൂപ്പുകൾ എന്നിവർക്ക് പൂരം എക്സിബിഷനിൽ പങ്കെടുക്കുന്നതിനുള്ള സൗകര്യം ഒരുക്കി നൽകൽ, വിപണന സാധ്യത ഒരുക്കൽ അതിലൂടെ സംരംഭകരുടെ ഉന്നമനം കൈവരിക്കുന്നതിന് സഹായിക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യം.

വിഭവസ്രോതസ്സ്- തനത് ഫണ്ട്- 8,00,000

ചെലവ്- 8,14,762 (8,00,000 രൂപ തനത് ഫണ്ട്, 14,762 രൂപ സ്റ്റാൾ വാടകയിൽ നിന്ന്)

8 ലക്ഷം രൂപയാണ് പദ്ധതിയുടെ അടങ്കൽ എന്നാൽ 14,762 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. ഈ തുക സ്റ്റാളുകളുടെ വാടകയിൽ നിന്നുമാണ് എടുത്തിട്ടുള്ളത്. ഇപ്രകാരം തുക അധികം ചെലവഴിച്ചതിന് ജില്ലാപഞ്ചായത്ത് കമ്മറ്റി അംഗീകാരം നൽകി തീരുമാനം എടുത്തിട്ടില്ല.

പൂരം നടത്തിപ്പിന്റെ ആകെ വരുമാനം 799500 രൂപയിൽ നിന്നും 14,762 രൂപ കുറച്ച് 784738 രൂപയാണ് ജില്ലാപഞ്ചായത്തിൽ വരവു വച്ചത്. 784738 രൂപ ജില്ലാ പഞ്ചായത്തിൽ അടവാക്കിയിരിക്കുന്നത് ചെക്ക് നം 558908/ 6.7.2022 പ്രകാരമാണ്. പ്രൊജക്റ്റ് ഫയലിലുള്ള നോട്ടീസ് പ്രകാരം പൂരം പ്രദർശനമേള ഏപ്രിൽ 19 മുതൽ മെയ് 23 വരെയായിരുന്നു. പൂരം പവലിയനിൽ നിന്നുമുള്ള വരവു തുക ജില്ലാപഞ്ചായത്തിൽ അടവാക്കാൻ കാലതാമസം വന്നിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി 14/05-09-2023നുള്ള മറുപടിയിൽ പൂരം എക്സിബിഷൻ നടത്തുന്നതിനായി ജില്ലാ പഞ്ചായത്തിൽ നിന്നും മുൻകൂട്ടി തുക വാങ്ങിയിരുന്നില്ലെന്നും വാടക ഇനത്തിൽ ലഭിച്ച തുകയിൽ നിന്നും അത്യാവശ്യ ചെലവുകൾ നടത്തിയശേഷം ജില്ലാ പഞ്ചായത്തിൽ ബില്ലുകൾ സമർപ്പിച്ച് ലഭിച്ച തുകയിൽ ബാക്കി വന്ന തുക ജില്ലാ പഞ്ചായത്തിൽ അടവാക്കുകയുമാണ് ചെയ്തതെന്നും നിർവ്വഹണോദ്യോഗസ്ഥ വിശദീകരിച്ചിട്ടുണ്ട്. വാടക തുകയിൽ നിന്നും നേരിട്ട് പദ്ധതിക്ക് ചെലവു ചെയ്ത് ബാക്കി തുക ജില്ലാ

പഞ്ചായത്തിൽ അടവാക്കിയാൽ മതി എന്നതു സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുക്കുകയോ ആയതു സംബന്ധിച്ച് പ്രൊജക്റ്റിൽ വ്യവസ്ഥ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും യഥാർത്ഥത്തിൽ ചെലവായത് 30024 രൂപ (8,14,762 - 784738) യാണ് എന്നത് വസ്തുതയാണെങ്കിലും പദ്ധതിയുടെ ആകെ ചെലവ് പദ്ധതിക്ക് വകയിരുത്തിയ തുകയേക്കാൾ അധികരിച്ചിട്ടുണ്ട്, ആയതിന് അംഗീകാരം വാങ്ങിയിട്ടില്ല. ഒരു പദ്ധതിയുടെ അടങ്കൽ തുക നിശ്ചയിക്കുന്നത് ആ പദ്ധതിയുടെ ആകെ ചെലവ് നിശ്ചിത തുകയിൽ അധികരിക്കാത്തവിധം കൃത്യമായ സാമ്പത്തിക അച്ചടക്കത്തോടെ ആവിഷ്കരിച്ച് നടപ്പാക്കണം എന്ന ഉദ്ദേശത്തോടെയാണ്. അടങ്കൽ തുകയേക്കാൾ അധികരിച്ച് പദ്ധതിക്ക് ചെലവു വരുന്നത് നിയന്ത്രിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-39 വിദ്യാതരംഗം- പട്ടികവർഗ്ഗ കോളനികളിൽ സ്ഥാപിച്ച ബ്രോഡ് ബാന്റ് കണക്ഷൻ- ആവർത്തനച്ചെലവിനായുള്ള പദ്ധതിയുടെ നടത്തിപ്പിലെ അപാകതകൾ

പ്രൊജക്റ്റ് നം- 994/23

നിർവ്വഹണം- സെക്രട്ടറി

തൃശ്ശൂർ ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ വിദൂരമേഖയിലുള്ള പതിനഞ്ച് പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ വിദ്യാർത്ഥികൾക്ക് ഇന്റർനെറ്റ് ലഭ്യത ഉറപ്പാക്കി തുടർപഠനം സാധ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച് 2021-22 ൽ നടപ്പാക്കിയതാണ് വിദ്യാതരംഗം പദ്ധതി.

വിദ്യാതരംഗം പദ്ധതി പ്രകാരം പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ ഇന്റർനെറ്റ് കണക്ഷന് വേണ്ടി തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-29 പ്രകാരമുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കോളനി സ്ഥിതി ചെയ്യുന്ന ഗ്രാമ പഞ്ചായത്ത് | കോളനിയുടെ പേര് | വിദ്യാർത്ഥികളുടെ എണ്ണം | കണക്ഷൻ നൽകിയ തിയതി. | ചെലവഴിച്ച തുക/ ഏജൻസി. |
|---|---|---|---|---|---|
| 1 | പഴയന്നൂർ | മാട്ടിൻ മുകൾ കോളനി | 18 | 18.10.21 | 106126/ BSNL |
| 2 | വരന്തരപ്പിള്ളി | എലിക്കോട് | 7 | 15.12.21/ | 220106/ BSNL |
| | | ഒളനപറമ്പ് | 8 | 15.12.21 | |
| | | കള്ളിച്ചിത്ര | 18 | 15.12.21 | |
| | | ചീനിക്കുന്ന് | 4 | 15.12.21 | |
| | | ചക്കിപറമ്പ് | 7 | 4.7.21 | 276734/ BSNL |

| | | | | | |
|---|---|---|---|---|---|
| | | കുണ്ടായി | ലഭ്യമല്ല | 4.7.21 | |
| 3 | പാണഞ്ചേരി | മണിയൻ കിണർ | ലഭ്യമല്ല | 7.2.22 | 267912/ BSNL |
| | | കരടിക്കണ്ട് | ലഭ്യമല്ല | വനംവകുപ്പിന്റെഅനുമതി ലഭിച്ചില്ല. കണക്ഷൻ നൽകിയിട്ടില്ല. | |
| | | താമരവെള്ളച്ചാൽ | 31 | 13.8.21 | 94993/ BSNL |
| | | ഒളകര | 32 | വിവരം ലഭ്യമല്ല. | |
| 4 | അതിരപ്പള്ളി | വാച്ചുമരം | 68 | 27.8.21 | 499399/ പ്രൈവറ്റ് കണക്ഷൻ-സർവ്വീസ് പ്രൊവൈഡർ ആരെന്ന് രേഖപ്പെടുത്തിയിട്ടില്ല. |
| | | മുക്കംപുഴ | 8 | 27.8.21 | |
| | | തവളക്കുഴിപ്പാറ | 9 | 27.8.21 | |
| | | ആനക്കയം | 33 | 27.8.21 | |
| ആകെ ചെലവുതുക | | | | | 14,65,270 |

വിദ്യാതരംഗം പദ്ധതി പ്രകാരം പട്ടികവർഗ്ഗ കോളനികളിൽ സ്ഥാപിച്ച ബ്രോഡ്ബാന്റ് കണക്ഷനുകളുടെ ആവർത്തനചെലവുകൾക്കായുള്ളതാണ് ഈ വർഷത്തെ പദ്ധതി. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ.ഓർഡിനേഷൻ കമ്മിറ്റിയുടെ 26.7.2022 തിയതിയിലെ 4.22-ാം നമ്പർ തീരുമാനപ്രകാരം ആവർത്തനചെലവുകൾ നൽകുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട് (പട്ടികവർഗ്ഗ സങ്കേതങ്ങളിലായതിനാൽ).

പദ്ധതി അടങ്കൽ-ടി.എസ്.പി- 2,97,600

2022-23 വർഷത്തെ ചെലവ്- 1,90,083 രൂപ

2022-23 വർഷത്തെ പദ്ധതിപ്രകാരമുള്ള ചെലവിന്റെ വിശദാംശങ്ങളും അപാകതകളും താഴെ കൊടുക്കുന്നു.

1) ട്രഷറി ബില്ല്-BRN 221301520002004276 77/17.8.22, 47047/-

BSNL ഇൻവോയ്സ് നം SDCKL0070842379/3.8.22, കാലയളവ് 1.7.2022-31.7.2022

വരന്തരപ്പിള്ളി പഞ്ചായത്ത്-ചക്കിപ്പറമ്പ് കോളനി
ചക്കിപ്പറമ്പ് കമ്മ്യൂണിറ്റി ഹാൾ (ഫോൺനം 04802991011), ചക്കിപ്പറമ്പ് അംഗൻവാടി (ഫോൺനം 04802991022), ചക്കിപ്പറമ്പ് ടെമ്പിൾ റീഡിംഗ് റൂം (ഫോൺനം 04802991033) എന്നീ 3 ഇൻസ്റ്റലേഷൻ അഡ്രസ്സിലുള്ള കണക്ഷനുകളുടെ ഒരു വർഷത്തെ കണക്ഷൻ ചാർജ് 13408.5 രൂപ നിരക്കിൽ ടാക്സ് അടക്കം BSNL ഇൻവോയ്സ് പ്രകാരം ആവശ്യപ്പെട്ട മുഴുവൻ തുകയും അടച്ചിട്ടുണ്ട്. ഈ ബില്ലിൽ കുടിശ്ശിക ഇല്ല.

2) ട്രഷറി ബില്ല്- BRN Nil/19.10.22 , 32632/-- കുടിശ്ശിക 939/-അടച്ചു

(A) ഈ ട്രഷറി ബില്ല് തുകയിൽ കുടിശ്ശിക 939/- രൂപ ഉൾപ്പെടുന്നുണ്ട്.

ചക്കിപ്പറമ്പ് അംഗൻവാടി-ഫോൺനം 04802991022 ന്റെ BSNL ഇൻവോയ്സ് നം SDCKL0072586887/ തിയതി 3.10.22 (കാലയളവ് 1.9.2022-30.9.2022) പ്രകാരമുള്ള മുൻബാക്കി 939/- രൂപയാണ് അടച്ചിട്ടുള്ളത്. ക്രമ നം 1 പ്രകാരമുള്ള ഇൻവോയ്സിൽ ഈ കണക്ഷന് കുടിശ്ശിക ഉണ്ടായിരുന്നില്ല, മുഴുവൻ തുകയും അടച്ചിട്ടുള്ളതാണ്. ആയതിനാൽ 939/- രൂപ അടവാക്കിയത് ഏതിനത്തിൽ എന്ന് പരിശോധിക്കേണ്ടതാണ്.

(B) പാണഞ്ചേരി താമരവെള്ളച്ചാൽ കോളനി

ഈ ട്രഷറി ബില്ല് തുകയിൽ ഉൾപ്പെടുന്ന ബാക്കി തുക 31693/- രൂപ ഫോൺ നം 04872998011 ന്റെ BSNL ഇൻവോയ്സ് നം SDCKL0072570065/3.10.22 (കാലയളവ് 1.9.2022-30.9.2022) പ്രകാരമുള്ള തുകയാണ് (ഫൈൻ 268 രൂപ കുറച്ച തുക). പാണഞ്ചേരി താമരവെള്ളച്ചാൽ കോളനിയിലെ കണക്ഷനാണ് ഈ നമ്പറിലുള്ളതെന്ന് കാണുന്നു. എന്നാൽ മേൽ ഇൻവോയ്സിനൊപ്പം ഏതെല്ലാം ഇൻസ്റ്റലേഷൻ അഡ്രസ്സിലുള്ള കണക്ഷനുകൾക്കുള്ള തുകയാണെന്നോ ഏത് കാലയളവിലേക്കുള്ളതാണെന്നോ കാണിക്കുന്ന രേഖയില്ല.

3) ട്രഷറി ബില്ല്-BRN 2213015200020049I9690/16.12.22, 29493/-

പാണഞ്ചേരി താമരവെള്ളച്ചാൽ കോളനി- ഫോൺനം 0487299801I ന്റെ BSNL ഇൻവോയ്സ് നം SDCKL0074299693/3.12.22 (കാലയളവ് 1.11.2022-30.11.2022) പ്രകാരമുള്ള തുകയായ 29493/- രൂപയാണ് മേൽ പറഞ്ഞ പ്രകാരം അടവാക്കിയത്. എന്നാൽ പ്രസ്തുത ഇൻവോയ്സിനൊപ്പം ഏതെല്ലാം ഇൻസ്റ്റലേഷൻ അഡ്രസ്സിലുള്ള കണക്ഷനുകൾക്കുള്ള തുകയാണെന്നോ ഏത് കാലയളവിലേക്കുള്ളതാണെന്നോ കാണിക്കുന്ന രേഖയില്ല.

4) ട്രഷറി ബില്ല്-BRN 221301520002014349 46/22.3.23 , 15822/-

പാണഞ്ചേരി താമരവെള്ളച്ചാൽ കോളനി-ഫോൺനം 04872998011 ന്റെ BSNL ഇൻവോയ്സ് നം SDCKL0076838419/3.3/23 (കാലയളവ് 1.2.2023-28.22023) പ്രകാരമുള്ള തുകയായ 15822/- രൂപയാണ് മേൽ പറഞ്ഞപ്രകാരം അടവാക്കിയത്. എന്നാൽ പ്രസ്തുത ഇൻവോയ്സിനൊപ്പം ഏത് ഇൻസ്റ്റലേഷൻ അഡ്രസ്സിലുള്ള കണക്ഷനുള്ള തുകയാണെന്നോ ഏത് കാലയളവിലേക്കുള്ളതാണെന്നോ കാണിക്കുന്ന രേഖയില്ല.

5) ട്രഷറി ബില്ല്-BRN 221301520002010856 22/24.1.23, 64505/-

(A) മേൽ പറഞ്ഞ ട്രഷറി ബില്ല് തുകയിൽ പാണഞ്ചേരി താമരവെള്ളച്ചാൽ കോളനി- ഫോൺ നം 04872998011 ന്റെ BSNL ഇൻവോയ്സ് നം SDCKL0076030587/3.2.23 (കാലയളവ് 1.1.2023-31.2023) പ്രകാരമുള്ള തുകയായ 584/- രൂപ ഉൾപ്പെടുത്തി അടവാക്കിയിട്ടുണ്ട്. പ്രസ്തുത ഇൻവോയ്സിൽ ഇത് കുടിശ്ശിക തുകയെന്നാണ് കാണിച്ചിരിക്കുന്നത്. കുടിശ്ശിക ഏത് ഇൻസ്റ്റലേഷൻ അഡ്രസ്സിലുള്ള കണക്ഷനുള്ളതാണെന്നോ ഏത് കാലയളവിലേക്കുള്ളതാണെന്നോ കാണിച്ചിട്ടില്ല.

(B) ട്രഷറി ബില്ല്-BRN 221301520002012339 68/23.2.23 പ്രകാരം ഇതേ കണക്ഷനായി (ഫയൽ നോട്ട് പ്രകാരം) 584/- രൂപ അടച്ചിട്ടുണ്ട്. ക്രമനം 5(a)ൽ പറഞ്ഞപ്രകാരം ഈ തുക അടവാക്കിയിട്ടുള്ളതാണ്. അധികം തുക അടവാക്കിയിട്ടുള്ളത് പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ക്രമ നമ്പർ 3,4,5 പ്രകാരം താമരവെള്ളച്ചാൽ കോളനിയിലെ കണക്ഷനുകളുടെ (ഫോൺനം 04872998011 ) ഇൻവോയ്സുകൾക്കായി ആകെ 78176/-രൂപ ഈ വർഷം ബി എസ് എൻ എൽ ന് അടവാക്കിയിട്ടുണ്ട്. ആയത് ഏതെല്ലാം ഇൻസ്റ്റലേഷൻ അഡ്രസ്സ് പ്രകാരം ഏത് കാലയളവിലേക്ക് എന്നത് പരിശോധിച്ച് വിവരം അറിയിക്കേണ്ടതാണ്.

6) ട്രഷറി ബില്ല്-BRN 221301520002010856 22/24.1.23, 64505/

വരന്തരപ്പിള്ളി പഞ്ചായത്തിലെ ചീനിക്കുന്ന്, കള്ളിച്ചിത്ര, ഒളനപ്പറമ്പ്, ഏലിക്കോട് കോളനികൾ -

മേൽ തുകയിൽ 63921/-രൂപ BSNL ഇൻവോയ്സ് നം SDCKL0074273706/24.1.23 (കാലയളവ്

1.11.2022-30.11.2022), ഇൻവോയ്സ് നം SDCKL0075129798/3.1.23 (കാലയളവ് 1.12.2022-31.12.2022) എന്നിവ പ്രകാരം വരന്തരപ്പിള്ളി പഞ്ചായത്തിലെ ചീനിക്കുന്ന് (ഫോൺനം 04802996011), കള്ളിച്ചിത്ര (ഫോൺനം 04802997011), ഒളനപ്പറമ്പ് (ഫോൺനം 04802995022), ഏലിക്കോട് (ഫോൺനം 04802996022) എന്നീ ഇൻസ്റ്റലേഷൻ അഡ്രസ്സിലുള്ള കണക്ഷനുകളുടെ ഒരു വർഷത്തേക്കുള്ള തുകയാണ്.

മുകളിൽ പറഞ്ഞ ട്രഷറി ബില്ലുകൾ പ്രകാരം വരന്തരപ്പിള്ളി, പാണഞ്ചേരി പഞ്ചായത്തുകളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഇന്റർനെറ്റ് കണക്ഷനുകൾക്കായി 1,90,083 രൂപ ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ട്രഷറി പെയ്ഡ് റിപ്പോർട്ട് (UTR) പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 48/15-11-2023 ന് മറുപടി ലഭിച്ചിട്ടില്ല

വിദ്യാതരംഗം പദ്ധതികളുടെ പ്രയോജനം ശരിയായ രീതിയിൽ ഗുണഭോക്താക്കൾക്ക് ലഭിച്ചു എന്നുറപ്പാക്കാനാവുന്ന രേഖകളോ, ജില്ലാ പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ സമിതി തുടങ്ങിയവ പദ്ധതി പ്രർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയതിന്റെ വിവരങ്ങളോ, ഈ വിഷയത്തിൽ അതാത് ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകളോ മറ്റു വിവരങ്ങളോ ഫയലിൽ ഇല്ല. 2021-22 വർഷം തുക അടവാക്കിയങ്കിലും ഇന്റർനെറ്റ് കണക്ഷൻ ലഭിക്കാതിരുന്ന സങ്കേതങ്ങളിൽ നിലവിൽ കണക്ഷൻ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. വരന്തരപ്പിള്ളി, പാണഞ്ചേരി പഞ്ചായത്തുകളിലെ മുകളിൽ പറഞ്ഞപ്രകാരം കണക്ഷൻ പുതുക്കിയവ ഒഴികെയുള്ളവയുടെയും പഴയന്നൂർ, അതിരപ്പള്ളി ഗ്രാമപഞ്ചായത്തുകളിലെ കോളനികളിൽ സ്ഥാപിച്ചിട്ടുള്ള ഇന്റർനെറ്റ് കണക്ഷനുകളുടെയും നിലവിലെ സ്ഥിതി പരിശോധിക്കേണ്ടതാണ്. ഓൺലൈൻ പഠനരീതി ഇപ്പോൾ നിർത്തിവച്ചിരിക്കുന്ന സാഹചര്യത്തിൽ പദ്ധതി പ്രകാരം സ്ഥാപിക്കപ്പെട്ട ഇന്റർനെറ്റ് കണക്ഷനുകൾ കുട്ടികളുടെ പഠനാവശ്യത്തിനായി ഉപയോഗപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-40 ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗിക ആവശ്യത്തിന് പുതിയ വാഹനം-പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്റ്റ് നം 677/23
നിർവ്വഹണം – സെക്രട്ടറി
അടങ്കൽ- തനത്ഫണ്ട്- 20,00,000, ചെലവ് – 20,00,000 (സുലേഖ ചെലവ് പത്രിക പ്രകാരം)

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ)നം 115/2022/തസ്വഭവ /28.5.2022 ഉത്തരവ്, ഖണ്ഡിക 8.2 ൽ ചെലവ് കുറയ്ക്കുന്നതിന് സഹായിക്കുമെന്നതിനാൽ പുതിയ വാഹനങ്ങൾ വാങ്ങുന്നതിനു പകരം കഴിവതും വാഹനം വാടകക്ക് എടുത്ത് ഉപയോഗിക്കുന്നതിന് ശ്രമിക്കണമെന്ന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ആവശ്യമെങ്കിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്ക് 20 ലക്ഷം രൂപയിൽ അധികരിക്കാതെ വാഹനം വാങ്ങാവുന്നതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്. സ.ഉ (സാധാ) 756/2022/തസ്വഭവ/26.3.2022 ഉത്തരവു പ്രകാരം 20 ലക്ഷം രൂപയിൽ അധികരിക്കാതെ ജെം മുഖേന വാഹനം വാങ്ങാൻ ജില്ലാ പഞ്ചായത്തിന്

സർക്കാർ അനുമതി നൽകിയിരുന്നു. മേൽ പ്രൊജക്റ്റ് പ്രകാരം ടൊയോട്ട കിർലോസ്കർ മോട്ടോർ പ്രൈവറ്റ് ലിമിറ്റഡ്, കർണാടകയിൽ നിന്നും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ജെം-ലൂടെ ഇന്നോവ ക്രിസ്റ്റ ജി പ്ലസ് 7 സീറ്റർ എന്ന വാഹനം വാങ്ങി.

പുതിയ വാഹനം വാങ്ങിയതുമായി ബന്ധപ്പെട്ട ചെലവുകളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വൗച്ചർ നം,തിയതി | തുക | തുക നൽകിയത് | ചെലവിന്റെ വിവരം |
|---|---|---|---|---|
| 1 | 22200726/ 28.11.2022 | 74403 | റഹീം വീട്ടിപ്പറമ്പിൽ ന് അനുവദിക്കുന്നത്. | വാഹനത്തിന്റെ ഇൻഷ്വറൻസ് പ്രീമിയം- ന്യൂ ഇൻഡ്യ അഷ്വറൻസ് കൊ.ലിമിറ്റഡ് |
| 2 | 22200727/ 28.11.2022 | 422905 | സെൽഫ് | വാഹനത്തിന്റെ നികുതി- മോട്ടോർ വാഹന വകുപ്പ്, കേരള |
| 3 | 22200728/ 28.11.2022 | 1690188 | കിർലോസ്കർ മോട്ടോർ പ്രൈ.ലി. | വാഹനത്തിന്റെ വില |
| 4 | 22200780/ 7.12.2022 | 5808 | സെൽഫ് | വാഹനത്തിന്റെ അനുബന്ധ ഭാഗങ്ങൾ |
| 5 | 22200820/ 16.12.2022 | 101623 | നിപ്പൺ മോട്ടോർ കോർപ്പറേഷൻ | വാഹനത്തിന്റെ അനുബന്ധ ഭാഗങ്ങൾ-RR Bumper Guard Block, New Side Step, Side Protector, Fog |

| | | | | |
|---|---|---|---|---|
| | | | | Lamp, Car Sterio(24999.48/-) Video Recorder Camera, Labour Charge Etc... |
| 6 | 22200823/ 20.12.2022 | 6380 | സെൽഫ് | വാഹനത്തിൽ പേരുവച്ച ബോർഡ് ഘടിപ്പിച്ചത് |
| 7 | 22200864/ 27.12.2022 | 6500 | സെൽഫ് | വാഹനത്തിന്റെ അനുബന്ധ ഭാഗങ്ങൾ-ഫ്ലാഗ് പോസ്റ്റ്, സീറ്റ് ക്ലോത്ത്, സൈഡ് മിറർ, ആന്റിന-വർക്ക് ചെയ്തത്. |
| 8 | 22200865/ 27.12.2022 | 4795 | സെൽഫ് | വാഹനത്തിന്റെ അനുബന്ധ ഭാഗങ്ങൾ-ഫ്ലാഗ് പോസ്റ്റ്,സീറ്റ് ക്ലോത്ത്, സൈഡ് മിറർ, ആന്റിന വാങ്ങിയത് |
| 9 | 22200901/ 5.1.2023 | 18199 | നിപ്പൺ മോട്ടോർ കോർപ്പറേഷൻ | ഫ്ലോർ മാറ്റ്, 3D മെഗാസോണിക് ഹോൺ എന്നിവ വാങ്ങിയത് |
| 10 | 22200936/ 18.1.2023 | 922 | സെൽഫ് | സാൻഡിസ്ക്, സൈഡ് മിറർ |
| 11 | 22201209/ 22.2.2023 | 10879 | നിപ്പൺ മോട്ടോർ കോർപ്പറേഷൻ | ഡോർഹൗസിംഗ് ക്രോം, വീൽ അലൈൻമെന്റ് |
| 12 | 22201028/ 8.2.2023 | 7937 | നിപ്പൺ മോട്ടോർ കോർപ്പറേഷൻ | ഡോർ ഹാന്റിൽ കവർ |
| ആകെ | | 2350539 | | |

അപാകതകൾ

A) 20 ലക്ഷം രൂപയിൽ അധികരിക്കാതെ വാഹനം വാങ്ങാനാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. വാഹനം വാങ്ങിയതുമായി ബന്ധപ്പെട്ട വൗച്ചറുകൾ പരിശോധിച്ചതിൽ പുതിയ വാഹനത്തിനായി പദ്ധതി വഴിയും അല്ലാതെയുമായി തനതുഫണ്ടിൽ നിന്നും 23,50,539 രൂപ ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വാഹനം വാങ്ങുന്നതിനും അനുബന്ധചെലവുകൾക്കുമായി

18,31,326 രൂപയാണ് വിനിയോഗിച്ചതെന്നും മറ്റുള്ളവ പിന്നീട് ഇതുമായി ബന്ധപ്പെട്ട ചെലവുകളുമാണെന്നാണ് അറിയിച്ചിട്ടുള്ളത്. ആയത് വസ്തുതയല്ല. പട്ടിക പ്രകാരം വാഹനം കമ്പനിയിൽ നിന്നും വാങ്ങിയതിനും ടാക്സും ഉൾപ്പെടെ മാത്രം 21,13,093 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇൻഷ്വറൻസ് അടവാക്കുന്നതിനുള്ള 74403 രൂപയും ഒഴിവാക്കാനാവാത്ത ചെലവാണ്. പട്ടികയിൽ കാണുന്ന മറ്റ് ചെലവുകൾ വാഹനത്തിന്റെ അനുബന്ധ ഭാഗങ്ങൾ വാങ്ങാനുള്ളവയാണെന്ന് കാണാവുന്നതാണ്. പുതിയ വാഹനവും അത്യാവശ്യ അനുബന്ധഭാഗങ്ങളും വാങ്ങുന്നതിനുള്ള ചെലവുകൾ സർക്കാർ നിശ്ചയിച്ച പരിധിയിൽ അധികരിക്കാത്തവിധത്തിൽ പരിമിതപ്പെടുത്തുന്നതിന് ശ്രദ്ധിച്ചിട്ടില്ല. സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് വാഹനം വാങ്ങുന്നതിനും മറ്റും സർക്കാർ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ പദ്ധതി നിർവ്വഹണത്തിൽ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് ചെലവിൽ മിതത്വം ഉറപ്പുവരുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിയും ജാഗ്രത പാലിക്കേണ്ടതായിരുന്നു.

B) പുതിയ വാഹനവും വാഹനത്തോടൊപ്പം കമ്പനി അനുവദിച്ചിട്ടുള്ള ആക്സസറീസും, ജില്ലാ പഞ്ചായത്ത് വാങ്ങിയ അനുബന്ധഭാഗങ്ങളും സ്റ്റോക്കിലെടുത്തതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

C) സ.ഉ. (പി) നം 819/2000/ഫിൻ/18.4.2000 ഉത്തരവു പ്രകാരം കേരള സർക്കാരിന്റെ കീഴിലുള്ള എല്ലാ വാഹനങ്ങൾക്കും കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിന്റെ തേർഡ് പാർട്ടി ഇൻഷ്വറൻസ് കവറേജ് ഉണ്ടായിരിക്കണമെന്ന് നിർദ്ദേശമുണ്ട്. ജില്ലാ പഞ്ചായത്ത് വാങ്ങിയ പുതിയ വാഹനത്തിന് ന്യൂ ഇൻഡ്യ അഷ്വറൻസ് കൊ. ലിമിറ്റഡ് ന്റെ ഇൻഷുറൻസ് ആണ് എടുത്തിട്ടുള്ളത്. പുതിയ വാഹനമായതിനാൽ കമ്പനിയിൽ നിന്നുമാണ് ഇൻഷുറൻസ് എടുത്തത് അതുകൊണ്ടാണ് ന്യൂ ഇൻഡ്യ അഷ്വറൻസ് കൊ. ലിമിറ്റഡ് ന്റെ ഇൻഷുറൻസ് എടുക്കാനിടയായത് എന്ന് എൻക്വയറിക്ക് മറുപടി തന്നിട്ടുണ്ട്. എന്നാൽ ഇൻഷുറൻസ് പ്രീമിയം തുക ജില്ലാ പഞ്ചായത്ത് മെമ്പറായ ശ്രീ റഹീം വീട്ടിപ്പറമ്പിൽ ചെലവു ചെയ്തതിനാൽ ഇദ്ദേഹത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നുവെന്നാണ് സെക്രട്ടറിയുടെ 28.11.2022 തിയതിയിലെ ഡിപിടി/ ഡി12-2824/21 ഉത്തരവിൽ പറഞ്ഞിട്ടുള്ളത്. കമ്പനിക്കല്ല തുക അനുവദിച്ചിട്ടുള്ളത്. ഇദ്ദേഹം പ്രീമിയം തുക അടവാക്കിയതിന്റെയും 74403 രൂപ കൈപ്പറ്റിയതിന്റെയും രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിലെ അവ്യക്തത സംബന്ധിച്ച് മറുപടി ലഭിച്ചിട്ടില്ല, 74,403 രൂപ തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് എൻക്വയറി 60/01-12-2023 )

1-41 2022-23 വർഷം സെക്രട്ടറി നടപ്പാക്കിയ വിഹിതം കൈമാറുന്നതിനുള്ള പ്രൊജക്റ്റുകൾ-തുകയുടെ വിനിയോഗവിവരം ജില്ലാ പഞ്ചായത്തിൽ ഇല്ല.

2022-23 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച ആകെ 289 പ്രൊജക്റ്റുകളിൽ 136 എണ്ണം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. ആവിഷ്കരിച്ച 289 ൽ 182 എണ്ണം വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നതിനുള്ളവയായിരുന്നു, ആയതിൽ 113 എണ്ണമാണ് നടപ്പാക്കിയത്. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് വർഷം നടപ്പാക്കിയ പദ്ധതികളുടെ 83 ശതമാനവും വിഹിതം നൽകുന്ന പദ്ധതികളാണ്. ഈ പ്രൊജക്റ്റുകൾക്കായി 12,87,57,668 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ തുകകളുടെ വിനിയോഗവുമായി ബന്ധപ്പെട്ട യാതൊരു രേഖകളും ജില്ലാ പഞ്ചായത്തിൽ ഇല്ല. വിഹിതം നൽകുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനക്സർ 3 ആയി ചേർത്തിട്ടുണ്ട്.

ജില്ലാ പഞ്ചായത്ത് വിഹിതം കൈമാറിയ എല്ലാ ഗ്രാമപഞ്ചായത്തുകളിൽ നിന്നും തുകയുടെ വിനിയോഗവിവരം/ ട്രഷറി പെയ്ഡ് റിപ്പോർട്ട് (UTR) പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി 37/2.11.23 നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ജില്ലാ പഞ്ചായത്തിന്റെ കണക്കിൽ ഈ തുകകൾ ചെലവായിട്ടുണ്ടെങ്കിലും വിഹിതം ലഭിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾ തുക വിനിയോഗിച്ചതിന് തെളിവുരേഖകൾ നൽകുന്നില്ല.
സെക്രട്ടറിയുടെ വിഹിതം നൽകൽ പദ്ധതിയിൽ ഉൾപ്പെടുന്ന അവിണിശ്ശേരി പഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറിക്ക് നടപ്പാത ഒരുക്കൽ പദ്ധതിക്കായി (പ്രൊജക്റ്റ് നം 960/23, ഫയൽ നം D2-3285/23 ) സെക്രട്ടറിയുടെ ഉത്തരവ് നം ഡിപിടി/ ഡി2-ഡി2 – 3285/2023/28.3.2023 പ്രകാരം വികസനഫണ്ട് (പൊതുവിഭാഗം) ൽ നിന്നും 702576 രൂപ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ പ്രൊജക്റ്റ് നം 203/23 ന്റെ പേര് ആയുർവേദ ഡിസ്പെൻസറിക്ക് 'കോണിമുറി നിർമ്മാണം' എന്നാണ്, പ്രൊജക്റ്റിന്റെ റിക്വിസിഷൻ തയ്യാറാക്കിയതിലും ഗ്രാമപഞ്ചായത്തിന്റെ പ്രൊജക്റ്റിന്റെ പേര് കോണിമുറി നിർമ്മാണം എന്നാണ് നടപ്പാത ഒരുക്കൽ അല്ല. ജില്ലാ പഞ്ചായത്തിൽ നിന്നും അനുവദിച്ച 702576/-രൂപ അവിണിശ്ശേരി പഞ്ചായത്തിന്റെ ഏത് പ്രൊജക്റ്റിനുവേണ്ടിയാണെന്ന വിവരവും തുകയുടെ വിനിയോഗവിവരം, ട്രഷറി പെയ്ഡ് റിപ്പോർട്ട് എന്നിവയും പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 29/19-10-2023 നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ പഞ്ചായത്ത് സെക്രട്ടറി തുക കൈമാറിയത് ഏത് പദ്ധതിക്കു വേണ്ടിയാണെന്നതിൽ അവ്യക്തതയുണ്ട്. വിഹിതം ഇനത്തിൽ കൈമാറുന്ന തുകകളുടെ വിനിയോഗം സംബന്ധിച്ച രേഖകൾ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി സൂക്ഷിക്കാത്തതിനാൽ ജില്ലാ പഞ്ചായത്തിൽ നിന്നുമുള്ള ചെലവിന്റെ കൃത്യത ഉറപ്പുവരുത്താനാകുന്നില്ല. അപാകത പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ പ്രകാരം ജില്ലാ പഞ്ചായത്തിന്റെ കീഴിൽ 95 റോഡുകളുണ്ട്.
മെയിന്റനൻസ് റോഡ് ഫണ്ടിൽ തൻ വർഷത്തെ ആകെ വകയിരുത്തിയ 206141490/- രൂപയിൽ ചെലവുതുക 117524588/-രൂപയാണ്. ഈ തുകയുടെ 21.5 ശതമാനം (25305550) ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകുന്ന പദ്ധതികൾക്കായി വിനിയോഗിച്ചിരിക്കുന്നു. പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) നം 84/2022/തസ്വഭവ/19.4.2022 ഖണ്ഡിക 8.14 പ്രകാരം ജില്ലാ പഞ്ചായത്തിന്റെ ചുമതലയിലുള്ള റോഡുകൾ പൂർണ്ണമായും ഗതാഗതയോഗ്യമാക്കിയ ശേഷം മാത്രമേ ഗ്രാമപഞ്ചായത്തിന്റെ റോഡുകൾക്കായി തുക ചെലവഴിക്കാനാവൂ. ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം കൈമാറുന്ന പദ്ധതികൾ തയ്യാറാക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

1-42 കുടിവെള്ളപദ്ധതികൾക്കായുള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾ -പൂർത്തീകരണവിവരമില്ല,

53,58,542രൂപ തടസ്സപ്പെടുത്തുന്നു

2022-23 വർഷം കുടിവെള്ളപദ്ധതികൾക്കായി താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രൊജക്റ്റുകൾ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രൊജക്റ്റ് നം | പ്രൊജക്റ്റിന്റെ പേര് | ഫണ്ടിനം | അടങ്കൽ | ചെലവ്/ വൗച്ചർ നം |
|---|---|---|---|---|---|
| 1 | 973 | കൈപ്പറമ്പ് മഹാത്മാ കുടിവെള്ള പദ്ധതി- ഡെപ്പോസിറ്റ് പ്രവൃത്തി, KWA | CFC | 6300000 | 150000/ 22200709 /18.11.22 |
| 2 | 970 | കൈപ്പറമ്പ്- ഇന്ദിരാഗാന്ധി കുടിവെള്ള പദ്ധതി- ഡെപ്പോസിറ്റ് പ്രവൃത്തി, GWD | CFC | 1000000 | 894699/ 22201019/ 1.2.23 |
| 3 | 996 | വെങ്കിടങ്ങ് പയ്യൂർമാട് കുടിവെള്ള പദ്ധതി- ഡെപ്പോസിറ്റ് പ്രവൃത്തി, KWA | CFC | 1000000 | 1000000/ 22200910/ 7.1.23 |
| 4 | 1013 | വെങ്കിടങ്ങ് പയ്യൂർമാട് കുടിവെള്ള പദ്ധതി- ഡെപ്പോസിറ്റ് പ്രവൃത്തി രണ്ടാം ഘട്ടം, KWA | CFC | 2555000 | 2100000/ 22200909/ 7.1.23 |
| 5 | 395 | കൈപ്പറമ്പ് മഹാത്മാ | വികസന ഫണ്ട് | 214000 | 213843 BRN- |

| | | | | | |
|---|---|---|---|---|---|
| | | | (ജനറൽ) | | 2213015200020115/ 31.1.23 |
| | | കുടിവെള്ള പദ്ധതി- ഡെപ്പോസിറ്റ് പ്രവൃത്തി, GWD | CFC | 1000000 | 1,70,000 22200729/ 30.11.22 8,30,000 22201018/ 1.2.23 ആകെ 1000000രൂപ |
| 6 | 736 | കൈപ്പറമ്പ് കെ.ആർ നാരായണൻ കുടിവെള്ള പദ്ധതി- ഡെപ്പോസിറ്റ് പ്രവൃത്തി, GWD | SCP | 1000000 | 765000 |
| ആകെ ചെലവുതുക | | | | | 61,23,542 |

അപാകതകൾ

പട്ടിക ക്രമനം.1) കൈപ്പറമ്പ് മഹാത്മാകുടിവെള്ള പദ്ധതി, കുറ്റൂർമന, വാർഡ് 2- ഡെപ്പോസിറ്റ് പ്രവൃത്തി, പ്രൊജക്റ്റ് നം 973/23

വകയിരുത്തിയത് CFC – 63,00,000, ചെലവ്- 1,50,000

63 ലക്ഷം രൂപയിൽ 61.5 ലക്ഷം രൂപ പമ്പ് സെറ്റ്, പൈപ്പ് ഇടൽ തുടങ്ങിയ പണികൾക്കും 1.5 ലക്ഷം രൂപ കുഴൽ കിണർ നിർമ്മാണത്തിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്

കുഴൽ കിണർ നിർമ്മാണത്തിനായി 1,50,000 രൂപ കേരള വാട്ടർ അതോറിറ്റിക്ക് 16.11.22 ൽ കൈമാറി. തുകയുടെ വിനിയോഗവിവരമില്ല.

പട്ടിക ക്രമനം.2) കൈപ്പറമ്പ്- ഇന്ദിരാഗാന്ധികുടിവെള്ള പദ്ധതി- ഡെപ്പോസിറ്റ് പ്രവൃത്തി, പ്രൊജക്റ്റ് നം 970/23

വകയിരുത്തിയത് CFC – 1000000, ചെലവ്- 894699

ഭൂജലവകുപ്പ് ജില്ലാ ഓഫീസറുടെ 9.12.22 ലെ ഡിജിടി/ 1330/2022 നമ്പർ കത്തുപ്രകാരം മേൽപദ്ധതിക്കായി 15,60,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. ജില്ലാ ഓഫീസറുടെ 16.1.2023ലെ കത്തുപ്രകാരം 665301/-രൂപ കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് അടച്ചിട്ടുണ്ട്. ബാക്കി തുകയായ 894699/- രൂപ ജില്ലാ പഞ്ചായത്ത് ഭൂജലവകുപ്പിന് 4.2.2023 ന് ഓൺലൈനായി കൈമാറി. 4.2.2023ന് തുക നൽകിയെങ്കിലും ഭൂജലവകുപ്പുമായി ജില്ലാ പഞ്ചായത്ത് കരാർ വച്ചത് 20.5.23 നാണ്, കരാർ നം സി 4-1081/23/20.5.2023. തുക കൈമാറി മൂന്നരമാസത്തിനു ശേഷമാണ് കരാർ ഉണ്ടാക്കിയത്.

കരാർ നിബന്ധന 7 ൽ പറയുന്നത് സാങ്കേതിക അനുമതി ലഭിച്ച് മൂന്ന് മാസത്തിനകം പണി പൂർത്തീകരിക്കുമെന്നാണ്, അതായത് എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭിക്കാതെയാണ് ജില്ലാ പഞ്ചായത്ത് തുക കൈമാറിയത്. പദ്ധതി മാർഗ്ഗരേഖ സ.ഉ കൈ നം 84/2022/തസ്വഭവ/19.4.22 3.5.1(4)

(Vi) ഡാറ്റാ എൻട്രിക്ക് മുൻപ് തന്നെ ഓരോ പ്രൊജക്ടും സാങ്കേതിക ക്ഷമതയുള്ളതും പ്രായോഗികമായി നടപ്പാക്കാവുന്നതുമാണെന്ന് ഉറപ്പുവരുത്തണമെന്ന് നിർദ്ദേശമുണ്ട്. പദ്ധതി തയ്യാറാക്കുമ്പോൾ തന്നെ സാങ്കേതിക ക്ഷമത ഉറപ്പുവരുത്തേണ്ടതാണ്.

പണി പൂർത്തീകരിച്ച് ഫൈനൽ ബില്ല്, പെർഫോർമൻസ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭ്യമായിട്ടില്ല, പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

പട്ടിക ക്രമനം.3,4) വെങ്കിടങ്ങ് പയ്യർമാട് കുടിവെള്ള പദ്ധതി-ഡെപ്പോസിറ്റ് പ്രവൃത്തി, പ്രൊജക്ട് നം 996

വകയിരുത്തിയത്- CFC 1000000 , ചെലവ്- 1000000

വെങ്കിടങ്ങ് പയ്യർമാട് കുടിവെള്ള പദ്ധതി-ഡെപ്പോസിറ്റ് പ്രവൃത്തി രണ്ടാം ഘട്ടം, പ്രൊജക്ട് നം. 1013

വകയിരുത്തിയത്- CFC 2555000 , ചെലവ്- 2100000

കുടിവെള്ള പദ്ധതിക്കായി ആകെ ഡെപ്പോസിറ്റ് ചെയ്തത് - 31,00,000

കരാർ നം -സി 4 – 4697/22/18.5.2023

കേരള വാട്ടർ അതോറിറ്റിക്ക് 6.1.2023 ന് 31,00,000 രൂപ ജില്ലാ പഞ്ചായത്ത് കൈമാറിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയും ജില്ലാ പഞ്ചായത്തും തമ്മിൽ കരാർ വച്ചത് 4 മാസത്തിനു ശേഷം 18.5.2023 നാണ്. കരാർ നിബന്ധന 7 പ്രകാരം ടെക്നിക്കൽ സാങ്ക്ഷൻ ലഭിച്ച് 3 മാസത്തിനകം പണി പൂർത്തീകരിക്കണം. വാട്ടർ അതോറിറ്റി എക്സി.എഞ്ചിനീയറുടെ 22.9.2022 തിയതിയിലെ എ 7-5896/2015/വോള്യം 3 നമ്പർ കത്തുപ്രകാരം AExE, PH Division, ഗുരുവായൂർ തയ്യാറാക്കിയ എസ്റ്റിമേറ്റിന് സാങ്കേതിക പരിശോധന നടത്തി വാട്ടർ അതോറിറ്റി എക്സി.എഞ്ചിനീയറുടെ ഓഫീസിൽ നിന്നും അംഗീകാരം നൽകിയ ശേഷമാണ് ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുള്ളത്. ആയതിനാൽ കരാർ വ്യവസ്ഥയിൽ പദ്ധതി പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തിയതിൽ അപാകതയുണ്ട്. പണി പൂർത്തീകരിച്ച് ഫൈനൽ ബില്ല്, പെർഫോർമൻസ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ കേരള വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടില്ല, പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

പട്ടിക ക്രമനം.5) കൈപ്പറമ്പ് മഹാത്മാ കുടിവെള്ള പദ്ധതി-ഡെപ്പോസിറ്റ് പ്രവൃത്തി, പ്രൊജക്ട് നം 395/23

വകയിരുത്തിയത്- വികസനഫണ്ട്(ജനറൽ)- 214000 + CFC 1000000

ചെലവ്- 213843 + 1000000, ചെലവിന്റെ വിശദവിവരം താഴെ കൊടുക്കുന്നു

| സാധ്യ വൗച്ചർ നം /തിയതി | തുക | ഫണ്ട് |
|---|---|---|
| 22200729/29.11.22 | 170000 | CFC |
| 22201018/4.2.23 | 830000 | CFC |
| BRN-2213015200020115/ 31.1.23 | 213843 | വികസനഫണ്ട് |
| ആകെ | 1213843 | |

കരാർ നം. സി 4-4633/22/3.5.2023

ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് തയ്യാറാക്കിയ കുഴൽകിണർ നിർമ്മാണം, കുടിവെള്ള പദ്ധതി എന്നിവക്കുള്ള എസ്റ്റിമേറ്റുകൾ പ്രകാരമുള്ള തുകയായ 1213843 ജില്ലാപഞ്ചായത്ത് കൈമാറിയിട്ടുണ്ട്. തുക പൂർണ്ണമായും നൽകിയത് 31.1.23 നാണ്.

അപാകതകൾ

A) ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകകൾ 31.1.23 തിയതിയിൽ

കൈമാറിയെങ്കിലും ജില്ലാ പഞ്ചായത്തുമായി കരാർ വച്ചിരിക്കുന്നത് 3.5.2023 നാണ്.

B) കരാറിലെ നിബന്ധന 3 ൽ വിശദമായ എസ്റ്റിമേറ്റ്, സാങ്കേതിക അനുമതി എന്നിവ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് തയ്യാറാക്കി ലഭ്യമാക്കേണ്ടതാണ് എന്ന് രേഖപ്പെടുത്തിക്കാണുന്നു. എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭിക്കാതെയാണ് തുക കൈമാറിയത്

C) കരാറിൽ എന്ന് പ്രവൃത്തി പൂർത്തീകരിക്കുമെന്ന് വ്യവസ്ഥചെയ്തിട്ടില്ല, സമയബന്ധിതമായി പണി പൂർത്തീകരിച്ചില്ലെങ്കിൽ എന്തു നടപടി സ്വീകരിക്കുമെന്നും പരാമർശിച്ചിട്ടില്ല.
ജില്ലാ ഓഫീസർ ഭൂജല വകുപ്പ്, ജില്ലാ പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഒപ്പുവച്ച കരാർ അപൂർണ്ണമാണ്.

D) പണി പൂർത്തീകരിച്ച് ഫൈനൽ ബില്ല്, പെർഫോർമൻസ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ലഭ്യമാക്കിയിട്ടില്ല, പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

പട്ടിക ക്രമനം.6) കൈപ്പറമ്പ്-കെ.ആർ നാരായണൻ കുടിവെള്ള പദ്ധതി-ഡെപ്പോസിറ്റ് പ്രവൃത്തി, പ്രൊജക്റ്റ് നം 736

വകയിരുത്തിയത്- എസ്.സി.പി- 10,00,000, ചെലവ്- 7,65,000

കരാർ നം. സി 4-4633/22/20.5.2023

അപാകതകൾ

A) ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയായ 765000 രൂപ 21.1.23 തിയതിയിൽ കൈമാറിയെങ്കിലും ജില്ലാ പഞ്ചായത്തുമായി കരാർ വച്ചിരിക്കുന്നത് തുക നൽകി നാലുമാസത്തിനുശേഷം 20.5.2023 നാണ്.

B) UTR Statement പ്രകാരം തുക കൈമാറിയത് SBI- 40799742070 എന്ന അക്കൗണ്ടിലേക്കാണ്, കരാറിൽ പറയുന്നത് സ്പെഷ്യൽ TSB അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുവെന്നാണ്.

C) 10.11.2023 ന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് നൽകിയിരിക്കുന്ന വിനിയോഗ സാക്ഷ്യപത്രം പ്രകാരം 7,20,247/- രൂപയാണ് പദ്ധതി ചെലവ്, 44,753/- രൂപ നീക്കിയിരിപ്പുണ്ട്. ആയത് തിരികെ ലഭിക്കാൻ/ സർക്കാരിലേക്ക് തിരിച്ചടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

D) 7.11.2022 ന് GWD കുഴൽ കിണർ നിർമ്മാണത്തിനായി 66,000/- രൂപയുടെ എസ്റ്റിമേറ്റ് നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ ചെലവു രേഖകൾ ഫയലിൽ ഇല്ല, ഈ ഇനത്തിലെ ചെലവ് ഏത് ഫണ്ടിൽ നിന്നുമാണ് എന്ന കാര്യത്തിൽ വ്യക്തത വരുത്തേണ്ടതാണ്.
മേൽവിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 44/10-11-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ പദ്ധതികളിലെല്ലാം നിർവ്വഹണ ഏജൻസികൾക്ക് തുക കൈമാറി മാസങ്ങൾക്കു ശേഷമാണ് ജില്ലാ പഞ്ചായത്ത് കരാറിലേർപ്പെടുന്നത്. കരാറിൽ പദ്ധതി എന്ന് പൂർത്തീകരിക്കണമെന്നോ സമയബന്ധിതമായി പൂർത്തീകരിച്ചില്ലെങ്കിൽ എന്ത് നടപടി സ്വീകരിക്കണമെന്നോ കൃത്യമായി വ്യവസ്ഥ ചെയ്യുന്നില്ല.
പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം 84/2022/തസ്വഭവ, തിയതി 19.4.2022 ഖണ്ഡിക 12.2(5) (ഡി) (iii) പ്രകാരം കേരള വാട്ടർ അതോറിറ്റി, ഭൂജലവകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയശേഷം തദ്ദേശഭരണസ്ഥാപനത്തിന് നൽകേണ്ടതാണ്. കരാറുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതുപ്രകാരം എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭിക്കുന്നതിനു മുൻപ് ജില്ലാ പഞ്ചായത്ത് തുക നിർവ്വഹണ ഏജൻസികൾക്ക് കൈമാറി.

ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

കേരള വാട്ടർ അതോറിറ്റി, ഭൂജലവകുപ്പ് എന്നിവിടങ്ങളിൽ കുടിവെള്ള പദ്ധതികൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകയിൽ വിനിയോഗവിവരം ലഭിച്ചിട്ടില്ലാത്ത പട്ടികക്രമനം 1,2,3,4,5 പദ്ധതികളുടെ ചെലവു തുക 53,58,542 രൂപ തടസ്സപ്പെടുത്തുന്നു.

1-43 ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരണം- അക്രഡിററഡ് ഏജൻസിയായ ARTCO മുഖേന നടപ്പാക്കിയതിലെ അപാകതകൾ

പ്രൊജക്റ്റ് നമ്പർ- 433

നിർവ്വഹണം – സെക്രട്ടറി

അടങ്കൽ-ധനകാര്യ കമ്മീഷൻ അവാർഡ് (അടിസ്ഥാന വിഹിതം)- 20,00,000

ചെലവ്- 20,00,000 (സാംഖ്യ വൗച്ചർ നം. 22200492,493,494,495/തിയതി 13.9.2022)

ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാൾ, റെസ്റ്റ് റൂം എന്നിവയുടെ നവീകരണം അക്രഡിറ്റഡ് ഏജൻസിയായ ARTCO മുഖേന ചെയ്യുന്നതിനാണ് പ്രൊജക്റ്റ് തയ്യാറാക്കിയിരിക്കുന്നത്. ജില്ലാ പഞ്ചായത്ത് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം 1/22.2.2022 പ്രകാരം ആർട്ട്കോയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് വർക്ക് ഓർഡർ നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. എസ്റ്റിമേറ്റ് പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായ ജില്ലാ പഞ്ചായത്ത് സെക്രട്ടറി 25.2.2022-ാം തിയതി, ഡിപിടി/സി6/1172/2022 നമ്പറിൽ ആർട്കോക്ക് കത്തയച്ചു. 28.2.2022ന് ആർട്കോ ബ്രാഞ്ച് മാനേജർ ഒപ്പുവച്ച കരാറുണ്ട്, ആയതിൽ സെക്രട്ടറി ഒപ്പുവച്ചിട്ടില്ല. ആർട്ട്കോ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഫയലിൽ ഇല്ല, ആർട്കോയുടെ പ്രൊഫോർമ ഇൻവോയ്സ് 13713/18.1.2022 ആണുള്ളത്.

അപാകതകൾ – 1) 2.2.2022ലെ സ.ഉ. നം (ആർടി) 6/2022 എസ്.പി.ഡി. ഉത്തരവ് പ്രകാരം ആർട്കോയ്ക്ക് 6.3.2022 മുതൽ ഒരു വർഷത്തേക്കു കൂടി പുതുക്കിയ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.23 ന് ഇളവ് നൽകിയിട്ടുണ്ട്. ആയതനുസരിച്ച് തസ്വഭവ സ്ഥാപനങ്ങൾക്ക് മര ഫർണീച്ചർ ടെന്റർ കൂടാതെ ആർട്കൊയിൽ നിന്നും നേരിട്ട് വാങ്ങാവുന്നതാണ്. എന്നാൽ സർക്കാർ അംഗീകരിച്ച പ്രൈസ് ലിസ്റ്റിൽ പെടാത്ത ഇനങ്ങളുടെ കാര്യത്തിൽ സ്റ്റോർ പർച്ചേസ് റൂൾസ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കണമെന്നും സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ആർട്കോയുടെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള 12 ഇനങ്ങളിൽ Executive Table...., Office Partition Wall...., Curtain...., Office Wall Rack.... എന്നീ 4 എണ്ണമൊഴിച്ച് ബാക്കിയുള്ളവ 10.2.2020 ലെ സ.ഉ.നം (ആർടി) 8 /2020 എസ്.പി.ഡി. ഉത്തരവ് പ്രകാരമുള്ള പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടുന്നവയല്ല. പ്രൈസ് ലിസ്റ്റിൽപെട്ട മേൽ പറഞ്ഞ 4 എണ്ണത്തിന്റെ വിലയിലും മറ്റ് വിശദാംശങ്ങളിലും പ്രവൃത്തി പൂർത്തീകരിച്ച് നൽകിയ ക്യാഷ്/ക്രെഡിറ്റ് ബില്ല് നം 962/25.3.22 ൽ പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ളതിൽ നിന്നും വ്യത്യാസം കാണുന്നുണ്ട്. ആയതിനാൽ പ്രൈസ് ലിസ്റ്റിൽ പെടാത്ത ഇനങ്ങൾ ആണ് മൊത്തം പ്രവൃത്തിക്കും ഉപയോഗിച്ചിട്ടുള്ളത് എന്ന് കാണാവുന്നതാണ്. പ്രൈസ് ലിസ്റ്റിൽ പെടാത്ത ഇനങ്ങളുടെ കാര്യത്തിൽ സ്റ്റോർ പർച്ചേസ് റൂൾസ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കണമെന്ന സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

26.4.2019 ലെ സ.ഉ.(പി) 7/2019 എസ്.പി.ഡി. ഉത്തരവ് പ്രകാരം എല്ലാ സർക്കാർ സ്ഥാപനങ്ങളും 25,000 രൂപയിലധികമുള്ള വാങ്ങലുകൾ GeM (Government E-market Place) മുഖേന നിർവ്വഹിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശമോ ആയതിന്റെ സാധ്യതകളോ പരിഗണിച്ചിട്ടില്ല. പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) നം.115/2022/തസ്വഭവ/28.5.2022 ഖണ്ഡിക 2.20 പ്രകാരം നേരിട്ടുവാങ്ങാൻ അനുമതിയില്ലാത്ത ഇനങ്ങളുടെ വാങ്ങലുകളിൽ സ.ഉ(പി)259/10 ത.സ്വ.ഭ.വ./തിയതി 8.11.10 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ബാധകമായിരിക്കും. ആർട്കോയിൽ നിന്നും 20,00,000 രൂപയുടെ വാങ്ങലാണ് നടത്തിയിട്ടുള്ളത്. അഞ്ചുലക്ഷം എന്ന പരിധിയിൽ അധികരിച്ച വാങ്ങലായിട്ടും, പ്രൈസ് ലിസ്റ്റിൽ പെടാത്തവയായിട്ടും ജെം/ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

2) ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാൾ, റെസ്റ്റ് റൂം നവീകരണം എന്ന പദ്ധതിക്ക് വകയിരുത്തിയിരുന്ന തുകയുടെ അപര്യാപ്തത മൂലം കോൺഫറൻസ് ഹാൾ നവീകരണം മാത്രമായി ചുരുക്കി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അതനുസരിച്ച് പ്രവൃത്തി പൂർത്തീകരിച്ച നടപടി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 4.7.2022ലെ 13-ാം നമ്പർ തീരുമാന പ്രകാരം സാധൂകരിച്ചു, ഈ തീരുമാനം 7.7.2022ലെ ജില്ലാ പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനം 4(1) ൽ അംഗീകരിച്ചിട്ടുണ്ട്. തീരുമാനങ്ങളിൽ പറയും പ്രകാരമുള്ള ആർട്കോ തയ്യാറാക്കിയ എസ്റ്റിമേറ്റ്, റിവൈസ്ഡ് എസ്റ്റിമേറ്റ് എന്നിവ ഫയലിൽ ഇല്ല, പ്രൊഫോർമ ഇൻവോയ്സ് മാത്രമാണ് ഉള്ളത്. എസ്റ്റിമേറ്റ് പ്രത്യേകമായി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ആർട്കോ നൽകിയ പ്രൊഫോർമ ഇൻവോയ്സ് മാത്രമാണുള്ളത് എന്നു വ്യക്തമാകുന്നു. എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ കൊടകര, അസി.എക്സി.എഞ്ചിനീയർ ചാലക്കുടി എന്നിവരുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിനാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ പ്രവൃത്തി ആരംഭിക്കുന്നതിനുമുൻപ് എസ്റ്റിമേറ്റ് (പ്രൊഫോർമ ഇൻവോയ്സ്) സാങ്കേതിക വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരെക്കൊണ്ട് പരിശോധിപ്പിച്ച് പ്രൊജക്റ്റിൽ വിഭാവനം ചെയ്ത പണികൾക്ക് പര്യാപ്തമാണോ എന്ന് ഉറപ്പുവരുത്തിയിട്ടില്ല.

തുകയുടെ അപര്യാപ്തത മൂലമാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളത്. കോൺഫറൻസ് ഹാൾ, റെസ്റ്റ് റൂം നവീകരണത്തിന് വകയിരുത്തിയ 20ലക്ഷം രൂപക്കുള്ള എസ്റ്റിമേറ്റ്/ പ്രൊഫോർമ ഇൻവോയ്സ് തയ്യാറാക്കിയത് ആർട്കോ ആണ്. തുക മുഴുവനും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ റെസ്റ്റ് റൂം ഒഴിവാക്കി കോൺഫറൻസ് ഹാൾ നവീകരണം മാത്രമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തത് തുകയുടെ അപര്യാപ്തത മൂലമാണെന്ന കാരണം തൃപ്തികരമല്ല. പ്രൊജക്റ്റ് പ്രകാരം ചെയ്യേണ്ട പ്രവൃത്തികളെ സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് രൂപരേഖ തയ്യാറാക്കി നിർവ്വഹണ ഏജൻസിക്ക് നൽകിയിരുന്നോ, ഒറിജിനൽ എസ്റ്റിമേറ്റിൽ റെസ്റ്റ് റൂം നവീകരണം കൂടി ഉൾപ്പെട്ടിരുന്നോ, ഈ എസ്റ്റിമേറ്റ് സാങ്കേതികമായി പരിശോധിച്ച് വിലയിരുത്തിയിട്ടാണോ സ്വീകരിച്ചത് എന്നീ കാര്യങ്ങൾ വ്യക്തമല്ല. മേൽ പറഞ്ഞ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി, പരിശോധിച്ച് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 52/23.11.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്, ചെലവു തുക 20,00,000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-44 ജില്ലാ സാംസ്കാരികോത്സവം-പദ്ധതി നടത്തിപ്പിലെ അപാകതകൾ

ജില്ലാ പദ്ധതിയായ സാംസ്കാരികം പദ്ധതിയുടെ ഭാഗമായി നടത്തപ്പെടുന്ന സാംസ്കാരികോത്സവം തൃശ്ശൂർ ജില്ലാ പഞ്ചായത്തും തൃശ്ശൂർ കോർപ്പറേഷനും കേരള സാഹിത്യ അക്കാദമി, കേരള ലളിതകലാ അക്കാദമി, കേരള സംഗീതനാടക അക്കാദമി എന്നിവയുമായി സഹകരിച്ച് നടപ്പാക്കുന്നതിനാണ് ജില്ലാ പഞ്ചായത്തിൽ ഈ പ്രൊജക്റ്റ് വിഭാവനം ചെയ്തിട്ടുള്ളത്. കലാസാംസ്കാരിക കായിക വികസനം, യുവജനക്ഷേമം എന്ന മേഖലയിലാണ് പ്രൊജക്റ്റ് ഉൾപ്പെടുത്തിയിട്ടുള്ളത്.

പ്രൊജക്റ്റ് നം 1173/23.
നിർവ്വഹണം-സെക്രട്ടറി

അടങ്കൽ- തനത്ഫണ്ട്-15,00,000 + മറ്റുള്ളവ-5,00,000, ആകെ - 20,00,000

നാളിതുവരെ ചെലവ്- 13,23,504

2022-23 വർഷത്തെ ചെലവ്– തനത് ഫണ്ട്- 2,88,628

(സാംഖ്യവൗച്ചർ നം 22202915,16,17/28.3.2023/1,59,300 + സാംഖ്യവൗച്ചർ നം 22202919,20,21/28.3.2023/ 129328, ആകെ - 2,88,628)
അപാകതകൾ

1) കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 173 (1) അഞ്ചാം പട്ടിക പ്രകാരം കായികവിനോദവും

സാംസ്കാരിക കാര്യങ്ങളും എന്ന വിഷയത്തിൽ സ്റ്റേഡിയം നിർമ്മിക്കുക എന്നത് മാത്രമാണ് ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്നത്. കലാസാംസ്കാരിക കായിക വികസനം, യുവജനക്ഷേമം എന്ന മേഖലയിൽ ആണ് ജില്ലാ സാംസ്കാരികോത്സവം എന്ന പദ്ധതി നടപ്പാക്കിയിരിക്കുന്നത്. ഇത് ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതിയാണ്.

2) സാംസ്കാരികോത്സവം പദ്ധതി 13.24 ലക്ഷം രൂപ ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചാണ് നടപ്പാക്കിയിട്ടുള്ളത്.

പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) നം 84/22/തസ്വഭവ /19.4.2022- ഖണ്ഡിക 5.1 (11), (12), (13) പ്രകാരം തനത്/പൊതു ആവശ്യ ഫണ്ടിൽ നിന്നും നിർവ്വഹിക്കേണ്ടതായ ഭരണചെലവുകൾക്കും നിർബന്ധിത ചെലവുകൾക്കും അസാധാരണ ചെലവുകൾക്കും ആവശ്യമായ തുക കഴിച്ചുള്ള തുകയുടെ 25% വാർഷിക പദ്ധതിയുടെ ഭാഗമല്ലാതെയുള്ള അടിയന്തിര പ്രൊജക്റ്റുകൾക്കും നീക്കിവച്ചശേഷം ബാക്കിയുള്ള തുക തനത് ഫണ്ട് എന്ന സ്രോതസ്സായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താം. ഒരു വാർഷിക പദ്ധതിയിൽ തനത്ഫണ്ട് ഇനത്തിൽ വിനിയോഗിച്ച തുകയുടെ 15% ൽ അധികരിച്ച തുക അടുത്ത വാർഷികപദ്ധതിയിൽ വകയിരുത്തുന്നുണ്ടെങ്കിൽ അത്രയും തുക ലഭ്യമാക്കാൻ കഴിയും എന്നുള്ളതിന് തദ്ദേശഭരണ സ്ഥാപനത്തിന്റെ ഓഡിറ്റ് ചുമതലയുള്ള ജില്ലാ/മേഖല/ സംസ്ഥാന പെർഫോർമൻസ് ഓഡിറ്റ് ഓഫീസറിൽ നിന്നുള്ള ഫോറം 9 ലെ സാക്ഷ്യപത്രം മുൻകൂട്ടി വാങ്ങി വാർഷിക പദ്ധതി സമർപ്പിക്കുമ്പോൾ തന്നെ ജില്ലാ ആസൂത്രണസമിതിക്ക് നൽകേണ്ടതാണ്. 2021-22 വർഷത്തെ വാർഷിക പദ്ധതിയിൽ തനത്ഫണ്ട് ഇനത്തിൽ വിനിയോഗിച്ചത് 1,26,39,590/-രൂപയായിരുന്നു. ഈ തുകയുടെ 15% ൽ അധികരിച്ച തുക അടുത്ത വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. 2022-23 ലെ വാർഷിക പദ്ധതിയിൽ തനത്ഫണ്ട് വകയിരുത്തിയിട്ടുള്ളത് 6,21,25,515/-രൂപയാണ് (ചെലവായത്- 1.57 കോടി). പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശപ്രകാരം ഫോറം 9 ൽ സാക്ഷ്യപത്രം തയ്യാറാക്കിയത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3) പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) നം 84/22/തസ്വഭവ /19.4.2022- കലയും സംസ്കാരവും എന്ന ഖണ്ഡിക 8.12 - ൽ പ്രാദേശിക/ പാരമ്പര്യ/ കലാസാംസ്കാരിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണമെന്നും പ്രാദേശിക/ പാരമ്പര്യ കലാകാരന്മാർക്ക് അവസരം നൽകുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരം നിരവധി പ്രവർത്തനങ്ങൾ തൃശ്ശൂർ ആസ്ഥാനമായുള്ള കേരളസാഹിത്യ/ലളിതകലാ/സംഗീതനാടക അക്കാദമികൾ നടത്തിപ്പോരുന്നുണ്ട്. ഈ അക്കാദമികളുമായി സഹകരിച്ച് നടപ്പാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. സംഗീതനാടക അക്കാദമി ഹാളിൽ പരിപാടികളിൽ ചിലത് നടത്തിയെന്നതൊഴിച്ച് മറ്റെന്തെങ്കിലും തരത്തിൽ അക്കാദമികളുടെ സഹകരണം ഉണ്ടായതായി പ്രൊജക്റ്റ് ഫയലിലെ രേഖകൾ പ്രകാരം കാണുന്നില്ല. തൃശ്ശൂർ കോർപ്പറേഷനും പദ്ധതിയിൽ എപ്രകാരം പങ്കാളിയായി എന്നത് വ്യക്തമല്ല. പദ്ധതിയുടെ നാളിതുവരെയുള്ള ചെലവുതുകയായ 13.24 ലക്ഷം രൂപയിൽ കലാകാരന്മാർക്ക് നൽകിയ 3,47,934/- രൂപ കഴിച്ച് ബാക്കി 9.75 ലക്ഷം രൂപയും പരിപാടിയുടെ സംഘാടനത്തിനും സൗകര്യങ്ങൾ ഒരുക്കുന്നതിനും ആണ് ചെലവായത്. ഓഡിറ്റ് വർഷത്തെ 2,88,628 രൂപയുടെ ചെലവ് വടക്കേച്ചിറ പരിസരത്ത് താത്ക്കാലിക സ്റ്റേജ് കെട്ടുന്നതിനും ബാനർ, ബോർഡ്, കമാനങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുമാണ്. അക്കാദമികളിലെ സൗകര്യങ്ങൾ പദ്ധതിക്കായി പ്രയോജനപ്പെടുത്താതെ ഇപ്രകാരം താത്ക്കാലിക സംവിധാനങ്ങൾ തയ്യാറാക്കിയത് ആർഭാടങ്ങളും അനാവശ്യചെലവുകളും ഒഴിവാക്കുക എന്ന പദ്ധതി മാർഗ്ഗരേഖയിലെ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമാണ്.

4) 3,47,934/- രൂപ കലാകാരന്മാർക്ക് വിവിധ കലാപരിപാടികൾ അവതരിപ്പിച്ചതിന് അനുവദിച്ചിട്ടുണ്ട്. ഈ കലാകാരന്മാരെ ആര് തെരഞ്ഞെടുത്തു, അവർക്കുള്ള വേതന നിരക്ക് എപ്രകാരം നിശ്ചയിച്ചു എന്നീ കാര്യങ്ങളിൽ വ്യക്തതയില്ല.

5) ജില്ലാ പ്ലാനിംഗ് ഓഫീസർക്ക് നൽകിയ 53067/- രൂപയിൽ 9000 രൂപ വീഡിയോഗ്രാഫിയുടെ ചെലവാണ്. പരിപാടിയുടെ ഫോട്ടോ/വീഡിയോ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും പരിശോധനക്ക്

ലഭിച്ചിട്ടില്ല.

6) പദ്ധതിയുടെ അടങ്കലിൽ മറ്റുള്ളവ എന്ന പേരിൽ 5,00,000 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. സാംസ്കാരികോത്സവം ഫിനാൻസ് ഉപസമിതിയുടെ 2.3.2023 തിയതിയിലെ യോഗത്തിൽ കെ.എസ് എഫ് ഇ, എസ് ബി ഐ, മറ്റ് ബാങ്കുകളിൽ നിന്നും സ്പോൺസർഷിപ്പ് ലഭ്യമാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന തുക ആരുടെ ഉത്തരവാദിത്വത്തിൽ അക്കൗണ്ട് ചെയ്ത് ചെലവഴിക്കുമെന്ന് തീരുമാനത്തിൽ ഇല്ല. സ്പോൺസർഷിപ്പിലൂടെ പരിപാടിക്ക് എത്ര തുക ലഭിച്ചു, എത്ര ചെലവായി എന്നി വിശദാംശങ്ങളില്ല.

മേൽ പറഞ്ഞ വിഷയങ്ങൾ പരിശോധിച്ച് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി 57/29-11-2023 ന് മറുപടി ലഭിച്ചിട്ടില്ല. മേൽ കാരണങ്ങളാൽ 2022-23 വർഷത്തെ തനത് ഫണ്ട് ചെലവ് 2,88,628 രൂപ തടസ്സപ്പെടുത്തുന്നു.

1-45 2019-20 ലൈഫ് മിഷൻ--പണി പൂർത്തീകരിക്കാത്ത ഭവനങ്ങൾക്ക് പൂർത്തീകരണത്തിനായി ധനസഹായം നൽകൽ- രേഖകൾ പൂർണ്ണമല്ല

പ്രൊജക്റ്റ് നം 572/23
നിർവ്വഹണം- സെക്രട്ടറി

ഫയൽ C2-5231/17 2022-23

പ്രൊജക്ററിനായി വകയിരുത്തിയത് എസ്.സി.പി-4,00,000, ചെലവ്- 2,65,007 സാമ്പത്തിക വർഷം ധനസഹായം അനുവദിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | തുക/ബില്ല് അംഗീകരിച്ച തിയതി |
|---|---|---|
| 1 | വിജിശിവൻ, വിരുപ്പാക്കത്തറയിൽ, പുന്നയൂർ | 86664/ 30.8.22 |
| 2 | അനിത ശിവൻ, കപ്പാരത്ത് പടി, തൃശ്ശൂർ | 15000/ 3.9.22 |
| 3 | ജയന്തി സി എസ്, അയിനിക്കൽ, എൽത്തുരുത്ത് | 86666/ 29.11.22 |
| 4 | ബിന്ദു ഗോപി, ചെമ്പൻ ഹൗസ്, മതിലകം | 76677/ 29.11.22 |
| ആകെ | | 265007 |

അനിത ശിവൻ എന്ന ഗുണഭോക്താവിന്റെ വീടുപണി പൂർത്തീകരിച്ചതിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റില്ല. ബിന്ദു ഗോപി, ജയന്തി സി എസ് എന്നിവർക്ക് അവസാനഗഡു അനുവദിച്ച വിവരം ലൈഫ് പദ്ധതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതിന്റെ വിവരം/ ട്രഷറി പെയ്ഡ് റിപ്പോർട്ട് (UTR) പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി 54/25-11-2023 നൽകിയെങ്കിലും ഹാജരാക്കാത്തതിനാൽ ചെലവു തുക 265007 രൂപ തടസ്സപ്പെടുത്തുന്നു. നിലവിൽ പദ്ധതിയിലെ ഗുണഭോക്താക്കളിൽ വീടുപണി പൂർത്തീകരിക്കാത്തവരുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

1-46 ലൈഫ് ഭവനനിർമ്മാണം വൾനറബിൾ സെക്ഷൻസ്- പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്റ്റ് നം 1045/23
നിർവ്വഹണം- സെക്രട്ടറി

വകയിരുത്തിയത്-വികസനഫണ്ട്(ജനറൽ)- 800000
ചെലവ്- 1,20,000 (ട്രഷറി ബില്ല് BRN 2213015200020150365 5/27.3.23)
ഭൂമിയുള്ള ഭവനരഹിതരായ എച്ച് ഐ വി ബാധിതരായ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. എയിഡ്സ് കൺട്രോൾ സൊസൈറ്റി/ മറ്റ് ഏജൻസികൾ ലഭ്യമാക്കുന്ന പട്ടിക പ്രകാരമാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്, ഒരാൾക്ക് 4,00,000 രൂപ വരെ അനുവദിക്കുന്നു.

Council Of People Living With HIV/AIDS Of Kerala (CPK+) Care & Support Centre എന്ന സ്ഥാപനം നൽകിയ 6 ഗുണഭോക്താക്കളിൽ 3 പേർക്ക് ആദ്യ ഗഡുവായ 40,000 രൂപ വീതം 1,20,000 രൂപയാണ് 2022-23 ൽ ചെലവാക്കിയിട്ടുള്ളത്.
CPK+ എന്ന സ്ഥാപനം 23.12.2022 തിയതിയിൽ ജില്ലാ പഞ്ചായത്തിന് നൽകിയ കത്തിൽ അവിടെ രജിസ്റ്റർ ചെയ്ത 6 ഗുണഭോക്താക്കളുടെ ലിസ്റ്റ് കൈമാറുന്നതായി പറയുന്നുണ്ടെങ്കിലും സ്ഥാപനം നൽകിയ ലിസ്റ്റ് ഫയലിൽ ഇല്ല.

മൂന്ന് ഗുണഭോക്താക്കൾക്ക് ആദ്യഗഡുവായ 40,000/- രൂപയാണ് 2022-23 ൽ അനുവദിച്ചിട്ടുള്ളത്. ആയതിൽ ഒരു ഗുണഭോക്താവ് വീടുപണി നടത്താൻ സാധിക്കാത്തതിനാൽ തുക തിരികെ അടവാക്കാൻ തയ്യാറായിട്ടുള്ളതായി ഫയലിൽ കാണുന്നു, നാളിതുവരെ തുക തിരികെ ഈടാക്കിയിട്ടില്ല.
2022-23 ൽ സാമ്പത്തിക സഹായം കൈപ്പറ്റിയ വ്യക്തികൾക്കോ അവരുടെ ഭാര്യ/ ഭർത്താവ് എന്നിവരുടെ പേരിലോ നിലവിൽ വീടില്ലെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ സാക്ഷ്യപത്രം വാങ്ങിയിട്ടില്ല.
1,20,000 രൂപ അനുവദിച്ചതിന്റെ ട്രഷറി പെയ്ഡ് റിപ്പോർട്ട് (UTR) പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ 1,20,000 രൂപ തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് എൻക്വയറി 44/10-11-2023 )

1-47 വിജ്ഞാൻ സാഗറിന്റെ ദൈനംദിനചെലവുകൾക്കായുള്ള പദ്ധതി- ചെലവു തുക തടസ്സപ്പെടുത്തുന്നു

പ്രൊജക്റ്റ് നം (20/23)
നിർവ്വഹണം- ജില്ലാ പഞ്ചായത്ത് സെക്രട്ടറി

അടങ്കൽ-തനത് ഫണ്ട്-10,00,000, ചെലവ്- 1000000

ചെലവിന്റെ വിശദാംശങ്ങൾ

| ക്രമ നം | ബില്ല് നം, തിയതി | തുക |
|---|---|---|
| 1 | 22200689/5.11.22 | 88177 |
| 2 | 22200697/14.11.22 | 21896 |

| | | |
|---|---|---|
| 3 | 22200745/5.12.22 | 109297 |
| 3 | 22202928/30.3.23 | 780630 |
| ആകെ ചെലവ് | | 1000000 |

വിജ്ഞാൻ സാഗർ എന്ന സ്ഥാപനത്തിന്റെ ദൈനംദിനചെലവുകൾക്കായുള്ള പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

(1) സ.ഉ.നം 1700/2022/എൽ.എസ്.ജി.ഡി, തിയതി 18.7.2022 ഉത്തരവ് പ്രകാരം 2022-23 വർഷത്തേക്കുകൂടി വിജ്ഞാൻസാഗറിന്റെ ദൈനംദിന ചെലവുകളും ജീവനക്കാരുടെ ശമ്പളവും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ .ഓർഡിനേഷൻ സമിതിയുടെ സാധൂകരണത്തിന് വിധേയമായി ജില്ലാ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും അനുവദിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതു പ്രകാരമാണ് പ്രൊജക്റ്റ് നടപ്പാക്കി തുക ചെലവഴിച്ചിട്ടുള്ളത്. ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ഈ പ്രൊജക്റ്റിന് കോ.ഓർഡിനേഷൻ സമിതിയുടെ സാധൂകരണം ലഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2) വിജ്ഞാൻ സാഗർ ഗവേണിംഗ് ബോഡി, ധാരണാപത്രം, നിയമാവലി എന്നിവയ്ക്ക് സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല.

3) ജില്ലാപഞ്ചായത്തിന് സ്ഥാപനത്തിൻമേലുള്ള ഉടമസ്ഥാവകാശവും നിയന്ത്രണാധികാരവും, സ്ഥാപനത്തിന്റെ പ്രവർത്തനം, ജീവനക്കാരുടെ യോഗ്യത, നിയമനം, ധനവിനിയോഗം-അക്കൗണ്ടിംഗ്, രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നത്, ഉപകരണങ്ങളുടേയും പ്രദർശന വസ്തുക്കളുടേയും സൂക്ഷിപ്പ്, നഷ്ടോത്തരവാദിത്തം/ബാധ്യത തുടങ്ങിയവ സംബന്ധിച്ച വ്യക്തമായ മാർഗ്ഗരേഖ/ നിയമാവലി തയ്യാറാക്കിയിട്ടില്ല.

4) വിജ്ഞാൻ സാഗറിന്റെ 2022-23 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകൾ (വാർഷിക കണക്ക്), ബാങ്ക് സ്റ്റേറ്റ്മെന്റുകൾ, കാഷ് ബുക്ക്, റീ കൺസീലിയേഷൻ പത്രികകൾ, വരവു സംബന്ധിച്ച രജിസ്റ്ററുകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

കൂടാതെ 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ 2019-2020 വരെയുള്ള കാലയളവിലെ വിജ്ഞാൻസാഗറിന്റെ വാർഷിക കണക്കുകൾ തയ്യാറാക്കിയിട്ടുണ്ട് എന്നും ഓഡിറ്റ് മുൻപാകെ പരിശോധനയ്ക്ക് ലഭ്യമാക്കാവുന്നതാണ് എന്നും അറിയിച്ചിരുന്നു എങ്കിലും മുൻവർഷങ്ങളിലെ വാർഷിക കണക്കുകൾ തയ്യാറാക്കിയിട്ടുള്ളത് ഹാജരാക്കിയിട്ടില്ല.

5) 27.7.2019 തിയതിയിലെ വിജ്ഞാൻ സാഗർ ഗവേണിംഗ് ബോഡി മീറ്റിംഗിന്റെ മിനുട്സ് ലഭ്യമാക്കിയിട്ടില്ല.

6) വിജ്ഞാൻ സാഗർ സ്പെഷൽ ഓഫീസറുടെ 13.3.23 തിയതിയിലെ 3/DP/VS/2023 നമ്പർ കത്തിൽ സ്ഥാപനത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ പ്രവർത്തന ചെലവ് 15,08,197/- രൂപയുടെ കണക്കും അനുബന്ധരേഖകളുടെ പകർപ്പുകളും സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ട്. ചെലവിന്റെ സംക്ഷിപ്തം താഴെ കൊടുക്കുന്നു

| | |
|---|---|
| ജീവനക്കാരുടെശമ്പളം (4/22ശമ്പളം മുതൽ 2/23വരെ) | 8,29,091 |
| ഇൻസ്ട്രക്ടർമാരുടെ ഓണറേറിയം (4/22ശമ്പളംമുതൽ 2/23വരെ) | 5,10,580 |
| ഓഫീസ് ചെലവുകളും മറ്റ് | 2,58,000 |

| | |
|---|---|
| ദൈനംദിനചെലവുകളും | |
| ആകെ | 15,97,671 |

(A) ചെലവു രേഖകളുടെ ഫോട്ടോകോപ്പികളാണുള്ളത്, ഈ പകർപ്പുകളൊന്നും തന്നെ സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മിക്കവാറും രേഖകളിലും സ്പെഷൽ ഓഫീസറുടെ സാക്ഷ്യപത്രം പോലും ഇല്ല.

(B) ഇൻസ്ട്രക്ടർമാരുടെ ഓണറേറിയം അനുവദിക്കുന്നതിന് സ്പെഷൽ ഓഫീസർ പ്രൊസീഡിംഗ്സ് തയ്യാറാക്കിയിട്ടില്ല. 9/22 മുതലുള്ള മറ്റ് ചെലവുകൾക്കും പ്രൊസീഡിംഗ്സ് ഇല്ല. സ്ഥാപനത്തിന്റെ ചെലവുകൾ തീരുമാനിക്കുന്നതും അംഗീകരിക്കുന്നതും ആരുടെ ഉത്തരവാദിത്വത്തിലാണെന്നത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്.
(C) ഇൻസ്ട്രക്ടർമാരുടെ ഓണറേറിയം ഇനത്തിൽ 5,10,580 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇവരെ എപ്രകാരം നിയമിച്ചു, ഇവരുടെ ജോലി എന്തെല്ലാം എന്നതിൽ വ്യക്തത വരുത്തേണ്ടതാണ്.

(D) ഓഡിറ്റ് വർഷം സ്ഥാപനത്തിൽ എന്തെല്ലാം പരിപാടികൾ നടത്തി, ആയതിൽ നിന്നുമുള്ള വരുമാനമെത്ര, വിജ്ഞാൻ സാഗറിന്റെ തനതുവരുമാനത്തിൽ നിന്നുമുള്ള ചെലവുകളെന്തെല്ലാം എന്നീ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

(E) ജില്ലാ പഞ്ചായത്തിൽ നിന്നും വിജ്ഞാൻ സാഗറിന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ് ( SBI 37591066666) തുക അനുവദിച്ചിട്ടുള്ളത്, യഥാർത്ഥ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്കല്ല. പദ്ധതി പ്രകാരം വിജ്ഞാൻ സാഗർ അക്കൗണ്ടിലേക്ക് കൈമാറിയ തുകകൾ വരവു വച്ചതിന്റെയും പിൻവലിച്ചതിന്റെയും വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
മേൽപറഞ്ഞ വിവരങ്ങൾക്കായി നൽകിയ ഓഡിറ്റ് എൻക്വയറി 43/08-11-2023ന് മറുപടി ലഭിച്ചിട്ടില്ല.

വിജ്ഞാൻ സാഗറിന്റെ തനതു വരുമാനത്തിൽ കോവിഡ് കാലഘട്ടത്തിൽ ഉണ്ടായ കുറവ് പരിഗണിച്ചുകൊണ്ടാണ് ദൈനംദിനചെലവുകൾക്ക് തുക ജില്ലാ പഞ്ചായത്തിൽ നിന്നും അനുവദിക്കാൻ സർക്കാർ അനുവാദം നൽകിയത്. സ്ഥാപനത്തിന്റെ തനതു വരുമാനം സംബന്ധിച്ച കണക്കുകൾ ജില്ലാ പഞ്ചായത്തിൽ ലഭ്യമല്ല. ദൈനംദിനചെലവുകൾക്കായി തുക അനുവദിക്കുന്നതിന് ചെലവുകളുടെ കൃത്യതയോ രേഖകളുടെ ആധികാരികതയോ ജില്ലാ പഞ്ചായത്തിൽ പരിശോധിച്ച് ഉറപ്പാക്കിയതായി കാണുന്നില്ല. പദ്ധതിച്ചെലവുമായി ബന്ധപ്പെട്ട രേഖകളിൽ കൃത്യതയില്ല, വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ.ഓർഡിനേഷൻ സമിതിയുടെ സാധൂകരണം ലഭിച്ചതിന്റെ രേഖകളില്ല. അപാകതകൾക്ക് വ്യക്തമായ മറുപടി, രേഖകൾ സഹിതം ലഭ്യമാക്കുന്നതുവരെ ചെലവു തുക തടസ്സപ്പെടുത്തുന്നു. തൃപ്തികരമായ മറുപടിയും ബന്ധപ്പെട്ട രേഖകളും പരിശോധനക്ക് ലഭ്യമാക്കാത്തപക്ഷം 10,00,000 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കാനാകില്ല, ചെലവുതുക ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

### 1-48 എസ്.എസ്.കെ വിഹിതം നൽകൽ-പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ, തുകയുടെ വിനിയോഗവിവരം എന്നിവ ഇല്ല

പ്രൊജക്റ്റ് നം 1027

നിർവ്വഹണം- സെക്രട്ടറി

അടങ്കൽ-CFC- 23,94,600

ചെലവ്- സാംഖ്യ വൗച്ചർ നം 22201020/4.2.2023, തുക – 23,94,600

(എ) എസ്.എസ്.കെ ജില്ലാ പ്രൊജക്റ്റ് കോ ഓർഡിനേറ്റർക്ക് മേൽ പറഞ്ഞ പ്രകാരം 2022-23 വർഷത്തെ ജില്ലാ പഞ്ചായത്ത് വിഹിതം കൈമാറി. ആയതിന് കൈപ്പറ്റ് രശീതി, വിനിയോഗവിവരം എന്നിവ ഇല്ല.

(ബി) പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) നം 84/2022/തസ്വഭവ / തിയതി 19.4.2022 ഖണ്ഡിക 8.6 (3), (4) എന്നിവ പ്രകാരം എസ്.എസ്.കെ പ്രൊജക്റ്റിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം, പ്രൊജക്റ്റ് പൂർത്തീകരണത്തിനു ശേഷം എസ്.എസ്.കെ വിശദാംശങ്ങൾ ത.സ്വ.ഭ സ്ഥാപനത്തിന് നൽകണം. തദ്ദേശഭരണ സ്ഥാപനം നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ, പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ എസ്എസ്.കെ പ്രൊജക്റ്റ് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ വിഹിതവും ത.സ്വ.ഭ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണം, വിനിയോഗ സർട്ടിഫിക്കറ്റ് നൽകണം തുടങ്ങിയ നിർദ്ദേശങ്ങൾ ഈ സർക്കാർ ഉത്തരവിൽ നൽകിയിട്ടുണ്ട്.

സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണോ എസ്.എസ്.കെ പദ്ധതി വിഹിതം കൈമാറൽ പദ്ധതി നടപ്പാക്കിയിട്ടുള്ളത്, എസ്.എസ്.കെ പ്രൊജക്റ്റിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതിൽ ജില്ലാ പഞ്ചായത്ത് പങ്കാളിത്തം വഹിച്ചിട്ടുണ്ടോ, 2022-23 വർഷം തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള സ്കൂളുകളിൽ എസ്.എസ്.കെ നടപ്പാക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ എസ്.എസ്.കെ ലഭ്യമാക്കിയിട്ടുണ്ടോ, ജില്ലാ പഞ്ചായത്ത് വർഷാവർഷം കൈമാറുന്ന തുകകൾക്ക് വിശദമായ ചെലവുവിവരങ്ങൾ എസ്.എസ്.കെ ലഭ്യമാക്കുന്നുണ്ടോ എന്നീ വിവരങ്ങൾ അറിയിക്കാനാവശ്യപ്പെട്ടു ഓഡിറ്റ് എൻക്വയറി 45/10-11-2023 നൽകിയെങ്കിലും വിവരങ്ങൾ ലഭിച്ചിട്ടില്ല. തുകയുടെ വിനിയോഗവിവരവും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കുന്നതു വരെ 23,94,600 രൂപ തടസ്സപ്പെടുത്തുന്നു.

1-49 വായനശാലകൾക്ക് ഫർണീച്ചർ നൽകൽ- അലമാരകൾ വാങ്ങിയത് സർക്കാർ നിർദ്ദേങ്ങൾ പാലിച്ചുകൊണ്ടല്ല, വിതരണം ചെയ്തതിന്റെ കൃത്യമായ രേഖകളില്ല.

പ്രൊജക്റ്റ് നം.418/23
നിർവ്വഹണം-സെക്രട്ടറി
അടങ്കൽ-CFC – 25,00,000
ചെലവ്- 24,48,258 (സാംഖ്യ വൗച്ചർ നം 22200565,566,567,568/ 6.10.2022)

സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് ഡിവിഷൻ മെമ്പറുടെ നിർദ്ദേശാനുസരണം ഫർണീച്ചർ നൽകുന്നതിനായി സെക്രട്ടറി നടപ്പാക്കിയ പദ്ധതിയാണ്. ജില്ലാ പഞ്ചായത്ത് കമ്മറ്റി തീരുമാനം 2/22.2.22 പ്രകാരം SIDCO യിൽ നിന്നും GO(Rt) 49/2019/14.11.29 ഉത്തരവിലെ അനക്സർ V ക്രമനം 3 പ്രകാരമുള്ള 10374/- രൂപ വിലവരുന്ന 198X90X48cm അളവിലുള്ള 200 സ്റ്റീൽ അലമാരകളാണ് (Steel Cabinet With 4 Shelves And Glass Door, 20G ) വാങ്ങിയത്. 18% ജി.എസ്.ടി അടക്കം ഒരെണ്ണത്തിന്റെ വില 12241.3/-രൂപ. SIDCO യുമായി 25.2.2022 തിയതിയിൽ കരാർ വച്ചു. 30.9.2022 ന് തുക കൈമാറി.

26 ഡിവിഷനുകളിൽ 7 എണ്ണം വീതവും 3 ഡിവിഷനുകൾക്ക് 6 എണ്ണം വീതവും ആകെ 29 ഡിവിഷനുകളിലായി 200 അലമാരകൾ വിതരണം ചെയ്തതായി ഫയലിൽ കാണുന്നു.

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1) 26.4.2019 ലെ സ.ഉ.(പി) 7/2019 എസ്.പി.ഡി. ഉത്തരവ് പ്രകാരം എല്ലാ സർക്കാർ സ്ഥാപനങ്ങളും 25,000 രൂപയിലധികമുള്ള വാങ്ങലുകൾ GeM മുഖേനയും ആവശ്യമായ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങൾ GeM ൽ ലഭ്യമല്ലെങ്കിൽ സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരമുള്ള ക്വട്ടേഷൻ/ടെണ്ടർ നടപടികളാണ് സ്വീകരിക്കേണ്ടത് എന്ന് 6.4.2019 ലെ സ.ഉ.(പി) 7/2019 എസ്.പി.ഡി. ഉത്തരവിലൂടെയും, അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് നിർബന്ധമായും ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കണം എന്ന് 12.05.2015 ലെ സ.ഉ(എം.എസ്) 13/2015 ഐ.ടി.ഡി

ഉത്തരവിലൂടെയും സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്.

28.5.2015 ലെ ജി.ഒ (ആർ.ടി) നം 26/2015 പ്രകാരം സർക്കാർ അംഗീകരിച്ച നിരക്കിൽ 22.11.2021 ലെ ജി. ഒ(ആർ.ടി) 33/2021 എസ്പിഡി ഉത്തരവ്വ പ്രകാരമാണ് സിഡ്കോയിൽ നിന്നും നേരിട്ട് അലമാരകൾ വാങ്ങിയിട്ടുള്ളത്. മേൽ പദ്ധതിയിൽ സിഡ്കോയിൽ നിന്നും 24.48 ലക്ഷം രൂപയുടെ വാങ്ങലാണ് നടത്തിയിട്ടുള്ളത്. നേരിട്ട് വാങ്ങലുകൾക്ക് സർക്കാർ ഉത്തരവുകളിൽ സാമ്പത്തിക പരിധി പറഞ്ഞിട്ടില്ല എങ്കിലും വലിയ പർച്ചേസുകൾ GeM വഴി/ ഇ-ടെണ്ടർ വഴി നടത്തണമെന്ന സർക്കാർ നിർദ്ദേശം നിലനിൽക്കെ 24.48 ലക്ഷം രൂപയുടെ ഫർണീച്ചറുകൾ വാങ്ങിയപ്പോൾ ഇത്തരം സാധ്യതകൾ ഉപയോഗപ്പെടുത്തി വാങ്ങൽ പ്രക്രിയ കൂടുതൽ സുതാര്യവും ആദായകരവുമാക്കാൻ ശ്രമിച്ചിട്ടില്ല.

2) സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്കാണ് ഫർണീച്ചറുകൾ വിതരണം ചെയ്യേണ്ടത്. താഴെ പറയുന്നവക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

പട്ടിക 1

| ക്രമം | ഡിവിഷൻ | വായനശാലയുടെ പേര് |
|---|---|---|
| 1 | കൈപ്പമംഗലം | ഗ്രാമീണവായനശാല, കളരിപ്പറമ്പ് (1എണ്ണം) |
| 2 | തൃപ്രയാർ | ഡിഎം പൊറ്റേക്കാട് സ്മാരക സാംസ്കാരികനിലയം &ലൈബ്രറി (2എണ്ണം) |
| അലമാരകളുടെ എണ്ണം = 3 | | |

3) താഴെ പറയുന്ന വായനശാലകൾക്ക് 2 അലമാരകൾ വീതം നൽകിയിട്ടുണ്ട്. രശീതികളിൽ അലമാര എന്നമാത്രം രേഖപ്പെടുത്തിയിരിക്കുന്നു, എണ്ണം ഇല്ല.

പട്ടിക 2

| ക്രമനം | വായനശാല |
|---|---|
| 1 | തളിക്കുളം ഡിവിഷനിലെ ചേറ്റുവ രാമു കാര്യാട്ട് വായനശാല (SIDCO Bill No.OLR/21-22/422/29.3.22 85689/-) |
| 2 | എറിയാട്-സർഗ്ഗ വനിതാ വായനശാല |
| 3 | എറിയാട്-കുടുംബശ്രീ വനിതാ വായനശാല |
| 4 | അടാട്ട്- മുണ്ടൂർ ഗ്രാമീണ വായനശാല (OLR/21-22/376/29.3.22 85689/- (രശീതിയിൽ ഒരു സ്റ്റീൽഅലമാര ) |
| അലമാരകളുടെ എണ്ണം = 8 | |

മേൽ പറഞ്ഞ വായനശാലകൾക്ക് എത്ര അലമാരകൾ വീതം നൽകിയിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

4) അലമാരകൾ വിതരണം ചെയ്തതിന്റെ ലിസ്റ്റ് (ലിസ്റ്റ് സാക്ഷ്യപ്പെടുത്തിയതല്ല) പ്രകാരമുള്ള താഴെ പറയുന്ന വായനശാലകൾ അലമാര കൈപ്പറ്റിയതിന് രേഖകളില്ല .

പട്ടിക 3

| ക്രമ നം | സിഡ്കോ ബില്ല് നം, തിയതി | ഡിവിഷൻ | വായന ശാലയുടെ പേര് | അലമാ രയുടെ എണ്ണം |
|---|---|---|---|---|
| 1 | OLR/21-22 /415/29.3.22 85689/- | പറപ്പൂക്കര | കൊച്ചന്നം ഗ്രാമീണ വായനശാല | 1 |
| 2 | OLR/21-22 /416/29.3.22 85689/- | എറിയാട് | ഗ്രാമീണ വായനശാല അഴീക്കോട് | 1 |
| 3 | OLR/21-22 /405/29.3.22 85689/- | വാഴാനി | ഐൻസ്റ്റീൻ വായനശാല, മുളങ്കുന്നത്ത് കാവ് | 1 |
| 4 | OLR/21-22 /417/29.3.22 85689/- | കൈപ്പമംഗലം | നാണൻ മെമ്മോറിയൽ വായനശാല, | 1 |
| | | | ടാഗോർ വായനശാല, പെരിഞ്ഞനം | 1 |
| 5 | OLR/21-22 /418/29.3.22 85689/- | തൃപ്പയാർ | ശ്രീവിദ്യ വായനശാല, ചെന്ത്രാപ്പിന്നി | 1 |
| 6 | OLR/21-22 /421/29.3.22 85689/- | അന്തിക്കാട് | ഗ്രാമീണ വായനശാല, കാരമുക്ക് | 1 |
| 7 | OLR/21-22 /425/29.3.22 73448/- | ചൂണ്ടൽ | കേച്ചേരി വായനശാല | 1 |
| അലമാരകളുടെ എണ്ണം = 8 | | | | |

മേൽപറഞ്ഞവ കൂടാതെ കൊരട്ടി ഡിവിഷന് നൽകിയ 7 അലമാരകൾ (SIDCO Bill No.OLR/21-22 /412/29.3.22, 85689/-രൂപ) വായനശാലകൾ കൈപ്പറ്റിയതിന്റെ വിവരമില്ല. കൊരട്ടി ഡിവിഷനിലെ ടാഗോർ, ജ്യോതി, വൈഖരി, ഫാസ്റ്റ് എന്നീ 4 വായനശാലകൾ അലമാര കൈപ്പറ്റിയതായി മേലൂർ വായനശാല നേതൃസമിതിയുടെ കൺവീനർ രശീതി നൽകിയിട്ടുണ്ട്. പാറക്കൂട്ടം ജനകീയ വായനശാല, KLAC കോന്നൂർ ലൈബ്രറി, കൊരട്ടി ഗ്രാമപഞ്ചായത്ത് സാംസ്കാരിക നിലയം ഗ്രന്ഥശാല എന്നീ 3 വായനശാലകളുടെ പേരുകൾ രേഖപ്പെടുത്തിയ കൊരട്ടി വായനശാല നേതൃസമിതിയുടെ ലെറ്റർ ഹെഡ്ഡിലുള്ള ആരും സാക്ഷ്യപ്പെടുത്താത്ത രേഖമാത്രം ഉണ്ട്. കൊരട്ടി ഡിവിഷന് നൽകിയ 7 അലമാരകൾ എതെല്ലാം വായനശാലകൾക്ക് വിതരണം ചെയ്തു എന്ന് പരിശോധിച്ച് രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

മേൽ പറഞ്ഞ അപാകതകൾ പരിശോധിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 47/14-11-2023 നൽകിയെങ്കിലും പൂർണ്ണമായ മറുപടി ലഭിച്ചിട്ടില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കുന്നതു വരെ വിതരണം ചെയ്തതിന്റെ കൃത്യമായ രേഖകളില്ലാത്ത 26 (പട്ടികകൾ 1,2,3 പ്രകാരമുള്ള 19 + കൊരട്ടി ഡിവിഷന് നൽകിയ 7) അലമാരകളുടെ വിലയായ 3,18,274 രൂപ (26 X 12241.3 = 318273.8) തടസ്സപ്പെടുത്തുന്നു.

## 1-50 ഗണ്ണിബാഗ് നിർമ്മാണയന്ത്ര സാമഗ്രികൾ- ഉപയോഗശൂന്യമായി സൂക്ഷിച്ചിരിക്കുന്ന

വടക്കാഞ്ചേരി നഗരസഭ ഉടമസ്ഥതയിലുള്ള കെട്ടിടമുറിയിൽ സൂക്ഷിച്ചിരുന്ന ഗണ്ണിബാഗ് നിർമ്മാണ യന്ത്രസാമഗ്രികൾ വിജ്ഞാൻസാഗറിലെ മുറിയിലേക്ക് മാറ്റിയതിന് ഡി.ഐ.സി മാനേജർക്ക് 13,000 രൂപ സാംഖ്യവൗച്ചർ നം 22200669/5.11.2022 പ്രകാരം തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട ഫയൽ നം എ5-2190/21, ഓഡിറ്റ് എൻക്വയറി 67/07-12-2023 ന് ലഭിച്ച മറുപടി എന്നിവയിൽ നിന്നുമുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

ജില്ലാ പഞ്ചായത്തിന്റെ 2001-2002 വാർഷിക പദ്ധതിയിൽ ആശിർവാദ് റൈസ് പാർക്കിൽ നിന്നുള്ള അരി പാക്ക് ചെയ്യുന്നതിന് ഗണ്ണി ബാഗ് നിർമ്മിക്കുക എന്ന ഉദ്ദേശത്തോടെ ഗണ്ണിബാഗ് നിർമ്മാണ സാമഗ്രികൾക്കായി 6,24,630/-രൂപ ചെലവാക്കി പദ്ധതി നടപ്പാക്കി. 2003 ജനവരി 23 നാണ് യൂണിറ്റിന്റെ ഉദ്ഘാടനം നടന്നത്. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിൽ യൂണിറ്റിന്റെ പ്രവർത്തനം തുടരാൻ സാധിക്കാതെ വരികയും ആശിർവാദ് റൈസ് പാർക്കിന്റെ പ്രവർത്തനം നിർത്തിവെച്ച സാഹചര്യത്തിൽ ഗണ്ണിബാഗ് നിർമ്മാണം നിർത്തിവക്കുകയും ചെയ്തു. യൂണിറ്റ് പ്രവർത്തന രഹിതമായതിനാൽ പദ്ധതി പ്രകാരം വാങ്ങിയ മെഷീനറികൾ വടക്കാഞ്ചേരി നഗരസഭ ഉടമസ്ഥതയിലുള്ള കെട്ടിടമുറിയിൽ ഉപയോഗശൂന്യമായി



കിടക്കുകയായിരുന്നു. ഇവ നീക്കംചെയ്ത് മുറി ഒഴിവാക്കി നൽകണമെന്ന് നഗരസഭ നിരന്തരം ആവശ്യപ്പെട്ടതിനെത്തുടർന്ന് വിജ്ഞാൻസാഗറിലേക്ക് മാറ്റുകയാണുണ്ടായത്. ഈ മെഷീനറികൾ ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് അറ്റകുറ്റപ്പണികൾ നടത്തിയാൽ ആയതിനു ശേഷവും പ്രവർത്തനക്ഷമമായില്ലെങ്കിൽ ചെലവഴിച്ചതുക നഷ്ടമാകുമെന്നതിനാൽ ഇത്തരം മെഷീനുകൾ ഉപയോഗിച്ച് നിലവിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും കുടുംബശ്രീ യൂണിറ്റുകൾക്ക് നിബന്ധനകൾക്ക് വിധേയമായി ഭരണസമിതി അംഗീകാരത്തോടെ നൽകാവുന്നതാണെന്ന് ഡി.ഐ.സി മാനേജർ 3.8.2022ലെ കത്തുപ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നു. തുടർന്നാണ് വിജ്ഞാൻസാഗറിന്





പുറകിൽ സ്ഥിതിചെയ്യുന്ന മുറിയിലേക്ക് മാറ്റിയത്. ഇവിടെയും ഈ യന്ത്രങ്ങൾ അധികകാലം സൂക്ഷിക്കാനാവില്ലെന്നും ഇക്കാര്യത്തിൽ എടുക്കേണ്ട തുടർ നടപടികൾ സംബന്ധിച്ച് നിർദ്ദേശം നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഡി.ഐ.സി മാനേജർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് 22.10.2022, 29.11.2022 തിയതികളിൽ കത്തയച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചതായി ഫയലിൽ കാണുന്നില്ല.



2001-2002 വർഷത്തെ രൂപയുടെ മൂല്യം പരിഗണിക്കുമ്പോൾ 6.24 ലക്ഷം എന്നത് വളരെ വലിയ ഒരു തുക തന്നെയായിരുന്നു. ആശിർവാദ് റൈസ് പാർക്ക്, പ്രവർത്തനം ആരംഭിക്കുന്നതിനുമുൻപേ തന്നെ ഉപേക്ഷിക്കപ്പെട്ട പദ്ധതിയാണ്. ഇവിടത്തെ ഉപയോഗത്തിനാണ് ഗണ്ണിബാഗ് നിർമ്മാണയൂണിറ്റ് ആരംഭിക്കുന്നതിന് തുക ചെലവഴിച്ചിട്ടുള്ളത്. വലിയ ലക്ഷ്യങ്ങൾ പ്രഖ്യാപിച്ചുകൊണ്ട് വൻ തുകകൾ ചെലവഴിച്ച് ജില്ലാപഞ്ചായത്ത് നടപ്പാക്കുന്ന പല പദ്ധതികളും യാതൊരു പ്രയോജനവും കൂടാതെ ഫണ്ട് ചെലവഴിക്കുക എന്നതിന് മാത്രമായി ചുരുങ്ങി പാഴ്ച്ചെലവുകളായി അവശേഷിക്കുന്നതായി കാണുന്നു. മേൽ പറഞ്ഞത് ഇതിന് ഒരു ഉത്തമ ഉദാഹരണമാണ്.

തൊഴിൽ സംരംഭങ്ങൾ, യൂണിറ്റുകൾ എന്നിവ പദ്ധതിവിഹിതം ഉപയോഗിച്ച് തയ്യാറാക്കുമ്പോൾ താത്പര്യമുള്ള ഗുണഭോക്താക്കളെ കണ്ടെത്തി അവർക്ക് ആവശ്യമായ പരിശീലനം നൽകി സജ്ജരാക്കുകയും ഉല്പന്നത്തിന്റെ വിപണസാധ്യതകൾ ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. ഇപ്രകാരം ചെയ്യാതെ മെഷീനുകൾ വാങ്ങുകയും കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്യുന്നതുകൊണ്ടാണ് പദ്ധതികൾ പരാജയമാകുന്നത്.
21 വർഷത്തോളം പഴക്കമുള്ള ഉപകരണങ്ങൾ പരിശോധിച്ച് ഇനിയും കാലതാമസം കൂടാതെ ഉചിതമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-51 വനിതാ ട്രാൻസ്പോർട്ട്- ജില്ലാ പഞ്ചായത്ത് വാങ്ങി നൽകിയ ബസ്സ് പ്രവർത്തനക്ഷമമല്ല, ഉപേക്ഷിക്കപ്പെട്ട നിലയിൽ

പ്രൊജക്റ്റ് നം 381/23
തൃശ്ശൂർ ജില്ലാ പഞ്ചായത്ത് വനിതാ ട്രാൻസ്പോർട്ട് ബസ്സ് സർവ്വീസ് ആരംഭിക്കുന്നതിന് ധനസഹായം
നിർവ്വഹണഉദ്യോഗസ്ഥൻ-സെക്രട്ടറി
അടങ്കൽ- തനത്ഫണ്ട്- 220000 ചെലവ്- ഇല്ല, പദ്ധതി ഉപേക്ഷിച്ചു
ഫയൽ നം ഡി3-3380/19

തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ ധനസഹായത്തോടെ 1997-98 കാലഘട്ടത്തിൽ തൃശ്ശൂർ ജില്ലാ വനിതാ ട്രാൻസ്പോർട്ട് സഹകരണസംഘത്തിന്റെ കീഴിൽ ബസ് സർവ്വീസ് ആരംഭിച്ചു. വനിതകൾ ജീവനക്കാരായ ബസ് സർവ്വീസ് കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായ ഒന്നാം ലോക്ക്ഡൗൺ പ്രഖ്യാപിച്ച മാർച്ച് 2020 -ന ശേഷം പ്രവർത്തിച്ചു വരുന്നില്ല. നിലവിൽ ഉപയോഗിച്ചു വന്നിരുന്ന 2011 മോഡൽ KL-08-AW-498 ബസ് സർവ്വീസ് പുനരാരംഭിക്കുന്നതിനായി അറ്റകുറ്റപ്പണികൾക്ക്

216050/-രൂപയുടെ ക്വട്ടേഷൻ ലഭിച്ചിട്ടുണ്ടെന്നും ടി ഫണ്ട് അനുവദിക്കണമെന്നും സഹകരണസംഘം സെക്രട്ടറി ജില്ലാ പഞ്ചായത്തിൽ അപേക്ഷിച്ചു. പദ്ധതി മാർഗ്ഗരേഖ പ്രകാരം സഹകരണ സംഘത്തിന്റെ ബസിന്റെ അറ്റകുറ്റപ്പണികൾക്ക് ജില്ലാ പഞ്ചായത്ത് ഫണ്ട് അനുവദിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ സർക്കാർ അനുമതിക്ക് അപേക്ഷിക്കുകയും സ.ഉ.(സാധാ) നം 763/2022/LSGD/26.3.2022 പ്രകാരം ജില്ലാ പഞ്ചായത്തിന് തുക ചെലവഴിക്കാൻ പ്രത്യേക അനുമതി ലഭിക്കുകയും ചെയ്തു. കുറഞ്ഞ നിരക്കിൽ ക്വട്ടേഷൻ സമർപ്പിച്ച എയ്ഞ്ചൽ ടെക്ക് എന്ന സ്ഥാപനത്തിന്റെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി പി ഡബ്ള്യു ഡി മെക്കാനിക്കൽ സബ് ഡിവിഷൻ, ചാലക്കുടിക്ക് അയച്ചു നൽകി. പി ഡബ്ള്യു ഡി മെക്കാനിക്കൽ ഡിവിഷൻ കോഴിക്കോട് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 10.2.2023 തിയതിയിലെ DB/GL/Economy& Essentiality നമ്പർ കത്തുപ്രകാരം 2011 മോഡൽ ബസിന് ഭീമമായ തുക ചെലവഴിച്ച് റിപ്പയർ ചെയ്താൽതന്നെ നിലവിലെ നിയമങ്ങൾ അനുസരിച്ച് മൂന്ന് വർഷമേ ഉപയോഗിക്കാനാവൂ എന്നതിനാലും ഈ മൂന്ന വർഷക്കാലവും ഫിറ്റ്നസ്സ് എടുക്കുവാനും എഞ്ചിൻ വർക്കുകൾക്കും ചെലവുകൾ വരുമെന്നതിനാലും അറ്റകുറ്റപ്പണികൾക്കുള്ള എസ്റ്റിമേറ്റ് അംഗീകരിക്കാതെ പ്രൊപ്പോസൽ മടക്കി അയച്ചു. ഈ നിർദ്ദേശം പരിഗണിച്ച് ബസ് റിപ്പയർ ചെയ്യുന്നതിന് ധനസഹായം അനുവദിക്കേണ്ടതില്ല എന്ന കാര്യത്തിൽ 17.6.2023 ലെ ക്ഷേമകാര്യ സ്ഥിരം സമിതി യോഗം 5ാം നമ്പറായി തീരുമാനമെടുത്തിട്ടുള്ളതും ഈ തീരുമാനം 27.7.2023 ൽ ജില്ലാ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുള്ളതുമാണ്. ബസ് റിപ്പയർ ചെയ്യുന്നതിന് ജില്ലാ പഞ്ചായത്തിൽ നിന്നും തുക അനുവദിക്കാനാവില്ലെന്ന് സഹകരണസംഘം സെക്രട്ടറിയെ ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു

(A) വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രകാരം 17.11.2011 ൽ തൃശ്ശൂർ ജില്ലാ വനിതാ ട്രാൻസ്പോർട്ട് സഹകരണസംഘത്തിന്റെ പേരിൽ ആണ് ബസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. 18 ലക്ഷം രൂപയാണ് വില. ജില്ലാ പഞ്ചായത്ത് വാഹനം വാങ്ങി കൈമാറിയപ്പോൾ സംഘവുമായുണ്ടാക്കിയ കരാർ പരിശോധനക്ക് ലഭിച്ചിട്ടില്ല (ഓഡിറ്റ് എൻക്വയറി 66/07-12-2023). കരാറിൽ വാഹനത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച വ്യവസ്ഥ എന്തായിരുന്നു, വാഹനം ഉപയോഗശൂന്യമാകുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് കരാറിൽ വ്യവസ്ഥയുണ്ടോ എന്നീ കാര്യങ്ങൾ പരിശോധിക്കേണ്ടതാണ്.

(B) തൃശ്ശൂർ ജില്ലാ വനിതാ ട്രാൻസ്പോർട്ട് സഹകരണസംഘത്തിന്റെ നിയമാവലി പ്രകാരം സംഘത്തിന്റെ എക്സ് ഓഫീഷ്യോ പ്രസിഡന്റ് ജില്ലാ പഞ്ചായത്ത് നോമിനേറ്റ് ചെയ്ത വനിതാ മെമ്പറായിരിക്കും, കൂടാതെ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും ഭരണ സമിതിയിൽ മെമ്പറാണ്. സൊസൈറ്റി ഭാരവാഹികളായ ജില്ലാ പഞ്ചായത്ത് അധികാരികൾക്ക് ബസ്സുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ എന്തെല്ലാം അധികാരങ്ങളാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്, വാഹനത്തിൽ നിന്നുമുള്ള നാളിതുവരെയുള്ള വരവുചെലവുകണക്കുകൾ പരിശോധിക്കപ്പെടാറുണ്ടോ ആയതുസംബന്ധിച്ച റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ടോ എന്നീ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി 66/07-12-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

(C) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിലെ മേൽവിലാസമനുസരിച്ച് സംഘം പ്രവർത്തിക്കുന്നത് കണിമംഗലം എന്ന സ്ഥലത്താണ്. ഇപ്പോൾ സംഘം പ്രവർത്തിക്കുന്നുണ്ടോ, ബസ്സ് ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ടോ എന്നി വിവരങ്ങളും ലഭ്യമല്ല.

ബസ് ഇപ്പോൾ ജില്ലാ പഞ്ചായത്ത് കോമ്പൗണ്ടിൽ നിന്നും കുറച്ചു നീങ്ങി പുറകിലായുള്ള പൊതുവഴിയ്ക്കരികിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കിടക്കുന്നു.




ഈ വിഷയം പരിശോധിച്ച് ജില്ലാ പഞ്ചായത്തിന്റെ അധികാര പരിധിയിൽ പെടുന്നതും ഉചിതവുമായ നടപടികൾ കാലതാമസം കൂടാതെ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-52 SPCA ജൂനിയർ ഇൻസ്പെക്ടറുടെ നിയമനം – സർക്കാർ അംഗീകാരം ഇല്ല, കോടതി വ്യവഹാരം നിലനിൽക്കുന്നു.

തൃശ്ശൂർ ജില്ലാ Society For Prevention Of Cruelty Against Animals (SPCA) ജൂനിയർ ഇൻസ്പെക്ടറായി ജോലി ചെയ്തു വരുന്ന ശ്രീ.അനിൽ ഇ എന്ന വ്യക്തിക്ക് വേതനം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഫയലുകൾ നം ബി3-1783/19, ബി3- 511/2009 എന്നിവ പരിശോധിച്ചതിൽ നിന്നും ഇദ്ദേഹത്തിന്റെ നിയമനത്തിന് സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ലെന്നു കാണുന്നു. ഫയലിൽ നിന്നുമുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

Prevention Of Cruelty To Animals (Established And Regulation Of Societies For Prevention Of Cruelty Against Animals) Rules 2001 പ്രകാരമാണ് സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും SPCAകൾ സ്ഥാപിക്കുന്നത്. തൃശ്ശൂർ ജില്ലാ എസ്പിസിഎ അഡ്ഹോക്ക് കമ്മറ്റിയുടെ 13.11.2014 തിയതിയിലെ തീരുമാനപ്രകാരം യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ച് എസ്പിസിഎ ചെയർമാൻ (ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്) എസ്പിസിഎ കൺവീനർ (ജില്ലാ മൃഗസംരക്ഷണ ഓഫീസർ) എന്നിവർ അപേക്ഷകൾ പരിശോധിച്ച് 24.12.2014 ൽ ചേർന്ന എസ്പിസിഎ മാനേജ്മെന്റ് കമ്മിറ്റി തീരുമാനപ്രകാരം ഓണറേറിയം വ്യവസ്ഥയിൽ ശ്രീ.അനിൽ ഇ യെ തെരഞ്ഞെടുത്തു, എസ്പിസിഎ കൺവീനറുടെ 26.12.2014 ലെ 1/2014-2015 ഉത്തരവു പ്രകാരം എസ്പിസിഎ ഇൻസ്പെക്ടറായി താത്ക്കാലികമായി നിയമിച്ചു. ഇദ്ദേഹം 1.1.2015 ൽ സേവനത്തിൽ പ്രവേശിച്ചു. 14.3.2016 തിയതിയിലെ എസ്പിസിഎ മാനേജ്മെന്റ് കമ്മിറ്റി തീരുമാനപ്രകാരം ഓണറേറിയം 24500/- രൂപയായി നിശ്ചയിച്ചു. 9 -ാം ശമ്പളകമ്മീഷന്റെ സർക്കാർ ഉത്തരവ് (എം.എസ്) 276/2015/തസ്വഭവ/ 9.9.2015 പ്രകാരം ഇദ്ദേഹത്തിന് എസ്പിസിഎ ജൂനിയർ ഇൻസ്പെക്ടർ തസ്തികയുടെ 8730-13540 സ്കെയിലിൽ 8730/- രൂപയും 10 -ാം ശമ്പളകമ്മീഷന്റെ സർക്കാർ ഉത്തരവ് (എം.എസ്) 154/2019 /തസ്വഭവ/2.12.2019 പ്രകാരം 17000-37500 സ്കെയിലിൽ 20550/- രൂപയും, ആയതനുസരിച്ച് ഡി.എ, എച്ച്.ആർ എ, സിസിഎ എന്നിവയും ജനുവരി മാസത്തിൽ വാർഷിക ഇൻക്രിമെന്റും അനുവദിച്ചുവരുന്നു. സേവനപുസ്തകപ്രകാരം 1.1.2015 മുതൽ 1.1.2021 വരെ 8730-13540 സ്കെയിലിൽ ശമ്പളമനുവദിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 22.3.2021 വരെ സർവ്വീസ് വെരിഫിക്കേഷൻ നടത്തി എസ്പിസിഎ കൺവീനർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് രേഖപ്പെടുത്തലുകളില്ല. നിയമനം സ്ഥിരപ്പെടുത്തിയതായോ പ്രൊബേഷൻ പൂർത്തീകരിച്ചതായോ രേഖപ്പെടുത്തിയിട്ടില്ല.

മേൽ പറഞ്ഞ ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരം എസ്പിസിഎ ജീവനക്കാരുടെ ശമ്പളം ജില്ലാപഞ്ചായത്ത് ഫണ്ടിൽ നിന്നുമാണ് അനുവദിക്കേണ്ടത്. എസ്പിസിഎക്ക് അനുവദിക്കപ്പെട്ട തസ്തികകളിൽ സർക്കാർ അംഗീകാരം കൂടാതെ നിയമനം നടത്താൻ (Permanent/ Deputation/ Temporary/ Daily Waged/ Provisional) പാടില്ലെന്നും മേൽ പറഞ്ഞ സർക്കാർ ഉത്തരവുകളിൽ വ്യവസ്ഥയുണ്ട്. ഇക്കാര്യങ്ങളിൽ ഉണ്ടാകുന്ന അപാകതകൾ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യത ആയിരിക്കും എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഈ വിഷയവുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു

(A) ശ്രീ.അനിൽ ഇ യുടെ നിയമനം ക്രമപ്പെടുത്തി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലാ പഞ്ചായത്ത് 17.8.2020, 22.9.2020, 6.10.2020, 30.6.2023 തിയതികളിൽ സർക്കാരിലേക്ക് ഡിപിടി/ ബി3-511/2009 നമ്പർ കത്തുകൾ അയച്ചിട്ടുണ്ട്. ആയതിന്മേൽ 3.4.2023, 26.9.2023 തിയതികളിൽ തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ് അയച്ച ഡിബി 3/308/ 2022 തസ്വഭവ നമ്പർ കത്തുകളിൽ ശ്രീ.അനിൽ ഇ യുടെ നിയമനം ക്രമവത്ക്കരിക്കുന്നതിന് അനുമതി നൽകുവാൻ നിർവ്വാഹമില്ലെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാരിൽ നിന്നുള്ള അംഗീകാരം ലഭിക്കാത്ത സാഹചര്യത്തിൽ ഏപ്രിൽ 2023 മുതൽ ടിയാന് വേതനം നൽകി വരുന്നില്ല. തുടർന്ന് ശ്രീ.അനിൽ ബഹു.ഹൈ കോടതി മുൻപാകെ റിട്ട് പെറ്റീഷൻ (WP(C) No 32974/2023) ഫയൽ ചെയ്തിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

(B) 1.1.2015 ൽ സേവനത്തിൽ പ്രവേശിച്ച എസ്പിസിഎ ജീവനക്കാരന്റെ നിയമനത്തിന് സർക്കാർ അനുമതി ലഭിക്കുന്നതിന് പരിശോധനക്ക് ലഭ്യമാക്കിയ ഫയൽ പ്രകാരം ജില്ലാപഞ്ചായത്തിൽ നിന്നും 17.8.2020 നാണ് സർക്കാരിലേക്ക് ആദ്യ കത്തുപോയിട്ടുള്ളത്. സർക്കാർ അനുമതി കൂടാതെയാണ് ടിയാന് വേതനം അനുവദിച്ചുകൊണ്ടിരുന്നത്. കൂടാതെ 24.4.2023 ലെ SPCA മാനേജ്മെന്റ് കമ്മറ്റി യോഗ തീരുമാനപ്രകാരം നിയമനം ക്രമപ്പെടുത്താനും ഹയർഗ്രേഡ് അനുവദിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. നിയമനത്തിന് സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല.

C) ജില്ലാ പഞ്ചായത്തിൽ നിന്നും പരിശോധനക്ക് ലഭിച്ച ശ്രീ അനിലിന്റെ സേവനപുസ്തകത്തിലെ രേഖപ്പെടുത്തലുകൾ എസ്പിസിഎ കൺവീനർ ആണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. എസ്പിസിഎ ജീവനക്കാരുടെ ശമ്പളവും മറ്റു ആനുകൂല്യങ്ങളും അനുവദിക്കുന്നത് ജില്ലാ പഞ്ചായത്തിന്റെ ചുമതലയാണെന്നും ഇക്കാര്യങ്ങളിൽ ഉണ്ടാകുന്ന അപാകതകൾ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യത ആയിരിക്കും എന്നും സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ എസ്പിസിഎ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ, പ്രൊബേഷൻ മാനദണ്ഡങ്ങൾ, പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിലും ഇൻക്രിമെന്റും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചുനൽകുന്നതിലും സേവനപുസ്തകം തയ്യാറാക്കുന്നതിലും ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവാദിത്വങ്ങൾ എന്നീ വിഷയങ്ങളിൽ കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാരിൽ നിന്നും ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

എസ്പിസിഎ ജൂനിയർ ഇൻസ്പെക്ടറുടെ നിയമനവുമായി ബന്ധപ്പെട്ട വിഷയത്തിലെ കോടതി വ്യവഹാരങ്ങളുടെ വിശദാംശങ്ങളും ജില്ലാ പഞ്ചായത്ത് സ്വീകരിക്കുന്ന തുടർ നടപടികളുടെ വിവരങ്ങളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 65/07-12-2023, 39/6.11.2023)

## 1-53 മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചതിന്റെ രേഖകളില്ല, ചെലവു തുക തടസ്സപ്പെടുത്തുന്നു.

### A) യാത്രാബത്ത മുൻകൂർ നൽകിയത്- ക്രമീകരിച്ചതിന്റെ വിവരമില്ല, തുക തടസ്സപ്പെടുത്തുന്നു

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 11.10.2022 തിയതിയിലെ തീരുമാനം നമ്പർ 10(1) പ്രകാരം പശ്ചിമ ബംഗാൾ, സിക്കിം സംസ്ഥാനങ്ങളിലെ പഞ്ചായത്ത് രാജ് സംവിധാനത്തെക്കുറിച്ച് പഠിക്കുന്നതിനായി തൃശ്ശൂർ ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും വേണ്ടി 2022 നവംബർ 16 മുതൽ 23 വരെ

കില സംഘടിപ്പിക്കുന്ന പഠനയാത്രയിൽ പങ്കെടുക്കുന്നവർക്ക് വിമാനയാത്രക്ക് തുക ചെലവഴിക്കുന്നതിനും യാത്ര, ഭക്ഷണ, താമസ സൗകര്യങ്ങൾക്ക് അധികം വരുന്ന ചെലവ് തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും പങ്കെടുക്കുന്ന ജീവനക്കാർക്ക് സംസ്ഥാനം വിട്ടുപോകുന്നതിനും അനുമതി നൽകുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചു. ഈ തീരുമാനം 18.10.2022 തിയതിയിലെ ഭരണസമിതി തീരുമാനം 7(1) പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പഠനസന്ദർശനയാത്രക്കായി താഴെ പറയുന്ന വൗച്ചറുകൾപ്രകാരം 559150 രൂപ തനതുഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | വൗച്ചർ നം | ചെലവിന്റെ വിവരം | തുക |
|---|---|---|---|
| 1 | 22200604, 15.10.22 | ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും സിക്കിം പശ്ചിമബംഗാൾ സംസ്ഥാനങ്ങളിൽ പഠനസന്ദർശന യാത്ര-മുൻകൂർ അനുവദിക്കുന്നത് | 345000 |
| 2 | 22200605/ 15.10.22 | മുൻകൂർ അനുവദിക്കുന്നത് | 90000 |
| 3 | 22200736 / 30.11.22 | പഠനസന്ദർശന യാത്ര-ഭക്ഷണചെലവ്-കില പ്രതിനിധിക്ക് ചെലവായ തുക അനുവദിക്കുന്നത് | 87500 |
| 4 | 22200834 / 24.12.22 | കില അനുവദിച്ച തുകയിൽ ബാക്കി തുക തിരിച്ചടക്കുന്നത് | 36650 |
| ആകെ | | | 559150 |

ചെലവിന്റെ അനുബന്ധ രേഖകളും അഡ്വാൻസ് തുക ക്രമീകരിച്ചതിന്റെ വിവരവും ബാക്കി തുക തിരിച്ചടച്ചതിന്റെ വിവരവും വിഷയവുമായി ബന്ധപ്പെട്ട ഫയലും പരിശോധനക്ക ലഭിച്ചിട്ടില്ല (ഓഡിറ്റ് എൻക്വയറി 39/ 06-11-2023) .

ആയതിനാൽ ചെലവു തുക 559150 രൂപ തടസ്സപ്പെടുത്തുന്നു

B) അനുമോദനച്ചടങ്ങിനായി വിദ്യാഭ്യാസഉപഡയറക്ടർക്ക് അനുവദിച്ച തുകയുടെ വിനിയോഗവിവരമില്ല, തുക തടസ്സപ്പെടുത്തുന്നു

തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ വരുന്ന സ്കൂളുകളിൽ എസ്.എസ്.എൽ.സി, ഹയർസെക്കണ്ടറി വിഭാഗത്തിൽ 100% വിജയം കൈവരിച്ച സ്കൂളുകൾക്കും, Full A+ നേടിയ വിദ്യാർത്ഥികൾക്കും പ്രശസ്തിപത്രവും ട്രോഫിയും നൽകി അനുമോദിക്കുന്നതിനായി 24.7.2022 ന് സംഘടിപ്പിക്കുന്ന ചടങ്ങിന്റെ നടത്തിപ്പിന് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് താഴെ പറയും പ്രകാരം തനതുഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | വൗച്ചർ നം | തുക |
|---|---|---|
| 1 | 22200367/ 20.7.22 | 80000 |

| | | |
|---|---|---|
| 2 | 22200636/ 31.10.22 | 72457 |
| ആകെ | | 152457 |

തുകയുടെ വിനിയോഗ വിവരം ഓഡിറ്റ് എൻക്വയറി 39/6.11.2023 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും പരിശോധനക്ക് ലഭിച്ചിട്ടില്ല. വിനിയോഗവിവരം ഇല്ലാത്തതിനാൽ 152457രൂപ തടസ്സപ്പെടുത്തുന്നു.

ആകെ തടസ്സപ്പെടുത്തുന്ന തുക- 559150 + 152457 രൂപ

1-54 എയ്ഡഡ് സ്കൂളിൽ ഇൻസിനറേറ്റർ ഒരു ഡിവിഷനിൽ 1 വീതം - തുടർ പ്രവർത്തനം വിലയിരുത്തൽ

ജില്ലയിലെ കൗമാരക്കാരായ സ്കൂൾ വിദ്യാർത്ഥിനികളുടേയും വിവിധ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന വനിതകളുടേയും ആരോഗ്യപരിപാലനത്തിനും, വ്യക്തി ശുചിത്വം ഉറപ്പു വരുത്തുന്നതിനും വേണ്ടി ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച 'ഷീ പാഡ്' പദ്ധതി പ്രകാരം 2016-17 മുതൽ 2020-21 വർഷം വരെ വിവിധ ഘട്ടങ്ങളിലായി വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി 341 സ്കൂളുകളിലായി ആകെ 441 ഇൻസിറേറ്ററുകൾ സ്ഥാപിച്ചിരുന്നു. 2016-17 മുതൽ 2020-21 കാലയളവിൽ ഇൻസിനറേറ്റർ സ്ഥാപിച്ചപ്പോൾ ആയതിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിരുന്നില്ല. ആയതുമായി ബന്ധപ്പെട്ട് സ്കൂൾ പി.ടി.എ – യുമായി ഒരു കരാറിൽ ഏർപ്പെട്ടിരുന്നില്ല. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഇത് പരാമർശിച്ചിട്ടുള്ളതാണ്. നിലവിൽ സ്ഥാപിച്ചിട്ടുള്ള ഇൻസിനറേറ്ററുകളും നാപ്കിൻ വെന്റിംഗ് മെഷീനുകളും അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗപ്രദമാക്കാനാകുമോയെന്ന് പരിശോധിക്കുകയോ എ.എം.സി കാലയളവിൽ തന്നെ ഇവ റിപ്പയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

12/01/2023 – ലെ തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഭരണസമിതി യോഗത്തിലെ തീരുമാനം നം. 4(1) – ൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ വർദ്ധനവും കോവിഡിന്റെ പശ്ചാത്തലത്തിൽ ഇൻസിനറേറ്റർ പ്രവർത്തിക്കാതിരുന്നതിനാൽ നശിച്ചു പോയ സാഹചര്യവും വിലയിരുത്തിക്കൊണ്ട് സ്കൂളുകളിൽ വീണ്ടും ഇൻസിനറേറ്ററുകൾ സ്ഥാപിക്കുന്നതിന് സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ സമിതിയോട് അപേക്ഷിക്കുന്നതിന് തീരുമാനിക്കുകയും 08-03-2023 – ലെ കോ-ഓർഡിനേഷൻ സമിതിയുടെ 4.80 -ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ (ഡിഇ) വകുപ്പിന്റെ 22-03-2023 തീയതിയിലെ സ.ഉ(സാധാ) നം.685/2023/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഹൈസ്കൂൾ/ഹയർ സെക്കന്ററി സ്കൂളുകളിൽ ഇൻസിനറേറ്റർ മുൻപ് സ്ഥാപിച്ചിരുന്നുവെങ്കിലും ഇപ്പോൾ പ്രവർത്തനരഹിതമായതിനാൽ ശുചിത്വമിഷന്റെ മേൽനോട്ടത്തിൽ വീണ്ടും സ്ഥാപിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

2022-23 വർഷത്തിൽ സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലുമായി ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് പ്രത്യേകം പദ്ധതികൾ 88 ലക്ഷം വികസന ഫണ്ട് വകയിരുത്തി ആവിഷ്കരിച്ചതിൽ പ്രൊജക്റ്റ് നം. - 697/23 പ്രകാരം എയ്ഡഡ് സ്കൂളിനായി വകയിരുത്തിയ 30 ലക്ഷത്തിൽ 3,89,424 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതിയുടെ ആദ്യ ഘട്ടമായി 28 സ്കൂളുകളിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് തീരുമാനിച്ചതു പ്രകാരം ഒരു ഇൻസിനറേറ്ററിന് 27,816 രൂപ നിരക്കിൽ 2022-23 വർഷത്തിൽ 14 എണ്ണത്തിന്റെ വിലയായ 3,89,424 രൂപ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് നൽകുകയും 2023-24 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ പദ്ധതി പ്രകാരം അവശേഷിക്കുന്ന 14 എണ്ണത്തിന്റെ വില കൂടി നൽകിയപ്പോൾ ആകെ 7,78,848 രൂപ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് നൽകുകയും 28 സ്കൂളുകളുടെ ഇൻസ്റ്റാല്ലേഷൻ റിപ്പോർട്ടുകൾ ഫയലിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

2020 - ൽ തൃശ്ശൂർ ജില്ലാപഞ്ചായത്തിന് മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുള്ള ദേശീയ

അംഗീകാരമായ ദീൻദയാൽ ഉപാധ്യായ പഞ്ചായത്ത് ശാക്തീകരൺ പുരസ്കാരം നേടികൊടുത്ത നാല് പദ്ധതികളിൽ ഒരു പദ്ധതിയാണ് ഷീ പാഡ് പ്രോജക്ട് എന്ന് 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളതുമാണ്. നിലവിൽ മുൻപ് നൽകിയ സ്കൂളുകളിൽ വീണ്ടും ഇൻസിനറേറ്ററുകൾ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമായിട്ടുള്ളതിനാൽ പദ്ധതി നടപ്പിലാക്കുവാൻ തടസ്സമില്ല. എന്നാൽ യന്ത്രങ്ങളുടെ ഫലപ്രദമായ പ്രവർത്തനം ഉറപ്പാക്കുവാൻ സ്കൂൾ തലത്തിൽ ക്രമീകരണവും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യാത്തപക്ഷം ഇൻസിനറേറ്ററുകൾ പ്രവർത്തനരഹിതമാവുകയും മുൻ വർഷങ്ങളിലെ പോലെ പാഴ്ചെലവാകുന്ന സാഹചര്യം ആവർത്തിക്കപ്പെടുന്നതുമാണ്. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി - 28/05/2022) - യിലെ ഖ-7.4.6 പ്രകാരവും മെഷീനുകളുടെ സുരക്ഷിത ഉപയോഗം ഉറപ്പാക്കുന്നതിന് പി.ടി.എ – യുമായി കരാർ വയ്ക്കണമെന്നും മെഷീൻ വാങ്ങുന്ന കമ്പനികളുമായി എ.എം.സി ഉണ്ടായിരിക്കണമെന്നും തുടർന്നുള്ള വർഷങ്ങളിൽ മെയിന്റനൻസ് പി.ടി.എ ഏറ്റെടുക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇൻസിനറേറ്ററുകളുടെ AMC കാലാവധി അവസാനിച്ചാൽ സ്കൂൾ പി.ടി.എ മെയിന്റനൻസ് ഏറ്റെടുക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ട് ജില്ലാ വനിതാ ക്ഷേമ ഓഫീസറുടെ 27.04.2023 തീയതിയിലെ DWWO/695/22-23 നമ്പർ കത്തു പ്രകാരം കരാർ ഒപ്പു വെച്ചു നൽകുന്നതിന് പ്രധാനാധ്യാപകർക്ക് അറിയിപ്പു നൽകിയിട്ടുള്ളതിന്റെ കാര്യാലയ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മാർഗ്ഗരേഖ പ്രകാരം പി.ടി.എ യുമായി കരാറിൽ ഏർപ്പെടുകയോ അതുമായി ബന്ധപ്പെട്ട് മറ്റ് തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

ഷീ പാഡ് നിർമ്മാണ യൂണിറ്റുകളുടെ നിലവിലെ സ്ഥിതിവിവരം

ജില്ലാ പഞ്ചായത്ത് 2018-19 – ൽ സാനിറ്ററി നാപ്കിൻ നിർമ്മാണത്തിനായി മുണ്ടൂർ, ചാഴൂർ, ചൊവ്വന്നൂർ എന്നീ മൂന്ന് യൂണിറ്റുകൾ സ്ഥാപിക്കുകയുണ്ടായി. എന്നാൽ മൂന്ന് യൂണിറ്റുകളും നിലവിൽ പ്രവർത്തനക്ഷമമല്ല. ഈ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് വികസന ഫണ്ട് 10 ലക്ഷം വകയിരുത്തുകയും ആയതിന് 14-02-2023 ന് കോർഡിനേഷൻ കമ്മിറ്റി അനുവാദം നൽകിയിട്ടുണ്ട് എന്നുമാണ് ഓഡിറ്റ് അന്വേഷണത്തിന്റെ (നം.15/12-09-2023) മറുപടിയിൽ അറിയിച്ചിട്ടുള്ളത്.

17-06-2023 തീയതിയിലെ ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം നം.7 പ്രകാരം ഷീ പാഡ് പ്രൊജക്റ്റിന്റെ ഭാഗമായ വെൽകെയർ മുണ്ടൂർ യൂണിറ്റിലെ അംഗങ്ങൾ സമർപ്പിച്ച അപേക്ഷയിന്മേൽ മുണ്ടൂർ യൂണിറ്റിൽ നിത്യോപയോഗ സാധനങ്ങൾ പാക്ക് ചെയ്ത് കിറ്റുകളാക്കി വിൽക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള ഓർഡറുകൾ സ്വീകരിക്കുന്നതിന് താല്ക്കാലിക അനുമതി നൽകിയിട്ടുണ്ട്. ജീവിതമാർഗ്ഗം എന്ന നിലയിൽ നിത്യോപയോഗ സാധനങ്ങൾ പാക്ക് ചെയ്ത് വിൽക്കുന്നതിനായി ആണ് ഉപയോഗിക്കുന്നതെന്ന് നിർവ്വഹണോദ്യോഗസ്ഥയും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മെഷീനുകളുടെ തകരാർ പരിഹരിക്കുന്നതിന് കെ.എസ്.ഐ.ഇ ലിമിറ്റഡിനെ ഏൽപിച്ച് തകരാർ പരിഹരിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് നൽകിയിട്ടുണ്ട്. ആയത് ജില്ലാ വ്യവസായ കേന്ദ്രം മാനേജരുടെ തീരുമാനത്തിനായി ആവശ്യപ്പെട്ടിരിക്കുകയാണെന്നും അറിയിച്ചിട്ടുണ്ട്.

നാളിതുവരെ 3.5 കോടിയോളം രൂപ ചെലവഴിച്ചുകഴിഞ്ഞ ഒരു പദ്ധതിയാണ് നിലവിൽ ലക്ഷ്യം കാണാതെ പാഴ്ചെലവായി മാറപ്പെടുന്ന സാഹചര്യത്തിലേയ്ക്ക് എത്തപ്പെട്ടിട്ടുള്ളത്.

സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.115/2022/തസ്വഭവ തിയതി 28/05/2022 ഖണ്ഡിക 7.6.8 പ്രകാരം മെൻസ്ട്രുവൽ കപ്പ് ലഭ്യമാക്കൽ പ്രോജക്ട് ഗ്രാമപഞ്ചായത്തുക്കൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും ഏറ്റെടുക്കാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ പരിസ്ഥിതി സൗഹാർദപരമായ ഇത്തരത്തിലുള്ള നൂതന പദ്ധതികൾ ഗ്രാമ പഞ്ചായത്ത് തലത്തിലും

നഗരഭരണസ്ഥാപനങ്ങളിലും ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. 58 ഹൈസ്കൂളുകൾ, 53 ഹയർസെക്കൻഡറി, 14 വി.എച്ച്.എസ്.സി, ടി.ടി.ഐ, ഫാഷൻ ഡിസൈനിംഗ്, കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നിങ്ങനെ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ളത്. നൂതന പദ്ധതികൾ അനിവാര്യമെന്ന് തോന്നുന്ന പക്ഷം സർക്കാർ അനുമതി തേടി നൂതനപദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതും മേൽ പദ്ധതിയിന്മേലുള്ള തുടർ ചെലവുകൾ പരിശോധിച്ച് ആവശ്യകത വിലയിരുത്താവുന്നതുമാണ്.

1-55 തൊഴിലുറപ്പ് പദ്ധതി മുഖേന അങ്കണവാടി കെട്ടിട നിർമ്മാണം 2022-23 - വിനിയോഗ വിവരം ലഭ്യമായില്ല – നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

നിർവ്വഹണം - ജില്ലാ ഓഫീസർ, വനിതാശിശു വികസനം

പദ്ധതി - തൊഴിലുറപ്പ് പദ്ധതി മുഖേന അങ്കണവാടി കെട്ടിട നിർമ്മാണം വിഹിതം നൽകൽ

അടങ്കൽ - 3,36,00000 (1,96,00000-ധനകാര്യ കമ്മീഷൻ ഗ്രാന്റ് + 1,40,00000-കേന്ദ്രാവിഷ്കൃത ഫണ്ട്)

ചെലവ് - 1,96,00000 - ധനകാര്യ കമ്മീഷൻ ഗ്രാന്റ്

തൃശ്ശൂർ ജില്ലയിൽ നിലവിൽ കെട്ടിടമില്ലാത്തതും സ്വന്തമായി സ്ഥലസൗകര്യമുണ്ടായിട്ടും കെട്ടിടമില്ലാത്തതുമായ അങ്കണവാടികൾക്ക് തൊഴിലുറപ്പ് പദ്ധതി മുഖേന പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ജില്ലാ പഞ്ചായത്ത് വിഹിതമായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 1,96,00000 രൂപ 2022-23 വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം 28 അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിനായി 7ലക്ഷം രൂപ വീതം ആകെ 1,96,00000 രൂപ എം.ജി.എൻ.ആർ.ഇ.ജി.എസ് സംസ്ഥാന മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട് (അക്കൗണ്ട് നം.67283168724). ഫയൽ പരിശോധിച്ചതു പ്രകാരമുള്ള ഓഡിറ്റ് നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

1. തുക കൈമാറിയതിന്റെ ട്രഷറി ബിൽ TR 59 (E) ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ട്രഷറി പെയ്ഡ് റിപ്പോർട്ട് അഥവാ UTR സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിന്റെ (നം.7/18-08-23) മറുപടിയോടൊപ്പം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ IDBI ബാങ്ക് അക്കൗണ്ട് (A/C നം.4979) ലെഡ്ജർ റിപ്പോർട്ട് മാത്രമാണ് ഹാജരാക്കിയത്. ട്രഷറി പെയ്ഡ് റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

2. അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി എം.ജി.എൻ.ആർ.ഇ.ജി.എസ് ഫണ്ട് വകയിരുത്തിയിരിക്കണം എന്ന നിബന്ധന മുൻഗണനാ മാനദണ്ഡമായി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത അങ്കണവാടികളുടെ കെട്ടിടനിർമ്മാണത്തിനായി തൊഴിലുറപ്പ് പദ്ധതി പ്രകാരം തുക വകയിരുത്തിയത് ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്ന വിവരം വ്യക്തമാക്കിയിട്ടില്ല. തുക വകയിരുത്തിയതിന്റെ വിവരങ്ങൾ നൽകണമെന്നാവശ്യപ്പെട്ട് എം.ജി.എൻ.ആർ.ഇ.ജി.എസ് സംസ്ഥാനമിഷൻ ഡയറക്ടർക്ക് 27/2/23, 26/8/23 തിയ്യതികളിൽ കത്തയച്ചിട്ടുണ്ടെങ്കിലും വിവരം ലഭ്യമായിട്ടില്ല.

3. ഫയൽ പരിശോധിച്ചതു പ്രകാരം കെട്ടിട നിർമ്മാണത്തിനായി തെരഞ്ഞെടുത്ത അങ്കണവാടികളുടെ ലിസ്റ്റ് വിവിധ കാരണങ്ങളാൽ നിരവധി തവണ ഭേദഗതി വരുത്തുന്നതിന് ജില്ലാ വനിതാ ശിശുവികസന ഓഫീസർ ആവശ്യപ്പെടുകയും ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരം സമിതി തീരുമാനങ്ങൾ പ്രകാരം തെരഞ്ഞെടുത്ത അങ്കണവാടികളുടെ ലിസ്റ്റ് ഭേദഗതി വരുത്തി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും അവസാനമായി 22-07-2023 -ാം തീയതിയിലെ ക്ഷേമകാര്യ സ്ഥിരം സമിതിയുടെ തീരുമാനം നം. (4) പ്രകാരമാണ് ലിസ്റ്റ് ഭേദഗതി ചെയ്തിട്ടുള്ളത്. 2022-23 വർഷം തുക വകയിരുത്തിയ പദ്ധതി 2023-24 സാമ്പത്തിക വർഷം പാതി പിന്നിടുമ്പോഴും ഗുണഭോക്താവിനെ നിശ്ചയിച്ചിട്ടില്ലാത്ത ഒരു സാഹചര്യമാണ് നിലനിൽക്കുന്നത്. ഓഡിറ്റ് അന്വേഷണം (നം.7/18-08-23) വഴി നിലവിൽ കെട്ടിട

നിർമ്മാണത്തിന് തെരഞ്ഞെടുത്ത അങ്കണവാടികളുടെ അവസാന ലിസ്റ്റ് ഹാജരാക്കുന്നതിന് ആവശ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അന്തിമ ലിസ്റ്റ് ഹാജരാക്കിയിട്ടുണ്ട്. അന്തിമ ലിസ്റ്റ് പ്രകാരമുള്ള അങ്കണവാടികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗ്രാമ പഞ്ചായത്ത് | അങ്കണവാടി നമ്പർ |
|---|---|---|
| 1 | പുന്നയൂർക്കുളം | 21 |
| 2 | കടവല്ലൂർ | 34 |
| 3 | വേലൂർ | 84 |
| 4 | അവണൂർ | 93 |
| 5 | നടത്തറ | 156 |
| 6 | പുത്തൂർ | 92 |
| 7 | ചേലക്കര | 63 |
| 8 | മേലൂർ | 99 |
| 9 | മാള | 44 |
| 10 | കൈപ്പമംഗലം | 44 |
| 11 | എടത്തിരുത്തി | 5 |
| 12 | വാടാനപ്പിള്ളി | 22 |
| 13 | ചേർപ്പ് | 25 |
| 14 | എസ്.എൻ പുരം | 120 |
| 15 | വാടാനപ്പിള്ളി | 39 |
| 16 | കടപ്പുറം | 19 |
| 17 | ചൂണ്ടൽ | 47 |
| 18 | പാഞ്ഞാൾ | 29 |
| 19 | മുല്ലശ്ശേരി | 46 |
| 20 | മാള | 41 |
| 21 | താന്ന്യം | 49 |
| 22 | എറിയാട് | 44 |
| 23 | പറപ്പൂക്കര | 149 |
| 24 | വരന്തരപ്പിള്ളി | 120 |
| 25 | പടിയൂർ | 111 |
| 26 | താന്ന്യം | 27 |
| 27 | മുളങ്കുന്നത്ത്കാവ് | 146 |
| 28 | തിരുവില്വാമല | 144 |

ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 21-09-2023 – ലെ തീരുമാനം നം.6(2) പ്രകാരമാണ് അവസാനമായി ഭേദഗതി വരുത്തിയ ലിസ്റ്റ് അംഗീകരിച്ചിട്ടുള്ളത്.

4. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് നം.സ.ഉ(കൈ) നം.84/2022 /തസ്വഭവ തീയതി 19-04-2022 ഖണ്ഡിക 8.8.2 (2) – ൽ എം.ജി.എൻ.ആർ.ഇ.ജി.എസ് ഉം വനിതാ ശിശുവികസന വകുപ്പുമായി സഹകരിച്ച് ഗ്രാമ പഞ്ചായത്തിന്റെ സമ്മതത്തോടെ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് അങ്കണവാടികളുടെ സ്ഥല, കെട്ടിട സൗകര്യങ്ങൾക്കായി പ്രൊജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി ആവിഷ്കരിക്കുന്നതിന് മുൻപ് അത്തരത്തിൽ ഗ്രാമ പഞ്ചായത്തിന്റെ സമ്മതം/ആവശ്യകത ഉറപ്പാക്കിയിട്ടില്ലാത്തതിനാലാണ് പല സെന്ററുകളിലും കെട്ടിട നിർമ്മാണം നടത്താൻ സാധിക്കാത്ത രീതിയിൽ തടസ്സങ്ങൾ നിലനിൽക്കുന്നതും നിരവധി തവണ ലിസ്റ്റ് ഭേദഗതി ചെയ്യപ്പെടേണ്ടി വരുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടതും.

5. നിലവിൽ തെരഞ്ഞെടുത്ത അങ്കണവാടികളിൽ ചൂണ്ടൽ - സെന്റർ നം.47, പാഞ്ഞാൾ - സെന്റർ നം.29 എന്നീ കെട്ടിടങ്ങളുടെ നിർമ്മാണം മാത്രമാണ് ഉടൻ പൂർത്തിയാകും എന്ന് അറിയിച്ചിട്ടുള്ളത്. മറ്റ് അങ്കണവാടികളിൽ നിർമ്മാണപ്രവൃത്തി നടന്നു വരുന്നു എന്നാണ് ഓഡിറ്റ് അന്വേഷണത്തിന്റെ

മറുപടിയിൽ അറിയിച്ചിട്ടുള്ളത്.

6. എം.ജി.എൻ.ആർ.ഇ.ജി.എസ് സംസ്ഥാന മിഷൻ ഡയറക്ടറുടെ ഓഫീസിൽ നിന്നും തുകയുടെ കൈപ്പറ്റ് രസീതി/വിവരം ലഭ്യമാക്കിയിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ച് കൈപ്പറ്റ് രസീതിയുടെ അസ്സൽ അഥവാ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്

അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മേൽ ഓഡിറ്റ് നിരീക്ഷണങ്ങൾ പ്രകാരമുള്ള അപാകതകൾ പരിഹരിച്ച് തുകയുടെ വിനിയോഗ വിവരം അറിയിക്കേണ്ടതുമാണ്.

1-56-0 ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ മൃഗസംരക്ഷണ ഓഫീസ് നടപ്പിലാക്കിയ പദ്ധതികളുടെ പരിശോധന

ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണ ഓഫീസ്, തൃശ്ശൂർ 2022-23 വർഷത്തിൽ ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ പരിശോധനയുമായി ബന്ധപ്പെട്ട് ഓഡിറ്റ് നിരീക്ഷണങ്ങൾ ഉപഖണ്ഡികകളിൽ ചേർക്കുന്നു.

1-56-1 തെരുവു നായ്ക്കളുടെ വന്ധ്യംകരണ പദ്ധതി നടപ്പാക്കുന്നില്ല

*തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുക, പേവിഷബാധ നിർമ്മാർജ്ജനം ചെയ്യുക, നിയന്ത്രണ വിധേയമാക്കുക, ജനങ്ങൾക്ക് സ്വൈര്യ സഞ്ചാരം സാധ്യമാക്കുക എന്നിവയാണ് എബിസി പ്രോഗ്രാം ലക്ഷ്യമിടുന്നത്. അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യ ആവിഷ്കരിച്ച അനിമൽ ബർത്ത് കൺട്രോൾ പരിപാടികൾക്കായുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ (എസ്.ഓ.പി) അടിസ്ഥാനമാക്കി തെരുവ് നായക്കളെ പിടികൂടൽ, വന്ധ്യംകരണം, വിട്ടുതൽ എന്നിവ ഈ പ്രോഗ്രാമിൽ ഉൾപ്പെടുന്നു.*

2022-23 വർഷത്തിൽ പ്രൊജക്ട് നം.1251/23 പ്രകാരം തെരുവു നായ്ക്കളുടെ വന്ധ്യംകരണ പദ്ധതി - തെരുവുനായ പ്രജനന നിയന്ത്രണ കേന്ദ്രങ്ങൾക്ക് ധനസഹായം - ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ പദ്ധതി ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയെങ്കിലും പദ്ധതി നടപ്പിലാക്കിയില്ല. 10 ലക്ഷം രൂപ വികസന ഫണ്ട് 20 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് തനത് ഫണ്ട് ഉൾപ്പെടെ ആകെ 30 ലക്ഷം രൂപയാണ് അടങ്കൽ നിശ്ചയിച്ചിരുന്നത്. എന്നാൽ ഓഡിറ്റ് വർഷത്തിൽ ഈ പദ്ധതി പ്രകാരം തുകകളൊന്നും ചെലവഴിച്ചിട്ടില്ല.

അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പ്രോഗ്രാമുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ഇനങ്ങളിലെ കാര്യങ്ങൾ ഉൾപ്പെടുത്തി 23.08.2022 ലെ സ.ഉ.(സാധാ)നം: 2065/2022/ത.സ്വ.ഭ.വ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

1. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രോജക്ടായാണ് എ.ബി.സി. പദ്ധതി നടപ്പാക്കേണ്ടത്. മുഖ്യ നിർവ്വഹണ സ്ഥാപനം ജില്ലാ പഞ്ചായത്തായിരിക്കും. ഇതിനുള്ള വിഹിതം ജില്ലാ പഞ്ചായത്തിന് മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾ

കൈമാറണം.

2. ഒരു വെറ്ററിനറി സർജൻ, 4 മൃഗപരിപാലകർ, ഒരു തീയേറ്റർ സഹായി, ഒരു ശുചീകരണ സഹായി, ഡോഗ് കാച്ചേഴ്സ് എന്നിവരടങ്ങുന്ന ബ്ലോക്ക് തല ടീം രൂപീകരിക്കണം. ഇവർക്ക് ജില്ലാ തലത്തിൽ പരിശീലനം നൽകണം.

3. ഓരോ ദിവസവും നായ്ക്കൾക്ക് ശസ്ത്രക്രിയ നടക്കുന്നുവെന്ന് ബന്ധപ്പെട്ട ബ്ലോക്കിലെ വെറ്ററിനറി ഡോക്ടർ ഉറപ്പുവരുത്തണം. ഒരു ദിവസം കുറഞ്ഞത് എത്ര സർജറി നടത്തണമെന്നത് ഡെപ്യൂട്ടി ഡയറക്ടർ (Animal Husbandry) നിശ്ചയിക്കണം.

4. തദ്ദേശഭരണ സ്ഥാപനതലത്തിൽ തെരുവ് നായ്ക്കളുടെ എണ്ണത്തിന് അനുസരിച്ച് (നായ ഒന്നിന് മരുന്നിനത്തിൽ 600 രൂപയും, 200 രൂപ നായ്ക്കളുടെ ട്രാൻസ്പോർട്ടേഷനും 400 രൂപ ആഹാരത്തിനും ഒരു നായയെ പിടിയ്ക്കുന്നതിന് 300 രൂപ നിരക്കിൽ ഡോഗ് കാച്ചേഴ്സിനും നൽകണം. ആകെ 1,500 രൂപ) വിഹിതം വകയിരുത്തേണ്ടതാണ്.

*കൂടാതെ വിശദമായ മറ്റു മാർഗ്ഗ നിർദ്ദേശങ്ങളും മേൽ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തിൽ 2 ബാച്ചുകളിലായി ഡോഗ് ക്യാച്ചർമാർക്കുള്ള പരിശീലന പരിപാടി എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും തെരുവു നായ്ക്കളുടെ വന്ധ്യംകരണത്തിനായി ആവിഷ്കരിച്ച പദ്ധതി നടപ്പിലാക്കിയിട്ടില്ല.*

<u>ജില്ലയിലെ എ ബി സി സെന്ററുകൾ :-</u>

മാള, വടക്കാഞ്ചേരി, ചാവക്കാട് എന്നീ 3 സെന്ററുകളിലാണ് അടിസ്ഥാന സൗകര്യ ജോലികൾക്കായി തയ്യാറാക്കിയിട്ടുള്ളത്. ആനിമൽ വെൽഫെയർ ബോർഡിന്റെ മാനദണ്ഡമനുസരിച്ച് പൂർത്തീകരിച്ചാൽ വന്ധ്യംകരണ പദ്ധതി ഉടൻ ആരംഭിക്കാവുന്നതാണ് എന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ ഓഡിറ്റ് അന്വേഷണത്തിന് (നം.10/25-8-23) മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ 3 കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ കൂട്ടുന്ന നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പുതുക്കുന്നതിനായി ജില്ലാ പഞ്ചായത്തിൽ അപേക്ഷിച്ചിട്ടുള്ളതാണ് എന്നും മറുപടിയിൽ പരാമർശിച്ചിരിക്കുന്നു. മേൽ സാഹചര്യങ്ങളാൽ 2022-23, 2023-24 വർഷത്തിലും എ ബി സി പദ്ധതി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല മേൽ പരാമർശിച്ച 3 സെന്ററുകളുടെ അടിസ്ഥാന സൗകര്യമൊരുക്കൽ പ്രവൃത്തി എത്രത്തോളം പൂർത്തിയായിട്ടുണ്ട് എന്ന വിവരം അറിയിക്കേണ്ടതാണ്.

*എ ബി സി പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് :-*

- പദ്ധതി ആരംഭിച്ച് ജില്ലാ പഞ്ചായത്തിന്റെയും മൃഗസംരക്ഷണ വകുപ്പിന്റെയും നേതൃത്വത്തിൽ നാളിതുവരെയായി നടത്തിയ വന്ധ്യംകരണ ശസ്ത്രക്രിയകളുടെ ശരാശരി എണ്ണവും ചെലവ് വിവരങ്ങളും

ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം വഴി ആവശ്യപ്പെട്ടിരുന്നുവെങ്കിലും മുൻ വർഷങ്ങളിൽ നടപ്പിലാക്കിയതു സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമാക്കിയിട്ടില്ല.

. ഈ പദ്ധതി പ്രകാരം ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും വിഹിതം ലഭ്യമാക്കിയിട്ടുണ്ടോ എന്ന വിവരം അറിയിക്കുന്നതിനും മറ്റ് ത.സ്വ.ഭ.വ സ്ഥാപനങ്ങൾ സംയുക്ത പ്രോജക്റ്റിനായി വിഹിതം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ സ്ഥാപനങ്ങൾ മുൻവർഷങ്ങളിൽ ലഭ്യമാക്കിയ തുകയും ചെലവഴിക്കാതെ നിഷ്ക്രിയമായി കിടക്കുന്ന തുകയുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും മൃഗസംരക്ഷണ വകുപ്പ് മുഖേന എ ബി സി പദ്ധതി നടപ്പാക്കിയതിൽ ബാക്കി തുക ശേഷിക്കുന്നില്ല എന്ന വിവരം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. നാളിതു വരെ എത്ര വിഹിതം മറ്റ് ത.സ്വ.ഭ.വ സ്ഥാപനങ്ങൾ വകയിരുത്തി എന്നു വ്യക്തമല്ല. (ഓഡിറ്റ് അന്വേഷണം നം.10/25-08-23)

## 1-56-2 ഡോഗ് ക്യാച്ചർമാർക്കുള്ള പരിശീലന പരിപാടി സംഘടിപ്പിച്ചെങ്കിലും പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പ്രൊജക്ട് നം. 1002/23

അടങ്കൽ - 172500 (വികസന ഫണ്ട് - ജനറൽ)

ചെലവ് - 172500

തെരുവുനായ പ്രജനന നിയന്ത്രണത്തിന്റെ ഭാഗമായുള്ള വാർഷിക പദ്ധതിയുടെ വിജയകരമായ പൂർത്തീകരണത്തിന് തെരുവു നായ്ക്കളെ പിടികൂടി വന്ധ്യംകരിച്ച് പേവിഷ പ്രതിരോധ വാക്സിൻ നൽകി തിരികെ വിടുന്നതിനായി വിദഗ്ധ പരിശീലനം ലഭിച്ച ഡോഗ് ക്യാച്ചർമാരുടെ ലഭ്യത ഓരോ ബ്ലോക്ക് തലത്തിലും കുറഞ്ഞത് 2 പേർ എന്ന അടിസ്ഥാനത്തിൽ പോലും ലഭ്യമല്ലാത്തതിനാൽ ജില്ലയിൽ തന്നെയുള്ള ഡോഗ് ക്യാച്ചിംഗിൽ താല്പര്യം ഉള്ള വ്യക്തികളുടെ അപേക്ഷകൾ ക്ഷണിച്ച് 25 പേർ വരുന്ന ഒരു ബാച്ച് കണക്കിൽ 125 പേർക്ക് പരിശീലനം നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. മണ്ണുത്തി വെറ്ററിനറി കോളേജ് ക്യാംപസിൽ വെച്ച് 25 പേരടങ്ങുന്ന ഒരു ബാച്ചിന് 5 ദിവസത്തെ പരിശീലനത്തിന് 86250 രൂപയാണ് ചെലവു കണക്കാക്കിയിട്ടുള്ളത്. അത്തരത്തിൽ 5 ബാച്ചുകളിലായി 125 പേർക്ക് പരിശീലനം നൽകുന്നതിനായി 4,31,250 രൂപ വികസന ഫണ്ട് വകയിരുത്തി പദ്ധതി ആവിഷ്കരിച്ചുവെങ്കിലും പരിശീലനാർത്ഥികളെ ലഭിക്കാത്തതു മൂലം പദ്ധതി റിവൈസ് ചെയ്ത് 2 ബാച്ചുകളുടെ പരിശീലനത്തോടുകൂടി അവസാനിപ്പിച്ചതായാണ് ഫയൽ പരിശോധനയിൽ നിന്നും ബോധ്യപ്പെട്ടിട്ടുള്ളത്. ആയതിനാൽ 86250 രൂപ വീതം 2 ബാച്ചിന് 1,72,500 രൂപയാണ് പദ്ധതി പ്രകാരമുള്ള ആകെ ചെലവ് (ട്രഷറി ബിൽ നം.6/26-10-22/86250, 7/24-11-22/86250).

പദ്ധതി തുക കൈമാറിയിട്ടുള്ളത് – പൂക്കോട് പ്രവർത്തിക്കുന്ന Kerala Vererinary & Animal Sciences University (KVASU) Directorate Of Entrepreneurship – ന്റെ അക്കൗണ്ടിലേയ്ക്കാണ്. പരിശീലനത്തിനായി 5 ദിവസത്തെ താമസം, ഭക്ഷണം, പരിശീലന സ്ഥലസൗകര്യമൊരുക്കൽ, ഫീൽഡ് ട്രെയിനിംഗിലേക്കായി വാഹന സൗകര്യം, ട്രെയിനേഴ്സ് ഹോണറേറിയം, സ്റ്റേഷനറി മുതലായ ചെലവുകൾക്കാണ് മേൽ സ്ഥാപനം ചെലവ് തുക കണക്കാക്കിയിട്ടുള്ളത്.

25-10-2022 മുതൽ 29-10-2022 വരെ ആദ്യ ബാച്ചിന്റെയും 15-11-2022 മുതൽ 19-11-2022 വരെ രണ്ടാം ബാച്ചിന്റെയും പരിശീലനം നടത്തിയതിൽ ആദ്യ ബാച്ചിന്റെ ഹാജർ പട്ടികയിൽ 25 പേർ

പരിശീലനത്തിൽ പങ്കെടുത്തതായി കാണുന്നുണ്ട്. എന്നാൽ രണ്ടാം ബാച്ചിന്റെ ഹാജർ പട്ടിക പ്രകാരം 19 പേരാണ് പങ്കെടുത്തിട്ടുള്ളത്. 25 പേരുടെ 5 ദിവസത്തെ പരിശീലന പരിപാടിക്കാണ് Director Of Entrepreneurship KVASU, പൂക്കോട് - ന്റെ നടപടിക്രമ ഉത്തരവ് (നം.KVASU/DE/A3/41413/2022 തീ-20-10-2022) പ്രകാരം വിവിധ ചെലവിനങ്ങൾക്കായി 86,250 രൂപ കണക്കാക്കിയിട്ടുള്ളത്. പരിശീലനം നൽകുന്ന സ്ഥാപനം 25 പേർക്കുള്ള ഭക്ഷണം, മറ്റ് സൗകര്യങ്ങൾ എല്ലാം തന്നെ മുൻകൂട്ടി ഒരുക്കിയതിനാൽ കരാർ പ്രകാരമുള്ള തുകയിൽ നിന്നും കുറവ് വരുത്തി നൽകുവാൻ സാധിക്കുമായിരുന്നില്ല എന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ അറിയിച്ചത്. Director Of Entrepreneurship KVASU, പൂക്കോട്, നിർവ്വഹണ ഉദ്യോഗസ്ഥനുമായി 26-10-2022 ന് ഏർപ്പെട്ട കരാറിലെ നിബന്ധന നം.6 പ്രകാരം ഒരു ബാച്ചിന്റെ പരിശീലനം ആരംഭിച്ചു കഴിഞ്ഞതിനു ശേഷം 25 പരിശീലനാർത്ഥികളിൽ കുറവ് വരുന്ന എണ്ണത്തിന് ആനുപാതികമായി പരിശീലനാർത്ഥികളെ പരിശീലനത്തിൽ പങ്കെടുപ്പിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കുന്നതാണ്. ആയതിനുള്ള ശ്രമം തുടർന്ന് നടത്തിയിട്ടില്ലാത്തതിനാൽ 19 പേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്. (ഓഡിറ്റ് അന്വേഷണം നം.10/25-08-23)

1-57 വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിലെ ചെറുതുരുത്തിയിൽ കുടുംബശ്രീ പരിശീലനകേന്ദ്രവും ഷീലോഡ്ജും - നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കേണ്ടതാണ്

സ്പിൽ ഓവർ പദ്ധതി നം. - 605/23
നിർവ്വഹണം – തൃശ്ശൂർ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ
നിർവ്വഹണ ഏജൻസി - തൃശ്ശൂർ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (TDLCCS)

അടങ്കൽ - 1,12,87,149 (വികസന ഫണ്ട് - ജനറൽ)

ചെലവ് - 8,95,309 (വികസന ഫണ്ട് - ജനറൽ)

ബിൽ റഫറൻസ് നം. - 582054/22-09-2022

വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് സർവ്വെ നമ്പർ 322/3ൽ പെട്ട 2 ഏക്കർ, 353/2ൽ പെട്ട 68 സെന്റ് എന്നിവയിലുൾപ്പെട്ട 75 സെന്റ് സ്ഥലത്ത് കുടുംബശ്രീ ജില്ലാ വനിതാ പരിശീലന കേന്ദ്രവും ഷീ ലോഡ്ജും നിർമ്മിക്കുന്നതിന് കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിശ്ചയിക്കുകയും നിർവ്വഹണ ഏജൻസിയായ തൃശ്ശൂർ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (TDLCCS) – നെ നിർമ്മാണ പ്രവൃത്തി ഏൽപിക്കുകയും ചെയ്തു. 2018-19 വർഷം മുതൽ ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും 2019-20 വർഷം മുതൽ നിർമ്മാണ പ്രവൃത്തികൾക്കായി തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആകെ പദ്ധതി മൂല്യം 5.341 കോടി രൂപ നിശ്ചയിച്ച ബഹുവർഷ പദ്ധതിയിൽ 2022-23 വർഷത്തിലെ പാർട്ട് ബിൽ VI പ്രകാരം ചെലവഴിച്ച 8,95,309 ഉൾപ്പെടെ 3.81 കോടി ജില്ലാ പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. കെട്ടിടം 24-04-2023 – ന് ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

ജില്ലാ പഞ്ചായത്തിന്റെ വാർഷിക ചെലവു പത്രികകൾ പ്രകാരം പദ്ധതിയുടെ 2022-23 വർഷം വരെയുള്ള ചെലവു വിവരങ്ങൾ താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | പ്രൊജക്റ്റ് നം. | അടങ്കൽ (വികസന ഫണ്ട് - ജനറൽ) | ചെലവ് (വികസന ഫണ്ട് - ജനറൽ) |
|---|---|---|---|
| 2019-20 | 148/20 | 1,56,00000 | 1,06,82,000 |
| 2020-21 | 341/21 | 3,78,10,000 | 1,86,25,254 |
| 2021-22 | 429/22 | 1,91,84,746 | 78,97,597 |

| | | | |
|---|---|---|---|
| 2022-23 | 605/23 | 1,12,87,149 | 8,95,309 |
| ആകെ | | 8,38,81,895 | 3,81,00,160 |

പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു

1) കുടുംബശ്രീ ജില്ലാ മിഷൻ 11.10.2019ന് TDLCCSമായി 1380/KSTSR/19 നമ്പറായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാർ പ്രകാരവും, സാങ്കേതികാനുമതി ഉത്തരവ് പ്രകാരവും 24 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. കോവിഡ് കാലത്തെ പ്രതിസന്ധി കണക്കിലെടുത്ത് നിർമ്മാണ പ്രവൃത്തികളിൽ 6 മാസം വരെയുള്ള കാലതാമസം പിഴ കൂടാതെ അനുവദിക്കുന്നതിന് 31.7.21 ലെ സ.ഉ(സാ)1444/21 ത.സ്വ.ഭ.വ കത്തിൽ നിർദ്ദേശിച്ചതനുസരിച്ച് സൈറ്റ് കൈമാറിയ 17.10.19 മുതൽ 30 മാസ കാലയളവിൽ (16.04.2022നകം) TDLCCS നിർമ്മാണം പൂർത്തീകരിക്കേണ്ടതായിരുന്നു. നിലവിൽ കെട്ടിടത്തിന്റെ ഉദ്ഘാടനം 24/04/23 ന് നടന്നിട്ടുള്ളതാണെന്ന് 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തിനുള്ള ആദ്യ മറുപടിയിൽ ജില്ലാ പഞ്ചായത്ത് അറിയിച്ചിരുന്നു. ആയതിനാൽ പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് നിർവ്വഹണ ഏജൻസിയുമായി അനുബന്ധ കരാറിലേർപ്പെട്ടിട്ടുണ്ടായിരുന്നോ എന്ന വിവരം ലഭ്യമാക്കുന്നതിനും കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുന്നതിനും ഓഡിറ്റ് അന്വേഷണം (നം.26/18-10-23) വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല

2) പദ്ധതിയുടെ ഫൈനൽ ബിൽ നാളിതുവരെ നൽകിയിട്ടില്ലാത്തതിനാൽ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തികളും ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് മുതലായ അനുബന്ധ പ്രവൃത്തികളും പൂർത്തിയായിട്ടുണ്ടോ എന്ന വിവരവും ഷീ ലോഡ്ജ്, കുടുംബശ്രീ വനിതാ പരിശീലന കേന്ദ്രം എന്നിവയുടെ പ്രവർത്തനം സംബന്ധിച്ചും നിലവിലെ സ്ഥിതി വിവരം ലഭ്യമാക്കേണ്ടതാണ്. റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചതിന് ശേഷം മാത്രമെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തികളുടെ തുക നൽകുകയുള്ളൂവെന്നും താൽക്കാലികമായി ഷീ ലോഡ്ജിന്റെ പ്രവർത്തനം നടത്തുന്നതിനായാണ് ജിപ്സം ബോർഡ്/HDMR മെറ്റീരിയൽ കൊണ്ട് മുറികൾ തിരിച്ചിട്ടുള്ളത് എന്നും മുൻ വർഷത്തെ ഓഡിറ്റ് പരാമർശത്തിനുള്ള ആദ്യ മറുപടിയിൽ ജില്ലാ പഞ്ചായത്ത് അറിയിച്ചിരുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

3) "കുടുംബശ്രീ പരിശീലനകേന്ദ്രം & ഷീലോഡ്ജ്" നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് ഇതിന്റെ നടത്തിപ്പ് സംബന്ധിച്ച കരാർ, നടത്തിപ്പ് ചെലവ്, ജില്ലാ പഞ്ചായത്തിന്റെ കെട്ടിടത്തിന്മേലുള്ള ഉടമസ്ഥാവകാശം, കുടുംബശ്രീ പരിശീലനത്തിനും, ഷീ ലോഡ്ജും ഉപയോഗിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ, നിരക്കുകൾ, വൈദ്യുതി, ക്ലീനിംഗ് അനുബന്ധ ചെലവുകൾ എന്നിവ വഹിക്കുന്നത് സംബന്ധിച്ച ധാരണാ പത്രം, കരാർവ്യവസ്ഥകൾ എന്നിവ തയ്യാറാക്കി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് നിർദ്ദേശിച്ചിരുന്നുവെങ്കിലും 24-04-2023 – ന് ഉദ്ഘാടനം കഴിഞ്ഞതിനു ശേഷവും ഇക്കാര്യത്തിൽ നാളിതു വരെ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചു കാണുന്നില്ല എന്നാണ് ഫയൽ പരിശോധനയിൽ കാണാൻ കഴിയുന്നത്. പരാമർശങ്ങളുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.26/18-10-23 – ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

1-58 വനിതകൾക്ക് ജിംനേഷ്യം സ്ഥാപിക്കുന്നതിന് ഉപകരണങ്ങൾ നൽകൽ പദ്ധതി - ലക്ഷ്യ പ്രാപ്തി ഉറപ്പാക്കിയില്ല

നിർവ്വഹണം – തൃശ്ശൂർ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ
സ്പിൽ ഓവർപദ്ധതി നം. - 606/23

അടങ്കൽ - 6800000 (1500000 – വികസന ഫണ്ട് + 5300000 - ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് - 6778456 (1487108 – വികസന ഫണ്ട് + 5291348 - ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

സ്ത്രീകളിലെ ജീവിതശൈലീ രോഗങ്ങൾ കുറയ്ക്കുന്നതിനായി സ്ഥലം ലഭ്യമാക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ ജിംനേഷ്യം സ്ഥാപിക്കുന്നതിനായി ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് 2021-22 വർഷത്തിൽ 26 ഗ്രാമ പഞ്ചായത്തുകളെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്ത് പദ്ധതി ആവിഷ്കരിച്ചുവെങ്കിലും 2022-23 വർഷത്തിലാണ് പദ്ധതി തുക ചെലവഴിച്ചിട്ടുള്ളത്. ഇ-ടെന്റർ നടപടിക്രമങ്ങളിലൂടെ തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന പൾസ് ഫിറ്റ്നസ് എന്ന സ്ഥാപനത്തിൽ നിന്നും Treadmill, Spin Bike, Shoulder Press, Chest Press മുതലായ 10/14/15 എണ്ണം വീതമുള്ള ഉപകരണങ്ങളാണ് വാങ്ങി നൽകിയിട്ടുള്ളത്. പ്രൊജക്ട് ഫയൽ പരിശോധിച്ചതു പ്രകാരം ശ്രദ്ധയിൽപ്പെട്ട താഴെ പറയുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ/രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1. ഉപകരണങ്ങൾ വാങ്ങിയതിന്റെ ഇൻവോയിസുകൾ പൂർണമായും ഹാജരാക്കിയിട്ടില്ല

2021-22 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുത്ത 26 ഗ്രാമപഞ്ചായത്തുകൾക്ക് 13 ഗ്രാമപഞ്ചായത്തുകൾക്ക് ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങി നൽകിയതിന്റെ ഇൻവോയിസുകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഉപകരണങ്ങൾ അതാത് ഗ്രാമപഞ്ചായത്തിൽ കൈപ്പറ്റിയതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി/പ്രസിഡണ്ട്/ജില്ലാ പഞ്ചായത്ത് മെമ്പർ/കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ എന്നിവരിൽ ആരെങ്കിലും ഒരാൾ സാക്ഷ്യപ്പെടുത്തിയ ഡെലിവറി ചലാൻ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട് എന്നാൽ പൾസ് ഫിറ്റ്നസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന്റെ ഇൻവോയിസുകൾ പൂർണ്ണമായും ഹാജരാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗ്രാമ പഞ്ചായത്ത് | ഇൻവോയിസ് നം./തീയതി |
|---|---|---|
| 1 | വള്ളത്തോൾ നഗർ | B2C/22-23/62/ 12-7-22 |
| 2 | പുന്നയൂർ | B2C/22-23/60/ 12-7-22 |
| 3 | തളിക്കുളം | B2C/22-23/70/ 12-7-22 |
| 4 | അന്തിക്കാട് | B2C/22-23/69/ 12-7-22 |
| 5 | താന്ന്യം | B2C/22-23/68/ 12-7-22 |
| 6 | ഏറിയാട് | B2C/22-23/66/ 12-7-22 |
| 7 | മേലൂർ | B2C/22-23/65/ 12-7-22 |
| 8 | കടപ്പുറം | B2C/22-23/71/ 12-7-22 |
| 9 | കണ്ടാണശ്ശേരി | B2C/22-23/72/ 12-7-22 |
| 10 | കടവല്ലൂർ | B2C/22-23 /61/12-7-22 |
| 11 | തൃക്കൂർ | B2C/22-23/64/ 12-7-22 |
| 12 | മുളങ്കുന്നത്ത് കാവ് | B2C/22-23/63/ 12-7-22 |
| 13 | പാഞ്ഞാൾ | ഹാജരാക്കിയിട്ടില്ല |
| 14 | വേലൂർ | ഹാജരാക്കിയിട്ടില്ല |
| 15 | മുരിയാട് | ഹാജരാക്കിയിട്ടില്ല |
| 16 | നടത്തറ | ഹാജരാക്കിയിട്ടില്ല |
| 17 | അവണൂർ | ഹാജരാക്കിയിട്ടില്ല |

| | | |
|---|---|---|
| 18 | പുത്തൻചിറ | ഹാജരാക്കിയിട്ടില്ല |
| 19 | നെന്മണിക്കര | ഹാജരാക്കിയിട്ടില്ല |
| 20 | മുല്ലശ്ശേരി | ഹാജരാക്കിയിട്ടില്ല |
| 21 | നാട്ടിക | ഹാജരാക്കിയിട്ടില്ല |
| 22 | എടത്തിരുത്തി | B2C/22-23/67/ 12-7-22 |
| 23 | കുഴൂർ | ഹാജരാക്കിയിട്ടില്ല |
| 24 | അളഗപ്പ നഗർ | ഹാജരാക്കിയിട്ടില്ല |
| 25 | ചേലക്കര | ഹാജരാക്കിയിട്ടില്ല |
| 26 | കയ്പ്പറമ്പ് | ഹാജരാക്കിയിട്ടില്ല |

ഇൻവോയിസുകൾ പൂർണമായും ഹാജരാക്കേണ്ടതാണ്.

2. ബില്ലുകളുടെ ട്രഷറി പെയ്ഡ് റിപ്പോർട്ട് /യു.ടി.ആർ സ്റ്റേറ്റ്മെന്റ് ഹാജരാ ക്കിയില്ല

2022-23 വർഷം താഴെ പറയുന്ന ബില്ലുകൾ പ്രകാരമാണ് ചെലവുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ടിനം | തുക | BRN No./ ബിൽ തീയതി |
|---|---|---|
| വികസന ഫണ്ട് - ജനറൽ | 3563048 | 02-09-22 |
| സി.എഫ്.സി | 1728300 | 24-11-22 |
| സി.എഫ്.സി | 1487108 | 13924/24-11-22 |
| ആകെ ചെലവ് | 6778456 | |

മേൽ തുകകൾ പിൻവലിച്ചതിന്റെ ഫോറം TR-59(E) മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. തുകകളുടെ ട്രഷറി പെയ്ഡ് റിപ്പോർട്ട്/യു.ടി.ആർ സ്റ്റേറ്റ്മെന്റ് ഹാജരാക്കേണ്ടതാണ്. ബില്ല് പ്രകാരം ട്രഷറിയിൽ നിന്നും മാറിയ ജി.എസ്.ടി ഉൾപ്പെടെയുള്ള തുകകളാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അവയിൽ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച് പൾസ് ഫിറ്റ്നസ് എന്ന സ്ഥാപനത്തിനു നൽകിയ 34,42,267 രൂപയുടെ കൈപ്പറ്റ് റസീപ്റ്റ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. സി.എഫ്.സി ഫണ്ടിൽ നിന്നും സ്ഥാപനത്തിനു കൈമാറിയ തുകയുടെ കൈപ്പറ്റ് ഹാജരാക്കേണ്ടതാണ്.

3. സ്ഥലസൗകര്യം ഉറപ്പു വരുത്താതെ പദ്ധതി നടപ്പിലാക്കി

26 ഗ്രാമ പഞ്ചായത്തുകളുടെ ഡെലിവെറി ചലാൻ റിപ്പോർട്ട് ഹാജരാക്കിയതിൽ 9 ഗ്രാമ പഞ്ചായത്തുകളുടെ റിപ്പോർട്ടുകളിൽ 'Site Not Ready' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഡി.പി.സി അംഗീകരിച്ച പ്രൊജക്ട് പ്രകാരം പരിശോധിക്കേണ്ട ആദ്യ ഘടകം' അനുയോജ്യമായ സ്ഥലം ലഭ്യമാക്കൽ ' എന്നതാണ്. പ്രാഥമിക മാനദണ്ഡം പോലും ഉറപ്പു വരുത്താതെയാണ് ചെലവ് നടപ്പിലാക്കിയിട്ടുള്ളത് എന്നാണ് ഇതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്.

4. ഇൻസ്റ്റാല്ലേഷൻ പൂർത്തിയാക്കി പ്രവർത്തനമാരംഭിച്ചവയുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

02-11-2022 തീയതിയിലെ വനിതാ വികസന മോണിറ്ററിംഗ് കമ്മിറ്റിയുടെ മിനിറ്റ്സ് പ്രകാരം '25 വനിത ഫിറ്റ്നസ്സ് സെന്ററുകൾ വിഭാവനം ചെയ്തതിൽ 13 സ്ഥലങ്ങളിൽ ആയത് സ്ഥാപിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്'' എന്നാൽ വനിതാക്ഷേമ ഓഫീസർ 23-08-23 – ന് സമർപ്പിച്ച മോണിറ്ററിംഗ് റിപ്പോർട്ടിൽ 2021-22 പദ്ധതി കാലയളവിൽ 25 വനിതാ ഫിറ്റ്നസ് സെന്ററുകൾ വിഭാവനം (മോണിറ്ററിംഗ് റിപ്പോർട്ടിനകത്ത് 23-8-2022 തിയ്യതിയിലെ ഒന്നാം നമ്പർ തീരുമാനം എന്നാണ് രേഖപ്പെടുത്തിയിട്ടുളളത്) ചെയ്തതിൽ 10 എണ്ണത്തിൽ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട് എന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഏത് തീയതിയിലാണ് പരിശോധന നടത്തിയത്, വിഭാവനം ചെയ്തതും പ്രൊജക്ടിൽ രേഖപ്പെടുത്തിയതുമായ ഗ്രാമപഞ്ചായത്തുകളുടെ എണ്ണം, യഥാർത്ഥത്തിൽ പ്രവർത്തനം ആരംഭിച്ചവ എന്നിവ സംബന്ധിച്ച് മോണിറ്ററിംഗ് റിപ്പോർട്ടിൽ അവ്യക്തതയുള്ളതിനാൽ പ്രൊജക്ട്

രൂപീകരിച്ച് നാളിതുവരെ തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ, ഉപകരണങ്ങൾ വാങ്ങിയവ, ഉപകരണങ്ങൾ ഇൻസ്റ്റാല്ലേഷൻ നടത്തിയവ, പ്രവർത്തനം ആരംഭിച്ച ഗ്രാമ പഞ്ചായത്തുകൾ എന്നിവയുടെ കൃത്യമായ വിവരങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കേണ്ടതാണ്.

5. സ്ഥാപിച്ച ഉപകരണങ്ങളുടെ വാറണ്ടി/സർവ്വീസ് ഉറപ്പാക്കേണ്ടതാണ്

കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററും ഫിറ്റ്നസ് ഉപകരണങ്ങൾ വിതരണം ചെയ്ത പൾസ് ഫിറ്റ്നസ് എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുണ്ട് (കരാർ നം.36/C/2022/KS/TSR, തീയതി-19-03-2022). കരാർ പ്രകാരം ഉപകരണങ്ങൾക്ക് ഡെലിവെറി തീയതി മുതൽ ഒരു വർഷ വാറണ്ടിയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സ്ഥല ലഭ്യത ഉറപ്പു വരുത്താതെ ഉപകരണങ്ങൾ ഇറക്കിയ സ്ഥലങ്ങളിൽ ഉപകരണങ്ങൾ ഉപയോഗിക്കാതെ നശിച്ചു പോവാനുള്ള സാധ്യതയും നിലനിൽക്കുന്നുണ്ട്. ഒരു വർഷ കാലാവധി മാത്രമാണ് വാറണ്ടിയുള്ളത് എന്നതിനാൽ 2021-22 വർഷത്തിൽ വിഭാവനം ചെയ്തവയുടെയെല്ലാം കാലാവധി അവസാനിച്ച സാഹചര്യമാണുള്ളത്. കരാർ വ്യവസ്ഥ ക്രമ നം.14 പ്രകാരം 4 മാസത്തിൽ ഒരു തവണ സ്ഥാപനത്തിന്റെ സൗജന്യ സേവനം ലഭ്യമാണ്. മേൽ കരാർ വ്യവസ്ഥകൾ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററും സ്ഥാപനവും തമ്മിലായതിനാൽ ഗ്രാമപഞ്ചായത്തുകൾക്ക് സൗജന്യ സേവനം ഉറപ്പു വരുത്താൻ സാധ്യമായിട്ടുണ്ടോ എന്ന് വ്യക്തമല്ല, മറുപടി ലഭ്യമാക്കേണ്ടതാണ്. വാറണ്ടി കാലയളവിൽ ആയത് ഉപയോഗപ്പെടുത്തിയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് ടീം 6 സെന്ററുകളിൽ നടത്തിയ സ്ഥലപരിശോധനയിൽ 6 സെന്ററുകളിലും 'Treadmill' ഗുണമേന്മ കുറഞ്ഞതും ഒരു വർഷത്തിനുള്ളിൽ തന്നെ ഉപയോഗിക്കാൻ കഴിയാതെ തകരാറിലായിട്ടുള്ളതും രണ്ടു സെന്ററുകളിൽ മാത്രം ആയത് റിപ്പയർ ചെയ്തതായും കണ്ടു

6. ജിംനേഷ്യം നടത്തിപ്പ് തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്

ഉപകരണങ്ങൾ ഉൾപ്പെടെയുള്ള ആസ്തി ഗ്രാമപഞ്ചായത്തിന്റെ ആയിരിക്കും എന്ന മാത്രമാണ് പ്രൊജക്ടിൽ നിഷ്കർഷിച്ചിട്ടുള്ളത്. ജിംനേഷ്യത്തിന്റെ നടത്തിപ്പ് ചുമതല, ട്രെയ്നർക്കുള്ള വേതനം, വരവ്-ചെലവ് കണക്കുകൾ സൂക്ഷിക്കൽ, ഉപകരണങ്ങളുടെ തുടർപരിപാലനം, ജിംനേഷ്യത്തിൽ എത്തുന്ന സ്ത്രീകളുടെ സുരക്ഷ മുതലായവയിന്മേൽ തീരുമാനം കൈക്കൊണ്ടിട്ടില്ല. ജിംനേഷ്യം സ്ഥാപിച്ച എല്ലാ ഗ്രാമപഞ്ചായത്തുകളിലും ആയതിന്റെ തുടർനടത്തിപ്പിനുള്ള നിയമാവലി തയ്യാറാക്കി തുടർപരിപാലനം ഉറപ്പാക്കുകയോ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുന്നതിന് ജില്ലാ പഞ്ചായത്ത് തീരുമാനം കൈക്കൊള്ളുകയോ തുടർ നിർദ്ദേശം നൽകുകയോ ചെയ്തിട്ടില്ല.

മേൽ വിവരങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/18-10-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നം.1 മുതൽ 6 വരെയുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതു വരെ പദ്ധതി പ്രകാരം ചെലവഴിച്ച 67,78,456 രൂപ തടസ്സത്തിൽ വെക്കുന്നു.

ജിംനേഷ്യം സെന്ററുകളിൽ നടത്തിയ സ്ഥല പരിശോധനാ വിവരം

ഓഡിറ്റ് അംഗങ്ങൾ വിവിധ തീയതികളിലായി 6 ജിംനേഷ്യം സെന്ററുകളിൽ നടത്തിയ സ്ഥല പരിശോധനയിൽ കണ്ട വിവരങ്ങൾ താഴെ ചേർക്കുന്നു.

28-11-2023 : അവണ്ണൂർ, കൈപ്പറമ്പ്, മുളങ്കുന്നത്ത്കാവ്

1. പൾസ് ഫിറ്റ്നെസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ 26900 രൂപ വിലവരുന്ന 'Treadmill' ഒരു വർഷത്തിനുള്ളിൽ തന്നെ കൈപ്പറമ്പിലും, മുളങ്കുന്നത്തുകാവിലും കേടുവന്നു ഉപയോഗിക്കാൻ പറ്റാതായതായും അവണ്ണൂരിൽ റിപ്പയർ ചെയ്തതായും കണ്ടു.

2. ജിംനേഷ്യത്തിന്റെ നടത്തിപ്പ് ചുമതല, ട്രെയ്നർക്കുള്ള വേതനം/നിയമനം, വരവ്-ചെലവ് കണക്കുകൾ സൂക്ഷിക്കൽ, ഉപകരണങ്ങളുടെ തുടർപരിപാലനം, ജിംനേഷ്യത്തിൽ എത്തുന്ന സ്ത്രീകളുടെ സുരക്ഷ മുതലായവയിന്മേൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

3. അവണ്ണൂരിൽ ദിനംപ്രതി വരുന്ന ഉപയോക്താക്കളുടെ വിവരം സംബന്ധിച്ച രജിസ്റ്റർ

സൂക്ഷിച്ചിട്ടുണ്ടെങ്കിലും തുടക്കത്തിൽ ഇരുപതിനടുത്ത് വ്യക്തികളുടെ പേരുകൾ രേഖപ്പെടുത്തിയത് വളരെ മാസങ്ങളായി ആരും തന്നെ ഉപയോഗപ്പെടുത്താത്ത സാഹചര്യമാണ് നിലവിലുള്ളത്.

4. കൈപ്പറമ്പിൽ ഗവൺമെന്റ് ഹോമിയോ ആശുപത്രിയുടെ മുകൾ നിലയിലായും മുളങ്കുന്നത്ത് കാവിൽ പഞ്ചായത്ത് ഇൻഡോർ സ്റ്റേഡിയത്തിനകത്തുമാണ് ഉപകരണങ്ങൾ സൂക്ഷിച്ചിട്ടുള്ളത്. രണ്ടിടങ്ങളിലും നിലവിൽ ഉപകരണങ്ങൾ ഉപയോഗിക്കുന്നത് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുകയോ ജിംനേഷ്യത്തിന്റെ തുടർ പ്രവർത്തനം/ഉപകരണങ്ങളുടെ പരിപാലനം ഉറപ്പു വരുത്തുകയോ ചെയ്തിട്ടില്ല. യോഗ പരിശീലനത്തിനായുള്ള സ്ഥലങ്ങളിൽ സൂക്ഷിച്ചിട്ടുള്ളതായാണ് കാണാൻ കഴിഞ്ഞത്.

1-12-2023 – നെന്മണിക്കര, അളഗപ്പനഗർ

1. അളഗപ്പ നഗർ - പഞ്ചായത്ത് ഓഫീസിനു സമീപത്തുള്ള കെട്ടിടത്തിൽ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 11/05/2023 ന് ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പരിശോധനയിൽ Treadmill' പ്രവർത്തനക്ഷമമായി കണ്ടില്ല.

2. നെന്മണിക്കരയിൽ അങ്കണവാടി കെട്ടിടത്തിന്റെ മുകളിൽ പ്രവർത്തിക്കുന്നു. അഡ്മിഷൻ ഫീസ് വാങ്ങുന്നുണ്ട്. Treadmill' ഒരു വർഷത്തിനുള്ളിൽ റിപ്പയർ ചെയ്യേണ്ടി വന്നിട്ടുണ്ട്. സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പ്രകാരം ശരാശരി അഞ്ചിൽ താഴെ പേർ മാത്രമാണ് സ്ഥിരമായി പരിശീലനത്തിനായി എത്തുന്നത്.

2-12-2023 – മുരിയാട്

സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പ്രകാരം അൻപതോളം വ്യക്തികൾക്ക് നിശ്ചിത ഫീസ് വാങ്ങി ട്രെയിനറുടെ സഹായത്തോടു കൂടി നല്ല രീതിയിൽ പ്രവർത്തിക്കുന്നതായി വിലയിരുത്തുന്നു. അങ്കണവാടിയുടെ മുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽ ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയുടെ ഭാഗമായി അറ്റകുറ്റ പണികൾ നടക്കുന്നതിനാൽ താത്ക്കാലികമായി പ്രവർത്തനം നിർത്തിവച്ചിരിക്കുന്നു.

അവണൂർ, കൈപ്പറമ്പ്, മുളങ്കുന്നത്ത് കാവ് എന്നീ സെന്ററുകളിലെ ചിത്രം താഴെ ചേർക്കുന്നു.







1-59 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകൽ - ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്റ്റ് നം.1244/23 – പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ

നിർവ്വഹണം – ജില്ലാ പട്ടികജാതി വികസന ഓഫീസർ
അടങ്കൽ - 1000000 (എസ്.സി.പി ഫണ്ട്)

ചെലവ് - 969078

പദ്ധതി ഫയൽ പരിശോധിച്ചത് പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നല്കുന്നതിനായി താഴെ പറയുന്ന ഗ്രാമപഞ്ചായത്തുകൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതം അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെയും ജില്ലാ പഞ്ചായത്ത് അനുവദിച്ച വിഹിതത്തിന്റെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് വിഹിതം |
|---|---|
| ആളൂർ | 500000 |
| എരുമപ്പെട്ടി | 250000 |
| പുത്തൂർ | 219078 |
| ആകെ | 969078 |

ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 31-01-2023 – ലെ പി - 972/23 നമ്പർ കത്തു പ്രകാരമാണ് വിഹിതം ആവശ്യപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ വിവരം അറിയിച്ചു കൊണ്ട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്തയച്ചതായി കാണുന്നത്. ആയതിനാൽ തുക പൂർണ്ണമായും സാമ്പത്തിക വർഷം തന്നെ വിനിയോഗിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച വ്യക്തതയില്ല. തുകയുടെ വിനിയോഗ വിവരം/യു.ടി.ആർ സ്റ്റേറ്റ്മെന്റുകൾ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കുന്നതുവരെ ചെലവു തുക 9,69,078 രൂപ തടസ്സത്തിൽ വെക്കുന്നു. ഓഡിറ്റ് അന്വേഷണത്തിന്റെ (നം.57/29-11-23) മറുപടിയിൽ, മേൽ രേഖകൾ ലഭ്യമാക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കുന്നമുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

1-60 പഠനമുറി നിർമ്മാണം - സ്പിൽ ഓവർ പദ്ധതി പൂർത്തീകരിക്കുന്നതിൽ കാലതാമസം

ജില്ലാ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കാൻ ധനസഹായം നൽകുന്നതിന് 2019-20 വർഷത്തിൽ ജില്ലാ പഞ്ചായത്ത് ആരംഭിച്ച രണ്ട് പദ്ധതികളിലായി 222 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് ലക്ഷ്യമിട്ടിരുന്നു. തുടർന്ന് സ്പിൽ ഓവറായി തുടർന്നു വരുന്ന രണ്ട് പദ്ധതികളിലുമായി 8 ഗുണഭോക്താക്കൾ ഇനിയും പദ്ധതി പൂർത്തീകരിക്കാൻ അവശേഷിക്കുന്നതായും ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് ലഭിക്കാത്തതിനാൽ കുമാരി. നവനീത, D/oസുരൻ, ആളൂക്കാരൻ വീട്, പുതുക്കാട് എന്ന ഗുണഭോക്താവ് അഡ്വാൻസായി കൈപറ്റിയ 50,000 രൂപ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചതായും ഹാജരാക്കിയ ഫയൽ, അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ നിന്നും കണ്ടു. 2022-23 വർഷത്തെ പദ്ധതി ചെലവു വിവരങ്ങളും നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങളും താഴെ ചേർക്കുന്നു.

എ) പദ്ധതി നം. 383/23, അടങ്കൽ - 1422303 (എസ്.സി.പി ഫണ്ട്), ചെലവ് - 293641

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം. | തുക കൈപറ്റിയ തിയതികൾ |
|---|---|---|

| | | | |
|---|---|---|---|
| | | 50000 അഡ്വാൻസ് | രണ്ടാം ഗഡു 75000 |
| 1 | ആരഭി വിജേഷ് D/oവിജേഷ്, ഇരിങ്ങാതുരുത്തി വീട് വാടാനപ്പിള്ളി | 31.12.2019 | 10.06.2020 |
| 2 | ആര്യനന്ദ പി.യു, D/oസുനിത, പാലക്കവീട്ടിൽ, വെള്ളാങ്കല്ലൂർ | 27.04.2020 | 23.12.2020 |
| 3 | സ്വാതിക, D/oസുബ്രഹ്മണ്യൻ, തെക്കേവീട്, നാട്ടിക. | 17.03.2020 | 13.01.2021 |
| 4 | ദേവിക ചന്ദ്രൻ എം, D/oസരിത, മണ്ണംപുറത്ത് വീട്, വാടാനപ്പിള്ളി. | 27.04.2020 | - |
| 5 | ആരതി ഐ.ആർ, D/oസിജി, ഐനിക്കൽ വീട്, വല്ലച്ചിറ | 27.04.20 | - |
| 6 | ഭവ്യ.എം.ബി, മണ്ണായിൽ, കടവല്ലൂർ | 27-04-2020 | 10-08-2021 |
| 7 | ആദിത്യ.പി.ബി, D/O ബിജു.പി.കെ, പൊന്നാരി വീട്, ഇരിങ്ങാലക്കുട | 23-12-2019 | 23-12-2020 |

ബി) പദ്ധതി നം. 384/23, അടങ്കൽ - 535166 (എസ്.സി.പി ഫണ്ട്), ചെലവ് - 84665

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം. | തുക കൈപറ്റിയ തിയതികൾ | |
|---|---|---|---|
| | | 50000 അഡ്വാൻസ് | രണ്ടാം ഗഡു 75000 |
| 1 | വിസ്മയ്, S/oരാജി വി.എസ്, പഴക്കാതടത്തിൽ വീട്, വെസ്റ്റ് മങ്ങാട്, പോർക്കുളം | 27.04.2020 | 30.01.2021 |

മറ്റ് നിരീക്ഷണങ്ങൾ : -

1. ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 01-06-2023 – ലെ കത്ത് നം. P-23280 പ്രകാരം വിവിധ ബ്ലോക്ക് പഞ്ചായത്തുകളിലെ പട്ടികജാതി വികസന ഓഫീസർമാർക്ക് നാളിതുവരെ പഠനമുറി നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ നിർമ്മാണം 2023 ജൂൺ 30 – നകം പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ വർഷാവസാനത്തിലും പൂർത്തിയായിട്ടില്ല എന്ന് കണ്ടു.

2. CRZ പരിധിയിലുൾപെട്ട വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് വാർഡ് 1 സർവ്വെ 15ൽ പെട്ട ഭൂമിയിൽ കേരള തീരദേശ പരിപാലന അതോറിറ്റിയിൽ നിന്നും അനുമതി വാങ്ങാതെയാണ് ഗുണഭോക്താവായ ശ്രീ

അനൂപ്.കെ.ആർ, S/oരാമദാസ്, പേലി ഹൗസ് എന്നയാൾ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ അതോറിറ്റിയിൽ നിന്നും അനുമതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെടുന്നതിന് 13.09.21 ലെ ജില്ലാപഞ്ചായത്ത് ഭരണസമിതി 6(2) നമ്പറായി തീരുമാനമെടുത്തിരുന്നു. ഗുണഭോക്താവിന്റെ പിതാവ് ശ്രീ.രാമദാസ് ജില്ലാ പട്ടികജാതി വികസന ഓഫീസർക്കയച്ച 08-06-2023 – ലെ കത്തു പ്രകാരവും അനുമതി ലഭ്യമായിട്ടില്ല. ലഭ്യമാകുന്ന പക്ഷം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. 2019-20 വർഷത്തിൽ ആരംഭിച്ച പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കളുടെ നിർമ്മാണം പൂർത്തിയാകാതെ സ്പിൽ ഓവർ പദ്ധതിയായി വർഷങ്ങളോളം തുടരുന്നത് ശരിയായ നടപടിയല്ല. വിദ്യാർത്ഥികൾക്കായി നിർമ്മിക്കുന്ന പഠനമുറി മൂന്നു വർഷത്തിലധികം സമയമെടുത്താണ് പണിതിരിക്കുന്നത്. പ്രസ്തുത മുറികൾ വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസകാലയളവിൽ പൂർത്തീകരിച്ചെങ്കിൽ മാത്രമാണ് പദ്ധതി ലക്ഷ്യ പ്രാപ്തിയിലെത്തുക . ഇക്കാര്യം കൃത്യമായി മോണിറ്റർ ചെയ്തിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പ്രോജക്ടുകളിലൂടെ നൽകുന്ന അനുകൂല്യങ്ങൾ സമയബന്ധിതമായിത്തന്നെ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

*ഏക വർഷത്തിൽ നടപ്പാക്കേണ്ട ഇത്തരം പ്രോജക്ടുകൾ അനന്തമായി നീണ്ടുപോകുന്നത് ഒഴിവാക്കേണ്ടതാണ്. അത്തരത്തിൽ നീണ്ടുപോവുകയും നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്യാത്തപക്ഷം എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.*

(ഓഡിറ്റ് അന്വേഷണം നം.58/29-11-23)

## 1-61 പഠനമുറി നിർമ്മാണം 2022-23 – പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് നം.992/23 – പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

നിർവ്വഹണം – ജില്ലാ പട്ടികജാതി വികസന ഓഫീസർ

അടങ്കൽ - 5500000 (എസ്.സി.പി ഫണ്ട്)

ചെലവ് - 5350000

വിവിധ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ നിന്നും ജില്ലാ തലത്തിൽ മുൻഗണന ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നും 96 പേർക്ക് 2 ലക്ഷം രൂപ വീതം പഠനമുറി നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് 2022-23 – ൽ ആവിഷ്കരിച്ച ഈ പ്രൊജക്ട് ലക്ഷ്യമിട്ടിരുന്നത്. എങ്കിലും വിഭവ സ്രോതസ്സായി ഒന്നാം വർഷം 55 ലക്ഷം രൂപയും രണ്ടാം വർഷം 87 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 142 ലക്ഷം രൂപ വകയിരുത്തുന്നതിനാണ് ബഹു വർഷ പ്രൊജക്ടായി രൂപീകരിച്ച പദ്ധതിയുടെ പ്രൊജക്ട് രൂപീകരണ ഫോറത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പദ്ധതി ഫയൽ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. ജില്ലാ പഞ്ചായത്ത് അംഗീകരിച്ച അന്തിമ ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രകാരം ആകെ എത്ര അപേക്ഷകൾ ലഭ്യമായി, അതിൽ എത്ര അപേക്ഷകരെയാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തി പഠനമുറി നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് അംഗീകരിച്ച് തീരുമാനിച്ചത് എന്നീ വിവരങ്ങൾ ഫയൽ പ്രകാരം വ്യക്തമല്ല. ജില്ലാ പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. പല ഘട്ടങ്ങളിലായാണ് ഗുണഭോക്താക്കളെ അംഗീകരിക്കുന്നത് എന്നതിനാൽ എല്ലാ ഗുണഭോക്താക്കളെയും ഒരുമിച്ച് ഉൾപ്പെടുത്തിയ തീരുമാനം ലഭ്യമല്ലെന്നാണ് ഓഡിറ്റ് അന്വേഷണത്തിന്റെ (നം.58/29-11-23) മറുപടിയിൽ അറിയിച്ചിട്ടുള്ളത്. വിവിധ തീയതികളിലെ ജില്ലാ പഞ്ചായത്ത് യോഗങ്ങളിൽ അംഗീകരിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ ഉൾപ്പെട്ട തീരുമാനങ്ങളുടെ പകർപ്പുകൾ മറുപടിയോടൊപ്പം ലഭ്യമായത് പരിശോധിച്ചതിൽ തന്നെ 154 പേർ ഉൾപ്പെടുന്നുണ്ട്.

2. പഠനമുറി നിർമ്മാണത്തിനായി പദ്ധതിയുടെ ആദ്യ വർഷമായ 2022-23 – ൽ ആദ്യ ഗഡു 50000 രൂപ 71 ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ രണ്ടാം ഗഡു 75000 രൂപ ആകെ 23 പേർക്കു മാത്രമാണ് ബില്ലുകൾ പ്രകാരം അനുവദിച്ചു കാണുന്നത്. ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽആദ്യ ഗഡു നൽകി 71 പേരിൽ 35 പേർ നിർമ്മാണം പൂർത്തിയാക്കി രേഖകൾ ഹാജരാക്കി എന്ന് അറിയിച്ചിട്ടുണ്ട്. അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകേണ്ടതും, പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

3. വിദ്യാർത്ഥികൾക്കായി മുൻ വർഷ പദ്ധതികൾ പ്രകാരം ആരംഭിച്ച് നിർമ്മിക്കുന്ന പഠനമുറി മൂന്നു വർഷത്തിലധികം സമയമെടുത്താണ് പണിതീരിക്കുന്നത്. പ്രസ്തുത മുറികൾ വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസകാലയളവിൽ പൂർത്തീകരിച്ചെങ്കിൽ മാത്രമാണ് പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തുക. ഉദാഹരണത്തിന് അപേക്ഷകളുടെ പരിശോധനയിൽ കുമാരി.ദിൽഷ.കെ.എസ്, D/O ഷാജി.കെ.കെ, കളത്തൂർ (H), ഐനിക്കാട്.പി.ഒ, അടാട്ട് (അപേക്ഷ ക്രമ നം.64) എന്ന ഗുണഭോക്താവ് 2022-23 വർഷത്തിൽ ഡിഗ്രി അവസാന വർഷ വിദ്യാർത്ഥിയാണ്. 2023 അവസാന ഘട്ടത്തിലും നിർമ്മാണം പൂർത്തിയായിട്ടില്ല. ലിന്റൽ വരെ നിർമ്മാണം പൂർത്തിയായിട്ടുണ്ട് എന്നാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. ആദ്യ ഗഡു മാത്രമാണ് അനുവദിച്ചിട്ടുള്ളതും. തുടർ പഠനം നടത്തിയിട്ടുണ്ടെങ്കിൽ മാത്രമാണ് പഠനകാലയളവിൽ ആനുകൂല്യം ലഭിച്ചു എന്ന് പറയാനാവുക

മേൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതും മുൻവർഷങ്ങളിലെ പോലെ പദ്ധതി അനന്തമായി നീളുന്നത് ആവർത്തിക്കപ്പെടാതിരിക്കുന്നതിന് മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-62 സമേതം - സമഗ്ര വിദ്യാഭ്യാസ പദ്ധതി - വൗച്ചറുകൾ ഹാജരാക്കിയില്ല - 41,90,740 രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണം - വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ

പ്രൊജക്ട് നം.1181/23 – സമേതം - സമഗ്ര വിദ്യാഭ്യാസ പരിപാടി

| ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|

| | | |
|---|---|---|
| വികസന ഫണ്ട് – ജനറൽ | 2000000 | 1186990 |
| മറ്റ് ഗ്രാമ പഞ്ചായത്തുകൾ | 8600000 | 2186621 |
| മറ്റ് ബ്ലോക്ക് പഞ്ചായത്തുകൾ | 3200000 | 817129 |
| മറ്റുള്ളവ | 3100000 | 0 |
| ആകെ | 16900000 | 4190740 |

വിദ്യാഭ്യാസ രംഗത്തെ ബഹുജന പങ്കാളിത്തം വർദ്ധിപ്പിക്കുക, വിദ്യാലയങ്ങളിലെ മാനവ വിഭവശേഷി വർദ്ധിപ്പിക്കാനുള്ള നിരന്തരമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, ജില്ലയിലെ സ്കൂൾ ക്ലബ്ബുകളുടെ പ്രവർത്തനം സജീവമാക്കുക, വിദ്യാലയങ്ങളിൽ ശാസ്ത്രപ്രചാരണ പരിപാടികൾ നടത്തുക, വിദ്യാർത്ഥികളിൽ വിവിധ മേഖലകളിൽ സാമർത്ഥ്യം പ്രകടിപ്പിക്കുന്നവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക, വിദ്യാഭ്യാസത്തിൽ തിയ്യേറ്റർ നാടകങ്ങൾ/സിനിമകൾ എന്നിവയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുക, തിരഞ്ഞെടുക്കുന്ന കുട്ടികൾക്ക് കലാപരിശീലന പരിപാടികൾ സംഘടിപ്പിക്കുക, ചരിത്ര പഠനം മുതലായവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളായി നിശ്ചയിച്ചിട്ടുള്ളത്. ഹാജരാക്കിയ ബില്ലുകളുടെ ലിസ്റ്റ് പ്രകാരം പദ്ധതിയ്ക്കായി 40 ബില്ലുകളിലായാണ് 41,90,740 രൂപ ചെലവഴിച്ചിട്ടുള്ളത്. ബില്ലുകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും ഭാഗികമായാണ് ഹാജരാക്കിയിട്ടുള്ളത്. ആയതിന്റെ വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല. വൗച്ചറുകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം. 49/20-11-2023 പ്രകാരവും, കെ.എസ്.എ.ടി.എസ്.ആർ.ഡി.പി.2-141/2023 തിയതി.04-12-2023 കത്ത് പ്രകാരം ഓഡിറ്റ് അന്വേഷണതിന് മറുപടി/രേഖകൾ ഹാജരാക്കാത്ത നിർവ്വഹണോദ്യോഗസ്ഥർക്ക് ഓർമ്മക്കുറിപ്പും നൽകിയെങ്കിലും പദ്ധതി പ്രകാരമുള്ള ചെലവുരേഖകൾ ഹാജരാക്കാത്തതിനാൽ 41,90,740 രൂപ തടസ്സപ്പെടുത്തുന്നു.

## 1-63 സ്കൂളുകളിലേയ്ക്ക് യു.പി.എസ് വാങ്ങൽ - ഇൻസ്റ്റാല്ലേഷൻ പൂർത്തിയായില്ല

പ്രൊജക്റ്റ് നം.786/23 – ജില്ലാ പഞ്ചായത്ത് സ്കൂളുകളിലേയ്ക്ക് യു.പി.എസ് വാങ്ങൽ
നിർവ്വഹണം - വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ

അടങ്കൽ - 2500000 (മെയിന്റനൻസ് ഫണ്ട് - റോഡിതരം)

ചെലവ് - 2439540

ബിൽ റെഫറൻസ് നം. - 2845/22-03-23

ജില്ലാ പഞ്ചായത്തിനു കീഴിലെ സ്കൂളുകൾക്ക് CPRCS പോർട്ടൽ മുഖാന്തിരം കെൽട്രോണിൽ നിന്നും യു.പി.എസ് വാങ്ങി നൽകുന്നതിന് ജില്ലാ പഞ്ചായത്തിന്റെ 20-02-2023 – ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം നം.2 പ്രകാരം അംഗീകരിച്ചു നൽകിയിട്ടുണ്ട്. ആയതു പ്രകാരം തുക കെൽട്രോണിനു നൽകുന്നതിനും ജി.എസ്.ടി തുകയും ഉൾപ്പെടെ ആകെ 2439540 രൂപ പദ്ധതി പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കെൽട്രോണിന്റെ ക്യാഷ്/ക്രെഡിറ്റ് ബിൽ ഹാജരാക്കിയിട്ടില്ല.

കെൽട്രോണിൽ നിന്നുമുള്ള പ്രൊഫോർമ ഇൻവോയിസ് ലഭ്യമാക്കിയത് പരിശോധിച്ചതു പ്രകാരം 18 യു.പി.എസുകൾ വാങ്ങിയതായാണ് കാണാൻ കഴിഞ്ഞത് (പ്രൊഫോർമ ഇൻവോയിസ് നം. TVM/ITBG /PI/CR/946 തീയതി-15-03-23). സ്കൂളുകളിൽ നിന്നുള്ള ഇൻസ്റ്റാലേഷൻ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഏതെല്ലാം സ്കൂളുകളാണ് യു.പി.എസ് കൈപ്പറ്റിയിട്ടുള്ളത് എന്ന് വ്യക്തമല്ല. ഓഡിറ്റ് അന്വേഷണം നം.49/20-11-2023 ന്റെ മറുപടിയിൽ ഇൻസ്റ്റാലേഷൻ പൂർത്തീകരിച്ചു വരുന്നു എന്നാണ് അറിയിച്ചിട്ടുള്ളത്. ജില്ലാ പഞ്ചായത്ത് അംഗീകരിച്ച സ്കൂളുകളുടെ ലിസ്റ്റ് മറുപടിയോടൊപ്പം ഹാജരാക്കുന്നു എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ആയത് ഉള്ളടക്കം ചെയ്തിട്ടില്ല.

ജില്ലാ പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, സ്കൂളുകളിൽ നിന്നുള്ള ഇൻസ്റ്റാലേഷൻ റിപ്പോർട്ട്, കെൽട്രോണിന്റെ ക്യാഷ്/ക്രെഡിറ്റ് ബിൽ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ പദ്ധതി പ്രകാരം ചെലവഴിച്ച തുക 24,39,540 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-64 ഹാജരാക്കിയ ചെലവു വൗച്ചറുകളും സുലേഖ പ്രകാരമുള്ള ചെലവു തുകയും പൊരുത്തപ്പെടുന്നില്ല - പ്രൊജക്ട് മാറി തുക ചിലവഴിച്ചു

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയ 705/23 – ജില്ലാ പഞ്ചായത്ത് സ്കൂളുകളിലെ പുതിയ കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ, 632/23 – എസ്.പി.സി പരിശീലനം എന്നീ പ്രൊജക്ടുകൾ പ്രകാരം ഹാജരാക്കിയ ചെലവു വൗച്ചറുകളുടെ ആകെ തുകയും സുലേഖ ചെലവു പത്രികയിൽ രേഖപ്പെടുത്തിയ പ്രകാരമുള്ള ചെലവു തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്ട് | 705/23 - ജില്ലാ പഞ്ചായത്ത് സ്കൂളുകളിലെ പുതിയ കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ | 632/23 – എസ്.പി.സി പരിശീലനം |
|---|---|---|
| അടങ്കൽ | 10,000,00 | 6,000,00 |
| ഫണ്ടിനം | മെയിന്റനൻസ് - റോഡിതരം | വികസന ഫണ്ട് - ജനറൽ |
| സുലേഖ ചെലവു പത്രിക പ്രകാരമുള്ള ചെലവ് | 3,81,605 | 3,60,000 |
| യഥാർത്ഥ ചെലവ് (വൗച്ചറുകൾ പ്രകാരം) | 2,01,605 | 5,40,000 |

എസ്.പി.സി പരിശീലന ചെലവുകൾക്കായി അടങ്കൽ തുക പ്ലാൻ ഫണ്ട് നീക്കിയിരിപ്പുണ്ടായിട്ടും 9 സ്കൂളുകൾക്ക് എസ്.പി.സി പരിശീലന ചെലവുകൾക്കായി 20000 രൂപ വീതം ആകെ 1,80,000 രൂപ സ്കൂളുകളിലെ പുതിയ കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ ഇനത്തിനായി ചെലവഴിക്കാൻ രൂപീകരിച്ച പ്രൊജക്ട് നം.705/23 – ൽ നിന്നും മെയിന്റനൻസ് ഫണ്ട് - റോഡിതര ഫണ്ട് ചെലവഴിച്ചു. താഴെ

പറയുന്ന 9 സ്കൂളുകൾക്കാണ് പ്രൊജക്ട് നം.705/23 -ൽ നിന്നും എസ്.പി.സി പരിശീലന ചെലവുകൾക്കായി തുക നൽകിയിട്ടുള്ളത്. (Bill Reference No.2234/7-2-23/180000)

| ക്രമ നം. | സ്കൂൾ |
|---|---|
| 1 | GHSS മച്ചാട് |
| 2 | GVHSS തളിക്കുളം |
| 3 | GHSS പഴയന്നൂർ |
| 4 | SMTGHSS ചേലക്കര |
| 5 | GVHSS ചേർപ്പ് |
| 6 | GHSS കരുപ്പടന്ന |
| 7 | GHSS പഴഞ്ഞി |
| 8 | GVHSS വലപ്പാട് |
| 9 | GVHSS കടപ്പുറം |

ഓഡിറ്റ് അന്വേഷണം നം.49/20-11-2023 – ന്റെ മറുപടിയിൽ പദ്ധതി തെരഞ്ഞെടുത്തതിലെ ക്ലറിക്കൽ പിശക് മൂലം സംഭവിച്ചതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. വെബ് സാംഖ്യയിൽ റിക്വിസിഷൻ/ബില്ല് തയ്യാറാക്കുമ്പോൾ സംഭവിച്ച അപാകതയാണെന്നാണ് മനസ്സിലാക്കുന്നത്. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവ രണ്ടാവശ്യങ്ങൾക്കുള്ളതാണ് എന്നതിനാൽ ഗുരുതരമായ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ബില്ല് സമർപ്പിക്കുന്നതിന് മുൻപ് കൃത്യമായ മേൽനോട്ടം ഉറപ്പു വരുത്തേണ്ടതാണ്.

## 1-65 സ്കൂളുകളിലേക്ക് ബെഞ്ച്, ഡെസ്ക്, വൈറ്റ് ബോർഡ് എന്നിവ വാങ്ങൽ - വാങ്ങൽ നടപടികളിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

ജില്ലാ പഞ്ചായത്തിന്റെ വിവിധ സ്കൂളുകളിലേക്ക് ബെഞ്ച്, ഡെസ്ക്, വൈറ്റ് ബോർഡ് എന്നിവ വാങ്ങുന്നതിനായി വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി 2 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | ബെഞ്ച്, ഡെസ്ക് | വൈറ്റ്/ഗ്രീൻ ബോർഡ് |
|---|---|---|
| പദ്ധതി നമ്പർ | 98/23 | 721/23 |
| വാങ്ങിയ എണ്ണം | 925 | 735 |
| അടങ്കൽ | 1,03,74,317 | 25,00,000 |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | മെയിന്റനൻസ് - റോഡിതരം |
| ചെലവ് | 1,03,67,068 | 12,13,483 |

| | | |
|---|---|---|
| തുക/പിൻവലിച്ച തീയതി | 27,79,495/27-2-23, 40,12,336/7-3-23, 35,75,237/20-3-23 | 6,25,728/22-3-23, 5,87,755/28-3-23 |
| വാങ്ങിയ സ്ഥാപനം | SIDCO | ARTCO |

പദ്ധതി ഫയൽ പരിശോധിച്ചതു പ്രകാരമുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. GeM (Government E-market Place) പ്രാബല്യത്തിൽ വന്നതിനുശേഷം റേറ്റ് കോൺട്രാക്ട് കരാറുകൾക്ക് പ്രാബല്യമില്ലാത്തതും 26.4.2019ന് നിലവിൽ വന്ന സ.ഉ.(പി) 7/2019/എസ്.പി.ഡി. ഉത്തരവ് പ്രകാരം 25,000 രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾ നിർബന്ധമായും GeM (Government E-Market Place) മുഖേന ആയിരിക്കണമെന്നും, ആവശ്യമായ സ്പെസിഫിക്കേഷൻ GeMൽ ഇല്ലെങ്കിൽ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള മറ്റ് പ്രൊക്യൂർമെന്റ് മാർഗ്ഗങ്ങളായ ക്വട്ടേഷൻ, ടെണ്ടർ മുതലായവ സ്വീകരിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു. ആവശ്യമായ സ്പെസിഫിക്കേഷൻ Gem – ൽ ലഭ്യമല്ലാത്ത പക്ഷം മേൽ പദ്ധതികൾക്ക് 5 ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾക്ക് ബാധകമായ ഇ-പ്രൊക്യൂർമെന്റ് രീതിയാണ് അവലംബിക്കേണ്ടിയിരുന്നത്. എന്നാൽ പദ്ധതി ഫയൽ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സ് എന്നിവ പരിശോധിച്ചതിലൊന്നും തന്നെ Gem അഥവാ ഇ-ടെന്റർ നടപടികളിലൂടെ വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചതായോ അത്തരത്തിൽ വാങ്ങലുകൾ നടത്തുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സം ഉള്ളതായോ രേഖപ്പെടുത്തിയിട്ടില്ല.

2. മേൽ വാങ്ങലുകളുടെ അംഗീകരിച്ച പ്രൊജക്ടിൽ വാങ്ങൽ നടപടികൾ എങ്ങനെ എന്ന കോളത്തിൽരേഖപ്പെടുത്തിയിട്ടുള്ളത് ക്വട്ടേഷൻ/ടെണ്ടർ കൂടാതെ വാങ്ങാൻ അനുവാദമുള്ള സ്ഥാപനത്തിൽ നിന്ന് നേരിട്ട് എന്നാണ്. അതു കൂടാതെ ബെഞ്ചും ഡെസ്കും വാങ്ങുന്നതിന് പ്രൊജക്ട് നം.98/23 ൽ അംഗീകാരം വാങ്ങുമ്പോൾ തന്നെ ക്രമ നം.15 ആയി അക്രെഡിറ്റഡ് ഏൻജൻസി മുഖേന (SIDCO) എന്നും വൈറ്റ്/ഗ്രീൻ ബോർഡ് വാങ്ങുന്നതിന് പ്രൊജക്ട് നം.721/23 പ്രകാരവും അപ്രകാരം തന്നെ അക്രെഡിറ്റഡ് ഏൻജൻസി മുഖേന (ARTCO) എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രൊജക്ടിൽ അക്രഡിറ്റഡ് ഏജൻസിയായ സ്ഥാപനത്തിന്റെ പേര് രേഖപ്പെടുത്തുകയും തുടർന്ന് രണ്ടു പദ്ധതികൾക്കായും ആവശ്യമായ സ്പെസിഫിക്കേഷനിലുള്ള സാധനങ്ങൾ സമാഹരിക്കുന്നതിന് പ്രാപ്തരായ അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ബിഡ്ഡുകൾ ക്ഷണിക്കുകയും ചെയ്തു. 2 പദ്ധതികൾക്കും അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും മത്സരാധിഷ്ഠിത ബിഡ്ഡുകൾ ക്ഷണിച്ചെങ്കിലും പ്രൊജക്ടിൽ രേഖപ്പെടുത്തിയ അതേ സ്ഥാപനങ്ങൾ തന്നെയാണ് ഏറ്റവും കുറവു തുക രേഖപ്പെടുത്തിയിട്ടുള്ളതും.

3. ജില്ലാ പഞ്ചായത്തിന് കീഴിലുള്ള ബെഞ്ചും ഡെസ്കും അക്രഡിറ്റഡ് ഏജൻസിയായ SIDCO – യിൽ നിന്നും വാങ്ങി നൽകുന്നതിന് തൃശ്ശൂർ ജില്ലാ പഞ്ചായത്തിലെ 10-11-2022 – ലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം നം.4 പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ് എന്ന് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 30-11-2022 – ലെ നടപടിക്രമ ഉത്തരവ് നം.DDETSR/8727/2022-H3 – ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സ് പുസ്തകം പരിശോധിച്ചതിൽ അത്തരമൊരു തീരുമാനം കാണാൻ സാധ്യമായിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ സിഡ്കോയിൽ നിന്നും ബെഞ്ചും ഡെസ്കും വാങ്ങുന്നതിന് 26-10-2022 തീരുമാനം നം.1 പ്രകാരവും ആർട്ട്കോയിൽ നിന്നും വൈറ്റ്/ഗ്രീൻ ബോർഡ് വാങ്ങുന്നതിന് 26-10-2022 തീരുമാനം നം.1 പ്രകാരവും ജില്ലാ പഞ്ചായത്ത് ഭരണസമിതിയോട് ശുപാർശ ചെയ്ത് തീരുമാനിച്ചിട്ടുണ്ട്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പരിശോധനയുടെ മറ്റു വിശദാംശങ്ങളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4. സ്റ്റോർ പർച്ചേയ്സ് മാന്വൽ ഖണ്ഡിക 9.23 ൽ ഇളവ് അനുവദിച്ച് ടെണ്ടർ കൂടാതെ ഫർണീച്ചറുകൾ വിതരണം ചെയ്യുന്നതിന് സർക്കാർ അംഗീകരിച്ച അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും നേരിട്ട്

ഫർണീച്ചറുകൾ വാങ്ങാൻ സാധിക്കുമെങ്കിലും പ്രൈസ് ലിസ്റ്റിലുൾപ്പെട്ട ഇനങ്ങൾ മാത്രമേ ഇത്തരത്തിൽ വാങ്ങാൻ കഴിയുകയുള്ളൂ. നിർവ്വഹണോദ്യോഗസ്ഥൻ തയ്യാറാക്കിയ ബിഡ്ഡിംഗ് നോട്ടീസ്, ആയതിന്റെ അടിസ്ഥാനത്തിൽ അക്രഡിറ്റഡ് ഏജൻസികൾ സമർപ്പിച്ച ക്വട്ടേഷനുകളിലെ നിരക്ക്, ഹാജരാക്കിയ സാമ്പിളുകൾ എന്നിവ സർക്കാർ ഉത്തരവിൽ അനുബന്ധമായി ചേർത്തിട്ടുള്ള പ്രൈസ് ലിസ്റ്റിലുൾപ്പെട്ട സ്പെസിഫിക്കേഷൻ, നിരക്ക് എന്നിവ പ്രകാരമുള്ളതല്ല. ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതിയോ പർച്ചേസ് കമ്മിറ്റിയോ ആയത് പരിശോധിച്ചിട്ടില്ല.

സിഡ്കോ വിതരണം ചെയ്ത ബെഞ്ച്, ഡെസ്ക് ആർട്ട്കോ വിതരണം ചെയ്ത ബോർഡ് എന്നിവയുടെ സ്പെസിഫിക്കേഷൻ താഴെ കാണും പ്രകാരമാണ്.

| ഇനം | സ്പെസിഫിക്കേഷൻ | നിരക്ക് (ടാക്സ് ഉൾപ്പെടാത്തത്) |
|---|---|---|
| ബെഞ്ച് | Size-180x30x45cm Using 32mmx32mm (1&1/4”) Square GI Pipe For Frame And 18mm AM Grade Polished Rubberwood For Top | 3388 |
| ഡെസ്ക് | Including Shelf Of Size 180x42.5x75cm Using 32mmx32mm (1&1/4”) Square GI Pipe For Frame And 18mm AM Grade Polished Rubberwood For Desk Top And 20G Cold Rolled (CR) Mild Steel Sheet For Shelf | 6110 |
| വൈറ്റ്/ഗ്രീൻ ബോർഡ് | BOARD12-WHITE/GREEN BOARD-0.91 M X 1.22 M | 1399.15 |

സർക്കാർ ഉത്തരവ് നം. സ.ഉ (സാധാ) നം.97/22/എസ്.പി.ഡി തീ-23-12-2022 ആണ് സിഡ്കോയ്ക്ക് ടെന്റർ നടപടി കൂടാതെ വാങ്ങുന്നതിന് ഇളവ് നൽകിയിട്ടുള്ള പ്രസ്തുത കാലയളവിനു ബാധകമായ ഉത്തരവ്. ഫർണീച്ചറുകളുടെ സ്പെസിഫിക്കേഷൻ, വില നിരക്ക് എന്നിവ ഉത്തവിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ളതുമാണ്. അതുപോലെ തന്നെ ആർട്ട്കോയ്ക്ക് റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിൽ ടെന്റർ കൂടാതെ വാങ്ങാൻ സാധ്യമായിട്ടുള്ളവയുടെ സ്പെസിഫിക്കേഷൻ നിരക്ക് വിവരങ്ങൾ സർക്കാർ ഉത്തരവ് നം. GO(Rt) No.8/2020/SPD തീ-10-2-2020 – ലും വിശദമാക്കിയിട്ടുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ പ്രസ്തുത ഇളവിന്റെ കാലാവധി ദീർഘിപ്പിച്ച കൊണ്ടുള്ള ഉത്തരവുകളാണ് പുറപ്പെടുവിച്ചിട്ടുള്ളത്. മേൽ പട്ടിക പ്രകാരമുള്ള സ്പെസിഫിക്കേഷൻ, നിരക്ക് എന്നിവ സർക്കാർ അംഗീകരിച്ച ഉത്തരവുകളിൽ ഇല്ല. അതുമാത്രമല്ല സ്റ്റീൽ, മര ഫർണീച്ചറുകൾ സർക്കാർ അംഗീകരിച്ച സ്പെസിഫിക്കേഷനിൽ നിശ്ചിത നിരക്കിൽ നിശ്ചിത കാലയളവിലേക്ക് വിതരണം ചെയ്യുന്ന റേറ്റ് കോൺട്രാക്ട് സ്ഥാപനങ്ങളാണ് സിഡ്കോ, ആർട്ട്കോ മുതലായവ. എന്നാൽ തദ്ദേശസ്ഥാപനങ്ങളിൽ വാങ്ങൽ നടത്തുന്നതിന് ബാധകമായ 8.11.2010ലെ സ.ഉ.(പി) നം.259/2010 ത.സ്വ.ഭ.വ ഉത്തരവ് ഖണ്ഡിക 3.3പ്രകാരം റേറ്റ് കോൺട്രാക്ട് ഉള്ള ഇനങ്ങളിൽ പരമാവധി 5 ലക്ഷം രൂപ വരെയുള്ള തുകകൾക്ക് മാത്രമേ ടെണ്ടർ ഇല്ലാതെ നേരിട്ട് വാങ്ങൽ നടത്തുന്നതിന് അനുമതിയുള്ളൂ. സിഡ്കോ, ആർട്ട്കോ എന്നിവയ്ക്ക് ടെന്റർ ഇല്ലാതെ വിതരണം നടത്തുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച

നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവിന് അനുബന്ധമായി ചേർത്തിട്ടുള്ള ഉല്പന്നങ്ങൾ അല്ലാത്തവ വാങ്ങുന്നതിന് സ്റ്റോർ പർച്ചേയ്സ് നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ ത.സ്വ.ഭ.വ സ്ഥാപനങ്ങൾ സംഭരണം നടത്താവൂ എന്ന് ഉത്തരവിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതയാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്.

പദ്ധതിയുടെ ആരംഭത്തിൽ ഇ-ടെന്റർ നടപടികൾക്കായി ശ്രമിച്ചെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ സാധ്യമാകാതിരുന്നതിനാലാണ് അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും മത്സരാടിസ്ഥാനത്തിൽ ബിഡുകൾ ക്ഷണിച്ചത് എന്നതാണ് ഓഡിറ്റ് അന്വേഷണത്തിന്റെ (നം.49/20-11-2023) മറുപടിയിൽ അറിയിച്ചിട്ടുള്ളത്. എന്താണ് സാങ്കേതിത തടസ്സം എന്ന വ്യക്തമാക്കിയിട്ടില്ല. ജെം മുഖേനയും ഇ-ടെന്റർ മുഖേനയും സാധ്യമല്ലെന്ന് പ്രൊക്യൂർമെന്റ് കമ്മിറ്റിയ്ക്ക് ബോധ്യപ്പെട്ടിട്ടുണ്ടെങ്കിൽ ടെന്റർ നടപടി കൂടാതെ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ട സാധനങ്ങളാണ് സമാഹരിക്കേണ്ടിയിരുന്നത് എന്നതിനാൽ നിർവ്വഹണോദ്യോഗസ്ഥന്റെ മറുപടി പൂർണമായും അംഗീകരിക്കാവുന്നതല്ല. വാങ്ങൽ നടപടികളിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നില്ലെന്ന് ഉറപ്പ വരുത്തുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, ജില്ലാ പഞ്ചായത്ത് ഭരണസമിതി എന്നിവരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-66-1 കുടിവെള്ള – ജലസേചനപദ്ധതികൾ- സമയബന്ധിതമായി പൂർത്തീകരിച്ച് ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നില്ല

നിർവ്വഹണം-അസി.എക്സി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി

2022-23 വർഷം വിവിധ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട നിരവധി പ്രൊജക്റ്റുകൾ ജില്ലാപഞ്ചായത്ത് നടപ്പാക്കിയിട്ടുണ്ട്.

സ.ഉ.(കൈ) നം 115/2022/തസ്വഭവ, തിയതി 28.5.2022 ഖണ്ഡിക 6.6 കുടിവെള്ളം - ഉപഖണ്ഡിക 7 പൊതുനിർദ്ദേശങ്ങൾ (lv) പ്രകാരം കുടിവെള്ള പ്രൊജക്റ്റുകൾ ഏറ്റെടുക്കുമ്പോൾ അതിലൂടെ പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തിയാക്കിയ ശേഷം പ്രൊജക്റ്റിന്റെ തുടർനടത്തിപ്പും അറ്റകുറ്റപ്പണിയുടെ ചുമതലയും ഗുണഭോക്തൃ ഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതാണ്. അങ്ങനെ ഏറ്റെടുക്കാമെന്ന് കരാറിൽ ഏർപ്പെട്ട ശേഷമേ പദ്ധതി നിർവ്വഹണം ആരംഭിക്കാവൂ. സ.ഉ.(കൈ) നം 84/2022/തസ്വഭവ, തിയതി 19.4.2022 ഖണ്ഡിക 8.1 (25) ലും കുടിവെള്ള പ്രൊജക്റ്റുകളുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികളുടെ ചുമതലയാണെന്ന് പ്രൊജക്റ്റിൽ വ്യവസ്ഥ ചെയ്യണമെന്ന് നിർദ്ദേശമുണ്ട്. ജില്ലാ പഞ്ചായത്ത് ഓഡിറ്റ് വർഷം നടപ്പാക്കിയ കുടിവെള്ള പദ്ധതികളിലൊന്നും തന്നെ ഗുണഭോക്തൃസമിതി രൂപീകരിക്കുകയോ കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല. (ഓഡിറ്റ് എൻക്വയറി 24/13.10.23)
അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു, പരിഹരിക്കേണ്ടതാണ്. കരാറുകൾ ഹാജരാക്കേണ്ടതാണ്.

## 1-66-2 കുടിവെള്ള പ്രൊജക്റ്റുകളുടെ അറ്റകുറ്റപ്പണികൾ-ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കേണ്ടതില്ല.

സ.ഉ.(കൈ) നം 115/2022/തസ്വഭവ, തിയതി 28.5.2022, ഖണ്ഡിക 6.6 കുടിവെള്ളം- ഉപഖണ്ഡിക 7 പൊതുനിർദ്ദേശങ്ങൾ (lii) പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ രേഖാമൂലമുള്ള സമ്മതത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിന് കുടിവെള്ള പ്രൊജക്റ്റുകൾ ഏറ്റെടുക്കാവുന്നതാണ്. എന്നാൽ കുടിവെള്ള പ്രൊജക്റ്റുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള പ്രൊജക്റ്റുകൾ ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുക്കാൻ പാടില്ല.
ഓഡിറ്റ് കാലയളവിൽ പുത്തൂർ-അമ്പിളിക്കുന്ന് കുടിവെള്ള പദ്ധതിക്കായി 903718/- രൂപ ധനകാര്യകമ്മിഷൻ ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

പ്രൊജക്റ്റ് നം 246/23
അടങ്കൽ-ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 10,00,000
ചെലവ്- 903718
ചെലവിന്റെ വിശദാംശങ്ങൾ

| | |
|---|---|
| സാംഖ്യവൗച്ചർനം 22201216/24.2.23 | 723004രൂപ |
| ചെക്ക്നം 362309/24.2.23 | 6484രൂപ |
| ചെക്ക് നം 362310/24.2.23 | 12968രൂപ |
| ചെക്ക് നം 362313/24.2.23 | 22695രൂപ |
| സാംഖ്യവൗച്ചർനം 22202903,3034,35,36,37/ 24.3.23 | 138567രൂപ |
| ആകെ | 903718 |

പുത്തൂർ ഗ്രാമപഞ്ചായത്ത് ആസ്തിയിലുള്ള 21 വർഷം പഴക്കമുള്ള കുടിവെള്ള പ്രൊജക്റ്റാണ് ഇത്. പദ്ധതി പ്രകാരം ജില്ലാപഞ്ചായത്ത് അറ്റകുറ്റപ്പണികളാണ് ചെയ്തിട്ടുള്ളത്. നിലവുണ്ടായിരുന്ന പൈപ്പ് മാറ്റി പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തിയാണ് (628 M) ചെയ്തത്. ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കേണ്ടാത്തതായ അറ്റകുറ്റപ്പണിക്കായി തുക ചെലവഴിച്ചു. ഇപ്രകാരം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്, ചെലവു തുക 903718 രൂപ തടസ്സപ്പെടുത്തുന്നു.
പദ്ധതി ആസൂത്രണത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 24/13.10.23)

1-66-3 കുടിവെള്ള പ്രൊജക്റ്റുകൾ പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടില്ല

ഓഡിറ്റ് വർഷം തുക ചെലവഴിച്ച താഴെ പറയുന്ന കുടിവെള്ള പ്രൊജക്റ്റുകൾ പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടില്ല

| ക്രമ നം | പ്രൊജക്റ്റ് നം | കുടിവെള്ള പദ്ധതിയുടെ പേര് | വകയിരുത്തിയ തുക | ചെലവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | 541/23 | വരവൂർ ഹയർ സെക്കണ്ടറി സ്കൂൾ കുടിവെള്ള പദ്ധതി | 33,79,153 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 30,66,030 | സിവിൽവർക്കും ഇലക്ട്രിഫിക്കേഷനും കഴിഞ്ഞു.പദ്ധതി ആരംഭിച്ചതായി മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല |
| 2 | 313/23 | പാഞ്ഞാൾ ഇർഷാദ്സ്കൂൾ പരിസരം | 15,00,000 (ധനകാര്യ കമ്മീഷൻ | 8,75,014 | പമ്പ്സെറ്റ് സ്ഥാപിക്കലും ഇലക്ട്രിഫിക്കേഷനും |

| | | | | | |
|---|---|---|---|---|---|
| | | കുടിവെള്ള പദ്ധതി | ഗ്രാന്റ്) | | പൂർത്തീകരിച്ചിട്ടില്ല. |
| 3 | 240/23 | അവണൂർ ലക്ഷംവീട് കുടിവെള്ള പദ്ധതി | 17,90,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 14,49,959 | മോട്ടോർപമ്പ്സെറ്റ് സ്ഥാപിക്കൽ, ഇലക്ട്രിഫിക്കേഷൻ എന്നിവ ചെയ്തിട്ടില്ല. |
| 4 | 268/23 | അടാട്ട് വൃന്ദാവൻ എസ്.സി കോളനി കുടിവെള്ള പദ്ധതി | 11,13,321 (S.C.P) | 906920 (2022-23ൽ 820241) | മോട്ടോർപമ്പ്സെറ്റ് സ്ഥാപിക്കൽ, ഇലക്ട്രിഫിക്കേഷൻ എന്നിവ ചെയ്തിട്ടില്ല. |
| 5 | 496/23 | അതിരപ്പിള്ളി പെരുമ്പാറ കോളനി കുടിവെള്ള പദ്ധതി | 11,50,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 751374 | സിവിൽവർക്ക് ജില്ലാപഞ്ചായത്ത് പൂർത്തീകരിച്ചു, ഇലക്ട്രിക്കൽവർക്ക് ഗ്രാമപഞ്ചായത്ത് നടപ്പാക്കിയെങ്കിലും വൈദ്യുതികണക്ഷൻ തകരാറിലായതിനാൽ പദ്ധതിപ്രവർത്തന സജ്ജമായിട്ടില്ലെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. |

(മേൽ പറഞ്ഞ പ്രൊജക്റ്റുകളിൽ പൈപ്പ് ഇടുന്ന പ്രവൃത്തിക്കായി ഉപയോഗിച്ച പൈപ്പുകളുടെ പ്രഷർ ടെസ്റ്റ് നടത്തിയിട്ടില്ല.)

കുടിവെള്ള പ്രൊജക്റ്റുകൾ സമയബന്ധിതമായി പൂർത്തീകരിച്ച് ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണ്.

1-66-4 കുടിവെള്ളപദ്ധതിക്കായി കിണർ കുഴിച്ച് പൈപ്പ് സ്ഥാപിച്ചു, വാട്ടർ ടാങ്കിനുള്ള സ്ഥലം തീരുമാനമായിട്ടില്ല.

പഴയന്നൂർ എളനാട് തേക്കിൻകാട് കോളനി കുടിവെള്ളപദ്ധതി

പ്രൊജക്റ്റ് നം. 239/23

അടങ്കൽ-20,00,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ്- സാംഖ്യ വൗച്ചർ നം 22202953/30.3.23 / തുക 982455/-

എളനാട് തേക്കിൻകാട് കോളനിഭാഗത്തെ ജലക്ഷാമം പരിഹരിക്കുന്നതിനായി ഒരു ബോർവെല്ലും മോട്ടോർഷെഡും നിർമ്മിച്ച് ടാങ്ക് പണിത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണ്. കരാർ പ്രകാരം പദ്ധതി 10.2.2023 ന് പൂർത്തീകരിക്കേണ്ടതായിരുന്നു. 6.3.2023 ന് അളവെടുത്ത് പാർട്ട് ബില്ല് നൽകിയശേഷം യാതൊരു പ്രവർത്തനവും നടന്നതായി ഫയലിൽ കാണുന്നില്ല. ബോർവെല്ല് കുഴിച്ച് 1899 മീറ്റർ 63mm Pvc പൈപ്പ്, 100മീറ്റർ 75mm Pvc പൈപ്പ്, 92മീറ്റർ GI പൈപ്പ് എന്നിങ്ങനെ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട് (അളവു പുസ്തകം 795/21-22). മോട്ടോർഷെഡും ടാങ്കും പണിതിട്ടില്ല, മോട്ടോർ സ്ഥാപിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറി 24/13.10.23 നുള്ള മറുപടിയിൽ ഓവർ ഹെഡ് ടാങ്ക് പണിയുന്നതിന് കണ്ടെത്തിയ സ്ഥലം സംബന്ധിച്ച് തർക്കം വന്നതിനാൽ യഥാസമയം നിർമ്മാണ പ്രവൃത്തികൾ നിർവ്വഹിക്കാൻ കഴിഞ്ഞില്ല, സ്ഥലം ലഭ്യമാകുന്ന മുറക്ക് നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

വാട്ടർ ടാങ്കിനുള്ള സ്ഥലം തീരുമാനമാകാതെ ബോർവെല്ല് കുഴിച്ച് പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിച്ചത് പദ്ധതി ആസൂത്രണ- നിർവ്വഹണത്തിലെ പിഴവായി ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതിയുടെ പൂർത്തീകരണത്തിനായി സ്വീകരിക്കുന്ന തുടർപ്രവർത്തനങ്ങളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 9,82,455 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-66-5 മാള- പാറക്കുട്ടം വെട്ടുകടവ് LI - 2016-17 ൽ ആരംഭിച്ച പദ്ധതി പൂർത്തീകരിച്ചിട്ടില്ല

അടങ്കൽ-വികസനഫണ്ട്- 10,00,000

ആകെ ചെലവ്- 9,99,792

2022-23 ലെ ചെലവ്- 822659/- (ട്രഷറിബില്ല് BRN 22130152034101478466/ 25.3.23)

പ്രൊജക്റ്റ് ഫയൽ പ്രകാരം, 2016-17 ൽ ആരംഭിച്ച പദ്ധതിയാണിത്. പദ്ധതിക്കായി പേരുർക്കാവ് പാടശേഖരസമിതി അംഗങ്ങൾ ഗുണഭോക്തൃവിഹിതം ജില്ലാപഞ്ചായത്തിൽ അടവാക്കിയിരുന്നു, എന്നാൽ പ്രൊജക്റ്റ് നിർവ്വഹണത്തിനിടെ 2018 ലെ പ്രളയത്തിൽ ഈ പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ച കിണർ മൂടിപ്പോയി, തുടർന്ന് മോട്ടോർഷെഡ്ഡിന്റെ സ്ഥാനവും പൈപ്പ് ലൈൻ ഇടുന്നതിന്റെ നീളത്തിലും മാറ്റം വന്നതിനാൽ പദ്ധതിക്ക് ഫലപ്രാപ്തി കൈവന്നില്ല. 2019-20 ൽ ജില്ലാപഞ്ചായത്ത് കിണർ നിർമ്മാണം, പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എന്നിവക്ക് പുതിയ പ്രൊജക്റ്റ് വച്ചു. കിണർ നിർമ്മാണം പൂർത്തീകരിച്ചു, എന്നാൽ ഗുണഭോക്തൃവിഹിതം അടച്ച പേരുർക്കാവ് പാടശേഖരസമിതിക്ക് പുതിയ പദ്ധതികൊണ്ട് പ്രയോജനം ഇല്ലാതായതിനാൽ പരാതി ഉയർന്നതിനെത്തുടർന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ 17.8.2022ൽ പാറക്കുട്ടം വെട്ടുകടവ് LI പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് യോഗം ചേരുകയും പേരുർപാടത്തേക്കുള്ള ഇറിഗേഷൻ പദ്ധതി പൂർത്തീകരിക്കുവാനും ആയതനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും തീരുമാനമെടുക്കുകയും ചെയ്തു. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

ഈ പദ്ധതി പ്രകാരം കിണർ കുഴിക്കുകയും (Last Measurement 18.3.2022), 27.3 M നീളത്തിൽ 200 Mm Pvc Pipe, 498 M നീളത്തിൽ 160 Mm Pvc Pipe എന്നിവ സ്ഥാപിക്കുകയും (Last Measurement 9.3.2023) ചെയ്തിട്ടുണ്ട് (Mbook 234/21-22).

പേരൂർക്കാവ് പാടശേഖരസമിതി അംഗങ്ങൾ ഗുണഭോക്തൃവിഹിതം ജില്ലാപഞ്ചായത്തിൽ അടവാക്കിയതായി പറയുന്നുണ്ടെങ്കിലും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയത് 2016-17 പദ്ധതിയിൽ അടവാക്കിയതായതിനാൽ ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല എന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുള്ളത്. മുൻ വർഷങ്ങളിൽ വിനിയോഗിച്ചിരുന്നോ എന്നും വ്യക്തമല്ല. പേരൂർക്കാവ് അമ്പലത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തുകൂടി പൈപ്പ് ഇട്ടാൽ മാത്രമേ പാടശേഖരത്തേക്ക് വെള്ളം എത്തിക്കാൻ സാധിക്കു എന്നും ആയതിനു ശേഷം മോട്ടോർ, മോട്ടോർ ഷെഡ്ഡ് എന്നിവ സ്ഥാപിച്ച് വൈദ്യുതീകരണം നടത്തി ഗുണഭോക്തൃ സമിതിക്ക് കൈമാറുമെന്നും ഓഡിറ്റ് എൻക്വയറി 24/13.10.23ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2016-17 ൽ ആരംഭിച്ച പദ്ധതി ഇപ്പോഴും ലക്ഷ്യപ്രാപ്തി നേടിയിട്ടില്ല. തുടർപ്രവർത്തനങ്ങളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. 2022-23 ലെ ചെലവ്- 822659/- രൂപ തടസ്സപ്പെടുത്തുന്നു.

1-67 മുരിയാട് -കലാഭവൻ മണി ഇൻഡോർ സ്റ്റേഡിയം പൂർത്തീകരണം- സ്ഥലപരിശോധനയിൽ കണ്ട അപാകതകൾ

പ്രൊജക്റ്റ് നം 535/23

അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി നിർവ്വഹണ ഉദ്യോഗസ്ഥയായി മുരിയാട് ഗ്രാമപഞ്ചായത്തിലെ തങ്കരാജ് കോളനിയിൽ വികസന ഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയിൽ നിന്നും 35 ലക്ഷം രൂപ വകയിരുത്തി 32 M2 വിസ്തീർണ്ണമുള്ള സ്റ്റേജ്, 252 M2 വിസ്തീർണ്ണമുള്ള കോർട്ട് എന്നിവ പണിയുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി 31,46,397/- രൂപ ചെലവഴിച്ച് 2021 ൽ ഇൻഡോർസ്റ്റേഡിയം പണികഴിപ്പിച്ചു. ആയതിന്റെ പൂർത്തീകരണ പ്രവൃത്തികളാണ് 18,04,573 രൂപ ചെലവിൽ 2022-2023 ൽ നടപ്പാക്കിയത്. ആയതുപ്രകാരം ഇലക്ട്രിഫിക്കേഷൻ, ബാഡ്മിന്റൻ കോർട്ടിൽ Wooden Planking, ബാക്കി ഭാഗത്ത് ഫ്ലോർടൈൽ വിരിക്കുക, ഗ്രീൻറൂം- പാസ്സേജ് സ്റ്റീൽ വർക്ക്, വാട്ടർ ടാങ്ക് തുടങ്ങിയ ജോലികളാണ് 2022-2023 ൽ ചെയ്തിട്ടുള്ളത്.
അടങ്കൽ- ധനകാര്യകമ്മീഷൻ ഗ്രാന്റ് -25,00,000

(സ്റ്റേഡിയം പൂർത്തീകരണം 1175248.36 + ഇലക്ട്രിഫിക്കേഷൻ - 608000 + GST, ആകെ= 25,00,000)

ചെലവ്- സിവിൽ വർക്ക് - 12,23,524 + ഇലക്ട്രിക്കൽ വർക്ക്- 581049, ആകെ- 18,04,573

പ്രൊജക്റ്റ് നടപ്പാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) ഇലക്ട്രിക്കൽ വർക്കിനായി 581049 രൂപ ചെലവഴിച്ചു. ഇലക്ട്രിക്കൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതും അളവെടുത്ത് പരിശോധിച്ചതും ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ സാങ്കേതിക സമിതി അംഗങ്ങളാണ്. വയറിംഗ് പ്രവൃത്തി നേരത്തെ ചെയ്തിട്ടുള്ളതാണ്, Flood Light, Yard Light, Stage Light, Wall Fan തുടങ്ങിയവയാണ് എസ്റ്റിമേറ്റ് പ്രകാരം ചെയ്യാനുദ്ദേശിച്ചിരുന്നത്. ഇലക്ട്രിക്കൽ വർക്ക് കോൺട്രാക്ടർ ശ്രീ ബിജു ജോസ്, ടെന്റർ നിരക്ക് – 0.7% Below
കരാർ നം 57/എഇ/ എൽഎസ്ജിഡി/ ഡിവിഷൻ തൃശ്ശൂർ /22-23/6.6.2022
(വൗച്ചർ നം 22200677,678,679,680,681 / 4.11.22/ 5,00,000 രൂപ
വൗച്ചർ നം 22200682,683,684,685,686 / 4.11.22/ 8,1049 രൂപ)
2.12.2023 ൽ ഓഡിറ്റ് ടീം പദ്ധതിപ്രദേശം സന്ദർശിച്ചപ്പോൾ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയുടെ അളവു പുസ്തകം 441/2021-22 പ്രകാരമുള്ള താഴെ പറയുന്ന ഇനങ്ങൾ സ്റ്റേഡിയത്തിൽ കാണാനായില്ല.

| ക്രമ നം | അളവു പുസ്തകം പേജ് നം, | ഇനം, കരാർ പ്രകാരം ചെയ്യേണ്ട എണ്ണം /വില | സൈറ്റിൽ കണ്ടത് | ബാക്കി എണ്ണം, വില |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 13 | Item No 18 Supply,conveyance, Installation, Testing And Commissioning Of 70w LED Flood Light....../ 10 എണ്ണം @ 8576.38/85763.8 | 6 എണ്ണം ഹാളിൽ (സ്റ്റേജിനു മുകളിലുള്ള 2 ലൈറ്റുകൾ ഇതേ ഇനമാണോ എന്ന് വ്യക്തമാക്കിയിട്ടില്ല) | 4എണ്ണം/ 34305.52 |
| 2 | 27 | Item No 54 Supply And Providing 6 Kg Dry Chemical Powder Type Fire Extinguisher.......fixing It To Wall.../ 2 എണ്ണം @ 2100.25 / 4200.5 | ഇല്ല | 2എണ്ണം/ 4200.5 |
| 3 | 28 | Item No 55 Supply And Providing 9 Ltr GI Fire Bucket......./ 2 എണ്ണം @456.69 / 913.38 | ഇല്ല | 2എണ്ണം/ 913.38 |
| | | | | 39419.4 |

റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ Comparative Statement ൽ ഇനം 18- ഫ്ലഡ് ലൈറ്റിന്റെ എണ്ണം 6 ൽ നിന്നും 10 ആക്കി ഉയർത്തിയതിന് കാരണമായി 'For Getting Required Lux In The Badminton Court' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ബാഡ്മിന്റൻ കോർട്ടിൽ 6 എണ്ണം മാത്രമാണ് കാണാനായത്. ഇലക്ട്രിക്കൽ സാങ്കേതിക സമിതി അംഗം അസി.എക്സി.എഞ്ചിനീയർ(റിട്ടയേർഡ്) തയ്യാറാക്കിയ ഇലക്ട്രിക്കൽ ഫിറ്റിംഗ്സിന്റെ ലിസ്റ്റിൽ 10 എണ്ണം ഫ്ലഡ് ലൈറ്റ് സ്ഥാപിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥലപരിശോധനയിൽ ബാഡ്മിന്റൻ കോർട്ടിൽ 6 എണ്ണം മാത്രമാണ് കാണപ്പെട്ടത്. ലിസ്റ്റിൽ അഗ്നിശമന ഉപകരണങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഇവക്ക് തുക അനുവദിച്ചിട്ടുണ്ടെങ്കിലും സ്റ്റേഡിയത്തിൽ സ്ഥാപിച്ചത് കാണാനായില്ല

മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി 63/04-12-2023 ന് മറുപടി ലഭിച്ചിട്ടില്ല. മേൽ പറഞ്ഞ ഇനങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തി ഓഡിറ്റിൽ രേഖാമൂലം മറുപടി ലഭ്യമാക്കാത്തതിനാൽ സ്ഥലപരിശോധനയിൽ കണ്ടെത്താനാവാത്ത ഇനങ്ങളുടെ ചെലവ് 43841/- രൂപ നിരാകരിക്കുന്നു.

| | |
|---|---|
| സ്റ്റേഡിയത്തിൽ സ്ഥാപിക്കാതെ തുക അനുവദിച്ചവയുടെ വില (മേൽ പട്ടിക) | 39419.4/- |

| | |
|---|---|
| (-) Tender Below .7% | 276 |
| (+) GST 12% | 4697.2 |
| ആകെ | 43840.6 |

തുക കോൺട്രാക്ടറിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

2) സ്റ്റേഡിയത്തിലേക്കുള്ള വൈദ്യുതി കണക്ഷൻ താത്ക്കാലിക കണക്ഷനിൽ നിന്നും സ്ഥിരം കണക്ഷനാക്കാത്തതിനുള്ള കാരണം അറിയിക്കേണ്ടതാണ്.

3) 2021 ലെ പദ്ധതി പ്രകാരം സ്റ്റേഡിയത്തിനോട് ചേർന്ന് 3 ശുചിമുറികൾ പണി കഴിപ്പിച്ചിട്ടുണ്ട്. അവയിൽ ഒന്നിൽ ടൈൽ ഇട്ടിട്ടില്ല. ശുചിമുറികളുടെ പിവിസി ഡോറുകൾ കേടുവന്നു തുടങ്ങിയിരിക്കുന്നു.

4) വാട്ടർ ടാങ്ക് സ്ഥാപിച്ച് പ്ലംമ്പിങ്ങ് നടത്തിയെങ്കിലും ജലലഭ്യത ഉറപ്പാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി 63/04-12-2023 ന് മറുപടി ലഭിച്ചിട്ടില്ല. അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-68 വെണ്ണൂർത്തുറ സംരക്ഷണം സർവ്വേ തുക അടവാക്കൽ പദ്ധതി-പദ്ധതി പുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമല്ല

പ്രൊജക്റ്റ് നം -336/23

നിർവ്വഹണം -അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി

അടങ്കൽ-തനത്ഫണ്ട്- 10,00,000/-

ചെലവ്- ചെക്ക് നം 5630810/19.4.2022/ 149310

ചെക്ക് നം 5843114/27.6.2022/ 55350 ആകെ- 2,04,660/-

2021-22 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതിയാണ് ഇത്. വെണ്ണൂർത്തുറ സംരക്ഷണ പദ്ധതിയുടെ ഡിപിആർ തയ്യാറാക്കുന്നതിനായി 2021-22 ൽ 24.19 ലക്ഷം രൂപ ചെലവഴിച്ചിരുന്നു. വെണ്ണൂർത്തുറ സംരക്ഷണ പ്രൊജക്ടുകളുടെ ഭാഗമായി വെണ്ണൂർത്തുറ പ്രദേശം സർവ്വേ നടത്തുന്നതിന് തുക അടവാക്കുന്നതിനുള്ളതാണ് ഈ വർഷം മേൽപ്രൊജക്റ്റ് പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. സർവ്വേ ജോലികളുടെ ചുമതല ചാലക്കുടി ഭൂരേഖ തഹസിൽദാർക്കാണ്. ഭൂരേഖ തഹസിൽദാരുമായി കരാറിൽ ഏർപ്പെടാതെ തന്നെ പൂർത്തിയാക്കിയ സർവ്വെ ജോലിക്ക് അനുസൃതമായി താൽക്കാലിക ജീവനക്കാർക്ക് വേതനം നൽകുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എക്സി.എഞ്ചിനീയർക്ക് നിർദ്ദേശം നൽകി ജില്ലാ പഞ്ചായത്ത് 25.3.2022 തിയതിയിൽ 10(2)-ാം നമ്പർ തീരുമാനം എടുത്തിട്ടുണ്ട്. ആയതു പ്രകാരം 2,04,660/-രൂപ ചാലക്കുടി തഹസിൽദാർക്ക് അനുവദിച്ചിട്ടുണ്ട്. ചാലക്കുടി ഭൂരേഖ തഹസിൽദാർ സെക്രട്ടറിക്ക് അയച്ച 19.3.2022 തിയതിയിലെ ബി 6-5875/2021 നമ്പർ കത്തുപ്രകാരം വെണ്ണൂർത്തുറ ജലാശയത്തിന്റെ അതിർത്തികൾ തിട്ടപ്പെടുത്തുന്നതിനായി ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള മൂന്ന് സർവ്വേയർമാരെ സഹായിക്കുന്നതിനായി ഒരു സർവ്വേയർക്ക് രണ്ട് ചെയിൻമാൻമാരെ വീതം ചുമതലപ്പെടുത്തിയിരുന്നു. ടി ചെയിൻമാൻമാരായ വേണു ജി പിള്ള, ബാലകൃഷ്ണൻ, അജിത് കൃഷ്ണ, അമൽ, ഹനേഷ്, ശ്രീക്കുട്ടൻ, സിജോയി.ടിഎസ് എന്നിവർക്ക് 11/21 മാസം

മുതൽ 4/22 മാസം വരെ ജോലി ചെയ്ത ദിവസങ്ങൾക്ക് അളവുബത്ത തുക കണക്കാക്കി തഹസിൽദാർ അറിയിച്ച പ്രകാരമുള്ള തുകയാണ് രണ്ടു പ്രാവശ്യമായി അനുവദിച്ചിട്ടുള്ളത്.

പദ്ധതിപ്രകാരം 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ഈ തുക ഏതെല്ലാം കാര്യങ്ങൾക്ക് ചെലവഴിക്കണം എന്ന് പ്രൊജക്റ്റ് രൂപീകരണ ഫോറത്തിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതിയിൽ ചെയ്യേണ്ട കാര്യങ്ങൾ സംബന്ധിച്ച രൂപരേഖ/എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. സർവ്വെ നടത്തുന്നതു മാത്രമാണോ പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത്, സർവ്വെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ, പദ്ധതി പ്രകാരം ഉദ്ദേശിച്ചിരുന്ന മറ്റ് പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്നീ കാര്യങ്ങളിൽ വ്യക്തതയില്ല. പദ്ധതിയുടെ നിലവിലെ സ്ഥിതി/പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 28/ 20-10-2023 നൽകിയെങ്കിലും വിവരം ലഭിച്ചിട്ടില്ല. സർവ്വെ റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. 2021-22 ൽ ഡിപിആർ തയ്യാറാക്കുന്നതിനായി തുക ചെലവഴിച്ചുവെങ്കിലും ആയതും പൂർത്തീകരിച്ച് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ വിവരങ്ങൾ ലഭ്യമാക്കുന്നതു വരെ 2022-23 വർഷം വെണ്ണൂർത്തുറ പ്രദേശം സർവ്വേ നടത്തുന്നതിന് ചെലവു ചെയ്ത തുക 2,04,660/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-69 കളക്ടറേറ്റ് കോംപൗണ്ടിൽ ടേക്ക് എ ബ്രേക്ക് വഴിയോര വിശ്രമ കേന്ദ്രം നിർമ്മാണം- സ്ഥലം തെരഞ്ഞെടുത്തതിൽ അപാകത. തുടർ നടത്തിപ്പിൽ അവ്യക്തത- നടപടി സ്വീകരിക്കണം

2020-21 ലെ വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകി ഏറ്റെടുക്കേണ്ട പന്ത്രണ്ടിന പരിപാടിയിലുൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും പൊതു ടോയ്‌ലറ്റുകൾ, ടേക്ക് എ ബ്രേക്ക് വഴിയോര വിശ്രമ കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് 06.03.2020 ലെ സ.ഉ.(കൈ) നം.45/2020ത.സ്വ.ഭ.വ ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിരുന്നു. ഉയർന്ന നിരവാരമുള്ള പൊതു ശുചിമുറി സമുച്ചയങ്ങൾ, ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ എന്നിവ സംസ്ഥാന വ്യാപകമായി സ്ഥാപിക്കുന്നതിനും, ഇതിനായി തദ്ദേശസ്ഥാപനങ്ങളുടെ/കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്തുകളിലും ചെറിയ മുനിസിപ്പാലിറ്റികളിലും കുറഞ്ഞത് ഒന്നു വീതവും, വലിയ നഗരസഭകളിൽ രണ്ട് വീതവും കോർപ്പറേഷൻ പരിധിയിൽ അഞ്ച് വീതവും 31.3.2021 നകം നിർമ്മിച്ച് വിശ്രമസ്ഥലം, കുടിവെള്ളം, നാപ്കിൻവെന്റിംഗ് സംവിധാനം എന്നീ സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, ജനങ്ങൾ കൂടുതലായെത്തുന്ന ഇടങ്ങളിൽ പേ ഏന്റ് യൂസ് സംവിധാനത്തിലൂടെ ആളെ ചുമതലപ്പെടുത്തുന്നതിനും, അല്ലാത്ത ഇടങ്ങളിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ പരിപാലനം നടത്തുന്നതിനും ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.



സാധ്യമെങ്കിൽ മറ്റ് സ്രോതസ്സുകളിൽ നിന്നും ഫണ്ട് കണ്ടെത്തി പദ്ധതി നടപ്പാക്കുന്നതിന് ഉത്തരവിൽ നിർദ്ദേശിച്ചിരുന്നതിനാൽ നഗര സഞ്ചയ പദ്ധതിയിൽ തുക വകയിരുത്തി കോർപ്പറേഷൻ പരിധിയിൽ ടേക്ക് എ ബ്രേക്ക് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് തൃശ്ശൂർ നഗരസഭ പദ്ധതി തയ്യാറാക്കുകയുണ്ടായി. എന്നാൽ നഗരസഭയുടെ അയ്യന്തോൾ മേഖലാ പരിധിയിലുൾപ്പെടുന്ന പ്രദേശത്ത് കളക്ടറേറ്റ് കോംപൌണ്ടിനുള്ളിൽ വിശ്രമ കേന്ദ്രം സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പദ്ധതി തയ്യാറാക്കി ക്വട്ടേഷൻ ക്ഷണിച്ച് പ്രവൃത്തി നടത്തിയതായി കണ്ടു. കളക്ടറേറ്റ് കോംപൌണ്ടിനുള്ളിൽ ടേക്ക് എ ബ്രേക്ക് കെട്ടിടത്തിനായി 4 സെന്റ് സ്ഥലം എസ്റ്റേറ്റ് കമ്മിറ്റിയുടെ തീരുമാന പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിരീക്ഷണങ്ങൾ

1. തൃശ്ശൂർ നഗരസഭയുടെ സോണൽ പരിധിയിലെ അയ്യന്തോൾ പ്രദേശത്ത് നഗരസഭയുടെ നഗരസഞ്ചയ പദ്ധതി പ്രകാരം നടപ്പാക്കുന്ന ടേക്ക് എ ബ്രേക്ക് പദ്ധതി നിർവ്വഹണം നടത്തുന്നതിന്റെ ചുമതല തൃശ്ശൂർ കോർപ്പറേഷന്റേതായിരിക്കെ ജില്ലാ പഞ്ചായത്ത് ഈ പദ്ധതി ഏറ്റെടുത്ത് നടത്തുന്നതിന് ഇടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. പദ്ധതികളുടെ ബാഹുല്യം മൂലം ജില്ലാ പഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികൾ തന്നെ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്ത ജില്ലാ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തെ ഈ പ്രവൃത്തി നടത്തുന്നതിന് ചുമതലപ്പെടുത്തിയ ബഹു. ജില്ലാ കളക്ടറുടെ ഉത്തരവിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

2. തദ്ദേശസ്ഥാപന തലത്തിൽ പൊതു ടോയ്‌ലറ്റ് ടേക്ക് എ ബ്രേക്ക് സംവിധാനം സ്ഥാപിക്കുന്നതിനായി രൂപീകരിക്കേണ്ട കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ട അംഗങ്ങളും, അവരുടെ പദവികളും-സ്ഥാനമാനങ്ങളും സംബന്ധിച്ച് 06.03.2020 ലെ സ.ഉ.(കൈ) 45/2020 ത.സ്വ.ഭ.വ. ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതു പ്രകാരം കമ്മിറ്റി രൂപീകരിച്ചിട്ടില്ല. കളക്ടറേറ്റ് കോംപൌണ്ടിൽ ടോയ്‌ലറ്റ് സമുച്ചയം നിർമ്മിക്കുന്നതിന് കോർപ്പറേഷൻ ഭരണ സമിതി, മേൽ പ്രകാരമുള്ള കമ്മിറ്റി എന്നിവർ തീരുമാനമെടുത്തിട്ടില്ല. വിശദ വിവരങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

3. നഗരസഞ്ചയ പദ്ധതിയിൽ വകയിരുത്തിയ തുക ഉപയോഗിച്ച് വിശ്രമ കേന്ദ്രം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി 12.1.2021 ന് ടെണ്ടർ, 4.2.21 ന് റീ ടെണ്ടർ, 23.2.21 ന് ക്വട്ടേഷൻ എന്നിവ ക്ഷണിച്ചതായി ഫയലിൽ രേഖപ്പെടുത്തി കാണുന്നു. എന്നാൽ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ആവശ്യപ്പെട്ടു കൊണ്ട് ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ കത്ത് നൽകിയത് 14.9.2021 നാണെന്ന് സ്ഥലം അനുവദിച്ച ബഹു. ജില്ലാ കളക്ടറുടെ നം.സി.9-DCTSR/8147/2021 Dt.2011.2021 നടപടി ഉത്തരവിൽ രേഖപ്പെടുത്തി കാണുന്നു. ഇതിൽ നിന്നും കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി മാസങ്ങൾക്ക് ശേഷമാണ് പദ്ധതി നിർവ്വഹിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തിയത് എന്ന് വ്യക്തമാണ്. ഇത് ക്രമപ്രകാരമല്ല.

4. 27.07.2020ലെ സ.ഉ. (സാധാ) നം.1401/2020ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം കോർപ്പറേഷൻ ഓഫീസ് പരിസരത്ത് ഒന്നും, സംസ്ഥാന/ദേശീയപാതയോരങ്ങൾ, വാണിജ്യകേന്ദ്രങ്ങൾക്ക് സമീപം, ബസ് സ്റ്റോപ്പ്/ബസ് സ്റ്റാന്റ് എന്നിവിടങ്ങളിലായി ഏഴും ശുചിമുറി സമുച്ചയങ്ങൾ അടക്കം ഓരോ മുനിസിപ്പൽ കോർപ്പറേഷനിലും ഉയർന്ന നിലവാരമുള്ള എട്ട് ശുചിമുറി സമുച്ചയങ്ങൾ വീതം നിർമ്മിക്കുന്നതിനും, ഇങ്ങനെ നിർമ്മിക്കുമ്പോൾ വഴിയാത്രക്കാരായ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്നതിനായി നിശ്ചിത സ്ഥലങ്ങളിൽ നിലവിൽ ശുചിമുറികൾ ഇല്ലാത്തയിടങ്ങളിൽ മാത്രം (ദേശീയ/സംസ്ഥാന പാതയോരങ്ങൾക്ക് മുൻഗണന) പുതിയ ശുചിമുറികളുടെ നിർമ്മാണം നടത്തുന്നതിനുമാണ് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്.

എന്നാൽ സംസ്ഥാന-ദേശീയപാതയോരങ്ങൾക്ക് മുൻഗണന നൽകുന്നതിന് പകരം പണം കൊടുത്ത് ഉപയോഗിക്കാവുന്ന ടോയ് ലറ്റ് സമുച്ചയവും, ഇതിന് മുകളിൽ കോഫീ ഷോപ്പും കളക്ടറേറ്റ് കോംപൌണ്ടിൽ നിർമ്മിക്കുന്നതിന് 38.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നഗരസഞ്ചയ പദ്ധതിയിലുൾപ്പെടുത്തി പ്രവൃത്തി നടത്തുകയാണുണ്ടായത്. കളക്ടറേറ്റിൽ എത്തുന്ന പൊതുജനങ്ങൾക്കും, ജീവനക്കാർക്കും സൗജന്യമായി ഉപയോഗിക്കാവുന്ന ടോയ്‌ലറ്റ് സമുച്ചയങ്ങൾ കളക്ടറേറ്റിന്റെ മൂന്ന് നിലകളിലുമുണ്ട്. കളക്ടറേറ്റ് കോംപൌണ്ടിൽ രണ്ട് കാന്റീനുകൾ, മിൽമ ബൂത്ത് എന്നിവയും ഉണ്ട്. സമീപത്തെങ്ങും പൊതു വിശ്രമസ്ഥലം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ സ്ത്രീകൾക്ക് രാത്രികാലങ്ങളിലും, സുരക്ഷിതമായും എളുപ്പത്തിലും ഉപയോഗിക്കാവുന്ന രീതിയിൽ പ്രധാന വാണിജ്യ കേന്ദ്രത്തിലോ, ബസ് സ്റ്റേഷനിലോ, ദേശീയ സംസ്ഥാന പാതയോരങ്ങളിലോ ആയിരിക്കണം ശുചിമുറി നിർമ്മിക്കേണ്ടത് എന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടും അതു പാലിക്കാതെ പദ്ധതി നടപ്പാക്കുന്നതിന് കളക്ടറേറ്റ് കോംപൌണ്ട് തെരഞ്ഞെടുത്തത് അനുയോജ്യമായി കാണുന്നില്ല. വിശ്രമസ്ഥലം, കുടിവെള്ളം, നാപ്കിൻ

വെന്റിംഗ് സംവിധാനം എന്നീ സൗകര്യങ്ങൾ കെട്ടിടത്തിൽ ഒരുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും മതിയായ വിശ്രമസ്ഥലം കെട്ടിടത്തിൽ ഇല്ല.

5. പ്രതിദിനം 150 ലധികം ആളുകൾ ഉപയോഗിക്കുമെന്ന് കരുതുന്ന പ്രീമിയം തല ശുചിമുറി സമുച്ചയങ്ങളോട് ചേർന്ന് കോഫി/റിഫ്രഷ് മെന്റ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും കുടുംബശ്രീയുമായി കരാറിലേർപ്പെട്ട് ഇവ നടത്തുന്നതിനും നടപടി സ്വീകരിക്കാവുന്നതാണ് എന്ന് ഉത്തരവിൽ വ്യക്തമാക്കിയിരുന്നതനുസരിച്ചാണ് മുകൾ നിലയിൽ കോഫീ ഷോപ്പ് കൂടി ഉൾപ്പെടുത്തി കളക്ടറേറ്റിന്റെ പ്രധാന പ്രവേശന കവാടത്തിനടുത്ത് ടേക്ക് എ ബ്രേക്ക് കേന്ദ്രം നിർമ്മിക്കുന്നതിന് ജില്ലാ പഞ്ചായത്ത് 38.5 ലക്ഷം രൂപ എസ്റ്റിമേറ്റിൽ ആദ്യം പദ്ധതി തയ്യാറാക്കിയിരുന്നത്. എന്നാൽ പാർക്കിംഗ് ഗ്രൗണ്ടിനരികിലെ എക്സിറ്റ് ഗേറ്റിനരികിലേക്ക് പിന്നീട് സൈറ്റ് മാറ്റുകയും സ്ഥലപരിമിതി മൂലം എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്ഥമായി ടോയ്‌ലറ്റുകളുടെ എണ്ണത്തിൽ കുറവ് വരുത്തുകയും ചെയ്തിട്ടുള്ളത് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വാഹനങ്ങൾ പുറത്തേക്ക് കടക്കുന്നതിനും താരതമ്യേന കുറവ് മാത്രം പൊതുജനങ്ങൾ പ്രയോജനപ്പെടുത്തുന്നതുമായ കളക്ടറേറ്റിന്റെ ഏറ്റവും വടക്ക് ഭാഗത്തുള്ള എക്സിറ്റ് ഗേറ്റിനരികിൽ കോഫീ ഷോപ്പ് ഉൾപ്പെടുത്തി പെയ്ഡ് ടോയ്‌ലറ്റുകൾ ഉള്ള ടേക്ക് എ ബ്രേക്ക് കെട്ടിടം നിർമ്മിച്ചത് മൂലം ലക്ഷ്യമിട്ടതു പ്രകാരമുള്ള പ്രയോജനം പൊതുജനങ്ങൾക്ക്



ലഭിക്കുമെന്ന് കരുതാനാവില്ല. സൗജന്യമായി ഉപയോഗിക്കാവുന്ന ടോയ്‌ലറ്റുകൾ കളക്ടറേറ്റിൽ ഉള്ളതിനാൽ ഉത്തരവിൽ നിർദ്ദേശിക്കുന്ന രീതിയിൽ കുടുംബശ്രീ പ്രവർത്തകർക്ക് വേതനം നൽകി, ശുചീകരണ സാമഗ്രികൾ, വൈദ്യുതി, കുടിവെള്ള ചാർജ്ജുകൾ അടവാക്കി തുടർന്ന് പ്രവർത്തിക്കുന്നതിന് ആവശ്യമായ തുക പെയ്ഡ് ടോയ്‌ലറ്റുകൾ വഴി കണ്ടെത്താൻ സാധിക്കുമെന്ന് ഉറപ്പാക്കാനാവില്ല.

ടേക്ക് എ ബ്രേക്ക് കെട്ടിടം പ്രവർത്തിപ്പിക്കാൻ മതിയായ തുക കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ തദ്ദേശ സ്ഥാപനവും കുടുംബശ്രീ യൂണിറ്റും ചേർന്ന് മാനേജ്മെന്റ് ഫീസ് നിശ്ചയിക്കുന്നതിനും, പോരാതെ വരുന്ന തുക വയബിലിറ്റി ഗ്യാപ് ഫണ്ട് ആയി നൽകുന്നതിനും തദ്ദേശ സ്ഥാപനത്തിന് സാധിക്കുന്നതാണ്. എന്നാൽ റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പ്രദേശത്ത് നഗരസഭാ ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ മേൽനോട്ട ചുമതല മാത്രമാണ് ജില്ലാ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിനുള്ളത്. ആയതിനാൽ നഗരസഭാ അയ്യന്തോൾ മേഖലാ പരിധിയിലുള്ള പ്രദേശത്തുള്ള കളക്ടറേറ്റ് കോംപൗണ്ടിനുള്ളിൽ ഫണ്ട് കൈമാറിയതനുസരിച്ച് കെട്ടിടം നിർമ്മിച്ച് കൈമാറുക എന്നതിനപ്പുറം ടേക്ക് എ ബ്രേക്ക് കെട്ടിടം തുടർന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ കരാറുകൾ ചമയ്ക്കുന്നതിനോ, മാനേജ്മെന്റ് ഫീസ് നിശ്ചയിക്കുന്നതിനോ, തദ്ദേശ സ്ഥാപനത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തി വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിനോ ജില്ലാ പഞ്ചായത്തിന് സാധിക്കുകയില്ല. കെട്ടിട നമ്പർ, വൈദ്യുതി കണക്ഷൻ, വാട്ടർകണക്ഷൻ, റിഫ്രഷ്മെന്റ് ഷോപ്പിനാവശ്യമായ ലൈസൻസ് എന്നിവ ലഭിച്ചാൽ മാത്രമേ കെട്ടിടം ലക്ഷ്യമിട്ടതു പ്രകാരം വിനിയോഗിക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ഉദ്ഘാടന സജ്ജമായ കെട്ടിടത്തിന്റെ തുടർ പ്രവർത്തനം ഉറപ്പു വരുത്തുന്നതിന് നഗരസഭയുമായും, കളക്ടറേറ്റുമായും ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-70 കിഴുത്താണി ഗ്രാമീണവായനശാല റീഡിംഗ് റൂം -കാറളം ഗ്രാമപഞ്ചായത്ത്

അസി.എക്സി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി നിർവ്വഹണഉദ്യോഗസ്ഥയായി കാറളം ഗ്രാമപഞ്ചായത്തിലെ കിഴുത്താണി ഗ്രാമീണവായനശാലയുടെ നിലവിലുള്ള വായനശാലകെട്ടിടത്തിന്

മുകളിൽ റീഡിംഗ് റൂമും താഴെ ടോയ്‌ലെറ്റും പണിയുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ ലൈബ്രറി കൗൺസിൽ അംഗങ്ങളുടെ ആവശ്യപ്രകാരം ലൈബ്രറിക്ക് കൂടുതൽ സ്ഥലസൗകര്യം ഒരുക്കുന്നതിനു വേണ്ടി വായനശാലകെട്ടിടത്തിന് മുകളിൽ ട്രസ്സ് വർക്ക് ചെയ്യുന്നതിനു പകരം താഴെ ടോയ്‌ലെറ്റ് നിർമ്മിക്കാൻ കണ്ടെത്തിയിരുന്ന സ്ഥലത്ത് നിലവിലുള്ള ലൈബ്രറി കെട്ടിടത്തോട് ചേർന്ന് പുതിയകെട്ടിടം (6.54m X 4.17m) പണിയുന്നതിന് എസ്റ്റിമേറ്റ് റിവൈസ് ചെയ്തു.

അടങ്കൽ- ധനകാര്യകമ്മീഷൻ ഗ്രാന്റ് - 12,00,000 , ചെലവ് - 11,45,001/-

2.12.2023 ന് ഓഡിറ്റ് ടീം പദ്ധതിസ്ഥലം സന്ദർശിക്കുകയുണ്ടായി. പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനായി



രണ്ട് മുറികളുള്ള ലൈബ്രറികെട്ടിടവും അതിനോടു ചേർന്ന് 2015 ൽ ഉദ്ഘാടനം ചെയ്തു 95.52 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള വലിയ റീഡിംഗ് റൂമും ഈ ഹാളിനുള്ളിലായി ശുചിമുറിയും ഉണ്ട്. നിലവിലെ ലൈബ്രറി കെട്ടിടത്തോട് ചേർന്ന് പുറത്ത് ഗോവണിയും ഉണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 11.45 ലക്ഷം രൂപക്ക് ഹാളിനോട് ചേർന്ന് പുതിയ മുറിയും അതിനുള്ളിലായി വലിയ ഒരു ഗോവണിയും ശുചിമുറിയും നിർമ്മിച്ചിരിക്കുന്നു. പുതിയ മുറിക്ക് താഴെ നിലയിൽ



27.27 M2, മുകളിലത്തെ നിലയിൽ 16.01 M2 വീതം വിസ്തീർണ്ണമാണ് ഉള്ളത്. മുറിക്കുള്ളിൽ ഗോവണിയും ശുചിമുറിയും കഴിഞ്ഞാൽ രണ്ട് നിലകളിലുമായി സ്ഥലസൗകര്യം തീരെയില്ല, ആയത് ഉപയോഗപ്രദമാക്കിയതായും കാണാനായില്ല. നിലവിലുള്ള വായനശാലകെട്ടിടത്തിന് മുകളിൽ ട്രസ്സ് വർക്ക് ചെയ്ത് റീഡിംഗ് റൂം നിർമ്മിക്കുന്നതിനായി ആദ്യം തയ്യാറാക്കിയിരുന്ന എസ്റ്റിമേറ്റ്, ലൈബ്രറിക്ക് കൂടുതൽ സ്ഥലസൗകര്യം ഒരുക്കുന്നതിനുവേണ്ടി എന്ന പേരിൽ പുതുക്കി നിലവിലുള്ള കെട്ടിടത്തോട് ചേർന്ന് താഴെ തന്നെ പ്രത്യേകമായി ഒരു മുറി പണിതു. ലൈബ്രറിയോട് ചേർന്ന് ആവശ്യത്തിന് സൗകര്യമുള്ള റീഡിംഗ് റൂമും ശുചിമുറിയും ഉണ്ട്. ഇപ്രകാരം പുതിയ മുറി പണിതതുകൊണ്ട് ലൈബ്രറിക്ക് കൂടുതൽ സ്ഥലസൗകര്യം ലഭിച്ചതായി കാണാനായില്ല. ആയതിനാൽ 11.45 ലക്ഷം രൂപയുടെ മേൽ പറഞ്ഞ പ്രകാരമുള്ള പദ്ധതിച്ചെലവ് പാഴ്ചെലവാണെന്ന് സ്ഥലം സന്ദർശിച്ച് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് വിലയിരുത്തുന്നു.

(ഓഡിറ്റ് എൻക്വയറി 64/05-12-2023)

### 1-71 ചേലക്കര ഗ്രാമപഞ്ചായത്ത്-കളപ്പാറക്കുന്ന് കോളനി നവീകരണം-വൈകി പ്രവൃത്തി പൂർത്തീകരിച്ചു- പിഴ ഈടാക്കിയിട്ടില്ല

അടങ്കൽ-എസ്.സി.പി- 18,00,000 ( Estimate Amount = 15,00,000)

ചെലവ്- 14,46,154

കളപ്പാറകുന്ന് കോളനിയിലെ റോഡിൽ കരിങ്കൽ പാർശ്വഭിത്തി/കോൺ ക്രീറ്റ് പാർശ്വഭിത്തി കെട്ടി സൈഡ്പ്രൊട്ടക്ഷൻ നൽകുന്നതിനുള്ള പദ്ധതിയാണ്.

കരാറുകാരൻ- ഫൈസി.എം.എം, കരാർതുക-13,57,474/-

കരാർ നം 39/AEE/ 22-23/26.5.2022, പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി 6 മാസം

കരാർ പ്രകാരം 25.11.2022 നുള്ളിൽ പൂർത്തീകരിക്കേണ്ട പ്രവൃത്തി, അളവു പുസ്തകം 793/21-22 പേജ് 18 പ്രകാരം പൂർത്തീകരിച്ചിരിക്കുന്നത് 16.3.2023 നാണ്.

കരാർ കാലാവധി നീട്ടി നൽകുന്നതിനായി കരാറുകാരൻ സമർപ്പിച്ച അപേക്ഷകളിൽ കരാർ

കാലയളവിൽ മഴ പെയ്തതിനാൽ മണ്ണിടിച്ചിലിന് സാധ്യതയുള്ളതുകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചില്ല, മെറ്റീരിയൽ ലഭ്യതക്കുറവ് എന്നീ കാരണങ്ങളാണ് കാണിച്ചിരിക്കുന്നത്. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിലും കാലതാമസത്തിന് ഇതേ കാരണങ്ങളാണ് പറഞ്ഞിരിക്കുന്നത്. 26.5.2022 മുതൽ 25.11.2022 വരെയായിരുന്നു കരാർ കാലയളവ്. ഈ കാലയളവിൽ മുഴുവൻ സമയവും മഴയായിരുന്നു എന്നത് വിശ്വസനീയമല്ല. അളവു പുസ്തകപ്രകാരം പ്രവൃത്തിയുടെ ആദ്യ അളവെടുത്തിരിക്കുന്നത് 24.1.2023 നാണ്, അതായത് കരാർ കാലയളവിൽ പ്രവൃത്തി ആരംഭിച്ചിട്ടുപോലുമില്ല എന്നത് വ്യക്തമാണ്. മണ്ണിടിച്ചിലിന് സാധ്യതയുള്ള സ്ഥലമായിരുന്നുവെങ്കിൽ സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തി കാലതാമസം കൂടാതെ ചെയ്തുതീർക്കുകയായിരുന്നു വേണ്ടിയിരുന്നത്. കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതു സംബന്ധിച്ച് കരാറുകാരന് അറിയിപ്പ് നൽകിയതിന്റെ രേഖകൾ ഫയലിൽ ഇല്ല.

കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് ചേലക്കര AE യുടെ റിപ്പോർട്ട്, പഴയന്നൂർ AExE യുടെ ശുപാർശ എന്നിവയിന്മേൽ മരാമത്ത് വിഭാഗം ഡിവിഷണൽ അക്കൗണ്ടന്റ് കരാർ കാലാവധി ദീർഘിപ്പിക്കാവുന്നതാണെന്ന് 25.3.2023ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കരാർ കാലാവധി നീട്ടി നൽകുന്നതിന് പിഴ ഈടാക്കേണ്ടതില്ല എന്നത് സംബന്ധിച്ച് പഴയന്നൂർ AExE, ഡിവിഷണൽ അക്കൗണ്ടന്റ് എന്നിവർ വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥയായ ജില്ലാ പഞ്ചായത്ത് AExE, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരും ഇക്കാര്യത്തിൽ തീരുമാനം രേഖപ്പെടുത്തിയിട്ടില്ല. (ജില്ലാ പഞ്ചായത്ത് AExE, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ ഫൈനൽബിൽ അംഗീകരിച്ചിട്ടുണ്ട്)

25.11.2022 ന് പൂർത്തീകരിക്കേണ്ട പ്രവൃത്തി 110 ദിവസങ്ങൾ വൈകി 16.3.2023ന് പൂർത്തീകരിച്ചിട്ടും കരാറുകാരനിൽ നിന്നും വ്യക്തമായ കാരണമില്ലാതെ പിഴ ഈടാക്കാതിരുന്നത് ശരിയായ നടപടിയല്ല. ഇക്കാര്യത്തിൽ പരിശോധിച്ച് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 51/21-11-2023 ന് ലഭിച്ച വിശദീകരണം തൃപ്തികരമല്ല. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ഇല്ലാത്തപക്ഷം വ്യക്തമായ കാരണം കൂടാതെ കാലതാമസം വരുത്തുന്ന കരാറുകാരനിൽ നിന്നും പിഴ ഈടാക്കേണ്ടതുമാണ്.

1-72 നടത്തറ-മൂർക്കനിക്കര മൂർക്കൻ കുന്ന് കോളനി നവീകരണം-എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകത, പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം

നിർവ്വഹണം- അസി.എക്സി.അഞ്ചിനീയർ, എസ്.എസ്.ജി.ഡി

അടങ്കൽ-എസ്.സി.പി- 15,00,000

ചെലവ്- 14,46,154/-

കരാറുകാരൻ-കെ.എസ്.സുധീഷ്, എസ്റ്റിമേറ്റ് നിരക്ക്

കരാർ നം 214/AEE/20-21/26.2.2021, കരാർ കാലാവധി 10 മാസം (25.12.2021 വരെ) (കരാർ വക്കാൻ കാലതാമസം വരുത്തിയതിന് കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ട്.)

25.12.2021 ന് പൂർത്തീകരിക്കേണ്ട പ്രവൃത്തി അളവുപുസ്തകം 369/2021 പേജ് 84 പ്രകാരം പൂർത്തീകരിച്ചത് 17.11.2022 നാണ്. അളവു പുസ്തകപ്രകാരം പ്രവൃത്തിയുടെ ആദ്യ അളവെടുത്തിട്ടുള്ളതു 4.3.2022 നാണ്. അതായത് പ്രവൃത്തി പൂർത്തീകരണ കാലയളവിനുള്ളിൽ ആരംഭിച്ചിട്ടുപോലുമില്ല. ഇക്കാര്യം സംബന്ധിച്ച് നടത്തറ അസി.എഞ്ചിനീയർ ജില്ലാപഞ്ചായത്ത് എക്സി.എഞ്ചിനീയർക്കും എക്സി.എഞ്ചിനീയർ കരാറുകാരനും നൽകിയ കത്തുകൾ ഫയലിലുണ്ട്. 27.10.22 ന് എക്സി.എഞ്ചിനീയർ എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് സെക്രട്ടറിക്ക് കത്തയച്ചിട്ടുണ്ട്.

പ്രവൃത്തി ചെയ്തുവന്നപ്പോൾ റോഡിന്റെ വീതി കൂട്ടേണ്ടിവന്നു, മരങ്ങൾ മുറിക്കേണ്ടിവന്നു, മണ്ണിടിയുന്നതിനാൽ റീട്ടെയ്നിംഗ് വാളിന്റെ വീതി കൂട്ടേണ്ടി വന്നു, കോളനിക്കുള്ളിലെ റോഡുകൾ പല

തട്ടുകളിലായതിനാൽ റോഡിന്റെ വശങ്ങൾ ഡി.ആർ മേസണറി ഉപയോഗിച്ച് സൈഡ് പ്രൊട്ടക്ഷൻ ചെയ്യേണ്ടിവന്ന തുടങ്ങിയ കാരണങ്ങളാലാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരിക്കുന്നത്. റിവൈസ്ഡ് എസ്റ്റിമേറ്റിന് 2.11.2022 തിയതിയിൽ 50603/2020-21 നമ്പർ പ്രകാരം സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. 17.11.2022 ന് പണി പൂർത്തീകരിച്ചു.

അപാകതകൾ:-

(A) ഒറിജിനൽ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ പദ്ധതിസ്ഥലം ശരിയായ രീതിയിൽ പരിശോധിച്ച് വിലയിരുത്തിയിട്ടില്ല. പദ്ധതി പ്രദേശത്തിന്റെ അവസ്ഥ പരിഗണിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കി കരാർ കൊടുത്തു.

(B) കരാറുകാരൻ പ്രവൃത്തി ആരംഭിച്ച് കുറെ കഴിഞ്ഞ ശേഷമാണ് എസ്റ്റിമേറ്റ് പുതുക്കേണ്ടകാര്യം പരിഗണിച്ചിട്ടുള്ളത്. റിവൈസ്ഡ് എസ്റ്റിമേറ്റിലെ പുതിയ ഇനമായ 'എക്സ്കവേഷൻ ഇൻ ഓർഡിനറി റോക്ക്.... 'എന്ന എക്സ്ട്രാ ഇനം ചെയ്തത് അളവുപുസ്തകം 369/20-21 പേജ് 5 പ്രകാരം 9.3.2022 തിയതിയിൽ അളവെടുത്തു കഴിഞ്ഞ് മാസങ്ങൾക്കുശേഷം 27.10.22 നാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുള്ളത്. എസ്റ്റിമേറ്റിൽ ഇല്ലാത്ത ഇനം കരാറുകാരൻ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടും എത്രയും വേഗം എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കി പണി സമയബന്ധിതമായി പൂർത്തീകരിക്കാൻ ഉത്തരവാദപ്പെട്ടവർ ശ്രദ്ധിച്ചിട്ടില്ല.

(C) 25.12.2021 ന് പൂർത്തീകരിക്കേണ്ട പ്രവൃത്തി 31.3.2022 വരെയും തുടർന്ന് 30.6.2022, 30.9.2022, 30.11.2022 എന്നീ തിയതികൾ വരെയും പിഴ കൂടാതെ കാലാവധി നീട്ടിനൽകാൻ കരാറുകാരന്റെ അപേക്ഷയിന്മേൽ നടത്തറ എ.ഇ, ഒല്ലൂക്കര എ.എക്സ്.ഇ എന്നിവർ ശുപാർശ നൽകിയിട്ടുണ്ട്. ആയതിന്മേൽ ഡിഎ, നിർവ്വഹണ ഉദ്യോഗസ്ഥയായ ജില്ലാ പഞ്ചായത്ത് AExE, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരാരും തന്നെ അഭിപ്രായം രേഖപ്പെടുത്തി തീരുമാനം എടുത്തിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാൻ 11 മാസത്തോളം വൈകിയിട്ടും കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. 26.2.2021 ന് കരാർ വച്ച പ്രവൃത്തി 2.11.2022 ന് റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകി 17.11.2022 നാണ് പണി പൂർത്തീകരിച്ചത്. പദ്ധതി നിർവ്വഹണത്തിലെ കാലതാമസത്തിന് ഓഡിറ്റ് എൻക്വയറി 51/21-11-2023 ന് ലഭിച്ച മറുപടി തൃപ്തികരമല്ല. എസ്റ്റിമേറ്റ് പുതുക്കുന്നതിലെ കാലതാമസമാണോ കരാറുകാരന്റെ ഭാഗത്തുനിന്നുമുണ്ടായ കാലതാമസമാണോ എന്നത് വ്യക്തമല്ല. ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന മിക്കവാറും എല്ലാ മരാമത്ത് പ്രവൃത്തികൾക്കും നിർവ്വഹണ വേളയിൽ എസ്റ്റിമേറ്റ് പുതുക്കേണ്ടിവരുന്നുണ്ട്. പദ്ധതികൾ തയ്യാറാക്കുമ്പോൾ തന്നെ സൈറ്റ് കണ്ടീഷൻ ശരിയായ രീതിയിൽ വിശകലം ചെയ്ത് മതിയായ പ്രവൃത്തികൾ ഉൾക്കൊള്ളിച്ചുകൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കിയശേഷം പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയാണെങ്കിൽ കാലതാമസം ഒഴിവാക്കി സമയബന്ധിതമായി തന്നെ പദ്ധതികൾ പൂർത്തീകരിക്കാവുന്നതാണ്.

1- 73 ജില്ലാ പഞ്ചായത്ത് കെട്ടിടത്തിലെ ടോയ്‌ലറ്റ് അറ്റകുറ്റപണി-എസ്റ്റിമേറ്റ് തുക വർദ്ധിപ്പിക്കുന്നതിനായി യഥാർത്ഥത്തിൽ ആവശ്യമില്ലാത്ത മെറ്റീരിയൽസ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി- മരാമത്ത് പ്രവൃത്തി പദ്ധതി രൂപീകരണത്തിൽ സാമ്പത്തിക അച്ചടക്കം പാലിക്കണം

2019-20 വർഷത്തിൽ ജില്ലാ പഞ്ചായത്ത് കെട്ടിടത്തിലെ മൂന്ന് നിലകളിലായി ഉള്ള ടോയ്‌ലറ്റ് ബ്ലോക്കുകൾ അറ്റകുറ്റ പണി നടത്തുന്നതിന് 1141/20 പദ്ധതി പ്രകാരം 16 ലക്ഷം രൂപ എസ്റ്റിമേറ്റ് നം.2019/57605 പ്രകാരം വകയിരുത്തിയിരുന്നു. ഓരോ നിലയിലും 12.7 ച.മീറ്റർ വിസ്തൃതിയിലുള്ള സ്ഥലത്ത് 115 X 90 മുതൽ 115 X 180 വരെ വലുപ്പമുള്ള കോമൺ ടോയ്‌ലറ്റുകൾ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രസിഡണ്ട് എന്നിവരുടെ മുറികളിലെ ചെറിയ ടോയ്‌ലറ്റുകൾ എന്നിവ അറ്റകുറ്റപണി നടത്തി നവീകരിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരുന്നത്. എന്നാൽ പ്രവൃത്തികളിൽ വ്യതിയാനമുണ്ടായതിനെ തുടർന്ന് രണ്ടാം നിലയിലെ ടോയ്‌ലറ്റ് ബ്ലോക്കിന്റെ പ്രവൃത്തികൾ ഒഴിവാക്കി

എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തീകരിച്ചു.

ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ പരിശോധിച്ചതിൽ നിന്നും 20mm, 25mm, 32mm, 50mm, 75mm, 100mm എന്നിങ്ങനെ വലുപ്പമുള്ള CPVC (Chlorinated Polyvinyl Chloride) പൈപ്പുകൾ ഉപയോഗിച്ചതിന് 1,21,148/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട് എന്നു കണ്ടു. സ്ഥലപരിശോധന നടത്തിയതിൽ നിന്നും നിലവിലുള്ള ടോയ് ലറ്റിന്റെ പുറം ഭിത്തിയിൽ PVC, CPVCലൈനുകളും PVC പൈപ്പിനോട് കണക്റ്റ് ചെയ്ത് CPVC പൈപ്പും സ്ഥാപിച്ചിട്ടുള്ളതായി കണ്ടു. പ്രവൃത്തിയിൽ ഉപയോഗിച്ചിട്ടുള്ള ഏറ്റവും വലിയ പൈപ്പായ 110mm 6Kg/സെ.മീ.സ്ക്വയർ കപ്പാസിറ്റിയുള്ള ISI നിലവാരമുള്ള PVC പൈപ്പുകൾ സ്ഥാപിക്കുന്നതിന് മീറ്ററിന് DSR 2016 പ്രകാരമുള്ള നിരക്ക് 545.02 രൂപയും, 100mm CPVC പൈപ്പ് സ്ഥാപിക്കുന്നതിനുള്ള നിരക്ക് മീറ്ററിന് 2,012.52 രൂപയുമാണ്. ക്ഷമത കൂടിയ ISI നിലവാരമുള്ള PVCപൈപ്പുകൾ പ്രവൃത്തിയിൽ ഉപയോഗിക്കാമെന്നിരിക്കെ കൂടിയ നിരക്കിലുള്ള CPVC പൈപ്പുകൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാനിടയായ സാഹചര്യം എസ്റ്റിമേറ്റ് റിപ്പോർട്ടിൽ എഞ്ചിനീയർ വ്യക്തമാക്കിയിട്ടില്ല.

യഥാർത്ഥത്തിൽ 80 ഡിഗ്രി സെൽഷ്യസ് വരെയുള്ള താപനിലയിൽ ഉള്ളതോ, വളരെ താഴ്ന്ന താപനിലയിൽ ഉള്ളതോ ആയ ജലം വിതരണം ചെയ്യുന്നതിനും 60 ഡിഗ്രി സെൽഷ്യസിനു മുകളിലോ, വളരെ താഴ്ന്ന നിലയിലോ ഉള്ള അന്തരീക്ഷ താപനില നിലനിൽക്കുന്ന/പ്രതികൂല കാലാവസ്ഥാ പ്രദേശങ്ങളിലോ ആണ് ജലവിതരണത്തിന് ഇത്തരം CPVC പൈപ്പുകൾ ആവശ്യമായി വരുന്നത്. ജില്ലാ പഞ്ചായത്തിന്റെ കോമൺ ടോയ്‌ലറ്റുകളിൽ ചൂടുവെള്ളമോ, തണുത്ത വെള്ളമോ വിതരണം ചെയ്യേണ്ട സാഹചര്യം നിലവിൽ ഇല്ല. സ്ഥാപനത്തിൽ ഹോട്ട് വാട്ടർ ലൈൻ സ്ഥാപിക്കുന്നതിനായി സോളാർ/പവർ ഹീറ്ററുകളും സ്ഥാപിച്ചിട്ടുമില്ല. മാത്രമല്ല സാധാരണ PVC പൈപ്പുകളോട് CPVC പൈപ്പുകൾ ബന്ധിപ്പിച്ച് ഉപയോഗിക്കുന്നത് കൊണ്ട് പ്രത്യേകിച്ച് പ്രയോജനവും ഉള്ളതായി കരുതുന്നില്ല. നിരക്കിലെ ഉയർന്ന വ്യത്യാസം മൂലം സാധാരണ കാലാവസ്ഥാ വ്യതിയാനത്തെ മറികടക്കാൻ ഐ.എസ്.ഐ നിലവാരത്തിലുള്ള ഉയർന്ന ജലമർദ്ദ പ്രതിരോധ ശേഷിയുള്ള PVC പൈപ്പുകൾ തന്നെ മതിയാകുന്നതാണ്. ഇതിനാവശ്യമായ/അനുയോജ്യമായ സ്പെസിഫിക്കേഷനുകളും, നിരക്കും, ഡാറ്റയും പ്രൈസിൽ നിലവിലുള്ളതുമാണ്. എന്നാൽ പ്രവൃത്തിയിൽ ISI നിലവാരമുള്ള PVC പൈപ്പുകൾ ഉപയോഗിക്കുന്നതിന് പകരമായി CPVCപൈപ്പുകൾ ഉപയോഗിച്ച് പ്രവൃത്തി നടത്തിയത് മൂലം ഈയിനത്തിൽ ജില്ലാ പഞ്ചായത്തിന് അധിക തുക ചെലവ് വന്നിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ, ഒന്നാം നില എന്നിവിടങ്ങളിലെ ടോയ് ലറ്റ് ബ്ലോക്കുകളിലെ നിലവിലുള്ള ഭിത്തികൾ പൊളിച്ച് ഘടനയിൽ മാറ്റം വരുത്തുകയും വില കൂടിയ സാനിറ്ററി ഫിറ്റിംഗ്സ്, ഫാൾസ് സീലിംഗ്, ക്ലാഡിംഗ് ടൈലുകൾ ഉപയോഗിച്ച് മോഡിപിടിപ്പിക്കൽ എന്നിങ്ങനെ പ്രവൃത്തികൾ നടത്തുകയും, കൂടിയ നിരക്കിലുള്ള CPVC പൈപ്പുകൾ സ്ഥാപിക്കുകയും ചെയ്തിട്ടും വാഷ് ബേസിനുകൾ, യൂറിനൽസ് എന്നിവയിലെ ലീക്കേജ്, പൈപ്പുകളിലെ ബ്ലോക്ക് എന്നിവ ഇപ്പോഴും പരിഹരിക്കപ്പെടാതെ നിലനിൽക്കുന്നതായി കാണുന്നുണ്ട്. ഇത്തരത്തിൽ സംഭവിക്കാനിടയായ സാഹചര്യങ്ങൾ പരിശോധിക്കേണ്ടതാണ്.

മുൻ പദ്ധതിയിലുൾപ്പെടുത്തി ടോയ്‌ലറ്റ് നവീകരിക്കുന്നതിന് സാധിക്കാത്തതിനാൽ രണ്ടാം നിലയിലെ ടോയ്‌ലറ്റ് ബ്ലോക്ക്, സെക്രട്ടറിയുടെ മുറി, മൂന്നാം നിലയിലെ റെസ്റ്റിംഗ് റൂം എന്നിവയിലെ രണ്ട് ടോയ്‌ലറ്റുകൾ നവീകരിക്കുന്നതിനായി നമ്പർ 628/23 പദ്ധതി പ്രകാരം 15 ലക്ഷം രൂപ 2022-23 വർഷത്തിൽ ജില്ലാ പഞ്ചായത്ത് വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ എസ്റ്റിമേറ്റിൽ 20mm മുതൽ 100mm വരെ വിവിധ വലുപ്പമുള്ള CPVC പൈപ്പുകൾ ആകെ 365 മീറ്റർ നീളത്തിൽ സ്ഥാപിക്കുന്നതിന് 4,41,212 രൂപ വകയിരുത്തിയതായി കണ്ടു. (CPVCപൈപ്പുകൾ സ്ഥാപിക്കുന്നതിന് റണ്ണിംഗ് മീറ്ററിന് എസ്റ്റിമേറ്റിലെ കുറഞ്ഞ നിരക്ക് 361.29 രൂപയും കൂടിയത് 3271 രൂപയുമാണ്.) എന്നാൽ ISI നിലവാരമുള്ള PVC പൈപ്പുകൾ ഉപയോഗിക്കുന്നതിന് പകരമായി CPVC പൈപ്പുകൾ ഉപയോഗിക്കുന്നതിന്റെ ആവശ്യകതയും, സാഹചര്യവും എഞ്ചിനീയർ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വിശദമാക്കിയിട്ടില്ല.

രണ്ടാം നിലയിൽ കോൺഫറൻസ് ഹാളിനോട് ചേർന്ന് ആകെ 12.7 ച.മീറ്റർ വിസ്തൃതിയിലുൾപ്പെടുന്ന

രണ്ട് ടോയ്‌ലെറ്റുകൾ, മൂന്നാം നിലയിൽ കോണിപ്പടി അവസാനിക്കുന്നതും നിലവിൽ ഉപയോഗിക്കാതെ കിടക്കുന്നതുമായ മുറിയിലെയും, സെക്രട്ടറിയുടെ മുറിയിലെയും ചെറിയ രണ്ട് ടോയ്‌ലറ്റുകൾ എന്നിവയുടെ നവീകരണത്തിനായി മാത്രമായി 15 ലക്ഷം രൂപ വകയിരുത്തി ജില്ലാ പഞ്ചായത്ത് പദ്ധതി തയ്യാറാക്കിയിട്ടുള്ളത് അഭികാമ്യമായി കാണുന്നില്ല. രണ്ടാം നിലയിലെ ടോയ്‌ലറ്റിനുള്ളിലെ നിലവിലുള്ള ഭിത്തികളും ടൈലുകളും പൊളിച്ചുമാറ്റി റീ സ്ട്രക്ച്ചർ ചെയ്ത് പുതിയ സാനിറ്ററി ഫിറ്റിംഗ്സുകൾ സ്ഥാപിക്കുന്നതിനും, ഫാൾസ് സീലിംഗ്, രണ്ടാം നിലയിലെ ടോയ് ലറ്റിനോട് അഭിമുഖമായി വരുന്ന കോൺഫറൻസ് ഹാളിന്റെ പുറം ഭിത്തി പൂർണ്ണമായി ക്ലാഡിംഗ് ടൈലുകൾ പതിപ്പിക്കുന്നതിനും, 1.2 ലക്ഷം രൂപ വയറിംഗിനും ലൈറ്റുകൾ ക്രമീകരിക്കുന്നതിനുമായി ഉൾപ്പെടുത്തി 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ട സാഹചര്യം എന്താണെന്ന് വ്യക്തമല്ല. ഇത്തരത്തിൽ പ്രവൃത്തി നടത്തുന്നതിന് ജില്ലാ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. ജില്ലാ പഞ്ചായത്തിന്റെ പദ്ധതികളുടെ കുറഞ്ഞ അടങ്കൽ 15 ലക്ഷമായിരിക്കണമെന്ന് സർക്കാർ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലാണോ പദ്ധതിയുടെ എസ്റ്റിമേറ്റ് ഇത്തരത്തിൽ തയ്യാറാക്കാനിടയായത് എന്ന് വ്യക്തമല്ല.

ഓരോ പ്രവൃത്തിയുടേയും തദ്ദേശ ഭരണ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ ഉൾപ്പെടുന്ന മുഴുവൻ പ്രവൃത്തി ഇനങ്ങളും, ഉൾപെടുത്തിയിട്ടുള്ള മെറ്റീരിയൽസും യഥാർത്ഥത്തിൽ ആവശ്യമുള്ളവയാണോയെന്ന് പദ്ധതി അംഗീകാരം നൽകുന്ന സൂപ്പർവൈസറി ഓഫീസർമാരോ/ആസൂത്രണ സമിതിയോ/സാങ്കേതിക വിദഗ്ധരോ പരിശോധിക്കേണ്ടതുണ്ട്. എന്നാൽ ഇത്തരം പരിശോധനകൾ പലപ്പോഴും കാര്യക്ഷമമല്ല എന്നതിനുദാഹരണമാണ് ചെലവുകൾ പെരുപ്പിക്കുന്നതും യഥാർത്ഥത്തിൽ ആവശ്യമില്ലാത്തതുമായ പ്രവൃത്തികൾ, മെറ്റീരിയൽസ് എന്നിവ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ മേൽ പ്രകാരമുള്ള പദ്ധതി. സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന ഈ കാലഘട്ടത്തിൽ പദ്ധതി നിർവ്വഹണത്തിൽ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന് ജാഗ്രത പാലിക്കേണ്ടതും ഇക്കാര്യത്തിൽ പൊതുമരാമത്ത് സ്ഥിരം സമിതി, ഭരണ സമിതി എന്നിവർ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതുമാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മുരിയാട് -കലാഭവൻ മണി ഇൻഡോർ സ്റ്റേഡിയം പൂർത്തീകരണം- സ്ഥലപരിശോധനയിൽ 43841/- രൂപയുടെ ഇലക്ട്രിക്കൽ ഉപകരണങ്ങൾ സ്ഥാപിച്ചതായി കണ്ടില്ല

പ്രൊജക്റ്റ് നം 535/23

അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി നിർവ്വഹണ ഉദ്യോഗസ്ഥയായി മുരിയാട് ഗ്രാമപഞ്ചായത്തിലെ തങ്കരാജ് കോളനിയിൽ വികസന ഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയിൽ നിന്നും 35 ലക്ഷം രൂപ വകയിരുത്തി 32 M2 വിസ്തീർണ്ണമുള്ള സ്റ്റേജ്, 252 M2 വിസ്തീർണ്ണമുള്ള കോർട്ട് എന്നിവ പണിയുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി 31,46,397/- രൂപ ചെലവഴിച്ച് 2021 ൽ ഇൻഡോർസ്റ്റേഡിയം പണികഴിപ്പിച്ചു. ആയതിന്റെ പൂർത്തീകരണ പ്രവൃത്തികളാണ് 18,04,573 രൂപ

ചെലവിൽ 2022-2023 ൽ നടപ്പാക്കിയത്. ആയതുപ്രകാരം ഇലക്ട്രിഫിക്കേഷൻ, ബാഡ്മിന്റൻ കോർട്ടിൽ Wooden Planking, ബാക്കി ഭാഗത്ത് ഫ്ലോർടൈൽ വിരിക്കുക, ഗ്രീൻറൂം- പാസ്സേജ് സ്റ്റീൽ വർക്ക്, വാട്ടർ ടാങ്ക് തുടങ്ങിയ ജോലികളാണ് 2022-2023 ൽ ചെയ്തിട്ടുള്ളത്.
അടങ്കൽ- ധനകാര്യകമ്മീഷൻ ഗ്രാന്റ് – 25,00,000

(സ്റ്റേഡിയം പൂർത്തീകരണം 1175248.36 + ഇലക്ട്രിഫിക്കേഷൻ - 608000 + GST, ആകെ= 25,00,000)

ചെലവ്- സിവിൽ വർക്ക് - 12,23,524 + ഇലക്ട്രിക്കൽ വർക്ക്- 581049, ആകെ- 18,04,573

പ്രൊജക്റ്റ് നടപ്പാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) ഇലക്ട്രിക്കൽ വർക്കിനായി 581049 രൂപ ചെലവഴിച്ചു. ഇലക്ട്രിക്കൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതും അളവെടുത്ത് പരിശോധിച്ചതും ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ സാങ്കേതിക സമിതി അംഗങ്ങളാണ്. വയറിംഗ് പ്രവൃത്തി നേരത്തെ ചെയ്തിട്ടുള്ളതാണ്, Flood Light, Yard Light, Stage Light, Wall Fan തുടങ്ങിയവയാണ് എസ്റ്റിമേറ്റ് പ്രകാരം ചെയ്യാനുദ്ദേശിച്ചിരുന്നത്. ഇലക്ട്രിക്കൽ വർക്ക് കോൺട്രാക്ടർ ശ്രീ ബിജു ജോസ്, ടെന്റർ നിരക്ക് – 0.7% Below
കരാർ നം 57/എഇഇ/ എൽഎസ്ജിഡി/ ഡിവിഷൻ തൃശ്ശൂർ /22-23/6.6.2022
(വൗച്ചർ നം 22200677,678,679,680,681 / 4.11.22/ 5,00,000 രൂപ
വൗച്ചർ നം 22200682,683,684,685,686 / 4.11.22/ 8,1049 രൂപ)
ഓഡിറ്റ് ടീം 2.12.2023 ന് പദ്ധതിപ്രദേശം സന്ദർശിച്ചപ്പോൾ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയുടെ അളവു പുസ്തകം 441/2021-22 പ്രകാരമുള്ള താഴെ പറയുന്ന ഇനങ്ങൾ സ്റ്റേഡിയത്തിൽ കാണാനായില്ല.

| ക്രമ നം | അളവു പുസ്തകം പേജ് നം | ഇനം, കരാർ പ്രകാരം ചെയ്യേണ്ട എണ്ണം /വില | സൈറ്റിൽ കണ്ടത് | ബാക്കി എണ്ണം, വില |
|---|---|---|---|---|
| 1 | 13 | Item No 18 Supply, Conveyance, Installation, Testing And Commissioning Of 70w LED Flood Light....../ 10 എണ്ണം @ 8576.38/85763.8 | 6 എണ്ണം ഹാളിൽ ( സ്റ്റേജിനു മുകളിലുള്ള 2 ലൈറ്റുകൾ ഇതേ ഇനമാണോ എന്ന് വ്യക്തമാക്കിയിട്ടില്ല) | 4എണ്ണം/ 34305.52 |
| 2 | 27 | Item No 54 Supply And Providing 6 Kg Dry Chemical Powder Type Fire Extinguisher.......fixing It To Wall.../ 2 എണ്ണം @ 2100.25 / 4200.5 | ഇല്ല | 2എണ്ണം/ 4200.5 |

| | | | | |
|---|---|---|---|---|
| 3 | 28 | Item No 55 Supply And Providing 9 Ltr GI Fire Bucket......./ 2 എണ്ണം @456.69 / 913.38 | ഇല്ല | 2എണ്ണം/ 913.38 |
| ആകെ | | | | 39419.4 |

റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ Comparative Statement ൽ ഇനം 18- ഫ്ലഡ് ലൈറ്റിന്റെ എണ്ണം 6 ൽ നിന്നും 10 ആക്കി ഉയർത്തിയതിന് കാരണമായി 'For Getting Required Lux In The Badminton Court' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇലക്ട്രിക്കൽ സാങ്കേതിക സമിതി അംഗം അസി.എക്സി.എഞ്ചിനീയർ(റിട്ടയേർഡ്) തയ്യാറാക്കിയ ഇലക്ട്രിക്കൽ ഫിറ്റിംഗ്സിന്റെ ലിസ്റ്റിൽ 10 എണ്ണം ഫ്ലഡ് ലൈറ്റ് സ്ഥാപിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥലപരിശോധനയിൽ ബാഡ്മിന്റൻ കോർട്ടിൽ 6 ഫ്ലഡ് ലൈറ്റുകൾ മാത്രമാണ് കാണപ്പെട്ടത്. ലിസ്റ്റിൽ അഗ്നിശമന ഉപകരണങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഇവക്ക് തുക അനുവദിച്ചിട്ടുണ്ടെങ്കിലും സ്റ്റേഡിയത്തിൽ സ്ഥാപിച്ചത് കാണാനായില്ല.

| | |
|---|---|
| സ്റ്റേഡിയത്തിൽ സ്ഥാപിക്കാതെ തുക അനുവദിച്ചവയുടെ വില (മേൽ പട്ടിക) | 39419.4 |
| Tender Below 0.7% | (-) 276 |
| GST 12% | (+) 4697.2 |
| ആകെ | 43840.6 |

മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി 63/04-12-2023 ന് മറുപടി ലഭിച്ചിട്ടില്ല. സ്ഥലപരിശോധനയിൽ കണ്ടെത്താനാവാത്ത ഇനങ്ങളുടെ ചെലവ് 43841/- രൂപ നിരാകരിക്കുന്നു. തുക കോൺട്രാക്ടറിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

3-2 ഒരേ ആവശ്യത്തിന് രണ്ടു പ്രാവശ്യം തുക അനുവദിച്ചു, 4076 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ജില്ലാ ആശുപത്രി, വടക്കാഞ്ചേരി-കണ്ടിജൻസി ചെലവുകൾ, പ്രൊജക്റ്റ് നം-1245/23

നിർവ്വഹണം- സൂപ്രണ്ട്, വടക്കാഞ്ചേരി ജില്ലാ ആശുപത്രി

അടങ്കൽ-മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)-6,00,000

ചെലവ്- ട്രഷറി ബില്ല് നം. 40/22-23/17.2.23 / 6,00,000

ചെലവു രേഖകളിൽ ക്രമ നം 5 വൗച്ചർ, പി രാമൻ നായർ സൺസ് എന്ന സ്ഥാപനത്തിന്റെ ഇന്റന്റ് നം 49899/ 29.9.2022 പ്രകാരം KL08 BS 2470 നമ്പറിലുള്ള വാഹനത്തിന് 42.77 ലിറ്റർ ഡീസൽ അടിച്ചതിന്റെ വിലയായ 4076 രൂപ അനുവദിച്ചതാണ്.

പ്രൊജക്റ്റ് നം 9/2023, ജില്ലാ ആശുപത്രി, വടക്കാഞ്ചേരി- കണ്ടിജൻസി ചെലവുകൾ എന്ന പ്രൊജക്റ്റിലും ഇതേ ചെലവിനായി തുക അനുവദിച്ചുകാണുന്നു. ഈ പ്രൊജക്റ്റിൽ ട്രഷറി ബില്ല് നം. 43/22-23/27.10.22 പ്രകാരം പിൻവലിച്ച 385873/-രൂപയുടെ ചെലവു രേഖകളിൽ വൗച്ചർ ക്രമ നം 123, ഇതേ വാഹനത്തിന് ഇതേ തിയതിയിൽ ഇതേ ഇന്റന്റ് പ്രകാരം 42.77 ലിറ്റർ ഡീസൽ അടിച്ചതിന്റെ വിലയായ 4076 രൂപ അനുവദിച്ചതാണ്.

ഒരേ ആവശ്യത്തിന് രണ്ടു പ്രാവശ്യം തുക അനുവദിക്കപ്പെട്ടിട്ടുണ്ട്. അധികം അനുവദിച്ച തുക പ്രസ്തുത

സ്ഥാപനത്തിന്റെ തുടർന്നുള്ള ബില്ലുകളിൽ നിന്നും കുറവു ചെയ്യുമെന്നാണ് ഓഡിറ്റ് എൻക്വയറി 35/30.10.2023 നുള്ള മറുപടിയിൽ അറിയിച്ചിട്ടുള്ളത്. തുക തിരികെ ഈടാക്കുന്നതു വരെ 4076 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-3 ജൈവമാലിന്യ സംസ്കരണപ്രൊജക്റ്റ്- ഇമേജ് ന് അധികതുക അനുവദിച്ചു

പ്രൊജക്റ്റ് നം 111/23 , ജില്ലാ ആശുപത്രി വടക്കാഞ്ചേരി -ജൈവമാലിന്യ സംസ്കരണം

നിർവ്വഹണം- സൂപ്രണ്ട്, ജില്ലാ ആശുപത്രി, വടക്കാഞ്ചേരി (അലോപ്പതി)

അടങ്കൽ-മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)- 500000

ചെലവ്- 462542/-

IMAGE എന്ന സ്ഥാപനത്തിന് ആശുപത്രിയിലെ ജൈവമാലിന്യം നീക്കം ചെയ്തതിന് തുക അനുവദിക്കുന്നതിനുള്ള പദ്ധതിയാണ് ഇത്.

താഴെ പറയും പ്രകാരം ഇമേജിന്റെ ഒരേ ബില്ല് പ്രകാരമുള്ള തുക രണ്ടുപ്രാവശ്യമായി അനുവദിച്ചിട്ടുണ്ട്.

| മാസം, ഇമേജ് ബില്ല് നം/ തിയതി | ബില്ലിലെ വിശദാംശങ്ങൾ | | | ഇമേജിന് അനുവദിച്ച തുക, ട്രഷറിബില്ല്നം/തിയതി |
|---|---|---|---|---|
| | Current Amount | Pending Balance | Total Amount Due | |
| 11/22 1150767/ 1.12.22 | 21767 | (-)7365 | 14402 | 21767 27/21.11.22 |
| 11/22 1150767/ 1.12.22 | 21767 | (-)7365 | 14402 | 14402 36/3.2.23 |

ഇമേജിന്റെ 1150767/1.12.22 നമ്പർ ബില്ല് പ്രകാരം അനുവദിക്കേണ്ടത് (Due) 14402 രൂപയാണ്. എന്നാൽ ട്രഷറി ബില്ല് 27/21.11.22 പ്രകാരം 21767 രൂപയും ട്രഷറിബില്ല് 36/3.2.23 പ്രകാരം 14402 രൂപയും ഇമേജിന് അനുവദിച്ചു. അതായത് 21767 രൂപ അധികം ചെലവഴിച്ചു. ഓഡിറ്റ് എൻക്വയറി 36/30-10-2023 നുള്ള മറുപടിയിൽ അധിക തുക അടുത്ത ബില്ലുകളിൽ നിന്നും കുറവുചെയ്യുന്നതു സംബന്ധിച്ച് ഇമേജിന് ആശുപത്രി സൂപ്രണ്ട് കത്തയച്ചിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഇമേജിന് അധികം അനുവദിച്ച തുക 21,767 രൂപ നിരാകരിക്കുന്നു.

## 3-4 ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയിട്ടില്ലാത്ത സ്ഥാപനത്തിന്റെ ദൈനം ദിന ചെലവുകൾക്ക് തുക ചെലവഴിച്ചു, യഥാർത്ഥ വൗച്ചറുകളില്ലാത്ത 129050 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല

നിർവ്വഹണം-കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വൈ.പി)

പദ്ധതി - വി.എഫ്.പി.സി.കെ സെന്ററുകളിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ (1110/23)

അടങ്കൽ - 5000000 (25,00,000, വികസന ഫണ്ട് - ജനറൽ + 25,00,000 മറ്റുള്ളവ)

ചെലവ് - 3,67,693 - വികസന ഫണ്ട് - ജനറൽ

ട്രഷറി ബിൽ നം. - 1/28-03-23/367693

തൃശ്ശൂർ ജില്ലയിലെ വി.എഫ്.പി.സി.കെ കേന്ദ്രങ്ങൾക്ക് കമ്പ്യൂട്ടർ, ഇലക്ട്രോണിക് വെയിംഗ് മെഷീൻ, Pallet Truck മുതലായവ 50% സബ്സിഡി അനുവദിച്ച് വാങ്ങി നൽകുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്ഥിരം സമിതിയുടെ 05-01-2023 – തീയതിയിലെ തീരുമാനം നം.3 (1) പ്രകാരം തൃശ്ശൂർ ജില്ലയിലെ 15 വി.എഫ്.പി.സി.കെ കേന്ദ്രങ്ങളെ ഗുണഭോക്താക്കളായി അംഗീകരിച്ച് തീരുമാനിച്ചു. ടി വി.എഫ്.പി.സി.കെ കേന്ദ്രങ്ങളിൽ പരിശോധന നടത്തി ആവശ്യമായ ഉപകരണങ്ങളുടെ വിശദാംശങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് കൃഷി ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു.

25 ലക്ഷം രൂപ വികസന ഫണ്ടും 25 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തി 50 ലക്ഷം രൂപയുടെ പദ്ധതി ആവിഷ്കരിച്ചെങ്കിലും ആകെ 367693 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 22 വി.എഫ്.പി.സി.കെ കേന്ദ്രങ്ങൾക്കാവശ്യമായ ഉപകരണങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി കൃഷി ഡെപ്യൂട്ടി ഡയറക്ടർ 17 ലക്ഷത്തിലധികം രൂപയുടെ പ്രതീക്ഷിത ചെലവ് റിപ്പോർട്ട് തയ്യാറാക്കിയതിന്റെ രേഖ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും 14 കേന്ദ്രങ്ങൾക്കായി എസ്റ്റിമേറ്റിന്റെ നാലിലൊന്നു തുക പോലും തൻവർഷം ചെലവഴിക്കാൻ കഴിഞ്ഞില്ല. വർക്കിംഗ് ഗ്രൂപ്പുകളാണ് പ്രൊജക്ടുകളുടെ അടങ്കൽ തുകയെക്കുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്തേണ്ടതും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാദ്ധ്യത എന്നിവ ചർച്ച ചെയ്ത് ഉറപ്പു വരുത്തേണ്ടതും. അപ്രകാരം മോണിറ്ററിംഗ് നടത്തേണ്ട ജില്ലാ പഞ്ചായത്തിന്റെ കൃഷി അനുബന്ധ മേഖലകൾ വർക്കിംഗ് ഗ്രൂപ്പിൽ ആവശ്യമായ ചർച്ചകളോ പരിശോധനയോ നടത്താത്തതിനാലാണ് ഇത്തരത്തിൽ ആവശ്യകതകൾ വിലയിരുത്താതെ പദ്ധതി ആവിഷ്കരിക്കപ്പെടുന്നതും മോണിറ്ററിംഗിന്റെ അഭാവത്തിൽ പദ്ധതി ലക്ഷ്യം കൈവരിക്കപ്പെടാതെ പോവുകയും ചെയ്യുന്നത്.

ട്രഷറി ബിൽ നം. - 1/28-03-23 പ്രകാരം മാറിയ തുക 367693 രൂപ 14 വി.എഫ്.പി.സി.കെ കേന്ദ്രങ്ങൾക്കായി നൽകിയതിൽ 129975 രൂപ വി.എഫ്.പി.സി.കെ യുടെ സ്വാശ്രയ കർഷക സമിതി, പഴയന്നൂർ - കട്ട് വെജിറ്റബിൾ യൂണിറ്റിനാണ് കൈമാറിയിട്ടുള്ളത്. പ്രസ്തുത യൂണിറ്റിന്റെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, വാട്ടർ ചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്ജ് എന്നീ ചെലവു തുകയുടെ 50% തുക കണക്കാക്കിയാണ് 129975 രൂപ നൽകിയിട്ടുള്ളത്. പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) പതിനാലാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ സ.ഉ. (കൈ) നം. 84/2022/തസ്വഭവ തീയതി-19/04/2022 ഖണ്ഡിക 8.1(9) പ്രകാരം വി.എഫ്.പി.സി.കെ വിപണന കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന പ്രൊജക്ടുകൾ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ് എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയിട്ടില്ലാത്തതായ സ്ഥാപനത്തിന്റെ ദൈനം ദിന ചെലവിൽ ഉൾപ്പെടുന്ന ട്രാൻസ്പോർട്ടേഷൻ ചാർജ്ജുകൾ നൽകുന്നതിന് മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ല. മറ്റെല്ലാ സ്വാശ്രയ കർഷക സംഘങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉപകരണങ്ങൾ വാങ്ങുന്നതിനാണ് 50% തുക അനുവദിച്ചിട്ടുള്ളത്. പഴയന്നൂർ കട്ട് വെജിറ്റബിൾ യൂണിറ്റിനു മാത്രം ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, വാട്ടർ ചാർജ്ജ് മുതലായവ ചെലവു തുകകൾക്ക് തുക അനുവദിച്ചതിന്റെ കാരണം വിശദമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/07-10-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

2) പഴയന്നൂർ കട്ട് വെജിറ്റബിൾ യൂണിറ്റിന്റെ പാസ്സ്ബുക്കിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല. സ്ഥാപനത്തിന്റെ കനറാ ബാങ്ക് അക്കൗണ്ട് നം. 110045555290 – ലേയ്ക്കാണ് തുക കൈമാറിയിട്ടുള്ളത്. തുക കൈമാറിയത് പരിശോധിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷത്തെ ബാങ്ക് അക്കൗണ്ട് പാസ്ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കുന്നതിനും ഓഡിറ്റ് അന്വേഷണം വഴി ആവശ്യപ്പെട്ടെങ്കിലും

ഹാജരാക്കിയിട്ടില്ല.

3) ട്രാൻസ്പോർട്ടേഷൻ ചാർജ്ജുകൾ ക്ലെയിം ചെയ്യുന്നതിനായി സ്വാശ്രയ കർഷക സമിതി, പഴയന്നൂരിന്റെ 'കട്ട് വെജിറ്റബിൾ പെയ്മെന്റ് വൗച്ചറുകളാണ് ' ഹാജരാക്കിയിട്ടുള്ളത്. ട്രിപ് ഷീറ്റ് (Trip Sheet For Contract Carriage, Form TSC) ഹാജരാക്കിയിട്ടില്ലെന്നു മാത്രമല്ല ട്രിപ്പിന്റെ എണ്ണവും തുകയും മാത്രം രേഖപ്പെടുത്തി നൽകുകയാണ് ചെയ്തിട്ടുള്ളത്. അതു പോലെ തന്നെ 10 മാസങ്ങളിലെ വാട്ടർ ചാർജ്ജ് ക്ലെയിം ചെയ്യുന്നതിനായി 4 മാസങ്ങൾക്ക് മാത്രമാണ് യഥാർത്ഥ വാട്ടർ ചാർജ്ജ് ബിൽ ഹാജരാക്കിയിട്ടുള്ളത് ബാക്കി 6 മാസങ്ങൾക്കും 'കട്ട് വെജിറ്റബിൾ പെയ്മെന്റ് വൗച്ചറുകളാണ് ' ഹാജരാക്കിയിട്ടുള്ളത്. ട്രാൻസ്പോർട്ടേഷനും വാട്ടർ ചാർജ്ജിനുമായി ഹാജരാക്കിയ 'കട്ട് വെജിറ്റബിൾ പെയ്മെന്റ് വൗച്ചറുകളുടെ ' വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ബിൽ നം./തീയതി | തുക |
|---|---|---|---|
| 1 | ട്രാൻസ്പോർട്ടേഷൻ | 3502/29-4-2022 | 20000 |
| 2 | ട്രാൻസ്പോർട്ടേഷൻ | 3581/31-5-2022 | 21200 |
| 3 | ട്രാൻസ്പോർട്ടേഷൻ | 3661/30-6-2022 | 21400 |
| 4 | ട്രാൻസ്പോർട്ടേഷൻ | 3743/30-7-2022 | 21400 |
| 5 | ട്രാൻസ്പോർട്ടേഷൻ | 3839/31-8-2022 | 23800 |
| 6 | ട്രാൻസ്പോർട്ടേഷൻ | 3909/30-9-2022 | 20000 |
| 7 | ട്രാൻസ്പോർട്ടേഷൻ | 3983/31-10-2022 | 21200 |
| 8 | ട്രാൻസ്പോർട്ടേഷൻ | 4067/30-11-2022 | 22600 |
| 9 | ട്രാൻസ്പോർട്ടേഷൻ | 4143/30-12-2022 | 23400 |
| 10 | ട്രാൻസ്പോർട്ടേഷൻ | 4224/30-1-2023 | 22400 |
| 11 | ട്രാൻസ്പോർട്ടേഷൻ | 4299/28-2-2023 | 19800 |
| 12 | ട്രാൻസ്പോർട്ടേഷൻ | 4356/24-3-2023 | 20300 |
| 13 | വാട്ടർ ചാർജ്ജ് | 3813/25-8-2022 | 100 |
| 14 | വാട്ടർ ചാർജ്ജ് | 3900/30-9-2022 | 100 |
| 15 | വാട്ടർ ചാർജ്ജ് | 3985/31-10-2022 | 100 |
| 16 | വാട്ടർ ചാർജ്ജ് | 4057/30-11-2022 | 100 |
| 17 | വാട്ടർ ചാർജ്ജ് | 4133/30-12-2022 | 100 |
| 18 | വാട്ടർ ചാർജ്ജ് | 4213/31-1-2023 | 100 |
| | ആകെ | | 258100 |

മേൽ വൗച്ചറുകളുടെ 50% തുക 129050 രൂപയും വാട്ടർ ബിൽ, ഇലക്ട്രിസിറ്റി ബിൽ എന്നിവയുടെ അസ്സൽ ഹാജരാക്കിയ മറ്റു വൗച്ചറുകളുടെ 50% തുകയും (925 രൂപ) ഉൾപ്പെടെ ആകെ 129975 രൂപ പഴയന്നൂർ കട്ട് വെജിറ്റബിൾ യൂണിറ്റിന്റെ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്.

ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയിട്ടില്ലാത്തതായ സ്ഥാപനത്തിന്റെ ദൈനം ദിന ചെലവിൽ ഉൾപ്പെടുന്ന ട്രാൻസ്പോർട്ടേഷൻ ചാർജ്ജുകൾ നൽകുന്നതിന് മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലെന്നതു കൂടാതെ 129050 രൂപയുടെ യഥാർത്ഥ വൗച്ചറുകളും ഹാജരാക്കിയിട്ടില്ല. വാട്ടർ ബിൽ, ഇലക്ട്രിസിറ്റി ബിൽ എന്നിവയുടെ അസ്സൽ ഹാജരാക്കിയതിന് അനുവദിച്ച 925 രൂപ സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കി ജില്ലാ പഞ്ചായത്തിൽ അടവാക്കുന്നതുവരെ 925 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. യഥാർത്ഥ വൗച്ചറുകൾ ഹാജരാക്കാത്ത 1,29,050 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക സ്ഥാപനത്തിൽ നിന്നു തിരികെ ഈടാക്കി ജില്ലാ പഞ്ചായത്തിൽ അടവാക്കേണ്ടതും അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

3-5 എടത്തിരുത്തി ഫാം തനത് ഫണ്ടിനത്തിൽ ചെലവഴിച്ച 11,265/- രൂപയുടെ വൌച്ചറുകളും ചെലവു രേഖകളും ഹാജരാക്കിയിട്ടില്ല. തുക നിരാകരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ. സീനിയർ കൃഷി ഓഫീസർ, എടത്തിരുത്തി എസ്.എസ്.എഫ്.

ജില്ലാ പഞ്ചായത്തിന്റെ 773/23 നം പദ്ധതിയിലുൾപ്പെട്ട തനത് ഫണ്ടിനത്തിൽ ചെലവഴിച്ച 11,265/- രൂപയുടെ വൌച്ചറുകളും ചെലവു രേഖകളും ഹാജരാക്കിയിട്ടില്ല. നിയമാനുസൃതം ആവശ്യപ്പെട്ടിട്ടും രേഖകൾ ഹാജരാക്കാത്തപക്ഷം 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 12(2) പ്രകാരം അത്തരം രേഖകൾ നിലവിലില്ലായെന്ന് കണക്കാക്കി 12(4) പ്രകാരം തുടർനടപടി സ്വീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ വൌച്ചറുകൾ ഹാജരാക്കാത്ത 11,265/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.20/30.09.2023) വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| തനത് ഫണ്ട് ബിൽ നം. | വൗച്ചർ നം./തിയതി. | ചെലവ് തുക | ഉദ്ദേശം |
|---|---|---|---|
| 1/22-23 | 11/6.5.22 | 5430 | ഡീസൽ വാങ്ങിയത് |
| | 12/7.5.22 | 112 | ബോൾട്ടും നട്ടും വാങ്ങിയത് |
| | 25/4.6.22 | 1000 | ഡീസൽ |
| | 28/8.6.22 | 350 | പഴയ ന്യൂസ് പേപ്പർ വാങ്ങിയത് |
| 2/22-23 | 17/23.7.22. | 657 | വൈദ്യുതി ബിൽ അടവാക്കിയത്. |
| | 33/തിയതി ഇല്ല | 390 | വിവരം ലഭ്യമല്ല. |
| | 34/തിയതി ഇല്ല | 660 | ബ്രീഡർ വിത്ത് വാങ്ങിയത്. |
| | 35/തിയതി ഇല്ല | 800 | സീഡ് ബാഗ് |
| | 37/തിയതി ഇല്ല | 1866 | വിവരം ലഭ്യമല്ല. |
| ആകെ | | 11265 | |

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

A) സുലേഖ ചെലവുപത്രിക പ്രകാരമുള്ള 2022-23 വർഷത്തെ സംയുക്ത പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് വിഹിതം 38,00,621 രൂപയും ബ്ലോക്ക്പഞ്ചായത്ത് വിഹിതം 13,15,785 രൂപയുമാണ് ചെലവഴിച്ചത്. ഇതു കൂടാതെ മറ്റുള്ളവ എന്ന ഇനത്തിലും തുക ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ | പ്രൊജക്റ്റിന്റെ | സുലേഖ ചെലവു പത്രിക പ്രകാരം ചെലവ് |
|---|---|---|

| നം | പേര് | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 1 | സമേതം സമഗ്ര വിദ്യാഭ്യാസ പരിപാടി | 2186621 (വാഷിക കണക്കിലെ കോഡ് 160300103 പ്രകാരവും ഈ തുകയാണ്) | 817129 (വാഷിക കണക്കിലെ കോഡ് 160300102 പ്രകാരവും ഈ തുകയാണ്) | -- | 3003750 |
| 2 | കാൻ പദ്ധതി | 914000 | 498656 | 98,49,019 | 11261675 |
| 3 | ഡിസെബിലിറ്റി റീഹാബി ലിറ്റേഷൻ സെന്റർ നിർമ്മാണം ഒന്നാംഘട്ടം പൂർത്തീകരണം | 700000 | == | 72462 | 772462 |
| 4 | TAKE A BREAK | - | - | 520502 (മുനിസിപ്പൽ കോർപ്പറേഷൻ) (വാഷിക കണക്കിലെ കോഡ് 160300105 പ്രകാരവും ഈ തുകയാണ്) | 520502 |
| ആകെ | | 3800621 | 1315785 | 10441983 | 15558389 |

കാൻ പദ്ധതി, ഡിസെബിലിറ്റി റീഹാബിലിറ്റേഷൻ സെന്റർ നിർമ്മാണം എന്നീ പദ്ധതികളുടെ ചെലവുകൾ വാർഷികകണക്കിൽ ഏത് ഹെഡിൽ ഉൾപ്പെടുത്തി എന്നത് വ്യക്തമല്ല.
വാർഷികണക്കുകളിലെ ബാലൻസ് ഷീറ്റ് ലെഡ്ജറുകളിൽനിന്നുള്ള വിശദവിവരം താഴെ കൊടുക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | കോഡ് നം | മുന്നിരിപ്പ് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| മുനിസിപ്പാലിറ്റി | 320700201 | 550000 | 150000 | 400000 |
| ബ്ലോക്ക് പഞ്ചായത്ത് | 320700204 | 1332000 | 347819 | 984181 |
| ഗ്രാമ പഞ്ചായത്ത് | 320700203 | 7620074 | 2063883 | 5556191 |
| ഗ്രാമ | 320700103 | 20295949 | 4573986 | 15721963 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | | | |

മേൽപറഞ്ഞ കണക്കുകൾ ഏതു പ്രൊജക്റ്റുകളുമായി ബന്ധപ്പെട്ടതാണെന്ന് വ്യക്തമല്ല. സുലേഖ ചെലവു പത്രിക, വാർഷികകണക്കുകൾ എന്നിവയിൽ രേഖപ്പെടുത്തിയ സംയുക്ത പദ്ധതികൾക്കായി ലഭിച്ച വിഹിതത്തിലെ ചെലവു തുകകളിലെ വ്യത്യാസം പരിശോധിച്ച് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി 68/08-12-2023 നൽകിയെങ്കിലും മറുപടി ലഭിക്കുകയുണ്ടായില്ല. മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും സംയുക്തപദ്ധതികൾക്ക് ലഭിച്ച വിഹിതത്തിലെ വരവുചെലവു കണക്കുകളിലെ വ്യത്യാസം സംബന്ധിച്ച് പരാമർശിച്ചിരുന്നു. അപാകതകൾ പരിഹരിച്ച് കൃത്യമായ കണക്കുകൾ ഇപ്പോഴും തയ്യാറാക്കിയിട്ടില്ല.

B) ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ (അക്കൗണ്ട് നം 799011400000646) നിന്നും കാൻ പദ്ധതിക്കായി താഴെ പറയും പ്രകാരം 1,12,61,675/-രൂപ ചെലവഴിച്ചിട്ടുണ്ട്.

കാൻ പദ്ധതി – പ്രൊജക്റ്റ് നം376 – ആകെ ചെലവ് 3128225/- രൂപയാണ്, ആയതിൽ 3114656 രൂപ താഴെ പറയും പ്രകാരം ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നിന്നാണ്.

| ക്രമ നം | ചെക്ക് നം | തുക |
|---|---|---|
| 1 | 2212742/7.6.2022 | 177356 |
| 2 | 2212743/7.10.2022 | 41300 |
| 3 | 2212747/13.1.23 | 500000 |
| 4 | 2212748/13.1.23 | 1590000 |
| 5 | 2212749/13.1.23 | 92000 |
| 6 | 2212750/13.1.23 | 322000 |
| 7 | 2212753/13.1.23 | 280000 |
| 8 | 2212752/13.1.23 | 70000 |
| 9 | 2212754/13.1.23 | 42000 |
| ആകെ | | 3114656 |

കാൻ പദ്ധതി-പ്രോജക്റ്റ് നം 377/13- ആകെ ചെലവ് 8147019 രൂപയാണ് ഈ തുക മുഴുവനും ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നിന്നാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം | ചെക്ക് നം/ തിയതി | തുക |
|---|---|---|
| 1 | 2212746/10.1.23 | 470400 |
| 2 | 2212755/24.3.23 | 3745000 |
| 3 | 2212756/24.3.23 | 129952 |
| 4 | 2212757/24.3.23 | 20163 |
| 5 | 2212758/24.3.23 | 14844 |
| 6 | 2212759/24.3.23 | 21660 |
| 7 | 2212761/29.3.23 | 3745000 |
| ആകെ | | 8147019 |

ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നിന്നുള്ള ചെലവ് തുക 2022-23 വർഷം കാൻ പദ്ധതിക്ക് ഉപയോഗിച്ചിട്ടുള്ളതാണ്. ഈ അക്കൗണ്ടിൽ ഉള്ള തുകകൾ ഏതൊക്കെ പദ്ധതികൾക്കായി ഏത് വർഷം ലഭിച്ചു എന്ന കണക്ക് ജില്ലാ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. വാർഷികകണക്കിൽ ഈ

ചെലവുതുകകൾ എപ്രകാരം ഉൾപ്പെടുത്തിയിരിക്കുന്ന എന്നതും വ്യക്തമല്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ തിയതി/ തുക | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത്-മഹാത്മാ കുടിവെള്ള പദ്ധതി – കുറ്റൂർമന 973/23 | 22200709 /18.11.22 | 150000 | വിനിയോഗ വിവരം ലഭ്യമായിട്ടില്ല | 150000 |
| | വെങ്കിടങ്ങ് -പയ്യൂർമാട് കുടിവെള്ള പദ്ധതി 1013/23 | 22200909/ 7.1.23 | 2100000 | | 2100000 |
| | വെങ്കിടങ്ങ് -പയ്യൂർമാട് കുടിവെള്ള പദ്ധതി, 996/23 | 22200910/ 7.1.23 | 1000000 | | 1000000 |
| ആകെ | | | 32,50,000 | | 32,50,000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കൈപ്പറമ്പ്-മഹാത്മാ കുടിവെള്ള പദ്ധതി 395/23 | 22200729/ 30.11.22 | 170000 | വിനിയോഗ വിവരം ലഭ്യമായിട്ടില്ല | 1213843 |
| | | 22201018/ 1.2.23 | 830000 | | |
| | | BRN 2213015... 5169/ 31.1.23 | 213843 | | |
| | കൈപ്പറമ്പ്-ഇന്ദിരാ ഗാന്ധി | 22201019/ 1.2.23 | 894699 | വിനിയോഗ വിവരം ലഭ്യമായിട്ടില്ല | 894699 |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ള പദ്ധതി, 970/23 | | | | |
| | കൈപ്പറമ്പ്-കെ.ആർ നാരായണൻ കുടിവെള്ള പദ്ധതി 763/23 | 22202189/ 21.1.23 | 765000 | 720247 | 44753 |
| ആകെ | | | 28,73,542 | 720247 | 21,53,295 |

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് വർഷത്തിൽ വരവില്ല

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം

ജില്ലാപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3.1 | 1999-2000 | 2(21) | ആശീർവാദ് റൈസ് പാർക്ക് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ സിറ്റിംഗ് കഴിഞ്ഞു -അന്തിമ തീരുമാനം ആയിട്ടില്ല. |
| | 3.50.1 | 1999-2000 മുതൽ | - | കൺവീനറുടെ സ്വന്തം | ടി |

| | | | | | |
|---|---|---|---|---|---|
| | | 2000-01 കാല ഘട്ടത്തിൽ പൂർത്തീ കരിച്ച മരാമത്ത് പണികൾ | | മണ്ണുപയോഗിച്ച് ഫില്ലിംഗ് നടപ്പാക്കുമ്പോൾ അധിക നിരക്ക് അനുവദിച്ചത്. | |
| | 3.50.2 | 1999-2000 | 2(18) | തഴപ്പായ നെയ്ത്ത്-കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, കോസ്റ്റ് ഫോർഡിന് 7 ലക്ഷം രൂപ നൽകി - പ്രോജക്ട് ഉപേക്ഷിച്ചു | ടി |
| | 3.50.3 | 2000-2001 | 2(10) | സ്വാഭിമാൻ പാർപ്പിട പദ്ധതി - കോസ്റ്റ് ഫോർഡിന് 85 ലക്ഷം രൂപ വായ്പ നൽകി - തുക തിരികെ ലഭ്യമായിട്ടില്ല | ടി |
| | 3.50.4 | 2000-2001 | 2(20) | കൊയ്ത്തു മെതിയന്ത്രം ലീസിന് എടുത്തവർ വാടക കുടിശ്ശിക വരുത്തിയത് - പ്രവർത്തന ക്ഷമമല്ലാതെ തിരിച്ചേൽപ്പിച്ചു. | ടി |
| 2009-10 | 2.10 | 2001-02 | 16 | പദ്ധതി വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതിൽ വീഴ്ച | മറുപടി സർക്കാരിനു സമർപ്പിച്ചു |
| | 3.8.19(i) | 2001-02 | 34 | പാരാമെഡിക്കൽ രംഗത്ത് തൊഴിൽ | ടി |

| | | | | | |
|---|---|---|---|---|---|
| | | | | നൽകൽ പദ്ധതി - ഉദ്ദേശ ലക്ഷ്യം പൂർത്തീകരിച്ചില്ല | |
| | 3.8.19 (ii) | 2003-2004 | 2-7 | കൈത്തറി കോമൺ ഫെസിലിറ്റി സെന്റർ, തിരുവില്വാമല | ടി |
| | 3.8.19 (iii) | 2003-2004 | 2-8 | ഈറ്റ, മുള, കോമൺ ഫെസിലിറ്റി സെന്റർ | ടി |
| 2010-11 | 5.2.18 (i) | 2005-2006 | 2-53 | വാങ്ങി നൽകിയ ടാറിന്റെ വില ഈടാക്കിയില്ല – നഷ്ടം 93,498 രൂപ | ടി |
| | 5.3.9(1) | 2006-2007 | 2-17 | സെറികൾച്ചർ വികസനം - പദ്ധതി ലക്ഷ്യം നേടിയില്ല. | ടി |
| | 5.3.9 (2) | 2006-2007 | 2-46 | വൃദ്ധ സദനം ലക്ഷ്യം കൈവരിച്ചില്ല | ടി |
| | 5.3.9 (3) | 2006-2007 | 2-47 | വൈദ്യുതി കണക്ഷൻ കിട്ടിയില്ല – വനിത കലാകേന്ദ്രം നിഷ്ക്രിയ ആസ്തി | ടി |
| 2012-13 | 3.2.6 | - | - | ഫാമുകളുടെ പ്രവർത്തനാവലോകനം | ടി |
| 2013-14 | 5.2 (19) | - | - | പരാജയപ്പെട്ട നൂതനാശയ പ്രവർത്തനങ്ങൾ - വിജ്ഞാൻ സാഗർ | ടി |
| 2014-15 | 5.എ (4) | - | - | പന്നി വളർത്തൽ കേന്ദ്രങ്ങൾ | ടി |
| | 2.5 (4)(C) | 2015-16 | - | റോഡുകളുടെ | ടി |

| | | | | | |
|---|---|---|---|---|---|
| | | പ്രൊജക്ട് നം.138/16 | | ചുമതലാ വിഭജനം | |
| 2017-18 | അനുബന്ധം 1 | - | - | വ്യവസായ എസ്റ്റേറ്റുകളുടെ പ്രവർത്തനക്ഷമത – ആശീർവാദ് റൈസ്പാർക്ക് | ടി |
| | അനുബന്ധം 2 | - | - | പദ്ധതിയുടെ ഫീസിബിലിറ്റി പഠനം നടത്താത്തത് - ഡോ.അംബേദ്കർ കുടിവെള്ള പദ്ധതി | ടി |
| 2018-19 | തൃശ്ശൂർ ജില്ല - 4 | 2016-17 | 2-1 | ഫാമുകൾക്ക് കുടിശ്ശികയായി ലഭിക്കാനുള്ളത് വൻതുക | ടി |
| | തൃശ്ശൂർ ജില്ല - 5 | 2016-17 | 3-43 | ഷീ പാഡ് പദ്ധതി – നടത്തിപ്പിലെ ന്യൂനതകൾ | ടി |

4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ)സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| മുന്നിരിപ്പ് | | 133423718 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 1124259174 |
| ആകെ | | 1257682892 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 1091447008 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത | : | 2,09,999 |

| | | |
|---|---|---|
| തുക | | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 60429633 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 43841 | ശ്രീമതി.ആൻസി ജോസ് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി |
| 3-2 | | 4076 | ഡോ.ബിന്ദു തോമസ്.കെ സൂപ്രണ്ട്, വടക്കാഞ്ചേരി ജില്ലാ ആശുപത്രി |
| 3-3 | | 21767 | ഡോ.ബിന്ദു തോമസ്.കെ സൂപ്രണ്ട്, വടക്കാഞ്ചേരി ജില്ലാ ആശുപത്രി |
| 3-4 | | 129050 | ശ്രീമതി.അനിത.എം.കെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വൈ.പി) |
| 3-5 | | 11265 | ശ്രീമതി.സഞ്ചു സൂസൻ മാത്യൂ, സീനിയർ കൃഷി ഓഫീസർ, SSF എടത്തിരുത്തി |
| | | 209999 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16-2 | 162460 | ശ്രീമതി.സഞ്ചു സൂസൻ മാത്യൂ, സീനിയർ കൃഷി ഓഫീസർ, SSF എടത്തിരുത്തി |
| 1-16-3 | 292167 | ശ്രീമതി.സഞ്ചു സൂസൻ |

| | | |
|---|---|---|
| | | മാത്യൂ, സീനിയർ കൃഷി ഓഫീസർ, SSF എടത്തിരുത്തി |
| 1-17-2 | 3000 | ശ്രീമതി.ബിന്ദു സാറ എബ്രഹാം, സീനിയർ കൃഷി ഓഫീസർ, SSF കോടശ്ശേരി |
| 1-18-3 | 432381 | (1) 382381 - ശ്രീമതി.അനിത.എം.കെ, (2) 50000 – ശ്രീമതി.രാജലക്ഷ്മി.ടി.കെ, സീനിയർ കൃഷി ഓഫീസർ, SSF പഴയന്നൂർ |
| 1-20 | 1305000 | ശ്രീ.സൂരജ് കണ്ണൻ.പി.വി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) |
| 1-21 | 61840 | ശ്രീ.സൂരജ് കണ്ണൻ.പി.വി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) |
| 1-22 | 2775360 | ശ്രീ.സൂരജ് കണ്ണൻ.പി.വി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) |
| 1-24 | 12440480 | ശ്രീമതി.ഉഷാ മേരി ഡാനിയൽ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വാട്ടർ മാനേജ്മെന്റ്) |
| 1-25-2 | 925 | ശ്രീമതി.അനിത.എം.കെ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വൈ.പി) |
| 1-26 | 520731 | ശ്രീമതി.ജോയ്സി സ്റ്റീഫൻ, ജില്ലാ സാമൂഹ്യ നീതി ഓഫീസർ |
| 1-27 | 3028070 | ശ്രീ.അഷ്കർഷാ.പി.എച്ച്, ശ്രീമതി.ജോയ്സി സ്റ്റീഫൻ, ജില്ലാ സാമൂഹ്യ നീതി ഓഫീസർ |
| 1-29(V) | 390600 | ഡോ.ബിന്ദു തോമസ്.കെ സൂപ്രണ്ട്, വടക്കാഞ്ചേരി |

| | | |
|---|---|---|
| | | ജില്ലാ ആശുപത്രി |
| 1-29(VII) | 205326 | ഡോ.ബിന്ദു തോമസ്.കെ സൂപ്രണ്ട്, വടക്കാഞ്ചേരി ജില്ലാ ആശുപത്രി |
| 1-31 | 3772739 | ഡോ.ശ്രീദേവി.ടി.പി ജില്ലാമെഡിക്കൽ ഓഫീസർ, അലോപ്പതി |
| 1-33 | 1715137 | ഡോ.ശ്രീദേവി.ടി.പി ജില്ലാമെഡിക്കൽ ഓഫീസർ, അലോപ്പതി |
| 1-34 | 2896000 | ഡോ.ശ്രീദേവി.ടി.പി ജില്ലാമെഡിക്കൽ ഓഫീസർ,അലോപ്പതി |
| 1-37 | 605050 | ശ്രീമതി അനിത കെ.ടി ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് |
| 1-40 | 74403 | ശ്രീ. കെ ജി തിലകൻ, സെക്രട്ടറി, ജില്ലാ പഞ്ചായത്ത് |
| 1-42 | 5358542 | (1) 3,20,000-ശ്രീ. കെ ജി തിലകൻ, സെക്രട്ടറി, ജില്ലാ പഞ്ചായത്ത്<br>(2) 5038542-പ്രസന്നകുമാർ.ടി.യു, സെക്രട്ടറി (I/C), ജില്ലാ പഞ്ചായത്ത് |
| 1-43 | 2000000 | ശ്രീ.കെ ജി തിലകൻ, സെക്രട്ടറി, ജില്ലാ പഞ്ചായത്ത് |
| 1-44 | 288628 | ശ്രീ.ഷിബു.പി.എസ് സെക്രട്ടറി, ജില്ലാ പഞ്ചായത്ത് |
| 1-45 | 265007 | ശ്രീ.കെ ജി തിലകൻ, സെക്രട്ടറി, ജില്ലാ പഞ്ചായത്ത് |
| 1-46 | 120000 | ശ്രീ.ഷിബു.പി.എസ്, സെക്രട്ടറി, ജില്ലാ പഞ്ചായത്ത് |
| 1-47 | 1000000 | (1) 110073- ശ്രീ.കെ ജി തിലകൻ, സെക്രട്ടറി, ജില്ലാ |

| | | |
|---|---|---|
| | | പഞ്ചായത്ത്<br>(2) 109297-<br>പ്രസന്നകുമാർ.ടി.യു,<br>സെക്രട്ടറി(I/C), ജില്ലാ<br>പഞ്ചായത്ത്<br>(3) 780630-<br>ശ്രീ.ഷിബു.പി.എസ്<br>സെക്രട്ടറി, ജില്ലാ<br>പഞ്ചായത്ത് |
| 1-48 | 2394600 | ശ്രീ.പ്രസന്നകുമാർ.ടി.യു,<br>സെക്രട്ടറി(I/C), ജില്ലാ<br>പഞ്ചായത്ത് |
| 1-49 | 318274 | ശ്രീ.കെ ജി തിലകൻ,<br>സെക്രട്ടറി, ജില്ലാ<br>പഞ്ചായത്ത് |
| 1-53 | 711607 | (1) 522500- ശ്രീ.കെ ജി<br>തിലകൻ,<br>സെക്രട്ടറി, ജില്ലാ<br>പഞ്ചായത്ത്<br>(2) 36650-<br>ശ്രീ.പ്രസന്നകുമാർ.ടി.യു,<br>സെക്രട്ടറി(I/C), ജില്ലാ<br>പഞ്ചായത്ത്<br>(3) 152457- ശ്രീ. കെ ജി<br>തിലകൻ, സെക്രട്ടറി,<br>ജില്ലാ പഞ്ചായത്ത് |
| 1-58 | 6778456 | ശ്രീ.നിർമ്മൽ.എസ്.സി,<br>ജില്ലാ മിഷൻ കോ-<br>ഓർഡിനേറ്റർ, കുടുംബശ്രീ |
| 1-59 | 969078 | ശ്രീമതി.ലിസ.ജെ.മങ്ങാട്ട്,<br>പട്ടികജാതി വികസന<br>ഓഫീസർ |
| 1-62 | 4190740 | ശ്രീ.ടി.വി.മദനമോഹനൻ,<br>പൊതു വിദ്യാഭ്യാസ<br>ഡെപ്യൂട്ടി ഡയറക്ടർ |
| 1-63 | 2439540 | ശ്രീ.ടി.വി.മദനമോഹനൻ,<br>പൊതു വിദ്യാഭ്യാസ<br>ഡെപ്യൂട്ടി ഡയറക്ടർ |

| | | |
|---|---|---|
| 1-66-2 | 903718 | ശ്രീമതി.മഞ്ജു പി വാസു, അസി. എക്സി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി. |
| 1-66-4 | 982455 | ശ്രീമതി.മഞ്ജു പി വാസു, അസി. എക്സി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി. |
| 1-66-5 | 822659 | ശ്രീമതി.മഞ്ജു പി വാസു, അസി. എക്സി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി. |
| 1-68 | 204660 | ശ്രീമതി.ആൻസി ജോസ്,അസി. എക്സി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി. |
| | 60429633 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-22

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സഞ്ജു സൂസൻ മാത്യു, സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുല്പാദന കേന്ദ്രം, എടത്തിരുത്തി | പ്രിൻസിപ്പൽ കൃഷി ഓഫീസ്, എറണാകുളം | 60/പനോരമ റസിഡൻസി, കുമാരനാശാൻ റോഡ്, കൊച്ചി |
| ഡോ.ബിന്ദു തോമസ്.കെ സൂപ്രണ്ട്, വടക്കാഞ്ചേരി ജില്ലാ ആശുപത്രി | ഗവ.മനോ രോഗാശുപത്രി, കോഴിക്കോട് | സരോവരം, നിർമ്മല കോൺവെന്റിനു സമീപം, അയ്യന്തോൾ, തൃശ്ശൂർ – 680003 |
| ശ്രീമതി.ആൻസി ജോസഫ് അസി.എക്സി. | കോഴിക്കോട് കോർപ്പറേഷൻ | പോഴോലിപ്പറമ്പിൽ വീട്, അവിട്ടത്തൂർ, |

| | | |
|---|---|---|
| എഞ്ചിനീയർ, എൽ.എസ്.ജി.ഡി | ഓഫീസ് | തൃശ്ശൂർ – 680683 |
| ശ്രീമതി.അനിത.എം.കെ സീനിയർ കൃഷി ഓഫീസർ, സംസ്ഥാന വിത്തുല്പാദന കേന്ദ്രം, പഴയന്നൂർ | വിരമിച്ചു | പൂക്കാട്ട് ഹൗസ്. വെളുത്തൂർ, പി.ഒ, അരിമ്പൂർ, തൃശ്ശൂർ – 680012 |
| ശ്രീ.മദനമോഹനൻ.ടി.വി, പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | വിരമിച്ചു | ഗോപിക പെരിങ്ങാട്ടുകര പി.ഒ തൃശ്ശൂർ - 680565 |
| ശ്രീ. കെ ജി തിലകൻ, സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | വിരമിച്ചു | കല്ലംപുറം ഹൗസ്, മാമ്പ്ര, എരയാംകുടി.പി.ഒ, കല്ലൂർ, തെക്കുംമുറി, തൃശ്ശൂർ - 680308 |
| ശ്രീ.സൂരജ് കണ്ണൻ.പി.വി അസി.എക്സി. എഞ്ചിനീയർ, കൃഷി | കൃഷി അസി.എക്സി. എഞ്ചിനീയറുടെ കാര്യാലയം, പത്തനംതിട്ട | കാർത്തിക, മണ്ണാർക്കാട്, കാരക്കാട് പി.ഒ, ചെങ്ങന്നൂർ, ആലപ്പുഴ |
| ഡോ.ശ്രീദേവി.ടി.പി ജില്ലാമെഡിക്കൽ ഓഫീസർ, അലോപ്പതി | ജില്ലാമെഡിക്കൽ ഓഫീസർ, അലോപ്പതി | വടക്കേടത്ത് വീട്, മണലാറുകാവ്, വിയ്യൂർ.പി.ഒ, തൃശ്ശൂർ-680010 |
| ശ്രീമതി.ബിന്ദു സാറ എബ്രഹാം, സീനിയർ കൃഷി ഓഫീസർ, SSF കോടശ്ശേരി | സീനിയർ കൃഷി ഓഫീസർ, SSF കോടശ്ശേരി | ഇലങ്കത്തിൽ ഹൗസ്, നങ്ങ്യാർകുളങ്ങര പി ഒ, ഹരിപ്പാട്, ആലപ്പുഴ |
| ശ്രീമതി.രാജലക്ഷ്മി.ടി.കെ, സീനിയർ കൃഷി ഓഫീസർ, SSF പഴയന്നൂർ | സീനിയർ കൃഷി ഓഫീസർ, SSF പഴയന്നൂർ | പുള്ളോക്കാരൻ ഹൗസ്, മുളങ്കുന്നത്ത് കാവ് പി ഒ, തൃശ്ശൂർ, 680581 |
| ശ്രീമതി.ഉഷാ മേരി ഡാനിയൽ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വാട്ടർ മാനേജ്മെന്റ്) | പ്രിൻസിപ്പൽ കൃഷി ഓഫീസ്, തൃശ്ശൂർ | നീട്ടുംകര ഹൗസ്, താമരച്ചാൽ, കിഴക്കമ്പലം പി ഒ, എറണാകുളം -683562 |
| ശ്രീ.അഷ്കർഷാ.പി.എച്ച് , ജില്ലാ സാമൂഹ്യ നീതി ഓഫീസർ | ജില്ലാ സാമൂഹ്യ നീതി ഓഫീസർ,തൃശ്ശൂർ | 23/230, കുന്നം, ജയ്ഹിന്ദ് സ്ട്രീറ്റ് , പാലക്കാട് |
| ശ്രീമതി.ജോയ്സി സ്റ്റീഫൻ, ജില്ലാ സാമൂഹ്യ നീതി ഓഫീസർ | ജില്ലാ സാമൂഹ്യ നീതി ഓഫീസ്,തൃശ്ശൂർ | കുപ്പിശ്ശേരിൽ ഹൗസ്, ഐരാപുരം പി ഒ, പെരുമ്പാവൂർ, എറണാകുളം |
| ശ്രീമതി അനിത കെ.ടി ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് | റീജിയണൽ മാനേജർ, KSCADC, കോഴിക്കോട് | അനപ്പത്ത് ഹൗസ്, കടമ്പോട് പി ഒ, മലപ്പുറം 676521 |
| പ്രസന്നകുമാർ.ടി.യു, | സൂപ്പർ ചെക്ക് | ഹൗസ് നം.08/553- |

| | | |
|---|---|---|
| സെക്രട്ടറി (I/C), ജില്ലാ പഞ്ചായത്ത് | സെൽ (മലബാർ റീജിയൻ), കോഴിക്കോട് | A, എറക്കുന്നത്ത് ഹൗസ്, പെരുമുടിയൂർ പി ഒ, പട്ടാമ്പി, പാലക്കാട്- 679303 |
| ശ്രീ.ഷിബു.പി.എസ് സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ | സുകുമാര വിലാസം, നടുവത്ത് ചേരി, ചാവറ സൗത്ത് പി ഒ, കൊല്ലം -691584 |
| ശ്രീമതി.മഞ്ജു പി വാസു, അസി. എക്സി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | അസി. എക്സി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി, തൃശ്ശൂർ | ചിറ്റേത്തുതാഴം, കണ്ടനാട് പി ഒ, എറണാകുളം- 682305 |
| ശ്രീമതി.ലിസ.ജെ.മങ്ങാട്ട്, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, തൃശ്ശൂർ | ഫ്ലാറ്റ് നം 304, ഡ്രീം ഫ്ളവർ, ജോർജിയസ്, ഇടപ്പള്ളി, എറണാകുളം |
| ശ്രീ.നിർമ്മൽ.എസ്.സി, ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ, തൃശ്ശൂർ | ആരാധന, അയത്തിൽ പി ഒ, കൊല്ലം- 691021 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-1996<br>1996-1997 | എൽ.എഫ്.ടി.5-349/1999<br>തിയ്യതി. 09.04.1999 |

| | |
|---|---|
| 1997-1998 ചെലവ് | എൽ.എഫ്.ടി.5- 1489/2002 തിയ്യതി. 04.12.2002 |
| 1998-1999 ചെലവ് | എൽ.എഫ്.ടി.5-1087/2003 തിയ്യതി. 10.03.2004 |
| 1998-1999 വരവ് | എൽ.എഫ്.ടി.21-46/2009 തിയ്യതി. 15.09.2010 |
| 1999-2000 ചെലവ് | എൽ.എഫ്.ടി.21-2226/2006 തിയ്യതി. 05.05.2007/ 02.08.2007 |
| 1999-2000 വരവ് | എൽ.എഫ്.ടി.21-47/2009 തിയ്യതി. 15.09.2010/05.10.2010 |
| 2000-2001 ചെലവ് | എൽ.എഫ്.ടി.21-733/2007 തിയ്യതി.11.01.2008/ 14.03.2008 |
| 2001-2002 ചെലവ് | എൽ.എഫ്.ടി.21-1839/2007 തിയ്യതി.26.12.2009/ 06.02.2010 |
| 2002-2003 ചെലവ് | എൽ.എഫ്.ടി.21-2575/2007 തിയ്യതി.26.12.2009/ 06.02.2010 |
| 2003-2004 ചെലവ് | എൽ.എഫ്.ടി.21-864/2008 തിയ്യതി. 31.08.2009/ 06.02.2010 |
| 2004-2005 ചെലവ് | എൽ.എഫ്.ടി.21-779/2008 തിയ്യതി. 11.08.2010/ 12.10.2010 |
| 2005-2006 ചെലവ് | എൽ.എഫ്.ടി.21-817/2008 തിയ്യതി.07.08.2010/ 12.10.2010 |
| 2006-2007 ചെലവ് | എൽ.എഫ്.ടി.21-2560/2008 തിയ്യതി.02.09.2010/ 24.11.2010 |
| 2000-2001 വരവ് | എൽ.എഫ്.ടി.(ഡി.പി.)112/2011 തിയ്യതി.08.02.2011 |
| 2001-2002 വരവ് | എൽ.എഫ്.ടി.(ഡി.പി)111/2011 തിയ്യതി.08.02.2011 |
| 2002-2003 വരവ് | എൽ.എഫ്.ടി.(ഡി.പി)359/2011 തിയ്യതി.17.06.2011 |
| 2003-2004 വരവ് | എൽ.എഫ്.ടി.(ഡി.പി)360/2011 തിയ്യതി.17.06.2011 |
| 2004-2005 വരവ് | എൽ.എഫ്.ടി(ഡി.പി)1908/2011 തിയ്യതി.09.07.2011 |
| 2005-2006 വരവ് | എൽ.എഫ്.ടി(ഡി.പി.)1109/2012 തിയ്യതി.25.07.2012 |
| 2006-2007 വരവ് | എൽ.എഫ്.ടി.(ഡി.പി) 1164/2012 തിയ്യതി. 25.07.2012 |

| | |
|---|---|
| 2007-2008 വരവ് | എൽ.എഫ്.ടി(ഡി.പി)1165/2012 തിയ്യതി.25.07.2012 |
| 2008-2009 വരവ് | എൽ.എഫ്.ടി.(ഡി.പി)6/2011 തിയ്യതി.23.11.2012 |
| 2009-2010 വരവ് ചെലവ് | എൽ.എഫ്.ടി.(ഡി.പി)780/12 തിയ്യതി.04.05.13/02.08.13 |
| 2010-2011 വരവു ചെലവ് | എൽ.എഫ്.ടി.(ഡി.പി)1894/2012 തിയ്യതി.04.01.2014 |
| 2011-2012 | എൽ.എഫ്.ടി.(ഡി.പി)984/13 തിയ്യതി.2.4.14/17.5.14 |
| 2012-13 | എൽ.എഫ്.ടി.(ഡി.പി)1118/14 തിയ്യതി.02/05/15/ |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ. (ഡി.പി)1281/15 തിയ്യതി 16.11.15/4.01.2016 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ. (ഡി.പി)235/16, തിയ്യതി 18.5.2016/17.8.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ. (ഡി.പി)755/17, തിയ്യതി 17.07.2017/17.08.17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ. (ഡി.പി)1790/17, തീയതി 08-01-2018. |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ. (ഡി.പി)892/19 തീയതി 21-10-2019. |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ. (ഡി.പി)400/20 തീയതി 11-06-2020. |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ-ഡിപി1/1650/2021 തീയതി - 29-11-2021 |
| 2020-21 | കെ.എസ്.എ.ടി.എസ്.ആർ-ഡിപി2/66/2022 തീയതി - 30-06-2022 |
| 2021-22 | കെ.എസ്.എ.ടി.എസ്.ആർ-ഡിപി2/-40/23 തീയതി - 31/07/2023 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 06-06-2023 and submitted on 17-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Thrissur Concurrent District Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thrissur Concurrent District Panchayat for the year 2022-2023

Date: 29/12/2023

Senior Deputy Director
Thrissur District Panchayath
Kerala State Audit Department

## Audit Report appended to the Audit Certificate of Thrissur Concurrent District Panchayat for the Year 2022-2023 .

**1.Major Observations**

Misclassification of Payment vouchers- In deposit works where advance amount is given to implementing agencies, the expenditure is booked in the expenditure/asset head (eg- Drinking water head) before getting the utilisation certificate, and not in the head " 460500...-Advance to implementing Agencies

**2.Other Observations**

1) Net increase/decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.

2) Auction register, file not maintained

3) Advance & Deposit registers are not maintained, ACR is not maintained for special purpose funds,

Asset register is not updated.

4) Lack of authenticated journel vouchers for supporting the adjustment entries recorded in prior period items

5) Depreciation provided for an asset is more than book value

6) Capital contribution entries are not updated.

7) Accounts of Development fund (General), Maintenance fund (Road), CFC Grant, contribution for Joint Venture projects are not maintained accurately.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ തൃശ്ശൂര് ജില്ലാ പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ്
കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annex 3

## 2022-23 വർഷം സെക്രട്ടറി നടപ്പാക്കിയ വിഹിതം കൈമാറുന്നതിനുള്ള പ്രൊജക്ടുകൾ

| ക്രമ നം | പ്രൊജക്ട് നം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | | | | |
| 1 | 847 | നെന്മണിക്കര-സിറ്റിസൺക്ലേവ് റോഡ് | 500000 | 139942 |
| 2 | 1024 | കടങ്ങോട്-പുതിയമാത്തൂർ റോഡ് | 200000 | 164870 |
| 3 | 424 | ചേർപ്പ്-സൗഹൃദ റോഡ് | 200000 | 200000 |
| 4 | 470 | വാടാനപ്പിള്ളി-കൊട്ടുങ്ങപ്പള്ളി റോഡ് | 200000 | 200000 |
| 5 | 1016 | വല്ലച്ചിറ-പൂക്കോട്പറമ്പ് റോഡ് | 273243 | 247619 |
| 6 | 911 | ചേർപ്പ്-കാവിൽപ്പാടം റോഡ് | 250000 | 250000 |
| 7 | 864 | മണലൂർ-മദർതെരേസ റോഡ് | 500000 | 442212 |
| 8 | 414 | കാട്ടക്കാമ്പാൽ-സ്രായിൽ റോഡ് | 500000 | 444517 |
| 9 | 412 | പാവറട്ടി- എകെജി റോഡ് | 500000 | 481906 |
| 10 | 413 | ഒരുമനയൂർ-എപി അയമു റോഡ് | 500000 | 500000 |
| 11 | 670 | കടപ്പുറം -മക്കാർ മുസ്ല്യാർ റോഡ് | 500000 | 500000 |

| | | | | |
|---|---|---|---|---|
| | | | | |
| 12 | 1130 | വല്ലച്ചിറ-മുല്ലപ്പിള്ളി ചീരക്കുഴി റോഡ് | 500000 | 500000 |
| 13 | 1160 | വല്ലച്ചിറ-ഓടൻചിറ റഗുലേറ്റർ റോഡ് | 500000 | 500000 |
| 14 | 416 | കടങ്ങോട്- എകെജി നടുവട്ടം ചിറമനേങ്ങാട് റോഡ് | 500000 | 394097 |
| 15 | 980 | എടത്തിരുത്തി ബാലബോധിനി റോഡ് | 1000000 | 521859 |
| 16 | 472 | വാടാനപ്പിള്ളി-മുഹമ്മദീയറാഫി കോർണർ ലിങ്ക് റോഡ് | 600000 | 600000 |
| 17 | 603 | തോളൂർ-സബ്സ്റ്റേഷൻ മുക്കോല റോഡ് | 560000 | 560000 |
| 18 | 445 | വടക്കേക്കാട്-വാണിയംപറമ്പ് കൊമ്പത്തറ റോഡ് | 700000 | 700000 |
| 19 | 601 | എസ്എൻ പുരം -ഫോർഷോർ റോഡ് | 1000000 | 765749 |
| 20 | 441 | വടക്കേക്കാട്-പ്രിയദർശിനി റോഡ് | 1500000 | 769397 |
| 21 | 423 | ചേർപ്പ്-മഹാലക്ഷ്മി റോഡ് | 800000 | 779152 |
| 22 | 884 | പെരിഞ്ഞനം-വിപി നായർ റോഡ് | 1000000 | 866659 |

| | | | | |
|---|---|---|---|---|
| 23 | 411 | കുഴൂർ-താണിശ്ശേരി ലക്ഷം വീട് കോളനി റോഡ് | 800000 | 746536 |
| 24 | 1005 | വെള്ളാങ്കല്ലൂർ-വട്ടേക്കാട്ടുകര കോവിലകത്തുകുന്ന് റോഡ് | 1000000 | 915878 |
| 25 | 951 | കൊടകര സ്കൂൾ റോഡ് | 1000000 | 933723 |
| 26 | 1046 | മാടക്കത്തറ-കുറ്റിക്കാട് റോഡ് | 1000000 | 981537 |
| 27 | 442 | പാറളം-ചേനം തരിശ് റോഡ് | 1000000 | 985226 |
| 28 | 1049 | മാടക്കത്തറ-ചൈതന്യ റോഡ് | 1000000 | 986935 |
| 29 | 463 | മാടക്കത്തറ-പടിഞ്ഞാട്ടുമുറി റോഡ് | 1000000 | 989887 |
| 30 | 1060 | പുന്നയൂർ-എംജി റോഡ് കാന നിർമ്മാണം | 1000000 | 993568 |
| 31 | 872 | കൈപ്പമംഗലം- കാളത്തുടി റോഡ് | 1000000 | 994629 |
| 32 | 402 | കടപ്പുറം-മുനക്കകടവ് ഹാർബർ റോഡ് | 1000000 | 997363 |
| 33 | 405 | ചേർപ്പ്-പനംകുളം-മഹാലിംഗം ചെമ്പൻ റോഡ് | 1000000 | 1000000 |
| 34 | 421 | എടവിലങ്ങ്-ഫിഷർമാൻ ലിങ്ക് റോഡ് | 1000000 | 1000000 |

| | | | | |
|---|---|---|---|---|
| 35 | 450 | ഏങ്ങണ്ടിയൂർ-ആയിരം കണ്ണി മീൻകടവ് റോഡ് | 1500000 | 1252289 |
| 36 | 449 | പുന്നയൂർ-എടക്കര നിലക്കടവ് റോഡ് | 1000000 | 1000000 |
| 37 | 1249 | വെള്ളാങ്കല്ലൂർ-ജംക്ഷൻ റോഡ് | 1000000 | 1000000 |
| ആകെ | | | | 25305550 |
| റോഡിതരം | | | | |
| 38 | 422 | മറ്റത്തൂർ-കലാലയ പബ്ലിക്ക് ലൈബ്രറി | 132628 | 74168 |
| 39 | 819 | കൊരട്ടി ആയുർവേദ ആശുപത്രി അറ്റകുറ്റപ്പണി | 205732 | 197024 |
| ആകെ | | | | 271192 |
| OWN FUND, മെയിന്റനൻസ് റോഡ് | | | | |
| 40 | 1008 | കൈപ്പമംഗലം-പുത്തൻപള്ളി റോഡ് അറ്റകുറ്റപ്പണികൾ | 189170<br>(Own fund)<br>1310830<br>(MGR) | 189170<br>1310830 |
| 41 | 843 | വേളൂക്കര-ഹരിശ്രീ സ്കൂൾ റോഡ് സ്ട്രീറ്റ് മെയിൻ | 500000 | 306422 |
| 42 | 1055 | ചൊവ്വന്നൂർ-കുത്തമ്പുള്ളി റോഡ് | 1000000 | 407053 |

| | | | | |
|---|---|---|---|---|
| 43 | 407 | പാവറട്ടി-കാളാനി കുമാരനാശാൻ റോഡ് | 450000<br>(Own fund)<br>50000(MGR) | 450000<br>50000 |
| 44 | 983 | കടപ്പുറം-നോളി റോഡ് | 500000 | 500000 |
| 45 | 1102 | പുന്നയൂർ-ചുക്കുബസാർ പണ്ടാരത്തൊടി റോഡ് | 1000000 | 760516 |
| 46 | 925 | കയ്പ്പമംഗലം-ഹിളർപ്പള്ളി പനമ്പിള്ളി റോഡ് | 1000000 | 999479 |
| 47 | 972 | ആശ്രയ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി | 500000 (വികസന ഫണ്ട്, ജനറൽ) | 205000 |
| ആകെ | | | | 3612640 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | | | | |
| 48 | 953 | മുളങ്കുന്നത്ത് കാവ്-അംഗൻവാടി 143നിർമ്മാണ പൂർത്തീകരണം | 500000 | 338747 |
| 49 | 374 | പാഞ്ഞാൾ-ചോലമ്മക്കാവ് കുടിവെള്ള പദ്ധതിക്ക് മോട്ടോറും ടാങ്കും പൈപ്പ് ലൈനും | 500000 | 500000 |
| 50 | 375 | പാഞ്ഞാൾ-ചുണ്ടങ്കാട് കോളനി കുടിവെള്ള പദ്ധതി | 500000 | 500000 |

| | | | | |
|---|---|---|---|---|
| 51 | 107 | മുള്ളൂർക്കര-എഫ് എച്ച് സിക്ക് ടോയ്ലെറ്റ് നിർമ്മാണം | 1500000 | 516317 |
| 52 | 985 | ജലസ്രോതസ്സുകളുടെ ശുചീകരണവും നവീകരണവും | 585148 | 585017 |
| 53 | 401 | പടിയൂർ-തെക്കോർത്ത് കോൾ അനുബന്ധപ്രവർത്തനങ്ങൾ | 458000 | 458000 |
| 54 | 385 | നടത്തറ-ശ്മശാന നവീകരണം | 1500000 | 1500000 |
| 55 | 439 | പാണഞ്ചേരി-എം സിഎഫ് നിർമ്മാണം | 1500000 | 1500000 |
| 56 | 974 | അരിമ്പൂർ-കണ്ണൻകായി കുളം നവീകരണം | 1700000 | 1678566 |
| 57 | 110 | പൂമംഗലം-പൊതുകിണറുകളുടെ നവീകരണം | 1000000 | 272827 |
| 58 | 158 | ശ്മശാന നിർമ്മാണം നവീകരണം | 3677469 | 3677469 |
| ആകെ | | | | 11526943 |
| ടി.എസ്.പി | | | | |
| 59 | 757 | പട്ടകവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിഹിതം | 1000000 | 140000 |

| | | | | |
|---|---|---|---|---|
| | | | | |
| എസ്.സി.പി | | | | |
| 60 | 968 | പുത്തൻചിറ- വടക്കുംമുറി ലക്ഷം വീട് കോളനി ഹാൾ വികസനം | 1000000 | 23204 |
| 61 | 739 | എസ്സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിഹിതം | 8000000 | 180000 |
| 62 | 469 | വേലൂർ- പുലിയന്നൂർപട്ടികജാതി കോളനി തെരുവുവിളക്ക് സ്ഥാപിക്കൽ | 500000 | 184134 |
| 63 | 777 | പറപ്പൂക്കര- എസ്സിസാംസ്കാരിക നിലയം ഫർണീച്ചർ | 200000 | 200000 |
| 64 | 779 | പറപ്പൂക്കര- പടിഞ്ഞാട്ടുമുറികോളനി സമഗ്രവികസനം | 800000 | 212077 |
| 65 | 954 | വെള്ളക്കര-മണ്ണാർമൂല എസ്സി സാംസ്കാരിക നിലയം | 500000 | 310499 |
| 66 | 745 | കോന്നേങ്കലം കോളനി സാംസ്കാരിക നിലയം | 500000 | 366426 |
| 67 | 969 | പുത്തൻചിറ- കൊമ്പത്തുകടവ് എസ്സി കോളനി | 1000000 | 385909 |

| | | | | |
|---|---|---|---|---|
| 68 | 448 | അന്നമനട-വെണ്ണൂപ്പാടം കോളനി കമ്മ്യൂണിറ്റി ഹാൾ | 500000 | 421996 |
| 69 | 451 | പുത്തൂർ-ശാന്തിനഗർ കോളനി ലൈബ്രറി കെട്ടിടം | 500000 | 426186 |
| 70 | 431 | പുത്തൂർ-മരത്താക്കര വിശ്വനാഥനഗർ പട്ടികജാതി കോളനി വായനശാല | 763470 | 467819 |
| 71 | 408 | എരുമപ്പെട്ടി-കൊടുമ്പ് ചാത്തൻചിറ കോളനി സമഗ്രവികസനം | 500000 | 500000 |
| 72 | 428 | മാള- അണ്ണല്ലൂർ ആനപ്പാറ പട്ടികജാതി കോളനി കുടിവെള്ളപദ്ധതി | 2025537 | 536578 |
| 73 | 751 | മറ്റത്തൂർ-കോളനി സമഗ്രവികസനം | 475000 | 475000 |
| 74 | 1026 | വേലൂർ-ചെറുകുന്ന് കോളനി റോഡ് | 500000 | 477574 |
| 75 | 440 | പാഞ്ഞാൾ-തുവരക്കാട് കോളനി സാംസ്കാരിക നിലയം | 700000 | 693547 |
| 76 | 425 | അരിമ്പൂർ-അംബേദ്ക്കർ കുടിവെള്ള പദ്ധതി | 731265 | 731265 |
| 77 | 749 | ചൊവ്വന്നൂർ -മൂന്ന് സെന്റ് കോളനികുടിവെള്ള പദ്ധതി | 1000000 | 815000 |

| | | | | |
|---|---|---|---|---|
| 78 | 460 | ആളൂർ-മാനാട്ടുകുന്ന് എസ്സി കമ്മ്യൂണിറ്റി ഹാൾ | 1000000 | 964346 |
| 79 | 436 | തെക്കുംകര എസ്സി കോളനി | 1000000 | 902330 |
| 80 | 1184 | ആളൂർ-വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | 1000000 | 986688 |
| 81 | 1212 | ആളൂർ-പട്ടികജാതി കമ്മ്യൂണിറ്റി ഹാളുകളിൽ ഫർണീച്ചർ വാങ്ങുന്നതിന് | 1000000 | 1000000 |
| 82 | 461 | ആളൂർ-പതിക്കാട് എസ്സി കമ്മ്യൂണിറ്റി ഹാൾ അടുക്കള | 2000000 | 1008146 |
| 83 | 438 | തെക്കുംകര-മണലിത്തറകിഴക്കേക്കര എസ്സി കോളനി സമഗ്രവികസനം | 1420643 | 1008622 |
| 84 | 447 | ചാഴൂർ-ചേറ്റംകുളം എസ്സി കോളനി സമഗ്രവികസനം | 1500000 | 1127867 |
| 85 | 393 | മതിലകം-പത്താംവാർഡിൽ എസ്സി കോളനി സമഗ്രവികസനം | 1800000 | 1251788 |
| 86 | 400 | മുല്ലശ്ശേരി-മതുക്കര എസ്സി കോളനിസമഗ്രവികസനം | 1500000 | 1390552 |
| 87 | 784 | പൂമംഗലം-മാരാത്ത്കോളനി സമഗ്രവികസനം | 2000000 | 1614628 |

| | | | | |
|---|---|---|---|---|
| ആകെ | | | | 18662181 |
| പൊതുവിഭാഗം | | | | |
| 88 | 846 | ആളൂർ-കാർഷിക നഴ്സറി | 500000 | 50000 |
| 89 | 823 | മതിലകം 13-ാം വാർഡ് സ്ട്രീറ്റ് മെയിൻ | 300000 | 300000 |
| 90 | 430 | പാവറട്ടി-കാക്രാട്ടുപടി റോഡ് | 409057 | 367576 |
| 91 | 1240 | കാട്ടക്കാമ്പാൽ-തോട് സംരക്ഷണം | 410000 | 409666 |
| 92 | 465 | പുത്തൻചിറ -ഗ്രൗണ്ട് നവീകരണം | 484807 | 484807 |
| 93 | 434 | പാവറട്ടി-കല്ലൻ തോട് റോഡ് | 500000 | 492851 |
| 94 | 813 | വെള്ളക്കര-പട്ടേപ്പാടം താഷ്കന്റ് ലൈബ്രറി അങ്കണത്തിൽ വയോജനപാർക്ക് | 500000 | 500000 |
| 95 | 824 | മാള-കൊച്ചാനി പാടം തോട് സൈഡ് കെട്ടൽ | 500000 | 500000 |
| 96 | 1165 | അവണ്ണൂർ -കല്ലുപാലം നിർമ്മാണം<br>total-701207 | 500000<br>1000000 (own fund) | 500000<br>201207 |
| 97 | 476 | വെള്ളാങ്കല്ലൂർ -സോഷ്യൽ ക്ലബ് വായനശാല | 700000 | 550664 |

| | | | | |
|---|---|---|---|---|
| 98 | 427 | പാവറട്ടി-സെന്റ്ജോസഫ് റോഡ് | 700000 | 700000 |
| 99 | 960 | അവിണിശ്ശേരി-ആയുർവേദഡിസ്പെൻസറിക്ക് നടപ്പാത | 1000000 | 702576 |
| 100 | 1043 | അവണൂർ-ഊരമ്പത്ത് ചിറ പുനരുദ്ധാരണം | 735000 | 735000 |
| 101 | 1186 | താന്ന്യം-കരുവാകുളം സൈഡ് കെട്ടൽ | 600000 | 600000 |
| 102 | 743 | തോളൂർ-കുർണിപ്പാടം റോഡ് | 1000000 | 936498 |
| 103 | 982 | താന്ന്യം -സരയൂതീരം സൗന്ദര്യവത്ക്കരണം | 1000000 | 936736 |
| 104 | 810 | എരുമപ്പെട്ടി-സ്ട്രീറ്റ് മെയിൻ വലിക്കുന്ന പദ്ധതി | 1000000 | 1000000 |
| 105 | 1260 | കൊടകര ബ്ലോക്ക് -ഷീ വർക്ക് സ്പേസ് | 1000000 | 1000000 |
| 106 | 1039 | വനിതകൾക്ക് മെൻസ്ട്രൽ കപ്പ് | 1600000 | 1099396 |
| 107 | 1041 | വെള്ളാങ്കല്ലൂർ ബ്ലോക്ക് -ഷീ വർക്ക് സ്പേസ് | 2500000 | 1718133 |
| 105 | 1009 | പുത്തൻചിറ-കുന്നത്തേരി കുളം നവീകരണം | 1500000 | 1498966 |
| 109 | 641 | വെള്ളാങ്കല്ലൂർ ബ്ലോക്ക് ഐടി പാർക്ക് വിഹിതം | 3200000 | 3163840 |

| | | | | |
|---|---|---|---|---|
| | | | | |
| 110 | 21 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും | 11272483 | 8716430 |
| 111 | 764 | എസ്എസ്കെ വിഹിതം | 11849712 | 11849712 |
| 112 | 32 | പാലിയെറ്റീവ് കെയർ യൂണിറ്റ് | 12800000 | 12796486 |
| 113 | 33 | അങ്കണവാടി പോഷകാഹാരം | 19036918 | 17629825 |
| ആകെ | | | | 69239162 |
| ഒട്ടാകെ | | | | 12,87,57,668 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ